# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 നവംബർ 11, വ്യാഴം

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1628/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം. വ്യവസായം. കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസം-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...85

**II. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിട്ട 529-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ...376

**III. അടിയന്തരപ്രമേയം**

പെട്രോൾ, ഡീസൽ വിലവർദ്ധനവ് ...376

— ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

(അവതരണാനുമതി നിഷേധിച്ചു)

**IV. ശ്രദ്ധ ക്ഷണിക്കൽ**

പൊതുമേഖലാ സ്ഥാപനങ്ങളും പൊതു ആസ്തികളും സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് ...394

— ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**V. സബ്മിഷൻ** ...398

**VI. മേശപ്പുറത്തുവച്ച കടലാസുകൾ** ...399

**VII. റിപ്പോർട്ട് സമർപ്പണം** ...410

**VIII. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന**

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല) ...410

*പേജ്*

**IX. നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...411

**X. ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ...445

**നിയമനിർമ്മാണകാര്യം-തുടർച്ച**

2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ)ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ...496

**X1. അവകാശലംഘന പ്രശ്നങ്ങൾ**

(1) പരിഗണനയിലിരിക്കുന്നവ ...498

(2) അനുമതി നിഷേധിച്ചവ ...499

**XII. പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച് ...500

**XIII. അവലോകനം** ...501

**അനുബന്ധം 1,2&3** ...508

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 നവംബർ 11, വ്യാഴം*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 21

നിയമസഭ 2021 നവംബർ മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യം നമ്പർ (*571)

**മഴക്കെടുതിയിലുണ്ടായ കൃഷിനാശത്തിന് ധനസഹായം**

1 (*571) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 ഒക്ടോബർ 16 മുതൽ 18 വരെയുണ്ടായ മൂന്ന് ദിവസത്തെ മഴക്കെടുതിയിൽ 200 കോടിയോളം രൂപയുടെ കൃഷിനാശമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ ധനസഹായവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 2018-ലെ പ്രളയത്തിൽ കൃഷി നശിച്ചവർക്ക് അർഹമായ ധനസഹായവും മറ്റ് ആനുകൂല്യങ്ങളും പൂർണ്ണമായി നൽകാൻ നാളിതുവരെ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) സംസ്ഥാനത്ത് 2021 ഒക്ടോബർ 16 മുതൽ 18 വരെയുള്ള മൂന്ന് ദിവസത്തെ ശക്തമായ മഴയിൽ കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ AIMS പോർട്ടലിലെ പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 66322 കർഷകർക്ക് 21,941.55 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചുപോകുകയും ആയതിന് 216.30 കോടി രൂപയുടെ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുകയും സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വിളനാശം സംഭവിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന മാനദണ്ഡങ്ങൾക്കനുസരിച്ച് നഷ്ടപരിഹാരത്തുക നൽകുന്നതാണ്. പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തര ഇടപെടലുകൾ നടത്തുന്നതിനുമായി ഓരോ ജില്ലകളിലും സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും കൃഷി വകുപ്പുമന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തര നഷ്ടപരിഹാരം ലഭിക്കുന്നതിനായി AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കാൻ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യമാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തിവരുന്നു. അപേക്ഷകളിന്മേൽ ഫീൽഡ്തല പരിശോധനകൾ അടിയന്തരമായി നടത്തിവരികയാണ്. 2021 ഒക്ടോബർ 12 മുതൽ 30 വരെയുണ്ടായ കൃഷിനാശത്തിനുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നവംബർ 15 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വിതച്ച

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിന് നെൽവിത്തിന്റെ കരുതൽ ശേഖരം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) 2018-ലെ പ്രളയത്തിൽ കൃഷി നശിച്ച അർഹരായ മുഴുവൻ കർഷകർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2018-ലെ പ്രളയത്തിൽ കൃഷിനാശം സംഭവിച്ച എല്ലാ കർഷകർക്കും ധനസഹായം കൊടുത്തുവെന്നുള്ള അങ്ങയുടെ വാക്ക് ഞാൻ അവിശ്വസിക്കുന്നില്ല. അങ്ങനെ നടന്നിട്ടില്ലെന്നുള്ളതിന് ധാരാളം തെളിവുകളുണ്ട്. അങ്ങത് പരിശോധിക്കണം. 216 കോടി രൂപയുടെ കൃഷിനാശമാണ് നമുക്കുണ്ടായിട്ടുള്ളത്. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ നെൽകൃഷിക്കാർ അനുഭവിച്ച വിഷമവും വേദനയും അങ്ങേയ്ക്ക് നേരിട്ടറിയാൻ സാദ്ധ്യതയുള്ളതാണ്. അതിന് എത്ര കോടി രൂപ ധനസഹായം കൊടുത്തിട്ടുണ്ട്? ഇടവിളകൾ നഷ്ടപ്പെട്ടവർക്ക് നോംസനുസരിച്ച് തുകകൾ കൊടുക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. നോംസനുസരിച്ച് ഒരു വാഴയ്ക്ക് എത്ര രൂപയാണ് കിട്ടുന്നത്; ഒരു റബ്ബർ മരം മറിഞ്ഞാൽ എത്ര രൂപയാണ് കിട്ടുന്നത്? ആ നോംസിനപ്പുറത്ത് കേരളത്തിന്റെ പ്രത്യേകത മനസ്സിലാക്കിക്കൊണ്ട്, നാശനഷ്ടത്തിന്റെ തോതനുസരിച്ച് കൂടുതൽ സാമ്പത്തികസഹായം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരത്തുക ആർക്കെങ്കിലും ലഭിക്കാനുണ്ടെങ്കിൽ കൃത്യമായി അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതായിരിക്കും. 2018-ലെ പ്രളയത്തെത്തുടർന്ന് കൃഷിനാശം സംഭവിച്ച, അർഹരായ എല്ലാവർക്കും ധനസഹായം നൽകിയിട്ടുള്ളതായാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിൽ ഇതുവരെയും മറ്റ് പരാതികളൊന്നും ഉയർന്നുവന്നിട്ടില്ല. തീർച്ചയായും അത് പരിശോധിക്കുന്നതായിരിക്കും. നിലവിൽ ഇത്തരം കാര്യങ്ങൾക്കുള്ള നഷ്ടപരിഹാരം കൊടുക്കുന്നത് എസ്.ഡി.ആർ.എഫ്.-ൽ നിന്നാണ്. കേന്ദ്രം 75 ശതമാനം തുക അനുവദിക്കുമ്പോൾ 25 ശതമാനം തുക സംസ്ഥാന സർക്കാരിന്റേതാണ്. കേന്ദ്രഗവൺമെന്റ് നഷ്ടപരിഹാരത്തിന്റെ നിരക്ക് നിശ്ചയിച്ച അവസരത്തിൽ, എസ്.ഡി.ആർ.എഫ്.-ന്റെ നിരക്ക് കുറഞ്ഞത് പരിഹരിക്കുന്നതിനാണ് സംസ്ഥാന സർക്കാർ അധിക ധനസഹായം നൽകുന്ന രീതി ഏർപ്പാടാക്കിയത്. ഇതുകൂടാതെ വിള ഇൻഷ്വറൻസ് പദ്ധതിയുമുണ്ട്. ഞാൻ നേരത്തെ ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ, PMFBY-യും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതികളുമുണ്ട്. അടിക്കടിയുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും മറ്റ്

പ്രശ്നങ്ങളുമെല്ലാം കാർഷിക മേഖലയെ ഏറ്റവും ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്ന എന്നുള്ളതിനാൽ വിള ഇൻഷ്വറൻസിന്റെ കാര്യത്തിൽ അതിനനുസരിച്ചുള്ള ഒരു പരിഷ്കരണം ആവശ്യമാണെന്ന് തന്നെയാണ് കരുതുന്നത്. പുതിയ വിളകളും കൃഷിയുമെല്ലാം ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. നഷ്ടപരിഹാരത്തിന്റെ നിലവിലുള്ള തോത് പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് നെൽവിത്ത് നഷ്ടപ്പെട്ട കർഷകർക്ക് അവ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. എനിക്ക് നേരിട്ടുണ്ടായ ഒരനുഭവമുണ്ട്. കൃഷിക്കാർക്ക് കൊടുത്ത വിത്ത് കേടായതുകൊണ്ട് അവർക്കത് ഉപയോഗിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഈ വിത്ത് തിരിച്ചെടുക്കണമെന്ന് ഞാൻ തന്നെ പാഡി ഓഫീസറോടും മറ്റ് ബന്ധപ്പെട്ടവരോടും സംസാരിച്ചു. വിത്ത് തിരിച്ചെടുത്തിട്ട് പണം കൊടുക്കാൻ നിവൃത്തിയില്ലെന്നാണ് അവർ പറയുന്നത്. ആ പാവപ്പെട്ട കർഷകർക്ക് ഇറക്കിയ വിത്തിന്റെ പണം അത്രയും നഷ്ടപ്പെട്ടു. ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള നടപടിയെടുക്കുമോ; നമ്മൾ തന്നെ കൊടുത്ത വിത്ത് കേടായിപ്പോയെങ്കിൽ അത് തിരിച്ചെടുത്ത് നഷ്ടം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, അങ്ങ് ഉന്നയിച്ചത് ഒരു പ്രധാനപ്പെട്ട കാര്യം തന്നെയാണ്. കേരളത്തിലെ കൃഷിക്കാർ വിത്തിന്റെ പേരിൽ കബളിപ്പിക്കപ്പെടാൻ പാടില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് നാട്ടിലെ കർഷകരിൽ നിന്നുതന്നെ നെൽവിത്ത് സംഭരിക്കുകയും അത് സൂക്ഷിച്ച് കൃത്യമായി നമ്മുടെ നാട്ടിൽ തന്നെ വിതരണം ചെയ്യുന്നതിനായി ഒരു പദ്ധതിയും സംവിധാനവും ഗവൺമെന്റ് ഒരുക്കിയത്. അങ്ങനെയാണ് കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കപ്പെട്ടത്. നമ്മുടെ നാട്ടിലെ കർഷകരിൽനിന്നും ശേഖരിച്ച നെൽവിത്താണ് കർഷകർക്ക് വിതരണം ചെയ്തുവന്നത്. അങ്ങ് സൂചിപ്പിച്ചതുപോലെ, എല്ലാ വിത്തുകളും മുളയ്ക്കാത്ത പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അടിയന്തരമായി ഇടപെടുകയും അങ്ങനെ നൽകിയിട്ടുള്ള നെൽവിത്തുകളെല്ലാം തിരിച്ചെടുക്കുന്നതിനും കർഷകർക്ക് തങ്ങൾക്ക് ഇഷ്ടമുള്ള ഇടങ്ങളിൽ നിന്ന് നെൽവിത്ത് ശേഖരിച്ച് കൃഷി ചെയ്യുന്നതിനും അതിന് സഹായം നൽകുന്നതിനും തീരുമാനിക്കുകയുണ്ടായി. എവിടെയെങ്കിലും ആരെങ്കിലും അത് പാലിക്കാതിരുന്നിട്ടുണ്ടെങ്കിൽ കൃത്യമായി പരിശോധിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതായിരിക്കും. കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ലെന്നതിന്റെ പേരിൽ തന്നെയാണ് കൊടുത്ത നെൽവിത്തുകളിൽ പോരായ്മകൾ ചൂണ്ടിക്കാട്ടിയ ഇടങ്ങളിലെല്ലാം അവ

തിരിച്ചെടുത്തുകൊണ്ട് കൃഷിക്കാർക്ക് ഇഷ്ടമുള്ളയിടത്തുനിന്നും നെൽവിത്ത് ശേഖരിച്ച് കൃഷി ചെയ്യാനുള്ള അനുവാദം നൽകിയത്. ആ അനുവാദം രേഖാമൂലം ഒരു ഉത്തരവായി കൊടുക്കുകയും ചെയ്താണ് ആ പ്രശ്നം പരിഹരിച്ചത്. എവിടെയെങ്കിലും ഇനിയും ആ പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിക്കാവുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, നിലവിൽ വളർന്ന് വലുതായ വിളകൾ പ്രകൃതിക്ഷോഭംമൂലവും മറ്റും നശിക്കുമ്പോഴാണ് വിള ഇൻഷ്വറൻസും നഷ്ടപരിഹാരവുമൊക്കെ കിട്ടുന്നത്. എന്നാൽ നിലമൊരുക്കി വിത്ത് വിതയ്ക്കാനായി തയ്യാറെടുക്കുമ്പോഴുണ്ടാകുന്ന പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശവുമുണ്ട്. വലിയതോതിൽ വായ്പയെടുത്തായിരിക്കും കർഷകർ കൃഷിനടത്താനുള്ള ഒരുക്കങ്ങൾ നടത്തുന്നത്. അപ്പോൾ അവർക്ക് വലിയ ബാദ്ധ്യതയാണ് ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്നത്. ഇത്തരം ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, വിള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇത്തരം ചില പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കൃഷിഭൂമി ഒരുക്കി വിത്തിറക്കിയതിനുശേഷം ഏകദേശം 7 ദിവസം, വിത്തിറക്കിയെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടിയും ഇതിനകത്ത് മറ്റ് തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടാകാൻ പാടില്ലെന്നുള്ളതിന്റെ പേരിലും പഴുതുകളടച്ച് തയ്യാറാക്കിയ ഒരു സംവിധാനമാണ്. അല്ലെങ്കിൽ വിത്തിറക്കിയെന്ന് പറഞ്ഞ് തട്ടിപ്പ് നടത്താം. അങ്ങനെ തട്ടിപ്പ് നടത്താൻ പാടില്ലെന്നുള്ളതിന്റെ പേരിലും കൃഷിക്കാർക്ക് യഥാർത്ഥത്തിൽ ആനുകൂല്യം ലഭ്യമാകണമെന്നുള്ളതിന്റെ പേരിലുമാണ് ഇത്തരം ചില നിബന്ധനകളെല്ലാം ഇതിനകത്ത് ചേർത്തിരിക്കുന്നത്. അടിക്കടിയുണ്ടാകുന്ന കാലവർഷം, വെള്ളപ്പൊക്കം, പ്രകൃതിദുരന്തങ്ങൾ ഇങ്ങനെയുള്ള പ്രശ്നങ്ങളെല്ലാമുണ്ടായിട്ടുണ്ട്. തീർച്ചയായും വിള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇത്തരം കാര്യങ്ങൾകൂടി പരിഗണിക്കാം. കൃഷിക്കാർ നിലമൊരുക്കി വിത്തിറക്കുന്ന ദിവസംതന്നെ രൂക്ഷമായ പ്രകൃതിദുരന്തങ്ങളുണ്ടായാൽ എല്ലാം നഷ്ടപ്പെട്ടുപോകുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. അത്തരത്തിലുള്ള ഏറ്റവും വലിയ പ്രശ്നമാണ് നമ്മുടെ മുന്നിൽ ഇപ്പോഴുള്ളത്. കൃഷിവകുപ്പ് 'കൃഷി ഗീത' എന്ന പേരിൽ നടപ്പിലാക്കിയ മൂന്ന്ദിവസത്തെ ശില്പശാലയിലും ഇക്കാര്യം ഉയർന്നുവന്നിരുന്നു. ഇത് സജീവ പരിഗണനയിലുള്ള വിഷയമാണ്. വിള ഇൻഷ്വറൻസും മറ്റും പുനഃക്രമീകരിക്കുമ്പോൾ അല്ലെങ്കിൽ ഇതിനൊരു മാറ്റം വരുമ്പോൾ ഇക്കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടായിരിക്കും അതെല്ലാം ചെയ്യുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, ഒക്ടോബർ മാസത്തിൽ കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ചവർക്ക് ആനുകൂല്യം ലഭിക്കാനുള്ള അപേക്ഷ നൽകാനുള്ള തീയതി ദീർഘിപ്പിച്ച് നൽകിയത് ആശ്വാസകരമാണ്. തൃശ്ശൂർ ജില്ലയിലെ കോൾ

മേഖലയിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യംവച്ചുകൊണ്ട് 'ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതി' നടപ്പാക്കിവരുന്നുണ്ട്. ഇരുപ്പൂ കൃഷിയിലേയ്ക്ക് വ്യാപകമായി കൃഷിക്കാർ വന്നുചേർന്നിരിക്കുകയാണ്. ആ ഘട്ടത്തിലാണ് കാലവർഷമുണ്ടായത്. കാലവർഷക്കെടുതി വിവിധ രൂപത്തിലാണ് വരുന്നത്. നേരത്തെ പറഞ്ഞതുപോലെ, വിത്തിറക്കിയ ഉടനെ വിത്ത് നശിച്ചുപോയതും നട്ട വിത്തുകൾ മുങ്ങിപ്പോയതും എന്നിങ്ങനെ വിവിധഘട്ടങ്ങളിലാണ് കൃഷിനാശം സംഭവിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി വിത്ത് മാത്രം ലഭിച്ചതുകൊണ്ട് കൃഷിക്കാർക്ക് മുന്നോട്ടുപോകാൻ കഴിയില്ല. രാസവളവും അതിന്റെ പ്രധാനപ്പെട്ട ഒരു ഘടകം തന്നെയാണ്. ഇതെല്ലാം പരിശോധിച്ചുകൊണ്ട് സമഗ്രമായ ഒരു സഹായ പദ്ധതി കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് നൽകാനാവശ്യമായ നടപടിയെടുക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കൃഷിനാശം സംഭവിച്ചവർക്ക് വിത്ത് മാത്രമല്ല, അല്ലാതെയുള്ള സഹായങ്ങളെല്ലാം നൽകുന്നുണ്ട്. ആ സഹായ പദ്ധതികളെല്ലാം തീരെ മോശമല്ലാത്ത രീതിയിൽ ഇപ്പോൾ നടപ്പാക്കി വരുന്നുമുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, എസ്.ഡി.ആർ.എഫ്. നിരക്ക് കുറവായതുകൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായംകൂടി ചേർത്ത് കൊടുക്കുന്നത്. കൂടുതലായി കർഷകരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ കർഷകർക്ക് വലിയ പ്രതിസന്ധിയുണ്ടാക്കുന്നു എന്നത് അങ്ങേയ്ക്ക് ബോദ്ധ്യമുള്ള കാര്യമാണ്. കൃഷിനാശവുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലത്തിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ നഷ്ടപരിഹാരം ലഭിക്കാൻ രണ്ട് വർഷം വരെ കാലതാമസമുണ്ടാകുന്നുവെന്നാണ് കർഷകർ പറഞ്ഞത്. രണ്ട് വർഷം മുമ്പുണ്ടായ കൃഷിനാശത്തിന് ഇപ്പോഴാണ് നഷ്ടപരിഹാരം ലഭിച്ചത്. ആ തുക തന്നെ അവരുടെ കൈവശമെത്താൻ വീണ്ടും താമസമുണ്ടാകുന്നു. നാമമാത്രമായ തുകയാണ് കർഷകർക്ക് ലഭിക്കുന്നത്. പരമാവധി ഒരു മാസത്തിനുള്ളിലെങ്കിലും നഷ്ടപരിഹാരം കർഷകരുടെ കയ്യിലെത്തിക്കാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം ഇൻഷ്വറൻസ് പരിരക്ഷ എല്ലാ കർഷകർക്കും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, പരമാവധി വേഗത്തിൽത്തന്നെ നഷ്ടപരിഹാരം കൃഷിക്കാരുടെ കൈകളിലെത്തിക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. ഒക്ടോബർ മാസം 12-ാം തീയതി മുതലാണ് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടായത്. കാലവർഷക്കെടുതിയും മറ്റുമുണ്ടായി വിളനാശം സംഭവിക്കുമ്പോൾ 10

ദിവസത്തിനകം കൃഷിക്കാർ നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. നിശ്ചയിച്ച സമയത്തിന് അപേക്ഷ സമർപ്പിക്കാൻ കഴിയുന്നില്ലെന്ന് കർഷകർ പറയുന്നുണ്ട്. അതുകൊണ്ട് നവംബർ മാസം 15-ാം തീയതി വരെ അപേക്ഷ സമർപ്പിക്കാനുള്ള സമയം നീട്ടിക്കൊടുത്തിരിക്കുകയാണ്. പോർട്ടൽവഴി അപേക്ഷ സ്വീകരിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. പോർട്ടലിൽ രജിസ്റ്റർ ചെയ്ത് 30 ദിവസത്തിനകം കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥലത്തുപോയി ഈ പ്രദേശങ്ങൾ കണ്ട്, നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി എന്താണ് യഥാർത്ഥത്തിലുള്ള നാശനഷ്ടമെന്ന റിപ്പോർട്ട് സമർപ്പിക്കണം. ഇത്രയും സമയം ഇതിന് ആവശ്യമായി വരുന്നുണ്ട്. പരമാവധി വേഗത്തിൽ നഷ്ടപരിഹാരം എത്തിക്കുന്നതിനുള്ള തീവ്രമായ പരിശ്രമത്തിലാണ്. ഒരു കൃഷിക്കാരൻ അപേക്ഷ സമർപ്പിച്ചാൽ 30 ദിവസത്തിനകം നഷ്ടപരിഹാരത്തിന്റെ കണക്ക് തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിരിക്കണമെന്ന കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് പരിശോധിക്കാൻവേണ്ടി ഉയർന്ന ഉദ്യോഗസ്ഥരെ ഓരോ മേഖലകൾ തിരിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്. പരമാവധി വേഗത്തിൽ കൃഷിക്കാർക്ക് സഹായമെത്തിക്കണമെന്ന് തന്നെയാണ് സർക്കാരിന്റെ നയം. വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, പ്രകൃതിക്ഷോഭംമൂലം തേനീച്ച കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന് നഷ്ടപരിഹാരം നൽകാനും അതിന് ഇൻഷ്വറൻസ് ഏർപ്പെടുത്താനും എന്തൊക്കെ പദ്ധതികളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

ശ്രീ. പി. പ്രസാദ്: സർ, ഇപ്പോൾ തേനീച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാകുന്ന പദ്ധതിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അത് തേനീച്ച കർഷകർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതൊരു വലിയ പ്രശ്നം തന്നെയാണ്. മണ്ണിടിച്ചിലും ഉരുൾപൊട്ടലുമൊക്കെ ഉണ്ടാകുന്ന അവസരത്തിൽ, തേനീച്ചയും കൂടുമെല്ലാം അപ്പാടെ നഷ്ടപ്പെട്ടുപോകുന്ന അവസ്ഥയുണ്ടായിട്ടുണ്ട്, അതൊരു വലിയ പ്രശ്നമായി നമ്മുടെ മുമ്പിലുണ്ട്. എസ്.ഡി.ആർ.എഫ്.-ന്റെ പരിധിയിൽ തേനീച്ച കർഷകരെക്കൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച, സംസ്ഥാന വിള ഇൻഷ്വറൻസിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലായിരുന്നു. അതിന് സർക്കാർ സന്നദ്ധമാണ്, അതിന് തീരുമാനിച്ചിട്ടുണ്ട്. പുതിയ വിളകളും കൃഷിയുമെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചും സർക്കാർ ആലോചിക്കുന്നുണ്ട്, തേനീച്ച കൃഷിയെയും ഉൾപ്പെടുത്തുന്നതായിരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ, ഇപ്പോൾ നിലനിൽക്കുന്ന മാനദണ്ഡങ്ങൾ മുഴുവൻ കേന്ദ്ര ഗവൺമെന്റിന്റേതാണ്. കാലപ്പഴക്കംചെന്ന അത്തരം മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ എന്തെങ്കിലും നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; അതോടൊപ്പം മഴക്കാലത്ത് കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ നെല്ലെടുക്കാൻ വൈകുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഫലപ്രദമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുമോ?

ശ്രീ. പി. പ്രസാദ്: സർ, നഷ്ടപരിഹാരം സംബന്ധിച്ച മാനദണ്ഡങ്ങളും നിരക്കുമെല്ലാം നിശ്ചയിക്കുന്നതും തുക നൽകുന്നതുമെല്ലാം കേന്ദ്രസർക്കാരാണ്. അങ്ങനെ നൽകുന്ന തുക കുറവാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിലാണ് അതോടൊപ്പം സംസ്ഥാന സർക്കാരിന്റെ വിഹിതംകൂടി ചേർത്ത് നൽകിയിരിക്കുന്നത്. നെൽകൃഷിക്ക്, മഴയെ ആശ്രയിച്ചുള്ള കൃഷിക്കാണെങ്കിൽ എസ്.ഡി.ആർ.എഫ്.-ൽ പറഞ്ഞിരിക്കുന്നത് 6800 രൂപയാണ്. 6700 രൂപ കൂടി അഡീഷണലായി സംസ്ഥാന സർക്കാരാണ് നൽകുന്നത്. ഇപ്പോൾ കായ്ഫലം ഇല്ലാത്ത തെങ്ങൊന്നിന് 102.86 രൂപയാണ് കേന്ദ്രം നിശ്ചയിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാർ അതിന്റെകൂടെ 247 രൂപ കൂടി അധികമായി കൊടുത്താണ് കൃഷിക്കാരെ സഹായിക്കുന്നത്. കാലത്തിനനുസരിച്ച് ഇതിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതായിരിക്കും. നെല്ല് സംഭരണത്തിന് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിരുന്നു. കൃഷിക്കാർക്ക് ഏറ്റവും കൂടുതൽ സഹായകരമായിരിക്കുന്നത് സംസ്ഥാനത്തിന്റെ ഇൻഷ്വറൻസ് പദ്ധതിയാണ്. കേന്ദ്രത്തിന്റെ ഇൻഷ്വറൻസ് പദ്ധതിയായ പ്രധാൻമന്ത്രി ഫസൽ ബീമാ യോജന (PMFBY) യുമായി ബന്ധപ്പെട്ട് ധാരാളം പരാതികളാണ് ഉയർന്നുവരുന്നത്. പല സംസ്ഥാനങ്ങളും ഇതിൽ നിന്ന് മാറി അവരുടെ മാത്രമായ പദ്ധതിയിലേയ്ക്കാണ് പോയിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് അതിനേക്കാൾ കൂടുതലായി കൃഷിക്കാരെ സഹായിക്കുന്നതിനായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. അതിനെ എങ്ങനെയെല്ലാം പരിഷ്കരിക്കാമെന്നാണ് ആലോചിക്കുന്നത്. പരാതിക്ക് ഇടവരാത്ത തരത്തിൽ, കർഷകർക്ക് ഗുണകരമാകുന്ന തരത്തിൽ നെല്ല് സംഭരണം ഉറപ്പാക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. അക്കാര്യത്തിൽ ശക്തമായ ഇടപെടലുകളാണ് സിവിൽ സപ്ലൈസും കൃഷി വകുപ്പും സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇവിടെ വിള ഇൻഷ്വറൻസിനെ സംബന്ധിച്ച് എല്ലാവരും ചോദിക്കുന്നുണ്ട്, അതിന് മറുപടിയും പറയുന്നുണ്ട്. സത്യത്തിൽ ഈ മഴക്കെടുതികളിൽ കൃഷിസ്ഥലങ്ങളിൽ വിളനാശം മാത്രമല്ല ഉണ്ടാകുന്നത്. കൃഷിഭൂമിയിൽ ചെളിയും കല്ലും മറ്റു മാലിന്യങ്ങളും

അടിഞ്ഞിരിക്കുകയാണ്. പല കൃഷിഭൂമിയിലും വളക്കൂറുള്ള മേൽമണ്ണ് മുഴുവൻ ഒലിച്ചുപോയിരിക്കുകയാണ്. കൃഷി സ്ഥലങ്ങളുടെ അതിർത്തികളായ കയ്യാലകളും വരമ്പുകളും തകർന്നുകൊണ്ടിരിക്കുകയാണ്. തോടുകളും ബണ്ടുകളും പൊട്ടി ഛിന്നഭിന്നമായിരിക്കുകയാണ്. ഇതിനൊന്നും ഇൻഷ്വറൻസ് പരിരക്ഷയില്ല. അതുകൊണ്ട് ഈ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി കൃഷിസ്ഥലത്ത് അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനും പാടശേഖരങ്ങളുടെ വരമ്പുകളും ബണ്ടുകളും ബലപ്പെടുത്തുന്നതിനും ഒരു പ്രത്യേക പദ്ധതി എത്രയും പെട്ടെന്ന് ആവിഷ്കരിച്ച് കേന്ദ്രസർക്കാരിന്റെകൂടി അനുവാദം വാങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇക്കാര്യം ഗൗരവകരമാണ്. അദ്ദേഹം ഉന്നയിച്ച നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. സർക്കാർ ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. ജെ. ജോസഫ്: സർ, നഷ്ടപരിഹാരത്തുക വളരെ അപര്യാപ്തമാണെന്ന് ഇവിടെ സൂചിപ്പിച്ചു, കേന്ദ്രത്തിന്റെ അനുമതിക്ക് കാത്തിരിക്കാതെ സംസ്ഥാന സർക്കാർ നഷ്ടപരിഹാരത്തുക പുതുക്കി, പശുക്കൾ, തൊഴുത്ത് മുതലായവ നഷ്ടപ്പെട്ട കർഷകരുടെ കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ദുരന്തങ്ങൾ കാർഷിക മേഖലയെ ഏറെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുകയും അത് കൃഷിക്കാർക്ക് കൂടുതൽ ഗുണകരമായി മാറ്റുകയും ചെയ്യുകയെന്നതാണ് സർക്കാരിന്റെ ആലോചന.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭം ഒരു തുടർക്കഥയായി മാറുകയാണ്. ഇക്കഴിഞ്ഞ രാത്രിയിലും എരുമേലി പഞ്ചായത്തിലെ നാല് സ്ഥലങ്ങളിലായി കണമല, മൂക്കംപെട്ടി, ഉമ്മിക്കുപ്പ, പാക്കാനം, പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെ പെരിങ്ങളം ഉൾപ്പെടെയുള്ള ചിലപ്രദേശങ്ങളിലെല്ലാം വലിയ ഉരുൾപൊട്ടൽ സംഭവിച്ചു. കൃഷി നശിക്കുന്നതോടൊപ്പംതന്നെ ആ ഭൂമിയാകെ ഒഴുകിപ്പോവുന്ന സ്ഥിതിയുണ്ടായി. പ്രാഥമിക കണക്കുകൾപ്രകാരം ഏതാണ്ട് 100 ഹെക്ടറിലധികം ഭൂമി ഇതിനോടകം ഒലിച്ചുപോയിട്ടുണ്ട്. അവിടെ പുനർകൃഷി നടത്തണമെങ്കിൽ കൃഷിയുടെ നഷ്ടപരിഹാരം മാത്രം ലഭിച്ചാൽ പര്യാപ്തമാകില്ല. അവിടെ കയ്യാലകൾ തീർത്താൽ മാത്രമേ ഏതെങ്കിലും നിലയിൽ വീണ്ടും കൃഷി നടത്താൻ കഴിയുകയുള്ളൂ. അതിനൊരു പ്രത്യേക നഷ്ടപരിഹാര പദ്ധതി ആവിഷ്കരിച്ച് കയ്യാലകൾ വയ്ക്കാൻ കൃഷിക്കാർക്കുവേണ്ട സഹായം ചെയ്യുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇപ്പോൾ അടിക്കടിയുണ്ടാകുന്ന കാലവർഷക്കെടുതിയും പ്രകൃതിദുരന്തങ്ങളും പശ്ചിമഘട്ട മേഖലകളടക്കമുള്ള പ്രദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. കൃഷിഭൂമി അപ്പാടെ ഒലിച്ചുപോകുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതൊക്കെ യാഥാർത്ഥ്യങ്ങളാണ്. ഇക്കാര്യത്തിൽ എങ്ങനെയെല്ലാം ഇടപെടാൻ കഴിയുമെന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിന്റെകൂടി സഹായം അത്യന്താപേക്ഷിതമായ ഒരു ഘടകമായതിനാൽ അക്കാര്യം കേന്ദ്ര സർക്കാരിന്റെകൂടി ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനാണ് ഇപ്പോൾ ശ്രമിക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, വിള ഇൻഷ്വറൻസ് പരിഷ്കരിക്കുമെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. കാലംതെറ്റി വരുന്ന കാലാവസ്ഥയും ചുഴലിക്കാറ്റും മറ്റ് പ്രകൃതി ദുരന്തങ്ങളും കൃഷിക്കാരെ ദുരിതത്തിലാക്കുന്നു. നേന്ത്ര വാഴയ്ക്കുള്ള ഇൻഷ്വറൻസ് 300 രൂപയാണ്. കൃഷി വകുപ്പ് നൽകുന്നത് 100 രൂപയാണ്. ആകെ 400 രൂപ. ഈ തുക ലഭ്യമാകുന്നതിന് വളരെ കാലതാമസം വേണ്ടിവരികയാണ്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ടുമാസം മുമ്പ് ചുഴലിക്കാറ്റുണ്ടായി. കഴിഞ്ഞ വർഷത്തെ 300 രൂപ കൊടുത്തത് കഴിഞ്ഞ മാസമാണ്. ഇപ്പോൾ തുക ലഭിക്കാൻ ആറ് മാസത്തെ കാലതാമസം വരുന്നുണ്ട്. അതുപോലെ കൃഷിവകുപ്പ് മുഖാന്തരം നേന്ത്രവാഴയ്ക്ക് കൊടുക്കേണ്ട 100/-രൂപയും ഇതുവരെ ലഭിച്ചിട്ടില്ല. മൊത്തം ഇൻഷ്വറൻസ് തുകയും സർക്കാർ കൃഷിഭവൻ മുഖാന്തരം കൊടുക്കുന്ന നഷ്ടപരിഹാരവും വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും അത് വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടികളുണ്ടാകും.

ശ്രീ. പി. എസ്. സുപാൽ: സർ, കാലവർഷക്കെടുതിമൂലവും രാസവളം ലഭിക്കാത്തതുമൂലവും സംസ്ഥാനത്തെ കർഷകർ നിരവധി പ്രയാസങ്ങൾ നേരിടുകയാണ്. കേന്ദ്രസർക്കാരിന്റെ നിലപാടുമൂലം യൂറിയ, പൊട്ടാഷ് അടക്കമുള്ള രാസവളങ്ങൾ ലഭിക്കാതെ വരികയാണ്. ഇത് കർഷകർക്ക് വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ശക്തമായ ഇടപെടലുകൾ നടത്താൻ അങ്ങ് പരിശ്രമിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, രാജ്യമെമ്പാടും ഇപ്പോൾ രാസവള ക്ഷാമം നേരിടുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിൽ രാസവളത്തിന്റെ ലഭ്യതക്കുറവ് ബോദ്ധ്യപ്പെട്ട ആദ്യനാളുകളിൽതന്നെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നിരന്തരം സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയായിരുന്നു.

ഡയമോണിയം ഫോസ്ഫേറ്റ്, പൊട്ടാഷ്, യൂറിയ തുടങ്ങിയ രാസവളങ്ങൾ കൃഷ്ണപട്ടണം-കാക്കിനട, മംഗലാപുരം, ചെന്നൈ പോർട്ട് എന്നിവിടങ്ങളിൽ ഇപ്പോൾ നമുക്കായി എത്തിയിട്ടുണ്ട്. റെയിൽ വാഗണിന്റെ പ്രശ്നം കാരണമാണ് കേരളത്തിലെത്തിക്കാൻ സാധിക്കാതെ പോയത്. അക്കാര്യത്തിൽ റെയിൽവേ വകുപ്പിന്റെ ചുമതലയുള്ള ബന്ധപ്പെട്ട വകുപ്പുമന്ത്രി മുഖാന്തരം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കൃത്യമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി എത്രയുംവേഗം രാസവളം കേരളത്തിൽ എത്തുമെന്ന് തന്നെയാണ് നമ്മൾ കരുതുന്നത്.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, തുടർച്ചയായി പെയ്യുന്ന മഴ കാരണം നെൽ കർഷകർക്ക് നെല്ല് കൊയ്തെടുക്കാനോ കൊയ്തെടുത്ത നെല്ല് ഉണക്കിയെടുക്കാനോ, സൂക്ഷിക്കുന്നതിനോ സാധിക്കുന്നില്ല. ഈ മഴക്കാലത്ത് നെൽകർഷകർ വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുകയാണ്. നെല്ല് സംഭരണത്തിനുള്ള താങ്ങുവിലയായ 28.72 രൂപ അങ്ങ് തന്നെ പ്രഖ്യാപിച്ചതെന്നാണ് ഞാൻ കരുതുന്നത്. പക്ഷെ നെല്ല് സംഭരണം ആരംഭിച്ചപ്പോൾ ഒരിടത്തും ഈ തുക കൊടുക്കുന്നില്ല. പ്രഖ്യാപിച്ച താങ്ങുവില നൽകാതെ 28 രൂപയ്ക്ക് നെല്ല് സംഭരിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സപ്ലൈകോ നെല്ല് സംഭരിക്കുന്ന ഒരിടത്തും 28.72 രൂപ നൽകുന്നില്ല. പ്രഖ്യാപിച്ച താങ്ങുവില നൽകാതെ 28 രൂപയ്ക്ക് നെല്ല് സംഭരിക്കുന്നത് ഖേദകരവും കർഷകനോടുള്ള വഞ്ചനയുമാണ്. 28.72 രൂപയ്ക്ക് നെല്ല് സംഭരിച്ചാൽതന്നെ അവരുടെ പ്രയാസം എന്താണെന്ന് നമുക്കെല്ലാവർക്കും അറിയാം. എത്രയും പെട്ടെന്ന് അത് 28.72 രൂപയാക്കാനോ, അല്ലെങ്കിൽ താങ്ങുവില 30 രൂപയായെങ്കിലും ഉയർത്താനോ ഉള്ള നടപടി ആരംഭിച്ച്, പ്രഖ്യാപിച്ച താങ്ങുവില അവർക്ക് നൽകുന്നുവെന്ന് ഉറപ്പുവരുത്തുമോ?

<u>ശ്രീ. പി. പ്രസാദ്:</u> സർ, ഇന്ത്യയിലെ പല സംസ്ഥാനങ്ങളെക്കാളും കൂടുതൽ താങ്ങുവില നൽകി നെല്ല് സംഭരിക്കുന്നത് നമ്മുടെ സംസ്ഥാനമാണ്. പല സംസ്ഥാനങ്ങളിലും കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 18.68 രൂപയോ 18.72 രൂപയോ നൽകിയാണ് നെല്ല് സംഭരിക്കുന്നത്. കേരള സംസ്ഥാനത്താണ് കൂടുതൽ തുക കൂടിചേർത്തുകൊണ്ട് നെല്ല് സംഭരിക്കുന്നത്. കർഷകർക്ക് പരമാവധി സഹായം നൽകുകയെന്നതാണ് സർക്കാരിന്റെ നയം. ഇക്കാര്യത്തിൽ കൂടുതലായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് സാമ്പത്തികമായി ഏറെ പ്രതിസന്ധി നേരിടുമ്പോഴും കർഷകർക്കും കാർഷിക മേഖലയ്ക്കും സമാശ്വാസകരമായ നിരവധി പദ്ധതികൾ കഴിഞ്ഞ അഞ്ച് വർഷവും തുടർന്നും നടപ്പിലാക്കുന്നതിനെ ഞാൻ അഭിനന്ദിക്കുന്നു. കാലം തെറ്റിവരുന്ന വേനലും മഴയും കാടുകളിൽ നിന്നിറങ്ങി വരുന്ന വന്യമൃഗങ്ങളും വിളനാശം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. രണ്ടാം വിളയിറക്കുന്നതിൽ പാലക്കാട് ജില്ലയിലെ കർഷകർ ഉൾപ്പെടെയുള്ളവർ വലിയ പ്രതിസന്ധിയിലാണ്. അതുകൊണ്ട് വിത്തും വളവും ഒപ്പം അവർക്ക് തിരിച്ചടയ്ക്കാൻ പറ്റാവുന്ന പലിശരഹിത വായ്പയുമുൾപ്പെടെയുള്ളൊരു പാക്കേജ് പ്രഖ്യാപിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതായിരിക്കും. നമ്മുടെ വിവിധങ്ങളായ സംവിധാനങ്ങളും വകുപ്പുകളും എല്ലാംകൂടി ചേർന്ന് കൃഷിക്കാർക്ക് ഏതെല്ലാം തരത്തിൽ സാമ്പത്തിക സഹായം നൽകാമെന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതായിരിക്കും.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പ്രളയത്തിൽ തകർന്ന കേരളത്തിലെ കാർഷികമേഖല പുനരുജ്ജീവിപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഏതെങ്കിലും പ്രൈവറ്റ് ഏജൻസിയെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഏജൻസി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആ റിപ്പോർട്ടിൽ കേരളത്തിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, പരിശോധിച്ച് മറുപടി പറയാം.

<u>ശ്രീ. ജോബ് മൈക്കിൾ:</u> സർ, കഴിഞ്ഞ പ്രളയകാലത്ത് കേരളത്തിലെ പച്ചക്കറി കൃഷിക്കാർക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ നാശനഷ്ടം സംഭവിച്ചാൽ 30 ദിവസത്തിനുശേഷം മാത്രമേ പരിശോധന നടത്തുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വളരെ ചെറിയ കാലദൈർഘ്യമുള്ള കൃഷിയാണ് പച്ചക്കറി കൃഷി. 30 ദിവസം കഴിഞ്ഞ് ഉദ്യോഗസ്ഥർ അവിടെ പോയി നോക്കുമ്പോൾ അതിന്റെ അവശിഷ്ടമൊന്നും കാണാൻ സാധ്യതയില്ല. പച്ചക്കറി കർഷകർക്ക് അടിയന്തരമായി സഹായമെത്തിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, 30 ദിവസം കഴിഞ്ഞ് അവിടെ പോയി പരിശോധിക്കുമെന്നല്ല ഞാൻ പറഞ്ഞത്. കൃഷിക്കാർ തന്നെ ആവശ്യപ്പെട്ടതനുസരിച്ചാണ് നഷ്ടപരിഹാരത്തിന് നവംബർ 15 വരെ അപേക്ഷിക്കാനുള്ള സമയം നീട്ടി നൽകിയത്. കൃഷി ഓഫീസിൽ പരിമിതമായ

ജീവനക്കാർ മാത്രമേയുള്ളൂ. ഒരു കൃഷി ഓഫീസറും ഒന്നോ രണ്ടോ അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുമാണുള്ളത്. ഓരോ മേഖലയിലേയും കൃഷിനാശം നേരിട്ടുപോയി തിട്ടപ്പെടുത്തണമെന്നുണ്ടെങ്കിൽ അവർക്ക് 30 ദിവസം കൊടുക്കേണ്ടതുണ്ട്. അപേക്ഷ കിട്ടി 30 ദിവസത്തിനുള്ളിൽ നടപടികൾ പൂർത്തീകരിച്ചിരിക്കണമെന്നാണ് അവർക്ക് നൽകിയിരിക്കുന്ന നിർദ്ദേശം. അത് നീണ്ടുപോയി എന്നതുകൊണ്ടാണ് യഥാസമയത്ത് ആനുകൂല്യം ലഭിക്കുന്നില്ലെന്ന പ്രശ്നമുണ്ടായത്. യഥാസമയം കൃഷിക്കാർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു സമയം നിശ്ചയിക്കുകയും അത് കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവരെ പ്രത്യേകമായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളത്. പച്ചക്കറി കൃഷിക്കാർക്ക് നാശനഷ്ടമുണ്ടായതായി രേഖപ്പെടുത്തിയാൽ അത് പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്. ഒരാൾക്കും ബുദ്ധിമുട്ടുണ്ടാകില്ല.

<u>ശ്രീ. ടി. സിദ്ദിഖ്:</u> സർ, ഈ സമ്മേളനത്തിന്റെ ആദ്യദിവസം തന്നെ ശ്രദ്ധ ക്ഷണിക്കലിലൂടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയൊരു കാര്യമാണ് രാസവളത്തിന്റെ ദൗർലഭ്യം. ഇത്രയും ദിവസമായിട്ടും അത് പരിഹരിക്കപ്പെട്ടില്ല. രണ്ടാംവിള ഏറെ വലിയ അപകടത്തിലാണെന്ന് സൂചിപ്പിക്കുകയാണ്. എന്റെ ചോദ്യം, വയനാട് ജില്ലയിലുൾപ്പെടെ ആയിരക്കണക്കിന് കമുക് കർഷകർ വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. പതിനായിരക്കണക്കിന് കമുകുകളുടെ മണ്ട നശിച്ചിരിക്കുകയാണ്. അത് പിഴുത് മാറ്റുന്നതിനാവശ്യമായ പണംപോലും കർഷകന്റെ കയ്യിലില്ല. ഇത് മാറ്റി പുതിയ തൈകൾ നടുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ; നഷ്ടപരിഹാരം സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു മാസം നിശ്ചയിച്ചിട്ടുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. എന്നാൽ ആനുകൂല്യം നൽകുന്നതിനുള്ള സമയക്രമത്തെക്കുറിച്ച് അങ്ങ് പറഞ്ഞില്ല. ഇക്കാര്യംകൂടി ബോധ്യപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. പ്രസാദ്:</u> സർ, അദ്ദേഹം മൂന്ന് കാര്യങ്ങൾ പറഞ്ഞു. അതിലൊന്ന് രാസവളത്തിന്റെ കാര്യമാണ്. നമുക്കിപ്പോൾ അനുവദിച്ച രാസവളം സമീപ പ്രദേശങ്ങളായ കാക്കിനട, മംഗലാപുരം, ചെന്നൈ എന്നിവിടങ്ങളിൽ വന്നിട്ടുണ്ട്. അത് കേരളത്തിലേക്ക് വളരെ വേഗത്തിൽ എത്തിക്കുന്നതായിരിക്കും. അതിലൂടെ രാസവളത്തിന്റെ പ്രശ്നം ഏറെക്കുറെ പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കമുക് കർഷകരെ എങ്ങനെ സഹായിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിച്ച് അക്കാര്യവും പരിഹരിക്കുന്നതായിരിക്കും. കൃഷിക്കാർക്ക് സമയബന്ധിതമായി ആനുകൂല്യം നൽകുകയെന്നത് സർക്കാരിന്റെ നയമാണ്, തീരുമാനമാണ്. അത് നടപ്പിലാക്കും.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, കൃഷിനാശം ഉണ്ടാകുമ്പോൾ ഇൻഷ്വറൻസ് നൽകുന്നതിനായി കേന്ദ്ര സർക്കാർ വലിയ പ്രചരണം നടത്തി കൊണ്ടുവന്ന പദ്ധതിയാണ് പ്രധാൻമന്ത്രി ഫസൽ ബീമാ യോജന. ടി പദ്ധതിയിൽ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ക്ലെയിം വച്ചിട്ടുണ്ടോ; എത്ര രൂപ കിട്ടാനുണ്ട്; അത് നേടിയെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന കൊട്ടിഘോഷിക്കപ്പെട്ട വലിയൊരു പദ്ധതിയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അതിന്റെ നടപടിക്രമങ്ങളാണ്. അതിലൊന്ന് ക്രോപ് കട്ടിംഗാണ്. ഒരു പഞ്ചായത്തിലെ നാല് ഏരിയയിൽ പ്രത്യേകമായൊരു ഏരിയ സെലക്ട് ചെയ്ത് അവിടെ നിന്നും വിളയെടുത്ത് തൂക്കി അതിന്റെ ശരാശരി എടുത്താണ് ഇൻഷ്വറൻസ് തുക നിശ്ചയിക്കുന്നത്. പഞ്ചായത്തിനെ മൊത്തത്തിൽ കണ്ടാണ് ആനുകൂല്യങ്ങൾ നൽകുന്നത്. ഇങ്ങനെ വരുമ്പോൾ കൃഷി ചെയ്യാത്ത ഇടങ്ങളിൽ കൂടി ആനുകൂല്യം കിട്ടുന്നു. ഇതുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതിയാണ് വരുന്നത്. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റാണ് ഇതിന്റെ കണക്കെടുക്കുന്നത്. ഈ കണക്കിൽ പഞ്ചായത്തിനെ മൊത്തത്തിലെടുത്ത് കണക്കുകൂട്ടി നിശ്ചയിക്കുന്ന അവസരത്തിൽ യഥാർത്ഥ തരത്തിലുള്ള ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നില്ലെന്നതാണ് പി.എം.എഫ്.ബി.വൈ.-യുടെ പോരായ്മ. അതുകൊണ്ടാണ് പല സംസ്ഥാനങ്ങളും പി.എം.എഫ്.ബി.വൈ. പദ്ധതിയിൽ നിന്നും മാറുന്നത്. ആ തുക കൂടി കിട്ടിയാൽ കൃഷിക്കാർക്ക് സഹായകരമാകുമെന്ന തരത്തിലാണ് സംസ്ഥാന സർക്കാരിന്റെ വിഹിതംകൂടി നൽകിക്കൊണ്ട് ആ പദ്ധതിയിൽ ഇപ്പോഴും നിൽക്കുന്നത്. നമ്മൾ അത് പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, വിളനാശം സംഭവിച്ച കൃഷിയിടങ്ങളുണ്ടെങ്കിൽ അവിടെ ഫീൽഡ് വെരിഫിക്കേഷൻ നടത്തേണ്ടത് അഗ്രികൾച്ചർ അസിസ്റ്റന്റുമാരാണ്. എന്റെ നിയോജകമണ്ഡലത്തിലെ പല കൃഷി ഓഫീസുകളിലും അഗ്രികൾച്ചർ അസിസ്റ്റന്റുമാരും കൃഷി ഓഫീസർമാരുമില്ല. പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് കൃത്യമായും സമയബന്ധിതമായും ഫീൽഡ് വെരിഫിക്കേഷൻ നടത്തി നഷ്ടങ്ങൾ വിലയിരുത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, തീർച്ചയായും ഫീൽഡ് വെരിഫിക്കേഷൻ നടത്തി നഷ്ടങ്ങൾ വിലയിരുത്തുന്ന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. എവിടെയെങ്കിലും കൃഷി ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിൽ ജില്ലാ ഓഫീസർമാർ അവിടേയ്ക്ക് പകരം

ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ആ ഉത്തരവാദിത്വം നിറവേറ്റണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ പി.എസ്.സി. ലിസ്റ്റുണ്ടായിരുന്നു. എന്നാൽ അതുമായി ബന്ധപ്പെട്ട് കേസ്സുള്ളതിനാൽ അത് കോടതിയുടെ പരിഗണനയിലാണ്. അതുകൊണ്ടാണ് ഒഴിവുകൾ പൂർണ്ണമായി നികത്താൻ കഴിയാത്തത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അഗ്രികൾച്ചർ ഓഫീസർമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്, എല്ലാ സ്ഥലങ്ങളിലേയ്ക്കും ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, നവംബർ 2, 5 തീയതികളിൽ അതിതീവ്രമഴ കാരണം ഞാൻ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിലെ കാവിലുംപാറ പഞ്ചായത്തിൽ ഉരുൾപൊട്ടലുണ്ടാകുകയും 38 കുടുംബങ്ങൾക്ക് വീട് നഷ്ടപ്പെടുകയും വലിയ തോതിലുള്ള നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ കേരളത്തിന്റെ കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഇതൊരു യാഥാർത്ഥ്യമായി കണക്കാക്കി ഇതിനെ നേരിടുന്നതിനുള്ള എന്തൊക്കെ പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊള്ളുന്നത്?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ഏറ്റവും ഗൗരവകരമായ പ്രശ്നത്തെ സംബന്ധിച്ച് ഇന്നലെ സഭയിൽ വലിയ ചർച്ചകൾ നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ കാലാവസ്ഥയെ കണക്കിലെടുക്കുന്ന ധാരാളം കാര്യങ്ങളെക്കുറിച്ച് പറയുകയും ചെയ്തു. കാലാവസ്ഥ കണക്കിലെടുത്ത് അതിനെ പ്രതിരോധിക്കുന്ന കൃഷിരീതികൾ നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ കേരളത്തെ അഞ്ച് അഗ്രോ ഇക്കോളജിക്കൽ സോണുകളായും 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായും തിരിച്ച് അനുയോജ്യമായ കൃഷിരീതികൾ, വിള പരിക്രമങ്ങൾ, സാങ്കേതികവിദ്യകൾ, മണ്ണ് സംരക്ഷണം ഇവയെല്ലാം നടപ്പിലാക്കേണ്ടതുണ്ട്. പശ്ചിമഘട്ടത്തെ സംരക്ഷിക്കാതെ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പശ്ചിമഘട്ടത്തെ സംരക്ഷിക്കുകയെന്ന് പറഞ്ഞാൽ ഒരു മല സംരക്ഷിക്കുകയല്ല, അവിടെയുള്ള ജനതയെക്കൂടി സംരക്ഷിക്കുകയാണെന്ന് ഈ ദുരന്തങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. പശ്ചിമഘട്ടത്തിലെ കൃഷിക്കാരെയടക്കം സംരക്ഷിക്കുകയെന്ന തരത്തിലാണ് കൃഷിരീതികളെല്ലാം മാറേണ്ടത്. പശ്ചിമഘട്ടവും നെൽവയലുകളും തണ്ണീർത്തടങ്ങളുമെല്ലാം സംരക്ഷിക്കുന്ന പ്രകൃതിസൗഹൃദ കൃഷിരീതികളാണ് കേരളത്തിന് അഭികാമ്യം. അത് നടപ്പിലാക്കാനാണ് സർക്കാർ മുൻകയ്യെടുക്കുക. ഇന്നലെ യു.എൻ.-ലെ ചർച്ചകളെക്കുറിച്ചും മറ്റും ഇവിടെ പരാമർശം വന്നിരുന്നു.

അതുകൊണ്ട് ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അഭിമുഖീകരിക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രകൃതി സൗഹൃദ കൃഷിരീതികൾക്കായിരിക്കും കൃഷിവകുപ്പ് മുൻതൂക്കം നൽകുക. പശ്ചിമഘട്ടവും നെൽവയലുകളും തണ്ണീർത്തടങ്ങളുമെല്ലാം സംരക്ഷിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. സണ്ണി ജോസഫ്: സർ, റബ്ബർ, കശുമാവ് തുടങ്ങിയ മരങ്ങൾ ഗുരുതര രോഗങ്ങൾമൂലം ഉണങ്ങിപ്പോകുന്നത് സംബന്ധിച്ച് ഗവൺമെന്റിന് പരാതി ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; അത് തടയാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇത്തരത്തിൽ വിളകൾ നശിക്കുന്ന, പൂർണ്ണമായും മരങ്ങൾതന്നെ ഉണങ്ങിപ്പോകുന്ന കർഷകർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയത്തിനുള്ള നഷ്ടപരിഹാരം വിള ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ടാണ് നൽകാൻ സാധിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, വിള ഇൻഷ്വറൻസിന്റെ കാര്യം പുനഃപരിശോധിക്കുന്നതിന്/പരിഷ്കരിക്കുന്നതിനുള്ള നടപടികളുണ്ടാകണം. തീർച്ചയായും ഇക്കാര്യം സംബന്ധിച്ച് പഠനം നടത്തി കൃഷിക്കാരെ സഹായിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കാർഷിക മേഖലയിൽ വലിയ മുന്നേറ്റമുണ്ടായ കാലഘട്ടമാണിത്. ആലപ്പുഴയിലെ കഞ്ഞിക്കുഴി മോഡൽ ജൈവപച്ചക്കറി കൃഷിയടക്കം നടന്നുവരികയാണ്. പച്ചക്കറി ഉൽപ്പാദനം സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികളുടെ ഫലമായി ആഭ്യന്തര ഉൽപ്പാദനത്തിൽ പച്ചക്കറി മേഖലയിൽ എത്രമാത്രം വർദ്ധനയുണ്ടാക്കാൻ ഈ കാലയളവിൽ സാധിച്ചുവെന്ന് വിശദമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കഞ്ഞിക്കുഴി കേരളത്തിനും ഇന്ത്യയ്ക്കും മാതൃകയാക്കാൻ സാധിക്കുന്ന ഒരു പ്രദേശമാണ്. എല്ലാ വിളകളും അവിടെയുണ്ട്. ഇപ്പോൾ അവിടത്തെ കൃഷിക്കാർ സൂര്യകാന്തിപ്പാടം ഒരുക്കി കേരളത്തിലെ പതിനായിരക്കണക്കിന് ആളുകളെ അവിടേയ്ക്ക് ആകർഷിക്കുകയാണ്. ആ ചൊരിമണലിൽ ഇനി ഏതെല്ലാം വിളകളാണ് കൃഷി ചെയ്യാനുള്ളതെന്ന് മാത്രം നോക്കിയാൽ മതി. അത്രയേറെ പ്രത്യേകതയുള്ള പ്രദേശമാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കേരളത്തിന് ഈ കാലഘട്ടത്തിൽ പച്ചക്കറികളുടെ ഉൽപ്പാദനത്തിൽ

വലിയ വർദ്ധനയുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഏതാണ്ട് 75 ശതമാനത്തിലധികം പച്ചക്കറി ഇന്ന് കേരളത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടം. ഇതുപോലെ മുന്നോട്ടുപോയി കേരളത്തിന് ആവശ്യമായ പച്ചക്കറികൾ ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തതയിലേയ്ക്ക് എത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടുകൂടി ജനകീയ ക്യാമ്പയിനാക്കി മാറ്റി പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് കേരളത്തെ എത്തിക്കാൻ സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നുണ്ട്. അതിന് എല്ലാവരുടെയും പിന്തുണയും പിൻബലവും ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

## പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി

2(*572) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിനായി പുതിയതായി എത്ര ബസ്സുകൾ വാങ്ങുന്നതിനും നിരത്തിലിറക്കുന്നതിനും കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) യാത്രക്കാരുടെ സുരക്ഷയും സുഗമമായ യാത്രയും ഉറപ്പുവരുത്തുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദ മാർഗ്ഗങ്ങളും ഇന്ധനക്ഷമതയും കൈവരിക്കുന്നതിനായി നടപ്പിലാക്കുന്ന പരിഷ്കാരങ്ങളുടെയും തീരുമാനങ്ങളുടെയും പുരോഗതി അറിയിക്കാമോ;

(സി) പ്രതികൂലമായ സാഹചര്യം നിലനിൽക്കുമ്പോഴും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി. ബസ്സുകളിലും കോർപ്പറേഷന്റെ വസ്തുവകകളിലും പരസ്യം വഴി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പരസ്യം ചെയ്യുന്നതിന് ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; നിലവിലുള്ള നിബന്ധനകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും സുതാര്യമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ,

(എ) സംസ്ഥാനത്തെ പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2016 മുതൽ 2021 വരെ 101 ബസ്സുകൾ വാങ്ങി നിരത്തിലിറക്കിയിട്ടുണ്ട്. പുതുതായി 460 ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിൽ 2020-21 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ വകയിരുത്തിയ 50 കോടി രൂപ ഉപയോഗിച്ച് 100 ബസ്സുകൾ വാങ്ങുന്നതിനുള്ള ഉത്തരവ് നൽകിക്കഴിഞ്ഞു. അത് ഡിസംബർ മാസംതന്നെ പുറത്തിറങ്ങുന്നതാണ്. ഇതിനുപുറമെ 310 സി.എൻ.ജി. ബസ്സുകളും 50 ഇലക്ട്രിക് ബസ്സുകളും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരിസ്ഥിതി സൗഹൃദ ഇന്ധനം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്കും സി.എൻ.ജി.-യിലേയ്ക്കും മാറ്റുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2020-21 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിന്റെ പ്രാരംഭ നടപടിയായി. വാഹന നിർമ്മാതാക്കളിൽനിന്നും സി.എൻ.ജി. എഞ്ചിനും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ, ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി ആദ്യ ഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ദർഘാസ് ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേക്ക് പരിവർത്തനം ചെയ്യുന്നതിന് ക്ഷണിച്ച ദർഘാസിൽ മൂന്ന് കമ്പനികൾ പങ്കെടുത്തിട്ടുണ്ട്. ദർഘാസിന്റെ അടുത്ത ഘട്ടമായി ഓരോ ഡീസൽ ബസ്സുകൾ proof of concept (POC) ആയി എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള സർക്കാർ ആവിഷ്കരിച്ച ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ ഭാഗമായി 2018-ൽ 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ സർവ്വീസിനായി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഇതിൽ രണ്ട് ബസ്സുകൾ കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡിന് സർവ്വീസ് നടത്തുന്നതിനായി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 8 ബസ്സുകൾ ഇപ്പോൾ കോർപ്പറേഷന്റെ പക്കൽ ലഭ്യമാണ്. കെ.എസ്.ആർ.ടി.സി. വാടക അടിസ്ഥാനത്തിൽ 10 എ.സി. ഇലക്ട്രിക് ബസ്സുകൾ ഉപയോഗിച്ച് 2018 മുതൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. എന്നാൽ ടി ബസ്സുകൾക്ക് വാടക നൽകുന്നതിനുള്ള വരുമാനംപോലും ലഭിക്കാത്ത സാഹചര്യത്തിലും കോവിഡ്-19-നുശേഷം ഇത്തരം എ.സി. ബസ്സുകളിൽ യാത്ര ചെയ്യുന്നതിന് യാത്രക്കാർ വിമുഖത

കാണിച്ചിരുന്നതിനാലും ടി സർവ്വീസ് നടത്താൻ കഴിയാതെ പാർക്ക് ചെയ്തിരിക്കുകയാണ്. ഡീസൽ വില വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ഹരിത ഇന്ധനത്തിലേയ്ക്ക് മാറുന്നതിന്റെ പ്രാരംഭഘട്ടമായി ഒരു സി.എൻ.ജി. ബസ് ഉപയോഗിച്ച് എറണാകുളം-തിരുവനന്തപുരം റൂട്ടിൽ വിജയകരമായി സർവ്വീസ് നടത്തി വരികയും 2 എൽ.എൻ.ജി. ബസ് ഉപയോഗിച്ച് എറണാകുളം-തൃശ്ശൂർ റൂട്ടിൽ പരീക്ഷണ ഓട്ടം നടത്തുകയും ചെയ്തു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പൊതുമേഖലാ എണ്ണ കമ്പനികളുടെ സഹകരണത്തോടെ ഡിപ്പോകളിലെ 35 ഡീസൽ പമ്പുകളിൽ ഓട്ടോമേഷൻ ഉപകരണങ്ങൾ ഫിറ്റ് ചെയ്യുകയും അതിൽ 3 എണ്ണം പൂർണ്ണമായി പ്രവർത്തനക്ഷമമാകുകയും 32 പമ്പുകളിൽ ഇവയുടെ ട്രയൽ റൺ നടന്നുവരികയും ചെയ്യുന്നു. ഇതുവഴി ബസ്സുകളുടെ ദിവസേനയുള്ള ഡീസൽ ഉപഭോഗവും ഇന്ധനക്ഷമതയും ഓൺലൈൻ വഴി നേരിട്ട് പരിശോധിക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്നു.

(സി) കോവിഡ് പ്രതിസന്ധി കാലഘട്ടത്തിൽ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും സർക്കാരാണ് നൽകിവരുന്നത്. ഇതിനുപുറമെ 2020 നവംബർ മാസം മുതൽ ഇടക്കാലാശ്വാസമായി ഓരോ ജീവനക്കാരനും 1,500 രൂപ വീതവും 2021 മാർച്ച് മാസം മുതൽ കുടിശ്ശികയുള്ള ക്ഷാമബത്തയിൽ നിന്ന് 14% ക്ഷാമബത്തയും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല, ജീവനക്കാരുടെ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി 27-10-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ധനകാര്യ വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും പങ്കെടുത്ത യോഗത്തിൽ, വരുമാനം വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിന് വിവിധ നടപടികൾ സ്വീകരിക്കണമെന്ന നിബന്ധനയോടെ ശമ്പള പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ധാരണയായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായും 3-11-2021-ൽ ചർച്ച നടന്നിരുന്നു. എന്നാൽ, ശമ്പള പരിഷ്കരണം സംബന്ധിച്ച് അന്തിമ തീരുമാനം ഇതുവരെ ആയിട്ടില്ല.

(ഡി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം ചെയ്യുന്നതിന് നിലവിൽ കെ.എസ്.ആർ.ടി.സി. നേരിട്ട് തന്നെ പരസ്യദാതാക്കളെ കണ്ടെത്തി പരസ്യം നൽകിവരുന്നു. പരസ്യദാതാക്കളെ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 22 മാർക്കറ്റിംഗ് എക്സിക്യൂട്ടീവുമാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കൊമേഴ്സ്യൽ വിഭാഗത്തിനെ കെ.എസ്.ആർ.ടി.സി. രൂപീകരിച്ചിട്ടുണ്ട്. ഒരേസമയം കൂടുതൽ

ബസ്സുകളിൽ പരസ്യവും പരസ്യ കാലാവധിയും നൽകുന്ന പരസ്യദാതാക്കൾക്ക് അതിന് ആനുപാതികമായാണ് പരസ്യനിരക്ക് കണക്കാക്കുന്നത്. കോർപ്പറേഷന്റെ വസ്തുവകകളിൽ ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം ചെയ്യുന്നതിന് (ബസ് സ്റ്റേഷൻ പരസ്യം) നിലവിൽ ലൈസൻസ് അനുവദിച്ചുവരുന്നു. ലൈസൻസിയെ കണ്ടെത്തുന്നതിന് കെ.എസ്.ആർ.ടി.സി., പരസ്യ ലേലം/ ടെണ്ടർ നടപടിയാണ് സ്വീകരിച്ചുവരുന്നത്. പരസ്യദാതാക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച് നിലവിലുള്ള നടപടിക്രമങ്ങളിൽ കെ.എസ്.ആർ.ടി.സി. ഭരണസമിതിയുടെ അംഗീകാരത്തോടെ കാലോചിതമായ മാറ്റം വരുത്തി കൂടുതൽ സുതാര്യവും ലഘൂവുമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. പി. നന്ദകുമാർ: സർ, കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സർക്കാരെടുക്കുന്ന നടപടികളെ അഭിനന്ദിക്കുകയാണ്. വളരെ പ്രതിസന്ധി നേരിടുന്ന ഈ അവസരത്തിൽ ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. എന്റെ ചോദ്യം, ബസ് റൂട്ടുകൾ അനുവദിക്കുമ്പോൾ നഷ്ടമുണ്ടാകില്ലെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും പഠനം നടത്താൻ സംവിധാനമുണ്ടോ; നഷ്ടം വരില്ലെന്ന് ഉറപ്പുവരുത്തിയിട്ടാണോ ഇപ്പോൾ റൂട്ടുകൾ അനുവദിക്കുന്നത്?

ശ്രീ. ആന്റണി രാജു: സർ, ബസ് റൂട്ടുകൾ അനുവദിക്കുന്നതിന് ലാഭനഷ്ടങ്ങൾ മാത്രമല്ല പരിശോധിക്കുന്നത്, സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ സാമൂഹിക പ്രതിബദ്ധത എന്ന ഉത്തരവാദിത്വംകൂടി നിവേറ്റുന്നതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. സാമ്പത്തിക പ്രതിസന്ധി നേരിടുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ ഓരോ ഷെഡ്യൂളിന്റെയും ലാഭനഷ്ടങ്ങൾ, വരുമാനത്തിന്റെ ലഭ്യത എന്നിവ പ്രത്യേകം പരിശോധിച്ച്, അത് റിവ്യൂ ചെയ്ത്, വരുമാനം വളരെ കുറയുന്ന റൂട്ടുകളിലേയ്ക്കുള്ള ബസ്സുകൾ ഒഴിവാക്കുകയും കൂടുതൽ വരുമാനം ലഭിക്കുന്ന റൂട്ടുകളിലേയ്ക്ക് കൂടുതൽ ബസ്സുകൾ ഏർപ്പെടുത്തുകയും ചെയ്യുന്ന സംവിധാനമാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പക്ഷേ ആദിവാസി മേഖലകളിലും വനം മേഖലകളിലും യാത്രക്കാരുടെ എണ്ണം കുറവാണെങ്കിലും അവർക്ക് ഗതാഗത സൗകര്യമൊരുക്കേണ്ട ബാദ്ധ്യത കെ.എസ്.ആർ.ടി.സി.-ക്കുണ്ട്. അത്തരം റൂട്ടുകളിൽ ലാഭം നോക്കാതെ സർവ്വീസ് നടത്താൻ കെ.എസ്.ആർ.ടി.സി. ബാദ്ധ്യസ്ഥമായതിനാൽ സർവ്വീസ് നടത്തിവരുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, പുതിയ ബസ്സുകൾ പുറത്തിറക്കാൻ പോകുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കെ.എസ്.ആർ.ടി.സി.-യിലെ

എംപാനൽ ജീവനക്കാരുടെ ജോലി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; അതിനായി എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. ആന്റണി രാജു: സർ, എംപാനൽ ജീവനക്കാരുടെ കാര്യത്തിൽ വളരെ അനുഭാവപൂർവ്വമായ നിലപാടാണ് ഗവൺമെന്റിനുള്ളത്. കെ.എസ്.ആർ.ടി.സി.-യിലും അനുബന്ധ സ്ഥാപനങ്ങളിലും അവർക്ക് സംരക്ഷണം നൽകാനുള്ള ശ്രമം നടത്തുകയുണ്ടായി. പക്ഷേ എംപാനൽ ജീവനക്കാരെ ഒരുകാരണവശാലും കെ.എസ്.ആർ.ടി.സി.-യിൽ നിയമിക്കരുതെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുൾപ്പെടെയുള്ള കോടതികളുടെ ഉത്തരവ്. ആ ഉത്തരവ് മറികടക്കാൻ കഴിയാത്ത സാഹചര്യം എംപാനലുകാരുടെ കാര്യത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന് വിധേയമായി എംപാനൽ ജീവനക്കാരെ എങ്ങനെ സഹായിക്കാമെന്നും സംരക്ഷിക്കാമെന്നുമുള്ള പരിശോധന ഗൗരവമായി നടത്തിവരികയാണ്.

ശ്രീ. കെ. ആൻസലൻ: സർ, യു.ഡി.എഫ്.-ന്റെ ഭരണകാലമായ 2011-16-ൽ കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ കിട്ടാതെ നിരവധി ജീവനക്കാർ ആത്മഹത്യ ചെയ്തിരുന്നു. ആ കാലഘട്ടത്തിൽ നിന്നാണ് പിണറായി സർക്കാർ കഴിഞ്ഞ അഞ്ചര വർഷമായി ഏകദേശം 5000 കോടിയോളം രൂപ ഈ സ്ഥാപനത്തിലെ തൊഴിലാളികളുടെ ശമ്പളത്തിനും പെൻഷനും മറ്റ് നിലനിൽപ്പിനുമായി വിനിയോഗിച്ചിട്ടുള്ളത്. ഏറ്റവുമധികം യാത്രാക്ലേശമുള്ള പ്രദേശമാണ് നെയ്യാറ്റിൻകര. അവിടത്തെ പ്രശ്നങ്ങൾ കുറെക്കൂടി കാര്യക്ഷമമായി പഠിച്ച് മനസ്സിലാക്കി, കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് വിദ്യാർത്ഥികൾക്കും മറ്റ് ജീവനക്കാർക്കും ലഭ്യമാകാൻ കഴിയുന്ന വിധത്തിലുള്ള പരിഷ്കരണത്തെക്കുറിച്ച് പ്രത്യേകമായി ആലോചിക്കേണ്ടതുണ്ട്. ഇത് ദേശസാൽകൃത റൂട്ടുകൾ മാത്രമുള്ള പ്രദേശമാണ്, മറ്റ് സ്വകാര്യ സർവ്വീസുകളില്ല. ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധചെലുത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ആന്റണി രാജു: സർ, പെൻഷൻകാരുടെ കാര്യത്തിൽ അനുഭാവപൂർണ്ണമായ നിലപാടാണ് ഒന്നാം പിണറായി സർക്കാർ സ്വീകരിച്ചത്. 2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക താൽപ്പര്യത്തിന്റെ ഭാഗമായാണ് സഹകരണ ബാങ്കുകളുമായുള്ള ധാരണയുണ്ടാക്കി കുടിശ്ശികയില്ലാതെ പെൻഷൻ കൊടുക്കാനുള്ള നടപടികൾ കൈക്കൊണ്ടത്. നവംബർ മാസം വരെയുള്ള പെൻഷൻ മുടങ്ങാതെ കൊടുത്തുകഴിഞ്ഞു. ഈ മാസത്തെ പെൻഷനാണ് കൊടുക്കാനുള്ളത്. അത് ഈ മാസംതന്നെ കൊടുക്കും. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പാറശ്ശാല, നെയ്യാറ്റിൻകര, വെള്ളറട, കാട്ടാക്കട എന്നീ നാല് ഡിപ്പോകളിലെ വിഷയം സംബന്ധിച്ച് കഴിഞ്ഞയാഴ്ച പാറശ്ശാല വച്ച്

ബഹുമാനപ്പെട്ട സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ വളരെ ഗൗരവമായി റിവ്യൂ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഈ ഡിപ്പോകൾ ശക്തിപ്പെടുത്താനും യാത്രാക്ലേശം പരിഹരിക്കാനും ജനപ്രതിനിധികളുമായി ആലോചിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്താനുമുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. അധിക ബസ്സുകൾ ആവശ്യമുണ്ടെങ്കിൽ നൽകണമെന്നും കൂടുതൽ ജീവനക്കാർ ആവശ്യമെങ്കിൽ അത് ക്രമീകരിക്കണമെന്നുമുള്ള നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ആ ഡിപ്പോകളിൽ ഇപ്പോൾ മാറ്റങ്ങൾ വന്നുതുടങ്ങിയിട്ടുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, സി.എൻ.ജി., ഡീസൽ, ഇലക്ട്രിക് ബസ്സുകൾ തമ്മിലുള്ള ഇന്ധനക്ഷമത, മെയിന്റനൻസ് കോസ്റ്റ്, അനുബന്ധ അടിസ്ഥാന സൗകര്യ നിക്ഷേപം, സ്പെയർപാർട്ട്സ് ലഭ്യത എന്നിവ സംബന്ധിച്ച താരതമ്യപഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പട്ടിക രൂപത്തിൽ വിശദമാക്കാമോ?

ശ്രീ. ആന്റണി രാജു: സർ, സി.എൻ.ജി., എൽ.എൻ.ജി. ബസ്സുകളെ സംബന്ധിച്ചിടത്തോളം സി.എൻ.ജി.-ക്ക് ഇന്നത്തെ വില കിലോയ്ക്ക് 62.99 രൂപയാണ്. ഡീസലിന്റെ ഇന്നത്തെ വില ഒരു ലിറ്ററിന് 91.72 രൂപയാണ്. എൽ.എൻ.ജി.-യുടെ വില ഇതുവരെ കേന്ദ്രഗവൺമെന്റ് ഫിക്സ് ചെയ്തിട്ടില്ല. 2018-ലാണ് ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസിനെടുത്തത്. ഇലക്ട്രിക് ബസ്സുകളെല്ലാം എ.സി. ബസ്സുകളാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ യാത്രക്കാരുടെ എണ്ണം കുറഞ്ഞു. ഇതിന്റെ ലീസ് റേറ്റ് 43 രൂപയും ഒരു കിലോമീറ്ററിനുവേണ്ട ഇലക്ട്രിക് ചാർജ്ജിംഗിന് 6 രൂപയുമാണ്, അങ്ങനെ ഒരു കിലോമീറ്ററിന് 49 രൂപ വേണ്ടിവരും. പക്ഷേ അതിൽനിന്നും ലഭിക്കുന്ന വരുമാനം 38 രൂപ മാത്രമാണ്. അതുകൊണ്ടാണ് ഇലക്ട്രിക് ബസ്സുകൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം വന്നിരിക്കുന്നത്. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ കെ.എം.ആർ.എൽ.-ന് രണ്ട് ബസ്സുകൾ ഉപയോഗത്തിന് നൽകിയിട്ടുണ്ട്. ബാക്കി എട്ട് ബസ്സുകൾ ഉപയോഗിക്കുന്നില്ല. 2018-ൽ മഹാ വോയേജ് എന്ന കമ്പനിയുമായി പത്ത് വർഷത്തേയ്ക്ക് ലീസ് എഗ്രിമെന്റിൽ ഏർപ്പെട്ടിരുന്നത്. പക്ഷേ നഷ്ടമായതുകൊണ്ട് ഇലക്ട്രിക് ബസ്സുകൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നത് പ്രയോജനം ചെയ്യില്ല. അതുകൊണ്ട് ആ ലീസ് കോൺട്രാക്ട് ടെർമിനേറ്റ് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, നിലവിൽ 3000 റൂട്ടുകളാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്. ഇത്രയും റൂട്ടുകൾ കൈകാര്യം ചെയ്യാൻ 6000 ബസ്സുകളാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത് ഏതാണ്ട്

460 പുതിയ ബസ്സുകൾ വാങ്ങാൻ പോകുന്നുവെന്നാണ്. 3500 ബസ്സുകളുണ്ടെങ്കിൽ 3000 റൂട്ടുകൾ കൈകാര്യം ചെയ്യാവുന്നതേയുള്ളൂ. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള 6000 ബസ്സുകൾക്ക് നികുതിയിനത്തിലും ഇൻഷ്വറൻസ് ഇനത്തിലും മെയിന്റനൻസിനുമെല്ലാം വൻതുക പ്രതിവർഷം ചെലവാകുന്നു. ഇത്തരത്തിൽ അധികമുള്ള പഴയ ബസ്സുകളുടെ എണ്ണം കുറച്ചാൽ ചെലവും വളരെയധികം കുറയും. കെ.എസ്.ആർ.ടി.സി. ഇത്തരത്തിലുള്ള നടപടികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, നിലവിലുള്ള ഏതാണ്ട് 1000 ബസ്സുകൾ ഇപ്പോൾ കാലാവധി കഴിഞ്ഞ് കണ്ടം ചെയ്യാനുള്ള അവസ്ഥയിൽ ഒതുക്കിയിട്ടിരിക്കുകയാണ്. അത് ഉപയോഗിക്കാൻ കഴിയില്ല. ഇനിയും ഏതാനും നാളുകൾക്കുള്ളിൽ കുറേയധികം ബസ്സുകൾ റോഡിലിറക്കാൻ കഴിയാത്ത വിധത്തിൽ കാലാവധി കഴിഞ്ഞ് പോകും. മാത്രമല്ല, കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനെക്കുറിച്ചും ഗൗരവമായി പഠനം നടത്തിക്കൊണ്ടിരിക്കുന്നു. പഴയ ബസ്സുകൾ മാറ്റുമ്പോൾ പുതിയ ബസ്സുകൾ റീപ്ലേസ് ചെയ്യേണ്ടിവരും. അതുകൊണ്ടാണ് പുതിയ ബസ്സുകൾ വാങ്ങുന്നതിനും സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനുമുള്ള തീരുമാനമെടുത്തിരിക്കുന്നത്. പൊതുഗതാഗതത്തിന് ജനങ്ങളുടെ ഭാഗത്തുനിന്നുള്ള ആവശ്യം കൂടിവരികയാണ്. പല മേഖലകളിൽനിന്നും ബസ്സുകളില്ലെന്ന മുറവിളിയുണ്ട്. ഇതൊക്കെ പരിഹരിക്കുന്നതിന് കൂടുതൽ ബസ്സുകൾ ആവശ്യമായിവരും. നല്ല ഇന്ധനക്ഷമതയുള്ള പുതിയ ബസ്സുകൾ വാങ്ങിയാൽ മാത്രമേ നഷ്ടം കുറയ്ക്കാനും കഴിയുകയുള്ളൂ.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതോടൊപ്പം ഇന്ന് പല ഗ്യാരേജുകളും പരിശോധിച്ചാൽ , ചോർന്നൊലിക്കുന്ന പഴയ കെട്ടിടങ്ങളും മോശമായ ഓഫീസ് സൗകര്യങ്ങളും ശോച്യാവസ്ഥയിലുള്ള ടോയ്‌ലെറ്റുകളുമാണ്. പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി വളരെ മോശമായ ഗ്യാരേജുകളുടെ കെട്ടിടങ്ങൾ പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ സുൽത്താൻ ബത്തേരി ഗ്യാരേജിലെ കെട്ടിടങ്ങളും വർക്ഷോപ്പുകളും ടോയ്‌ലെറ്റ് സൗകര്യങ്ങളും വളരെ മോശമാണ്. മാത്രമല്ല, പല ഗ്യാരേജുകളിലും ജീവനക്കാർക്കുള്ള വിശ്രമ മന്ദിരങ്ങൾപോലുമില്ലാത്ത സാഹചര്യങ്ങളുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കാര്യങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ഒരു പൊതുവായ പ്രശ്നമാണ്. കെ.എസ്.ആർ.ടി.സി.-യുടെ പല കെട്ടിടങ്ങളും നാൽപ്പതും അൻപതും വർഷങ്ങൾ പഴക്കമുള്ളവയാണ്. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പരിമിതിവച്ചുകൊണ്ട് എല്ലാ കെട്ടിടങ്ങളും മാറ്റി പുതിയവ നിർമ്മിക്കാൻ കഴിയില്ല. അങ്ങ് സൂചിപ്പിച്ചതുപോലെ, കെ.എസ്.ആർ.ടി.സി.-യുടെ പരിതാപകരമായ അവസ്ഥ ബസ് ഡിപ്പോകളിലെ ടോയ്‌ലെറ്റുകൾ തന്നെയാണ്. ഇവ പരിഷ്കരിച്ച് ആധുനികരീതിയിലുള്ള ടോയ്‌ലെറ്റുകളാക്കി മാറ്റുന്നതിനുള്ള പ്ലാൻ തയ്യാറാക്കി കഴിഞ്ഞു. കിഫ്ബിയുമായി ആലോചിച്ച് അതിനൊരു പദ്ധതി തയ്യാറാക്കുന്നത് സജീവമായി പരിഗണിക്കുന്നതാണ്. അതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ആലോചിച്ച് take a break എന്ന പദ്ധതിയിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ ബസ് ഡിപ്പോകളിൽ ആധുനിക സൗകര്യങ്ങളുള്ള പുതിയ ടോയ്‌ലെറ്റുകൾ ഇപ്പോൾ നിർമ്മിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട പൊതുമരാമത്ത്, ടൂറിസം വകുപ്പുമന്ത്രിയുടെ സഹായം ഇക്കാര്യത്തിൽ അഭ്യർത്ഥിക്കുന്നു. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുകൾ നവീകരിക്കുന്നതിനും ടോയ്‌ലെറ്റുകൾ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കെ.എസ്.ആർ.ടി.സി.-യും തദ്ദേശസ്വയംഭരണ വകുപ്പും ടൂറിസം വകുപ്പും കൈകോർത്ത് ഒരു മാറ്റത്തിനായുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കെ.എസ്.ആർ.ടി.സി. യാത്രക്കാർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ബസ് ഷെൽട്ടറുകളുടെ അഭാവമാണ്. ഇത് പരിഹരിക്കുന്നതിനായി എം.എൽ.എ. ഫണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും ഉൾപ്പെടുത്തി സ്വകാര്യപങ്കാളിത്തത്തോടുകൂടി ഒരു പഞ്ചായത്തിൽ ഒരു മാതൃകാ ബസ് ഷെൽട്ടർവീതം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം പരിഗണിക്കാവുന്നതാണ്. കാരണം, കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി ഇത്തരം ബാധ്യതകൾ ഏറ്റെടുക്കാൻ കഴിയില്ല. അതുകൊണ്ട് സ്വകാര്യപങ്കാളിത്തത്തോടുകൂടി ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കോളേജുകൾ പ്രവർത്തനം ആരംഭിച്ചതിനാൽ കാസർഗോഡ്-മഞ്ചേശ്വരം മണ്ഡലങ്ങളിലെ കുട്ടികൾ മംഗലാപുരത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സിലാണ് യാത്ര ചെയ്യാറുള്ളത്.

കുട്ടികൾക്ക് കൺസെഷൻ വേണമെന്നുള്ള ആവശ്യം കാലങ്ങളായി ഉന്നയിക്കുന്നുണ്ടെങ്കിലും ഇതുവരെ അത് പരിഹരിക്കപ്പെട്ടിട്ടില്ല. കർണ്ണാടക സർക്കാർ അവരുടെ ബസ്സിൽ കൺസഷൻ നൽകുന്നുണ്ട്. രാവിലെ 7 മണി മുതൽ 8.30 മണി വരെയുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളുടേയും കർണ്ണാടക ബസ്സുകളുടേയും സമയം എക്സ്ചേഞ്ച് ചെയ്ത് കുട്ടികളുടെ ഈ പ്രയാസം പരിഹരിക്കാൻ സാധിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, അന്തർ സംസ്ഥാന ബസ്സുകളിൽ സ്റ്റുഡന്റ്സ് കൺസഷൻ ഏർപ്പെടുത്തുന്ന രീതി കേരളത്തിൽ നിലവിലില്ല. ബഹുമാനപ്പെട്ട അംഗം ഒരു പുതിയ നിർദ്ദേശമാണ് ഉന്നയിച്ചിരിക്കുന്നത്. അതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ച് നിയമപരമായ തടസ്സങ്ങൾ ഇല്ലെങ്കിൽ ഗൗരവമായിത്തന്നെ ടി നിർദ്ദേശം പരിശോധിക്കുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, 2006-11 കാലഘട്ടത്തിൽ കേരളത്തിൽ 3800 ബസ്സുകൾ അന്നത്തെ സർക്കാർ വാങ്ങിയിരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് കേരളത്തിൽ നാല് പ്രധാനപ്പെട്ട വർക്ക്ഷോപ്പുകളാണുള്ളത്, മറ്റ് വർക്ക്ഷോപ്പുകളുമുണ്ട്. ഈ നാല് വർക്ക്ഷോപ്പുകളും നല്ല രീതിയിലല്ല പ്രവർത്തിക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി സംസ്ഥാനത്തെ വർക്ക്ഷോപ്പിൽതന്നെ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വർക്ക്ഷോപ്പുകൾ വീണ്ടും സജീവമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, 2016-21 കാലഘട്ടത്തിൽ 101 ബസ്സുകളാണ് പുതുതായി വാങ്ങി നിരത്തിൽ ഇറക്കിയിട്ടുള്ളത്. പലപ്പോഴും കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ബസ് ബോഡി നിർമ്മിക്കുന്നതിനേക്കാൾ ബോഡിയോടുകൂടി ബസ്സുകൾ വാങ്ങുന്നതാണ് ലാഭകരമെന്ന് കണ്ടതുകൊണ്ടാണ് നമ്മുടെ ഡിപ്പോകളിൽ ബോഡി ബിൽഡിംഗ് ഇപ്പോൾ നടക്കാതിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളിലേയ്ക്ക് പുറത്തുനിന്ന് ബോഡി ബിൽഡ് ചെയ്ത് വാങ്ങുന്നതിനേക്കാൾ ലാഭകരമായി വർക്ക്ഷോപ്പുകളിൽ നിർമ്മിക്കാൻ കഴിയുമോയെന്ന് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെയുണ്ടാകുന്ന സാഹചര്യത്തിൽ നമ്മുടെ വർക്ക്ഷോപ്പുകളിൽ ബോഡി ബിൽഡിംഗ് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഇന്നത്തെ പത്രത്തിൽ വന്ന ഒരു വാർത്ത - നെയ്യാറ്റിൻകര ഡിപ്പോയിലെ ഡ്രൈവർ ശ്രീ. എൻ. ജി. ബിജു വാഹനം ഓടിക്കുന്നതിനിടയിൽ കുഴഞ്ഞുവീണ എന്നാണ്. അദ്ദേഹം പോസ്റ്റ്കോവിഡ് ചികിത്സയ്ക്ക് ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിക്കൊണ്ടിരിക്കുകയായിരുന്നു.

ഈ മാസം ശമ്പളം കിട്ടാത്തതുകൊണ്ട് അദ്ദേഹത്തിന് ആശുപത്രിയിൽ പോകാൻ കഴിഞ്ഞില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. 2011-ലെ ശമ്പള സ്കെയിലിലാണ് 2021-ലും അവർ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടായിരിക്കെ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 40,000 രൂപ മുതൽ 1,00,000 രൂപയിൽ കൂടുതൽ ശമ്പളത്തിന് മാനേജീരിയൽ പോസ്റ്റിൽ നാല്പതോളം പേരെ നിയമിച്ചു. അവരെ നിയമിച്ചതുകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് എന്തെങ്കിലും ഗുണമുണ്ടായെന്ന് പറയാൻ കഴിയുമോ?

ശ്രീ. ആന്റണി രാജു: സർ, ശമ്പളവുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കഴിഞ്ഞ മാസം വരെയുള്ള ശമ്പളത്തിനോ പെൻഷനോ യാതൊരു മുടക്കവും വന്നിട്ടില്ല. ഒക്ടോബർ, നവംബർ മാസങ്ങളിലെ പെൻഷൻ ഉൾപ്പെടെ കൊടുത്തുതീർത്തു. ഇനി ഈ മാസത്തെ പെൻഷനാണ് കൊടുക്കാനുള്ളത്. ഈ രണ്ട് മാസത്തെയും പെൻഷൻ ഒരുമിച്ച് റിലീസ് ചെയ്തതിന്റെ അധിക ബാധ്യത വന്നതിനാലാണ് ഈ മാസത്തെ ശമ്പളം ആദ്യത്തെ ആഴ്ച റിലീസ് ചെയ്യാൻ കഴിയാതെ വന്നത്. മാത്രമല്ല, കോവിഡ് കാലത്ത് പിടിച്ചുവച്ച ഒരു മാസത്തെ ശമ്പളത്തിന്റെ അവസാനത്തെ ഗഡുപോലും ഇന്നലെ കെ.എസ്.ആർ.ടി.സി. സ്വന്തം ഫണ്ടിൽനിന്ന് കൊടുത്തുകഴിഞ്ഞു. ഈ മാസത്തെ ശമ്പളം കൊടുക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ മുന്നിലുണ്ട്. അത് എത്രയും വേഗം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ക്ലിയർ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് ക്ലിയർ ചെയ്താൽ ഉടൻതന്നെ ഈ മാസത്തെ ശമ്പളം കൊടുക്കും.

ശ്രീ. കെ. പി. മോഹനൻ: സർ, നവംബർ 17-ാം തീയതി വൃശ്ചികം 1 ആണ്. ശബരിമലയിലേയ്ക്ക് കൂടുതൽ ഭക്തർ പോകുന്ന മണ്ഡല-മകരവിളക്ക് കാലത്ത് കൂടുതൽ ബസ്സുകൾ ശബരിമലയിലേയ്ക്ക് സർവ്വീസ് നടത്താനും പുതിയ റൂട്ടുകൾ അനുവദിക്കാനും നിലയ്ക്കലിൽ നിന്ന് പമ്പയിലേയ്ക്കും എരുമേലിയിലേയ്ക്കും കൂടുതൽ ബസ്സുകൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, 2019-ലെ അതേ പാറ്റേണിൽ, അതായത് കോവിഡിന് മുമ്പുള്ള അതേ പാറ്റേണിൽ ഒരു ബസ് പോലും കുറയ്ക്കാതെ ഈ സീസണിലും സർവ്വീസ് നടത്താൻ നിർദ്ദേശം നൽകിക്കഴിഞ്ഞു. മാത്രമല്ല പമ്പ-നിലയ്ക്കൽ ചെയിൻ സർവ്വീസിന് 120 ബസ്സുകൾ നൽകിയിട്ടുണ്ട്. ശബരിമലയിലേയ്ക്കുള്ള അയ്യപ്പഭക്തരുടെ ഡിമാന്റനുസരിച്ച് അധികമായി മറ്റ് ബസ് സർവ്വീസുകൾ നൽകുന്നതാണ്. നിലവിൽ 200 ബസ്സുകൾ വിവിധ ഡിപ്പോകളിലേയ്ക്ക് ഇതിനായി അനുവദിച്ചുകഴിഞ്ഞു. ആവശ്യകതയനുസരിച്ച് തുടർന്നും കൂടുതൽ ബസ്സുകൾ അനുവദിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ഗതാഗതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി അവിടത്തെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുമായി നാളെ പമ്പയിൽ വച്ച് വിശദമായ ഒരു ഉന്നതതലയോഗം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കും ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കും സ്പെഷ്യൽ സർവ്വീസ് ആരംഭിച്ചത് കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറയ്ക്കുന്നതിന് വേണ്ടിയാണല്ലോ. പെട്രോൾ, ഡീസൽ വില വർദ്ധനവിൽ ചെറിയൊരു മാറ്റം വരുത്തിക്കൊണ്ട് കേന്ദ്രസർക്കാർ ഡീസലിന്റെ വില കുറച്ചു, ടാക്സ് കുറച്ചു. സംസ്ഥാന സർക്കാർ അത് കുറയ്ക്കാത്തതുകൊണ്ട് കൂടുതൽ നഷ്ടത്തിലേയ്ക്കല്ലേ പോകുന്നത്?

ശ്രീ. ആന്റണി രാജു: സർ, ഡീസൽ വില എത്ര കുറച്ചുവെന്ന് പറഞ്ഞാലും ഇന്നത്തെ ഡീസലിന്റെ വില 91.72 രൂപയാണ്. അങ്ങനെ നോക്കുമ്പോൾ എത്ര ശ്രമിച്ചാലും ഇത് ലാഭകരമാക്കാൻ കഴിയില്ല. കേന്ദ്രസർക്കാർ കുറേക്കൂടി ഉദാരമായ സമീപനം സ്വീകരിച്ചാൽ മാത്രമേ ഗതാഗത മേഖലയ്ക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.

ശ്രീമതി ഒ. എസ്. അംബിക: സർ, വരുമാന വർദ്ധനയുടെ ഭാഗമായി പ്രഖ്യാപിച്ച പെട്രോൾ പമ്പുകളിൽ എത്രയെണ്ണം ആരംഭിച്ചു; ബാക്കിയുള്ളവ ആരംഭിക്കുന്ന കാര്യം ഏത് ഘട്ടത്തിലാണ്?

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി.-യുടെ നൂറോളം പമ്പുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് മാത്രമാണ് ഇതുവരെ ഇന്ധനം നിറച്ചുകൊണ്ടിരുന്നത്. അതിനൊരു മാറ്റം വരുത്തിക്കൊണ്ട് അവിടെ സ്വകാര്യ വാഹനങ്ങൾക്കുകൂടി ഇന്ധനം നിറയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ ഏതാനും മാസങ്ങൾക്ക് മുമ്പ് തീരുമാനം കൈക്കൊള്ളുകയും 8 പമ്പുകൾ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുകയും ചെയ്തു. 10 പമ്പുകൾകൂടി ഈ മാസം തുറന്നുകൊടുക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ 75-ഓളം പമ്പുകൾ ഏതാനും നാളുകൾക്കുള്ളിൽ സ്വകാര്യ വാഹനങ്ങൾക്കുകൂടി ഇന്ധനം നിറയ്ക്കുന്നതിന് സൗകര്യപ്രദമായ രീതിയിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-ക്ക് ഒരു രൂപപോലും ചെലവില്ലാതെ ലീസ്, ലാന്റ് ലീസ്, കമ്മീഷൻ ഇനങ്ങളിൽ അധിക വരുമാനവും കിട്ടും. കെ.എസ്.ആർ.ടി.സി.-യിലെ കുറച്ച് ജീവനക്കാരുടെ സേവനംകൂടി അവിടെ പ്രയോജനപ്പെടുത്തിയാൽ ലാഭമുണ്ടാകും. ഈ നൂതനമായ പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചുകൊണ്ടിരിക്കും.

ശ്രീ. കെ. പ്രേംകുമാർ: സർ, താലൂക്ക് ആസ്ഥാനങ്ങളിൽ നിന്ന് പൊതുവിൽ അന്തർജില്ലാ ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തുന്നുണ്ട്. എന്റെ മണ്ഡലത്തിലെ താലൂക്ക് കേന്ദ്രമായ ഒറ്റപ്പാലത്ത് ഒരു ഡിപ്പോ സ്ഥാപിക്കാനും കൂടുതൽ സർവ്വീസുകൾ ആരംഭിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, പ്രസ്തുത വിഷയം സംബന്ധിച്ച് പ്രത്യേക ചോദ്യം തന്നാൽ പരിശോധിക്കാം.

ശ്രീ. എ. രാജ: സർ, കോവിഡ് സാഹചര്യത്തിൽ നിർത്തിവച്ച അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുവേണ്ടി തമിഴ്നാട് സർക്കാരുമായി ആവശ്യമായ ഇടപെടൽ നടത്തുമോ?

ശ്രീ. ആന്റണി രാജു: സർ, അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളുടെ അനുമതി ആവശ്യമാണ്. തമിഴ്നാട് സർക്കാർ ഇതുവരെ നമുക്ക് അനുമതി നൽകിയിട്ടില്ല. അതൊരു വലിയ പ്രതിസന്ധിയായി നിൽക്കുകയാണ്. ഇക്കാര്യത്തിൽ തമിഴ്നാടുമായി നിരന്തരം ആശയവിനിമയം നടത്തിക്കൊണ്ടിരിക്കുകയാണ്. തമിഴ്നാട് സർക്കാർ ഇക്കാര്യത്തിൽ എപ്പോൾ വേണമെങ്കിലും അനുകൂലമായ തീരുമാനം കൈക്കൊള്ളുമെന്ന പ്രതീക്ഷയാണുള്ളത്. അങ്ങനെയുണ്ടാകുന്ന സാഹചര്യത്തിൽ അവിടേയ്ക്കും അന്തർസംസ്ഥാന ബസ് സർവ്വീസ് നടത്തുന്നതാണ്. കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് ബാംഗ്ലൂർ സർവ്വീസുകൾ തുടങ്ങിക്കഴിഞ്ഞു. തമിഴ്നാടുമായുള്ള പ്രശ്നം പരിഹരിച്ചാൽ ഉടൻതന്നെ അന്തർ സംസ്ഥാന ബസ്സുകൾ കൂടുതലായി ഓടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പ്രമോദ് നാരായൺ: സർ, കനത്ത മഴയെത്തുടർന്ന് ശബരിമലയിലേയ്ക്കുള്ള തീർത്ഥാടന പാതയിൽ മണ്ണിടിച്ചിൽ വ്യാപകമാകുന്ന സാഹചര്യത്തിൽ ഭക്തർക്ക് സുരക്ഷിത തീർത്ഥാടനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. ആന്റണി രാജു: സർ, അങ്ങയുടെ സാന്നിധ്യത്തിൽത്തന്നെ നാളെ പമ്പയിൽവച്ച് കൂടുന്ന യോഗത്തിൽ ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളും. ഒരു പ്രതിസന്ധിയുമുണ്ടാകില്ല; എല്ലാം പരിഹരിക്കും.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കൊടുങ്ങല്ലൂർ മണ്ഡലത്തിലെ മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് കോവിഡ് കാലത്ത് പിൻവലിച്ച ബസ് സർവ്വീസുകൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ യാത്രക്കാർ കുറഞ്ഞതിനാലാണ് ബസ്സുകൾ പലതും പിൻവലിച്ചത്. മാളയിൽ യാത്രക്കാരുണ്ടെങ്കിൽ കൂടുതൽ ബസ്സുകൾ പ്രവർത്തിപ്പിക്കും.

മി. സ്പീക്കർ: ഓർഡർ....ഓർഡർ...ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വാഹന ചെക്ക്പോസ്റ്റുകൾ കൈക്കൂലി മുക്തമാക്കാൻ നടപടി

3 (*573) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാന അതിർത്തികളിലെ വാഹന ചെക്ക്പോസ്റ്റുകളിൽ കൈക്കൂലി വ്യാപകമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 28-1-2020-ലെ ആഭ്യന്തരം-എസ്.എസ്.എ 4/27/2020/ആഭ്യന്തരം നമ്പർ കത്തിനൊപ്പം ലഭിച്ച രഹസ്യ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13-08-2021-ൽ 'ഓപ്പറേഷൻ ഭ്രഷ്ട് നിർമൂലൻ' (OPERATION BHRASHT NIRMOOLAN) എന്ന പേരിൽ സംസ്ഥാനത്തെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ചെക്ക്പോസ്റ്റുകളിലെ അഴിമതി തടയുന്നതിനുമായി വിവിധ സർക്കുലറുകൾ പുറപ്പെടുവിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെ മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് 32/2016, 12/2019 നമ്പർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിലെ ക്രമരഹിത പ്രവർത്തനങ്ങൾ തടയുന്നതിനുള്ള പരിശോധന നടത്തുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ 12/2017 നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. വിവിധ ചെക്ക്പോസ്റ്റുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിൽ സർക്കാരിലേയ്ക്ക് വിവിധ ഇനത്തിൽ ഈടാക്കുന്ന തുകയിൽ കുറവ് കണ്ടെത്തിയാൽ ആയത് സർക്കാർ പണം അപഹരിക്കുന്നതിന് തുല്യമായ പ്രവൃത്തിയായി കണക്കാക്കി നടപടി സ്വീകരിക്കുന്നതാണെന്ന് 07/2020 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, അഴിമതി തടയുന്നതിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകളിലെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 12/2021 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വാളയാർ ചെക്ക്പോസ്റ്റിൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതിന് വാക്കി ടോക്കി ഉപയോഗിച്ചതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വാളയാർ മോട്ടോർ വാഹന ചെക്ക്പോസ്റ്റിൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ അനുമതിയില്ലാതെ വാക്കിടോക്കികൾ സൂക്ഷിച്ച് വന്നിരുന്നതായി വിജിലൻസിന്റെ മിന്നൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

വാളയാർ ഇൻ മോട്ടോർ വാഹന ചെക്ക്പോസ്റ്റിൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ അനുമതിയില്ലാതെ വാക്കിടോക്കികൾ സൂക്ഷിച്ച് വന്നിരുന്നതായും പ്രസ്തുത വാക്കിടോക്കികൾ 3-8-2021-ലെ പരിശോധനാവേളയിൽ വിജിലൻസ് പിടിച്ചെടുക്കുകയും ചെയ്തതായുള്ള തൃശ്ശൂർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. യു. ബിജുകുമാർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശ്രീ. ഷബീറലി. എം.എസ്, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശ്രീ. ഫിറോസ് ബിൻ ഇസ്മായിൽ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശ്രീ. അരുൺ കുമാർ പി. സി, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എന്നീ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റപത്രം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം**

4 (*574) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം യഥാസമയം നൽകുന്ന കാര്യത്തിൽ വേണ്ടത്ര പരിഗണന നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. സംസ്ഥാനത്ത് വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകി വരുന്നത്. പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കർഷകർക്ക് കേന്ദ്ര

സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള തുകയും സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായ കർഷകർക്ക് വിളനാശം സംഭവിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന മാനദണ്ഡങ്ങൾക്കനുസരിച്ച് നഷ്ടപരിഹാര തുക നൽകുന്നതാണ്.

(ബി) പ്രസ്തുത നഷ്ടപരിഹാരം നൽകുന്നതിന് പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിച്ച കർഷകർക്ക് കൃഷിവകുപ്പിന്റെ പദ്ധതികളായ പ്രകൃതി ദുരന്തങ്ങൾക്കുള്ള അടിയന്തര പരിപാടി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, ദുരന്ത പ്രതികരണ നിധി (SDRF) എന്നിവയിലൂടെ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഈ പദ്ധതികൾ കൃഷിവകുപ്പിന്റെ AIMS പോർട്ടൽ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. പദ്ധതി മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

a) പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി (സംസ്ഥാന വിഹിതവും SDRF വിഹിതവും) വിളനാശം സംഭവിച്ച് 10 ദിവസത്തിനുള്ളിൽ കർഷകർ AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കണം. നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അതത് സമയം പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നു. ചുഴലിക്കാറ്റ്, വരൾച്ച, ഭൂമികുലുക്കം, തീപിടിത്തം, വെള്ളപ്പൊക്കം, ആലിപ്പഴ വർഷം, മണ്ണിടിച്ചിൽ, ഹിമപാതം, മേഘവിസ്ഫോടനം, ശൈത്യം, സുനാമി, ശീത തരംഗം, ഇടിമിന്നൽ, തീരദേശ മണ്ണൊലിപ്പ്, ശക്തമായ കാറ്റ്, കുന്നുകൾ ഇടിയുന്നത്, അതിവർഷം എന്നീ പ്രകൃതിക്ഷോഭങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു.

b) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പ്രകൃതിക്ഷോഭംമൂലവും വന്യജീവി ആക്രമണംമൂലവും വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് നഷ്ടപരിഹാരം നൽകുന്നു. നെൽകൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പ്രകൃതിക്ഷോഭം സംഭവിച്ച് 15 ദിവസത്തിനുള്ളിൽ AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കണം. വനഭൂമി

വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ ഹ്രസ്വകാല വിളകൾക്കും വാർഷിക വിളകൾക്കും പരിരക്ഷ നൽകുന്നു. ഇൻഷ്വർ ചെയ്ത് 7 ദിവസം കഴിഞ്ഞുണ്ടാകുന്ന കൃഷിനാശത്തിന് മാത്രമാണ് നഷ്ടപരിഹാരം നൽകുന്നത്.

c) കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികൾ പ്രധാൻമന്ത്രി ഫസൽ ബീമാ യോജന (PMFBY), കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) എന്നിവയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികൾ. ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത പൊതുമേഖല കമ്പനിയായ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി (AICIL)യാണ് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. PMFBY പദ്ധതി പ്രകാരം വിളകൾക്കുണ്ടാകുന്ന ഉൽപ്പാദന നഷ്ടത്തിന് കർഷകർക്ക് ആനുകൂല്യം നൽകുന്നു. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാലാവസ്ഥാ വ്യതിയാനംമൂലം വിജ്ഞാപനം ചെയ്ത വിളകൾക്ക് സംഭവിക്കാവുന്ന നഷ്ടത്തിന് വിജ്ഞാപനം ചെയ്തിട്ടുള്ള റെഫറൻസ് വെതർ സ്റ്റേഷനുകളിൽ (RWS) നിന്നും ലഭ്യമാകുന്ന കാലാവസ്ഥാ വിവരങ്ങളുടെയും ടേം ഷീറ്റിന്റെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിച്ച് നൽകുന്നു.

(സി) വിള ഇൻഷ്വറൻസ് പദ്ധതി പൂർണ്ണമായും ഏർപ്പെടുത്തി കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

2017-ൽ പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന 27 കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. നിശ്ചിത നിരക്കുകൾ പ്രീമിയമായി ഒടുക്കി അംഗമാകുന്ന കർഷകർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി നഷ്ടപരിഹാരം നൽകിവരുന്നു. 2021-22 വർഷത്തിൽ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2000 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിച്ച് നൽകി. ഇനിയും അധികമായി ആവശ്യമുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകരെ പൂർണ്ണമായി ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷയിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ കൃഷി വകുപ്പ് നടത്തിവരുന്നു. കൂടാതെ കൂടുതൽ വിളകൾ ഉൾപ്പെടുത്തി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

(ഡി) നഷ്ടപരിഹാരത്തുകയുടെ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

2020-21, 2021-22 എന്നീ വർഷങ്ങളിലെ മാനവലായി അംഗീകരിച്ച ക്ലെയിമുകൾക്കായി വിവിധ ജില്ലകൾക്ക് ആവശ്യമായ 699.93886 ലക്ഷം രൂപയും AIMS online portal മുഖേന അംഗീകരിച്ച (5-11-2021 വരെ) വിവിധ ജില്ലകൾക്ക് ആവശ്യമായ 1482.15500 ലക്ഷം രൂപയും ചേർത്ത് 2182.09386 ലക്ഷം രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ട്രാൻസ്ജെൻഡർ വിഭാഗത്തിനായുള്ള ക്ഷേമപദ്ധതികൾ**

5 (*575) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. മുകേഷ്:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ ഏകോപനത്തിനും നൂതന പദ്ധതികൾ ആവിഷ്കരിച്ച് ഇവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ ക്ഷേമം നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് - ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ട്രാൻസ്ജെൻഡർ ക്ഷേമത്തിന് ആവശ്യമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നല്കുന്നതിനുമായി സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

2. ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റി - ട്രാൻസ്ജെൻഡർ നയത്തിന്റെ നടത്തിപ്പിനാവശ്യമായ ശിപാർശകൾ നൽകുന്നതിനും ജില്ലാ അടിസ്ഥാനത്തിൽ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ച് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും മറ്റ് ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നൽകുന്നതിനുമായി ജില്ലാ തലത്തിൽ ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

3. ട്രാൻസ്ജെൻഡർ സെൽ - ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ ഏകോപനത്തിനും നൂതന പദ്ധതികൾ ആവിഷ്കരിച്ച് ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിർത്തുന്നതിനുമായി ക്രിയാത്മകമായ സമീപനത്തോടെയുള്ള പ്രവർത്തനം അനിവാര്യമാണ്. ഇതിലേയ്ക്കായി സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ട്രാൻസ്ജെൻഡർ വിഭാഗത്തെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന തലത്തിൽ ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെൽ 2018 മുതൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

4. സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന (24x7) ട്രാൻസ്ജെൻഡർ ഹെല്പ്‌ലൈൻ ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ കാര്യക്ഷമമായി ഇടപെടുന്നതിനും അടിയന്തരമായി വേണ്ടരീതിയിൽ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് ടി സംവിധാനം നടപ്പിലാക്കിവരുന്നത്.

(ബി) സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്, ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റി, ട്രാൻസ്ജെൻഡർ സെൽ എന്നിവയുടെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കാമോ?

സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്, ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റി എന്നിവയുടെ ഘടനയും പ്രവർത്തനവും 2015-ലെ സംസ്ഥാന ട്രാൻസ്ജെൻഡർ നയത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയെന്ന ലക്ഷ്യത്തിലേയ്ക്കുള്ള വിവിധ ചുമതലകളാണ് ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്, ജില്ലാ ട്രാൻസ്ജെൻഡർ കമ്മിറ്റി, ട്രാൻസ്ജെൻഡർ സെൽ എന്നിവ നിർവ്വഹിച്ചുവരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സ്ത്രീകൾക്കും പുരുഷൻമാർക്കുമൊപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പുവരുത്തി ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരെ അതിജീവനത്തിന് പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ അതിജീവനത്തിന് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ, വിവിധ മേഖലകളിലെ തൊഴിൽ ലഭ്യത സംബന്ധിച്ച വിവരങ്ങൾ, ബിസിനസ്സ് പ്ലാൻ തയ്യാറാക്കൽ, വായ്പാ ലഭ്യത സംബന്ധിച്ച വിവരങ്ങൾ തുടങ്ങി തൊഴിൽ സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുന്ന സംരംഭകത്വ വികസന പരിശീലന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വിപണിയും സംരംഭകത്വ സംവിധാനവും മനസ്സിലാക്കുന്നതിനും സാധ്യമാകുന്ന മേഖലകളുമായി ബന്ധപ്പെടുത്തുന്നതിനും സംരംഭകത്വ വികസന പരിശീലന പരിപാടി സഹായിക്കുന്നു. 3 മേഖലകളിലായി 30 വീതം പരിശീലനാർത്ഥികളെ ഉൾപ്പെടുത്തി മൂന്ന് ബാച്ചുകളിലായി ആകെ 90 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 7 ദിവസം വീതം ദൈർഘ്യമുള്ള പരിശീലന പരിപാടിയാണ് C-STED മുഖേന നടപ്പിലാക്കിയിട്ടുള്ളത്. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് C-STED- ഉം വകുപ്പും ചേർന്ന് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി ആകെ 8,94,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) സാമൂഹ്യ പുനരധിവാസം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സാമൂഹ്യ പുനരധിവാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

സ്വയംതൊഴിൽ ധനസഹായ പദ്ധതി - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി 50,000 രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി.

വനിതാ വികസന കോർപ്പറേഷൻ വഴി സ്വയംതൊഴിലിനുള്ള വായ്പാ പദ്ധതി- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായി കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്.

ഡ്രൈവിംഗ് പരിശീലനം- സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നല്കുന്ന പദ്ധതി.

തയ്യൽ മെഷീൻ വിതരണ പദ്ധതി - സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി തയ്യൽ പഠിച്ച് പ്രവൃത്തി പരിചയമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി.

ബ്യൂട്ടീഷ്യൻ പദ്ധതി- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ബ്യൂട്ടീഷ്യൻ പരിശീലനം നൽകുന്ന പദ്ധതി.

**റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിൽ മികവിന്റെ കേന്ദ്രം**

6 (*576) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ.:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിൽ മികവിന്റെ കേന്ദ്രമെന്ന ലക്ഷ്യത്തോടെ പ്രത്യേക കേന്ദ്രം സ്ഥാപിച്ചിട്ടുണ്ടോ?

ഉണ്ട്. 2018-ൽ തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ NODAL CENTRE FOR ROBOTICS & AI (NCRAI) എന്ന ഗവേഷണ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു.

(ബി) എങ്കിൽ പ്രസ്തുത കേന്ദ്രം സാങ്കേതിക സ്ഥാപനങ്ങൾക്കായി നൈപുണ്യ വികസന പരിപാടികളും പരിശീലനവും സംഘടിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും നടത്തുന്ന നടപടികളുടെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത കേന്ദ്രം റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ മേഖലകളിലെ നൂതന വികാസങ്ങൾ ഫാക്കൽറ്റികൾക്ക് മനസ്സിലാക്കുന്നതിന് ദേശീയ-അന്തർദ്ദേശീയ പ്രസക്തമായ എന്തെല്ലാം പഠന ഗവേഷണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ബി & സി) 2018-ൽ സ്ഥാപിച്ച NODAL CENTRE FOR ROBOTICS & AI, ഇപ്പോൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വലിയ തോതിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന Collaborative Research & Learning - മാതൃക വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ഗവേഷണ കേന്ദ്രമാണ്. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുംവേണ്ട പരിശീലന പരിപാടികളും പ്രോജക്ടുകൾ ചെയ്യാനുള്ള സൗകര്യവും ഒരുക്കുന്ന രീതിയിലാണ് ഈ ഗവേഷണ കേന്ദ്രം വിഭാവനം ചെയ്ത് പ്രവർത്തിച്ചുവരുന്നത്.

2019 മുതൽ ഈ ഗവേഷണ കേന്ദ്രം 40 ലക്ഷം രൂപയുടെ ബാഹ്യ ധനസഹായത്തോടെയുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

1. MODROB funding (AICTE)- 17.8 Lakhs

2. Cancer Detection Research fund (Ministry of Information Technology, Govt of India)- 20 Lakhs

3. Designing & development of Coconut climbing machine (Coconut Development Board)- 2.2 Lakhs

ഈ കാലയളവിൽ ബിരുദാനന്തര തലത്തിലെ 8 പ്രോജക്ടുകൾ ഈ കേന്ദ്രത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വിവിധ സ്ഥാപനങ്ങളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും പരിശീലന പരിപാടികൾ ഒരു പരിശീലന കലണ്ടർ തയ്യാറാക്കി കൃത്യമായി സംഘടിപ്പിച്ചുവരുന്നു. ദേശീയ തലത്തിൽ 7 പേപ്പറുകൾ ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോൺഫറൻസുകളിൽ അവതരിപ്പിക്കപ്പെട്ടു. അന്തർദേശീയതലത്തിൽ ഒരു ബുക്ക് ചാപ്റ്റർ പബ്ലിക്കേഷനും ഈ കേന്ദ്രത്തിന്റെ വകയായി ചെയ്തിട്ടുണ്ട് (Springer Lecture Notes in Computer Science, PSIVT 2019 International Workshop, Sydney, November 2019) IISC ബംഗളൂരു സംഘടിപ്പിക്കുന്ന National Robotic Challenge 21-ൽ NCRAI ടീം പ്രാഥമിക ഘട്ടങ്ങൾ വിജയിച്ച് ഫൈനൽ റൗണ്ടിൽ പ്രവേശിച്ചിട്ടുണ്ട്. സ്വയം നിയന്ത്രിത വാഹനങ്ങളുടെ അൽഗൊരിതം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സംയുക്ത ഗവേഷണത്തിന് NCRAI, ജപ്പാനിലെ ടൊയോട്ടാ ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായി കരാർ ഒപ്പിടുന്നതിന്റെ നടപടികൾ പൂർത്തിയായിവരുന്നു. മണ്ണുത്തി കാർഷിക സർവ്വകലാശാലയ്ക്കുവേണ്ടി Robotic Pineapple Harvester വികസിപ്പിച്ചുനൽകി. ഇതിന്റെ ഭാവി ഗവേഷണങ്ങൾക്കായി കരാർ ഒപ്പിട്ടിട്ടുണ്ട്. ലോക്ക്ഡൗൺ കാലയളവിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സാങ്കേതിക സഹായം നൽകാൻ NCRAI-യ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഈ കേന്ദ്രം വികസിപ്പിച്ച 'സാനിറ്റൈസർ കുഞ്ഞപ്പൻ 2.0' എന്ന റോബോട്ടിന്റെ സേവനം ഐസൊലേഷൻ വാർഡുകളിൽ ഭക്ഷണവും മരുന്നും എത്തിക്കാനും സാനിറ്റേഷൻ നടത്താനും ആരോഗ്യ വകുപ്പ് ഉപയോഗിച്ചിരുന്നു. ഇതിനുപുറമേ Pedal operated hand sanitizer, Ventilator splitter, Aerosol box തുടങ്ങിയ ഉപകരണങ്ങൾ NCRAI-ലെയും കോളേജുകളിലെ ഫാബ് ലാബുകളിലെയും സൗകര്യങ്ങൾ ഉപയോഗിച്ച് രൂപകൽപ്പന ചെയ്ത് നിർമ്മിച്ച് ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്.

**ക്ഷീര മേഖലയിൽ സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ**

7 (*577) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീമതി ദെലീമ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികളെയും ക്ഷീരകർഷകരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സബ്സിഡി ഉപയോഗിച്ച് മൃഗസംരക്ഷണ വകുപ്പ് മുഖേന കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയാണ് 'ഗോസമൃദ്ധി-എൻ.എൽ.എം.' സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി. നടപ്പുസാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനായി കേരള സർക്കാർ 5 കോടി രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതികളിൽ വച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക് ഈടാക്കി അത്യുത്പാദനശേഷിയുള്ള ഏകദേശം 60000 ഉരുക്കളെ ഒരു വർഷം പദ്ധതിയിലൂടെ തികച്ചും സുതാര്യമായി ഓൺലൈൻ മുഖേന ഇൻഷ്വർ ചെയ്യുന്നു. നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ പ്രീമിയം നിരക്ക് ഒരു വർഷത്തേയ്ക്ക് ഉരുവിന്റെ മതിപ്പ് വിലയുടെ 1.95%, മൂന്ന് വർഷത്തേയ്ക്ക് 4.85% എന്നിങ്ങനെയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ SB കളക്ട് സൗകര്യമുപയോഗിച്ച് കർഷകർക്ക് തങ്ങളുടെ 2 മുതൽ 10 വയസ്സുവരെ പ്രായമുള്ള കറവയുള്ള പശുക്കൾ/എരുമകൾ, 7 മാസത്തിനുമുകളിൽ ഗർഭമുള്ള കിടാരികൾ/എരുമ കിടാരികൾ എന്നിവയെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രീമിയം തുക അടയ്ക്കാവുന്നതാണ്. 65,000 രൂപ വരെ മതിപ്പ് വിലയുള്ള സങ്കരയിനം പശുക്കൾക്ക് പ്രീമിയം തുകയിൽ 50% സബ്സിഡി, എസ്.സി/എസ്.ടി വിഭാഗത്തിന് 70% സബ്സിഡി ലഭ്യമാക്കുന്നു. നാടൻ പശുക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ഇൻഷ്വറൻസ് പരിരക്ഷ, ഉരുക്കളുടെ മരണം (death), പാലുല്പാദന ക്ഷമതയിലും പ്രത്യുല്പാദന ക്ഷമതയിലും ഉണ്ടാകുന്ന നഷ്ടം (PTD) എന്നിവയ്ക്ക് പദ്ധതിയിലൂടെ പരിരക്ഷ ഉറപ്പാക്കുന്നു. ഉരുവിന്റെ ഉടമയായ കർഷകന് അപകട മരണത്തിനും പൂർണ്ണമോ ഭാഗികമോ ആയ അംഗവൈകല്യത്തിനും 5 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയുണ്ട്. ക്ഷീരസാന്ത്വനം-സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീരകർഷകർ,

കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധി, 60 വയസ്സ് പൂർത്തിയാക്കിയ ക്ഷീരകർഷർക്ക് പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ സഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയും സാമൂഹ്യ സുരക്ഷാ പദ്ധതിയായി നടപ്പിലാക്കി വരുന്നു. ക്ഷീര സാന്ത്വനം പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഘടകങ്ങളാണുള്ളത്.

1. ആരോഗ്യ സുരക്ഷാ പോളിസി-80 വയസ്സുവരെയുള്ള കർഷകന്റെ കുടുംബത്തിന് 1 ലക്ഷം രൂപ വരെ (with pre-existing coverage upto 50,000) കർഷകരുടെ മാതാപിതാക്കൾക്ക് പ്രായപരിധി ബാധകമല്ല.

2. അപകട സുരക്ഷാ പോളിസി (7 ലക്ഷം-education grant upto 50,000)

3. ലൈഫ് ഇൻഷ്വറൻസ് പോളിസി - 18 വയസ്സുമുതൽ 60 വയസ്സുവരെ 1 ലക്ഷം ഒരു വർഷത്തേയ്ക്ക്

4. ഗോസുരക്ഷാ പോളിസി - 50,000/60,000/70,000 എന്നീ തുകകളിൽ കറവ പശുക്കളെ ഇൻഷ്വർ ചെയ്യാവുന്നതാണ്.

(ബി) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി ലക്ഷ്യമിടുന്ന കാര്യങ്ങൾ വിശദമാക്കാമോ?

ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ കന്നുകാലികളുടെ മരണം, ഉത്പാദന പ്രത്യുല്പാദനക്ഷമതാ നഷ്ടം എന്നിവമൂലം കന്നുകാലി പരിപാലനം ജീവനോപാധിയായിട്ടുള്ള കർഷക കുടുംബങ്ങൾക്ക് നേരിടേണ്ടി വരുന്ന നഷ്ടവും അനിശ്ചിതത്വവും നികത്തി, അവർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കി, മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് സർക്കാരും വകുപ്പും കർഷകർക്ക് ഒരു കൈത്താങ്ങായി ഈ പദ്ധതിയിലൂടെ നിലനിൽക്കുകയെന്നതാണ് പരമപ്രധാനമായ ലക്ഷ്യം.

(സി) കടക്കെണിയിലായ ക്ഷീരകർഷകരുടെ സാമ്പത്തിക സുരക്ഷയ്ക്കായി പ്രത്യേക ധനാശ്വാസ പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മൃഗസംരക്ഷണ വകുപ്പിൽ അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിക്ക് കീഴിൽ ക്ഷീരകർഷകർക്ക് സഹായകമായ ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം എന്ന ധനാശ്വാസ പദ്ധതി നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശ ഇനത്തിൽ 5000 രൂപ പരിധി നിശ്ചയിച്ച്

സബ്സിഡി നൽകുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 2500 തെരഞ്ഞെടുത്ത കർഷകർക്ക് ടി പദ്ധതി കൊണ്ട് പ്രയോജനം ലഭിക്കും.

**കന്നുകാലി വളർത്തൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തൽ**

8 (*578) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ ദൗർലഭ്യവും വിലയും കണക്കിലെടുത്ത് പൊതുമേഖലയിൽ കാലിത്തീറ്റ ഉല്പാദനശേഷി വർദ്ധിപ്പിക്കാനും ന്യായവിലയ്ക്ക് കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന്റെ തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ, ഇടുക്കി ജില്ലയിലെ അരീക്കുഴ എന്നീ യൂണിറ്റുകളിലായി പ്രതിദിനം 1750 MT കാലിത്തീറ്റ ഉല്പാദിപ്പിച്ചുവരുന്നു. സഹകരണ പ്രസ്ഥാനമായ മിൽമയുടെ കീഴിൽ പാലക്കാട് ജില്ലയിലെ മലമ്പുഴയിലും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്ടുമായി പ്രതിദിനം 300 MT ഉല്പാദനശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികളുണ്ട്. കേരള ഫീഡ്സ് പുതുതായി ആരംഭിച്ച 'ഫീഡ്സ് ഓൺ വീൽസ്' എന്ന പദ്ധതികൂടി പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് കാലിത്തീറ്റ ദൗർലഭ്യമുള്ള സ്ഥലങ്ങളുണ്ടെങ്കിൽ ആ മേഖലകളിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. നിലവിൽ കേരള ഫീഡ്സിന്റെ കാലിത്തീറ്റ ഏറ്റവും ന്യായമായ വിലയ്ക്കാണ് വിതരണം ചെയ്തുവരുന്നത്. സ്വകാര്യ മേഖലയിലെ കാലിത്തീറ്റ കമ്പനികളെ അപേക്ഷിച്ച് കേരള ഫീഡ്സിന്റെ ഉത്പന്നങ്ങൾക്ക് 60 രൂപ മുതൽ 95 രൂപ വരെ വിലക്കുറവുണ്ട്. മിൽമ വിപണനം നടത്തുന്ന കാലിത്തീറ്റയുടെ 70% സംഘങ്ങളിലൂടെയും 24% ഗവൺമെന്റ് സ്കീമുകളിലൂടെയും കർഷകരിലെത്തിച്ചേരുന്നു. ബാക്കിയുള്ളത് ഡീലർമാർ മുഖാന്തരമാണ് വില്പന നടത്തുന്നത്. സഹകരണ പ്രസ്ഥാനമായ മിൽമ കാലിത്തീറ്റയുടെ വിപണിയിലെ വില പിടിച്ചുനിർത്തുന്നതിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നാണ്

ലഭ്യമാകുന്നത് എന്നതിനാൽ ഇവയുടെ വിലനിയന്ത്രണം കമ്പനികൾക്ക് സാധ്യമാകുന്നതല്ല. എന്നിരിക്കിലും അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിച്ചിരുന്ന സമയത്തും കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാതെ നഷ്ടം സഹിച്ചും മിൽമ കർഷകന് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കിയിരുന്നു.

(ബി) തീറ്റപ്പുൽകൃഷി പദ്ധതി പ്രകാരം 2020-21-ൽ എത്ര ഹെക്ടർ തരിശുഭൂമിയിൽ പുൽകൃഷി നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിന് എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

റീബിൽഡ് കേരള ഇൻഷ്യേറ്റീവ് മുഖേന livelihood support package പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21-ൽ വ്യക്തിഗത ഗുണഭോക്താക്കൾവഴി 1265.4563 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് 3,64,75,005 രൂപ വിനിയോഗിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ 442.76 ഹെക്ടർ തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി 5420.41 ലക്ഷം രൂപ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി ചെലവഴിച്ചിട്ടുണ്ട്. നല്ലയിനം പച്ചപ്പുല്ല് കൃഷി ചെയ്യുന്നതിന് കഴിവുള്ള സംരംഭകരെ വളർത്തിയെടുക്കുന്നതിനും അവരിൽനിന്നും തീറ്റപ്പുല്ല് സംഭരിച്ച് കർഷകർക്ക് ആവശ്യാനുസരണം നൽകുന്നതിനുംവേണ്ട നടപടി മിൽമയുടെ മലബാർ മേഖലാ യൂണിയൻ സ്വീകരിച്ചിട്ടുണ്ട്. 2020-21 കാലയളവിൽ മൊത്തം 2988 മെട്രിക് ടൺ തീറ്റപ്പുല്ല് ഈ പദ്ധതി പ്രകാരം കർഷകർക്ക് വിതരണം ചെയ്തു. എല്ലാ കർഷകർക്കും തീറ്റപ്പുല്ല് വാങ്ങാൻ 1 കിലോയ്ക്ക് 1.7 രൂപ നിരക്കിൽ സബ്സിഡിയും മിൽമ നൽകിയിട്ടുണ്ട്. അഗ്രി ബിസിനസ്സ് സംരംഭ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ 2020-21 സാമ്പത്തിക വർഷത്തിൽ 74.959 ഹെക്ടർ തരിശുഭൂമിയിൽ പുൽകൃഷി ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംഘകൃഷി ഗ്രൂപ്പുകൾക്ക് 1,94,838 രൂപ സബ്സിഡി തുകയായി അനുവദിച്ചിട്ടുണ്ട്.

(സി) കന്നുകാലി വളർത്തൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതി മുഖേന ഏറ്റെടുക്കാൻ കഴിയുന്ന നിരവധി ഉത്പാദനക്ഷമവും പൊതുജനോപകാരപ്രദവുമായ പദ്ധതികളുണ്ട്. തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽ കൃഷി, അസോള ടാങ്ക് നിർമ്മാണം, കമ്പോസ്റ്റ് സംവിധാനം മുതലായ വ്യക്തിഗത ആസ്തികൾ തൊഴിലുറപ്പ് പദ്ധതി മുഖേന അർഹരായ ഗുണഭോക്താക്കൾക്ക് നൽകാൻ സാധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം**

9 (*579) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച്, പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജിൻപ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിരുന്ന വായ്പകൾ പുനഃക്രമീകരിക്കുകയും പെൻഷൻ നൽകാനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതുമുൾപ്പെടെ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽ നിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഇപ്രകാരം നിയമിതരായവരുടെ സേവനത്തിന്റെ ഫലമായി കോർപ്പറേഷന്റെ അക്കൗണ്ട്സ്, ഐ.റ്റി. പർച്ചേസ് മുതലായ രംഗങ്ങളിൽ കൂടുതൽ കാര്യക്ഷമത കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ഒരു കൊമേഴ്സ്യൽ ഡിവിഷൻ രൂപീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ നടപടികൾ ആവിഷ്കരിച്ച് വരികയാണ്. ഇതിലൂടെ കോർപ്പറേഷന് കൂടുതൽ ടിക്കറ്റിതര വരുമാനം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരിൽ 22 പേരടങ്ങുന്ന ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു. ഇതിലൂടെ കൂടുതൽ ടിക്കറ്റിതര വരുമാനം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ബസ്-സ്റ്റാഫ് അനുപാതം ശരാശരിയേക്കാൾ കുറച്ച് ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി പ്രതിമാസം ശമ്പള ഇനത്തിൽ മുൻകാലങ്ങളിൽ വേണ്ടിയിരുന്നതിനേക്കൾ ചെലവ് കുറയ്ക്കുന്നതിന്

സാധിച്ചിട്ടുണ്ട്. ഐ.റ്റി. രംഗത്തുള്ള പുനരുദ്ധാരണ നടപടികളുടെ ഭാഗമായി ആധുനിക ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നടപ്പിലാക്കിവരുന്നു. ഇതിന്റെ സഹായത്തോടുകൂടി കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിന് സാധിക്കും. സ്പാർക്ക് നടപ്പിലാക്കിയത് മുഖേന ജീവനക്കാരുടെ ശമ്പളം, അവധി മുതലായ സർവ്വീസ് നടപടിക്രമങ്ങൾ ഓൺലൈനായി സ്വീകരിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ നിലവിൽ വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരം തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസുകളെയും മറ്റ് സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസ്സുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതുപയോഗിച്ച് യാത്ര ചെയ്യാൻ "ഗുഡ് ഡേ" കാർഡുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ്ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽ തന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ വിനോദസഞ്ചാരികൾക്കായി ടൂർ പാക്കേജ്, ഗ്രൂപ്പ് ബുക്കിംഗ്, പ്രൈവറ്റ് ഹയർ സർവ്വീസ് തുടങ്ങി വരുമാന വർദ്ധനയ്ക്കും ജനോപകാരപ്രദവുമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. പരിസ്ഥിതി സൗഹൃദ ഇന്ധനം ഉപയോഗപ്പെടുത്തുന്നതിനും ഇന്ധന ചെലവ് കുറയ്ക്കുന്നതിന്റെയും ഭാഗമായി ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്കും സി.എൻ.ജി.-യിലേയ്ക്കും മാറ്റുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി M/s. Jiolat Auto Gas Industries, New Delhi എന്ന സ്ഥാപനത്തിന് 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത ദർഘാസിൽ താഴെപ്പറയുന്ന മൂന്ന് സ്ഥാപനങ്ങൾ സാങ്കേതിക യോഗ്യത നേടിയിട്ടുണ്ട്.

1. M/s. Jiolat Auto Gas Industries, New Delhi
2. M/s CLH Gaseous fuel applications Private Limited
3. M/s. Advantek Fuel Systems Private Limited

ദർഘാസിന്റെ അടുത്തഘട്ടമായി ഓരോ ഡീസൽ ബസ്സുകൾ proof of concept (POC) ആയി എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ Retails fuel outlet-കൾ 8 പമ്പുകളിൽ സ്ഥാപിക്കുകയും അടുത്ത 10 പമ്പുകൾ വരും മാസങ്ങളിൽ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതുമാണ്. കൂടാതെ, സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾ ഉപയോഗിച്ച് "lube shop", foodies on wheels, Sleep in bus, Milma booth, Kudumbashree outlet-കൾ എന്നിവ നടത്തിവരുന്നു.

(ബി) വാഹന ഉപയോഗ നിരക്കും ഇന്ധനക്ഷമതയും ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് പരീക്ഷണാർത്ഥം നടത്തുന്ന പുനഃക്രമീകരണങ്ങൾ ജീവനക്കാരുടെ ജോലിയിലും കോർപ്പറേഷന്റെ വരുമാനത്തിലും മാറ്റമുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ ജോലിസമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെയെത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ആകുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. വാഹന ഉപയോഗനിരക്ക് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർവ്വീസ് ഉപയോഗത്തിന് ആവശ്യമായ ബസ്സുകൾ മാത്രം ഡിപ്പോകൾക്ക് നൽകുകയും സ്പെയർ ബസ്സുകൾ ഡിസ്ട്രിക്ട് കോമൺപൂൾ രൂപീകരിച്ച് പ്രവർത്തനസജ്ജമാക്കി നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തി വരുന്നു. കോവിഡ് കാലയളവായതിനാൽ വിവിധ നിയന്ത്രണങ്ങൾമൂലം സർവ്വീസ് ഓപ്പറേഷൻ പൂർണ്ണമായി നടത്താൻ കഴിയാത്തതിനാൽ വരുമാനത്തിലുണ്ടാകുന്ന പുരോഗതി ഇപ്പോൾ വിലയിരുത്തുന്നത് പ്രായോഗികമല്ല.

**രൂപമാറ്റം വരുത്തിയ വാഹനങ്ങൾ**

10 (*580) ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപമാറ്റം വരുത്തിയ വാഹനങ്ങൾ അമിതവേഗതയിൽ സഞ്ചരിച്ച് അപകടങ്ങളുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏതൊക്കെ തരത്തിലുള്ള രൂപമാറ്റങ്ങളാണ് കാറിലും ബൈക്കിലും കണ്ടുവരുന്നത് എന്നറിയിക്കാമോ?

സൈലൻസറിൽ രൂപമാറ്റം വരുത്തുക, ടയറുകളുടെ വലിപ്പം കൂട്ടുക, ക്രാഷ് ഗാർഡ് ഘടിപ്പിക്കുക, അതിസുരക്ഷാ നമ്പർ പ്ലേറ്റ് (HSRP)-നു പകരം മറ്റുതരത്തിലുള്ള രജിസ്ട്രേഷൻ പ്ലേറ്റുകൾ ഘടിപ്പിക്കുക, ശരിയായ വിധത്തിലല്ലാതെ നമ്പർ പ്ലേറ്റ് ഉപയോഗിക്കുക, മഡ് ഗാർഡ് ഇളക്കി മാറ്റുക, നിയമവിരുദ്ധമായ ഹോണുകൾ ഉപയോഗിക്കുക, അതിതീവ്ര പ്രകാശമുള്ള ലൈറ്റുകൾ ഉപയോഗിക്കുക, മറ്റു നിറങ്ങളിലുള്ള ലൈറ്റുകൾ ഉപയോഗിക്കുക തുടങ്ങിയ രൂപമാറ്റങ്ങളാണ് ബൈക്കുകളിൽ സാധാരണ കണ്ടുവരാറുള്ളത്. ക്രാഷ് ഗാർഡുകൾ ഘടിപ്പിക്കുക, അതിസുരക്ഷാ നമ്പർ പ്ലേറ്റ്/നിയമാനുസൃതമായ നമ്പർ പ്ലേറ്റ് ഘടിപ്പിക്കാതിരിക്കുക, അതിതീവ്ര പ്രകാശമുള്ള ഹെഡ് ലൈറ്റുകൾ ഘടിപ്പിക്കുക, ടയറുകളുടെ വലിപ്പം വ്യത്യാസപ്പെടുത്തുക, സൈലൻസറിൽ രൂപമാറ്റം വരുത്തുക, വിവിധ നിറങ്ങളിലുള്ള ലൈറ്റുകൾ അധികമായി ഘടിപ്പിക്കുക, കൂളിംഗ് ഫിലിം ഉപയോഗിക്കുക, സൈക്കിൾ ക്യാരിയർ ഘടിപ്പിക്കുക, സ്പോർട്സ് കാറുകളിലേതുപോലെ ‘ Side Skirting’ ഘടിപ്പിക്കുക, സ്പോയിലേഴ്സ് ഘടിപ്പിക്കുക തുടങ്ങിയവയാണ് കാറുകളിൽ കണ്ടുവരാറുള്ള രൂപമാറ്റങ്ങൾ.

(സി) ഇത്തരത്തിലുള്ള നിയമലംഘനങ്ങൾക്കെതിരെ എന്തൊക്കെ ശിക്ഷാനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; ഇത്തരം നിയമ ലംഘനങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

1988-ലെ മോട്ടോർ വാഹന നിയമം 182 A(4)-ാം വകുപ്പനുസരിച്ച് വാഹനങ്ങളിൽ നിയമ വിരുദ്ധമായ രൂപമാറ്റം വരുത്തിയാൽ വാഹന ഉടമയ്ക്ക് 6 മാസത്തിൽ കൂടാത്ത ജയിൽ ശിക്ഷയോ 5000 രൂപ പിഴയോ രണ്ടുംകൂടി ഒരുമിച്ചോ നൽകാവുന്നതാണ്. കൂടാതെ രൂപമാറ്റം വരുത്തിയ വാഹനം പഴയ രീതിയിലാക്കി വാഹനം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ മുന്നിൽ പരിശോധനയ്ക്ക് ഹാജരാക്കാനും ആവശ്യപ്പെടാറുണ്ട്. അനധികൃത രൂപമാറ്റം വരുത്തിയ വാഹനം അപകടമുണ്ടാക്കിയാൽ പരിശോധന നടത്തിയശേഷം വാഹനത്തിന്റെ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. (As per Sec 53, Motor Vehicles Act, 1988) മോട്ടോർ വാഹന വകുപ്പ് നടത്തുന്ന സ്പെഷ്യൽ ഡ്രൈവുകളിലൂടെയും എൻഫോഴ്സ്മെന്റ് ചെക്കിംഗ് വേളകളിലും ഇത്തരം നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ വകുപ്പിന്റെ വിവിധ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികളിലൂടെ ഡ്രൈവർമാരിൽ ഇത്തരത്തിലുള്ള രൂപമാറ്റത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്താറുണ്ട്.

## പേമാരിയും വെള്ളപ്പൊക്കവുംമൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടം

11 (*581) ശ്രീ. എ. രാജ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ പേമാരിയും വെള്ളപ്പൊക്കവുംമൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള കനത്ത നഷ്ടത്തിന്റെ പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും 12-10-2021 മുതൽ 4-11-2021 വരെ AIMS Portal മുഖേനയുള്ള പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 126957 കർഷകരുടെ 59,110.81 ഹെക്ടർ സ്ഥലത്തായി ആകെ 49,340.77 ലക്ഷം രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഏതെല്ലാം മേഖലയിലാണ് കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് പ്രത്യേകമായ കണക്കെടുപ്പ് നടത്തി പ്രസ്തുത മേഖലയിലെ കർഷകരെ സഹായിക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടൽ നടത്തുമോ?

ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം ജില്ലകളിലാണ് മറ്റ് ജില്ലകളെ അപേക്ഷിച്ച് കൂടുതൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുള്ളത്. പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള തുകയും സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായ കർഷകർക്ക് വിളനാശം സംഭവിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന മാനദണ്ഡങ്ങൾക്കനുസരിച്ച് നഷ്ടപരിഹാരത്തുക നൽകുന്നതാണ്. പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തര ഇടപെടലുകൾ നടത്തുന്നതിനുമായി ഓരോ ജില്ലകളിലും സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷി വകുപ്പുമന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. ഒക്ടോബർ മാസം കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തര നഷ്ടപരിഹാരം ലഭിക്കുന്നതിനായി AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കാൻ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യമാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തിവരുന്നു. 2021 ഒക്ടോബർ 12 മുതൽ 30 വരെയുണ്ടായ കൃഷിനാശത്തിന് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ AIMS പോർട്ടൽ വഴി നൽകുന്നതിനുള്ള തീയതി നവംബർ 15 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളിന്മേൽ ഫീൽഡുതല പരിശോധനകൾ അടിയന്തരമായി നടത്തിവരികയാണ്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിന് നെൽവിത്തിന്റെ കരുതൽ ശേഖരം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കാർഷിക മേഖലയിൽ ആകെയുണ്ടായ നാശനഷ്ടം കണക്കാക്കി പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ?

നിലവിൽ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടില്ല. കൃഷിനാശം സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര സഹായം ആവശ്യപ്പെടുന്നതാണ്.

(ഡി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടില്ല. കൃഷിനാശം സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര സഹായം ആവശ്യപ്പെടുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യിൽ ഇ-വാഹന നയം**

12 (*582) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-വാഹന ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

10-3-2019-ലെ സർക്കാർ ഉത്തരവ് G.O.(MS)24/2019/Trans പ്രകാരം ഇലക്ട്രിക് വാഹനനയം രൂപീകരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ആവശ്യത്തിനുള്ള

വാഹനങ്ങളായ ഇലക്ട്രിക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക് മോട്ടോർ കാർ, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ്, ഇലക്ട്രിക് ത്രീവീലർ എന്നിവയുടെ ഒറ്റത്തവണ നികുതി വിലയുടെ 5% ആയി 2020-ലെ ഫിനാൻസ് ആക്ട് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. മറ്റ് വാഹനങ്ങൾക്ക് 9% മുതൽ 21% വരെയാണ് ഒറ്റത്തവണ നികുതി ഈടാക്കുന്നത്. സർക്കാർ ഉത്തരവ് (G.O.(P)No. 12/2021/Trans dated 23-2-2021 in SRO No.231/2021) പ്രകാരം 1-4-2021 മുതൽ രജിസ്റ്റർ ചെയ്യുന്ന എല്ലാത്തരം ഇലക്ട്രിക് വാഹനങ്ങളുടെയും നികുതി രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചു വർഷത്തെ നികുതിയുടെ 50% ഇളവും അനുവദിച്ചിട്ടുണ്ട്. 3,00,000 രൂപ വരെ വാർഷിക വരുമാനമുള്ള ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമസ്ഥർക്ക് 30,000 രൂപ സബ്സിഡിയും നൽകിവരുന്നു. ഇലക്ട്രിക് വാഹനങ്ങളെ കേന്ദ്ര സർക്കാർ ഉത്തരവ് SO 5333(E) dated 18-10-2018 പ്രകാരം പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കി. മാത്രമല്ല, 2-8-2021-ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 525(E) പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15 വർഷം കാലാവധി പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ 1-6-2021 മുതൽ CNG/LNG/Electrical Energy എന്നിവയിലേതെങ്കിലും മാറ്റിയാൽ മാത്രമേ റോഡിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂയെന്ന് കേരള മോട്ടോർ വാഹന ചട്ടം 292A പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 15-10-2019-ലെ സർക്കാർ ഉത്തരവ് G.O. (Rt) No. 473/2019/Trans പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 6 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 26 സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായി കെ.എസ്.ഇ.ബി. അധികൃതർ അറിയിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ഇ-വാഹന നയം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി.യിൽ ഇ-വാഹന നയം നടപ്പാക്കുന്നതിന്റെ ഭാഗമായി 2018 നവംബർ മാസത്തിൽ വെറ്റ് ലീസ് അടിസ്ഥാനത്തിൽ 31 സീറ്റുള്ള 10 എ.സി. ഇലക്ട്രിക് ബസ്സുകളാണ് M/s മഹാവോയേജ് എൽ.എൽ.പി. എന്ന സ്ഥാപനത്തിൽനിന്നും കെ.എസ്.ആർ.ടി.സി. ലഭ്യമാക്കിയിട്ടുള്ളത്. 2019-2020-ൽ

ടി ബസുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തിയപ്പോൾ കോർപ്പറേഷന് കിട്ടിയിരുന്ന ശരാശരി വരുമാനം പ്രതി കിലോമീറ്ററിന് 38.01 രൂപയാണ്. എന്നാൽ ഇതിന് നൽകേണ്ട വാടക കിലോമീറ്ററിന് 43.20 രൂപയാണ്. ഇതിന് പുറമെയാണ് വൈദ്യുതി ചാർജ്ജ്, കണ്ടക്ടർമാരുടെ വേതനം എന്നിവയിലുള്ള ചെലവായതിനാൽ ഇത് ലാഭകരമായിരുന്നില്ല. ഈ സാഹചര്യത്തിൽ 2 ബസ്സുകൾ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് ആവശ്യപ്പെട്ട പ്രകാരം ടി സ്ഥാപനത്തിന് നൽകിയിരിക്കുകയാണ്. ബാക്കി ബസ്സുകൾ കോവിഡ് സാഹചര്യത്തിൽ കൂടുതൽ നഷ്ടമുണ്ടാക്കുന്നതിനാൽ സർവ്വീസിന് ഉപയോഗിക്കാതെ M/s മഹാവോയേജ് എൽ.എൽ.പി.-യുടെ പക്കലാണുള്ളത്. ഇപ്പോൾ ലഭ്യമായ ഇലക്ട്രിക് ബസ്സുകൾ ഒരുതവണ ചാർജ്ജ് ചെയ്യുമ്പോൾ 200 കിലോമീറ്ററിൽ താഴെ മാത്രമേ ഓടിക്കുവാൻ കഴിയുന്നുള്ളൂ. അതിനാൽ ഇത് തിരുവനന്തപുരം-എറണാകുളം സർവ്വീസ് നടത്തുമ്പോൾ ഹരിപ്പാട് ചാർജ്ജ് ചെയ്യേണ്ടതായി വരുന്നുണ്ട്. ഇത്തരത്തിൽ ഇടയ്ക്ക് 20 മുതൽ 30 മിനിട്ടുവരെ ചാർജ്ജു ചെയ്യുന്നതിനായി നിർത്തിയിടേണ്ട സാഹചര്യമുള്ളതിനാൽ യാത്രക്കാർ ഈ ബസ്സുകളെ ആശ്രയിക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്. ഇത് ദീർഘദൂര സർവ്വീസ് നടത്തിപ്പിനും തടസ്സമുണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കൂടുതൽ മെച്ചപ്പെട്ട ഇലക്ട്രിക് വാഹനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ KIIFB ധനസഹായത്തോടെ 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.

(സി) പൊതുമേഖലയിൽ ഇ-വാഹനങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; സർക്കാർ വാഹനങ്ങൾ ഇ-വാഹനങ്ങളാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

പൊതുമേഖലയിൽ ഇ-വാഹനങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സർക്കാർ വാഹനങ്ങൾ ഇ-വാഹനങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച വിവരം സർക്കാർ തലത്തിൽ ലഭ്യമാക്കേണ്ടതാണ്. എന്നിരുന്നാലും 7-3-2020-ലെ G.O.(P) No. 24/2020/FIN പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന വാഹനങ്ങൾ ഇലക്ട്രിക് വാഹനങ്ങൾ ആയിരിക്കണമെന്നും അവ അനെർട്ട് വഴി ലഭ്യമാക്കി ഉപയോഗിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. അതോടൊപ്പം എല്ലാ വകുപ്പ് മേധാവികളും വാടകയ്ക്കെടുത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന എല്ലാ ഫോസിൽ ഇന്ധന വാഹനങ്ങളും ഒഴിവാക്കി 1-4-2020 മുതൽ ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്ക് ഉപയോഗിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

**ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്ഥാപനം**

13 (*583) ശ്രീ. ഡി. കെ. മുരളി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ബൗദ്ധിക വെല്ലുവിളി നേരിടുന്ന അഗതികളോ നിരാശ്രയരോ ആയ കുട്ടികളുടെ സംരക്ഷണം, പരിശീലനം, പുനരധിവാസം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി സാമൂഹ്യനീതി വകുപ്പിൽ പ്രത്യേക സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സംരക്ഷണവും പുനരധിവാസവും ലക്ഷ്യമാക്കി സാമൂഹ്യനീതി വകുപ്പിനുകീഴിൽ Home for Mentally Deficient Children (HMDC) എന്ന സ്ഥാപനം കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്നു. അഞ്ച് വയസ്സുമുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കാണ് സ്ഥാപനത്തിൽ പ്രവേശനം അനുവദിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ പ്രവേശിപ്പിക്കാവുന്ന താമസക്കാരുടെ എണ്ണം 50 ആണ്. നിലവിൽ സ്ഥാപനത്തിൽ 35 പേരാണ് താമസക്കാരായിട്ടുള്ളത്. ഈ സ്ഥാപനം സാമൂഹ്യനീതി വകുപ്പിലെ ഗ്രേഡ് I ക്ഷേമസ്ഥാപനത്തിൽ ഉൾപ്പെട്ടതാണ്.

(ബി) പ്രസ്തുത സ്ഥാപനത്തെ നവീകരിച്ച് മാതൃകാ സ്ഥാപനമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കുമോ?

Home for Mentally Deficient Children (HMDC)യെ മാതൃകാ സ്ഥാപനമായി ഉയർത്തുന്നതിനായി 25-11-2019-ലെ സ.ഉ.(സാധാ)നമ്പർ755/2019/ സാ.നീ.വ. പ്രകാരം 90,74,580 രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുകയും പ്രസ്തുത സ്ഥാപനത്തെ നവീകരിച്ച് മാതൃകാസ്ഥാപനമായി ഉയർത്തുകയും നവീകരിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 11-2-2021-ന് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ പുനരധിവാസം സാദ്ധ്യമാക്കുന്നതിനായി ഭക്ഷണം, വ്യായാമം, തൊഴിൽ, പരിശീലനം, വിശ്രമം, വിജ്ഞാനം, തെറാപ്പികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയാണ് സ്ഥാപനത്തെ മാതൃകാസ്ഥാപനമായി ഉയർത്തിയത്. മൂന്ന് ഘട്ടങ്ങളിലായുള്ള നവീകരണ പ്രവർത്തനങ്ങളാണ് സ്ഥാപനത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. അതിൽ ചുവടെ പറയുന്ന ഒന്നാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

1. സ്ഥാപനത്തിന്റെ കെട്ടിടവും പരിസരവും നവീകരിച്ചിട്ടുണ്ട്.

2. ശിശു സൗഹൃദമായ ചുറ്റുപാടുകൾ ഒരുക്കുന്നതിനായി കെട്ടിടത്തിലും മതിലിലും ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്.

3. കുട്ടികൾക്കായി അതിമനോഹരമായ ഒരു പുൽത്തകിടിയും പൂന്തോട്ടവും സജ്ജീകരിച്ചിട്ടുണ്ട്.

4. സ്ഥാപനത്തിനുള്ളിൽ മനോഹരമായ കളിസ്ഥലം ഒരുക്കിയിട്ടുണ്ട്.

5. കുട്ടികളുടെ ഡൈനിംഗ് ഹാൾ പുതിയ ഫർണിച്ചറുകളോടെയും പെയിന്റുകളോടെയും ഭംഗിയും വൃത്തിയും സൗകര്യവുമുള്ളതായി മാറ്റിയിട്ടുണ്ട്. എച്ച്.എം.ഡി.സി.-യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 44,98,013 രൂപ (നാൽപ്പത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി പതിമൂന്ന് രൂപ മാത്രം) ചെലവഴിക്കുന്നതിന് 10-8-2021-ലെ സ.ഉ(പി)നമ്പർ 15/2021/സാ.നീ.വ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിൽ കുട്ടികളുടെ പരിചരണത്തിനായി അതത് മേഖലകളിലെ പ്രഗത്ഭരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സാമൂഹ്യനീതി വകുപ്പിലെ കെയർ ഹോം സൂപ്രണ്ട് ഗ്രേഡ് I, ഗസറ്റഡ് തസ്തികയിലെ ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിലെ കുട്ടികളുടെ പരിചരണത്തിനായി സാമൂഹ്യനീതി വകുപ്പിൽനിന്നും 13 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. അതിൽ കുട്ടികളുടെ പരിചരണത്തിനായി സൃഷ്ടിക്കപ്പെട്ട സ്പെഷ്യൽ ടീച്ചർ, നഴ്സറി ടീച്ചർ, ആയ എന്നീ തസ്തികകളിലെ ജീവനക്കാരും ഉൾപ്പെടുന്നു. Hindustan Latex Family Planning Promotion Trust (HLFPPT)-ൽ നിന്നും ബന്ധപ്പെട്ട മേഖലയിൽ പ്രാവീണ്യമുള്ള തസ്തികകൾ ഉൾപ്പെടെ ചുവടെ ചേർത്തിരിക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

1. പീഡിയാട്രീഷൻ/ ജനറൽ ഡോക്ടർ

2. സൈക്യാട്രിസ്റ്റ്

3. റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്

4. ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്

5. ആയ

6. നഴ്സ്

7. ന്യൂട്രീഷനിസ്റ്റ്

8. ഹൗസ് കീപ്പർ

9. സ്പെഷ്യൽ എഡ്യൂക്കേറ്റർ

10. ഫിസിയോ തെറാപ്പിസ്റ്റ്

11. സ്പീച്ച് തെറാപ്പിസ്റ്റ്

12. യോഗ ഇൻസ്ട്രക്ടർ

കൂടാതെ കുട്ടികളുടെ പരിചരണത്തിനായി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന കരാർ വ്യവസ്ഥയിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

**വിള ഇൻഷ്വറൻസ് പദ്ധതി**

14 (*584) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) 2020-21 കാലഘട്ടത്തിൽ വെള്ളപ്പൊക്കം, വരൾച്ച, വന്യജീവി ആക്രമണം, പ്രകൃതിക്ഷോഭം, കീടബാധ എന്നിവമൂലം കൃഷിനശിച്ച കർഷകർക്ക് ഇൻഷ്വർ ചെയ്ത തുക ലഭിക്കാത്തതിനാൽ എത്രയും വേഗം ഇൻഷ്വർ ചെയ്ത തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാൻ നടപ്പ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഇൻഷ്വറൻസ് തുക നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

2021-22 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നഷ്ടപരിഹാരം നൽകുന്നതിനായി 2000 ലക്ഷം രൂപ വകയിരുത്തുകയും ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 22-3-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, നഷ്ടപരിഹാര തോത് വർദ്ധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ,

കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 1192/2017/കൃഷി തീയതി 13-12-2017 പ്രകാരം മാവ്, ചെറുധാന്യങ്ങൾ (കൂവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കും പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, കടലാക്രമണം, കൊടുങ്കാറ്റ് എന്നീ പ്രകൃതിക്ഷോഭങ്ങൾക്കും വന്യജീവി ആക്രമണത്തിനുമാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. 27-10-2017-ൽ സ.ഉ.(സാധാ) നമ്പർ 1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 28-12-2017-ലെ സ.ഉ.(കൈ)നമ്പർ 167/2017/കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. വിളകൾക്കുണ്ടാകുന്ന പൂർണ്ണനാശത്തിന് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ 12-12-2018 -ലെ സ.ഉ.(സാധാ) നമ്പർ 1198/2018/കൃഷി നമ്പർ ഉത്തരവ് പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50%-ൽ അധികം നഷ്ടമുണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്.

### റോഡ് സുരക്ഷ ഡാറ്റാ സെന്റർ

15 (*585) ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഗതാഗത സുരക്ഷയ്ക്കായി വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് റോഡ് ഗതാഗത സുരക്ഷയ്ക്കായി വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി ആവിഷ്കരിച്ച വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

i) റോഡ് ഗതാഗത സുരക്ഷ മുൻനിർത്തി സംസ്ഥാനത്താകെ പാതയോരങ്ങളിൽ കെൽട്രോണിന്റെ സഹായത്തോടെ 240 വേഗത നിയന്ത്രണ നിരീക്ഷണ ക്യാമറകൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ii) ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തി വാഹന നിരീക്ഷണത്തിനായി ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 മിനി കൺട്രോൾ റൂമും സ്ഥാപിച്ചു. രണ്ട് ലക്ഷത്തോളം പബ്ലിക് സർവ്വീസ് വാഹനങ്ങളിലും വകുപ്പിന്റെ നൂറ് എൻഫോഴ്സ്മെന്റ് വാഹനങ്ങളിലും ജി.പി.എസ്. ഘടിപ്പിച്ചു കഴിഞ്ഞു, ടാഗിംഗ് പുരോഗമിക്കുന്നു.

iii) നിർഭയ ഫ്രെയിംവർക്കിന്റെ ഭാഗമായി 15 ലക്ഷത്തോളം വാഹനങ്ങൾക്ക് വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഉപകരണങ്ങൾ ഘടിപ്പിച്ച് നിരീക്ഷണം നടത്തുന്നതിലേയ്ക്കായി നിലവിലുള്ള സംവിധാനത്തെ വിപുലപ്പെടുത്തി ആവിഷ്കരിക്കാൻ കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിക്കുകയും ആയതിന്റെ പ്രവർത്തനം പുരോഗമിക്കുകയും ചെയ്യുന്നു.

iv) റോഡപകടങ്ങളുടെ കാരണങ്ങളും റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുമുള്ള മാർഗ്ഗങ്ങളും കണ്ടെത്തുന്നതിലേയ്ക്കായി ഒരു സെൻട്രൽ ആക്സിഡന്റ് ഡാറ്റാ ബേസ് മാനേജ്മെന്റ് സിസ്റ്റം - IRAD (Integrated Road Accident Database) ഐ.ഐ.ടി. ചെന്നൈയുടെയും എൻ.ഐ.സി.-യുടെയും സഹായത്തോടുകൂടി രാജ്യത്താകമാനം നടപ്പിലാക്കിവരുന്നു. വിവിധ സംസ്ഥാനങ്ങളിൽനിന്നും വിവരങ്ങൾ ബന്ധപ്പെട്ട ഏജൻസികൾ ശേഖരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എം.വി.ഐ., എ.എം.വി.ഐ.) പരിശീലന പരിപാടികൾ നടന്നുവരികയാണ്.

v) 2019 മാർച്ച് മുതൽ പൊതുനിരത്തുകളിൽ അപകടരഹിത സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനായി 'സേഫ് കേരള' എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി 14 ജില്ലകളിലും അതി നൂതന സാങ്കേതികവിദ്യകളോടുകൂടിയ Automated Enforcement Control Room-കൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ആധുനിക സാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും സഹായത്തോടെ വാഹനങ്ങളെയും വാഹനം ഓടിക്കുന്നവരെയും നിരീക്ഷിക്കുന്നതിനായി സംസ്ഥാനത്തുടനീളം 700 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ ഉൾപ്പെടെ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനോടകംതന്നെ സേഫ് കേരള പദ്ധതിയുടെ കീഴിൽ 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ എൻഫോഴ്സ്മെന്റ് പരിശോധനകൾക്കായി ലഭ്യമാക്കികഴിഞ്ഞു. ഇതിൽ സ്പീഡ് റഡാറുകൾ, ആൽക്കോ മീറ്ററുകൾ, സൗണ്ട് ലെവൽ മീറ്ററുകൾ, റ്റിന്റ് മീറ്ററുകൾ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാണ്.

(ബി) അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷാ ഡാറ്റാ സെന്റർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഇല്ല. റോഡപകടങ്ങളുടെ കാരണങ്ങളും അവ കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളും കണ്ടെത്തുന്നതിലേയ്ക്കായി ഒരു സെൻട്രൽ ആക്സിഡന്റ് ഡാറ്റാ ബേസ് മാനേജ്മെന്റ് സിസ്റ്റം IRAD (Integrated Road Accident Database) ഐ.ഐ.ടി. ചെന്നൈയുടെയും എൻ.ഐ.സി.-യുടെയും സഹായത്തോടുകൂടി രാജ്യത്താകമാനം നടപ്പിലാക്കിവരുന്നതിനാൽ ഇതിനോട് സാദൃശ്യമുള്ള റോഡ് സുരക്ഷാ ഡാറ്റാ സെന്റർ എന്ന പദ്ധതി സംസ്ഥാന സർക്കാർ തലത്തിൽ നടപ്പിലാക്കേണ്ട ആവശ്യമില്ല.

## കൃഷിയിൽ യന്ത്രവൽക്കരണം

16 (*586) ശ്രീ. പി. പി. സുമോദ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക കൃഷിമുറകളിലും യന്ത്രസാമഗ്രികളുടെ ഉപയോഗത്തിലും പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനം കർഷകർക്ക് ലഭ്യമാക്കുന്നതിന് പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. സംസ്ഥാനത്ത് ആധുനിക കൃഷിമുറകളിലും യന്ത്ര സാമഗ്രികളുടെ ഉപയോഗത്തിലും പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനം കർഷകർക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്തുതലത്തിൽ 368 കാർഷിക കർമ്മസേനകളും ബ്ലോക്കുതലത്തിൽ 99 അഗ്രോ സർവ്വീസ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ, കൃഷിവകുപ്പിന്റെ കീഴിൽ വെള്ളായണിയിൽ പ്രവർത്തിക്കുന്ന റിസർച്ച് ടെസ്റ്റിംഗ് ആൻഡ് ട്രെയിനിംഗ് സെന്റർ മുഖേന കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം, പരിപാലനം എന്നിവയിൽ പ്രായോഗിക പരിശീലന പരിപാടികളും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തോടനുബന്ധിച്ചുള്ള കസ്റ്റം ഹിയറിംഗ് സെന്ററുകളിൽ കർഷകർക്ക് ആവശ്യാനുസരണം വിവിധ യന്ത്രോപകരണങ്ങളുടെ ഉപയോഗവും പരിപാലന രീതികളും സംബന്ധിച്ച പരിശീലനവും നടത്തിവരുന്നുണ്ട്. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ജില്ലാടിസ്ഥാനത്തിൽ ക്യാമ്പുകൾ നടത്തി കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയിലും പ്രവർത്തനത്തിലും പരിശീലനം നൽകിവരുന്നു. 'കാർഷിക യന്ത്രപരിരക്ഷണ യജ്ഞം' എന്ന പരിപാടി ജില്ലകൾതോറും സംഘടിപ്പിച്ച് 12 ദിവസം നീണ്ടുനിന്ന രണ്ട് ക്യാമ്പിലൂടെ 456 സേവനദായകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലൂടെ കോഴിക്കോട് ജില്ലയിലെ തരിശുനിലങ്ങൾ വീണ്ടെടുത്ത് കൃഷി ചെയ്യാനുള്ള 'മലബാർ പ്രത്യേക കാർഷിക ദൗത്യ സംഘം' രൂപീകരിക്കുന്നതിന് 85 സേവനദായകർക്കും 76 ഐ.ടി.ഐ./ഐ.ടി.സി. ബിരുദധാരികൾക്കും പരിശീലനം നൽകി നൈപുണ്യപ്പെടുത്തിയിട്ടുണ്ട്.

(ബി) അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, മൊബൈൽ അഗ്രോ ക്ലിനിക്കുകൾ എന്നിവയുടെ പ്രവർത്തനം വിശദമാക്കാമോ; കൃഷി വികസനത്തിന് ഇവ എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശാസ്ത്രീയ കൃഷിരീതികളും കൃഷിപരിപാലന മുറകളും ഉപകരണങ്ങളും കീടനിയന്ത്രണോപാധികളും കർഷകരിൽ എത്തിച്ച് കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നിലവിൽ പഞ്ചായത്തുതലത്തിൽ കാർഷിക കർമ്മസേനകളും ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. കർഷകത്തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക എന്നിവയാണ് കാർഷിക കർമ്മസേനകളുടെ/ കാർഷിക സേവന കേന്ദ്രങ്ങളുടെ ചുമതലകൾ. തൊഴിലാളി കുറവുമൂലം തരിശ്ശായിക്കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, തെങ്ങുകയറ്റം, മരുന്ന് തളി, നടീൽ, കാർഷിക വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉത്പാദനോപാധികളുടെ ഉത്പാദനം, ഗ്രോബാഗ് തയ്യാറാക്കൽ, കാർഷിക വിളകളുടെ പരിപാലനം, കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാർഷിക പ്രവർത്തനങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം, നൂതന കൃഷിമുറകൾ നടപ്പാക്കൽ (കണിക ജലസേചനം/

മഴമറ/ പോളിഹൗസ് നിർമ്മാണം) തുടങ്ങി വിവിധ മേഖലകളിൽ ഒരു ബിസിനസ്സ് പ്ലാൻ തയ്യാറാക്കിയാണ് കർമ്മസേനകൾ/കാർഷിക സേവന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. കൂടാതെ കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങി കാർഷിക മേഖലകളിൽ കർഷകർക്ക് ഗുണകരമായിട്ടുള്ള, കൃഷി വികസനത്തിന് സഹായകരമാകുന്ന പ്രവർത്തനങ്ങൾ കാർഷിക കർമ്മസേന/കാർഷിക സേവന കേന്ദ്രത്തിന്റെ കീഴിൽ നടന്നുവരുന്നു. നവീന കൃഷി മുറകളിൽപ്പെടുന്ന പോളിഹൗസുകളുടെ നിർമ്മാണം, റെയിൻ ഷെൽട്ടറുകളുടെ നിർമ്മാണം, ബയോഫാർമസി, ഇക്കോഷോപ്പ് തുടങ്ങിയവ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തന പരിധിയിൽ വരുന്ന സേവനങ്ങളാണ്. കർഷകർക്ക് ഫീൽഡുതലത്തിൽ സേവനം നേരിട്ട് നൽകുന്നതിന് സംസ്ഥാനത്ത് മൊബൈൽ അഗ്രോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ഫീൽഡുതലത്തിലെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും രോഗകീട നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഈ സൗകര്യം പ്രയോജനപ്പെടുന്നു. കൃഷി വകുപ്പിലെ ഫീൽഡുതല വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും ഇതുവഴി സാധ്യമാകുന്നു. കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് കണ്ട് പരിഹാര മാർഗ്ഗങ്ങൾ നൽകുന്നതിന് മൊബൈൽ അഗ്രോ ക്ലിനിക്കുകളുടെ പങ്ക് നിർണ്ണായകമാണ്. രണ്ട് ബ്ലോക്കുകൾക്ക് ഒന്ന് എന്ന കണക്കിൽ സംസ്ഥാനത്താകെ 75 മൊബൈൽ അഗ്രോ ക്ലിനിക്കുകൾ "അഗ്രോ സർവ്വീസ് സെന്റർ ആൻഡ് സർവ്വീസ് ഡെലിവറി " സ്കീമിൽനിന്നും അനുവദിച്ചിട്ടുണ്ട്. ആയത് കൃഷി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സമയബന്ധിതമായി കർഷകർക്ക് നേരിട്ട് എത്തിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. വരുംകാലങ്ങളിൽ കാർഷിക സേവന കേന്ദ്രങ്ങൾ കാർഷിക വിള സംസ്കരണ കേന്ദ്രങ്ങളായും (Agro Processing Centres) കാർഷിക വിപണന കേന്ദ്രങ്ങളായും (Agro Marketing Centres) പ്രവർത്തനം വിപുലീകരിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

(സി) കൃഷിയിൽ യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കൃഷിയിൽ യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (സ്മാം-SMAM) നടപ്പിലാക്കിവരുന്നുണ്ട്. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്മാം പദ്ധതിയിലൂടെ പ്രധാനമായും മൂന്ന്തരം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാകുന്നത്.

i. വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ ധനസഹായം നൽകുന്നു. ഇതിൽ ചെറുകിട നാമമാത്ര കർഷകർക്കും പട്ടികജാതി/പട്ടികവർഗ്ഗ കർഷകർക്കും വനിതകൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 50 ശതമാനം വരെയും മറ്റുള്ള കർഷകർക്ക് 40 ശതമാനം വരെയും വിള സംസ്കരണവുമായി ബന്ധപ്പെട്ട യന്ത്രങ്ങൾ വാങ്ങുന്നതിന് ചെറുകിട നാമമാത്ര കർഷകർക്കും പട്ടികജാതി/ പട്ടികവർഗ്ഗ കർഷകർക്കും വനിതകൾക്കും 50 മുതൽ 60 ശതമാനം വരെയും മറ്റുള്ള കർഷകർക്ക് 40 മുതൽ 50 ശതമാനം വരെയും ധനസഹായം നൽകുന്നു.

ii. വ്യക്തികൾക്കും കാർഷിക സ്വയം സഹായ സംഘങ്ങൾ, പാടശേഖര സമിതികൾ എഫ്.പി.ഒ. തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 60 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് 40 ശതമാനം വരെ സബ്സിഡി നൽകുന്നു.

iii. കാർഷിക യന്ത്രവൽക്കരണം കുറവായ തെരഞ്ഞെടുത്ത വില്ലേജുകളിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, ഗ്രാമപഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് 10 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 80 ശതമാനം വരെ സബ്സിഡി നൽകുന്നു.

### കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിന് ഗ്രാമീണ ചന്തകൾ

17 (*587) <u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഗ്രാമീണ ചന്തകൾ ആരംഭിക്കുവാൻ വകുപ്പിന് പദ്ധതിയുണ്ടോ?

കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ ഗ്രാമതലത്തിൽ 960 ആഴ്ച്ചചന്തകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ നഗരപ്രദേശത്ത് 100 ആഴ്ച്ചചന്തകളും പ്രവർത്തിക്കുന്നുണ്ട്. അതത് പ്രദേശത്തെ ആവശ്യകതയനുസരിച്ച് തുടർന്നും പുതിയ ഗ്രാമീണ ആഴ്ച്ചചന്തകൾ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത ആഴ്ചച്ചന്തയുടെ നടത്തിപ്പ് ആരെയാണ് ഏല്പിക്കുന്നത്; ഇതിന്റെ പ്രവർത്തനമെന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കർഷകർ, കർഷക കൂട്ടായ്മകൾ, കർഷകമിത്രകൾ, കുടുംബശ്രീ, സ്വയം തൊഴിലധിഷ്ഠിത ഉപജീവനമാർഗ്ഗം സ്വീകരിച്ചവർ തുടങ്ങി കൃഷിയിലും കാർഷിക അനുബന്ധ പ്രവൃത്തികളിലും ഏർപ്പെട്ടിരിക്കുന്ന ഏവർക്കും ഗ്രാമീണ ചന്തകൾ നടത്താവുന്നതാണ്.

(സി) പ്രസ്തുത വിപണിവഴി മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനമൊരുക്കുമോ?

പരിശോധിക്കുന്നതാണ്.

(ഡി) കർഷകരുടെയും ഉപഭോക്താക്കളുടെയും താല്പര്യങ്ങൾ കണക്കിലെടുത്തുള്ള വിപണി ഇടപെടൽ കാർഷിക വിപണന മേഖലയിൽ എന്ത് മാറ്റമുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കർഷകരിൽനിന്നും നേരിട്ട് ഉത്പന്നങ്ങൾ ഈ വിപണിയിൽ എത്തുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം തടയാനും അതുവഴി കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനും സഹായകമാകുന്നു. ഗുണമേന്മയുള്ള ഉല്പന്നങ്ങൾ മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു. വിപണി ലഭ്യമാകുമ്പോൾ കർഷകർ പഴം, പച്ചക്കറി, കൃഷി വിപുലീകരിക്കുകയും ഇത് കർഷക വരുമാനം വർദ്ധിപ്പിക്കാൻ ഇടയാക്കുകയും ചെയ്യും. കൂടാതെ ഈ രംഗത്ത് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നു. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുക വഴി കർഷകർക്ക് അധിക വരുമാനവും ലഭ്യമാക്കാൻ സാധിക്കും. നടപ്പുസാമ്പത്തിക വർഷം മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

### ഓർഫനേജുകളുടെ പ്രവർത്തനങ്ങൾ

18 (*588) <u>ശ്രീ. പി. വി. ശ്രീനിജിൻ:</u>
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ളതും സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും നടത്തുന്നതുമായ ഓർഫനേജുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ?

ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട്, 1960-ലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ഓർഫനേജ് കൺട്രോൾ ബോർഡാണ് ഓർഫനേജുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത്. ഓർഫനേജുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഓർഫനേജസ് ആന്റ് ചാരിറ്റബിൾ ഹോംസ് ആക്റ്റ് അനുസരിച്ചാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്; അറിയിക്കുമോ?

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോം (സൂപ്പർവിഷൻ & കൺട്രോൾ)ആക്ട്, 1960 പ്രകാരമാണ് പ്രവർത്തിക്കുന്നതെന്നത് ഉറപ്പുവരുത്തുന്നുണ്ട്. ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോം (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട്, 1960 സെക്ഷൻ-13-ലെ വ്യവസ്ഥകൾ പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമില്ലാതെ ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. ഹോമുകൾ സ്ഥാപിച്ച് നടത്തുന്നതിനുള്ള അംഗീകാരം നൽകുകയും നിശ്ചിത സമയത്ത് അംഗീകാരം പുതുക്കി നല്കുകയും ചെയ്യുന്നത് ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമാണ്. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) സംസ്ഥാനത്തെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം കാര്യക്ഷമമായി നടന്നുവരുന്നു.

(ഡി) സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും നടത്തുന്ന ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും സഹായിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത സ്ഥാപനങ്ങൾ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആന്റ് കൺട്രോൾ) ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഹോമുകൾ സ്ഥാപിച്ച്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ആവശ്യമാണ്. സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും നടത്തുന്ന ക്ഷേമസ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും സഹായിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കൃഷി നാശത്തിന് നഷ്ടപരിഹാരം

19 (*589) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തുണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും വ്യാപകമായുണ്ടായ കൃഷി നാശത്തിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും 12-10-2021 മുതൽ 4-11-2021 വരെ AIMS Portal മുഖേനയുള്ള പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 126957 കർഷകരുടെ 59,110.81 ഹെക്ടർ സ്ഥലത്തായി ആകെ 49,340.77 ലക്ഷം രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത നഷ്ടപരിഹാരം സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുകയും സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായ കർഷകർക്ക് വിളനാശം സംഭവിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന മാനദണ്ഡങ്ങൾക്കനുസരിച്ച് നഷ്ടപരിഹാരത്തുക നൽകുന്നതാണ്. പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തര ഇടപെടലുകൾ നടത്തുന്നതിനുമായി ഓരോ ജില്ലകളിലും സംസ്ഥാനതലത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും കൃഷി വകുപ്പുമന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തര നഷ്ടപരിഹാരം ലഭിക്കുന്നതിനായി AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുവാൻ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തിവരുന്നു. അപേക്ഷകളിന്മേൽ ഫീൽഡ്തല പരിശോധനകൾ അടിയന്തരമായി നടത്തിവരികയാണ്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിന് നെൽവിത്തിന്റെ കരുതൽ ശേഖരം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കർഷകരുടെ ആവശ്യം പരിഗണിച്ച് കഴിഞ്ഞ 2021 ഒക്ടോബർ മാസം 12-ാം തീയതി മുതൽ ഒക്ടോബർ 30 വരെയുണ്ടായ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ AIMS പോർട്ടലിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2021 നവംബർ മാസം 15-ാം തീയതി വരെ നീട്ടി നൽകിയിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ കൂടി പരിശോധിച്ച് നഷ്ടപരിഹാരം തിട്ടപ്പെടുത്തി ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തീവ്ര കന്നുകാലി വികസന പദ്ധതി**

20 (*590) ശ്രീ. ആന്റണി ജോൺ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പ്രേംകുമാർ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനം ഉയർത്തുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച തീവ്ര കന്നുകാലി വികസന പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ?

ഊർജ്ജിത കന്നുകാലി വികസന പദ്ധതി തെരഞ്ഞെടുത്ത ഒരു പ്രത്യേക പ്രദേശത്തെ കന്നുകാലികളുടെ പാലുൽപ്പാദനം ഒരു നിശ്ചിത സമയത്തിനുള്ളിൽ, നിശ്ചിത തോതിൽ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച ഒരു സംയോജിത പദ്ധതിയാണ് ഊർജ്ജിത കന്നുകാലി വികസന പദ്ധതി. കന്നുകാലികളുടെ വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിന് selective cross breeding എന്ന രീതി അവലംബിക്കുകയും അതുവഴി കന്നുകാലികളുടെ പാലുൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ പദ്ധതി സംസ്ഥാനത്തെ ഉല്പാദനക്ഷമതയുള്ള

പശുക്കളെ ഉദ്ദേശിച്ചുള്ളതും അതോടൊപ്പം കന്നുകാലി വികസനത്തിന്റെ എല്ലാ മേഖലകളും പരിഗണിക്കുന്നതും നിയന്ത്രിത ബീജസങ്കലനം, തീറ്റപ്പുൽ ഉൽപ്പാദനം, സമീകൃതമായ ആഹാരരീതി നടപ്പാക്കൽ, ഫലപ്രദമായ രോഗ നിയന്ത്രണം എന്നിവകൂടി ഉൾപ്പെടുന്നതുമാണ്. ഈ പ്രോജക്ട് നടപ്പാക്കുന്നത് മേഖലാ മൃഗാരോഗ്യ കേന്ദ്രങ്ങൾ (ആർ.എ.എച്ച്.സി), ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, വെറ്ററിനറി പോളിക്ലിനിക്കുകൾ, വെറ്ററിനറി ഹോസ്പിറ്റലുകൾ, വെറ്ററിനറി ഡിസ്പെൻസറികൾ, വെറ്ററിനറി സബ്സെന്ററുകൾ എന്നിവ വഴിയാണ്. എല്ലാ കന്നുകാലി വികസന പ്രവർത്തനങ്ങളും ഈ പ്രോജക്ടിന് കീഴിൽ നടപ്പിലാക്കുക, കന്നുകാലികളുടെ ക്ഷീരോൽപ്പാദനം സംബന്ധിച്ച് ശരിയായ അറിവ് പൊതുജന സമ്പർക്കത്തിലൂടെയും സെമിനാറുകളിലൂടെയും കന്നുകാലി പ്രദർശനങ്ങളിലൂടെയും കർഷകർക്ക് മനസ്സിലാക്കിക്കൊടുക്കുക, കന്നുകാലികളിലെ ഫലപ്രദമായ രോഗനിയന്ത്രണം എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. മൃഗസംരക്ഷണ വകുപ്പിൻ കീഴിൽ തിരുവനന്തപുരം, കൊട്ടാരക്കര, പത്തനംതിട്ട, ഇടുക്കി, ആലുവ, മാള, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ഓഫീസുകൾ പ്രവർത്തിക്കുന്നു.

(ബി) പാലിന്റെയും പാലുല്പന്നങ്ങളുടെയും വർദ്ധിച്ച ആവശ്യത്തിനനുസരിച്ച് ഇവ ലഭ്യമാക്കാൻ കന്നുകാലികളുടെ ജനിതക ഗുണങ്ങൾ വർദ്ധിപ്പിച്ച് സങ്കരയിനം പശുക്കളെ വളർത്തിയെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കന്നുകാലികളുടെ ജനിതക ഗുണങ്ങൾ വർദ്ധിപ്പിച്ച് സങ്കരയിനം പശുക്കളെ വളർത്തിയെടുക്കുന്നതിനായി കെ.എൽ.ഡി.ബി. സ്വീകരിച്ചു വരുന്ന നടപടികൾ

1. ഭ്രൂണമാറ്റം, ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിച്ച് ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉൽപ്പാദിപ്പിക്കാനും കർഷകരുടെ ഇടങ്ങളിലുള്ള ഉൽപ്പാദനശേഷി കൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

2. പശുക്കളുടെ രോഗപ്രതിരോധശേഷി ഉയർത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ ജനിതക ഗവേഷണങ്ങൾ കെ.എൽ.ഡി.ബോർഡും തിരുവനന്തപുരം ജില്ലയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് (IISER) -ഉം സംയുക്തമായി ആരംഭിച്ചുകഴിഞ്ഞു. നമ്മുടെ നാടൻ ഇനം പശുക്കൾക്ക്, രോഗപ്രതിരോധശേഷിയും കാലാവസ്ഥയോട് ഇണങ്ങി ജീവിക്കാനുമുള്ള കഴിവും സങ്കരവർഗ്ഗങ്ങളെക്കാൾ കൂടുതലാണ്. ഉയർന്ന രോഗ പ്രതിരോധശേഷി പ്രദാനം ചെയ്യുന്ന നാടൻ പശുക്കളുടെ ജീനുകളെ കണ്ടെത്തി, അവയെ തന്മാത്രാ ജനിതക ശാസ്ത്രത്തിലെ ആധുനികസാങ്കേതികവിദ്യകൾ

പ്രയോജനപ്പെടുത്തി, സങ്കരവർഗ്ഗ പശുക്കളുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് പര്യാപ്തമാക്കാൻ സാധിക്കുമോയെന്ന ഗവേഷണമാണ് പ്രധാനമായും ഈ സംയുക്ത സംരംഭത്തിലൂടെ ഉദ്ദേശിക്കുന്നത്. ഇത് ഫലപ്രദമായാൽ സംസ്ഥാനത്തെ പശുക്കളുടെ രോഗപ്രതിരോധശേഷി വർദ്ധിക്കുകയും ഉൽപ്പാദനം മെച്ചപ്പെടുന്നതുമാണ്.

3. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള പശുക്കൾക്ക് ഏറ്റവും ഉയർന്ന പ്രജനന മൂല്യമുള്ള വിത്തുകാളകളുടെ ബീജം ലഭ്യമാക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

4. ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി 29.59 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

5. സന്തതി പരിശോധന (പ്രോജനി ടെസ്റ്റിംഗ്) പദ്ധതിയിലൂടെ ജനിക്കുന്ന മേൽത്തരം വിത്തുകാളക്കുട്ടികളുടെ പ്രജനനമൂല്യം (ബ്രീഡിംഗ് വാല്യൂ), ജനിതക ശാസ്ത്രരീതികളിലൂടെ കണ്ടെത്തി, അവയിൽ ഏറ്റവും മെച്ചമായവയെ പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

6. പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വിത്തുകാളകളെ ജനിതക തെരഞ്ഞെടുപ്പുകളിലൂടെ (ജീനോമിക് സെലക്ഷൻ) തെരഞ്ഞെടുത്ത് ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ നടപടികൾ - കന്നുകുട്ടിപരിപാലന പദ്ധതി മൃഗസംരക്ഷണ വകുപ്പുതലത്തിൽ നടപ്പിലാക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി സ്കീമിൽ ഗോവർദ്ധിനി CAP കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് പ്രതിവർഷം 200000 കന്നുകുട്ടികൾ ജനിക്കുന്നുവെന്നാണ് കണക്ക്. ഇപ്രകാരമുള്ള കന്നുകുട്ടികൾക്ക് മതിയായ ശാസ്ത്രീയ പരിചരണം ലഭ്യമായാൽ മാത്രമേ അവ ആരോഗ്യമുള്ള പശുക്കളായി വളർന്ന് പൂർണ്ണരീതിയിൽ പാലുൽപ്പാദനം നടത്തുകയുള്ളൂ. പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്ന കന്നുകുട്ടികൾക്ക് അവ പ്രസവിക്കുന്നതുവരെ അല്ലെങ്കിൽ 32 മാസം വരെ ഏതാണോ ആദ്യം എത്തുക അതുവരെ സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ നൽകുന്നു. അതോടൊപ്പം വിര മരുന്നുകൾ, ധാതുലവണ മിശ്രിതം, എന്നിവയും നൽകുന്നുണ്ട്. കന്നുകുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്നുണ്ട്.

(സി) ഗ്രാമീണ ജനതയ്ക്ക് തൊഴിലവസരം, ദുർബ്ബല വിഭാഗങ്ങൾക്ക് പോഷകാഹാരമൂല്യം എന്നിവയിൽ കന്നുകാലി വികസന പദ്ധതി ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഗ്രാമീണ ജനതയ്ക്ക് തൊഴിലവസരം, ദുർബ്ബല വിഭാഗങ്ങൾക്ക് പോഷകാഹാരമൂല്യം എന്നിവയിൽ കന്നുകാലി വികസന പദ്ധതി ഗുണപരമായ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. വീട്ടിലെ ആവശ്യത്തിനുൾപ്പെടെ കർഷകർ ചെറിയ തോതിൽ ഒന്നോ, രണ്ടോ പശുക്കളെ വളർത്തുകയെന്ന പഴയ രീതിയിൽനിന്ന് മാറ്റം വരികയും മൃഗസംരക്ഷണ മേഖലയെ വരുമാനം ലഭിക്കുന്ന തൊഴിൽ മേഖലയായി കർഷകർ ഇപ്പോൾ കണക്കാക്കിവരികയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരായ യുവാക്കൾക്ക് മൃഗസംരക്ഷണ മേഖല ഒരു അനുഗ്രഹമാണ്. വകുപ്പുതലത്തിലെ വിവിധ പദ്ധതികൾ തൊഴിൽരഹിതരായ യുവാക്കളെ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നതിന് പ്രേരണ നൽകുന്നതാണ്. കൂടാതെ ക്ഷീര സംഘങ്ങൾ വഴി പാൽ ശേഖരിക്കുന്നതും വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നു. ഊർജ്ജിത കന്നുകാലി വികസന പദ്ധതി നടപ്പിലാക്കിയതിനുശേഷം പോഷകാഹാരമായ പാലിന്റെ ആളോഹരി ലഭ്യത വളരെയധികം വർദ്ധിച്ചിട്ടുണ്ട്. 1964-65-ൽ പാലിന്റെ ആളോഹരി ലഭ്യത 33 gm ആയിരുന്നത് 2020-2021-ലെ കണക്കുകൾ പ്രകാരം (പ്രൊവിഷണൽ) 190 gm ആയി ഉയർന്നിട്ടുണ്ട്. അതിൽ പശുവിൻ പാലിന്റെ മാത്രം ആളോഹരി ലഭ്യത 180 gm ആണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കന്നുകാലി വികസനവുമായി ബന്ധപ്പെട്ട് തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം, തീറ്റപ്പുൽ കൃഷി എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. ടി പ്രവൃത്തികൾ കന്നുകാലി സംരക്ഷണത്തിന് സഹായകരമാകുന്നതോടൊപ്പം ഗ്രാമീണ മേഖലയിൽ തൊഴിലവസരവും ഉണ്ടാക്കുന്നുണ്ട്.

### ജൈവ കൃഷിയിലൂടെ പുതിയ കാർഷിക സംസ്കാരം

21 (*591) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ കൃഷിയിലൂടെ പുതിയ കാർഷിക സംസ്കാരം വളർത്താൻ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

നാം ഇന്ന് അഭിമുഖീകരിക്കുന്ന കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള അനിയന്ത്രിത പ്രവർത്തനങ്ങൾക്ക് (രാസ കീടനാശിനികളുടെ ഉപയോഗം, മാലിന്യം കത്തിക്കൽ) വലിയൊരു പങ്കുണ്ട്. ആയതിനാൽ ജൈവ കൃഷിയിൽ കൂടുതൽ ഊന്നൽ

നൽകേണ്ടത് ആവശ്യമാണ്. സംസ്ഥാനത്ത് ജൈവ കൃഷിയിലൂടെ പുതിയ കാർഷിക സംസ്കാരം വളർത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 10-2-2010-ലെ G.O.(P)39/2010 കൃഷി തിരുവനന്തപുരം, പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചു. ജൈവകൃഷി വ്യാപനം കേരളത്തിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് ആരംഭത്തിൽ നടപ്പിലാക്കിയിരുന്നത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപയാണ് ധനസഹായമായി നൽകിയിരുന്നത്. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചിരുന്നത്. ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ട് പഴം, പച്ചക്കറി കൃഷി, 1405 ക്ലസ്റ്ററുകൾ മുഖേന 35125 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി എന്നിവ വ്യാപിപ്പിച്ചു. സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം സുരക്ഷിതം പദ്ധതി – ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഒരു ഇക്കോഷോപ്പിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. 2013 മുതൽ നാളിതുവരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ 192 ഇക്കോഷോപ്പുകൾ കൃഷി വകുപ്പിന്റെ മറ്റ് പദ്ധതികൾക്കുകീഴിലും ഇതുവരെ ആരംഭിച്ചിട്ടുണ്ട്. ജൈവ ഉല്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് ഇക്കോഷോപ്പ് ഒന്നിന് 2 ലക്ഷം രൂപ നിരക്കിൽ നടപ്പ് സാമ്പത്തിക വർഷം പുതുതായി 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 24 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ 3 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. കൂടാതെ 2 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയും സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) പദ്ധതി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ (ഫണ്ടുകളുടെ 60:40 അനുപാതത്തിൽ) ജൈവകൃഷി വ്യാപനം നടത്തുന്നു.

തുടർച്ചയായി മൂന്നുവർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. 624 ക്ലസ്റ്ററുകൾ രൂപീകരിച്ച് 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചിരുന്നുവെങ്കിലും 119 ക്ലസ്റ്ററുകളുടെ പ്രവർത്തനം (2380 ഹെക്ടർ) ഇനി തുടരേണ്ടതില്ലെന്ന് കേന്ദ്ര സർക്കാരിന്റെ അറിയിപ്പ് ലഭിച്ചത് പ്രകാരം 505 ക്ലസ്റ്ററുകളിലൂടെ ആകെ 10100 ഹെക്ടർ സ്ഥലത്ത് നിലവിൽ ഈ പദ്ധതി പ്രകാരം ജൈവകൃഷി നടപ്പിലാക്കിവരുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ് സർട്ടിഫിക്കറ്റ് നൽകുന്നു.

2) സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി സ്വാഭാവിക കൃഷി/പ്രകൃതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ വർഷം 84000 ഹെക്ടർ സ്ഥലത്ത് സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) കേരളത്തിൽ നടപ്പിലാക്കിവരുന്നു. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 5000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ 14 ജില്ലകളിലായി ആകെ 23566 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൾ, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി കൃഷിയിറക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വിവിധ കാർഷിക കൂട്ടായ്മകളിലൂടെ (FIG) ജൈവ ഉല്പാദനോപാധികളും മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ സാധിച്ചു. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ തനിമ നഷ്ടപ്പെടാതെ വിത്തുല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനും ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നടപ്പിലാക്കിവരുന്നു. ബ്ലോക്കുതലത്തിൽ തെരഞ്ഞെടുത്ത ഹൈ പവർ കമ്മിറ്റിയിലെ കർഷക പ്രതിനിധികൾക്ക് പരിശീലനം നൽകുകയും ഇവരിലൂടെ പദ്ധതിയിൽ ഉല്പാദിപ്പിക്കേണ്ട ജൈവ കൂട്ടുകളുടെ ഉല്പാദനരീതികൾ മറ്റുകർഷകർക്ക് പകർന്ന് നൽകുകയും ചെയ്തുവരുന്നു. ജൈവകൃഷി സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനും സർട്ടിഫിക്കേഷൻ നേടാൻ സഹായിക്കുന്നതിനുമായി പരമ്പരാഗത കൃഷി വികാസ് യോജന, സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) എന്നീ പദ്ധതികളിലൂടെ കർഷകരെ ബോധവൽക്കരിക്കുകയും പി.ജി.എസ്. ഇന്ത്യ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ National Centre of Organic Farming (NCOF), Regional Centre of Organic Farming (RCOF) നേരിട്ടും കർഷകർക്ക് പരിശീലനം നൽകുന്നു. ജൈവകൃഷി എന്നത് ഒറ്റപ്പെട്ട ഒരു കൃഷി സമ്പ്രദായമല്ല, ആയത് മൃഗപരിപാലനം,

ക്ഷീരോൽപ്പാദനം, കോഴിവളർത്തൽ, പന്നിവളർത്തൽ, വനവൽക്കരണം, തേനീച്ച വളർത്തൽ എന്നിവയെല്ലാം കൂട്ടിച്ചേർത്തൊരു സമഗ്ര സമീപനമാണ്. നമുക്ക് ചുറ്റുമുള്ള കാർഷികേതരമായ ജൈവവൈവിധ്യവും കൂടിച്ചേർന്നതാണ് നമ്മുടെ ആവാസവ്യവസ്ഥ. ഇതെല്ലാം കൂട്ടിചേർത്തുകൊണ്ട് കേരളത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കുന്നതിനായി ഓർഗാനിക് മിഷൻ രൂപീകരിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. മിഷന്റെ കീഴിൽ കേരളത്തിന് അനുയോജ്യമായ രീതിയിൽ ജൈവകൃഷി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ കൈവരിക്കാൻ ലക്ഷ്യമിടുന്നു.

**കനത്ത മഴയിലും ഉരുൾപൊട്ടലിലും നഷ്ടപ്പെട്ട വളർത്തുമൃഗങ്ങൾ**

22 (*592) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തുണ്ടായ കനത്ത മഴയിലും ഉരുൾപൊട്ടലിലും ജീവനോപാധിയായ വളർത്തുമൃഗങ്ങൾ വ്യാപകമായി നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഈ ഇനത്തിൽ ഉണ്ടായ നാശനഷ്ടം ജില്ല തിരിച്ച് കണക്കാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 2021 ഒക്ടോബർ മാസത്തിലുണ്ടായ കനത്ത മഴയിലും ഉരുൾപൊട്ടലിലുമുണ്ടായ നാശനഷ്ടം സംബന്ധിച്ച് ജില്ലകളിൽനിന്നും കണക്കുകൾ ശേഖരിക്കുകയും ആയത് സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. 16-10-2021 മുതൽ 22-10-2021 വരെയുണ്ടായ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് 23 പശുക്കൾ, 5 എരുമകൾ, 18 കിടാരികൾ, 18 പശുക്കുട്ടികൾ, 9 പന്നികൾ, 44 ആടുകൾ, 25084 കോഴികൾ, 114 തൊഴുത്തുകൾ, 29 കോഴി ഷെഡ്ഡുകൾ, 13035 കിലോഗ്രാം തീറ്റ എന്നിവ സംസ്ഥാനത്ത് നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ ഉണ്ടായ നാശനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഈ ഇനത്തിൽ സംസ്ഥാനത്ത്, മേൽ കണക്ക് പ്രകാരം 1.4 കോടി രൂപയുടെ നഷ്ടം മൃഗസംരക്ഷണ മേഖലയിൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ടുണ്ടായിട്ടുണ്ട്.

(സി) നാശനഷ്ടം സംഭവിച്ചവർക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് മൃഗങ്ങൾക്കായുള്ള 114 ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ക്യാമ്പുകളിൽ 4009 ഉരുക്കളെയും 802 ആടുകളെയും സംരക്ഷിക്കുകയുണ്ടായി. ഇവയ്ക്ക് ക്യാമ്പിൽ തീറ്റ നല്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിൽനിന്നും 9.5 ലക്ഷം രൂപ വിവിധ ജില്ലകൾക്കായി അനുവദിക്കുകയുണ്ടായി. പ്രളയത്തിൽ നഷ്ടപ്പെട്ട ഉരുക്കൾക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിനായി ആവശ്യമായ പ്രൊപ്പോസൽ ദുരന്തനിവാരണ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്.

**കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ**

23 (*593) ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ഉല്പാദന, സംസ്കരണ, വിപണന പ്രവർത്തനത്തോടൊപ്പം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് നടത്തിവരുന്നത്; വിശദമാക്കാമോ?

കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനാവിഷ്കൃത പദ്ധതികളായ ലീഡ്സ് പദ്ധതി, കൃഷി പാഠശാല & ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ, മാനവവിഭവശേഷി വികസന പദ്ധതി, കൃഷിഭവനുകളിൽ ഇൻറ്റേൺഷിപ്പ്, പൊതുജന പങ്കാളിത്ത പദ്ധതി, മൊബൈൽ അഗ്രോ ക്ലിനിക്കുകൾ, ഫാം ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ പദ്ധതി എന്നിവയും കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മ പദ്ധതിയും കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴിയും മറ്റ് ട്രെയിനിംഗ് യൂണിറ്റുകൾ വഴിയും ഒരു വർഷം ഏകദേശം ആയിരത്തോളം പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. ഇതിന് പുറമെ മുൻനിര പ്രദർശനങ്ങൾവഴി കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുള്ള കണ്ടുപിടുത്തങ്ങൾ കർഷകരിലേയ്ക്കെത്തിക്കാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാലാവസ്ഥ വ്യതിയാനത്തെ ചെറുത്തുനിൽക്കുന്നതിനായി പ്രതിരോധശേഷിയുള്ള വിളയിനങ്ങൾ, ഹ്രസ്വകാല വിളയിനങ്ങൾ എന്നിവയുടെ വികസനം, ഉല്പാദനോപാധികളുടെ കാര്യക്ഷമതയെ പ്രോത്സാഹിപ്പിക്കുന്ന സാങ്കേതികവിദ്യ വികസനം എന്നിവയിൽ പഠന ഗവേഷണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാർഷിക മേഖലയിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാശാല മുഖാന്തരമാണ് നടപ്പിലാക്കുന്നത്. പ്ലാൻ പദ്ധതിയുടെ ഭാഗമായും ബാഹ്യഫണ്ടിംഗിന്റെ സഹായത്തോടുകൂടിയുള്ള ഗവേഷണ പദ്ധതികളുടെ ഭാഗമായും വിദ്യാർത്ഥി ഗവേഷണ പ്രോജക്ടുകളുടെ ഭാഗമായും കാലാവസ്ഥാ വ്യതിയാനത്തെ ചെറുത്തുനിൽക്കുന്നതിനായി പ്രതിരോധശേഷിയുള്ള വിളയിനങ്ങൾ, ഹ്രസ്വകാല വിളയിനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും ഉൽപ്പാദനോപാധികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുംവേണ്ട സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായുള്ള വിവിധ ഗവേഷണ പ്രവർത്തനങ്ങൾ കാർഷിക സർവ്വകലാശാലയിൽ നടന്നുവരുന്നു.

(സി) പ്രധാന വിളകളുടെ ഉല്പാദനം, വിള സംരക്ഷണം, ജൈവ ഉല്പാദനോപാധികൾ, വിദഗ്ധരുടെ ഡയറക്ടറി എന്നിവ ഉൾക്കൊള്ളുന്ന കൃഷി സംബന്ധമായ മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രധാന വിളകളുടെ ഉല്പാദനം, വിള സംരക്ഷണം, ജൈവ ഉല്പാദനോപാധികൾ എന്നിവ ഉൾക്കൊള്ളുന്ന 'അഗ്രികൾച്ചർ ഫാം എക്സ്റ്റൻഷൻ മാനേജർ' (FEM@Mobile) എന്ന കൃഷി സംബന്ധമായ മൊബൈൽ ആപ്ലിക്കേഷൻ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ കേരള കാർഷിക സർവ്വകലാശാല ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ വികസിപ്പിച്ചിട്ടുണ്ട്. Playstore-ൽ നിന്ന് സൗജന്യമായി ഇത് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. കേരളത്തിലെ പ്രധാനപ്പെട്ട 100 വിളകളുടെ വിത്ത് മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ കാര്യങ്ങളും ഇതിൽ ലഭ്യമാണ്. ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ മൂവായിരത്തോളം പേജുകളിലായി വിവരങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ മുന്നൂറോളം ചെറിയ വീഡിയോകൾ, ഇരുന്നൂറോളം ഫാം പോസ്റ്ററുകൾ, ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം തുടങ്ങി വിവിധങ്ങളായ അറിവുകൾ ഇതുവഴി കർഷകർക്ക് ലഭ്യമാണ്. ഏകദേശം അൻപതിനായിരത്തോളം പേർ ഇത് ഉപയോഗിക്കുന്നുണ്ട്.

## പ്രളയാനന്തര കാർഷിക മേഖലയുടെ പുന:സ്ഥാപനം

24 (*594) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയാനന്തര കാർഷിക മേഖലയുടെ പുനഃസ്ഥാപനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണുണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങൾ കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതികളായ പുനർജ്ജനി - പ്രളയാനന്തര കാർഷിക മേഖലയുടെ പുനഃസ്ഥാപനം, വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം, സുഗന്ധവ്യഞ്ജന വികസനം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ പ്രകൃതി ദുരന്തങ്ങൾമൂലം നാശനഷ്ടം നേരിട്ട ആസ്തികൾ, ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങളെ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതികവിദ്യയിലൂന്നി സമയബന്ധിതമായി പുനർനിർമ്മിക്കുന്നതിന് 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്' എന്ന പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നു.

(ബി) പ്രളയത്തെ തുടർന്നുണ്ടായ മണ്ണൊലിപ്പിന്റെ ഫലമായി കൃഷി ഭൂമിക്കുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

2018-ലെ പ്രളയാനന്തരം മണ്ണിന്റെ രാസ-ഭൗതിക സ്വഭാവങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് കാസർഗോഡൊഴികെയുള്ള 13 പ്രളയബാധിത ജില്ലകളിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പഠനം നടത്തി ഓരോ ജില്ലയിലെയും മണ്ണ് പരിശോധന ഫലങ്ങളും പ്രളയാനന്തരം കൃഷി ഭൂമിയിൽ വന്നിട്ടുള്ള മാറ്റങ്ങളും സംബന്ധിച്ച് വിശദവിവരങ്ങൾ ഉൾപ്പെടുത്തി "Soil Health Status of Kerala in the Post Flood Scenario" എന്ന റിപ്പോർട്ട് കർഷകർക്കും ഉദ്യോഗസ്ഥർക്കും ഗവേഷകർക്കും

പൊതുജനങ്ങൾക്കും പ്രയോജനകരമായ വിധം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഈ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ ഇവയാണ്. കരപ്രദേശങ്ങളിൽ മണ്ണൊലിപ്പുമൂലവും വയലേലകളിലും താഴ്ന്ന പ്രദേശങ്ങളിലും എക്കൽ ചെളി അടിഞ്ഞുകൂടിയതുമൂലവും മണ്ണിന്റെ രാസ-ഭൗതിക സ്വഭാവങ്ങളിൽ മാറ്റം വന്നതായി കണ്ടെത്തി. ഭൗതിക സ്വഭാവങ്ങളിൽ വന്ന മാറ്റങ്ങൾമൂലം മണ്ണിലെ വായു, ജലസഞ്ചാരം എന്നിവ തടസ്സപ്പെട്ടതായും അത് മണ്ണിലെ സൂക്ഷ്മ ജീവജാലങ്ങളുടെ നിലനിൽപ്പിനെ സാരമായി ബാധിച്ചതായും കണ്ടെത്തി. രാസസ്വഭാവങ്ങളിൽ വന്ന മാറ്റങ്ങൾമൂലം കാർഷികവിള ഉല്പാദനത്തെ സാരമായി ബാധിക്കുന്ന ഘടകമായ മണ്ണിലെ അമ്ലതയിൽ മാറ്റം വന്നതായി കാണുന്നു. പരിശോധിച്ച 50 ശതമാനം സാമ്പിളുകളിലും അമ്ലത വളരെ അധികമായി കാണപ്പെട്ടു. പ്രാഥമിക മൂലകങ്ങളുടെ പരിശോധനയിൽ 24 ശതമാനം സാമ്പിളുകളിൽ നൈട്രജനും 28 ശതമാനം സാമ്പിളുകളിൽ ഫോസ്ഫറസും 36 ശതമാനം സാമ്പിളുകളിൽ പൊട്ടാസ്യവും കുറവായി കാണപ്പെട്ടു. ദ്വിതീയ മൂലകങ്ങളായ കാത്സ്യം 39 ശതമാനം സാമ്പിളുകളിലും മഗ്നീഷ്യം 66 ശതമാനം സാമ്പിളുകളിലും സൾഫർ 12 ശതമാനം സാമ്പിളുകളിലും അപര്യാപ്തമായി കണ്ടെത്തി. സൂക്ഷ്മമൂലകങ്ങളിൽ ബോറോൺ 61 ശതമാനം സാമ്പിളുകളിലും സിങ്ക് 10 ശതമാനം സാമ്പിളുകളിലും അപര്യാപ്തമായി കണ്ടെത്തി. കൂടാതെ പ്രളയാനന്തരം മണ്ണിന്റെ പോഷകനിലയിലുണ്ടായ മാറ്റം പരിശോധിച്ച പ്രദേശങ്ങളിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തുവരുന്നു. പമ്പ റിവർ ബേസിനിൽ പ്രളയബാധിത പ്രദേശങ്ങളിൽ ഹരിത കേരള മിഷൻ ആവശ്യപ്പെട്ടതനുസരിച്ച് വിശദമായ പഠനം നടത്തുകയും മണ്ണിന്റെ പോഷകനില, ജലസംഭരണശേഷി, വായുസഞ്ചാരം എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തു. പ്രളയത്തിന്റെ ഫലമായി കൃഷിഭൂമിയിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്തു. കൃഷിക്ക് അനുയോജ്യമാക്കുന്നതിനാവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിൽ വലിയതോതിൽ മേൽ മണ്ണും അടിമണ്ണും നഷ്ടപ്പെട്ടതുമൂലവും പാറകളും കല്ലുകളും വന്നടിഞ്ഞതുമൂലവും മണ്ണിന്റെ പരിച്ഛേദിക ഘടന നഷ്ടപ്പെടുകയുണ്ടായി. ഇതുമൂലം ഈ പ്രദേശങ്ങൾ ദീർഘകാലം കൃഷിക്ക് ഉപയുക്തമാകില്ല. ഇത്തരം പ്രദേശങ്ങളിൽ കൂടുതൽ ദുരന്തങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായതും ഭൂവിനിയോഗം, ജലസേചനം, ജലസംരക്ഷണോപാധികൾ എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2018 വർഷത്തെ മഹാപ്രളയത്തിലും പ്രകൃതിക്ഷോഭത്തിലും നാശോന്മുഖമായ ആവാസവ്യവസ്ഥയുടെ പുനരുജ്ജീവനത്തിനായി കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 22841 ഹെക്ടർ പ്രദേശം സംരക്ഷിക്കുന്നതിനായി 60.94 കോടി രൂപ അടങ്കലിൽ 75 പദ്ധതികൾ പ്രവൃത്തി പഥത്തിലെത്തിക്കാൻ വകുപ്പിന് സാധ്യമായി. ഇടുക്കി, വയനാട്, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ ജില്ലകളിലായി പരിസ്ഥിതി പുനരുജ്ജീവനം, വെള്ളപ്പൊക്ക നിവാരണം, ഉരുൾപൊട്ടൽബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നാളിതുവരെ ലഭ്യമായ 25.39 കോടി രൂപയിൽ 22.83 കോടി രൂപ ചെലവഴിച്ച് 8556 ഹെക്ടർ പ്രദേശത്ത് സംരക്ഷണം സാധ്യമായിട്ടുണ്ട്. പാടശേഖരങ്ങളിലെയും കൃഷിഭൂമിയിലെയും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾവഴി കൃഷിയിലെ മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കുവാനും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുവാനും സാധ്യമായിട്ടുണ്ട്. നീർച്ചാലുകളിലെ തടസ്സം നീക്കം ചെയ്ത് ജലനിർഗ്ഗമനം സുഗമമാക്കുകവഴി മഴക്കാലത്തെ വെള്ളപ്പൊക്ക സാഹചര്യം നിയന്ത്രിക്കുവാനും വകുപ്പിന്റെ പ്രവർത്തനങ്ങൾ വഴിയൊരുക്കിയിട്ടുണ്ട്.

(സി) പാടശേഖരങ്ങളെ പുനഃസ്ഥാപിക്കുന്നതിനും പ്രധാന വിളകളുടെ കൃഷി വിസ്തൃതി വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണംവഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. 2021-22 വർഷത്തിൽ നെൽകർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ:-

I. 2021-22 വർഷത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ പദ്ധതി ഘടകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

a) സുസ്ഥിര നെൽകൃഷി വികസന പദ്ധതി
b) നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്
c) പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം
d) പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
e) കരനെൽകൃഷി വികസനം
f) തരിശുനില കൃഷി (സുഭിക്ഷകേരളം)
g) ഒരുപ്പൂകൃഷി ഇരുപ്പൂകൃഷി
h) നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി
i) പരമ്പരാഗത നെൽകൃഷി മേഖലകളിലെ നെൽകൃഷിക്ക് പ്രത്യേക ധനസഹായം
j) ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതി

k) പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളിലെ അടിയന്തര അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം

l) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം റൈസ് മിൽ സ്ഥാപിക്കൽ ബ്ലോക്ക് ലെവൽ കൺവെർജെൻസ്

II. മറ്റ് പദ്ധതികൾ:-

a) മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതി

b) നെൽകൃഷി ഉല്പാദന ബോണസ് (പദ്ധതിയേതരം)

c) കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (പദ്ധതിയേതരം)

III. കേന്ദ്രാവിഷ്കൃത പദ്ധതികൾ - നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

IV. ജനകീയാസൂത്രണം - ജനകീയാസൂത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽ കൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും വളം, കീടനാശിനി എന്നിവയ്ക്കുള്ള ആനുകൂല്യവും (പരമാവധി 22000 രൂപ) കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

(ഡി) കാലാവസ്ഥാ വ്യതിയാനവും നിരന്തരമുണ്ടാകുന്ന പ്രളയവും കണക്കിലെടുത്ത് കൃഷിരീതികളിലും വിളകളിലും മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെത്തുടർന്ന് കാർഷിക മേഖലയുടെ പുനർനിർമ്മാണത്തിനുമായി കൃഷി വകുപ്പിന്റെ നിലവിലുള്ള ഭരണപരമായ അതിർത്തികൾക്കും ചട്ടക്കൂടുകൾക്കും മാറ്റം വരുത്താതെയും തദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതികളും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ടും തദ്ദേശ സ്ഥാപനങ്ങളും കൃഷിവകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടും സർക്കാർ ആരംഭിച്ച നടപടികളുടെ ഭാഗമായി മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, കൃഷി സമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി കേരളത്തിലെ കാർഷിക മേഖലയെ 5 അഗ്രോ ഇക്കോളജിക്കൽ സോൺ (കാർഷിക പാരിസ്ഥിതിക മേഖല) ആയി വിഭജിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സോണുകളെ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകൾക്കാണ് ആ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആയതു കൊണ്ട് ആ വിളയുടെ പരമാവധി ഉല്പാദനം ആ

പ്രദേശത്തുനിന്നും ലഭിക്കും. ഗുണമേന്മയുള്ളതും കൃത്യമായ അളവിലും ഉല്പാദനോപാധികൾ നൽകുന്നത് കൊണ്ട് ഉല്പാദനക്ഷമതയും വർദ്ധിക്കും. ഈ ഉല്പന്നങ്ങളുടെ വിപണന സംവിധാനവും പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തുന്നു. കൂടാതെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉല്പാദനത്തിലൂടെയും കർഷകരുടെ വരുമാനം വർദ്ധിക്കും.

## ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

25 (*595) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി പ്രകാരമുള്ള പരിശീലന കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020-2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ 9 കായികയിനങ്ങളിൽനിന്നും ദേശീയ അന്തർദ്ദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എസ്.എച്ച്. മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം ബോക്സിംഗ് തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലും റോവിംഗ് ആലപ്പുഴ ജില്ലയിലും ബാഡ്മിന്റൺ എറണാകുളം ജില്ലയിലും ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഒരു കായികയിനത്തിൽ 15 കുട്ടികൾ എന്ന കണക്കിലാണ് നിലവിൽ പരിശീലനം നടത്തിവരുന്നത്. ഓരോ വർഷത്തിലും പരിശീലനത്തിന്റെ മികവ് വിലയിരുത്തി വീഡ് ഔട്ട് (weedout) നടത്തിവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതിയുടെ എക്സ്പേർട്ട് കമ്മിറ്റി ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

### വയോമിത്രം പദ്ധതി

26 (*596) ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനുള്ള വയോമിത്രം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക ഓഡിറ്റ്, പെർഫോർമൻസ് ഓഡിറ്റ്, ഇന്റേർണൽ ഓഡിറ്റ് എന്നിവ കൂടാതെ പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ഗവേർണിംഗ് ബോഡിയിലും ചർച്ച ചെയ്യപ്പെടുന്നുണ്ട്. സംസ്ഥാനത്തെ നഗര/ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരർക്കാവശ്യമായ ജീവിതശൈലീരോഗ നിയന്ത്രണ മരുന്നുകൾ, പാലിയേറ്റീവ് പരിചരണം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം എന്നിവ പദ്ധതിയിലൂടെ നൽകുന്നു. 2010-11 സാമ്പത്തിക വർഷം കൊല്ലം, തിരുവനന്തപുരം നഗരസഭകളിൽ ആരംഭിച്ച പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനത്തെ 85 നഗരസഭകളിലും 6 കോർപ്പറേഷനുകളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ രജിസ്റ്റർ ചെയ്യുന്ന എല്ലാ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരർക്കും പദ്ധതി സേവനം ലഭിക്കുന്നതാണ്. നഗരസഭാ/ഗ്രാമപഞ്ചായത്ത് പരിധിയിൽ രണ്ട് മുതൽ മൂന്ന് വാർഡിന് ഒരു ക്ലിനിക് എന്ന രീതിയിൽ ഒരു പൊതുസ്ഥലം കണ്ടെത്തി (അങ്കണവാടി, വായനശാല മുതലായവ) മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ. എന്നിവരടങ്ങുന്ന മെഡിക്കൽ ടീം മരുന്നുമായിയെത്തി ഗുണഭോക്താക്കളെ പരിശോധിച്ച് ആവശ്യമായ മരുന്ന് നൽകിവരുന്നു. ഈ സേവനങ്ങൾക്കുപുറമെ മുതിർന്ന പൗരർക്ക് മാനസിക ഉല്ലാസത്തിനുള്ള ധാരാളം വേദികളും വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് കലാപരിപാടികൾ, വയോജന ദിനാഘോഷം, വിവിധ ക്യാമ്പുകൾ എന്നിവയും വയോമിത്രം യൂണിറ്റ് തലത്തിൽ സംഘടിപ്പിക്കാറുണ്ട്.

(ബി) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ആശുപത്രികളിൽ ചികിത്സ തേടാൻ കഴിയാത്ത വയോജനങ്ങൾക്കായി പ്രസ്തുത പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുള്ള ആരോഗ്യ സേവനങ്ങൾ വിശദീകരിക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ആൾക്കൂട്ടങ്ങൾ ഒഴിവാക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വയോമിത്രം ക്യാമ്പുകൾ താൽക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി. എന്നാൽ ഗുണഭോക്താക്കളായ വയോജനങ്ങൾക്കാവശ്യമായ മരുന്നുകൾ വയോമിത്രം ജീവനക്കാർ, ജനപ്രതിനിധികൾ, ആശാ വർക്കർമാർ, അങ്കണവാടി പ്രവർത്തകർ എന്നിവർ മുഖേന അവരുടെ വീടുകളിൽ എത്തിക്കുകയുണ്ടായി. അത്യാവശ്യ സന്ദർഭങ്ങളിൽ ടെലിഫോൺ ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് മെഡിക്കൽ ഓഫീസറെ നേരിട്ട് വിളിച്ചും വീഡിയോ കാളിംഗ് ആവശ്യമുള്ള സന്ദർഭങ്ങളിൽ അപ്രകാരവും ബന്ധപ്പെടാൻ സംവിധാനമൊരുക്കിയിരുന്നു. വയോജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്ക് സാമൂഹ്യനീതി വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ബോധവത്കരണ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്. വയോജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്ക് സാമൂഹ്യനീതി വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'ഗ്രാൻഡ് കെയര്' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുകയും വയോജനങ്ങളെ ഫോൺ മുഖാന്തരം ബന്ധപ്പെട്ട് അവരുടെ ആരോഗ്യനിലയും ഏതെങ്കിലും സേവനങ്ങൾ ആവശ്യമുണ്ടോയെന്ന വിവരം തിരക്കുകയും ആവശ്യമായവ മറ്റു വകുപ്പുകളുമായി ബന്ധപ്പെടുത്തി നൽകാനും കഴിഞ്ഞു. കോവിഡ്-19 കൂടുതലായി പടർന്നുപിടിച്ച തിരുവനന്തപുരം ജില്ലയിലെ ചില തീരപ്രദേശങ്ങളിൽ ആരോഗ്യ വകുപ്പും ജില്ലാ ഭരണകൂടവുമായി ചേർന്ന് Reverse Quarantine Facility (RQF) സെന്ററുകൾ ആരംഭിച്ചു. ബന്ധുക്കൾ കോവിഡ്-19 പിടിപെട്ട് ആശുപത്രിയിലും/ക്വാറന്റൈൻ സെന്ററുകളിലും കഴിയുന്ന അവസ്ഥയിൽ വീടുകളിൽ ഒറ്റപ്പെട്ടുപോയ വയോജനങ്ങളെ ഈ സെന്ററുകളിലെത്തിച്ച് ആവശ്യമായ മരുന്ന്, ആഹാരം എന്നിവ നൽകുന്നതിനും നടപടികൾ സ്വീകരിച്ചു.

(സി) പ്രസ്തുത പദ്ധതി പഞ്ചായത്ത് പരിധിയിലേയ്ക്ക് കൂടി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വയോമിത്രം പദ്ധതി പഞ്ചായത്ത് തലത്തിൽകൂടി നടപ്പാക്കുന്നതിന് വേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാമിഷൻ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഉദ്ഘാടനം 13-5-2018-ന് കോഴിക്കോട് റൂറൽ ബ്ലോക്കിൽ നടത്തുകയും ഘട്ടംഘട്ടമായി പാറശ്ശാല ബ്ലോക്ക് (തിരുവനന്തപുരം), കടുത്തുരുത്തി ബ്ലോക്ക് (കോട്ടയം), ഒല്ലൂക്കര ബ്ലോക്ക് (തൃശ്ശൂർ) എന്നിവിടങ്ങളിലെ പഞ്ചായത്തുകളിൽ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി. കാസർഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്കിൽ പദ്ധതി ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കോഴിക്കോട് ജില്ലയിലെ കൊടുവള്ളി എന്നീ ബ്ലോക്കുകളിൽ പദ്ധതി ആരംഭിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ

ലഭ്യതയ്ക്കനുസൃതമായി ഘട്ടംഘട്ടമായി എല്ലാ പഞ്ചായത്തുകളിലേയ്ക്കും പദ്ധതി പൂർണ്ണമായി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം വയോജനങ്ങൾക്ക് ചികിത്സാ സേവനങ്ങൾക്ക് പുറമേ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത പദ്ധതി പ്രകാരം വയോജനങ്ങൾക്ക് ചികിത്സാ സേവനങ്ങൾക്ക് പുറമെ ഹെൽപ്പ് ഡെസ്കിന്റെ സേവനം, പാലിയേറ്റീവ് സേവനം, കൗൺസിലിംഗ് സേവനം എന്നിവയും വയോജനങ്ങൾക്ക് മാനസിക ഉല്ലാസം നൽകുന്നതിലേയ്ക്ക് വേണ്ടിയുള്ള വിവിധ പരിപാടികളും നൽകി വരുന്നുണ്ട്. പദ്ധതിയിലെ പ്രധാന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി**

27 (*597) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഗുണമേന്മയുള്ള വിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിനായി കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി (Registered Seed Growers Programme). 2021-22 വർഷത്തിൽ ഇതിനായി 125 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരള കാർഷിക സർവ്വകലാശാലയിൽനിന്നും ലഭ്യമാക്കുന്ന ബ്രീഡർ നെൽവിത്ത് കൃഷി വകുപ്പിലെ 33 സംസ്ഥാന വിത്ത് ഉല്പാദന കേന്ദ്രങ്ങൾക്ക് (സ്റ്റേറ്റ് സീഡ് ഫാമുകൾ) നൽകി ഫൗണ്ടേഷൻ സീഡ് ഉല്പാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്ക് നൽകുന്നു. പ്രസ്തുത നെൽവിത്ത് ഉപയോഗിച്ച് കർഷകർ സർട്ടിഫൈഡ് നെൽവിത്ത് ഉല്പാദിപ്പിച്ച് വിത്ത് പരിശോധനശാലയിലെ ഗുണമേന്മാ പരിശോധനയ്ക്കുശേഷം കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരികെ നൽകുകയാണ് പദ്ധതി പ്രകാരം ചെയ്യുന്നത്. പദ്ധതി പ്രകാരം കർഷകർ നെൽവിത്തുല്പാദനത്തിലെ വിവിധ ഘട്ടങ്ങളിൽ ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ച് സീഡ് ഇൻസ്പെക്ടർ, കൃഷി ഓഫീസർ എന്നിവരുടെ കർശന നിരീക്ഷണത്തിലും മേൽനോട്ടത്തിലുമാണ് വിത്തുല്പാദനം നടത്തുന്നത്. നിലവിൽ നെല്ലിന്റെ മൂന്ന് പ്രധാനപ്പെട്ട വളർച്ചാഘട്ടങ്ങളിലും ബ്ലോക്ക് തലത്തിലെ സീഡ് ഇൻസ്പെക്ടർമാരായ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ പരിശോധനാ റിപ്പോർട്ടിന്റെയും കൊയ്ത്ത് കഴിഞ്ഞ് വിത്ത് സാമ്പിളെടുത്ത് വിത്ത് പരിശോധനാ ലാബിൽ നടത്തുന്ന ഫലങ്ങളുടെയും അടിസ്ഥാനത്തിൽ, സർട്ടിഫിക്കേഷൻ ഏജൻസിയായ കാർഷിക വികസന കർഷകക്ഷേമ ഡയറക്ടറേറ്റിലെ കൃഷി അഡീഷണൽ ഡയറക്ടർ (സി.പി) നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി ഗുണമേന്മയുള്ള നെൽവിത്ത് സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നത്. ഇതുകൂടാതെ, കേരള കാർഷിക സർവ്വകലാശാല പ്രതിവർഷം അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളുടെ ശരാശരി 1100 ടൺ നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു. നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് കൈവരിക്കുകയെന്ന പ്രധാന ലക്ഷ്യത്തിന്റെ ഭാഗമായി കൃഷി വകുപ്പ് 2021-22 വർഷത്തിൽ നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയിലെ പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനമെന്ന ഘടകത്തിൽ ഉൾപ്പെടുത്തി വിവിധ നെല്ലിനങ്ങൾ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, ബസ്മതി മുതലായ സവിശേഷ നെല്ലിനങ്ങളുടെയും പ്രാദേശികമായി കൃഷി ചെയ്തുവരുന്ന രക്തശാലി, മറ്റു പരമ്പരാഗത നെല്ലിനങ്ങളുടെയും കൃഷിക്കാണ് അപ്രകാരം ആനുകൂല്യം നൽകുന്നത്. ഭൗമസൂചിക പ്രാധാന്യമുള്ള ഇത്തരം ഇനങ്ങൾ കൃഷി ചെയ്യാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 10,000 രൂപ നിരക്കിലാണ് ധനസഹായം നൽകുന്നത്. 2021-22 വർഷത്തിൽ 50 ലക്ഷം രൂപ ഇതിനായി വകയിരുത്തി 500 ഹെക്ടറിൽ പ്രത്യേക നെല്ലിനങ്ങളുടെ വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ച നെൽകൃഷി വികസന ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാനത്ത് 10 നെൽകൃഷി വികസന ഏജൻസികളാണ് രൂപീകരിച്ച് പ്രവർത്തിക്കുന്നത്. ആലപ്പുഴ ജില്ലയിൽ നാലും കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഓരോ നെൽകൃഷി

വികസന ഏജൻസികളുമാണ് പ്രവർത്തിച്ച് വരുന്നത്. അവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ആലപ്പുഴ ജില്ലയിൽ ഓണാട്ടുകര വികസന ഏജൻസി മുഖാന്തരം രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി കിഴങ്ങുവർഗ്ഗ കൃഷി, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇഞ്ചി, മഞ്ഞൾ കൃഷി, എള്ളുകൃഷി, കാളക്കുട്ടികളുടെ വിതരണം, സ്കൂൾ വിദ്യാർത്ഥികൾക്ക് നാടൻ പശു വിതരണം, തഴവ തൊടിയൂർ വട്ടക്കായൽ, തൊടിയൂർ മാല്യമേൽ പുഞ്ച, പന്തളം പാടശേഖരം, പന്തളം മാവരെ പുഞ്ച എന്നിവിടങ്ങളിൽ 635 ഏക്കറിൽ തരിശ് നെൽകൃഷി എന്നിവ നടപ്പിലാക്കി. പുറക്കാട് നെൽകൃഷി വികസന ഏജൻസി കരിനില കർഷകർക്കുവേണ്ടി സെമിനാർ സംഘടിപ്പിച്ചു. കരിനിലത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയാനായി തോട്ടപ്പള്ളിയിലെ പൊഴി കർഷകരുടെ സഹായത്തോടെ മണൽച്ചാക്കുകൾ ഉപയോഗിച്ച് അടച്ചു. കോട്ടയം ജില്ലയിൽ വൈക്കം കരിനില വികസന ഏജൻസി മുഖേന രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി വെച്ചൂർ, നീണ്ടൂർ, അയ്മനം, ആർപ്പൂക്കര പഞ്ചായത്തുകളിലെ പട്ടടക്കരി, കൈപ്പുഴക്കരി, കോയിത്തുരുത്ത് തോട്ടുപുറം, വലിയ വിരിപ്പുകാല, ഇട്ടിയക്കാടങ്കരി, മാനാടൻകരി, വലിയപുതുക്കരി എ ബ്ലോക്ക്, ചെറുവള്ളിക്കരി, വലിയ വെളിച്ചം മുതലായ വിവിധ പാടശേഖരങ്ങളിൽ എഞ്ചിൻ തറ നിർമ്മാണം, തോട് ആഴം കൂട്ടൽ, ബണ്ട് നിർമ്മാണം, പെട്ടി, പറ സ്ഥാപിക്കൽ മുതലായ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. എറണാകുളം ജില്ലയിൽ പൊക്കാളി നെൽകൃഷി വികസന ഏജൻസി രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി ജില്ലയിലെ വിവിധ പാടശേഖരങ്ങളിൽ പെട്ടി പറ, പമ്പ്സെറ്റ് സ്ഥാപിക്കൽ, അവയുടെ റിപ്പെയർ, ഉണക്കുതറ നിർമ്മാണം, സ്ലൂയിസുകളുടെ അറ്റകുറ്റപ്പണി, ബണ്ടുകൾ ബലപ്പെടുത്തൽ മുതലായ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ പൊന്നാനി കോൾ വികസന ഏജൻസി മുഖേന മണൽപ്പുഴ കണ്ണോത്ത് സംയുക്ത കോൾ പടവ് 3 മോട്ടോർ പമ്പ്സെറ്റ് അറ്റകുറ്റപ്പണി, വാര്യം കോൾപ്പടവ് കർഷക സംഘത്തിന്റെ പമ്പ്സെറ്റ് അറ്റകുറ്റപ്പണി, കർത്താണി കോൾ പടവ് ബണ്ട് ഉയരവും വീതിയും കൂട്ടൽ എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. പാലക്കാട് ജില്ലയിൽ പാലക്കാട് നെൽകൃഷി വികസന ഏജൻസി മുഖേന കൊടുവായൂർ മല്ലംകുടം പുല്ലാ റോഡ് ഫീൽഡ് കനാൽ, കൾവർട്ട് നിർമ്മാണം, പറളി പാണ്ടിയോട് പുലയടിപ്പാടം കനാൽ നവീകരണം, മാത്തൂർ ചെങ്ങണിയൂർക്കാവ് കനാൽ പുനർനിർമ്മാണം മുതലമട മണലി-കുറ്റിപ്പാടം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫീൽഡ് കനാൽ നിർമ്മാണം, പെരിങ്ങോട്ടുകുറിശ്ശി തൃത്താമര പാടശേഖരത്തിൽ ട്രാക്ടർ റാംപ് നിർമ്മാണം, കാവശ്ശേരി ചേറുംകോട് ഡ്രെയിനേജ് കനാൽ നിർമ്മാണം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. കണ്ണൂർ ജില്ലയിൽ കൈപ്പാട് നെൽകൃഷി വികസന ഏജൻസി നാല് റീജിയണൽ സൊസൈറ്റികൾ മുഖാന്തരം സീഡ് വില്ലേജ് പ്രോഗ്രാം നടപ്പിലാക്കി. കൈപ്പാട് നിലങ്ങളിൽ കാർഷിക യന്ത്രങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി. ജനകീയ കമ്മിറ്റികളുടെ സഹായത്തോടെ ഏഴോം, ചെറുകുന്ന്, പട്ടുവം, കണ്ണപുരം പഞ്ചായത്തുകളിലെ കൈപ്പാട് പാടശേഖരങ്ങളിൽ നിന്ന് കളകൾ നീക്കം ചെയ്തു.

(സി) യുവതലമുറയെ പ്രത്യേകിച്ച് വിദ്യാർത്ഥികളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനായി പ്രത്യേകമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

യുവതലമുറയ്ക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി പകർന്ന് കൊടുക്കുന്നതിനും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായും വിവിധ ഘടകങ്ങൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

**ക്ഷീരമേഖലയുടെ ആധുനികവത്കരണം**

28 (*598) ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരമേഖലയുടെ ആധുനികവൽക്കരണത്തിന് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ക്ഷീരമേഖലയുടെ ആധുനികവൽക്കരണത്തിന് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ക്ഷീരസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന വിവിധ പദ്ധതികൾ "ക്ഷീരസംഘങ്ങൾക്ക്

ധനസഹായം" പദ്ധതിയിലൂടെ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ. 2006 നടപ്പിലാക്കാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ളസംഭരണി നിർമ്മാണ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഗ്രാമീണ മേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്താനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ക്ഷീരമേഖലയുടെ ആധുനികവൽക്കരണത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ക്ഷീരമേഖലയുടെ ആധുനികവത്കരണം, അടിസ്ഥാന സൗകര്യ വികസനം, സംരംഭകത്വം എന്നിവ ലക്ഷ്യമാക്കി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ ഡയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചെലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം ലഭിക്കുന്നതാണ്. അവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിൽ കർഷകർക്ക് പശുവളർത്തലിനാവശ്യമായ നൂതനമായ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം നൽകുന്നു. മിൽക്കിംഗ് മെഷീൻ/പാർലർ, ഓട്ടോമാറ്റിക് ഡ്രിങ്കിംഗ് ബൗൾ, ക്ലൈമറ്റ് കൺട്രോൾ സംവിധാനങ്ങൾ, തൊഴുത്ത് വൃത്തിയാക്കുന്നതിനായുള്ള പ്രഷർ വാഷർ സംവിധാനം, സ്ലറി പമ്പ് തുടങ്ങിയ സംവിധാനങ്ങൾ കർഷകർ നിലവിൽ ഉപയോഗിച്ചുവരുന്നു. നൂതനമായ സാങ്കേതികവിദ്യകൾ ക്ഷീരവികസന വകുപ്പിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെയും ക്ഷീരപരിശീലന കേന്ദ്രങ്ങൾ നടത്തിവരുന്ന പരിശീലനങ്ങളിലൂടെയും ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നു.

## കിടാരി പാർക്കുകൾ

29 (*599) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ഉയർന്ന രോഗ പ്രതിരോധശേഷിയും മികച്ച ഉല്പാദന ശേഷിയുമുള്ള കന്നുകുട്ടികളെ സംസ്ഥാനത്ത് തന്നെ വികസിപ്പിച്ചെടുത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിന് ആരംഭിച്ച കിടാരി പാർക്കിന്റെ പ്രവർത്തനം അവലോകന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ക്ഷീരമേഖലയിൽ ഭാവിയിലേയ്ക്ക് ആവശ്യമായ കാലിസമ്പത്ത് സംസ്ഥാനത്തുതന്നെ വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ 2018-19 സാമ്പത്തിക വർഷം മുതൽ കിടാരി പാർക്ക് പദ്ധതിക്ക് തുടക്കമിട്ടു. നിലവിൽ 4 കിടാരി പാർക്കുകളിലായി 300 കിടാരികളെ വളർത്തുന്നു. ശാസ്ത്രീയ പരിചരണത്തിലൂടെയും ചിട്ടയായ തീറ്റക്രമത്തിലൂടെയും വളർത്തിയെടുക്കുന്ന ഉരുക്കളിൽനിന്ന് ആരോഗ്യകരവും അത്യുല്പാദനശേഷിയുള്ളതുമായ കന്നുകാലികളെ സംസ്ഥാനത്തിനുള്ളിൽ തന്നെ വളർത്തിയെടുക്കാൻ പദ്ധതി സഹായിക്കുന്നു. നാളിതുവരെ 4 കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിനായി 68.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മേൽകടയ്ക്കാവൂർ, പാലക്കാട് ജില്ലയിൽ ചിറ്റൂർ, മൂലത്തറ എന്നീ സ്ഥലങ്ങളിലും കാസർഗോഡ് ജില്ലയിൽ ചിത്താരി എന്ന സ്ഥലത്തുമാണ് നിലവിൽ കിടാരി പാർക്കുകൾ പ്രവർത്തിച്ചുവരുന്നത്. കിടാരികൾ പ്രസവിച്ച് കറവപശുക്കളാകുന്ന മുറയ്ക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെട്ട കർഷകർക്ക് മിതമായ വില ഈടാക്കി നൽകുകയാണ് ചെയ്യുന്നത്.

(ബി) ഇടനിലക്കാർ വഴിയുള്ള വലിയ തോതിലുള്ള ചൂഷണത്തിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സർക്കാർ മേൽനോട്ടത്തിൽ നടത്തുന്ന പദ്ധതിയായതിനാൽ ഇടനിലക്കാരില്ലാതെ കർഷകർക്ക് മിതമായ വിലയിൽ ഗുണമേന്മയുള്ള പശുക്കളെ കിടാരി പാർക്കുകളിൽനിന്നും നൽകാൻ കഴിയുന്നുണ്ട്. ഇതുവഴി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ സംരക്ഷിക്കാൻ സാധിക്കുന്നു.

(സി) കിടാരി പാർക്കിലൂടെ കർഷകർക്ക് ലഭ്യമാകുന്ന കന്നുകാലികളുടെ ഗുണനിലവാരം ഉറപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കിടാരി പാർക്കുകളിൽ ശാസ്ത്രീയ പരിചരണത്തിലൂടെയും ചിട്ടയായ തീറ്റക്രമത്തിലൂടെയും വളർത്തിയെടുക്കുന്ന ഉരുക്കളിൽനിന്ന് ആരോഗ്യകരവും അത്യുല്പാദന ശേഷിയുള്ളതുമായ കന്നുകാലികളെ സംസ്ഥാനത്തിനുള്ളിൽ നിന്നുതന്നെ വളർത്തിയെടുക്കാൻ സാധിക്കുന്നു. കൂടാതെ കേരളത്തിന്റെ കാലാവസ്ഥയിൽ വളരുന്നതിനാൽ ഇവയുടെ രോഗപ്രതിരോധശേഷി മറ്റുസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പശുക്കളെക്കാൾ കൂടുതലായിരിക്കും. ആയതുകൊണ്ടുതന്നെ ഇവിടെ വളർത്തുന്ന കിടാരികൾ ഗുണനിലവാരമുള്ളതായിരിക്കും.

(ഡി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കിടാരി പാർക്കുകൾ ആരംഭിച്ചിട്ടുള്ളതെന്നും കൂടുതൽ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ മേൽകടയ്ക്കാവൂർ, പാലക്കാട് ജില്ലയിൽ ചിറ്റൂർ, മൂലത്തറ എന്നീ സ്ഥലങ്ങളിലും കാസർഗോഡ് ജില്ലയിൽ ചിത്താരി എന്ന സ്ഥലത്തുമാണ് നിലവിൽ കിടാരി പാർക്കുകൾ പ്രവർത്തിച്ചു വരുന്നത്. കൂടുതൽ കിടാരിപാർക്കുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് ഡിവിഷൻ**

30 (*600) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഒരു പ്രത്യേക ബിസിനസ്സ് ഡിവിഷനായി ലോജിസ്റ്റിക്സ് ഡിവിഷൻ വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഔദ്യോഗിക രേഖകൾ, പ്രമാണങ്ങൾ എന്നിവ അയയ്ക്കുന്നതിന് സർക്കാർ വകുപ്പുകൾക്ക് വിശ്വസിക്കാവുന്ന കൊറിയർ സംവിധാനമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക് ഡിവിഷന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ പോകുന്ന റൂട്ടുകളിൽ സ്വകാര്യ പാഴ്സൽ കമ്പനികളുടെ കൊറിയറുകൾ എത്തിക്കുന്നതിനുള്ള കരാറുകൾ ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ?

(എ-സി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 22 മാർക്കറ്റിംഗ് എക്സിക്യൂട്ടീവുകളെ ഉൾപ്പെടുത്തി ഒരു കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനത്തിന്റെ ഫലമായി 3 മാസക്കാലം കൊണ്ട് 4 കോടി രൂപയിലധികം ഈ വകയിൽ അധികവരുമാനം സമാഹരിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്. കൊമേഴ്സ്യൽ വിഭാഗത്തിന്റെ കീഴിൽ ലോജിസ്റ്റിക്സ് സേവനത്തിന്റെ ഭാഗമായി സിവിൽ സപ്ലൈസ്, കേരള ഫീഡ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായി ടി പൊതുമേഖല സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ പോകുന്ന റൂട്ടുകളിൽ സ്വകാര്യ കമ്പനികളുടെ കൊറിയറുകൾ എത്തിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഡോക്യുമെന്റുകളും പാഴ്സലുകളും ഉൾപ്പെടുന്ന സാധന സാമഗ്രികൾ കൃത്യസമയത്ത് കുറഞ്ഞ ചെലവിൽ ആവശ്യക്കാരന് ആവശ്യമുള്ള സ്ഥലത്ത് എത്തിച്ചുകൊടുക്കാൻ ഇതിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അഗ്രോ പാർക്കുകൾ

1 (6525) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധന എന്നിവയിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്ഥാപിച്ച അഗ്രോപാർക്കുകളുടെ വിശദാംശം ലഭ്യമാക്കാമോ?

കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അഗ്രോ പാർക്കിന്റെ പേര് | സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) | തുക (കോടി രൂപ) |
|---|---|---|---|
| 1 | ബനാന ഹണി പാർക്ക്, കണ്ണാറ, തൃശ്ശൂർ | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 25.13 |
| 2 | നാളികേര പാർക്ക്, വേങ്ങേര കോഴിക്കോട് | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 20.00 |
| 3 | നാളികേര പാർക്ക് കൂത്താളി, കോഴിക്കോട് | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 20.00 |
| 4 | മാംഗോ പാർക്ക്, മുതലമട, പാലക്കാട് | INKEL (Infrastructure Kerala Limited) | 20.00 |
| 5 | വെജിറ്റബിൾ പാർക്ക്, വണ്ടിപ്പെരിയാർ, ഇടുക്കി | VFPCK | 15.00 |
| | ആകെ | | 100.13 |

തൃശ്ശൂരിലെ കണ്ണാറയിൽ ബനാന ഹണി പാർക്ക്, സ്ഥാപിക്കുന്നതിനായി 25.13 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും ആദ്യഗഡുവായി 14.28 കോടി രൂപ KAICO-യ്ക്കു നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ മെഷിനറി വാങ്ങുന്നതിനായി 7.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും കൂത്താളിയിലും നാളികേര അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ., കെയ്കോ തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് നൽകിയിട്ടുണ്ട്. മുതലമടയിൽ മാംഗോ പാർക്ക് സ്ഥാപിക്കുന്നതിനായി പദ്ധതി ഇൻകെൽ-ന് കൈമാറിയിട്ടുണ്ട്. ഇടുക്കിയിലെ വെജിറ്റബിൾ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിനും ഡി.പി.ആർ. നൽകുന്നതിനുമുള്ള നടപടികൾ വി.എഫ്.പി.സി.കെ. സ്വീകരിച്ചുവരുന്നു. കൂടാതെ അഗ്രോപാർക്കുകളുടെ രൂപീകരണം, പ്രവർത്തനം എന്നിവ സംബന്ധിച്ച് വിദഗ്ദ്ധോപദേശം നൽകുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിൽ പുതിയ അഗ്രോ പാർക്കുകൾ ആരംഭിക്കാൻ പദ്ധതികളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

**കാർഷിക മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടി**

2(6526) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

കാർഷിക മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും യുവസംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളിലും സഹകരണ വകുപ്പിന്റെ സഹായത്തോടെ സംഭരണ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയുമായി ബന്ധപ്പെട്ടും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ വഴിയും യുവസംരംഭകർക്ക് കാർഷിക മേഖലയിൽ പങ്കാളികളാകാവുന്നതാണ്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്.

1. സൂക്ഷ്മതല സംരംഭം - 25 ലക്ഷം രൂപ വരെയുള്ള സംരംഭം - 50% പരമാവധി 10 ലക്ഷം വരെ സബ്സിഡി

2. ചെറുകിട സംരംഭം - 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം - 40% പരമാവധി 25 ലക്ഷം വരെ സബ്സിഡി

3. ഇടത്തരം സംരംഭം - 1 കോടി മുതൽ 5 കോടി വരെ - 30% പരമാവധി 50 ലക്ഷം വരെ സബ്സിഡി.

ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ചാഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി കേരളത്തിൽ 50 കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

എസ്.എഫ്.എ.സി. കേരള, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് FPO കൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോത്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെ ഏകോപനവും FPO-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോല്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ണൈയൂർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. ഇതിലൂടെയും യുവ സംരംഭകർക്ക് പങ്കാളികളാകാവുന്നതാണ്. കാർഷികമേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. യുവ സംരംഭകർക്ക് മേൽ പദ്ധതികളിൽ ഭാഗമാകാവുന്നതാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന ഈ അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. ഇത്തരം പദ്ധതികൾക്ക് കേന്ദ്ര സഹായം അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) മുഖേന ലഭിക്കുന്നതാണ്. രണ്ട് കോടി രൂപ വരെയുള്ള വായ്പകൾക്ക് സർക്കാരിന്റെ ക്രെഡിറ്റ് ഗ്യാരണ്ടി, പരമാവധി 7 വർഷത്തേക്ക്, വായ്പാ പലിശയ്ക്ക് 3% ഇളവ്, വായ്പാ തിരിച്ചടവിന് ആറ് മാസം മുതൽ രണ്ടു വർഷം വരെ മൊറട്ടോറിയം, പദ്ധതി തുകയുടെ 10% ഗുണഭോക്തൃ വിഹിതം എന്നിവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കൂടാതെ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ സ്ഥാപിച്ചിട്ടുള്ള അഗ്രോ സർവ്വീസ് സെന്ററുകളിലും കാർഷിക കർമ്മസേനകളിലും യുവാക്കളെ നിയമിച്ചും അവർക്ക് കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും കൃഷിവകുപ്പ് യുവാക്കളുടെ വരുമാനം ഉയർത്താൻ സഹായിക്കുന്നു. കൂടാതെ വീട്ടമ്മമാരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളിലും വനിതകളെ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കുടുംബശ്രീ നടപ്പിലാക്കിവരുന്ന പദ്ധതികളായ സംഘകൃഷി ഗ്രൂപ്പുകൾ (ജെ. എൽ. ജി.), അഗ്രി ന്യൂട്രി ഗാർഡൻ പദ്ധതി തുടങ്ങിയവയും ഈ ലക്ഷ്യത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന കാർഷിക യന്ത്രവൽക്കരണ പദ്ധതിയും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന വിധത്തിലാണ്. ഇതിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ സംയുക്തമായി

നടപ്പിലാക്കുന്ന Sub-Mission on Agricultural Mechanisation (SMAM) എന്ന പദ്ധതിയിലൂടെ പ്രധാനമായും മൂന്നുതരം ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.

(i) വ്യക്തിഗത ഉപഭോക്താക്കൾക്ക് കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ സബ്സിഡി നൽകുന്നു. ഇതനുസരിച്ച് ചെറുകിട നാമമാത്ര കർഷകർക്കും പട്ടികജാതി, പട്ടികവർഗ്ഗ കർഷകർക്കും വനിതകൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 50 ശതമാനം വരെയും മറ്റുകർഷകർക്ക് 40 ശതമാനം വരെയും വിള സംസ്കരണവുമായി ബന്ധപ്പെട്ട യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ചെറുകിട നാമമാത്ര കർഷകർക്കും പട്ടികജാതി, പട്ടികവർഗ്ഗ കർഷകർക്കും വനിതകൾക്കും 50 ശതമാനം മുതൽ 60 ശതമാനം വരെയും മറ്റു കർഷകർക്ക് 40 ശതമാനം മുതൽ 50 ശതമാനം വരെയും സബ്സിഡി ലഭ്യമാക്കുന്നു.

(ii) വ്യക്തികൾക്കും കാർഷിക സ്വയംസഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, എഫ്.പി.ഒ. തുടങ്ങിയവർക്കും കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 60 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് 40 ശതമാനം വരെ സബ്സിഡി നൽകുന്നു.

(iii) തെരഞ്ഞെടുത്ത വില്ലേജുകളിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് 10 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 80 ശതമാനം വരെ സബ്സിഡി നൽകുന്നു. ബ്ലോക്ക് തലത്തിൽ 99 അഗ്രോ സർവ്വീസ് സെന്ററുകളും ഗ്രാമപഞ്ചായത്ത് തലത്തിൽ 368 കാർഷിക കർമ്മസേനകളും സ്ഥാപിച്ചുകൊണ്ട് കർഷകർക്ക് മിതമായ നിരക്കിൽ യന്ത്രവത്കൃത കൃഷി നടത്താനുള്ള സേവനങ്ങൾ ചെയ്തുവരുന്നുണ്ട്.

### കാർഷിക യന്ത്രവത്കരണം സാധ്യമാക്കാൻ പദ്ധതികൾ

3 (6527) ശ്രീ. എം. എം. മണി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാർഷിക യന്ത്രവത്കരണം സാധ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ?

കേരളത്തിൽ 99 കാർഷിക സേവന കേന്ദ്രങ്ങളും 368 കാർഷിക കർമ്മ സേനകളും 14 കസ്റ്റം ഹയറിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഇവയിലൂടെ കാർഷിക യന്ത്ര സേവനങ്ങൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ Sub-Mission on Agricultural Mechanisation (SMAM) എന്ന പദ്ധതിയിലൂടെ 40 മുതൽ 60 ശതമാനം സബ്സിഡിയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കും 40 മുതൽ 80 ശതമാനം സബ്സിഡി നിരക്കിൽ ഗ്രൂപ്പുകൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്യുന്നുണ്ട്. കേരളത്തിൽ കാർഷിക യന്ത്രവൽക്കരണം സാധ്യമാക്കുന്നതിന് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ട്രാക്ടർ, പവർടില്ലർ, വിവിധ കാർഷിക യന്ത്രങ്ങൾ, സസ്യ സംരക്ഷണ ഉപകരണങ്ങൾ എന്നിവയ്ക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ധനസഹായം നൽകുന്നുണ്ട്.

(ബി) ഈ മേഖലയിൽ 2020-21 സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

2020-2021 സാമ്പത്തിക വർഷത്തിൽ വിവിധ കാർഷിക യന്ത്രവത്കരണ പദ്ധതികൾക്കായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

i. കേന്ദ്രാവിഷ്കൃത Sub-Mission on Agricultural Mechanisation (SMAM) എന്ന പദ്ധതിയിലൂടെ കാർഷിക യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കാനായി സബ്സിഡി ഇനത്തിൽ 80.19 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ii. കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനയുടെയും ഏകോപനത്തിനായി രൂപവൽക്കരിച്ച കാർഷിക യന്ത്രവത്കരണ മിഷനുവേണ്ടി 1.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

iii. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 6.72 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) കാർഷിക മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും പുത്തൻ ഉണർവ് നൽകുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും പുത്തൻ ഉണർവ് നൽകുന്നതിനും സ്വീകരിച്ച നടപടികൾ അനുബന്ധമായി* ചേർക്കുന്നു.

**ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം ഒഴിവാക്കുന്നതിന് നടപടി**

4(6528) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആഫ്രിക്കൻ ഒച്ചുകളുടെ വ്യാപനംമൂലം ജനങ്ങളുടെ ആരോഗ്യത്തിനും കൃഷിക്കും വളരെയേറെ ഉപദ്രവം ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതുപരിഹരിക്കാൻ കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ?

പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ആഫ്രിക്കൻ ഒച്ചിനെ നശിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തുകയും വിള ആരോഗ്യ പരിപാലന പദ്ധതിയുടെ കീഴിൽ ആഫ്രിക്കൻ ഒച്ചിന്റെ നിയന്ത്രണ മാർഗ്ഗങ്ങൾ പ്രതിപാദിക്കുന്ന ലഘുലേഖകൾ കർഷകർക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ മുഹമ്മ പഞ്ചായത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ഒച്ച് നിവാരണ പ്രചാരണം നടപ്പാക്കിവരുന്നു.

**സംസ്ഥാനത്തെ കാർഷികോല്പാദന വിഭവങ്ങൾ**

5(6529) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികോല്പാദന വിഭവങ്ങൾ ഏതെല്ലാമെന്നും അവയുടെ മൂല്യവർദ്ധന (കാർഷികോൽപ്പന്നങ്ങൾ തരംതിരിച്ച്) എപ്രകാരമാണെന്നതും അവ തരംതിരിച്ച് കയറ്റുമതി ചെയ്യുന്നവ ഏതെല്ലാമെന്നും അതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും എന്തെല്ലാം വിഭവങ്ങൾ അപ്രകാരം കയറ്റുമതി ചെയ്യുന്നു എന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പഴം-പച്ചക്കറി ഇനങ്ങളിൽ നേന്ത്രൻ, ഞാലിപൂവൻ, റോബസ്റ്റ, കദളി തുടങ്ങിയ മിക്ക വാഴ ഇനങ്ങളും പാവൽ, പടവലം, പയർ, കുമ്പളം, മത്തൻ, ചീര തുടങ്ങിയ പച്ചക്കറി ഇനങ്ങളും ശീതകാല പച്ചക്കറി വിളകളായ ക്യാരറ്റ്, കാബേജ്, ബീൻസ്, ഉരുളക്കിഴങ്ങ്, വെളുത്തുള്ളി എന്നിവയും കപ്പ, ചേന,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാച്ചിൽ, കൂർക്ക തുടങ്ങിയ കിഴങ്ങുവർഗ്ഗവിളകളും ഫലവർഗ്ഗങ്ങളായ മാമ്പഴം, പൈനാപ്പിൾ, റമ്പൂട്ടാൻ, പപ്പായ, പാഷൻ ഫ്രൂട്ട്, ചക്ക തുടങ്ങിയവയും വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തുവരുന്നു. ഇതിനുപുറമേ, കശുമാവ്, തെങ്ങ്, റബ്ബർ, കമുക്, സുഗന്ധവ്യഞ്ജന വിളകളായ ഏലം, കുരുമുളക്, ജാതി, മഞ്ഞൾ എന്നിവയും നെല്ലും പ്രധാനപ്പെട്ട കാർഷിക വിളകളാണ്. പഴവർഗ്ഗങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളായ ജാം, ജെല്ലി, സ്ക്വാഷ്, പ്രിസെർവ്, ഡ്രൈഡ് ഫ്രൂട്സ്, വാക്വം ഡ്രൈഡ് ഫ്രൂട്സ്, ഫ്രീസ് ഡ്രൈഡ് ഫ്രൂട്സ്, സുഗന്ധവിളകൾ ഉണക്കിയും എസ്സെൻഷ്യൽ ഓയിൽ, ഒളിയോ റെസിൻസ്, നാളികേരം അടിസ്ഥാനമാക്കി വെളിച്ചെണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ, ഡെസികേറ്റഡ് കോക്കനട്ട്, തേങ്ങാ പാൽ, തേങ്ങാ പാൽപൊടി, തേങ്ങാ വെള്ളം അടിസ്ഥാനപ്പെടുത്തിയുള്ള ഉത്പന്നങ്ങൾ, നീരയും നീരയുടെ ഉപോല്പന്നങ്ങൾ, വിനാഗിരി, ധാന്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ഉത്പന്നങ്ങൾ, പച്ചക്കറിയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ, വാഴപ്പഴം അടിസ്ഥാനമാക്കിയ ഉത്പന്നങ്ങൾ എന്നിവയാണ് പ്രധാനമായും സംസ്ഥാനത്തെ കാർഷികോല്പാദന മൂല്യവർദ്ധിത ഉത്പന്നങ്ങൾ. ഇവയിൽ കേരളത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി കയറ്റുമതി നടത്തുന്ന പ്രധാനപ്പെട്ട ഉൽപ്പന്നങ്ങൾ ഫ്രോസൺ ചക്ക, ചക്കപ്പൊടി, നേന്ത്രക്കായപ്പൊടി, നേന്ത്രപഴ ഫിഗ്ഗ്, പൈനാപ്പിൾ ക്യാൻഡി, ക്യാൻഡ് ഫ്രൂട്ട്, സംസ്കരിച്ച കശുവണ്ടി എന്നിവയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, APEDA (Agricultural and Processed Food Products Export Development Authority) MPEDA (Marine Products Export Development Authority) സ്പൈസസ് ബോർഡ് മുതലായ സ്ഥാപനങ്ങൾ, അഗ്രോപാർക്കുകൾ, ഇൻകുബേഷൻ സെന്ററുകൾ, ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതി സഹായം നൽകിവരുന്നു.

(ബി) ഇത്തരം പ്രവർത്തനങ്ങളിലൂടെ സംസ്ഥാന കാർഷിക വിഭവങ്ങൾക്ക് കൂടുതൽ വിലയും കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങളും ഉറപ്പുവരുത്താനും ഇടനിലക്കാരെ ഒഴിവാക്കാനുമായി വകുപ്പ് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

മൂല്യവർദ്ധനവിലൂടെ സംസ്ഥാന കാർഷിക വിഭവങ്ങൾക്ക് കൂടുതൽ വിലയും കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങളും ഉറപ്പുവരുത്താനും ഇടനിലക്കാരെ ഒഴിവാക്കാനുമായി കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ടു വിപണനം നടത്തിവരുന്നു.

കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന വിപണിയാണ് നഗര വഴിയോര കാർഷിക വിപണികൾ. ഇതുപ്രകാരം ആകെ 100 നഗര കാർഷിക വിപണികൾ 2021-22 വർഷത്തിൽ മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടിയുടെ ഭാഗമായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 10 ലക്ഷം മുതൽ 5 കോടി വരെ മൂലധനം നിക്ഷേപിച്ച് ഭക്ഷ്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് എസ്.എഫ്.എ.സി. കേരളയുടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം പദ്ധതിയുടെ സബ്സിഡി നൽകുന്നു. എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള നൂതന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴിയുള്ള ആനുകൂല്യത്തിനായി സമർപ്പിക്കേണ്ടത്. പദ്ധതിക്കാവശ്യമായ കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, ഓഫീസ് ഉപകരണങ്ങൾ, പാക്കിംഗ് യന്ത്രങ്ങൾ വാങ്ങുക, ടെക്നോളജി വാങ്ങുക, മൂല്യവർദ്ധന പരിശീലനങ്ങളിൽ പങ്കെടുക്കുക എന്നിവയ്ക്കായി സബ്സിഡി നൽകുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങളുടെ വിപണനവും മൂല്യവർദ്ധനവും ലക്ഷ്യമിട്ട് സഹകരണ വകുപ്പുമായി ചേർന്ന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം-കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളെല്ലാംതന്നെ സംഭരിക്കുന്നതിനായി പ്രാരംഭഘട്ടമെന്ന നിലയിൽ രണ്ട് സംഭരണ വിതരണ കേന്ദ്രങ്ങൾ ഈ വർഷം ആരംഭിക്കുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എഫ്.പി.ഒ.-കൾ, പഞ്ചായത്ത്, പി.എ.സി.എസ്., എസ്.എച്ച്.ജി. തുടങ്ങിയവയ്ക്ക് ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. പി.എ.സി.എസ്.-കൾക്ക് കേന്ദ്ര പദ്ധതിയായ എ.ഐ.എഫ്.-ന്റെ ആനുകൂല്യം ലഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം സർക്കാർ ധനസഹായമായി 50% തുക സബ്സിഡിയായി ലഭ്യമാകുന്നതാണ്. പി.എ.സി.എസ്.-ന് പരമാവധി 25 ലക്ഷം രൂപ സബ്സിഡിയായി ലഭിക്കുന്നതാണ്. ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം കൃഷി വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കേണ്ടതാണ്.

2. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം - സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനോടൊപ്പം മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 50% സബ്സിഡി നിരക്കിൽ 12.5 ലക്ഷം രൂപ വീതം രണ്ട് യൂണിറ്റുകൾ ആദ്യഘട്ടമെന്ന നിലയിൽ അനുവദിക്കാവുന്നതാണ്.

3. ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ - കർഷകരിൽനിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ ഗുണനിലവാരം കുറയാതെ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിനായി 112 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എ.ഐ.എഫ്.-ൽ ഉൾപ്പെടുത്തി ശീതീകരിച്ച വാഹനങ്ങൾ പി.എ.സി.എസ്.-ന് വാങ്ങാവുന്നതാണ്. ഇതിന്റെ 50% സബ്സിഡി കൃഷിവകുപ്പ് നൽകാൻ ഉദ്ദേശിക്കുന്നു. ഒരു ജില്ലയിൽ ഒന്ന് എന്ന രീതിയിൽ 14 ശീതീകരണ വാഹനങ്ങൾ വാങ്ങാവുന്നതാണ്.

4. കണ്ടെയ്നർ മോഡൽ വില്പനശാലകൾ - കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങളും മൂല്യവർദ്ധിത ഉത്പന്നങ്ങളും വിറ്റഴിക്കുന്നതിനായി കണ്ടെയ്നർ മോഡൽ വില്പനശാലകൾ രണ്ടെണ്ണം വീതം എല്ലാ ജില്ലകളിലും ആരംഭിക്കാവുന്നതാണ്. പി.എ.സി.എസ്.. എസ്.എച്ച്.ജി.-കൾ, Startups, പഞ്ചായത്ത് തുടങ്ങിയവയ്ക്ക് ഇതേറ്റെടുത്ത് നടത്താവുന്നതാണ്. ഇതിനായി എ.ഐ.എഫ്. വിനിയോഗിക്കുന്നതിനും 50 ശതമാനം സബ്സിഡിയായി പരമാവധി 4.5 ലക്ഷം രൂപ പി.എ.സി.എസ്.-ന് അനുവദിക്കുന്നതുമാണ്. ഇത്തരത്തിൽ 28 യൂണിറ്റുകൾ പി.എ.സി.എസ്.-ന് ആരംഭിക്കാവുന്നതാണ്.

കൂടാതെ പഴം, പച്ചക്കറികൾ ജില്ലകളിൽ കൈമാറ്റം ചെയ്യുന്നതിനായി വാഹന സൗകര്യത്തിനായി 42 ലക്ഷം രൂപയും 70 കർഷകമിത്രകളെ ഉപയോഗിക്കുന്നതിനായി 52.5 ലക്ഷം രൂപയും ഇക്കോ വാനിനായി 48 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. കൂടാതെ AIMS പോർട്ടലിന്റെ ഡാറ്റയുടെ അടിസ്ഥാനത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ അടിസ്ഥാനത്തിൽ കാർഷികോത്പന്നങ്ങളുടെ ഉല്പാദന പ്ലാൻ തയ്യാറാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ വിവിധ വിപണന ശൃംഖലകളെ ഏകോപിപ്പിച്ചുകൊണ്ട് ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. മൂല്യവർദ്ധനവിന് ഊന്നൽ നൽകിക്കൊണ്ട് കേന്ദ്ര സർക്കാർ പദ്ധതികളായ SMAM, MIDH എന്നിവയുടെ സാമ്പത്തിക സഹായംകൂടി കണക്കിലെടുത്ത് 84 ലക്ഷം രൂപയുള്ള പദ്ധതികൾ നടന്നുവരുന്നു. കൂടാതെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിന്

പ്രോജക്ട് അടിസ്ഥാനത്തിൽ 92 ലക്ഷം രൂപയുള്ള പദ്ധതികളും നടന്നുവരുന്നു. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.-കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യംവഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ 13 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ.-കളെയും 50 നിലവിലുള്ള എഫ്.പി.ഒ.-കളെയും തെരഞ്ഞെടുക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 33 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. (നെല്ല്, തെങ്ങ്, പാലുൽപ്പന്നങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവിളകൾ, പൈനാപ്പിൾ, ചക്ക, വാഴ, തേൻ, സുഗന്ധവിളകൾ, കൊക്കോ, കശുവണ്ടി, കൂവ, റബ്ബർ, വെറ്റില, മുളക്, ചെറുധാന്യങ്ങൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയാണ് എഫ്.പി.ഒ.-കൾ രൂപീകരിക്കുന്നത്). നടപ്പു സാമ്പത്തിക വർഷത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ പഴം, പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്കായി വി.എഫ്.പി.സി.കെ.-യുടെ കീഴിൽ 290 സ്വാശ്രയ കർഷക സമിതികൾ പ്രവർത്തിച്ചുവരുന്നു. ഒരുവർഷം 300 കോടി വിപണന മൂല്യമുള്ള ഒരു ലക്ഷം മെട്രിക് ടൺ പഴം, പച്ചക്കറികളാണ് ഈ വിപണികൾ വഴി വിപണനം നടത്തിവരുന്നത്. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ കട്ട് വെജിറ്റബിൾ യൂണിറ്റും കോട്ടയം ജില്ലയിൽ പഴം സംസ്കരണ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ വെമ്പായത്ത് മഞ്ഞൾ സംസ്കരണ യൂണിറ്റും പാലക്കാട് ജില്ലയിലെ പെരുമാട്ടിയിൽ പച്ചക്കറി ഉണക്കി സംസ്കരിക്കുന്ന യൂണിറ്റും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പൊതുസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനായി എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതി സഹായവും ആർ.കെ.വി.വൈ. പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പതിനായിരം എഫ്.പി.ഒ. രൂപീകരണ

പദ്ധതിയിൽ ഉൾപ്പെടുത്തി വി.എഫ്.പി.സി.കെ. രൂപീകരിക്കുന്ന ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ ബിസിനസ്സ് പ്ലാനിലും പഴം-പച്ചക്കറി വിളകളുടെ മൂല്യവർദ്ധനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. കേരള ബ്രാൻഡ് പഴം, പച്ചക്കറികൾക്ക് താങ്ങുവില (AIP) അഗ്രിക്കൾച്ചറൽ ഇൻസെന്റീവ് പ്രൈസ് നടപ്പിലാക്കുന്നതിനുള്ള കേരള സർക്കാരിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ത്രാങ്ങാലി-മരുതൻതോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടി**

6(6530) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലും വാണിയംകുളം പഞ്ചായത്തിലുമായി കിടക്കുന്ന 125 ഏക്കറോളം കൃഷിസ്ഥലത്തിനോട് ചേർന്നൊഴുകുന്ന ത്രാങ്ങാലി-മരുതൻതോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാത്തതിനാൽ കൃഷി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) 2019-20 വർഷത്തിൽ എസ്റ്റിമേറ്റ് സഹിതം സമർപ്പിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ത്രാങ്ങാലി-മരുതൻതോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് 1,82,00,000 രൂപയുടെ പ്രൊപ്പോസൽ പാലക്കാട് നെൽകൃഷി വികസന ഏജൻസിയിൽ ഉൾപ്പെടുത്തുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ ലഭ്യത കുറവുകാരണം 2019-20 സാമ്പത്തിക വർഷത്തെ പ്രൊപ്പോസലുകളിൽ റാമ്പിന്റെയും കനാലിന്റെയും പ്രവൃത്തികൾ മാത്രം നടത്തിയാൽ മതിയെന്നും പാർശ്വഭിത്തി കെട്ടുന്നതടക്കമുള്ള വലിയ തുകയുള്ള പ്രവൃത്തികൾ നെൽകൃഷി വികസന ഏജൻസിയിൽ ഫണ്ടില്ലാത്തതിനാൽ മാറ്റിവയ്ക്കാനും എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ തീരുമാനമെടുത്തിരുന്നു. ഈ പാടത്തിൽ പ്രസ്തുത റാമ്പിന്റെയും കനാലിന്റെയും പ്രവൃത്തികൾ ചെയ്തിട്ടില്ല. നബാർഡ് ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. പദ്ധതികളിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും നടപടികൾ സ്വീകരിക്കുന്നതാകുന്നു.

## തോട്ടം മേഖലയുടെ സമഗ്രവികസനം

7(6531) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി സർക്കാർ ഒരു പ്ലാന്റേഷൻ നയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്ലാന്റേഷൻ പോളിസിയുടെ പ്രധാന ലക്ഷ്യങ്ങളും കർമ്മ പദ്ധതികളും ചുവടെ ചേർക്കുന്നു.

1) തോട്ടങ്ങൾ തോട്ടങ്ങളായി നിലനിർത്തുകയും തൊഴിലും വ്യവസായവും സംരക്ഷിക്കുകയും ചെയ്യും.

2) തോട്ടം മേഖല ലാഭകരമാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഭരണപരമായ നടപടി സ്വീകരിക്കും.

3) സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കും. തൊഴിലാളികളെ സംരക്ഷിക്കും.

4) ചികിത്സാ സൗകര്യങ്ങൾ - തോട്ടം മേഖലയിൽ ഇ.എസ്.ഐ.സ്കീം നടപ്പിലാക്കും.

5) തോട്ടം തൊഴിലാളികൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ സ്വന്തം വീട്.

6) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും.

7) സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടങ്ങൾ ലാഭകരമാക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പുവരുത്തുന്നതിനും പ്രത്യേക കർമ്മ പദ്ധതി നടപ്പിലാക്കും.

8) തോട്ടം തൊഴിലാളികളുടെ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക ഊന്നൽ നൽകും.

9) പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തോട്ടങ്ങളിൽ വിവിധ സമാശ്വാസ പ്രവർത്തനങ്ങൾക്കും കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

10) തോട്ടം മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ തോട്ടം മേഖലയെ ഉൾപ്പെടുത്തും.

11) തോട്ടം വിളകൾക്ക് ന്യായമായ വില കിട്ടാൻ സാധ്യമായ ഇടപെടൽ നടത്തും.

12) തോട്ടം മേഖല ഉൾപ്പെട്ട പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകും.

13) തോട്ടങ്ങളിൽ ചെറുകിട മഴവെള്ള സംഭരണികൾ ഉപയോഗിച്ച് ജലസംരക്ഷണം ഉറപ്പാക്കും.

14) തോട്ടങ്ങളിൽ കൃഷിക്കോ അനുബന്ധ പ്രവർത്തനങ്ങൾക്കോ അനുയോജ്യമല്ലാത്ത ഭാഗങ്ങളിൽ സാമൂഹ്യ വനവൽക്കരണ പദ്ധതി ആവിഷ്കരിക്കും.

15) തോട്ടങ്ങളിൽ സൗരോർജ്ജം, കാറ്റ്, ബയോഗ്യാസ് എന്നിവയിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം ആരംഭിക്കുന്നതിന് സാധ്യതാ പഠനം നടത്തും.

16) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുമായുള്ള ആശയ വിനിമയത്തിനും ഏകോപനത്തിനുമായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കും.

17) കോ-ഓർഡിനേഷൻ സമിതിയുടെ രൂപീകരണം.

18) പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ് ആധുനികവൽക്കരിക്കും.

19) തോട്ടം തൊഴിലാളികളുടെ വേതനം കൃത്യമായ ഇടവേളകളിൽ പുതുക്കി നിശ്ചയിക്കും.

20) പൊതുവായ വ്യവസായ സംരംഭങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും തോട്ടം മേഖലയ്ക്ക് കൂടി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

21) കീടങ്ങളുടെ നിയന്ത്രണവും കീടനാശിനി പ്രയോഗവും പരിശോധിക്കും.

22) തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തും.

23) എല്ലാ തോട്ടവിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കും.

24) തോട്ടങ്ങളിൽ വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾക്ക് പരിഹാരം കാണുന്നതിന് വനം-വന്യജീവി വകുപ്പുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കും.

(ബി) പുതിയ തോട്ടം നയം രൂപീകരിച്ചിട്ടുണ്ടോ; പ്ലാന്റേഷനുകളിൽ അനുവദനീയമായ കൃഷികൾക്ക് പുറമെ വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് മറ്റുവിളകൾകൂടി കൃഷി ചെയ്യുന്നതിന് തോട്ടം നയങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' മാതൃകയിൽ കാർഷിക മേഖലയുടെ മുന്നേറ്റത്തിനായി 'ഈസ് ഓഫ് ഡൂയിംഗ് അഗ്രികൾച്ചർ' നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ?

(ബി & സി) തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി അംഗീകരിച്ച് ഉത്തരവായ പ്ലാന്റേഷൻ നയത്തിൽ, തോട്ടം മേഖല ലാഭകരമാക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും തോട്ടങ്ങളിൽ മിശ്രവിളകൃഷി (Mixedcrop), ഇടവിള കൃഷി (Intercrop), ടൂറിസം തുടങ്ങിയവ തോട്ടങ്ങളിലെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താതെ അനുവദിക്കാമെന്ന് വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ, ഹോർട്ടികൾച്ചർ, ഫ്ലോറികൾച്ചർ, ഔഷധകൃഷി, ക്ഷീരകൃഷി, തേനീച്ചകൃഷി, കോഴിവളർത്തൽ, മുട്ടകൃഷി, മത്സ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുമെന്നും പ്ലാന്റേഷൻ പോളിസിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 'ഈസ് ഓഫ് ഡൂയിംഗ് അഗ്രികൾച്ചർ' നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

### വിവിധ ഏജൻസികൾ മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികൾ

8(6532) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം എന്നിവക്കായി പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ & ബി) ഉദുമ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പുതിയ പദ്ധതികൾ നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാർഷിക മേഖലയിൽ വന്ന വരുമാന ഇടിവ് പരിഹരിക്കാൻ നടപടി**

9(6533) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനത്ത മഴയിലും കാറ്റിലും കൃഷിനാശമുണ്ടായ കർഷകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്?

പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടാകുന്ന കർഷകർക്ക് സംസ്ഥാന കൃഷി വകുപ്പ്, പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന നഷ്ടപരിഹാരം കൃഷി വകുപ്പിന്റെ AIMS പോർട്ടലിലൂടെ ഓൺലൈനായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് DBT സംവിധാനത്തിലൂടെ നേരിട്ട് നൽകുന്നു. കൂടാതെ കേന്ദ്ര വിഹിതമായ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരവും കർഷകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെയാണ് നൽകി വരുന്നത്.

(ബി) കർഷകർക്ക് ഇത്തരത്തിലുള്ള ഓൺലൈൻ പോർട്ടൽ ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ കർഷകർക്ക് നേരിട്ടും ഓൺലൈനായി അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവ്വീസ് സെന്റർ എന്നിവ മുഖേനയും AIMS പോർട്ടലിലൂടെ അപേക്ഷ നൽകാവുന്നതാണ്. പ്രത്യേക സാഹചര്യത്തിൽ എന്തെങ്കിലും കാരണവശാൽ ഒരു കർഷകന് ഓൺലൈനിലൂടെ നിലവിലെ രീതിയിൽ അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ആയത് കൃഷി ഭവൻ ഉദ്യോഗസ്ഥരുടെ സഹായത്തോടെ നിർവ്വഹിക്കുന്നതിനുള്ള സഹായം നൽകുന്നുണ്ട്. കൂടാതെ കർഷകൻ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ട വിധം, അപേക്ഷ സമർപ്പിക്കേണ്ട വിധം എന്നിവയെ സംബന്ധിച്ച് പരിശീലന വീഡിയോകൾ സമൂഹ മാധ്യമങ്ങൾ മുഖേന വ്യാപകമായി പ്രചരിപ്പിച്ചിട്ടുണ്ട്. സംസ്ഥാന കൃഷിവകുപ്പിന്റെ വെബ്സൈറ്റായ keralaagriculture.gov.in എന്ന സൈറ്റിൽ കർഷകർക്ക് AIMS പോർട്ടൽ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയുന്നതിനായുള്ള സംവിധാനവും നിലവിലുണ്ട്.

**മാവേലിക്കര മണ്ഡലത്തെ തരിശുരഹിതമാക്കാൻ പദ്ധതികൾ**

10(6534) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ XXIV-ലും XXV-ലും ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

നബാർഡിന്റെ ധനസഹായത്തോടെയുള്ള RIDF XXV സ്കീമിൽ ഉൾപ്പെടുത്തി നൂറനാട് പാലമേൽ പഞ്ചായത്തുകളിൽ ഉൾപ്പെട്ട കരിങ്ങാലിൽ പുഞ്ചയുടെയും തഴക്കര പഞ്ചായത്തിലെ കോതറ പോരടി, പുത്തൻ കുളങ്ങളുടെയും നവീകരണത്തിന് 808 ലക്ഷം രൂപയുടെ ഭരണാനുമതി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തെ തരിശുരഹിതമാക്കാൻ കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന മാവേലിക്കര മണ്ഡലത്തിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള RIDF XXV സ്കീമിൽ ഉൾപ്പെടുത്തി നൂറനാട് പാലമേൽ പഞ്ചായത്തുകളിൽ ഉൾപ്പെട്ട കരിങ്ങാലിൽ പുഞ്ചയുടെയും തഴക്കര പഞ്ചായത്തിലെ കോതറ പോരടി, പുത്തൻ കുളങ്ങളുടെയും നവീകരണത്തിന് 808 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് 10% ഭൗതിക പുരോഗതി കൈവരിച്ചിട്ടുണ്ട്. കൂടാതെ നൂറനാട് പഞ്ചായത്തിലെ പള്ളിമുക്കം സൗത്ത് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആർ.കെ.വി.വൈ. 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തി 120.46 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ 80% ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. മഴ കുറയുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. മാവേലിക്കര മണ്ഡലത്തെ തരിശുരഹിതമാക്കാനായി ചാരുംമൂട്, മാവേലിക്കര എന്നീ ബ്ലോക്കുകളിലായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

## കൃഷിവകുപ്പിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

11(6535) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:

<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ കൃഷിവകുപ്പിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഇവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്?

2016-21 കാലയളവിൽ കൃഷിവകുപ്പിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെയും നടപ്പിലാക്കിയ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നെൽകൃഷി വികസന പദ്ധതി സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ച് (13-ാം പഞ്ചവത്സര പദ്ധതി അവസാനത്തോടെ) 3 ലക്ഷം ഹെക്ടറാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിനായി സുസ്ഥിര നെൽകൃഷി വികസന പദ്ധതി, തരിശ് നിലകൃഷി, ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കി മാറ്റുക, കരനെൽ കൃഷി വ്യാപിപ്പിക്കുക, സവിശേഷ ഇനം അരിയുടെ വിസ്തൃതി വ്യാപനം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

2. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ പ്രോത്സാഹനം, പ്രാദേശിക പ്രാധാന്യമുള്ള വിളകളായ ചെറുധാന്യങ്ങൾ, എള്ള്, നിലക്കടല, കരിമ്പ്, മുതലായവയുടെ വിള വിസ്തൃതി അനുയോജ്യമായ മേഖലകളിൽ വ്യാപിപ്പിക്കുന്നതിനും അവയുടെ ഉത്പാദന വർദ്ധനവിനും സംസ്കരണത്തിനും ആവശ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

3. പച്ചക്കറി വികസനം - പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് കിഴങ്ങു/പഴവർഗ്ഗ വിളകൾ ഉൾപ്പെടെയുള്ള വിളകളുടെ പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. വീട്ടുവളപ്പിൽ പച്ചക്കറി, ക്ലസ്റ്ററുകൾ മുഖേന വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറികൃഷി, നഗരങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ എന്നിവ നടപ്പിലാക്കുന്നു.

ഉത്തമ കാർഷിക മുറകൾക്ക് പ്രാധാന്യം നൽകുന്നത് - പച്ചക്കറി തൈകളുടെയും വിത്തിന്റെയും പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് നഴ്സറി സ്ഥാപിക്കൽ, ജൈവ നിയന്ത്രണാധികാരികളുടെ ഓൺഫാം പ്രൊഡക്ഷൻ യൂണിറ്റ്, മഴമറ കൃഷി, മിനി പോളിഹൗസ് കൃഷി, കണിക ജലസേചനം, വിളവെടുത്ത പച്ചക്കറികൾ താത്കാലികമായി സൂക്ഷിക്കുന്നതിനായി സീറോ എനർജി കൂൾ ചേമ്പറുകൾ എന്നീ ഘടകങ്ങളും ഈ പദ്ധതിയിൽ നടപ്പിലാക്കുന്നു. പച്ചക്കറിയുടെ വിപണനത്തിനായി എ-ഗ്രേഡ് ക്ലസ്റ്റർ/ഫെഡറേറ്റഡ് ക്ലസ്റ്ററിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി വിപണികൾ പ്രവർത്തിച്ചുവരുന്നു.

4. കിഴങ്ങ് /പയർ വർഗ്ഗങ്ങളുടെ വികസനം- പച്ചക്കറി തോട്ടങ്ങളിലും നെൽപ്പാടങ്ങളിൽ മൂന്നാം വിളയായും വിവിധ പയറുവർഗ്ഗങ്ങൾ കൃഷി ചെയ്ത്

അവയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. കൂടാതെ കൃഷി വകുപ്പും കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രവും സംയുക്തമായി കിഴങ്ങ് വർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

5. നാളികേര വികസനം - തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ പരിപാലന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കോക്കനട്ട് കൗൺസിൽ രൂപീകരിച്ച് തെങ്ങിന്റെ സമഗ്രവികസനം നടപ്പിലാക്കുന്നതിനും വിസ്തൃതി വ്യാപനത്തിനുമുള്ള സംരംഭങ്ങൾ നടപ്പിലാക്കിവരുന്നു.

6. സുഗന്ധ വ്യഞ്ജന വികസന പദ്ധതി - കുരുമുളക് കൃഷി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ വിസ്തൃതി വ്യാപനവും നടപ്പിലാക്കുന്നു.

7. ഹൈടെക് അഗ്രികൾച്ചർ കോക്കനട്ട് കൗൺസിൽ രൂപീകരിച്ച് തെങ്ങിന്റെ സമഗ്രവികസനം നടപ്പിലാക്കുന്നതിനും വിസ്തൃതി വ്യാപനത്തിനുമുള്ള സംരംഭങ്ങൾ നടപ്പിലാക്കിവരുന്നു. പുരയിടങ്ങളിൽ കൃത്യതാ കൃഷി (ഓപ്പൺ പ്രിസിഷൻ ഫാമിംഗ്) പദ്ധതി നടപ്പിലാക്കുന്നു.

8. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം, വിള വിസ്തൃതി വ്യാപനത്തിനും വികസനത്തിനുമുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. പഴവർഗ്ഗ കൃഷി വികസനം (വാഴകൃഷി) വി.എഫ്.പി.സി.കെ. മുഖാന്തരം നടപ്പിലാക്കിവരുന്നു. കൂടാതെ പൂകൃഷി വികസനം ഇടുക്കി, വയനാട് ജില്ലകളിലും ഔഷധ സസ്യകൃഷി വികസനം തൃശ്ശൂർ, മലപ്പുറം ജില്ലകളിലും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തുന്നതിനുമുള്ള പദ്ധതികൾ-കേരളത്തിൽ 90% മണ്ണും അമ്ലസ്വഭാവമുള്ളതാണ്. ഇതിന് പരിഹാരമായി മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായ വസ്തുക്കളും സൂക്ഷ്മ ദ്വിതീയ മൂലകങ്ങളും സൗജന്യ നിരക്കിൽ കർഷകർക്ക് നൽകി മണ്ണിന്റെ വിള ഉല്പാദനശേഷി വർദ്ധിപ്പിച്ചു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്ന പരിപാടി പുരോഗമിക്കുന്നു. ഇത് സമീകൃത വള പ്രയോഗത്തിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും സാഹചര്യമൊരുക്കുന്നു.

10. വിള ആരോഗ്യപരിപാലനം - സുസ്ഥിര കൃഷി വികസനത്തിന്റെ പ്രധാന ഘടകമായ വിള ആരോഗ്യ പരിപാലന പദ്ധതിയിൽ കീടരോഗ നിരീക്ഷണ പ്രവർത്തനങ്ങൾ, സസ്യ ആരോഗ്യ ക്ലിനിക്കുകൾ, കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് (KCPM) മുഖേനയുള്ള കീടരോഗ നിരീക്ഷണം, കീടരോഗബാധ നിയന്ത്രിക്കുന്നതിനുള്ള പ്രകൃതിസൗഹാർദ്ദ മാർഗ്ഗനിർദ്ദേശ ബുള്ളറ്റിനുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

11. ജൈവകൃഷിയും ഉത്തമകൃഷിമുറകളും - മനുഷ്യന്റെ ആരോഗ്യത്തിന് സുരക്ഷിത ഭക്ഷണം ഏറ്റവും അത്യാവശ്യമാണ്. ഇതിനായി ജൈവകൃഷിയും ഉത്തമ കൃഷി മുറകളുമെന്ന പദ്ധതിയുടെ ഭാഗമായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ പഴം, പച്ചക്കറി കൃഷികൾ പ്രോത്സാഹിപ്പിക്കുന്നു. ഇതുപ്രകാരം ജൈവ ക്ലസ്റ്ററുകൾക്ക് 25 ഹെക്ടർ കൃഷി ചെയ്യുന്നതിനായി 75000 രൂപ ധനസഹായം നൽകുന്നു. ജൈവ ഉൽപ്പന്നങ്ങൾ സംഭരിച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്.

12. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും- കൃഷിവകുപ്പിന്റെ കീഴിലുള്ള 64 ഫാമുകൾ മുഖേനയും മൂന്ന് ടിഷ്യുകൾച്ചർ ലാബുകൾ മുഖേനയും നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗ വിളകൾ, സുഗന്ധ വിളകൾ മുതലായവയുടെ മേൽത്തരം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിവിധ പദ്ധതികളുടെ ഭാഗമായി കർഷകർക്ക് ലഭ്യമാക്കുന്നു.

13. ലബോറട്ടറികളുടെ ആധുനീകരണം-ഫലഭൂയിഷ്ഠത കണക്കാക്കുന്നതിനായുള്ള മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന, കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത് പരിശോധന തുടങ്ങിയ സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. BMFC-യുടെ ശക്തിപ്പെടുത്തൽ, രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിനും വാഹന ചെലവും ഉൾപ്പെടെയുള്ള പ്രവർത്തന ചെലവ് എന്നിവയാണ് ആധുനികവൽക്കരണത്തിന്റെ പ്രധാന ഘടകങ്ങൾ.

14. കാർഷിക വിജ്ഞാന വ്യാപനം - കർഷകർക്ക് യഥാസമയത്ത് ആവശ്യമായ കാർഷിക അറിവുകൾ ലഭ്യമാക്കുന്നതിനും നൂതന കൃഷി സമ്പ്രദായങ്ങളെക്കുറിച്ചുള്ള അറിവ് നൽകുന്നതിനും പ്രായോഗിക പരിശീലനം നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആത്മ പദ്ധതിയും ആർ.എ.റ്റി.റ്റി.സി. മുഖേനയുള്ള പരിശീലന പരിപാടികളും വിവിധ സംയോജിത കൃഷി സമ്പ്രദായ മോഡലുകൾ സ്ഥാപിക്കൽ, വിവര സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വിജ്ഞാന വിനിമയം, കർഷക അവാർഡ് വിതരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

15. കാർഷിക വിവരവും വിനിമയവും - കാർഷിക വികസനത്തിനുവേണ്ടിയുള്ള വിജ്ഞാനവും വിനിമയ സഹായവും ഫാം ഇൻഫർമേഷൻ ബ്യൂറോവഴി നടപ്പിലാക്കിവരുന്നു. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ പ്രിന്റ് ഇലക്ട്രോണിക് മീഡിയയുടെ സഹായത്തോടെ സാങ്കേതികവിദ്യ കൈമാറ്റ വികസനമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

16. കാർഷിക സേവന കേന്ദ്രങ്ങൾ - കർഷകത്തൊഴിലാളിക്ഷാമം രൂക്ഷമായികൊണ്ടിരിക്കുന്ന ഇക്കാലത്ത് കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനും തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും കാർഷിക കർമ്മസേനകളും അഗ്രോ സർവ്വീസ് സെന്ററുകളും രൂപീകരിച്ച് കർഷകരുടെ കൃഷിയിടങ്ങളിൽ സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. സംസ്ഥാനത്തുടനീളം 97 അഗ്രോ സർവ്വീസ് സെന്ററുകളും 297 കാർഷിക കർമ്മസേനകളും പ്രവർത്തിച്ചുവരുന്നു.

17. വിള ഇൻഷ്വറൻസ് പദ്ധതി- പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശം നേരിടുന്നതിനായി സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. കുറഞ്ഞ പ്രീമിയം നിരക്കിൽ കർഷകർക്കുണ്ടാകുന്ന വിളനാശം നികത്താൻ കഴിയത്തക്കവിധത്തിലുള്ള ഉയർന്ന നഷ്ടപരിഹാരം നൽകുന്ന വിധത്തിലുള്ള പുനരാവിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിയാണ് നിലവിൽ നടപ്പിലാക്കി വരുന്നത്.

18. പ്രകൃതിക്ഷോഭവും രോഗകീടവും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പദ്ധതി - പ്രകൃതിക്ഷോഭംമൂലവും രോഗകീടബാധമൂലവും പെട്ടെന്നുണ്ടാകുന്ന കൃഷിനാശം പരിഹരിക്കുന്നതിന് ഈ പദ്ധതി പ്രകാരം സഹായം നൽകുന്നു.

19. ജൈവവൈവിദ്ധ്യ സംരക്ഷണം - നെല്ല്, ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിളകളുടെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൻ കീഴിൽ കേരള കാർഷിക സർവ്വകലാശാല മുഖാന്തരം "ഒരു സീഡ് ബാങ്ക്" സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

20. കാർഷിക ഉല്പന്നങ്ങളുടെ വിപണി വികസനം - പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആഴ്ച ചന്തകൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ജില്ലാതല സംഭരണ കേന്ദ്രങ്ങൾ, 6 കാർഷിക മൊത്ത വ്യാപാര വിപണികളുടെ ശാക്തീകരണം എന്നിവ നടപ്പിലാക്കിവരുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ കർഷകരും കൃഷിഭവനുകളും

വിപണിയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി പ്രാദേശിക തലത്തിൽ കർഷക മിത്രസേവനം തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു.

21. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി ഇടപെടൽ പദ്ധതി - കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ വിലത്തകർച്ച നേരിടുമ്പോൾ ന്യായവില ഉറപ്പുവരുത്തുന്നതിനായി സർക്കാർ വിപണിയിൽ ഇടപെട്ട് ഉല്പന്നങ്ങളുടെ സംഭരണം നടത്തിവരുന്നു. ഓണം, ക്രിസ്തുമസ്, വിഷു മുതലായ ഉത്സവകാലങ്ങളിൽ കൃഷി വകുപ്പ്, അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറിയിനങ്ങൾ പൊതുവിപണിയിലെ വിലയെക്കാൾ 10-20% അധികം നൽകി നേരിട്ട് സംഭരിച്ച് അവർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കിവരുന്നു.

22. കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും - കാർഷിക വിളകൾക്ക് കൂടുതൽ വില ലഭിക്കുന്നതിനായി വിലയുടെ മൂല്യവർദ്ധനവിനും അഗ്രോ പ്രോസസ്സിംഗിനുമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വയം സഹായ സംഘങ്ങൾക്കും വിപണികൾക്കും അഗ്രോ പ്രോസ്സസിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി.) മുഖാന്തരം സഹായം നൽകുന്നു. കൂടാതെ അഗ്രോ പാർക്കുകൾ പ്രാവർത്തികമാക്കുന്നതിനും അതിലൂടെ കാർഷിക വ്യവസായം ശക്തിപ്പെടുത്തുന്നതിനും മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

23. വയനാട് പാക്കേജ് - സംസ്ഥാനത്തെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള ഒരു ജില്ലയായ വയനാട്ടിലെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനുള്ള സംസ്ഥാനാവിഷ്കൃത പദ്ധതിയാണിത്. ഈ പദ്ധതിയിൽ സംയോജിത കുരുമുളക് വികസനം, മണ്ണ് പരിപോഷണ വസ്തുക്കളുടെ വിതരണം, പ്രളയാനന്തര മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ, ജാതി കൃഷി വ്യാപനം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

24. ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അധിക ധനസഹായം - പാരമ്പര്യേതര ഊർജ്ജോത്പാദന മാർഗ്ഗമായ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2M3 ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പൊതു വിഭാഗങ്ങൾക്ക് 12000 രൂപയും പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 13000 രൂപയും ധനസഹായം നൽകുന്നു.

25. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്.) - ആർ.ഐ.ഡി.എഫ്-ന് കീഴിൽ അംഗീകരിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനു

വേണ്ടിയാണ് വിഹിതം. വിപണിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിൽ നിന്നുള്ള ആർ.ഐ.ഡി.എഫ്. വിഹിതം ഉപയോഗിക്കുന്നതാണ്.

26. ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് (IRTCBF) - 'ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് കുട്ടനാട്ടിലാണ് സ്ഥാപിച്ചിട്ടുള്ളത്. നൂതന പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും ഫീൽഡ് തലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മലിനീകരണം സംബന്ധിച്ച ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനും കാര്യശേഷി വർദ്ധനവിനുമുള്ള പരിപാടികൾ നടത്തിവരുന്നു. മേൽ പദ്ധതികൾ കൂടാതെ കർഷക പെൻഷൻ, കാർഷികാവശ്യത്തിന് സൗജന്യ വൈദ്യുതി, നെൽകൃഷിക്ക് ഉല്പാദന ബോണസ്, ആഭ്യന്തര വിപണിയിൽ റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനുള്ള റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നീ പദ്ധതികളും (നോൺ പ്ലാൻ) കൃഷിവകുപ്പ് നടപ്പിലാക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികളെല്ലാം 2021-22 സാമ്പത്തിക വർഷത്തിലും നടപ്പിലാക്കിവരുന്നു. കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന വിവിധ ഹോർട്ടികൾച്ചർ വിളകളുടെ കൃഷിവ്യാപനത്തിനായി MIDH എന്ന പദ്ധതി നടപ്പിലാക്കുന്നു. കേന്ദ്രസർക്കാർ പദ്ധതിയായ PMKSY പ്രകാരം ജലസേചന പദ്ധതികൾക്കും SMAM പ്രകാരം യന്ത്രവത്കരണ പദ്ധതികൾക്കും സഹായം നൽകുന്നു. RKVY പ്രകാരം അടിസ്ഥാന സൗകര്യ വികസന പരിപാടികളും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

## തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോൽപ്പാദനവും വിപണി ശക്തിപ്പെടുത്തലും പദ്ധതി

12(6536) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. 2020-21 വർഷത്തിൽ ഉൾപ്പെടുത്തി "തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോൽപ്പാദനവും വിപണി ശക്തിപ്പെടുത്തലും" എന്ന പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-കാർഷിക മേഖലയെ സാരമായി ബാധിച്ച ആഗോള പ്രതിസന്ധിയാണ് കോവിഡ്-19 മഹാമാരി. ഈ പ്രതിസന്ധി ഭക്ഷ്യക്ഷാമത്തിനും കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ ന്യായവിലയിൽ വിൽക്കാനുള്ള ബുദ്ധിമുട്ടും ഉണ്ടാക്കുവാൻ സാധ്യതയുണ്ടെന്നത് മുന്നിൽ കണ്ടുകൊണ്ട് 2020-21-ൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി തരിശുകൃഷി പ്രോത്സാഹനം,

ഗ്രാമീണ ചന്തകളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷ നിലനിർത്താൻ സ്വയംപര്യാപ്തത കൈവരിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് ലഭ്യമായ തരിശുഭൂമിയിൽ കൃഷി ചെയ്യുക, വിപണന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഗ്രാമീണ ചന്തകൾ ശക്തിപ്പെടുത്തുകയോ പുതുതായി രൂപീകരിക്കുകയോ ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൃഷിഭവൻ തലത്തിൽ തരിശുഭൂമി കണ്ടെത്തുകയും കൃഷി ചെയ്യുന്ന വിസ്തൃതിക്കനുസൃതമായി ആനുകൂല്യം നൽകുകയുമാണ് ചെയ്യുന്നത്. ഭൂവുടമകൾക്ക് നേരിട്ടോ അല്ലെങ്കിൽ പാട്ടത്തിനോ കൃഷി ചെയ്യാവുന്നതാണ്. കർഷകർ, കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾ, യുവജന സംഘങ്ങൾ, നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾ എന്നിവരെ ഉൾപ്പെടുത്തിയാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കിയത്. വിപണന രംഗത്ത് കാർഷികവിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ഗ്രാമതലത്തിൽ 960 ആഴ്ച്ചച്ചന്തകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും ഈ ഇനത്തിൽ കേന്ദ്രത്തിൽനിന്ന് എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ പ്രോജക്റ്റ് കോസ്റ്റ് 5100 ലക്ഷം രൂപയായിരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഈ തുകയുടെ 60% കേന്ദ്ര വിഹിതവും (3060 ലക്ഷം രൂപ) 40% സംസ്ഥാന വിഹിതവും (2040 ലക്ഷം രൂപ) ആണ്. ഇതിൽ 2020-21 വർഷത്തിൽ 2227.2 ലക്ഷം രൂപ കേന്ദ്രവിഹിതവും 1484.81 ലക്ഷം രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടെ 3712.01 ലക്ഷം രൂപയാണ് ലഭ്യമായത്.

(സി) തരിശുനിലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനം പരിപാടിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. വിശദവിവരങ്ങൾ

ചുവടെ ചേർക്കുന്നു.

| വിള | ആനുകൂല്യം (ഹെക്ടറിൽ) രൂപയിൽ | | ആകെ |
|---|---|---|---|
| | കർഷകർ | ഭൂവുടമ | |
| പച്ചക്കറി | 37,000 | 3,000 | 40,000 |
| വാഴ | 32,000 | 3,000 | 35,000 |
| കിഴങ്ങുവർഗ്ഗം | 27,000 | 3,000 | 30,000 |
| പയർ വർഗ്ഗം | 27,000 | 3,000 | 30,000 |
| ചെറു ധാന്യങ്ങൾ | 27,000 | 3,000 | 30,000 |
| നെല്ല് | 35,000 | 5,000 | 40,000 |

## ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

13(6537) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ കൃഷിവകുപ്പിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഇവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്?

2016-21 കാലയളവിൽ കൃഷിവകുപ്പിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെയും നടപ്പിലാക്കിയ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇവയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നെൽകൃഷി വികസന പദ്ധതി - സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ച് (13-ാം പഞ്ചവത്സര പദ്ധതി അവസാനത്തോടെ) 3 ലക്ഷം ഹെക്ടറാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിനായി സുസ്ഥിര നെൽകൃഷി വികസന പദ്ധതി, തരിശ് നിലകൃഷി, ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കി മാറ്റുക, കരനെൽ കൃഷി വ്യാപിപ്പിക്കുക, സവിശേഷ ഇനം അരിയുടെ വിസ്തൃതി വ്യാപനം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ പ്രോത്സാഹനം - പ്രാദേശിക പ്രാധാന്യമുള്ള വിളകളായ ചെറുധാന്യങ്ങൾ, എള്ള്, നിലക്കടല, കരിമ്പ്, മുതലായവയുടെ വിള വിസ്തൃതി അനുയോജ്യമായ മേഖലകളിൽ വ്യാപിപ്പിക്കുന്നതിനും അവയുടെ ഉത്പാദന വർദ്ധനവിനും സംസ്കരണത്തിനും ആവശ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

3. പച്ചക്കറി വികസനം - പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് കിഴങ്ങ്/പഴവർഗ്ഗ വിളകൾ ഉൾപ്പെടെയുള്ള വിളകളുടെ പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. വീട്ടുവളപ്പിൽ പച്ചക്കറി, ക്ലസ്റ്ററുകൾ മുഖേന വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി, നഗരങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ എന്നിവ നടപ്പിലാക്കുന്നു.

ഉത്തമ കാർഷിക മുറകൾക്ക് പ്രാധാന്യം നൽകുന്നത്:- പച്ചക്കറി തൈകളുടെയും വിത്തിന്റെയും പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് നഴ്സറി സ്ഥാപിക്കൽ, ജൈവ നിയന്ത്രണാധികാരികളുടെ ഓൺഫാം പ്രൊഡക്ഷൻ യൂണിറ്റ്, മഴമറ കൃഷി, മിനി പോളിഹൗസ് കൃഷി, കണിക ജലസേചനം, വിളവെടുത്ത പച്ചക്കറികൾ താത്കാലികമായി സൂക്ഷിക്കുന്നതിനായി സീറോ എനർജി കൂൾ ചേംബറുകൾ എന്നീ ഘടകങ്ങളും ഈ പദ്ധതിയിൽ നടപ്പിലാക്കുന്നു. പച്ചക്കറിയുടെ വിപണനത്തിനായി എ-ഗ്രേഡ് ക്ലസ്റ്റർ/ഫെഡറേറ്റഡ് ക്ലസ്റ്ററിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി വിപണികൾ പ്രവർത്തിച്ചുവരുന്നു.

4. കിഴങ്ങ് /പയർ വർഗ്ഗങ്ങളുടെ വികസനം - പച്ചക്കറി തോട്ടങ്ങളിലും നെൽപ്പാടങ്ങളിൽ മൂന്നാം വിളയായും വിവിധ പയർവർഗ്ഗങ്ങൾ കൃഷി ചെയ്ത് അവയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. കൂടാതെ കൃഷിവകുപ്പും കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രവും സംയുക്തമായി കിഴങ്ങ് വർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

5. നാളികേര വികസനം - തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ പരിപാലന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കോക്കനട്ട് കൗൺസിൽ രൂപീകരിച്ച് തെങ്ങിന്റെ സമഗ്ര വികസനം നടപ്പിലാക്കുന്നതിനും വിസ്തൃതി വ്യാപനത്തിനുമുള്ള സംരംഭങ്ങൾ നടപ്പിലാക്കിവരുന്നു.

6. സുഗന്ധവ്യഞ്ജന വികസന പദ്ധതി - കുരുമുളക് കൃഷി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ വിസ്തൃതി വ്യാപനവും നടപ്പിലാക്കുന്നു.

7. ഹൈടെക് അഗ്രികൾച്ചർ കോക്കനട്ട് - കൗൺസിൽ രൂപീകരിച്ച് തെങ്ങിന്റെ സമഗ്ര വികസനം നടപ്പിലാക്കുന്നതിനും വിസ്തൃതി വ്യാപനത്തിനുമുള്ള സംരംഭങ്ങൾ നടപ്പിലാക്കിവരുന്നു. പുരയിടങ്ങളിൽ കൃത്യതാ കൃഷി (ഓപ്പൺ പ്രിസിഷൻ ഫാമിംഗ്) പദ്ധതി നടപ്പിലാക്കുന്നു.

8. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം - വിള വിസ്തൃതി വ്യാപനത്തിനും വികസനത്തിനുമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. പഴവർഗ്ഗ കൃഷി വികസനം (വാഴകൃഷി) വി.എഫ്.പി.സി.കെ മുഖാന്തരം നടപ്പിലാക്കിവരുന്നു. കൂടാതെ പൂകൃഷി വികസനം ഇടുക്കി വയനാട് ജില്ലകളിലും ഔഷധ സസ്യകൃഷി വികസനം തൃശ്ശൂർ, മലപ്പുറം ജില്ലകളിലും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തുന്നതിനുമുള്ള പദ്ധതികൾ - കേരളത്തിൽ 90% മണ്ണും അമ്ലസ്വഭാവമുള്ളതാണ്. ഇതിനുപരിഹാരമായി മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായ വസ്തുക്കളും സൂക്ഷ്മ ദ്വിതീയ മൂലകങ്ങളും സൗജന്യ നിരക്കിൽ കർഷകർക്ക് നൽകി മണ്ണിന്റെ വിള ഉല്പാദനശേഷി വർദ്ധിപ്പിച്ചു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്ന പരിപാടി പുരോഗമിക്കുന്നു. ഇത് സമീകൃത വള പ്രയോഗത്തിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും സാഹചര്യമൊരുക്കുന്നു.

10. വിള ആരോഗ്യപരിപാലനം - സുസ്ഥിര കൃഷി വികസനത്തിന്റെ പ്രധാന ഘടകമായ വിള ആരോഗ്യ പരിപാലന പദ്ധതിയിൽ കീടരോഗ നിരീക്ഷണ പ്രവർത്തനങ്ങൾ, സസ്യ ആരോഗ്യ ക്ലിനിക്കുകൾ, കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് (KCPM) മുഖേനയുള്ള കീടരോഗ നിരീക്ഷണം, കീടരോഗബാധ നിയന്ത്രിക്കുന്നതിനുള്ള പ്രകൃതിസൗഹാർദ്ദ മാർഗ്ഗനിർദ്ദേശ ബുള്ളറ്റിനുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

11. ജൈവകൃഷിയും ഉത്തമകൃഷിമുറകളും - മനുഷ്യന്റെ ആരോഗ്യത്തിന് സുരക്ഷിത ഭക്ഷണം ഏറ്റവും അത്യാവശ്യമാണ്. ഇതിനായി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും എന്ന പദ്ധതിയുടെ ഭാഗമായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ പഴം, പച്ചക്കറി കൃഷികൾ പ്രോത്സാഹിപ്പിക്കുന്നു. ഇതുപ്രകാരം ജൈവ ക്ലസ്റ്ററുകൾക്ക് 25 ഹെക്ടർ കൃഷി ചെയ്യുന്നതിനായി 75000 രൂപ ധനസഹായം നൽകുന്നു. ജൈവ

ഉൽപ്പന്നങ്ങൾ സംഭരിച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്.

12. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും - കൃഷിവകുപ്പിന്റെ കീഴിലുള്ള 64 ഫാമുകൾ മുഖേനയും മൂന്ന് ടിഷ്യൂകൾച്ചർ ലാബുകൾ മുഖേനയും നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗ വിളകൾ, സുഗന്ധ വിളകൾ മുതലായവയുടെ മേൽത്തരം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിവിധ പദ്ധതികളുടെ ഭാഗമായി കർഷകർക്ക് ലഭ്യമാക്കുന്നു.

13. ലബോറട്ടറികളുടെ ആധുനീകരണം. - ഫലഭ്രൂയിഷ്ഠിത കണക്കാക്കുന്നതിനായുള്ള മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന, കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത് പരിശോധന തുടങ്ങിയ സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. BMFC-യുടെ ശക്തിപ്പെടുത്തൽ, രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിനും വാഹനച്ചെലവും ഉൾപ്പെടെയുള്ള പ്രവർത്തന ചെലവ് എന്നിവയാണ് ആധുനികവൽക്കരണത്തിന്റെ പ്രധാന ഘടകങ്ങൾ.

14. കാർഷിക വിജ്ഞാന വ്യാപനം - കർഷകർക്ക് യഥാസമയത്ത് ആവശ്യമായ കാർഷിക അറിവുകൾ ലഭ്യമാക്കുന്നതിനും നൂതന കൃഷി സമ്പ്രദായങ്ങളെക്കുറിച്ചുള്ള അറിവ് നൽകുന്നതിനും പ്രായോഗിക പരിശീലനം നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആത്മ പദ്ധതിയും ആർ.എ.റ്റി.റ്റി.സി. മുഖേനയുള്ള പരിശീലന പരിപാടികളും വിവിധ സംയോജിത കൃഷി സമ്പ്രദായ മോഡലുകൾ സ്ഥാപിക്കൽ, വിവര സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വിജ്ഞാന വിനിമയം, കർഷക അവാർഡ് വിതരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

15. കാർഷിക വിവരവും വിനിമയവും - കാർഷിക വികസനത്തിനുവേണ്ടിയുള്ള വിജ്ഞാനവും വിനിമയ സഹായവും ഫാം ഇൻഫർമേഷൻ ബ്യൂറോവഴി നടപ്പിലാക്കിവരുന്നു. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ പ്രിന്റ് 12 ഇലക്ട്രോണിക് മീഡിയയുടെ സഹായത്തോടെ സാങ്കേതികവിദ്യ കൈമാറ്റ വികസനമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

16. കാർഷിക സേവന കേന്ദ്രങ്ങൾ - കർഷകതൊഴിലാളിക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനും തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും കാർഷിക കർമ്മസേനകളും അഗ്രോ സർവ്വീസ് സെന്ററുകളും രൂപീകരിച്ച് കർഷകരുടെ കൃഷിയിടങ്ങളിൽ സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ

നടപ്പിലാക്കുന്നു. സംസ്ഥാനത്തുടനീളം 97 അഗ്രോ സർവ്വീസ് സെന്ററുകളും 297 കാർഷിക കർമ്മസേനകളും പ്രവർത്തിച്ചുവരുന്നു.

17. വിള ഇൻഷ്വറൻസ് പദ്ധതി - പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശം നേരിടുന്നതിനായി സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. കുറഞ്ഞ പ്രീമിയം നിരക്കിൽ കർഷകർക്കുണ്ടാകുന്ന വിളനാശം നികത്താൻ കഴിയത്തക്ക വിധത്തിലുള്ള ഉയർന്ന നഷ്ടപരിഹാരം നൽകാൻ വിധത്തിലുള്ള പുനരാവിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിയാണ് നിലവിൽ നടപ്പിലാക്കി വരുന്നത്.

18. പ്രകൃതിക്ഷോഭവും രോഗകീടവും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പദ്ധതി - പ്രകൃതിക്ഷോഭംമൂലവും രോഗകീടബാധമൂലവും പെട്ടെന്നുണ്ടാകുന്ന കൃഷിനാശം പരിഹരിക്കുന്നതിന് ഈ പദ്ധതി പ്രകാരം സഹായം നൽകുന്നു.

19. ജൈവവൈവിദ്ധ്യ സംരക്ഷണം - നെല്ല്, ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിളകളുടെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ കേരള കാർഷിക സർവ്വകലാശാല മുഖാന്തരം "ഒരു സീഡ് ബാങ്ക്" സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

20. കാർഷിക ഉല്പന്നങ്ങളുടെ വിപണി വികസനം - പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആഴ്ച ചന്തകൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ജില്ലാതല സംഭരണ കേന്ദ്രങ്ങൾ, 6 കാർഷിക മൊത്ത വ്യാപാര വിപണികളുടെ ശാക്തീകരണം എന്നിവ നടപ്പിലാക്കി വരുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ കർഷകരും കൃഷിഭവനുകളും വിപണിയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി പ്രാദേശിക തലത്തിൽ കർഷക മിത്രസേവനം തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു.

21. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി ഇടപെടൽ പദ്ധതി - കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ വിലത്തകർച്ച നേരിടുമ്പോൾ ന്യായവില ഉറപ്പുവരുത്തുന്നതിനായി സർക്കാർ വിപണിയിൽ ഇടപെട്ട് ഉല്പന്നങ്ങളുടെ സംഭരണം നടത്തിവരുന്നു. ഓണം, ക്രിസ്തുമസ്, വിഷു മുതലായ ഉത്സവകാലങ്ങളിൽ കൃഷി വകുപ്പ്, അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറിയിനങ്ങൾ പൊതുവിപണിയിലെ വിലയെക്കാൾ 10-20% അധികം നൽകി നേരിട്ട് സംഭരിച്ച് അവർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കി വരുന്നു.

22. കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും - കാർഷിക വിളകൾക്ക് കൂടുതൽ വില ലഭിക്കുന്നതിനായി വിലയുടെ മൂല്യവർദ്ധനവിനും അഗ്രോ പ്രോസസ്സിംഗിനുമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വയം സഹായ സംഘങ്ങൾക്കും വിപണികൾക്കും അഗ്രോ പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) മുഖാന്തരം സഹായം നൽകുന്നു. കൂടാതെ അഗ്രോ പാർക്കുകൾ പ്രാവർത്തികമാക്കുന്നതിനും അതിലൂടെ കാർഷിക വ്യവസായം ശക്തിപ്പെടുത്തുന്നതിനും മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

23. വയനാട് പാക്കേജ് - സംസ്ഥാനത്തെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള ഒരു ജില്ലയായ വയനാട്ടിലെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനുള്ള സംസ്ഥാനാവിഷ്കൃത പദ്ധതിയാണിത്. ഈ പദ്ധതിയിൽ സംയോജിത കുരുമുളക് വികസനം, മണ്ണ് പരിപോഷണ വസ്തുക്കളുടെ വിതരണം, പ്രളയാനന്തര മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ, ജാതി കൃഷി വ്യാപനം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

24. ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അധിക ധനസഹായം - പാരമ്പര്യേതര ഊർജ്ജോത്പാദന മാർഗ്ഗമായ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2M3 ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പൊതുവിഭാഗങ്ങൾക്ക് 12000 രൂപയും പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 13000 രൂപയും ധനസഹായം നൽകുന്നു.

25. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്.) - ആർ.ഐ.ഡി.എഫ്-നുകീഴിൽ അംഗീകരിച്ച പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനുവേണ്ടിയാണ് വിഹിതം. വിപണിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിൽ നിന്നുള്ള ആർ.ഐ.ഡി.എഫ്. വിഹിതം ഉപയോഗിക്കുന്നതാണ്.

26. ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് (IRTCBF) - 'ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ്' കുട്ടനാട്ടിലാണ് സ്ഥാപിച്ചിട്ടുള്ളത്. നൂതന പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും ഫീൽഡ് തലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മലിനീകരണം സംബന്ധിച്ച ഡാറ്റാബേസ് തയ്യാറാക്കുന്നതിനും കാര്യശേഷി വർദ്ധനവിനുമുള്ള പരിപാടികൾ നടത്തിവരുന്നു. മേൽ പദ്ധതികൾ കൂടാതെ കർഷക പെൻഷൻ, കാർഷികാവശ്യത്തിന് സൗജന്യ വൈദ്യുതി, നെൽകൃഷിക്ക് ഉല്പാദന ബോണസ്, ആഭ്യന്തര വിപണിയിൽ റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനുള്ള റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നീ

പദ്ധതികളും (നോൺ പ്ലാൻ) കൃഷിവകുപ്പ് നടപ്പിലാക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികളെല്ലാം 2021-22 സാമ്പത്തിക വർഷത്തിലും നടപ്പിലാക്കിവരുന്നു. കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന വിവിധ ഹോർട്ടികൾച്ചർ വിളകളുടെ കൃഷിവ്യാപനത്തിനായി MIDH എന്ന പദ്ധതി നടപ്പിലാക്കുന്നു. കേന്ദ്രസർക്കാർ പദ്ധതിയായ PMKSY പ്രകാരം ജലസേചന പദ്ധതികൾക്കും SMAM പ്രകാരം യന്ത്രവത്കരണ പദ്ധതികൾക്കും സഹായം നൽകുന്നു. RKVY പ്രകാരം അടിസ്ഥാന സൗകര്യ വികസന പരിപാടികളും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

### കോഴിക്കോട് ജില്ലയിൽ ഹരിത കേരളം പദ്ധതി

14(6538) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതി പ്രകാരം ജലം, മണ്ണ് എന്നിവയുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്?

ഹരിത കേരളം മിഷൻ ജല ഉപമിഷൻ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലസേചന വകുപ്പ്, ചെറുകിട ജലസേചന വകുപ്പ്, മണ്ണ് ജലസംരക്ഷണ വകുപ്പ്, ഭൂജല വകുപ്പ്, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി, ജനകീയ പങ്കാളിത്തം എന്നിവ ഏകോപിപ്പിച്ചാണ് നടപ്പിലാക്കുന്നത്. പദ്ധതി രൂപീകരണത്തിനും തുടർന്നുള്ള നിരന്തര മോണിറ്ററിംഗിനും ഹരിത കേരളം മിഷൻ പങ്ക് വഹിക്കുന്നു. പ്രവർത്തനങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ തന്നെയാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നീർത്തട മാസ്റ്റർ പ്ലാനിന് രൂപം നൽകി. നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ആവശ്യമായ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതി, വിവിധ വകുപ്പ് പദ്ധതി എന്നിവയിലൂടെ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. കുളങ്ങളുടെ നിർമ്മാണം, പുനരുജ്ജീവനം, നീർച്ചാലുകളുടെ നിർമ്മാണം, തോടുകൾ ആഴം കൂട്ടൽ, കയ്യാല നിർമ്മാണം, വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ, നീർത്തടാധിഷ്ഠിതമായ പ്രവർത്തനങ്ങൾ എന്നിവ ഇപ്രകാരം നടപ്പിലാക്കുന്നു. ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ലാബുകളോട് ചേർന്ന് പ്രാഥമിക ജലഗുണനിലവാര പരിശോധനയ്ക്കുള്ള ലാബുകൾ സ്ഥാപിച്ച് വരുന്നു. വൃക്ഷവൽക്കരണം/വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി, തൊഴിലുറപ്പ് പദ്ധതി എന്നിവ സംയോജിപ്പിച്ച് പച്ചത്തുരുത്തുകളുടെ നിർമ്മാണവും ഓപ്പൺസ്പേസ് മാപ്പിംഗ്

സാങ്കേതികവിദ്യ ഉപയോഗിച്ച് നീർച്ചാലുകൾ മാപ്പിൽ അടയാളപ്പെടുത്തുന്ന പ്രവർത്തനങ്ങളും ജലവിജ്ഞാൻ കേന്ദ്ര പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ ജലസ്രോതസ്സുകളുടെ വിവരശേഖരണവും നടന്നുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ ഹരിത കേരളം പദ്ധതി പ്രകാരം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതി, ജനകീയ പങ്കാളിത്തം എന്നിവയിലൂടെ നീർച്ചാലുകളുടെ ശുചീകരണത്തിനും വീണ്ടെടുപ്പിനുമായി നടത്തിയ 'ഇനി ഞാനൊഴുകട്ടെ' - നീർച്ചാലുകളുടെ പുനരുജ്ജീവനം - ക്യാമ്പയിനിന്റെ ഒന്നാംഘട്ടത്തിൽ 77-ഉം രണ്ടാം ഘട്ടത്തിൽ 74-ഉം മൂന്നാം ഘട്ടത്തിൽ 39-ഉം തദ്ദേശഭരണ സ്ഥാപനങ്ങളിൽ ശുചീകരണം നടത്തി. ഒന്നാംഘട്ടത്തിൽ 98-ഉം രണ്ടാം ഘട്ടത്തിൽ 457-ഉം മൂന്നാം ഘട്ടത്തിൽ 44-ഉം തോടുകൾ വീണ്ടെടുത്തു. മിഷൻ തെളിനീർ - ജനകീയ പങ്കാളിത്തത്തോടെ ജില്ലയിലെ 54 കുളങ്ങളുടെ പുനരുജ്ജീവനം മിഷൻ തെളിനീർ എന്ന ക്യാമ്പയിനിൽ നടപ്പിലാക്കി. ജലഗുണനിലവാര പരിശോധനാ ലാബുകൾ - കോഴിക്കോട് സൗത്ത്, ബേപ്പൂർ, കുന്നമംഗലം, കൊയിലാണ്ടി എന്നീ മണ്ഡലങ്ങളിലെ 12 സ്കൂളുകളിൽ ജലഗുണനിലവാര പരിശോധനാ ലാബിന്റെ പണി പൂർത്തിയാക്കുകയും പേരാമ്പ്ര, ബാലുശ്ശേരി, തിരുവമ്പാടി എന്നീ മണ്ഡലങ്ങളിലെ 17 സ്കൂളുകളിൽ നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. മാപ്പത്തോൺ ജില്ലയിലെ ഓപ്പൺ സ്ട്രീം മാപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് ജില്ലയിലെ 2011.88 കിലോമീറ്റർ നീർച്ചാലുകൾ മാപ്പിൽ അടയാളപ്പെടുത്തി. ജൽശക്തി അഭിയാൻ - ജലവിജ്ഞാൻ കേന്ദ്ര പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ ജലസ്രോതസ്സുകളുടെ വിവരശേഖരണം പുരോഗമിക്കുന്നു. ജില്ലയിൽ ഭൂജല വകുപ്പ് ജില്ലാ ഓഫീസറാണ് പദ്ധതിയുടെ നോഡൽ ഓഫീസറായി പ്രവർത്തിക്കുന്നത്. ഹരിത കേരളം മിഷൻ ഈ പ്രവർത്തനങ്ങളിൽ പങ്കാളിയാണ്. പച്ചത്തുരുത്ത് - ജൈവ വൈവിദ്ധ്യ സംരക്ഷണം, ജലം, മണ്ണ് സംരക്ഷണം എന്നിവയ്ക്കും കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള പ്രാദേശിക ഇടപെടലുകളുടെ ഭാഗമായുള്ള പച്ചത്തുരുത്തുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി എന്നിവ സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. ജില്ലയിൽ ഇതുവരെ 160 പച്ചത്തുരുത്തുകൾ നിർമ്മിച്ചിട്ടുണ്ട്. ചെറുകിട ജലസേചന വകുപ്പ് - ചെറുകിട ജലസേചന വകുപ്പ് മുഖേന ഹരിത കേരളം മിഷന്റെ ഭാഗമായി 2017-18-ൽ 12 പ്രവൃത്തിയും 2018-19-ൽ 4 പ്രവൃത്തികളും, 2019-20-ൽ 5 പ്രവൃത്തികളും 2020-21-ൽ 5 പ്രവൃത്തികളും 2021-22-ൽ 2 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. മണ്ണ്

സംരക്ഷണ വകുപ്പ് - ആർ.ഐ.ഡി.എഫ്., മണ്ണിടിച്ചിൽ തടയുന്നതിനുള്ള പദ്ധതി, രാഷ്ട്രീയ കൃഷി വിജ്ഞാന യോജന (ആർ.കെ.വി.വൈ), പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.) എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കി. ഭൂജല വകുപ്പ്, എം.ജി.എൻ.ആർ.ഇ.ജി.എസ്. മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഹരിത കേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള മറ്റ് പദ്ധതികൾ: ഹരിത കേരളം മിഷന്റെ മറ്റ് രണ്ട് ഉപമിഷനുകളായ ശുചിത്വ മാലിന്യ സംസ്കരണം, കൃഷി പ്രോത്സാഹനം എന്നിവയിലുള്ള പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നുവരുന്നു.

ശുചിത്വ മാലിന്യ സംസ്കരണം - ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷൻ എന്നിവയുടെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ അവലോകനവും നിരന്തരമായ ഇടപെടലുകളും ജില്ലാ ഹരിത കേരളം മിഷന്റെയും ശുചിത്വമിഷന്റെയും നേതൃത്വത്തിൽ നടന്നുവരുന്നു. ജില്ലാ - ബ്ലോക്ക് തലത്തിലും അതത് തദ്ദേശഭരണ സ്ഥാപന തലത്തിലും ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ വിവിധ ഘടകങ്ങൾ സംബന്ധിച്ച അവലോകനവും അവ കൈവരിക്കുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു.

1. ഹരിതകർമ്മസേന - വീട്ടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പാഴ് വസ്തുക്കൾ ശേഖരിക്കുന്ന സംവിധാനമായ ഹരിതകർമ്മസേന ജില്ലയിലെ 70 ഗ്രാമപഞ്ചായത്തുകളിലും 7 നഗരസഭകളിലും കോഴിക്കോട് കോർപ്പറേഷനിലും സജ്ജമാക്കുകയും പ്രവർത്തനം ആരംഭിച്ച് നടന്നുവരികയും ചെയ്യുന്നു. 2675 ഹരിതകർമ്മസേനാംഗങ്ങളാണ് ഇത്തരത്തിൽ പ്രവർത്തിക്കുന്നത്.

2. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) - പാഴ് വസ്തുക്കൾ ശേഖരിച്ച് തരംതിരിക്കുന്ന സംവിധാനമായ എം.സി.എഫ്. ജില്ലയിലെ 55 ഗ്രാമപഞ്ചായത്തുകളിലും മുഴുവൻ നഗരസഭകളിലും സ്ഥാപിക്കാനായി. എം.സി.എഫ്. സ്ഥാപിക്കാത്ത 15 ഗ്രാമപഞ്ചായത്തുകളിലും അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി - ശേഖരിച്ച പാഴ്വസ്തുക്കൾ റീസൈക്ലിംഗിന് അയയ്ക്കുന്നതിന് ബ്ലോക്ക് തലത്തിലും നഗരസഭാ തലങ്ങളിലും സ്ഥാപിക്കുന്ന സംവിധാനമാണ് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി. ജില്ലയിലെ എല്ലാ നഗരസഭകളിലും 5 ബ്ലോക്കുകളിലും സ്ഥാപിക്കുകയും ബാക്കിയുള്ള 7 ബ്ലോക്കുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. പൊതുജനങ്ങളുടെ പ്രതിഷേധവും സ്ഥലലഭ്യതയുടെ പരിമിതിയുമാണ് തടസ്സങ്ങളായി വന്നത്.

4. മിനി എം.സി.എഫ്. - ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ താൽക്കാലികമായി സൂക്ഷിക്കുന്നതിന് വാർഡുതലത്തിൽ തൊഴിലുറപ്പ് പദ്ധതിയും മറ്റ് പദ്ധതികളും ഉൾപ്പെടുത്തി സ്ഥാപിക്കുന്നവയാണ് മിനി എം.സി.എഫ്.-കൾ.

5. ഗ്രീൻ പ്രോട്ടോക്കോൾ ഹരിത ഓഫീസുകൾ - ചിട്ടയായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും മാലിന്യം കുറയ്ക്കുന്നതിനുള്ള നടപടികളും ചേർന്നതാണ് ഹരിതപെരുമാറ്റ ചട്ടം അഥവാ ഗ്രീൻ പ്രോട്ടോക്കോൾ. ഓഫീസുകളിൽ ഇവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് പരിശോധന നടത്തുകയും ഹരിത ഓഫീസ് സാക്ഷ്യപത്രം എ, ബി, സി ഗ്രേഡുകളിലായി നൽകുകയും ചെയ്യു.

6. ശുചിത്വ പദവി - ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇത് സംബന്ധിച്ച അവലോകനത്തിൽ 100- ൽ 60 മാർക്കെങ്കിലും ലഭിച്ചവർക്ക് ശുചിത്വ പദവി നൽകുന്നു. ജില്ലയിൽ 46 ഗ്രാമപഞ്ചായത്തുകൾക്കും 5 നഗരസഭകൾക്കും കോഴിക്കോട് കോർപ്പറേഷനും ശുചിത്വ പദവി നൽകാനായി. ബാക്കിയുള്ള 24 ഗ്രാമപഞ്ചായത്തുകളേയും 2 നഗരസഭകളേയും ശുചിത്വ പദവിയിലേയ്ക്കെത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

7. സമ്പൂർണ ശുചിത്വ പദവി - എല്ലാത്തരം മാലിന്യങ്ങളെയും സംസ്കരിക്കുകയെന്ന ലക്ഷ്യത്തോടെ സമ്പൂർണ ശുചിത്വ പദവി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

8. ദ്രവമാലിന്യ സംസ്കരണം - ജില്ലയിലെ പുഴകളിലേക്കും ജലാശയങ്ങളിലേക്കും ദ്രവമാലിന്യം എത്തുന്നത് തടയുന്നതിനുള്ള കർമ്മപരിപാടി രൂപീകരിക്കുന്നതിനുള്ള വിവരശേഖരണം നടന്നുവരികയാണ്.

9. ഇതോടൊപ്പം ബദൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റുകൾ, ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയും നടപ്പിലാക്കിവരുന്നു. കൃഷി ഉപമിഷൻ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെയും, തദ്ദേശഭരണ സ്ഥാപനങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, നാളികേര വികസന ബോർഡ് പോലെയുള്ള ഏജൻസികൾ എന്നിവയുടെ പദ്ധതികൾ സംയോജിപ്പിച്ച് കാർഷിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ജില്ലയെ തരിശുരഹിത ജില്ലയാക്കുന്നതിനും പച്ചക്കറി കൃഷിയിൽ മുന്നേറ്റം നടത്തുന്നതിനുമാണ് ഹരിത കേരളം മിഷൻ ലക്ഷ്യമിടുന്നത്.

കൃഷിഉപമിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

1. ഹരിതസമൃദ്ധി വാർഡ് - ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറികൃഷി വ്യാപിപ്പിക്കുന്ന പദ്ധതിയാണ് ഹരിതസമൃദ്ധി. ജില്ലയിലെ 104 വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കി മാറ്റാനായി. ഈ വാർഡുകളിൽ മാത്രം 36243 പച്ചക്കറി വിത്ത് കിറ്റുകൾ 119693 പച്ചക്കറി തൈകൾ, 953 ഗ്രോബാഗ് യൂണിറ്റുകൾ, 22 ജലസേചന പമ്പ് സെറ്റുകൾ, 15 സസ്യ സംരക്ഷണ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യാനായി. ജില്ലയിലെ എല്ലാ കൃഷിഭവൻ തലത്തിലും ചുരുങ്ങിയത് 3 വാർഡുകളെങ്കിലും ഹരിതസമൃദ്ധി വാർഡുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. തരിശുരഹിത പഞ്ചായത്ത് - ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കൂടുതൽ പച്ചക്കറി-ധാന്യ വർഗ്ഗങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന്റെയും നെൽപ്പാടങ്ങളുടെ നിയമവിരുദ്ധമായ പരിവർത്തനങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായും ജില്ലയിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്തായി പ്രഖ്യാപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം കൊണ്ട് തരിശുഭൂമിയെ തരിശുരഹിത പഞ്ചായത്തായി മാറ്റുകയും ചെയ്യുക എന്നതാണ് തരിശുരഹിത പഞ്ചായത്ത് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി ആദ്യഘട്ടത്തിൽ 12 പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ജില്ലാ പദ്ധതിരേഖ പ്രകാരം ജില്ലയെ തരിശുരഹിത ജില്ലയാക്കുക എന്നുള്ളതാണ് ലക്ഷ്യമിടുന്നത്.

3. ആയുഷ് മിഷനുമായി ചേർന്ന് ഔഷധസസ്യത്തോട്ടം - ആയുഷ് മിഷനുമായി ചേർന്ന് ജില്ലയിലെ 6 ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകളിലെ ഡിസ്പെൻസറികളിലും ഔഷധസസ്യത്തോട്ടം പദ്ധതി നടപ്പിലാക്കി. 6 ആയുർവേദ ഡിസ്പെൻസറികളിലും 2 ഹോമിയോ ഡിസ്പെൻസറികളിലും ആയത് നടപ്പിലാക്കി. ഹരിത കേരളം മിഷൻ ലക്ഷ്യങ്ങളായ വൃത്തി, വെള്ളം, വിളവ് എന്നിവയുടെ പ്രവർത്തനങ്ങൾ, ശുചിത്വ മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി പ്രോത്സാഹനം, ഉപമിഷനുകളുടെ വിവിധ വകുപ്പുകളിൽ നടപ്പിലാക്കുന്നത് തദ്ദേശഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിക്കുകയും നിരന്തരം മോണിറ്റർ ചെയ്യുകയും എന്നതാണ് ഹരിത കേരളം മിഷൻ നിർവ്വഹിച്ചുപോരുന്ന ദൗത്യം.

## സംസ്ഥാനത്തെ പ്രതിദിന പച്ചക്കറി ഉപയോഗം

15(6539) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ടൺ പച്ചക്കറികൾ ഉപയോഗിക്കുന്നു എന്ന് വിശദമാക്കാമോ; ഇതിൽ ആഭ്യന്തര ഉത്പാദനവും ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതും എത്ര വീതമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പ്രതിദിനം 5479 മെട്രിക് ടൺ പച്ചക്കറികൾ ഉപയോഗിക്കുന്നു എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇതിൽ സംസ്ഥാനത്തിന്റെ നിലവിലെ പ്രതിദിന ആഭ്യന്തര പച്ചക്കറി ഉത്പാദനം 4301.4 മെട്രിക് ടണ്ണാണ്. ഇത് ആവശ്യകതയുടെ 78.5 ശതമാനമാണ്, ശേഷിക്കുന്ന 21.5 ശതമാനത്തിന് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മറ്റിതര സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെ മാർക്കറ്റുകളിലെത്തുന്ന പച്ചക്കറികളുടെ വിഷാംശം പരിശോധിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. പൊതുവിപണിയിൽ ലഭ്യമാകുന്ന പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി " സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഘടകം പ്രകാരം സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിച്ച് വരുന്നുണ്ട്. വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, പൊതു വിപണികൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലിലും (www.kerala.gov.in) കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷിവകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതുവഴി പച്ചക്കറികളിൽ അടങ്ങിയിരിക്കുന്ന അവശിഷ്ട വിഷാംശം സംബന്ധിച്ച അവബോധം കർഷകരിലും പൊതുജനങ്ങളിലും സൃഷ്ടിക്കാൻ ഒരുപരിധിവരെ സാധിക്കുകയും ചെയ്തിട്ടുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ ഒരു ഘടകമായി ആയത് ഉൾപ്പെടുത്തി 20 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആന്റ് റിസർച്ച് എന്ന സ്ഥാപനവും ചേർന്ന് 2017

വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് " ഡിസൈൻ ഓഫ് എ സർഫസ് എൻഹാൻസ്ഡ് സ്പെക്ട്രോസ്കോപ്പി ബേസ്ഡ് ഡിവൈസ് ഫോർ ദി റാപ്പിഡ് ഡിറ്റക്ഷൻ ഓഫ് ഓർഗാനോഫോസ്ഫേറ്റ് പെസ്റ്റിസൈഡ് ആന്റ് പൈറത്രോയിഡ്സ് ഇൻസെക്ടിസൈഡ്സ് ഇൻ ഫ്രൂട്ട് ആന്റ് വെജിറ്റബിൾസ്" പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ടം ദ്രുതഗതിയിൽ കണ്ടെത്താനുള്ള ഉപകരണത്തിന്റെ ആവിഷ്കരണമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. പ്രാരംഭഘട്ടത്തിൽ പച്ചക്കറികളിൽ 10 കീടനാശിനികളുടെ അവശിഷ്ട പരിശോധന പഠനമാണ് നടക്കുന്നത്. ഉപകരണത്തിന്റെ പ്രവർത്തന സംബന്ധമായ പഠനങ്ങളാണ് ഇതോടൊപ്പം ഇപ്പോൾ നടന്നുവരുന്നത്. ഈ ഉപകരണം പ്രവർത്തനസജ്ജമാകുന്നതോടെ ഭക്ഷ്യവസ്തുക്കൾ പ്രത്യേകിച്ച് പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയിൽ കീടനാശിനി സാന്നിദ്ധ്യമുണ്ടോ ഇല്ലയോ എന്നത് മനസ്സിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനം സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇതുവഴി ആഭ്യന്തര ഉത്പാദനത്തിൽ ഉണ്ടായ മാറ്റം എന്തെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായികാടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7445 ലക്ഷം രൂപ വകയിരുത്തി 1.22 ലക്ഷം ഹെക്ടറിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും ഇതിലൂടെ 18.3 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറായി ഉയർത്താനും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും കഴിഞ്ഞു. 2018-19 ആയപ്പോഴേയ്ക്കും പച്ചക്കറി വിസ്തൃതി 0.82166 ലക്ഷം ഹെക്ടറും ഉല്പാദനം 12.12 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുവാനും സാധിച്ചു. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടറായി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക്കായി ഉയർത്തുന്നതിനും സാധിച്ചു. 2020-21

വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.02 ലക്ഷം ഹെക്ടറായി വ്യാപിപ്പിക്കാനും ഉല്പാദനം 15.7 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമവകുപ്പ് താഴെപ്പറയുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

1) ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം

2) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി

3) ജില്ലാ ക്ലസ്റ്റർ വികസനം

4) ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം

5) കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

6) മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും

7) ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം

8) നഴ്സറികൾ സ്ഥാപിക്കൽ

9) ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ

10) മഴമറ നിർമ്മാണം

11) സേഫ്-ടു-ഈറ്റ്

12) സുഭിക്ഷ കേരളം പദ്ധതി

13) വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം.

## ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കീടനാശിനി സാന്നിദ്ധ്യമുള്ള പച്ചക്കറികൾ

16(6540) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതരസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ അളവ് കൂടുതലുണ്ടാകുന്ന സാഹചര്യത്തിൽ ഇത്തരം പച്ചക്കറികൾ കണ്ടെത്താനും ഉപയോഗം കുറയ്ക്കാനും കഴിയുന്ന തരത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഇതരസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ പൊതുവിപണിയിൽ ലഭ്യമാകുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി " സേഫ് ടു ഈറ്റ്" എന്ന പദ്ധതി പ്രകാരം സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധിച്ച് പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. അതുവഴി മാരകമായ കീടനാശിനികളെ സംബന്ധിച്ച അവബോധം കർഷകർക്കും പൊതുജനങ്ങൾക്കും നൽകുന്നതിന് ഒരുപരിധി വരെ സഹായമാവുകയും ചെയ്തിട്ടുണ്ട്. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായമാകുകയും അന്യസംസ്ഥാനത്തു നിന്നും എത്തുന്ന പച്ചക്കറിയുടെ ഉപഭോഗം ഒരു പരിധി വരെ കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള മറ്റ് ലബോറട്ടറികൾ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലും പടന്നക്കാട് കാർഷിക കോളേജിലും ആർ.എ.ആർ.എസ്. കുമരകത്തും പ്രവർത്തിക്കുന്നു. ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ അളവ് കൂടുതലുണ്ടാകുന്ന സാഹചര്യത്തിൽ കൃഷി വകുപ്പിന് കീഴിലെ ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിംഗിന്റെ നേതൃത്വത്തിൽ ജൈവകീടനാശിനികളുടേയും ജൈവ വളങ്ങളുടേയും ഉൽപ്പാദനം വർദ്ധിപ്പിക്കൽ, സംയോജിത കീടനിയന്ത്രണം, രാസകീടനാശിനികളുടെ ശാസ്ത്രീയ ഉപയോഗം, മാരക വിഷാംശമുള്ള കീടനാശിനികൾക്ക് പകരം വിഷാംശം കുറവുള്ള പുതുതലമുറ കീടനാശിനികളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ ബോധവൽക്കരണ സെമിനാറുകൾ / വർക്ക് ഷോപ്പുകൾ, ക്യാമ്പയിനുകൾ മുതലായവ സംഘടിപ്പിച്ചുവരുന്നു.

## മണലൂർ മണ്ഡലത്തിൽ നെൽകൃഷിക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം

17(6541) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ഇറക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം കൃഷി വകുപ്പ് ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

നെൽകൃഷി ഇറക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷം കൃഷി വകുപ്പ് 1331 .17201 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) പ്രസ്തുത കാലയളവിൽ നെൽകൃഷിക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?

കഴിഞ്ഞ 5 വർഷക്കാലയളവിൽ നെൽകൃഷിക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിച്ച തുകയുടെ വർഷം തിരിച്ച കണക്ക് അനുബന്ധമായി* ചേർക്കുന്നു.

**നെൽകൃഷിയുടെ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ്**

18(6542) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-10-2021-ന് തുടങ്ങിയ തീവ്രമഴയിലും പ്രകൃതിക്ഷോഭത്തിലും മണലൂർ നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളിലെ നെൽകൃഷി നശിച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നെൽകൃഷിയുടെ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലത്തെ നെൽകൃഷിയാണ് നശിച്ചതെന്ന് അറിയിക്കാമോ?

ഉണ്ട്. 2736.6325 ഏക്കറിലെ (1107.5 ഹെക്ടർ) നെൽകൃഷിയാണ് നശിച്ചത്.

(സി) പ്രസ്തുത നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

2018 ഒക്ടോബർ 12 മുതൽ 30 വരെയുള്ള കൃഷിനാശത്തിന് ധന സഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 15-11-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കൃഷിനാശം സംഭവിച്ച പാടശേഖരങ്ങളിൽ വീണ്ടും കൃഷി ഇറക്കുന്നതിന് സർക്കാർ ധനസഹായവും വിത്തും വളവും യന്ത്രസാമഗ്രികളും ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകുമോയെന്ന് അറിയിക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷിനാശം സംഭവിച്ച പാടശേഖരങ്ങളിൽ വീണ്ടും കൃഷി ഇറക്കുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികളിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

1. വിതച്ച നെൽവിത്തിന് നാശം സംഭവിക്കുന്ന സാഹചര്യത്തിൽ വീണ്ടും കൃഷിയിറക്കുന്നതിനായി നെൽവിത്ത് - കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി (KSSDA) മുഖേന കൃഷി വകുപ്പ് സൗജന്യമായി നൽകിവരുന്നു. നെൽവിത്തിന്റെ കരുതൽ ശേഖരമൊരുക്കി സൗജന്യമായി വിതരണം ചെയ്യുന്നതിന് 2021-22 വർഷത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മണലൂർ നിയോജകമണ്ഡലത്തിൽ ഞാറ്റടി നശിച്ചുപോയ കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിലേയ്ക്കായി 898 ഹെക്ടറിലേക്ക് 71.790 MT നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

2. നെൽകൃഷി വികസന പദ്ധതിയിലെ ഘടകമായ സുസ്ഥിര നെൽകൃഷി വികസനത്തിൽ ഉൾപ്പെടുത്തി നെൽകൃഷിക്കാവശ്യമായ വളവും മറ്റ് ഉത്പാദനോപാധികൾക്കുമുള്ള സബ്സിഡിയായി ഒരു ഹെക്ടറിന് 5500 രൂപ പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നു.

3. ഇതേ പദ്ധതിയിലെ "പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളിലെ അടിയന്തര അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ബണ്ടുകൾ തകരുകയും മറ്റും ചെയ്യുന്ന സാഹചര്യത്തിൽ ചെയ്യേണ്ട അടിയന്തര പ്രവൃത്തികൾ, പാടശേഖരങ്ങളോടനുബന്ധിച്ച കനാലുകളിലെ തടസ്സങ്ങൾ നീക്കൽ, പെട്ടി-പറ, പമ്പ്സെറ്റ്, മറ്റ് മെഷിനറി എന്നിവയുടെ റിപ്പയർ മുതലായ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ആനുകൂല്യം നൽകുന്നു. 2021-22 വർഷം ഇതിനായി 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

4. കുട്ടനാട്, കോൾ മുതലായ നെൽകൃഷിക്ക് ഡീവാട്ടറിംഗ് ആവശ്യമായ പ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ പ്രകൃതിക്ഷോഭത്താൽ കൃഷി നഷ്ടപ്പെടുന്ന സാഹചര്യത്തിലും കർഷകർക്ക് പമ്പിംഗ് സബ്സിഡി അനുവദിക്കുന്നുണ്ട്.

5. കൂടാതെ നെൽകൃഷിക്ക് ഓരോ സീസണിലും ഹെക്ടറിന് 1000 രൂപ നിരക്കിൽ ഉത്പാദന ബോണസും ലഭ്യമാക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ നെൽകൃഷിയുടെ വിസ്തൃതിയും മൊത്തത്തിലുള്ള ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൃഷി വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

## കാസർഗോഡ് ജില്ലയിൽ തരിശായി കിടക്കുന്ന നെൽവയലുകൾ

19(6543) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഹെക്ടർ നെൽവയലുകൾ തരിശായി കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ 271.4 ഹെക്ടർ നെൽവയലുകൾ തരിശായി കിടക്കുന്നുണ്ട്.

(ബി) തരിശായി കിടക്കുന്ന നെൽവയലുകൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ തരിശായി കിടക്കുന്ന നെൽവയലുകളിൽ 57.5 ഹെക്ടർ സ്ഥലം MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിയോഗ്യമാക്കി ആയതിൽ 50.2 ഹെക്ടർ സ്ഥലത്ത് 2021 വർഷത്തിൽ വിരിപ്പ് കൃഷി ചെയ്തു. ബാക്കി 7.3 ഹെക്ടർ സ്ഥലത്ത് 2021 മുണ്ടകൻ സീസണിൽ നെൽകൃഷി ചെയ്യുന്നതാണ്. 2021-22 വർഷത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കുന്ന നെൽക്കൃഷി വികസന പദ്ധതിയിലെ സുഭിക്ഷകേരളം ഘടകത്തിലും പഞ്ചായത്തുകളിലെ ജനകീയാസൂത്രണ പദ്ധതിയിലും ഉൾപ്പെടുത്തി ഹെക്ടറിന് 40,000 രൂപ സബ്സിഡി നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ടാണ് തരിശ് നെൽകൃഷി നടപ്പിലാക്കുന്നത്. 2021 വിരിപ്പ് സീസണിൽ തരിശ് നെൽകൃഷി നടപ്പിലാക്കിയതിന്റെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## വിരിപ്പുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

20(6544) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വിരിപ്പുകൃഷി ചെയ്യുന്നതിൽ കുറവുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര ഹെക്ടർ സ്ഥലത്ത് വിരിപ്പുകൃഷി ചെയ്യുന്നുണ്ട്; ഏകദേശം എത്ര കർഷകർ കൃഷി ചെയ്യുന്നുണ്ട്?

ഇല്ല. മങ്കട നിയോജകമണ്ഡലത്തിൽ നിലവിൽ 44.4 ഹെക്ടർ സ്ഥലത്ത് 97 കർഷകർ വിരിപ്പുകൃഷി ചെയ്യുന്നു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വിരിപ്പുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്?

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ ഉൾപ്പെടുത്തി നെൽകൃഷിക്ക് സൗജന്യമായി വിത്തും ഹെക്ടറിന് 17,000 രൂപ എന്ന നിരക്കിൽ ഉഴവ് കൂലിയും നൽകുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനമെന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഹെക്ടറിന് 5,500 രൂപ നിരക്കിലും ധനസഹായം നൽകുന്നു. തരിശുഭൂമിയിൽ വിരിപ്പുകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 40,000 രൂപ നിരക്കിലാണ് ധനസഹായം നൽകുന്നത്. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ കുമ്മായം 75% സബ്സിഡിയിൽ പരമാവധി ഹെക്ടറിന് 5,400 രൂപ നിരക്കിൽ നൽകി വരുന്നു. പാഡി റോയൽറ്റി പദ്ധതി പ്രകാരം നെൽവയൽ ഉടമകൾക്ക് ഹെക്ടറിന് 2,000 രൂപ നിരക്കിൽ ആനുകൂല്യം ലഭ്യമാക്കി വരുന്നു. ഒരുപ്പൂകൃഷി ഇരുപ്പൂവാക്കുന്നതിന് ഹെക്ടറിന് 10,000 രൂപ എന്ന നിരക്കിലാണ് ധനസഹായം നൽകുന്നത്.

(സി) വിരിപ്പുകൃഷി രീതിയിൽനിന്നും കർഷകർ പിൻവാങ്ങുന്ന പ്രവണത തടയുന്നതിന് കൂടുതൽ മെച്ചപ്പെട്ട സഹായങ്ങളും പ്രോത്സാഹനവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വിരിപ്പുകൃഷി രീതിയിൽനിന്നും കർഷകർ പിൻവാങ്ങുന്ന പ്രവണത തടയുന്നതിന്, കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലും ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളിലും ഉൾപ്പെടുത്തി കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ആയതിന് കർഷകരെ ബോധവൽക്കരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

21(6545) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതുവരെ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 2018-19 വർഷത്തിൽ കരവാരം പഞ്ചായത്തിനേയും 2021-22 വർഷം മണമ്പൂർ പഞ്ചായത്തിനേയുമാണ് കേരഗ്രാമം

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## നാളികേര സംസ്കരണ പ്ലാന്റിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

22(6546) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ പ്രവർത്തിക്കുന്ന നാളികേര സംസ്കരണ പ്ലാന്റിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വകുപ്പുതലത്തിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ആറ്റിങ്ങൽ മാമത്ത് പ്രവർത്തിക്കുന്ന നാളികേര സംസ്കരണ പ്ലാന്റിൽ 30 (MTPD) മെട്രിക് ടൺ പെർ ഡേ ശേഷിയുള്ള വെളിച്ചെണ്ണ മില്ലും 1000 (LPD) ലിറ്റർ പെർ ഡേ ശേഷിയുള്ള വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി നിലവിൽ ഒരു ഷിഫ്റ്റ് പ്രവർത്തിപ്പിച്ച് ആഴ്ചയിൽ 21000 ലിറ്റർ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നുണ്ട്. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വെളിച്ചെണ്ണ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സ്വദേശത്തും വിദേശത്തുമായിട്ട് വിപണനം വിപുലീകരിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

(ബി) പ്ലാന്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി നടപ്പിലാക്കാവുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ 30 MTPD ഓയിൽ മില്ലും 1000 ലിറ്റർ വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും പ്രവർത്തിക്കുന്നുണ്ട്. പ്രതിമാസം ഡിമാന്റനുസരിച്ച് അഞ്ചര ലക്ഷം ലിറ്റർ വരെ ഉത്പാദിപ്പിച്ച് സംഭരിക്കുന്നതിനുള്ള സൗകര്യവും ഇതിന് ആവശ്യമായ കൊപ്ര സംഭരിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളും പടിപടിയായി വികസിപ്പിക്കുന്നതിന് നിലവിലുള്ള സൗകര്യം ആവശ്യമായി വരും. നിലവിൽ വെളിച്ചെണ്ണ/നാളികേരാധിഷ്ഠിത ഉത്പന്ന വിൽപ്പന കേന്ദ്രവും അഗ്രോബസാറും പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ നാളികേര ഉത്പന്ന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ പ്ലാന്റുകളും സംവിധാനവും ഒരുക്കുന്നതിനും ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസ്സിംഗ് കോംപ്ലക്സ് എന്ന നിലയിലേക്ക് ഈ കേന്ദ്രത്തെ വികസിപ്പിക്കുന്നതും പരിഗണനയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ടിഷ്യൂകൾച്ചർ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തെങ്ങിൻ തൈകൾ**

23(6547) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിഷ്യൂകൾച്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള തെങ്ങിൻ തൈ വിതരണം സംസ്ഥാനത്ത് നടന്നുവരുന്നുണ്ടോ; വിശദമാക്കാമോ?

ഇല്ല. ടിഷ്യൂകൾച്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള തെങ്ങിൻതൈ ഉല്പാദനവും വിതരണവും ഇന്ത്യയിൽ ആരംഭിച്ചിട്ടില്ല. ഈ സാങ്കേതികവിദ്യ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്രദമാക്കാനുള്ള ശ്രമങ്ങൾ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലും കാർഷിക സർവ്വകലാശാലയിലും നടന്നുവരുന്നുണ്ട്.

(ബി) ടിഷ്യൂകൾച്ചർ തെങ്ങിൻ തൈകൾക്ക് പരമ്പരാഗത രീതിയിൽ തയ്യാറാക്കുന്ന തെങ്ങിൻ തൈകളെക്കാൾ എന്തെല്ലാം മേന്മകളാണ് ഉള്ളതെന്നറിയിക്കാമോ?

ഇക്കാര്യത്തിലുള്ള ഗവേഷണവും പഠനവും പൂർത്തിയായിട്ടില്ല.

(സി) ടിഷ്യൂകൾച്ചർ തെങ്ങിൻ തൈകൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

ബാധകമല്ല.

**വൈപ്പിൻ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

24(6548) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിലൂടെ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

നാളികേരകൃഷി വികസനത്തിനായി 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി തെരഞ്ഞെടുത്ത് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഓരോ കേരഗ്രാമത്തിലും തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടംതുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ

പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. പദ്ധതി പ്രകാരം താഴെ പറയുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു.

1) സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ (സ്റ്റേറ്റ് പ്ലാൻ ഷെയർ 38 ലക്ഷം, LSGD ഷെയർ - 24.5 ലക്ഷം) ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) കുമ്മായം - 9 രൂപ/തെങ്ങ്

(d) രാസവളം - 20 രൂപ/തെങ്ങ്

(e) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

(f) ജൈവവളം - 25 രൂപ/തെങ്ങ്

(g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

(h) ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

(i) രോഗം ബാധിച്ചതും ഉൽപ്പാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ്

(j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

(k) ഇടവിള കൃഷി - 6000 രൂപ/ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000 രൂപ ക്രമത്തിൽ 20 ഹെക്ടറിന് പരമാവധി 5 ലക്ഷം രൂപ

3. തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000 രൂപ നിരക്കിൽ വിതരണം.

4. ജൈവവള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവ്, മറ്റു കൂട്ടായ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 5 ലക്ഷം രൂപ.

6. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15000 രൂപ.

7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

(ബി) കേരഗ്രാമം പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

2016-17-ൽ വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, പള്ളിപ്പുറം, കുഴുപ്പിള്ളി എന്നീ 5 പഞ്ചായത്തുകളെ ഉൾപ്പെടുത്തി 500 ഹെക്ടറിലായി ഒരു കേരഗ്രാമം നടപ്പിലാക്കിയിട്ടുണ്ട്. തെങ്ങുകൃഷി മുഖ്യമായിട്ടുള്ളതും ചേർന്ന് കിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്രപദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. മുൻവർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഇതിനായി മുൻഗണന നല്കി തെരഞ്ഞെടുത്ത് വരുന്നത്. 2017-18 മുതൽ 250 ഹെക്ടറിലായിട്ടാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

## പാലക്കാട് ജില്ലയിലെ കേരഗ്രാമം പദ്ധതി

25(6549) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തിൽ പാലക്കാട് ജില്ലയിൽനിന്നും കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

2021-22 വർഷത്തിൽ പാലക്കാട് ജില്ലയിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

ഒന്നാം വർഷം

1) ശ്രീകൃഷ്ണപുരം

2) എരുത്തേമ്പതി

3) കോട്ടായി, പെരിങ്ങോട്ടുകുറിശ്ശി എന്നീ പഞ്ചായത്തുകളിലായി ഒരു കേരഗ്രാമം നടപ്പിലാക്കുന്നു.

4) വിളയൂർ

5) മാത്തൂർ

6) കാവശ്ശേരി കൂടാതെ താഴെപ്പറയുന്ന പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതിയുടെ രണ്ടാം വർഷ, മൂന്നാം വർഷ പ്രവർത്തനങ്ങളും ഈ വർഷം നടന്നു വരുന്നു.

രണ്ടാം വർഷം (2020-21-ൽ ആരംഭിച്ച കേരഗ്രാമം പദ്ധതി)

1. മുതുതല മൂന്നാം വർഷം (2019-20-ൽ ആരംഭിച്ച കേരഗ്രാമം പദ്ധതി)

1) വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലായി ഒരു കേരഗ്രാമം നടപ്പിലാക്കി

2) കൊല്ലങ്കോട്

3) തച്ചൻപാറ

4) പരുതൂർ

(ബി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ?

2021-22 വർഷത്തിൽ പുതുതായി തെരഞ്ഞെടുത്ത ശ്രീകൃഷ്ണപുരം, എരുത്തേമ്പതി, കോട്ടായി, പെരിങ്ങോട്ടുകുറിശ്ശി, മാത്തൂർ, വിളയൂർ, കാവശ്ശേരി എന്നീ കേരഗ്രാമങ്ങളിൽ ആരംഭിച്ച ഒന്നാം വർഷ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. തെങ്ങിൻതോട്ടങ്ങളിൽ തടം തുറക്കൽ-പുതയിടീൽ, രാസവള-ജൈവവള വിതരണം, തെങ്ങിൻതോട്ടങ്ങളിൽ ജലാംശം നിലനിർത്താൻ തൊണ്ട് കുഴിച്ചിടീൽ പ്രവർത്തനങ്ങൾ, ഉത്പാദനക്ഷമത നശിച്ചതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ,

ഇടവിളകൃഷി, സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ അവലംബിക്കൽ, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം, ജൈവവള നിർമ്മാണ യൂണിറ്റുകളുടെ നിർമ്മാണം, പഞ്ചായത്തുതല കേരസമിതികൾക്കുള്ള സഹായവും രൂപീകരണവും എന്നീ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 301.02 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (ഒരു കേരഗ്രാമത്തിന് 50.17 ലക്ഷം രൂപ പദ്ധതി വിഹിതം എന്ന നിരക്കിൽ) മുതുതല പഞ്ചായത്തിൽ കേരഗ്രാമം രണ്ടാം വർഷ പ്രവർത്തനങ്ങളായ തടം തുറക്കൽ, ജൈവവള വിതരണം, പമ്പ് സെറ്റ് നൽകൽ, ഇടവിളകൃഷി എന്നീ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനായി 20.0085 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേരഗ്രാമം മൂന്നാം വർഷ പ്രവർത്തനങ്ങളായ രാസവളം/ജൈവവളം വിതരണം വടക്കഞ്ചേരി - കണ്ണമ്പ്ര, കൊല്ലങ്കോട്, തച്ചൻപാറ, പരുതൂർ എന്നീ പഞ്ചായത്തുകളിൽ പുരോഗമിച്ചു വരുന്നു. ഇതിനായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (ഒരു കേരഗ്രാമത്തിന് 6.25 ലക്ഷം രൂപ പദ്ധതി വിഹിതം എന്ന നിരക്കിൽ)

## തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

26(6550) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. നാളികേരത്തിന്റെ ഉത്പാദനവും തെങ്ങിന്റെ ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉത്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ട് പിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലന രീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേര വികസന പദ്ധതികൾക്കായി 7547 ലക്ഷം രൂപ 2021-22 വർഷം വകയിരുത്തിയിട്ടുണ്ട്. നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി, തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തേങ്ങയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗംബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ

തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. കേരഗ്രാമം നടപ്പിലാക്കാനായി 4856 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേര കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡ് ഒന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേര കേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിത്ത് തേങ്ങ സംഭരണവും തെങ്ങിൻ തൈ ഉത്പാദനവുമായി ബന്ധപ്പെട്ട് 1359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'വൈഗ' എന്ന പേരിൽ പ്രദർശനവും അന്തർദേശീയ ശില്പശാലയും 2016 മുതൽ കൃഷിവകുപ്പ് സംഘടിപ്പിച്ച് വരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖാന്തരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും വൈവിദ്ധ്യവത്കരണവും വിപണനവും നടത്തുന്നതിലൂടെ കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉത്പാദനശേഷി കൂടിയ തെങ്ങിൻ തൈകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ എത്ര സ്ഥാപനങ്ങൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; അത് എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ?

I. കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ

1) തെങ്ങിൻതൈ ഉല്പാദനകേന്ദ്രം, കഴക്കൂട്ടം

2) തെങ്ങിൻതൈ ഉല്പാദനകേന്ദ്രം, വലിയതുറ

3) ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമല

4) ബനാന നഴ്സറി, പെരിങ്ങമല

5) സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ചിറയിൻകീഴ്

6) സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ഉള്ളൂർ

II. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫാമുകൾ

1) ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി

2) കോക്കനട്ട് റിസർച്ച് സ്റ്റേഷൻ, ബാലരാമപുരം (CRS)

III. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള

1) കൃഷി ബിസിനസ്സ് കേന്ദ്രം, ആനയറ

**നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുവാൻ നടപടി**

27(6551) ശ്രീ. വി. ജോയി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര വികസനം സാധ്യമാക്കുന്നതിന് തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത പരിപാലനം, ബഹുവിള സമ്പ്രദായം, സംയോജിത കൃഷി സമ്പ്രദായം, മൂല്യവർദ്ധന അടിസ്ഥാനമാക്കിയുള്ള സംരംഭകത്വ സംരംഭങ്ങളുടെ പ്രോത്സാഹനം എന്നീ പദ്ധതികളിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; ലക്ഷ്യം നിറവേറ്റുന്നതിന് ഇത് എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നാളികേര വികസനം സാധ്യമാക്കി കേരകർഷകർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് 2014-15 മുതൽ നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നു. നാളികേരത്തിന്റെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ പരിപാലന കൃഷി മുറകളായ തെങ്ങിന്റെ തടം തുറക്കൽ, പുതയിടീൽ, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, വിസ്തൃതി

വ്യാപനത്തിനായി ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് 2014-15 മുതൽ 2020-21 വരെ 251 കേരഗ്രാമങ്ങൾ പ്രാവർത്തികമാക്കി. പ്രസ്തുത കാലയളവിൽ പദ്ധതി പ്രകാരമുള്ള സംയോജിത വിള പരിപാലന മുറകൾ 121116.4005 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. 5712.73 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞു. കൂടാതെ, 22952 എണ്ണം തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് വിതരണം ചെയ്തു. ജൈവവള നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകരുടെ പുരയിടങ്ങളിൽ 2123 ജൈവവള നിർമ്മാണ യൂണിറ്റുകളും പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 17 എണ്ണം മൂല്യവർദ്ധിത സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. വളപ്രയോഗരീതി പ്രോത്സാഹിപ്പിച്ചും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിലൂടെയും നാളികേര ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ ഇടവിള കൃഷിയായ ഇഞ്ചി, മഞ്ഞൾ, മരച്ചീനി, ചേമ്പ്, ചേന എന്നിവ തെങ്ങിൻ തോപ്പിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കേരകർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനും പദ്ധതി സഹായിച്ചിട്ടുണ്ട്. സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ് കേരഗ്രാമങ്ങളെക്കുറിച്ച് നടത്തിയ പഠനത്തിൽ കേരഗ്രാമം നടപ്പിലാക്കിയ പ്രദേശത്തെ തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 10739 നാളികേരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരഗ്രാമം പദ്ധതി നടപ്പിലാക്കിയതിലൂടെയാണ് ഉത്പാദനക്ഷമതയിൽ ഈ വർദ്ധനവ് ഉണ്ടായതെന്നാണ് പ്രസ്തുത പഠനത്തിൽ പറയുന്നത്. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം 2019-20-ൽ കേരളത്തിലെ ഉല്പാദനക്ഷമത 6328 നാളികേരമാണ്. 2021-22-ൽ നാളികേര വികസന പദ്ധതി പ്രകാരം 84 കേരഗ്രാമങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നാളികേര വികസന പദ്ധതി പ്രകാരം കേരഗ്രാമം ഘടകം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 7547 ലക്ഷം രൂപ 2021-22 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യമിട്ട് ആരംഭിച്ച നാളികേര മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുകയെന്നത്

ലക്ഷ്യമിട്ട് 2018-19 മുതൽ 2027-28 വരെ നീളുന്ന 10 വർഷത്തെ നാളികേര കൃഷി വികസന പ്രവർത്തനങ്ങൾക്കായി 21-11-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 138/2018/കൃഷി, പ്രകാരം സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഈ കൗൺസിലിന്റെ ജനറൽ കൗൺസിൽ യോഗം 17-6-2021-ന് ഓൺലൈനായി കൂടുകയും കൗൺസിലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. സംസ്ഥാനത്തെ നാളികേരകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രായാധിക്യം വന്നതും രോഗംബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിച്ചും നിലവിലുള്ളവ ശാസ്ത്രീയമായി പരിപാലിച്ച് നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തിപ്പെടുത്തുക എന്നിവയാണ് നാളികേര വികസന കൗൺസിലിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി),കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), കൃഷി വകുപ്പ് ഫാമുകൾ എന്നിവയുടെ തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ച തെങ്ങിൻതൈകൾ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ വീതമെങ്കിലും പുതുതായി ഓരോ വർഷവും വിതരണം ചെയുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. നാളികേര കൃഷിയുടെ പുനരുജ്ജീവനവും പുനഃസ്ഥാപനവും ലക്ഷ്യമിട്ട് ഗുണമേന്മയും ഉല്പാദനശേഷിയുമുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിസ്തൃതി വ്യാപനത്തിനായി കോക്കനട്ട് മിഷന്റെ ഭാഗമായി 50% സബ്സിഡി നിരക്കിൽ 2019-20 മുതൽ 2021-22 വരെ 2181817 എണ്ണം തെങ്ങിൻ തൈകൾ വിതരണം ചെയ്തതിലൂടെ 12467.52 ഹെക്ടർ നാളികേര കൃഷി വിസ്തൃതി വ്യാപിപ്പിച്ച് പുനരുദ്ധരിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

### രാസവള വിൽപ്പന രംഗത്ത് സുതാര്യത ഉറപ്പുവരുത്തുന്നത്

28(6553) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>:
<u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര രാസവള മന്ത്രാലയത്തിൽ നിന്നും സംസ്ഥാനത്തിനുള്ള രാസവള അലോട്ട്മെന്റ് എത്രയെന്ന് വ്യക്തമാക്കാമോ?

കേന്ദ്രരാസവള മന്ത്രാലയത്തിൽ നിന്നും സംസ്ഥാനത്തിനുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രാസവളങ്ങളുടെ അലോട്ട്മെന്റ് മാസം തോറുമാണ് ലഭിക്കുന്നത്. 2021 ഒക്ടോബർ മാസത്തെയും നവംബർ മാസത്തെയും അലോട്ട്മെന്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് രാസവളത്തിന് കടുത്ത ക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉണ്ട്. രാസവളക്ഷാമവുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമായി കേന്ദ്ര സർക്കാരിനെ അറിയിക്കുന്നുണ്ട്. എല്ലാ ചൊവ്വാഴ്ചയും വളത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയുന്നതിനായി കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്താറുണ്ട്. ഈ കോൺഫറൻസിൽ കേരളത്തിന്റെ രാസവളക്ഷാമത്തെക്കുറിച്ച് കൃത്യമായി അറിയിക്കാറുണ്ട്. കേരളത്തിലെ റീട്ടെയ്ലർമാർ കൃത്യമായി POS (Point of Sales) മെഷീൻ ഉപയോഗിക്കാത്തതാണ് പ്രധാനപ്പെട്ട കാരണമായി കേന്ദ്രസർക്കാർ സൂചിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിലുള്ള രാസവളങ്ങളുടെ ശേഖരം കേന്ദ്രസർക്കാരിന് Integrated Fertilizer Management System (IFMS) സൈറ്റ് മുഖാന്തരം ലഭ്യമാണ്. റീട്ടെയ്ലർമാർ POS മെഷീൻ കൃത്യമായി ഉപയോഗിക്കാത്തതുകാരണം യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് ശേഖരത്തെക്കാൾ വളരെ കൂടുതലാണ് POS-ലുള്ള നീക്കിയിരിപ്പ് ശേഖരം. POS-ലെ രാസവളത്തിന്റെ ശേഖരം നോക്കിയാണ് നിലവിൽ കേന്ദ്രസർക്കാർ രാസവളത്തിന്റെ അലോട്ട്മെന്റ് അനുവദിക്കുന്നത്. രാസവളക്ഷാമം നേരിട്ടതിനാൽ കഴിഞ്ഞ രണ്ടുമാസവും കേരളത്തിലെ എല്ലാ രാസവള റീട്ടെയിൽ ഡിപ്പോകളും ഫെർട്ടിലൈസർ ഇൻസ്പെക്ടർമാർ പരിശോധന നടത്തുകയും റീട്ടെയിൽ ഡീലർമാരോട് POS മെഷീൻ കൃത്യമായി ഉപയോഗിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അല്ലാത്തപക്ഷം ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ പ്രകാരം കർശന നടപടികൾ സ്വീകരിക്കുമെന്നറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിളകൾക്ക് വളപ്രയോഗം നടത്തുന്ന സമയമായതിനാൽ വളത്തിന് നേരിടുന്ന ക്ഷാമവും വിലവർദ്ധനവുംമൂലം കർഷകർ ദുരിതത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വളത്തിന് നേരിടുന്ന ക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വളത്തിന്റെ ക്ഷാമം അറിയിക്കുന്ന ഡിപ്പോകളിൽ അടിയന്തരമായി വളം എത്തിക്കാൻ വളം വിതരണം ചെയ്യുന്ന കമ്പനികൾക്ക് നിർദ്ദേശം നൽകി ക്ഷാമം പരിഹരിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) രാസവള വിൽപ്പന രംഗത്ത് സുതാര്യത ഉറപ്പുവരുത്തുന്നതിനും സബ്സിഡി നിരക്കിൽ ലഭിക്കുന്ന രാസവളങ്ങൾ കർഷകന് തന്നെ ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ ലഭിക്കുന്ന രാസവളങ്ങൾ യഥാർത്ഥ കർഷകന് തന്നെയാണോ ലഭിക്കുന്നതെന്നറിയാനാണ് സബ്സിഡി നിരക്കിലുള്ള രാസവളങ്ങൾ POS മെഷീൻ മുഖേന വിൽക്കുന്നത്. 2018 മുതൽ കേന്ദ്ര സർക്കാർ രാസവള വിതരണത്തിന് DBT സംവിധാനം ഏർപ്പെടുത്തുകയും POS മെഷീൻ മുഖേന വളം വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കർഷകന്റെ ആധാർ നമ്പർ ഉപയോഗിച്ച് വിരലടയാളം പതിപ്പിച്ചാണ് POS മെഷീനിലൂടെ വളം വാങ്ങുന്നത്. അതിനാൽ യഥാർത്ഥ കർഷകൻ തന്നെയാണോ വളം വാങ്ങിയതെന്നറിയാൻ സാധിക്കും.

**കർഷക ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ**

29(6554) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആരംഭിച്ച കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന പരിധിയിൽ എത്ര കൃഷിക്കാർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ബോർഡ് ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സഹായ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) കർഷകർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ പ്രതിപാദിക്കുന്ന കേരള കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്. ഇത് അംഗീകരിക്കുന്ന മുറയ്ക്കും കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന മുറയ്ക്കും കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കർഷക ക്ഷേമനിധി രജിസ്ട്രേഷനുവേണ്ടിയുള്ള സോഫ്റ്റ്‌വെയർ സംസ്ഥാന സർക്കാർ സ്ഥാപനമായ സി-ഡിറ്റ് മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 'നിർബന്ധിത സുരക്ഷാ പരിശോധന' കേന്ദ്ര ഐ.ടി മന്ത്രാലയത്തിന് കീഴിലുള്ള സ്ഥാപനമായ സി-ഡാക് മുഖേന നടത്തിവരുന്നു.

**കർഷക കുടുംബങ്ങളുടെ കടബാധ്യത**

30(6555) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക കുടുംബങ്ങൾ കടക്കെണിയിലായിരിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കർഷക കുടുംബങ്ങൾ കടക്കെണിയിലായിരിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ച് മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ (Ministry of Statistics and Programme Implementation) -ന് കീഴിലുള്ള നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (NSO)-ന്റെ ദേശീയ സാമ്പിൾ സർവ്വേ (No.587) അടിസ്ഥാനമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സർവ്വേയിലൂടെ പ്രസിദ്ധീകരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കർഷകരുടെ കടബാധ്യത കൂടുതലാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സർവ്വേ നടത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ദേശീയ ശരാശരിയെക്കാൾ കൂടുതലായി സംസ്ഥാനത്ത് കർഷകരുടെ ഇടയിൽ എങ്ങനെയാണ് കടം വന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ?

ദേശീയ ശരാശരിയെക്കാൾ കൂടുതലായി സംസ്ഥാനത്ത് കർഷകരുടെ ഇടയിൽ കടം വന്നതിന്റെ സാഹചര്യം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

(സി) കർഷക കുടുംബങ്ങളുടെ കടബാധ്യതയുടെ കാരണമെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

2018, 2019 വർഷങ്ങളിൽ തുടർച്ചയായുണ്ടായ പ്രളയം കാർഷിക മേഖലയിൽ നാശനഷ്ടങ്ങൾക്കും വലിയ വരുമാന നഷ്ടത്തിനും കാരണമായിട്ടുണ്ട്. കൂടാതെ ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധിയും കർഷകരുടെ കടബാധ്യത വർദ്ധിക്കുന്നതിന് ഒരുപരിധിവരെ കാരണമായിട്ടുണ്ട്.

**കർഷക കൂട്ടായ്മകൾ**

31 (6556) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കാർഷിക മേഖലയിൽ സ്വീകരിച്ചിട്ടുള്ള നയങ്ങളും നിലപാടുകളും പ്രസ്തുത മേഖലയിൽ സൃഷ്ടിച്ചിട്ടുള്ളതായി പറയപ്പെടുന്ന അരക്ഷിതാവസ്ഥയും സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന കനത്ത മഴയും പ്രകൃതി ദുരന്തങ്ങളും കാർഷിക മേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര നയങ്ങളും നിലപാടുകളും കേരള സർക്കാരിന്റെ ഇടപെടൽമൂലം കർഷകരെ നേരിട്ട് ബാധിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന കനത്ത മഴയും പ്രകൃതി ദുരന്തങ്ങളും കാർഷിക മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ഉല്പാദന നഷ്ടം, അടിസ്ഥാന സൗകര്യത്തിൽ വന്ന നാശനഷ്ടങ്ങൾ, അധികരിച്ച തൊഴിൽദിനങ്ങൾ എന്നിവ കാരണം കർഷകരുടെ വരുമാനം 2022 വർഷത്തോടെ ഇരട്ടിയാക്കണമെന്ന ലക്ഷ്യത്തിലെത്താൻ നമുക്ക് സാധിച്ചിട്ടില്ല. കൃഷി നാശത്തിന് നഷ്ടപരിഹാരമായി കൂടുതൽ തുക നീക്കിവയ്ക്കേണ്ടത് കാരണം വികസനത്തിനുള്ള ഫണ്ടിൽ ആനുപാതികമായി കുറവുമുണ്ടായി.

(ബി) സംസ്ഥാനത്തെ കാർഷികവൃത്തിയുടെ സമഗ്രമായ പരിഷ്കരണം, വികസനം എന്നിവയ്ക്ക് ഉതകുന്ന തരത്തിൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കർഷകത്തൊഴിലാളികൾക്ക് അധികകൂലി ലഭ്യമാക്കുന്നതിനുമായി കർഷക കൂട്ടായ്മകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കർഷക കൂട്ടായ്മകൾവഴി കാർഷികോല്പന്നങ്ങളുടെ പ്രാദേശിക വിപണിയും കേന്ദ്രീകൃത സംഭരണവും ഉറപ്പാക്കി മൂല്യവർദ്ധിത ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആഗോള വിപണന സൗകര്യമൊരുക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില ആദായകരമായി നിലനിർത്തുന്നതിനും ഉത്പന്നങ്ങളുടെ സൂക്ഷിപ്പ് കാലയളവ് വർദ്ധിപ്പിക്കുന്നതിനുമായി ഉത്പന്നങ്ങൾ സംസ്കരിച്ചും മൂല്യവർദ്ധനവ് നടത്തുന്നതിനും കർഷകർക്ക് Promotion of MSME പദ്ധതി പ്രകാരം അവർ നടത്തുന്ന ഉത്പന്ന സംസ്കരണ-മൂല്യവർദ്ധന സ്ഥാപനങ്ങൾക്ക് പരമാവധി 50

ലക്ഷം വരെ സബ്സിഡി നൽകുന്നു. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് എസ്.എഫ്.എ.സി. കേരള വഴിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്.

1. സൂക്ഷ്മതല സംരംഭം - 25 ലക്ഷം രൂപ വരെയുള്ള സംരംഭം - 50% പരമാവധി 10 ലക്ഷം വരെ സബ്സിഡി

2. ചെറുകിട സംരംഭം - 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം - 40% പരമാവധി 25 ലക്ഷം വരെ സബ്സിഡി

3. ഇടത്തരം സംരംഭം - 1 കോടി മുതൽ 5 കോടി വരെ - 30% പരമാവധി 50 ലക്ഷം വരെ സബ്സിഡി.

ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി.യ്ക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.-കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ 13 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ.-കളെയും 50 നിലവിലുള്ള എഫ്.പി.ഒ.-കളെയും തെരഞ്ഞെടുക്കാനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 33 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ 10000 എഫ്.പി.ഒ. രൂപീകരണ പദ്ധതി പ്രകാരം 44 എഫ്.പി.ഒ.-കൾ കേരളത്തിൽ ആരംഭിക്കുന്നതിൽ 28 എണ്ണം ഇതിനകം രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ ജൈവകൃഷി അടിസ്ഥാനപ്പെടുത്തി 2 എഫ്.പി.ഒ.-കളും ആരംഭിക്കുന്നു. സംസ്ഥാന സർക്കാരിന്റെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന രൂപീകരിക്കുന്ന എഫ്.പി.ഒ.-കളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് കാർഷിക വ്യാപാര പ്രോത്സാഹന ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്. കർഷക കൂട്ടായ്മകൾ വഴി ഉല്പാദിപ്പിച്ചെടുക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ APEDA (Agricultural and Processed Food Products Export Development Authority)-യുടെ സഹായത്തോടെ ആഗോള വിപണനത്തിന് സൗകര്യമൊരുക്കി കൊടുക്കുന്നതിനും കർഷക ഉൽപ്പാദക സംഘടനകൾമൂലം കഴിയുന്നു. ഇത്തരത്തിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 50 പുതിയ കർഷക ഉൽപ്പാദക സംഘടനകൾക്കും 50 കർഷക ഉൽപ്പാദക സംഘടനകളുടെ ശാക്തീകരണത്തിനുമാണ്

എഫ്.പി.ഒ. പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി APEDA-യുമായി സഹകരിച്ച് വി.എഫ്.പി.സി.കെ., കൃഷി വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, ജില്ലകളിൽ വാഴപ്പഴവും അനുബന്ധ ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനായി മൂന്ന് കർഷക ഉല്പാദക കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. കര-കടൽ മാർഗ്ഗം ലണ്ടൻ, കുവൈത്ത്, സിംഗപ്പൂർ, ദുബായ് എന്നീ രാജ്യങ്ങളിലേയ്ക്ക് 45 മെട്രിക് ടൺ വാഴപ്പഴവും പച്ചക്കറികളും വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ കയറ്റുമതി ചെയ്യാൻ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ, വയനാട് പായ്ക്ക് ഹൗസുകളുടെ സഹായത്തോടെ കൂടുതൽ കയറ്റുമതി ഓർഡറുകൾ പ്രതീക്ഷിക്കുന്നു. കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനുമായി എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുന്നതിനും വി.എഫ്.പി.സി.കെ.-യ്ക്ക് ആർ.കെ.വി.വൈ. പദ്ധതിയിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ കർഷക പെൻഷൻ വിതരണം**

32(6557) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ കർഷക പെൻഷൻ ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തുവെന്നതിന്റെ കണക്ക് വർഷം തിരിച്ച് നൽകാമോ?

ഉത്തരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത കാലയളവിൽ കർഷക പെൻഷൻ വാങ്ങിയവരുടെ എണ്ണം എത്രയാണെന്ന് തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കർഷക പെൻഷൻ വാങ്ങിയവരുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ കർഷക പെൻഷനുവേണ്ടി നാളിതുവരെ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് കൃഷിഭവൻ തിരിച്ചുള്ള കണക്ക് നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) ഇല്ല. തീർപ്പാക്കാനുള്ള അപേക്ഷകളുടെ കൃഷി ഭവൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

പാവറട്ടി - 7, വെങ്കിടങ്ങ് - 34, മണലൂർ - 2

**കൃഷിഭവനുകളിൽ കർഷക പെൻഷനുവേണ്ടി സ്വീകരിച്ച അപേക്ഷകൾ**

33(6558) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷിഭവനുകളിൽ കർഷക പെൻഷനുവേണ്ടി സ്വീകരിച്ച എത്ര അപേക്ഷകൾ തീർപ്പാക്കാതെയുണ്ടെന്ന് കൃഷിഭവൻ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉദുമ നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള എട്ട് കൃഷിഭവനുകളിൽ കർഷക പെൻഷനുവേണ്ടി സ്വീകരിച്ച അപേക്ഷകളിൽ തീർപ്പാകാതെയുള്ള അപേക്ഷകളുടെ എണ്ണം കൃഷിഭവൻ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു*.

(ബി) നിലവിൽ ഉദുമ നിയോജകമണ്ഡലത്തിൽ എത്ര പേർ കർഷക പെൻഷൻ വാങ്ങുന്നുണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ ഉദുമ നിയോജകമണ്ഡലത്തിൽ 2621 പേർ കർഷക പെൻഷൻ വാങ്ങുന്നുണ്ട്.

**പാലക്കാട് ജില്ലയിലെ കർഷക പെൻഷൻ**

34(6559) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കർഷക പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം എത്രയെന്ന് താലൂക്കടിസ്ഥാനത്തിൽ അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ കർഷക പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം താലൂക്കടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു*.

(ബി) പാലക്കാട് ജില്ലയിൽ കർഷക പെൻഷൻ ഏതു കാലയളവ് വരെ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ കർഷക പെൻഷൻ 2021 ഒക്ടോബർ വരെ വിതരണം ചെയ്തു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിലത്തകർച്ചയിൽ നിന്നും കർഷകരെ പിടിച്ചുകയറ്റാൻ പദ്ധതികൾ

35(6560) ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം, കോവിഡ്, വന്യമൃഗശല്യം, കടക്കെണി തുടങ്ങിയ ദുരിതങ്ങൾ അനുഭവിക്കുന്ന കർഷകർക്ക് പ്രഹരമായി വിലത്തകർച്ചയേയും നേരിടേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഇത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാനവില പദ്ധതി പ്രാബല്യത്തിലുണ്ട്. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ് ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി 1884 മാർക്കറ്റുകൾ വഴിയും സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചചന്തകൾ വഴിയും 100 നഗര കാർഷിക വിപണികൾ വഴിയും വിറ്റഴിച്ചിട്ടുണ്ട്.

(ബി) മഴമൂലം വിളകൾ ചീഞ്ഞുപോകുന്നതും ഉൽപ്പാദനം കൂടിയാൽ വില കുറയുന്നതുമായ ദുരവസ്ഥയിൽനിന്നും കർഷകരെ കരകയറ്റാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

മഴമൂലം വിളകൾ ചീഞ്ഞുപോകുന്നതും ഉൽപ്പാദനം കൂടിയാൽ വില കുറയുന്നതുമായ ദുരവസ്ഥയിൽനിന്നും കർഷകരെ കരകയറ്റാൻ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും മൂല്യവർധനവും വിപണനവും ലക്ഷ്യമാക്കി കൃഷിവകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൃഷി വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. അമിതമായ വിലത്തകർച്ച വരുമ്പോൾ ഹോർട്ടികോർപ്പുവഴി ഉല്പന്നങ്ങൾ സംഭരിക്കുന്നു.

2. കേന്ദ്ര ഗവൺമെന്റിന്റെ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചറൽ ഫണ്ട് (AIF) മുഖേന പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, ബാങ്കുകൾ, കാർഷിക ഉല്പാദന ഓർഗനൈസേഷനുകൾ (FPO) എന്നിവ വഴി കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിളകൾ സംഭരിക്കാനുള്ള സഹായ സഹകരണങ്ങൾ നൽകിവരുന്നുണ്ട്.

3. ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം

4. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം

5. ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ.

6. കണ്ടെയ്നർ മോഡൽ വില്പനശാലകൾ ഒരുക്കാനുള്ള ധനസഹായം നല്കിവരുന്നുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിൽ കാർഷിക വിളകൾക്കുണ്ടായ നാശനഷ്ടങ്ങൾ**

36(6561) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കനത്ത മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും കർഷകർക്കുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കൂട്ടിക്കൽ, മുണ്ടക്കയം, കോരുത്തോട്, പാറത്തോട്, എരുമേലി, പൂഞ്ഞാർ സൗത്ത്, പൂഞ്ഞാർ, തിടനാട്, തീക്കോയി എന്നീ പഞ്ചായത്തുകളിലും ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലും 2021 ഒക്ടോബർ 12 മുതൽ അതിവൃഷ്ടിയെ തുടർന്നുണ്ടായ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം കൃഷിഭൂമിക്കും കാർഷിക വിളകൾക്കും വ്യാപകമായ നാശനഷ്ടങ്ങളുണ്ടായി. മണ്ഡലത്തിൽ ഏറ്റവും കൂടുതൽ കൃഷിഭൂമി നഷ്ടം കൂട്ടിക്കൽ, പൂഞ്ഞാർ സൗത്ത് എന്നീ പഞ്ചായത്തുകളിലാണ് സംഭവിച്ചത്. കൂട്ടിക്കൽ, പൂഞ്ഞാർ സൗത്ത്, മുണ്ടക്കയം, പാറത്തോട് പഞ്ചായത്തുകളിലാണ് കൂടുതൽ കൃഷിനാശമുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. റബ്ബർ, വാഴ, കുരുമുളക്, ജാതി, ഗ്രാമ്പൂ, തെങ്ങ്, കമുക്, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയ വിളകൾക്കാണ് പ്രധാനമായും കൃഷിനാശം സംഭവിച്ചത്. 12-10-2021 മുതൽ 7-11-2021 വരെയുള്ള കൃഷി വകുപ്പിന്റെ AIMS പോർട്ടലിലെ പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 5186

കർഷകർക്ക് 1194.28 ഹെ. സ്ഥലത്ത് 35.58 കോടി രൂപയുടെ കൃഷിനഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ 362 കർഷകരുടെ 197.58 ഹെ. കൃഷിഭൂമിക്കും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മണ്ണിടിച്ചിലുണ്ടായ പ്രദേശങ്ങളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) മഴക്കെടുതിമൂലമുള്ള നാശനഷ്ടങ്ങളിൽ മണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കർഷകർ കൃഷി വകുപ്പിന്റെ AIMS പോർട്ടലിലൂടെ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം ഫീൽഡുതല പരിശോധന നടത്തി ക്ലെയിം തയ്യാറാക്കി വരുന്നു. എന്നാൽ 2021 ഒക്ടോബർ മാസം 12 മുതൽ 30 വരെയുള്ള കാലയളവിലെ മഴക്കെടുതിമൂലമുള്ള വിളനാശത്തിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2021 നവംബർ 15 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) കർഷകർക്കുണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിനും തുടർകൃഷിക്കാവശ്യമായ സാഹചര്യം ഒരുക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ് പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടിയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും. ഈ രണ്ട് പദ്ധതികളിലൂടെയും കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കൂടാതെ ദുരന്ത പ്രതികരണ നിധി (SDRF)ൽ നിന്നുള്ള ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നതാണ്. പ്രകൃതിക്ഷോഭംമൂലം വിതച്ച നെല്ല് നശിച്ചുപോയ കർഷകർക്ക് തുടർകൃഷിക്ക് ആവശ്യമായ നെൽവിത്ത് കൃഷി വകുപ്പ് KSSDA-ൽ (Kerala State Seed Development Authority) സൂക്ഷിച്ചിട്ടുള്ള കരുതൽ ശേഖരത്തിൽനിന്നും സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. മറ്റ് നടീൽ വസ്തുക്കൾ ഉൾപ്പെടെയുള്ള ഉത്പാദനോപാധികൾ കൃഷി വകുപ്പിന്റെ പദ്ധതികൾ മുഖേനയും ജനകീയാസൂത്രണ പദ്ധതികൾ മുഖേനയും നൽകുന്നതിന് സാധിക്കും.

(ഡി) മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും കൃഷിയിടങ്ങൾ നശിച്ചുപോയ മണ്ഡലത്തിലെ കർഷകരുടെ കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത വിഷയം നിലവിൽ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടി

37(6562) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈനായി അപേക്ഷകൾ നൽകുന്നതിലെ പരിചയക്കുറവും അറിവില്ലായ്മയും കാരണം കർഷകർക്ക് കൃഷി ആനുകൂല്യങ്ങൾ കൃത്യമായും സമയബന്ധിതമായും ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഇല്ല. പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം, വിള ഇൻഷ്വറൻസ് പദ്ധതി, പാഡി റോയൽറ്റി, പഴം പച്ചക്കറികളുടെ അടിസ്ഥാന വില പദ്ധതി എന്നിവ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനാണ് AIMS പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷിക്കേണ്ടത്. നിലവിൽ കർഷകർക്ക് ഓൺലൈനായി നേരിട്ടും അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവ്വീസ് സെന്റർ എന്നിവ മുഖേനയും AIMS പോർട്ടലിലൂടെ അപേക്ഷ നൽകാവുന്നതാണ്. പ്രത്യേക സാഹചര്യത്തിൽ എന്തെങ്കിലും കാരണവശാൽ ഒരു കർഷകന് ഓൺലൈനിലൂടെ നിലവിലെ രീതിയിൽ അപേക്ഷിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ആയത് കൃഷിഭവൻ ഉദ്യോഗസ്ഥരുടെ സഹായത്തോടെ നിർവ്വഹിക്കുന്നതിനുള്ള സഹായം നൽകുന്നുണ്ട്. അപേക്ഷ നൽകുന്നതിലെ പരിചയക്കുറവോ അറിവില്ലായ്മമൂലമോ ആനുകൂല്യം ലഭിക്കാതെ പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എയിംസ് പോർട്ടൽ മുഖേന കർഷകർ അപേക്ഷിക്കേണ്ട വിധത്തെക്കുറിച്ച് പത്രമാധ്യമങ്ങളിലൂടെയും വിശദമായി പ്രതിപാദിക്കുന്ന വീഡിയോ സമൂഹ മാധ്യമങ്ങൾ വഴിയും വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ കർഷകരെ ബോധവത്കരിക്കുന്നതിനുള്ള നടപടികളും കൃഷിഭവൻ മുഖേന സംഘടിപ്പിക്കുന്നുണ്ട്.

(ബി) വിളനാശം ഉണ്ടായാൽ എയിംസ് പോർട്ടൽ രജിസ്ട്രേഷൻ, 15 ദിവസത്തിനുള്ളിൽ അപേക്ഷ നൽകണമെന്ന നിബന്ധന എന്നിവ കൃത്യമായി പാലിക്കുന്നതിൽ കർഷകരെ സഹായിക്കാനായി കൃഷിഭവനിൽ ഹെൽപ്പ് ഡെസ്ക് മാതൃകയിൽ സൗകര്യമൊരുക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകരുടെ വിളകൾ പ്രകൃതിക്ഷോഭംമൂലം നശിച്ചുപോയാൽ പദ്ധതി പ്രകാരമുള്ള സഹായം ലഭിക്കുന്നതിനാണ് നാശനഷ്ടമുണ്ടായി 15 ദിവസത്തിനകം അപേക്ഷ

സമർപ്പിക്കേണ്ടത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ചും നൽകാറുണ്ട്. നിലവിൽ ടി പദ്ധതിക്കായി ഹെൽപ്പ് ഡെസ്ക് കൃഷിഭവനിൽ പ്രവർത്തിക്കുന്നില്ലെങ്കിലും ഇതുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിന് കൃഷിഭവനിലെത്തുന്ന കർഷകർക്ക് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കിവരുന്നു.

**കാർഷിക വിളകളുടെ നഷ്ടങ്ങൾക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം**

38(6563) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭങ്ങളിൽ കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തര ഇടപെടലുകൾ നടത്തുന്നതിനുമായി ഓരോ ജില്ലകളിലും സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും കൃഷിവകുപ്പ് മന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തര നഷ്ടപരിഹാരം ലഭിക്കുന്നതിനായി എയിംസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുവാൻ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തിവരുന്നു. അപേക്ഷകളിന്മേൽ ഫീൽഡുതല പരിശോധനകൾ അടിയന്തരമായി നടത്തിവരികയാണ്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിന് നെൽവിത്തിന്റെ കരുതൽ ശേഖരം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കർഷകരുടെ ആവശ്യം പരിഗണിച്ച് കഴിഞ്ഞ 2021 ഒക്ടോബർ മാസം 12-ാം തീയതി മുതൽ ഒക്ടോബർ 30 വരെ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ എയിംസ് പോർട്ടലിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2021 നവംബർ മാസം 15-ാം തീയതി വരെ നീട്ടി നൽകിയിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ കൂടി പരിശോധിച്ച് നഷ്ടപരിഹാരം തിട്ടപ്പെടുത്തി ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇക്കഴിഞ്ഞ കാലവർഷ-പ്രളയക്കെടുതിയിൽ നേന്ത്രവാഴകന്നുകൾ വ്യാപകമായി നശിച്ചുപോയതിൽ, വാഴകർഷകർക്ക് നഷ്ടപരിഹാരവും പുതിയ കന്നുകൾ നൽകുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കുമോ?

വാഴകൃഷി നശിച്ചുപോയ കർഷകർക്ക് കുലക്കാത്ത വാഴയ്ക്ക് ഒരെണ്ണത്തിന് 75 രൂപയും കുലച്ച വാഴയ്ക്ക് ഒരെണ്ണത്തിന് 100 രൂപയും (സംസ്ഥാന വിഹിതവും, സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും ചേർത്ത്) ധനസഹായമായാണ് നൽകുന്നത്. വാഴക്കന്ന് നൽകുന്നില്ല. എന്നാൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം വാഴക്കന്ന് വിതരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുള്ള പഞ്ചായത്തുകളിൽ കർഷകർക്ക് അതത് പ്രദേശത്തെ കൃഷിഭവൻ മുഖേന കൃഷി ചെയ്യുന്നതിനായി വാഴക്കന്നുകൾ വിതരണം നടത്തുന്നുണ്ട്.

(സി) ഒരു ദിവസം പൂർണ്ണമായും വെള്ളത്തിൽ മുങ്ങിക്കിടന്നതുമൂലം നശിച്ചുപോകുന്ന മുഴുവൻ വാഴക്കന്നുകളേയും (വളർച്ച ദിനങ്ങൾ) സമയപരിധി കണക്കാക്കാതെ നഷ്ടപരിഹാര പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ (SDRF/NDRF) അനുസരിച്ചാണ് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നത്. അതുപ്രകാരം കുലയ്ക്കാത്ത ഒരു വാഴയ്ക്ക് എസ്.ഡി.ആർ.എഫ്.-ൽ നിന്നും അനുവദനീയമായ തുകയായ 5.40 രൂപയ്ക്ക് പുറമെ സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായമായ 69.60 രൂപ വിഹിതവും കൂടിചേർത്ത് 75 രൂപയാണ് നൽകുന്നത്. പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിച്ചിട്ടുണ്ടെങ്കിൽ, നട്ട വാഴ കുലച്ചിട്ടില്ലെങ്കിൽ ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.

### കൃഷിനാശം

39(6564) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിലുണ്ടായ പ്രകൃതിദുരന്തങ്ങളും ഒപ്പം ചക്രവാതച്ചുഴിമൂലമുണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലുമുണ്ടായ കൃഷിനാശം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും 20-5-2021 മുതൽ 7-11-2021 വരെ എയിംസ് പോർട്ടൽ മുഖേനയുള്ള പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 265547 കർഷകരുടെ 112674.37 ഹെക്ടർ സ്ഥലത്തായി ആകെ 183091.18 ലക്ഷം രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കൃഷിനാശമുണ്ടായത് എത്ര ഹെക്ടർ സ്ഥലത്താണെന്നും പഴം, പച്ചക്കറി തുടങ്ങി എന്തെല്ലാം കാർഷികവിളകളാണ് ഇതിലുൾപ്പെട്ടിട്ടുള്ളതെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

എയിംസ് പോർട്ടലിലെ എഫ്.ഐ.ആർ. പ്രകാരം 265547 കർഷകരുടെ 112674.37 ഹെക്ടർ സ്ഥലത്ത് കൃഷി നാശമുണ്ടായതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിലുൾപ്പെട്ടിട്ടുള്ള കാർഷിക വിളകൾ ചുവടെ പറയുന്നവയാണ്. ഇഞ്ചി, മഞ്ഞൾ, റബ്ബർ (കറയെടുക്കുന്നത്), പുൽകൃഷി, തെങ്ങ് (ഒരു വർഷം വരെ പ്രായമായത്), ഗ്രാമ്പൂ (കായ്ക്കാത്തത്), കശുമാവ് (മൂന്ന് വർഷത്തിന് മുകളിൽ പ്രായമുള്ളത് കായ്ക്കാത്തത്), തെങ്ങ് (കായ്ക്കാത്തത് ഒരു വർഷത്തിന് മുകളിൽ പ്രായമുള്ളത്), റബ്ബർ (കറയെടുക്കാത്തത്), കൊക്കോ (ഫലമുള്ളത്), കാപ്പി, കുരുമുളക്, കമുക് (ഫലമില്ലാത്തത്), നെല്ല്, തെങ്ങ് (കായ്ക്കുന്നത്), ഗ്രാമ്പൂ (ഫലമുള്ളത്), ജാതി (ഫലമുള്ളത്), വെറ്റില, വാഴ (കുലക്കാത്തത്), ജാതി (ഫലമില്ലാത്തത്), ഏലം, കശുമാവ് (ഫലമുള്ളത്), പ്ലാവ്, കുരുമുളക് നഴ്സറി, മാവ്, വാഴ (കുലച്ചത്), കൈതച്ചക്ക, നെല്ല് നഴ്സറി (ഞാറ്റടി), മറ്റ് ഫലവൃക്ഷങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, തേയില, എള്ള്, പയറ് വർഗ്ഗങ്ങൾ, കുരുമുളക് (ഫലമുള്ളത്), മരച്ചീനി, പച്ചക്കറി (പന്തലുള്ളത്), കമുക് (ഫലമുള്ളത്), കരിമ്പ്, പച്ചക്കറി (പന്തലില്ലാത്തത്).

(സി) പ്രസ്തുത ദുരന്തങ്ങൾക്ക് വിധേയരായ കർഷകർക്ക് നല്കിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്നും ആവശ്യപ്പെട്ടതും ലഭ്യമായതുമായ കേന്ദ്രസഹായം എത്രയാണെന്നുള്ളതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടിയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും മുഖേന അർഹമായ നഷ്ടപരിഹാരം നൽകുന്നു. കൂടാതെ കൃഷിനാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുമുള്ള നഷ്ടപരിഹാരവും ലഭ്യമാക്കുന്നു. 2021-22 വർഷത്തിൽ കേന്ദ്രസർക്കാർ വിഹിതമായ (SDRF) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള തുകയായ 489.31029 ലക്ഷം രൂപ കൃഷി നാശത്തിന് നഷ്ടപരിഹാരമായി ലഭിക്കുകയും ആയത് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പുതിയ അപേക്ഷകൾ പരിശോധിച്ച് കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

(ഡി) കാർഷിക മേഖലയിലെ കൃഷിനാശവും കാർഷികവിഭവങ്ങൾക്കുണ്ടാകുന്ന വിലവർദ്ധനവും വിലയിരുത്തിയിട്ടുണ്ടോയെന്നും വിലവർദ്ധനവും അനധികൃത കച്ചവടവും ഇല്ലാതാക്കാൻ സർക്കാർ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

കാർഷിക മേഖലയിൽ കൃഷിനാശം കാരണം കാർഷിക വിഭവങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് കൃഷി വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ഉറപ്പുവരുത്താനും ഇടനിലക്കാരെ ഒഴിവാക്കാനുമായി കൃഷിവകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട് വിപണനം നടത്തിവരുന്നു. സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചച്ചന്തകൾ വഴി ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന നഗര വഴിയോര കാർഷിക വിപണികൾ പ്രവർത്തിച്ചുവരുന്നു. 10 ലക്ഷം മുതൽ 5 കോടി വരെ മൂലധനം നിക്ഷേപിച്ച് ഭക്ഷ്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് എസ്.എഫ്.എ.സി. മുഖേന സബ്സിഡി അനുവദിക്കുന്നുണ്ട്. പ്രാഥമിക സഹകരണ സൊസൈറ്റികൾ മുഖേന കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കർഷകരിൽനിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ ഗുണനിലവാരം കുറയാതെ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിനും ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളും മൂല്യവർദ്ധിത ഉത്പന്നങ്ങളും വിറ്റഴിക്കുന്നതിനായി കണ്ടെയ്നർ മോഡൽ വില്പനശാലകൾ രണ്ടെണ്ണം വീതം എല്ലാ ജില്ലകളിലും ആരംഭിക്കുന്നതാണ്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കാർഷിക കോളേജുകളുടെ പ്രവർത്തനം**

40(6565) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ വൈവിദ്ധ്യമാർന്നതും അത്യുല്പാദന ശേഷിയുള്ളതുമായ വിത്തിനങ്ങൾ ഉല്പാദിപ്പിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനുമായി സ്ഥാപിക്കപ്പെട്ട കാർഷിക കോളേജുകളുടെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം ചെലവിടുന്നത് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ?

കാർഷിക മേഖലയിൽ വൈവിദ്ധ്യമാർന്നതും അത്യുല്പാദന ശേഷിയുള്ളതുമായ വിത്തിനങ്ങൾ ഉല്പാദിപ്പിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര, വെള്ളായണി, അമ്പലവയൽ, പടന്നക്കാട് തുടങ്ങിയ കാർഷിക കോളേജുകളുടെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 57,00,28,986.20 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ മേഖലയുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങളാണ് സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നാല് കാർഷിക കോളേജുകൾ കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ധാരാളം സ്ഥാപനങ്ങൾ ഉണ്ടായിട്ടും കാർഷിക മേഖലയിൽ കൂടുതൽ ശാസ്ത്രീയ കൃഷിരീതികൾ നടത്തുന്നതിനും സ്വയംപര്യാപ്തതയിൽ എത്തുന്നതിനും കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

ജനസംഖ്യ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൃഷി ഭൂമിയുടെ ലഭ്യതക്കുറവ്, ഭക്ഷ്യവിളകളിൽനിന്നും കാർഷികേതര ആവശ്യങ്ങളായ ഭവന നിർമ്മാണം, റോഡ് നിർമ്മാണം തുടങ്ങിയവയ്ക്കുവേണ്ടി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവ്, ഭൂമിയുടെ തുണ്ടുവൽക്കരണം, ജലദൗർലഭ്യം, അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭം, വിദ്യാസമ്പന്നരായ യുവാക്കൾ കൃഷിയിലേയ്ക്ക് ആകൃഷ്ടരാകാതിരിക്കുന്നത്, കൃഷിപ്പണി അറിയാവുന്ന തൊഴിലാളികളുടെ ക്ഷാമം, ഉയർന്ന വേതനനിരക്ക്, കാർഷിക വിജ്ഞാന വ്യാപനത്തിന്റെ അപര്യാപ്തത, കാർഷികവായ്പ ലഭ്യതക്കുറവ്, പാട്ട വ്യവസ്ഥയിൽ കൃഷി ഭൂമി വിട്ടുനൽകാതിരിക്കുന്ന സാഹചര്യം, നീർത്തടാധിഷ്ഠിതമായ കൃഷിരീതിയിലെ അപര്യാപ്തത, മാർക്കറ്റിംഗ്, ശീതീകരണ സംവിധാനത്തിലെ കുറവുകൾ തുടങ്ങിയവയാണ് കാർഷിക സ്വയംപര്യാപ്തതയ്ക്ക് തടസ്സമായിരിക്കുന്ന കാരണങ്ങൾ.

(ഡി) എങ്കിൽ സമാന പ്രവർത്തനങ്ങൾ നടത്തുന്നവയെ പുനഃസംഘടിപ്പിച്ച് ഒരൊറ്റ സ്ഥാപനമായി പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കൃഷിക്കനുയോജ്യമായ പാഴ്ഭൂമി**

41(6566) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കനുയോജ്യമായ പാഴ്ഭൂമിയുടെ വിസ്തൃതി വർദ്ധിക്കാൻ ഇടയായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കൃഷിഭൂമിയുടെ വിസ്തൃതിയിൽ 0.37 ശതമാനം കുറവ് വരാനിടയായ സാഹചര്യം വിശദമാക്കാമോ?

(എ&ബി) കാർഷികേതര ആവശ്യങ്ങളായ ഭവനനിർമ്മാണം, റോഡ് നിർമ്മാണം തുടങ്ങിയവയ്ക്കുവേണ്ടി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവ്, ഭൂമിയുടെ തുണ്ടുവൽക്കരണം, ജലദൗർലഭ്യം, അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭം, കൃഷിപ്പണി അറിയാവുന്ന തൊഴിലാളികളുടെ ക്ഷാമം, ഉയർന്ന വേതന നിരക്ക് എന്നിവയാണ് സംസ്ഥാനത്ത് കൃഷിക്കനുയോജ്യമായ പാഴ്ഭൂമിയുടെ വിസ്തൃതി വർദ്ധിക്കാനിടയാക്കിയത്.

(സി) കൃഷിക്കനുയോജ്യമായ പാഴ്ഭൂമി ഉപയോഗപ്രദമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും സംസ്ഥാനം ഭക്ഷ്യവിള ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയുമെന്ന ലക്ഷ്യം മുൻനിർത്തി കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചും നൂതന സാങ്കേതികവിദ്യകൾ സ്വീകരിച്ചും ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ 2020-21-ൽ 'സുഭിക്ഷ കേരളം' പദ്ധതി ആരംഭിച്ചു. തരിശുഭൂമി കൃഷി, വീട്ടുവളപ്പിലെ കൃഷി, നിലവിലുള്ള കൃഷിയുടെ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട വിപണി സൗകര്യങ്ങൾ, വിളവെടുപ്പിനുശേഷമുള്ള പരിപാലനത്തിലെ ഇടപെടലുകൾ എന്നീ പരിപാടികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ വികസനമാണ് ലക്ഷ്യമിടുന്നത്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ ഏകോപനത്തോടെയാണ് 'സുഭിക്ഷ കേരളം' പദ്ധതി നടപ്പിലാക്കുന്നത്. 2020-21 സാമ്പത്തിക വർഷം 22847 ഹെക്ടർ തരിശ് ഭൂമിയിൽ കൃഷിയിറക്കുന്നതിന് സാധിച്ചു. 2021-22 സാമ്പത്തിക വർഷവും 25,000 ഹെക്ടർ തരിശ് ഭൂമി കൃഷി വ്യാപിപ്പിക്കുന്നതിനായി കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ യന്ത്രവൽക്കരണം, കാർഷിക കർമ്മസേനയുടെ വിപുലീകരണം, ത്രികക്ഷി ഉടമ്പടി പ്രകാരം പാട്ടഭൂമി ലഭ്യമാക്കുന്നതിനുള്ള നിയമനിർമ്മാണം സാധ്യമാക്കിയും മികച്ച മാർക്കറ്റിംഗ് സംവിധാനത്തിനുവേണ്ടി ആഴ്ച ചന്തകളുടെ വ്യാപനം, ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരണം എന്നീ കർമ്മപദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

### കുട്ടനാട്ടിൽ സ്ഥിരം പമ്പിംഗ് സംവിധാനം

42(6567) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ എല്ലാ പാടശേഖരങ്ങളിലും സ്ഥിരം പമ്പിംഗ് സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ പമ്പിംഗുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതും പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതും റവന്യൂ വകുപ്പിന്റെ കീഴിലുള്ള പുഞ്ച സ്പെഷ്യൽ ഓഫീസർ മുഖേനയാണ്. പുഞ്ച സ്പെഷ്യൽ ഓഫീസ് മുഖാന്തരം കൃഷി നടത്തുന്ന പാടശേഖരങ്ങൾക്കാണ് പമ്പിംഗ് സബ്സിഡി അനുവദിക്കുന്നത്. വിജയകരമായി കൃഷി പൂർത്തിയാക്കുന്ന പാടശേഖരങ്ങൾക്കും പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച പാടശേഖരങ്ങൾക്കുമാണ് നിലവിൽ പമ്പിംഗ് സബ്സിഡി നൽകിവരുന്നത്. എല്ലാ പാടശേഖരങ്ങളിലും സ്ഥിരം പമ്പിംഗ് സംവിധാനം ഒരുക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) പമ്പിംഗ് പൂർണ്ണമായും സർക്കാർ ചെലവിൽ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിവിധ പദ്ധതികളിലുൾപ്പെടുത്തിയാണ് പമ്പിംഗ് സംവിധാനങ്ങൾ പാടശേഖര സമിതികൾ ഒരുക്കുന്നത്. പമ്പിംഗ് നടത്തി വെള്ളം വറ്റിച്ച് കൃഷി നടത്തുന്നതിന് പമ്പിംഗ് സബ്സിഡി അനുവദിച്ചുകൊണ്ട് 2011-12-ൽ സർക്കാർ ഉത്തരവിറക്കുകയും ആയത് കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യുന്നുണ്ട്. അപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള നിരക്ക് പ്രകാരമാണ് നിലവിൽ പമ്പിംഗ് സബ്സിഡി അനുവദിച്ചുവരുന്നത്. 2003-ലെ Kerala Irrigation and Water Conservation Act-ൽ ആവശ്യമായ ഭേദഗതി വരുത്തിയാൽ മാത്രമേ കൃഷി ഇല്ലാത്ത സമയത്ത് പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ. പമ്പിംഗ് പൂർണ്ണമായും സർക്കാർ ചെലവിൽ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

### ഫസൽ ബീമാ യോജന ഇൻഷ്വറൻസ്

43(6568) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിൽ നെൽകൃഷിക്കായുള്ള പലിശരഹിത വായ്പയെടുത്തപ്പോൾ ഫസൽ ബീമാ യോജന ഇൻഷ്വറൻസ് പ്രീമിയം നൽകിയ മിക്ക കർഷകർക്കും 2019-ലെ രണ്ടാം വിളയുടെയും 2020-ലെ ഒന്നാം വിളയുടെയും

ഫസൽ ബീമാ യോജന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനി വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം വിശദമായി അന്വേഷിക്കുമോ?

കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാൻമന്ത്രി ഫസൽ ബീമാ യോജന (PMFBY), പുനരാവിഷ്കൃത കാലാവസ്ഥ വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) എന്നിവ കേരളത്തിൽ നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (AICIL) ആണ്. കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയോട് വിവരം അന്വേഷിച്ചതിൽ, നഷ്ടപരിഹാരം ലഭിക്കേണ്ട വളരെയധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകൾ പ്രാഥമിക സഹകരണ ബാങ്കുകളിലാണെന്നും കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി IFSC (The Indian Financial System Code) നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് കർഷകരുടെ അക്കൗണ്ടുകളിൽ ഡി.ബി.ടി. മുഖേന തുക വരവുവയ്ക്കുന്നതിന് തടസ്സമുണ്ടായതെന്നും അതുവഴി നിരവധി കർഷകർക്ക് അയച്ച നഷ്ടപരിഹാരത്തുക തിരികെ വന്നതായും ഇൻഷ്വറൻസ് കമ്പനി അറിയിച്ചു. പദ്ധതി നിർവ്വഹണ ഏജൻസിയായ AICIL അറിയിച്ചതിൻപ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ കർഷകർക്ക് അർഹമായ 15.45 കോടി രൂപയും (റാബി 2019 ലെ) 32.19 കോടി രൂപയും (ഖാരിഫ് 2020) യഥാക്രമം 2021 ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ കർഷകർ പദ്ധതി പോർട്ടലിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പരിലേക്ക് വരവ് വയ്ക്കുകയുണ്ടായെങ്കിലും റാബി 2019-ലെ 11.31 കോടി രൂപയും ഖാരിഫ് 2020-ലെ 20.22 കോടി രൂപയും തിരികെ വരികയുണ്ടായി. പ്രസ്തുത വിഷയം കൃഷി ഡയറക്ടർ കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരുമായിട്ടുള്ള വീഡിയോ കോൺഫറൻസിൽ ഉന്നയിക്കുകയും തുടർന്ന് ആയത് രേഖാമൂലം കേന്ദ്രസർക്കാരിൽ അറിയിക്കുകയുംചെയ്തു. തുടർന്ന് നഷ്ടപരിഹാരം കർഷകർക്ക് ഡി.ബി.ടി. മുഖേന മാത്രമേ നൽകുകയുള്ളൂവെന്ന നയത്തിന്റെകൂടി അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡിന് കർഷകരുടെ ആധാർ വിവരങ്ങൾ ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആധാർ അധിഷ്ഠിത പേമെന്റ് നടത്തുകയുണ്ടായിയെന്നും അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

(ബി) ഇനിയും എത്ര കർഷകർക്ക് എത്ര തുക ഇൻഷ്വറൻസ് കമ്പനി നൽകാനുണ്ടെന്ന് വിശദമാക്കാമോ?

കേന്ദ്രസർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് കർഷകരുടെ ആധാർ വിവരങ്ങൾ ലഭ്യമാക്കിയതിനെത്തുടർന്ന് ഇൻഷ്വറൻസ് കമ്പനി തിരികെവന്ന റാബി 2019-ലെ 11.31 കോടി രൂപയും ഖാരിഫ് 2020-ലെ 20.22 കോടി രൂപയും 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആധാർ അധിഷ്ഠിത പേമെന്റ് നടത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അപ്രകാരം വീണ്ടും അയച്ച തുകയിൽ കർഷകരുടെ അക്കൗണ്ടിൽ വരവ് വയ്ക്കാൻ സാധിക്കാതെ തിരികെ വന്നിട്ടുള്ളതിന്റെ വിവരങ്ങൾ ഇൻഷ്വറൻസ് കമ്പനിയുടെ പങ്കാളിത്ത ബാങ്കായ ആക്സിസ് ബാങ്കിൽനിന്നും ലഭിക്കേണ്ടതുണ്ടെന്ന് അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (AICIL) അറിയിച്ചിട്ടുണ്ട്.

(സി) അർഹരായ മുഴുവൻ കർഷകർക്കും അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

അർഹരായ മുഴുവൻ കർഷകർക്കും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (AICIL) സ്വീകരിക്കണമെന്ന കർശന നിർദ്ദേശം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നൽകിയിട്ടുണ്ട്.

## അഗ്രികൾച്ചറൽ ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി

44(6569) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കായി പലിശരഹിത വായ്പയെടുക്കുകയും ഫസൽ ബീമാ യോജന ഇൻഷ്വറൻസ് പ്രീമിയം നൽകുകയുംചെയ്ത പാലക്കാട് ജില്ലയിലെ ഭൂരിഭാഗം കർഷകർക്കും 2019-ലെ രണ്ടാംവിളയുടെയും 2020-ലെ ഒന്നാം വിളയുടെയും വിളനാശത്തിനുള്ള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനി വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദമായ അന്വേഷണം നടത്തുമോ?

കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാൻമന്ത്രി ഫസൽ ബീമ യോജന (PMFBY), പുനരാവിഷ്കൃത കാലാവസ്ഥ വിള ഇൻഷ്വറൻസ് പദ്ധതിയും (RWBCIS) കേരളത്തിൽ നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (AICIL) ആണ്. കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അഗ്രികൾച്ചറൽ

ഇൻഷ്വറൻസ് കമ്പനിയോട് വിവരം അന്വേഷിച്ചതിൽ നഷ്ടപരിഹാരം ലഭിക്കേണ്ട വളരെയധികം കർഷകരുടെ അക്കൗണ്ടുകൾ പ്രാഥമിക സഹകരണ ബാങ്കുകളിലാണെന്നും കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി IFSC (The Indian Financial System Code) നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് കർഷകരുടെ അക്കൗണ്ടുകളിൽ ഡി.ബി.ടി. മുഖേന തുക വരവുവയ്ക്കുന്നതിന് തടസ്സമുണ്ടായതെന്നും അതുവഴി നിരവധി കർഷകർക്ക് അയച്ച നഷ്ടപരിഹാരത്തുക തിരികെ വന്നതായും ഇൻഷ്വറൻസ് കമ്പനി അറിയിച്ചു. പദ്ധതി നിർവ്വഹണ ഏജൻസിയായ AICIL അറിയിച്ചതിൻപ്രകാരം പാലക്കാട് ജില്ലയിലെ കർഷകർക്ക് അർഹമായ 22.23 കോടി രൂപയും (റാബി 2019-ലെ) 60.670 കോടി രൂപയും (ഖാരിഫ് 2020) യഥാക്രമം 2021 ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ കർഷകർ പദ്ധതി പോർട്ടലിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പരിലേക്ക് വരവ് വയ്ക്കുകയുണ്ടായെങ്കിലും റാബി 2019-ലെ 14.94 കോടി രൂപയും ഖാരിഫ് 2020-ലെ 33.36 കോടി രൂപയും തിരികെ വരികയുണ്ടായി. പ്രസ്തുത വിഷയം കൃഷി ഡയറക്ടർ കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുമായിട്ടുള്ള വീഡിയോ കോൺഫറൻസിൽ ഉന്നയിക്കുകയും തുടർന്ന് ആയത് രേഖാമൂലം കേന്ദ്ര സർക്കാരിൽ അറിയിക്കുകയുംചെയ്തു. തുടർന്ന് നഷ്ടപരിഹാരം കർഷകർക്ക് DBT മുഖേന മാത്രമേ നൽകുകയുള്ളൂയെന്ന നയത്തിന്റെകൂടി അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡിന് (AICIL) കർഷകരുടെ ആധാർ വിവരങ്ങൾ ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആധാർ അധിഷ്ഠിത പേമെന്റ് നടത്തുകയുണ്ടായിയെന്നും അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്.

(ബി) എത്ര കർഷകർക്കാണ് ഇനിയും തുക നൽകാനുള്ളതെന്നും എത്ര തുകയാണ് നൽകേണ്ടതെന്നും വിശദമാക്കുമോ?

കേന്ദ്രസർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് കർഷകരുടെ ആധാർ വിവരങ്ങൾ ലഭ്യമാക്കിയതിനെത്തുടർന്ന് ഇൻഷ്വറൻസ് കമ്പനി തിരികെവന്ന റാബി 2019-ലെ 14.94 കോടി രൂപയും ഖാരിഫ് 2020-ലെ 33.36 കോടി രൂപയും 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആധാർ അധിഷ്ഠിത പേമെന്റ് നടത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അപ്രകാരം വീണ്ടും അയച്ച തുകയിൽ കർഷകരുടെ അക്കൗണ്ടിൽ വരവ് വയ്ക്കാൻ സാധിക്കാതെ തിരികെ വന്നിട്ടുള്ളതിന്റെ വിവരങ്ങൾ ഇൻഷ്വറൻസ് കമ്പനിയുടെ പങ്കാളിത്ത ബാങ്കായ ആക്സിസ് ബാങ്കിൽനിന്നും ലഭിക്കേണ്ടതുണ്ടെന്ന് അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (AICIL) അറിയിച്ചിട്ടുണ്ട്.

(സി) അർഹരായ മുഴുവൻ കർഷകർക്കും അഗ്രികൾച്ചറൽ ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അർഹരായ മുഴുവൻ കർഷകർക്കും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (AICIL) സ്വീകരിക്കണമെന്ന കർശന നിർദ്ദേശം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നൽകിയിട്ടുണ്ട്.

**കാർഷിക മേഖലയിൽ രാസകീടനാശിനികളുടെ ഉപഭോഗം**

45(6570) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ രാസകീടനാശിനികളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നതായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് കാർഷികമേഖലയിൽ രാസകീടനാശിനികളുടെ ഉപഭോഗം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2016-17-ൽ രാസകീടനാശിനികളുടെ ഉപയോഗം 895 MT ആയിരുന്നത് 2020-21-ൽ 585 MT ആയി കുറഞ്ഞിട്ടുണ്ട്.

(ബി) നെൽകൃഷിയിൽ ഇത്തരം രാസകീടനാശിനിയുടെ ഉപയോഗം വർദ്ധിച്ചതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) എങ്കിൽ കാർഷിക മേഖലയിൽ രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും ജൈവകീടനാശിനികൾ വ്യാപിപ്പിക്കുന്നതിനുമായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കാർഷിക മേഖലയിൽ രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും ജൈവകീടനാശിനികൾ വ്യാപിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന് കീഴിലെ ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിംഗിന്റെ നേതൃത്വത്തിൽ ജൈവകീടനാശിനികളുടേയും ജൈവ വളങ്ങളുടേയും ഉൽപ്പാദനം വർദ്ധിപ്പിക്കൽ, സംയോജിത കീടനിയന്ത്രണം, രാസ കീടനാശിനികളുടെ ശാസ്ത്രീയ ഉപയോഗം, മാരക വിഷാംശമുള്ള കീടനാശിനികൾക്ക് പകരം വിഷാംശം കുറവുള്ള പുതുതലമുറ കീടനാശിനികളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ ബോധവൽക്കരണ സെമിനാറുകൾ/വർക്ക് ഷോപ്പുകൾ, ക്യാമ്പയിനുകൾ

തുടങ്ങിയവ സംഘടിപ്പിക്കുകയുണ്ടായി. സംയോജിത സസ്യ സംരക്ഷണം, ജൈവ കീടനിയന്ത്രണം എന്നിവയ്ക്കായുള്ള സാങ്കേതികവിദ്യകൾ വികസിപ്പിച്ച് കർഷകർക്ക് പരിശീലനം നൽകിവരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയും സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) പദ്ധതിയും നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളിൽ പൂർണ്ണമായും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് ധനസഹായവും നൽകുന്നു. കൂടാതെ സുഭിക്ഷം സുരക്ഷിതം, (ഭാരതീയ പ്രകൃതി കൃഷി) പദ്ധതി പ്രകാരം ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (FIG) വഴി ജൈവ ഉല്പാദനോപാധികൾ ഉൽപ്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് FIG 1 പ്രവർത്തിക്കുന്നു. അങ്ങനെ പ്രസ്തുത പദ്ധതിയിൻ കീഴിൽ 168 ക്ലസ്റ്ററുകളിലായി 1680 ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (FIG 1) പ്രവർത്തിച്ചുവരുന്നു.

**ആധുനിക സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി**

46(6571) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരന്തരമുണ്ടാകുന്ന പേമാരിയും വെള്ളപ്പൊക്കവുംമൂലം കാർഷിക മേഖലയിലുണ്ടാകുന്ന കനത്ത നഷ്ടവും കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന കർഷകവിരുദ്ധ നിലപാടുകളും കർഷകരുടെ ആത്മവിശ്വാസത്തെ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ?

പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി പുനർജ്ജനി ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ കൃഷിവകുപ്പ് നടത്തിയതിന്റെ ഭാഗമായി കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കാനും സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കർഷകരെ സഹായിക്കുന്നതിനും കാർഷികാഭിവൃദ്ധി കൈവരിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കർഷകരെ സഹായിക്കുന്നതിനും കാർഷികാഭിവൃദ്ധി കൈവരിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ വൈവിദ്ധ്യമാർന്ന പദ്ധതികളാണ് നടപ്പാക്കിയത്. പ്രധാനപ്പെട്ട വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, പ്രാദേശിക പ്രാധാന്യമുള്ള വിളകൾ, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയ വിളകളുടെ സമഗ്രമായ വികസനത്തിലൂന്നിയ പരിപാടികൾ മുഴുവനായും പൂർത്തീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം മണ്ണ് പരിശോധന, ജൈവകൃഷി പ്രോത്സാഹനം എന്നീ പദ്ധതികളിലൂടെ സുരക്ഷിതമായ ഭക്ഷ്യോത്പാദനം സാധ്യമാക്കി. യന്ത്രവൽക്കരണത്തിനും കാർഷിക സേവനങ്ങൾക്കും വിപണനത്തിനും മൂല്യവർദ്ധനത്തിനും അടിസ്ഥാനവില ലഭ്യമാക്കുന്നതിനും പ്രത്യേകം പ്രത്യേകം പദ്ധതികൾ നടപ്പിലാക്കി. കർഷകർക്ക് പ്രകൃതിക്ഷോഭത്തിൽനിന്നും ആശ്വാസമേകാൻ വിള ഇൻഷ്വറൻസും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പരിപാടിയും സമയോചിതമായി നടപ്പിലാക്കിയിട്ടുണ്ട്.

(സി) കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും ഉല്പന്നങ്ങളുടെ സംഭരണം ശക്തമാക്കുന്നതിനും നിലവിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായിട്ടുണ്ടോ?

ഉണ്ട്.

(ഡി) കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി ആധുനിക സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട് വിപണനം നടത്തിവരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ചച്ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന 100 നഗര കാർഷിക വിപണികൾ 2021-22 വർഷത്തിൽ മുഖ്യമന്ത്രിയുടെ നൂറു ദിന പരിപാടിയുടെ ഭാഗമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി സഹകരണ വകുപ്പുമായി ചേർന്ന് കൃഷി വകുപ്പിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം.
2. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം
3. ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ
4. കണ്ടെയ്നർ മോഡൽ വില്പനശാലകൾ.

**കർഷക ക്ഷേമനിധി ബോർഡ്**

47(6572) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖാന്തരം രൂപീകരിച്ച കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നത് എപ്പോഴാണെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019-ലെ 26-ാം നമ്പർ ആക്ട്) 11-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കാർഷികവൃത്തിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനായും കേരള സർക്കാർ 2020 ഒക്ടോബർ മാസം 13-ാം തീയതി സ.ഉ.(പി) നമ്പർ 19/2020/കൃഷി പ്രകാരം പുറപ്പെടുവിച്ചതും 2020 ഒക്ടോബർ മാസം 14-ാം തീയതി 2422-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 708/2020 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചു.

(ബി) ബോർഡിലെ നിലവിലുള്ള ഉപദേശകസമിതി അംഗങ്ങൾ ആരൊക്കെയാണെണ് അറിയിക്കുമോ;

(സി) ഉപദേശകസമിതി രൂപീകരിക്കപ്പെട്ടതിനുശേഷം എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്ന് അറിയിക്കുമോ?

(ബി&സി) കേരള കർഷക ക്ഷേമനിധി ബോർഡിന്റെ ഭരണമേൽനോട്ടത്തിന് ഒരു ഡയറക്ടർ ബോർഡിനെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഉപദേശക സമിതി രൂപീകരിച്ചിട്ടില്ല.

(ഡി) ബോർഡ് മുഖാന്തരം എത്ര കർഷകർക്ക് ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ടെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് നല്കിയതെന്നും വിശദീകരിക്കാമോ?

കേരള കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്.

**ഇക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനത്തിലുള്ള മാർഗ്ഗരേഖ**

48(6573) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ അഗ്രികൾച്ചറൽ ഇക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനത്തിൽ പദ്ധതികളും സബ്സിഡികളും അനുവദിക്കുന്നതിനായി പ്രത്യേക മാർഗ്ഗരേഖകളുണ്ടോ; വിശദാംശം നൽകുമോ?

കേരളത്തിലെ മണ്ണിന്റെയും ഭൂപ്രകൃതിയുടെയും പാരിസ്ഥിതികമായ പ്രത്യേകതകളുടേയും അടിസ്ഥാനത്തിൽ വിവിധ കാർഷികമേഖലകളായി തിരിച്ച് ഓരോ മേഖലയിലും ഏറ്റവും അനുയോജ്യമായ കൃഷിരീതികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഇതുപ്രകാരം കേരളത്തിലെ കാർഷിക മേഖലയെ കാലാവസ്ഥ, മഴയുടെ അളവ്, ഭൂപ്രകൃതി, സമുദ്രനിരപ്പിൽനിന്നുള്ള ഉയരം, മണ്ണിന്റെ തരം എന്നിവയെ അടിസ്ഥാനമാക്കി 5 അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ AEZ (കാർഷിക പാരിസ്ഥിതിക മേഖല) ആയി വിഭജിച്ചിട്ടുണ്ട്. കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെത്തുടർന്ന് മേഖലയുടെ കാർഷിക പുനർനിർമ്മാണത്തിനായി കൃഷി വകുപ്പിന്റെ നിലവിലുള്ള ഭരണപരമായ അതിർത്തികൾക്കും ചട്ടക്കൂടുകൾക്കും മാറ്റം വരുത്താതെയും തദ്ദേശസ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതികളും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ടും തദ്ദേശസ്ഥാപനങ്ങളും കൃഷിവകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടും സർക്കാർ ആരംഭിച്ച നടപടികളുടെ ഭാഗമായാണ് കാർഷിക മേഖലയെ 5 കാർഷിക പാരിസ്ഥിതിക മേഖലകളായി വിഭജിച്ചിട്ടുള്ളത്. മേല്പറഞ്ഞ സോണുകളെ 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകളെ അടിസ്ഥാനമാക്കിയാണ് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. സംസ്ഥാനത്തെ ഇത്തരത്തിൽ വിഭജിക്കുന്നതിന് മാർഗ്ഗരേഖയുണ്ടെങ്കിലും വിവിധ പദ്ധതികൾക്ക് സബ്സിഡികൾ കർഷകർക്ക് നൽകുന്നത് വിളകളുടെ അടിസ്ഥാനത്തിലാണ്.

(ബി) ഇപ്രകാരം സംസ്ഥാനത്തെ കൃഷിഭവനുകളെ തരംതിരിച്ചത് ഏത് സർവ്വേയുടെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ കർഷകർക്കുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

കേരള കാർഷിക സർവ്വകലാശാലയുടെ പഠനമനുസരിച്ച് കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ 5 കാർഷിക പാരിസ്ഥിതിക മേഖലകളെ 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളും പഞ്ചായത്തുകളും ഇത്തരത്തിൽ പ്രസ്തുത അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ ഉൾപ്പെടുന്നു. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകളെ അടിസ്ഥാനമാക്കിയാണ് അഗ്രോ ഇക്കോളജികൾ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആയതു കൊണ്ട് വിളയുടെ പരമാവധി ഉല്പാദനം പ്രസ്തുത പ്രദേശത്തുനിന്നും ലഭിക്കും. ഗുണമേന്മയുള്ളതും കൃത്യമായ അളവിലും ഉല്പാദനോപാധികൾ നൽകുന്നതുകൊണ്ട് ഉല്പാദനക്ഷമതയും വർദ്ധിക്കും. ഈ ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനം പദ്ധതി ആസൂത്രണത്തിലുൾപ്പെടുത്തിയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉല്പാദനത്തിലൂടെയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നു.

(സി) ഇതിന് പ്രത്യേക ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. 25-5-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 66/2019/കൃഷി, 22-4-2020-ലെ സർക്കാർ ഉത്തരവ് നമ്പർ 393/2020/കൃഷി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. (അനുബന്ധമായി ചേർത്തിട്ടുണ്ട്)*

**പാലക്കാട് ജില്ലയിൽ കൃഷി വകുപ്പിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ**

49(6574) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കൃഷി വകുപ്പിലെ വിവിധ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ കൃഷി വകുപ്പിലെ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | മലമ്പുഴ-1 |
| 2 | RATTC | മലമ്പുഴ - 1 |
| 3 | അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | DSTL പട്ടാമ്പി - 1 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| തസ്തിക | കൃഷിഭവൻ | എണ്ണം |
|---|---|---|
| കൃഷി ഓഫീസർ | കരിമ്പുഴ | 1 |
| | പരളൂർ | 1 |
| | കണ്ണമ്പ്ര | 1 |
| | നെല്ലിയാമ്പതി | 1 |
| | അലനെല്ലൂർ | 1 |
| | തച്ചനാട്ടുകര | 1 |
| കൃഷി അസിസ്റ്റന്റ് | അമ്പലപ്പാറ | 1 |
| | കപ്പൂർ | 1 (ശ്രീമതി മെറിൻ എൽസ ജോർജ് 26-10-2021 മുതൽ 30-8-2022 വരെ ഉപരിപഠനത്തിനായി ശൂന്യവേതനാ വധിയിൽ പ്രവേശിച്ച ഒഴിവ്) |
| ജൂനിയർ സൂപ്രണ്ട് | പ്രിൻസിപ്പൽ കൃഷി ഓഫീസ്, പാലക്കാട് | 1 |
| ഇലക്ട്രീഷ്യൻ | കൃഷി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, പാലക്കാട് | 1 |
| ഓവർസീയർ ഗ്രേഡ് - I | കൃഷി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, പാലക്കാട് | 1 |
| ഓവർസീയർ ഗ്രേഡ് - II | കൃഷി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, പാലക്കാട് | 1 |

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഒഴിവുള്ള കൃഷിഭവനകളിലേയ്ക്ക് കൃഷി ഓഫീസർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ/സ്ഥലംമാറ്റം മുഖേനയോ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൂനിയർ സൂപ്രണ്ട് ഓവർസീയർ ഗ്രേഡ് - I, ഓവർസീയർ ഗ്രേഡ് - II തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇലക്ട്രീഷ്യൻ തസ്തികയിലേയ്ക്കുള്ള ഒഴിവ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് നിലവിൽ സെലക്ട് ലിസ്റ്റില്ല. ആയതിലേയ്ക്ക് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി യോഗം ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## പ്ലാന്റേഷൻ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളപരിഷ്കരണം

50(6575) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലാന്റേഷൻ കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം 2014 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## വയനാട് ജില്ലാ കാർഷിക വികസന സമിതി

51(6576) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ കാർഷിക വികസന സമിതി അംഗങ്ങൾ ആരെല്ലാമാണ്?

വയനാട് ജില്ലാ കാർഷിക വികസന സമിതിയിൽ 36 അനൗദ്യോഗിക അംഗങ്ങളും 15 ഔദ്യോഗിക അംഗങ്ങളുമുണ്ട്. ചെയർമാൻ - വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് ചെയർമാൻ – വയനാട്, ജില്ലാ കളക്ടർ, കൺവീനർ – വയനാട്, പ്രിൻസിപ്പൽ കൃഷി ഓഫീസർ (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.)*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാർഷിക വികസന സമിതികൾ കൂടുന്നതിന്റെ കാലദൈർഘ്യം വിശദമാക്കാമോ?

പഞ്ചായത്തുതലത്തിൽ (കൃഷിഭവൻ) മാസത്തിൽ ഒരു പ്രാവശ്യവും ജില്ലാതലത്തിൽ രണ്ടുമാസത്തിലൊരിക്കലും സംസ്ഥാനതലത്തിൽ ആറുമാസത്തിലൊരിക്കലുമാണ് കാർഷിക വികസന സമിതികൾ കൂടുന്നതിന്റെ കാലദൈർഘ്യം.

(സി) ജില്ലാ കാർഷിക വികസന സമിതിയിൽ അജണ്ടയായി വരാറുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ വ്യക്തമാക്കാമോ?

ജില്ലാ കാർഷിക വികസന സമിതിയിൽ അജണ്ടയായി വരാറുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർഷിക വികസന പരിപാടികളും അവയുമായി ബന്ധപ്പെട്ട പല വകുപ്പുകളുടേയും പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ അവലോകനം ചെയ്യുക.
2. വിത്ത്, തൈകൾ, വളങ്ങൾ, കീടനാശിനികൾ, വായ്പ മുതലായവയുടെ ലഭ്യത, വിതരണം തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തുക.
3. ജില്ലയിലെ ജലസേചന സൗകര്യങ്ങൾ, അവയുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ മുതലായവയുമായി എടുത്തിട്ടുള്ള നടപടികൾ അവലോകനം ചെയ്യുക.
4. വായ്പാധിഷ്ഠിത കാർഷിക വികസന പദ്ധതികൾ അവലോകനം ചെയ്യുക.
5. ചെറുകിട ജലസേചന പ്രവർത്തനങ്ങൾ, പമ്പ് സെറ്റുകൾ ഊർജ്ജവൽക്കരിക്കൽ തുടങ്ങിയവ അവലോകനം ചെയ്യുക.
6. വരൾച്ച, വെള്ളപ്പൊക്കം മുതലായ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്നപക്ഷം കൃഷിക്കാർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തര സഹായം നൽകുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക.
7. ജില്ലാടിസ്ഥാനത്തിൽ നടപ്പിലാക്കിയ കാർഷിക പരിപാടികളുടെ ഫലപ്രദമായ നിർവ്വഹണത്തിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.
8. കാർഷികാനുബന്ധ വകുപ്പുകളുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനം**

52(6577) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ?

(എ&ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ബേഡഡുക്ക കൃഷിഭവനിലെ കൃഷി അസിസ്റ്റന്റിനെ മാറ്റിനിയമിക്കാൻ നടപടി**

53(6578) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക കൃഷിഭവനിലെ കൃഷി അസിസ്റ്റന്റിനെ മാറ്റിനിയമിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് ഭരണസമിതി നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർ നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക കൃഷിഭവനിലെ കൃഷി അസിസ്റ്റന്റിനെ ടി ഓഫീസിൽനിന്നും സ്ഥലംമാറ്റം നടത്തി കൃഷി ഡയറക്ടർ ഉത്തരവിറക്കിയെങ്കിലും ടി ഉത്തരവിനെതിരെ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (KAT)- നെ സമീപിക്കുകയും ടിയാളുടെ അപേക്ഷ പരിഗണിക്കാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 18-2-2021ൽ ഉത്തരവാകുകയും ചെയ്തു. ടി ഉത്തരവിന്മേൽ കൃഷി ഡയറക്ടറുടെ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ നിരവധി തവണ ജനപ്രതിനിധികളും നാട്ടുകാരും പരാതി ഉന്നയിച്ചിട്ടും പ്രസ്തുത ജീവനക്കാരിക്കെതിരെ വകുപ്പുതല നടപടി എടുക്കാൻ വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ?

കൃഷി അസിസ്റ്റന്റിനെതിരെ ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

54 (6579) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികളേതെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ കെ.എൽ.ഡി.സി.-യുടെ നിർമ്മാണ പ്രവൃത്തികൾ നിലവിലില്ല.

**കൃഷിക്കാരുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങൾ**

55(6580) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക മേഖലയിലെ കൃഷിക്കാരുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രാബല്യത്തിലുള്ള നിയമങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

1. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് (2019-ലെ 26-ാം ആക്ട്)

2. 2006-ലെ കേരള കാർഷിക കടാശ്വാസ കമ്മീഷൻ ആക്ട് (2007-ലെ 1-ാം ആക്ട്)

3. 2005-ലെ കേരള കിസാൻ പാസ് ബുക്ക് ആക്ട് (2005-ലെ 47-ാം ആക്ട്)

4. കേരള നെൽ വയൽ-തണ്ണീർത്തട സംരക്ഷണ നിയമം 2008

5. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (1985)

6. ദി ഇൻസെക്ടിസൈഡ് ആക്ട് (1968)

(ബി) ഇതുസംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായും കാർഷികവൃത്തിയിലേയ്ക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുമായി വ്യവസ്ഥ ചെയ്യുന്ന ആക്റ്റാണ്.

2. 2006-ലെ കേരള കാർഷിക കടാശ്വാസ കമ്മീഷൻ ആക്ട് കടബാദ്ധ്യതമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനുള്ള അധികാരമുള്ളതും മധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനുവേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും മറ്റും വ്യവസ്ഥ ചെയ്യുന്നതാണ് ഈ ആക്ട്.

3. 2005-ലെ കേരള കിസാൻ പാസ് ബുക്ക് ആക്ട് ഒരു റവന്യൂ എസ്റ്റേറ്റിലെ കർഷകർ അവരുടെ കാർഷിക ഭൂമി സംബന്ധിച്ച അവകാശരേഖകളും ബാദ്ധ്യതകളും ഉൾക്കൊള്ളുന്ന കിസാൻ പാസ് ബുക്ക് നൽകുന്നതിനും വായ്പാ സൗകര്യങ്ങൾ വിനിയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന ആക്ട്.

4. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം 2008 കേരള സംസ്ഥാനത്തെ കാർഷികരംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുംവേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനുമാണ് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008 പ്രാബല്യത്തിൽ വരുത്തിയത്.

5. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (1985)-ശരിയായ സമയത്തും കർഷകർക്ക് ശരിയായ വിലയിലും ശരിയായ ഗുണനിലവാരമുള്ള വളങ്ങളുടെ മതിയായ ലഭ്യത ഉറപ്പാക്കുന്നതിന്, രാജ്യത്തെ രാസവളങ്ങളുടെ നിയന്ത്രണം, വ്യാപാരം, വില, ഗുണനിലവാരം, വിതരണം എന്നിവ നിയന്ത്രിക്കുന്നതിന് 1955-ലെ അവശ്യവസ്തുക്കളുടെ നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം വളം ഒരു അവശ്യ ചരക്ക്, വളനിയന്ത്രണ ഉത്തരവായി (എഫ്.സി.ഒ.) പ്രഖ്യാപിച്ചു. വളം നിർമ്മാതാക്കൾ, ഇറക്കുമതി ചെയ്യുന്നവരും ഡീലർമാരും നിർബന്ധിത രജിസ്ട്രേഷന്, രാജ്യത്ത് നിർമ്മിച്ച് ഇറക്കുമതി ചെയ്യുകയും വിൽക്കുകയും ചെയ്യുന്ന എല്ലാ വളങ്ങളുടെയും സ്പെസിഫിക്കേഷനുകൾ, വളമിശ്രിതങ്ങളുടെ നിർമ്മാണം, വളം ബാഗുകളിൽ പാക്കിംഗ്, അടയാളപ്പെടുത്തൽ, എൻഫോഴ്സ്മെന്റ് ഏജൻസികളെ നിയമിക്കുക, ഗുണനിലവാര നിയന്ത്രണ ലബോറട്ടറികൾ സ്ഥാപിക്കുക, നിലവാരമില്ലാത്ത/വ്യാജ/മായം കലർന്ന വളങ്ങളുടെ നിർമ്മാണം/ ഇറക്കുമതി, വില്പന എന്നിവയ്ക്ക് നിരോധനവും എഫ്.സി.ഒ. വ്യവസ്ഥ ചെയ്യുന്നു.

6. ദി ഇൻസെക്ടിസൈഡ് ആക്ട് (1968) മനുഷ്യർക്കും മൃഗങ്ങൾക്കുമുണ്ടാകുന്ന അപകടസാധ്യത തടയുന്നതിനും കീടനാശിനികളുടെ ഇറക്കുമതി, നിർമ്മാണം, വില്പന, ഗതാഗതം, വിതരണം, ഉപയോഗം എന്നിവയുടെ നിയന്ത്രണത്തിനുമായി 'കീടനാശിനി നിയമം, 1968' (1968-ലെ നമ്പർ 46) എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളും പാർലമെന്റ് നടപ്പാക്കി.

**കാർഷിക നയത്തിലെ ശിപാർശകൾ**

56(6581) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16-ലെ സർക്കാരിന്റെ കാലത്തെ കാർഷിക നയത്തിലെ കൃഷിവകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഇനിയും നടപ്പിലാക്കാൻ ബാക്കിയുള്ളവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

പതിറ്റാണ്ടുകളായി കേരളത്തിൽ നടപ്പിലാക്കിയിരുന്ന കാർഷിക നയങ്ങളും പരിപാടികളുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു നയമായിരുന്നു 2015-ലെ സംസ്ഥാന കാർഷിക വികസന നയം. മുൻ സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിവന്നതും വിഭാവനം ചെയ്തിരുന്നതുമായ പദ്ധതികൾകൂടി ഈ നയത്തിൽ ഉൾപ്പെട്ടിരുന്നു. 2006-11 കാലയളവിലെ സർക്കാരിന്റെ പ്രമുഖ നയമായിരുന്ന ജൈവ കാർഷിക നയവും ഇക്കൂട്ടത്തിൽപ്പെടുന്നു. തുടർന്നുവന്ന സർക്കാർ 2016-21 കാലഘട്ടത്തിൽ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അതിന്റെ തുടർച്ചയായി ഈ സർക്കാർ കർഷകരുടെ വരുമാനം 50 ശതമാനമെങ്കിലും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഉൽപ്പാദനം, സംഭരണം, വിതരണം, സംസ്കരണം, വിപണനം, മൂല്യവർദ്ധനവ് എന്നീ സമഗ്ര മേഖലകളിലും കർഷക താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് ഗുണനിലവാരമുള്ള ഉൽപ്പാദനോപാധികൾ ലഭ്യമാക്കിയും കാർഷിക ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ വികസനവും കർഷക കൂട്ടായ്മകളും രൂപീകരിച്ചും പ്രകൃതിക്ഷോഭംമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് വിള ഇൻഷ്വറൻസ്, വിള നഷ്ടപരിഹാരം എന്നിവവഴി സാമ്പത്തിക സഹായങ്ങൾ നൽകിയും കൃഷി അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ചും കാർഷിക വായ്പകൾ ലഭ്യമാക്കിയും കാർഷിക സർവ്വകലാശാലയുടെ സാങ്കേതികവിദ്യകൾ കർഷകർക്ക് ലഭ്യമാക്കിയും ആധുനിക സാങ്കേതികവിദ്യയുടെ പൂർണ്ണ സഹായത്തോടെ കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കിയും കാർഷിക വിജ്ഞാന വ്യാപനത്തിന് പദ്ധതികൾ ആവിഷ്കരിച്ചുമാണ് കർഷകന് 50% വരുമാന വർദ്ധനവ് ഈ സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്ന ശിപാർശകൾ എപ്പോൾ നടപ്പിലാക്കുമെന്ന് വിശദമാക്കാമോ; ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കാർഷിക മേഖലയിലെ സമഗ്ര വികസനത്തിന്, മുമ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ തുടർനടപടികളും പുതിയ ആശയങ്ങളും ഉൾപ്പെടുത്തി പതിനാലാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കാനുള്ള ആസൂത്രണം നടന്നുവരുന്നു.

(സി) കാർഷിക നയത്തിൽ ശിപാർശ ചെയ്യപ്പെട്ട അവകാശ ലാഭം നടപ്പിലാക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി.-യുടെ പശ്ചാത്തലത്തിൽ അവകാശലാഭം നടപ്പിലാക്കുന്നതിന്റെ നിയമവശം പരിശോധിച്ചുവരുന്നു.

**തോട്ടവിള കൃഷി ലാഭകരമാക്കുന്നതിന് പദ്ധതികൾ**

57 (6582) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടവിള കൃഷി ആകർഷകവും ലാഭകരവുമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി അംഗീകരിച്ച് ഉത്തരവായ പ്ലാന്റേഷൻ നയത്തിൽ, തോട്ടം മേഖല ലാഭകരമാക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ തോട്ടങ്ങളിൽ മിശ്രുവിളകൃഷി (Mixedcrop), ഇടവിള കൃഷി (Intercrop), ടൂറിസം തുടങ്ങിയവ തോട്ടങ്ങളിലെ അടിസ്ഥാന ഘടനയിൽ മാറ്റംവരുത്താതെ അനുവദിക്കാമെന്ന് വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ, ഹോർട്ടികൾച്ചർ, ഫ്ലോറികൾച്ചർ, ഔഷധകൃഷി, ക്ഷീരകൃഷി, തേനീച്ചകൃഷി, മുട്ടകൃഷി, മത്സ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുമെന്നും പ്ലാന്റേഷൻ പോളിസിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരുകൾ സ്വീകരിച്ച നയസമീപനങ്ങൾ ആഭ്യന്തര കാർഷികോല്പന്നങ്ങളുടെ വിലയിടിവിന് ഇടയാക്കിയിട്ടുണ്ടോ; ഇത് തോട്ടവിള കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേന്ദ്ര സർക്കാരുകളുടെ തെറ്റായ നയസമീപനങ്ങൾ കാരണം ഈ മേഖല പ്രതിസന്ധി നേരിടുന്നുണ്ട്.

(സി) പരമ്പരാഗത തോട്ടവിളകൾക്ക് പുറമെ തോട്ടവിളകളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെ ഈ മേഖലയെ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി അംഗീകരിച്ച് ഉത്തരവായ പ്ലാന്റേഷൻ നയത്തിൽ, തോട്ടം മേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെ ഹോർട്ടികൾച്ചർ, ഫ്ലോറികൾച്ചർ, ഔഷധകൃഷി, ക്ഷീരകൃഷി, തേനീച്ചകൃഷി, മുട്ടകൃഷി, മത്സ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുമെന്ന് പ്ലാന്റേഷൻ പോളിസിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിൽ മണ്ണിടിച്ചിലിൽ നശിച്ച കൃഷിഭൂമികൾ**

58(6583) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വ്യാപകമായുണ്ടായ മഴക്കെടുതിയിൽ മണ്ണിടിച്ചിലുണ്ടായ പ്രദേശങ്ങളുടെ വിശദാംശം അറിയിക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വ്യാപകമായുണ്ടായ മഴക്കെടുതിയിൽ മണ്ണിടിച്ചിലുണ്ടായ പ്രദേശങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത സ്ഥലങ്ങളെ നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി പ്രൊപ്പോസൽ തയ്യാറാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും നശിച്ച കൃഷിഭൂമികൾ സംരക്ഷിക്കുന്നതിനായി ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) വിശദമായ പരിശോധനകൾക്കും വിലയിരുത്തലുകൾക്കും ശേഷം മാത്രമേ ഏത് പദ്ധതിയിലുൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾ മണ്ണ് സംരക്ഷണ വകുപ്പ്/കൃഷി വകുപ്പിന് ഏറ്റെടുത്ത് ചെയ്യാൻ സാധിക്കുമെന്ന് തീരുമാനിക്കാൻ കഴിയൂ.

**പുതുപ്പാടിയിൽ കാർഷിക സർവ്വകലാശാലയുടെ ഉപകേന്ദ്രം**

59(6584) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി സീഡ് ഫാമിന്റെ സ്ഥലം ഉപയോഗപ്പെടുത്തി കാർഷിക സർവ്വകലാശാലയുടെ ഉപകേന്ദ്രം സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പുതുപ്പാടിയിൽ കാർഷിക സർവ്വകലാശാലയുടെ ഉപകേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കേരളത്തിലെ സർവ്വകലാശാലകളിൽ ദേശീയ പെൻഷൻ പദ്ധതി**

60(6585) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് നിലവിൽ എത്ര യൂണിവേഴ്സിറ്റികൾ പ്രവർത്തിക്കുന്നുണ്ട്; ഓട്ടോണമസ്സ്/ഡീംഡ് എന്നിവ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് താഴെപ്പറയുന്ന യൂണിവേഴ്സിറ്റികൾ പ്രവർത്തിക്കുന്നു.

1. കേരള സർവ്വകലാശാല

2. മഹാത്മഗാന്ധി സർവ്വകലാശാല

3. കാലിക്കറ്റ് സർവ്വകലാശാല

4. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

5. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

6. കണ്ണൂർ സർവ്വകലാശാല

7. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

8. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

9. എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

10. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല

11. കേരള കാർഷിക സർവ്വകലാശാല

12. കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല

13. കേരള ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല

14. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്

15. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ്, ഇന്നൊവേഷൻ & ടെക്നോളജി

സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള യു.ജി.സി.-യുടെ വെബ്സൈറ്റിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം താഴെപ്പറയുന്ന ഡീംഡ് യൂണിവേഴ്സിറ്റികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

1. ചിന്മയാ വിശ്വ വിദ്യാപീഠം, വെളിയനാട്

2. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, വലിയമല

3. കേരള കലാമണ്ഡലം, ചെറുതുരുത്തി

(ബി) പ്രസ്തുത യൂണിവേഴ്സിറ്റികളിൽ ദേശീയ പെൻഷൻ പദ്ധതി (എൻ.പി.എസ്.) എന്നുമുതലാണ് നടപ്പിലാക്കി തുടങ്ങിയതെന്ന് വിശദമാക്കാമോ;

(സി) കേരളത്തിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കാത്ത യൂണിവേഴ്സിറ്റികളുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

(ബി&സി)

1. കേരള സർവ്വകലാശാല

2. മഹാത്മഗാന്ധി സർവ്വകലാശാല

3. കാലിക്കറ്റ് സർവ്വകലാശാല

4. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

5. കണ്ണൂർ സർവ്വകലാശാല

6. കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

7. കേരള ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല

8. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്

എന്നീ സർവ്വകലാശാലകൾ 1-4-2013 മുതലും തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല 2014 മുതലും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല-10-9-2021 മുതലും കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല- 8-9-2016 മുതലും ദേശീയ പെൻഷൻ പദ്ധതി (എൻ.പി.എസ്.) നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ ഇ.പി.എഫ്. പെൻഷൻ പദ്ധതിയാണ് നിലവിലുള്ളത്.

**സംസ്ഥാനത്തെ ലാ കോളേജുകൾ**

61(6586) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ്, സ്വകാര്യ ലാ കോളേജുകൾ എത്രയെന്നും അവ ഏതൊക്കെയെന്നും കോഴ്സുകളുടെ വിശദാംശം സഹിതം കണക്കുകൾ ലഭ്യമാക്കാമോ?

ഗവൺമെന്റ് ലാ കോളേജ് - 4 എണ്ണം

എയ്ഡഡ് - ഇല്ല

അൺ എയ്ഡഡ് - 20 എണ്ണം

കോളേജുകളുടെയും കോഴ്സുകളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലെ ലാ കോളേജുകൾ എത്രയെന്ന് സർവ്വകലാശാല, ജില്ല എന്നിവ തിരിച്ച് വിശദമാക്കാമോ?

എയ്ഡഡ് - ഇല്ല

അൺ എയ്ഡഡ് - 20 എണ്ണം കോളേജുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത എയ്ഡഡ്, അൺ എയ്ഡഡ് കോളേജുകളിൽ അംഗീകൃത ഈവനിംഗ് എൽ.എൽ.ബി., എൽ.എൽ.എം. കോഴ്സുകൾ ഉള്ളവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(1) കേരള ലാ അക്കാഡമി, ലാ കോളേജ്

(2) ശ്രീനാരായണ കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ്, കൊല്ലം

(3) മാർ ഗ്രിഗോറിയോസ് കോളേജ് ഓഫ് ലാ, നാലാഞ്ചിറ,

4) സി. എസ്. ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസ് ചെറുവരക്കോണം. കോഴ്സ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) സർക്കാർ, സ്വകാര്യ ലാ കോളേജുകളിലെ ഡേ/ ഈവനിംഗ് എൽ.എൽ.ബി., എൽ.എൽ.എം. കോഴ്സുകൾക്ക് ഏതെല്ലാം ഇനത്തിൽ എത്ര രൂപയാണ് ഫീസ് ഈടാക്കുന്നതെന്ന് തരംതിരിച്ച് വിശദമാക്കാമോ?

ഫീസ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർവ്വകലാശാലകളിലെ പരീക്ഷ മൂല്യനിർണ്ണയം

62(6587) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളിൽ വിവിധ പരീക്ഷകളുടെ ഉത്തരപേപ്പറുകളുടെ മൂല്യനിർണ്ണയത്തിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പരീക്ഷാകേന്ദ്രങ്ങളിൽനിന്നും ലഭ്യമാകുന്ന ഉത്തരപേപ്പറുകൾ മൂല്യനിർണ്ണയത്തിന് നൽകുന്നതിനുമുമ്പുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത നടപടിക്രമങ്ങൾ പരീക്ഷകളുമായി ബന്ധപ്പെട്ട സ്വകാര്യത സംരക്ഷിക്കുന്നതിന് പര്യാപ്തമാണോ; വ്യക്തമാക്കാമോ?

(എ&ബി) തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ഉത്തരക്കടലാസുകൾ രഹസ്യസ്വഭാവം നിലനിർത്തിയാണ് മൂല്യനിർണയം നടത്തുന്നത്. ഓരോ പേപ്പറിനും രണ്ടുവീതം അദ്ധ്യാപകർ (Double Valuation) മൂല്യനിർണ്ണയം നടത്തുകയും രണ്ടുപേരും നൽകുന്ന മാർക്കിന്റെ ശരാശരി മാർക്ക് വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്തുവരുന്നു. രണ്ട് മാർക്കും തുല്യമായി ലഭിച്ചാൽ മൂന്നാമതൊരു തവണകൂടി മൂല്യനിർണ്ണയം നടത്തി അതിന്റെ മാർക്ക് നൽകുകയാണ് പതിവ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ അതത് സെമസ്റ്ററുകളിലെ അവസാന പരീക്ഷ കഴിഞ്ഞ് വിവിധ സെന്ററുകളിൽനിന്നും ഉത്തരക്കടലാസുകൾ രഹസ്യ സ്വഭാവം സൂക്ഷിച്ച് കാലടി മുഖ്യകേന്ദ്രത്തിലെ പരീക്ഷാ വിഭാഗത്തിന്റെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിൽ എത്തിച്ചതിനുശേഷം അവ വിഷയം/പേപ്പർ എന്നിവ തരംതിരിച്ച് സ്റ്റോക്കെടുത്ത് ഫാൾസ് നമ്പർ നൽകി രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള കൗണ്ടർ ഫോയിൽ കീറി മാറ്റിയശേഷം അദ്ധ്യാപകർക്ക് മൂല്യനിർണ്ണയത്തിനായി നൽകുന്നു. ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഉത്തരക്കടലാസുകൾ ഇരട്ട മൂല്യനിർണ്ണയം നടത്തിയശേഷം ലഭിച്ച ഗ്രേഡുകളുടെ ശരാശരി ടാബുലേഷൻ നടത്തി സർവ്വകലാശാലയുടെ പരീക്ഷാ സംബന്ധിയായ സോഫ്റ്റ്‍വെയറിലേക്ക് അപ്‍ലോഡ് ചെയ്ത് പിഴവുകളില്ലെന്ന് പരിശോധിച്ച് ഉറപ്പിച്ചശേഷം ഫലം പ്രഖ്യാപിക്കുന്ന നടപടിയാണ് സർവ്വകലാശാല സ്വീകരിച്ചിട്ടുള്ളത്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല പരീക്ഷാ മൂല്യനിർണ്ണയം സംബന്ധിച്ചുള്ള ജോലികൾ വിവരസാങ്കേതികവിദ്യയിൽ അടിസ്ഥാനമാക്കിയാണ് നടത്തിവരുന്നത്. കോളേജുകളിലെ പരീക്ഷാ കേന്ദ്രങ്ങളിൽനിന്നും ഉത്തരക്കടലാസുകൾ യൂണിവേഴ്സിറ്റി നൽകുന്ന ബാർകോഡ് പതിച്ചാണ് മൂല്യനിർണ്ണയ ക്യാമ്പുകളിൽ എത്തുന്നത്. ബാർകോഡ്, ഡീകോഡ് ചെയ്യാൻ യൂണിവേഴ്സിറ്റിക്ക് മാത്രമേ സാധിക്കുമെന്നതിനാൽ, പരീക്ഷകളുടെ രഹസ്യ

സ്വഭാവം പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നു. മൂല്യനിർണ്ണയ ക്യാമ്പുകളിൽ, യൂണിവേഴ്സിറ്റി തന്നെ പരീക്ഷ നടത്തിപ്പിന്റെ പൂർണ്ണ ചുമതലയുള്ള ചെയർമാൻ, ചീഫ് എക്സാമിനർ, അഡീഷണൽ എക്സാമിനർ എന്നിവരെ നിയമിക്കുന്നു. യൂണിവേഴ്സിറ്റി നൽകിയിട്ടുള്ള പരീക്ഷാ മാന്വൽ അനുസരിച്ച് ബന്ധപ്പെട്ട ഫാക്കൽറ്റി മൂല്യനിർണ്ണയം പൂർത്തീകരിച്ച് യൂണിവേഴ്സിറ്റി പോർട്ടൽ മുഖേന മാർക്ക് രേഖപ്പെടുത്തി യൂണിവേഴ്സിറ്റിക്ക് നൽകുന്നു. പ്രസ്തുത മൂല്യനിർണ്ണയം കുറ്റമറ്റ രീതിയിൽ പൂർത്തീകരിച്ച് ഫലപ്രഖ്യാപനം നടത്താൻ യൂണിവേഴ്സിറ്റിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കുന്നു. മഹാത്മാഗാന്ധി സർവ്വകലാശാല ആദ്യപടിയായി വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽനിന്നും രഹസ്യ സ്വഭാവത്തോടെ പൊതിഞ്ഞ് സൂക്ഷിച്ചിരിക്കുന്ന ഉത്തരക്കടലാസുകൾ സർവ്വകലാശാലയുടെ കളക്ഷൻ ടീം ഓഫീസ് വാഹനത്തിൽ മെയിൻ ഓഫീസിലുള്ള പ്രോസസ്സിംഗ് കേന്ദ്രത്തിൽ എത്തിക്കുന്നു. സർവ്വകലാശാലയുടെ പ്രോസസ്സിംഗ് കേന്ദ്രത്തിൽനിന്നും ഫാൾസ് നമ്പർ രേഖപ്പെടുത്തി കൗണ്ടർ ഫോയിൽ കീറിമാറ്റി മൂല്യനിർണ്ണയത്തിനായി തയ്യാറാക്കി കെട്ടുകളാക്കി തിരിച്ച് ഉത്തരക്കടലാസ് കെട്ടുകൾ സർവ്വകലാശാല വാഹനത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഒൻപത് മേഖലാ മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ എത്തിക്കുന്നു. അവിടെ നിയോഗിക്കപ്പെട്ടിട്ടുള്ള സർവ്വകലാശാല ഉദ്യോഗസ്ഥരായ ക്യാമ്പ് ഉദ്യോഗസ്ഥർ സർവ്വകലാശാല ലഭ്യമാക്കിയിട്ടുള്ള അംഗീകൃത അദ്ധ്യാപക ലിസ്റ്റിലുള്ള മൂല്യകർത്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യുകയും മൂല്യനിർണ്ണയശേഷം മാർക്ക് ലിസ്റ്റ് ഉൾപ്പെടെ തിരികെ വാങ്ങുകയും ചെയ്യുന്നു. കണ്ണൂർ സർവ്വകലാശാല പരീക്ഷ കേന്ദ്രങ്ങളിൽ, പരീക്ഷ അവസാനിക്കുന്ന മുറയ്ക്ക് എല്ലാ ആൻസർ ബുക്കുകളും പ്രത്യേകം പാക്കറ്റുകളിൽ പാക്ക് ചെയ്യുകയും അവ പിന്നീട് സർവ്വകലാശാല ആസ്ഥാനത്തേക്ക് സർവ്വകലാശാല വാഹനത്തിലെത്തിക്കുകയും ചെയ്യുന്നു. അതിനുശേഷം ബന്ധപ്പെട്ട ഓഫീസറുടെ മേൽനോട്ടത്തിൽ ആൻസർ ബുക്കുകളുടെ എണ്ണം പരീക്ഷ കേന്ദ്രങ്ങളിൽനിന്നും ലഭിച്ച കണക്കുമായി ഒത്തുനോക്കി ഉറപ്പുവരുത്തിയശേഷം ഫാൾസ് നമ്പറിംഗ് പ്രക്രിയ ആരംഭിക്കുന്നു. വിദ്യാർത്ഥികളുടെ വ്യക്തിവിവരങ്ങൾ നീക്കം ചെയ്തതിനുശേഷം നൽകിയ ഫാൾസ് നമ്പർപ്രകാരമാണ് മൂല്യനിർണ്ണയം നടത്താറുള്ളത്. മൂല്യനിർണ്ണയത്തിനുമുമ്പ് പരീക്ഷ ബോർഡ് അദ്ധ്യക്ഷന്മാരുടെ നിയമനവും അദ്ധ്യാപക ഇൻഡക്സ് പ്രകാരം ബോർഡ് അദ്ധ്യക്ഷന്മാർ സമർപ്പിച്ച അദ്ധ്യാപക പാനൽ ആധാരമാക്കി മൂല്യനിർണ്ണയത്തിനുള്ള അദ്ധ്യാപകരെയും നിയമിക്കുന്നു. മൂല്യനിർണ്ണയത്തിനായി ആൻസർ ബുക്കുകൾ മുൻകൂട്ടി തീരുമാനിച്ച മൂല്യനിർണ്ണയ കേന്ദ്രങ്ങളിലെത്തിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ഓരോ വിദ്യാർത്ഥിക്കും ലഭിച്ച മാർക്കുകൾ ഓൺലൈനായി സർവ്വകലാശാല സെർവറിലേക്ക് മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽനിന്നുതന്നെ അപ്ലോഡ് ചെയ്യുന്നു.

ഈ പ്രക്രിയകൾക്കുശേഷം എല്ലാ ആൻസർ ബുക്കുകളും സർവ്വകലാശാലയിൽ എത്തിച്ച് ഒരുവർഷം സുരക്ഷിതമായി സൂക്ഷിച്ചുവയ്ക്കുന്നു. നുവാൽസ് കേരളത്തിലെ ഏക നിയമ സർവ്വകലാശാലയാണ്. അതുകൊണ്ടുതന്നെ നുവാൽസിന് മറ്റ് പരീക്ഷ കേന്ദ്രങ്ങളില്ല. ഒരു പരീക്ഷ പരമാവധി 60-70 കുട്ടികളാണ് എഴുതുന്നത്. CBCS (Choice Based Credit System)-ന്റെ ഭാഗമായി continuous evaluation പ്രകാരം പഠിപ്പിക്കുന്ന അദ്ധ്യാപകർ തന്നെ ചോദ്യപേപ്പർ തയ്യാറാക്കുകയും മൂല്യനിർണ്ണയം നടത്തുകയുമാണ് ചെയ്തുവരുന്നത്. പരീക്ഷയ്ക്കുശേഷം ഒരാഴ്ചയ്ക്കുള്ളിൽ മൂല്യനിർണ്ണയത്തിന് പേപ്പറുകൾ അതത് അദ്ധ്യാപകർക്ക് നൽകുന്നു. മാർക്ക് entry-യും tabulation ജോലികളും പരീക്ഷ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുകയും സമയബന്ധിതമായി ഫലം പ്രഖ്യാപിക്കുകയും ചെയ്തുവരുന്നു. കാലിക്കറ്റ് സർവ്വകലാശാല - പരീക്ഷ പൂർത്തിയായാൽ ഉത്തരക്കടലാസുകൾ മോണിറ്ററിംഗ് വിഭാഗം കോളേജുകളിൽനിന്ന് ശേഖരിക്കുകയും ബന്ധപ്പെട്ട സെക്ഷനിൽ എത്തിക്കുകയും ചെയ്യുന്നു. തുടർന്ന്, ഉത്തരക്കടലാസുകളുടെ എണ്ണവും അതോടൊപ്പം കോളേജുകളിൽനിന്ന് രേഖപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ്മെന്റും പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം ഓരോ ഉത്തരക്കടലാസിനും ഒരു ഫാൾസ് നമ്പർ നൽകുകയും ഈ നമ്പർതന്നെ കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതിയ ഭാഗത്തും രേഖപ്പെടുത്തി, രജിസ്റ്റർ നമ്പർ എഴുതിയ ഭാഗം വേർപെടുത്തി സൂക്ഷിക്കുന്നു. തുടർന്ന് ചോദ്യപേപ്പറും ഉത്തര സൂചികയുമുണ്ടെങ്കിൽ അതും ഉത്തരക്കടലാസുകളും ചേർത്ത് സീൽചെയ്ത് ഉത്തരക്കടലാസുകളുടെ പാക്കറ്റ്, വിഷയവുമായി ബന്ധപ്പെട്ട ബോർഡ് ഓഫ് എക്സാമിനേഴ്സ് അദ്ധ്യക്ഷന് (സർവ്വകലാശാല അംഗീകരിച്ച മൂല്യനിർണ്ണയ ക്യാമ്പിലേയ്ക്ക്) മോണിറ്ററിംഗ് സെൽ വഴി അയച്ചുകൊടുക്കുന്നു. ബന്ധപ്പെട്ട അദ്ധ്യക്ഷൻ സർവ്വകലാശാല നിശ്ചയിച്ച തീയതിയിൽ മുൻകൂട്ടി അംഗീകരിച്ച പട്ടികയിലുള്ള അദ്ധ്യാപകരെ ഉപയോഗിച്ച് മൂല്യനിർണ്ണയം നടത്തുകയും ചെയ്യുന്നു. പരിശോധകർ പരിശോധിച്ച ഉത്തര പേപ്പറുകളുടെ നിശ്ചിത എണ്ണം ഒരു മുഖ്യപരിശോധകൻ വീണ്ടും പരിശോധിക്കുകയും മാർക്കുകളിൽ മാറ്റമുണ്ടെങ്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് അദ്ധ്യക്ഷൻ മേലൊപ്പിട്ട് മാർക്കുകൾ ഫാൾസ് നമ്പർ അടിസ്ഥാനത്തിൽ നിശ്ചിത ഫോർമാറ്റിൽ സർവ്വകലാശാലയിലേക്ക് അയയ്ക്കുന്നു. ഇങ്ങനെ, കിട്ടിയ മാർക്കുകൾ ഫാൾസ് നമ്പർ നോക്കി ഡീകോഡ് ചെയ്ത് മുമ്പ് വേർപെടുത്തി സൂക്ഷിച്ച ഉത്തരക്കടലാസിന്റെ കൗണ്ടർ ഫോയിലിൽ ചേർക്കുകയും കമ്പ്യൂട്ടർ സിസ്റ്റത്തിൽ കുട്ടികളുടെ രജിസ്റ്റർ നമ്പറിന് നേരെ രേഖപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് ടാബുലേഷൻ രജിസ്റ്റർ പ്രിന്റ് ചെയ്ത് വീണ്ടും ടി മാർക്കുകൾ താരതമ്യം ചെയ്ത് ശരിയാണെന്ന് ഉറപ്പുവരുത്തിയതിനുശേഷം വിജയ പരാജയ കണക്കുകളെടുക്കുകയും ചെയ്യുന്നു. തുടർന്ന് ബോർഡ് ഓഫ് എക്സാമിനേഴ്സ് പാസ് ബോർഡ് മീറ്റിംഗ് നടത്തി മോഡറേഷൻ കൊടുക്കാൻ ബോർഡ്

തീരുമാനിക്കുന്ന പക്ഷം അത്തരം എൻട്രികൾ ഡിജിറ്റൽ വിംഗ് മുഖാന്തരം നടത്തി ഒരിക്കൽക്കൂടി എല്ലാം വിശദമായി താരതമ്യം നടത്തി ഉന്നത അധികാരികളുടെ ഉത്തരവ് പ്രകാരം ഫലം പ്രഖ്യാപിക്കുന്നു.

(സി) പരീക്ഷ നടത്തിപ്പ്, മൂല്യനിർണ്ണയം എന്നിവയിലെ സ്വകാര്യത സംരക്ഷിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളിൽ ഏതെങ്കിലും പരീക്ഷകൾക്ക് മാത്രമായി ഇളവ് അനുവദിക്കുന്നതിന് സർവ്വകലാശാല ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ പ്രസ്തുത ചട്ടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഏതെങ്കിലും പരീക്ഷയ്ക്ക് മാത്രമായി ഇളവനുവദിക്കുന്നതിന് വ്യവസ്ഥയില്ല.

(ഡി) കാലിക്കറ്റ് സർവ്വകലാശാലയിൽ ചില സെമസ്റ്റർ പരീക്ഷകൾക്ക് മാത്രമായി, പരീക്ഷാർത്ഥികളുടെ ഉത്തരപേപ്പറുകളിൽ ഫാൾസ് നമ്പർ പതിക്കാതെ മൂല്യനിർണ്ണയത്തിന് നല്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം ഉൾക്കൊള്ളുന്ന രേഖകളുടെയും തീരുമാനത്തിനാധാരമായ സർവ്വകലാശാല ചട്ടങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) പരീക്ഷാർത്ഥികളുടെ ഉത്തരപേപ്പറുകളിൽ ഫാൾസ് നമ്പർ പതിക്കാതെ മൂല്യനിർണ്ണയത്തിന് നല്കുന്നതിനുള്ള തീരുമാനം, പരീക്ഷനടത്തിപ്പുമായി ബന്ധപ്പെട്ട സ്വകാര്യത നഷ്ടപ്പെടുന്നതിനിടയാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) പരീക്ഷാർത്ഥികളുടെ ഉത്തരപേപ്പറുകളിൽ ഫാൾസ് നമ്പർ പതിക്കാതെ മൂല്യനിർണ്ണയത്തിന് നല്കുന്നതിനുള്ള തീരുമാനം ഇനി വരാനിരിക്കുന്നതും നിലവിൽ നടന്നുകൊണ്ടിരിക്കുന്നതുമായ പരീക്ഷകളിലും നടപ്പിലാക്കുമോ?

(ഡി-എഫ്) കാലിക്കറ്റ് സർവ്വകലാശാലയിൽ ഫലപ്രസിദ്ധീകരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി രണ്ടാം സെമസ്റ്റർ യു.ജി. ഏപ്രിൽ 2020 പരീക്ഷകളുടേയും നാല്, അഞ്ച്, ആറ് സെമസ്റ്റർ കോവിഡ് സ്പെഷ്യൽ പരീക്ഷകളുടേയും എൻ.സി.സി. കേഡറ്റുകൾക്കുവേണ്ടിയുള്ള മൂന്നാം സെമസ്റ്റർ സ്പെഷ്യൽ പരീക്ഷകളുടേയും മൂല്യനിർണ്ണയം ഫാൾസ് നമ്പറിംഗ് കൂടാതെ നടത്താൻ, 9-9-2021-ലെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം U.O. No.850/2021 PB dtd 25-09-2021 പ്രകാരം നടപ്പിൽ വരുത്തിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)*. സിൻഡിക്കേറ്റിന്റെ പരീക്ഷയിൻമേൽ സ്ഥിരം സമിതിയുടെ തീരുമാനങ്ങൾക്ക് വിധേയമായാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. വിഷയം സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സർവ്വകലാശാലകൾക്ക് പുരസ്കാരങ്ങൾ**

63 (6588) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് പുരസ്കാരങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ നൽകുന്ന പുരസ്കാരമാണ് ചാൻസിലേഴ്സ് അവാർഡ്. ബഹു. കേരള ഗവർണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. 2018 മുതലുള്ള ചാൻസിലേഴ്സ് അവാർഡ് നിർണ്ണയം ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച ഭാരതരത്നം പ്രൊഫ. സി.എൻ.ആർ. റാവു അദ്ധ്യക്ഷനായുള്ള സമിതിയാണ് നടത്തുന്നത്. പുതുക്കിയ മാനദണ്ഡമനുസരിച്ച് സർവ്വകലാശാലകളെ മൾട്ടി ഡിസിപ്ലിനറിയെന്നും സ്പെഷ്യലൈസ്ഡെന്നും വിഭാഗങ്ങളായി തിരിച്ചാണ് അവാർഡ് നൽകുന്നത്. ഇവയ്ക്ക് യഥാക്രമം 5 കോടി രൂപയും 1 കോടി രൂപയും അവാർഡ് തുകയായി നൽകുന്നു.

**കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിലെ ഭൂമി**

64 (6589) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിലെ ഭൂമി അക്കാദമികേതര ആവശ്യങ്ങൾക്കായി അനുവദിച്ചുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് നാളിതുവരെ ഇപ്രകാരം ഭൂമി അനുവദിച്ചിട്ടുള്ളതെന്നറിയിക്കുമോ?

ഉണ്ട്. ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന് ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിന് സ്ഥലം പാട്ടവ്യവസ്ഥയിൽ നൽകുകയും ടെക്നോപാർക്കിന്റെ പ്രവർത്തനത്തിനായി സ്ഥലം വില്പന നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) അക്കാദമികേതര പ്രവർത്തനങ്ങൾക്ക് ഭൂമി അനുവദിച്ച് നൽകുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

അക്കാദമികേതര പ്രവർത്തനങ്ങൾക്കായി സർക്കാർ തീരുമാനങ്ങളുടെകൂടി അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സർവ്വകലാശാല ഭരണനിർവ്വഹണ സമിതികളുടെ

(സെനറ്റ്/സിൻഡിക്കേറ്റ്) അംഗീകാരത്തിന് വിധേയമായാണ് ഭൂമി അനുവദിച്ച് നൽകിയിട്ടുള്ളത്.

**സ്വകാര്യ ട്യൂഷനെടുക്കുന്ന കോളേജ് അദ്ധ്യാപകർക്കെതിരെ നടപടി**

65 (6590) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്. :
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള എൻട്രൻസ് പരിശീലന കേന്ദ്രങ്ങൾ, സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങൾ, ജോലിക്കായുള്ള മത്സര പരീക്ഷ പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കോളേജ് അദ്ധ്യാപകർ വ്യാപകമായി സ്വകാര്യ ട്യൂഷനിൽ ഏർപ്പെടുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില കോളേജ് അദ്ധ്യാപകർ സ്വകാര്യ ട്യൂഷനിൽ ഏർപ്പെടുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാതികൾ പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കോളേജ് അദ്ധ്യാപകർക്ക് സ്വകാര്യ ട്യൂഷനെടുക്കുന്നതിന് അനുമതിയുണ്ടോ; ഇല്ലെങ്കിൽ ഇവരെ കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. കോളേജ് അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ സ്വകാര്യ ട്യൂഷൻ സ്ഥാപനങ്ങൾ നടത്തുന്നതിനും ക്ലാസ്സുകൾ എടുക്കുന്നതിനുമെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. സർക്കാർ/എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർ സ്വകാര്യ ട്യൂഷനിൽ ഏർപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഓരോ മാസവും സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കും എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർ അതാത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഡെപ്യൂട്ടി ഡയറക്ടർമാർ അത് വിലയിരുത്തി ഓരോ മൂന്ന് മാസം കൂടുംതോറും കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കും റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കിക്കൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വിശദമായ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സ്വകാര്യ ട്യൂഷനിൽ ഏർപ്പെടുന്ന കോളേജ് അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തുനടപടി സ്വീകരിച്ചു; വിശദമാക്കാമോ?

സ്വകാര്യ ട്യൂഷനിൽ ഏർപ്പെടുന്ന കോളേജ് അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പുതല വിജിലൻസ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സർക്കാർ/എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ എടുക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശന അച്ചടക്ക നടപടികൾ ഉൾപ്പെടെ സ്വീകരിക്കുന്നതിനുമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വിശദമായ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

### പാരാമെഡിക്കൽ രജിസ്ട്രേഷൻ

66(6591) <u>ശ്രീ. പി. അബ്ദുൽ ഹമീദ് </u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ഹെൽത്ത് സയൻസിൽനിന്നും 2017 നവംബറിൽ ബി.എസ്.സി. മെഡിക്കൽ ബയോകെമസ്ട്രി (2013-14 ബാച്ച്) കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ രജിസ്ട്രേഷൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് നിലവിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിലവിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

### വിദൂര വിദ്യാഭ്യാസ അടിസ്ഥാനത്തിൽ ബിരുദ കോഴ്സുകൾ

67(6592) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കണ്ണൂർ, കാലിക്കറ്റ്, ശ്രീനാരായണ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ അടിസ്ഥാനത്തിൽ ബിരുദ കോഴ്സുകൾ നടത്തുന്നതിന് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ സർവ്വകലാശാലയ്ക്ക് 2019 പ്രവേശന വർഷംവരെ വിദൂര വിദ്യാഭ്യാസംവഴി ബിരുദ പ്രോഗ്രാമുകൾ നടത്തുന്നതിന് യു.ജി.സി. അംഗീകാരം

ലഭിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 2021 പ്രവേശന വർഷം വിദൂരവിദ്യാഭ്യാസ വിഭാഗം വഴി കോഴ്സുകൾ നടത്തുന്നതിനുള്ള യു.ജി.സി. അംഗീകാരം ലഭ്യമായിട്ടുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ കോഴ്സുകൾക്ക് അംഗീകാരം ലഭിക്കുന്നതിലേക്കായി അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിനായുള്ള രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ വിഭാഗംവഴി 2021-22 വർഷത്തിലേക്കുള്ള ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പ്രവേശനത്തിന് നവംബർ 6 മുതൽ അപേക്ഷ ക്ഷണിച്ചു. ബി. എ., ബി.കോം., ബി.ബി.എ., എം.എ., എം.കോം. കോഴ്സുകൾക്ക് നവംബർ 25 വരെ പിഴയില്ലാതെയും നവംബർ 30 വരെ 100 രൂപ പിഴയോടുകൂടിയും ഓൺലൈനായി അപേക്ഷ നൽകാം. അപേക്ഷ ലിങ്ക് www.sdeuoc.ac.in വെബ്സൈറ്റിൽ ഓൺലൈൻ രജിസ്ട്രേഷനിൽ ലഭ്യമാണ്. വിശദമായ പ്രോസ്പെക്ടസ്, വിജ്ഞാപനം എന്നിവയും വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. 2020 മുതൽ യു.ജി.സി. നിഷ്കർഷിച്ച മിനിമം NAAC സ്കോർ ലഭിക്കാത്തതിനാൽ കണ്ണൂർ സർവ്വകലാശാലയ്ക്ക് വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾക്ക് യു.ജി.സി. അംഗീകാരത്തിനായി അപേക്ഷിക്കാൻ സാധിച്ചിട്ടില്ല.

## 2016-21 കാലയളവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് പ്രഖ്യാപിച്ച പദ്ധതികൾ

68 (6593) ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയെന്നും ഇവയിൽ നടപ്പിലാക്കിയവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞവയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) വിവിധ ഹെഡ്ഡുകളിലായി നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പദ്ധതികളുടെ നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ അതതു സ്ഥാപനങ്ങളിൽനിന്ന് സമാഹരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

### സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ വികസന പ്രവർത്തനങ്ങൾ

69(6594) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കാമോ?

വായനക്കാർക്കുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി ഫർണിച്ചറുകൾ, ബുക്ക് ഷെൽഫുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. കേന്ദ്ര ധനസഹായ പദ്ധതിയായ നാഷണൽ മിഷൻ ഓൺ ലൈബ്രറീസ് സ്കീം വഴി വായനക്കാർക്കായി പുതിയ ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സെൻട്രൽ പി.ഡബ്ല്യു.ഡി. വഴി നടപ്പിലാക്കിവരുന്നു. ലൈബ്രറിയുടെ സേവനങ്ങളുടെയും സാങ്കേതികവിദ്യയുടെയും ആധുനികവത്കരണത്തിന്റെ ഭാഗമായി ലൈബ്രറി ഓട്ടോമേഷൻ സോഫ്റ്റ്‌വെയറായ കോഹ സോഫ്റ്റ്‌വെയർ സ്ഥാപിക്കുകയും നിലവിലുള്ള R.F.I.D. (Radio Frequency Identification) സംവിധാനം അപ്ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ലൈബ്രറി മുഖേന സഞ്ചരിക്കുന്ന വായനശാല (മൊബൈൽ ലൈബ്രറി) സേവനം പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

ഇരുപത് വർഷം മുമ്പ് വരെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ സഞ്ചരിക്കുന്ന വായനശാല സേവനം ലഭ്യമാക്കിയിരുന്നു. നിലവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നില്ല. ഇ-റീഡിംഗിൽ വായന സമൂഹം മാറുകയും ധാരാളം പുസ്തകങ്ങൾ ലഭ്യമാകുകയും ചെയ്ത സാഹചര്യത്തിലാണ് സഞ്ചരിക്കുന്ന വായനശാല സേവനം നിർത്തലാക്കിയത്.

(സി) പ്രസ്തുത ലൈബ്രറി മുഖേന മേഖലാ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് മേഖലാ കേന്ദ്രങ്ങൾ തുടങ്ങുന്നത് നിലവിൽ പരിഗണനയിലില്ല.

### കോട്ടയം ജില്ലയിലെ കോളേജുകൾക്ക് റൂസ ഫണ്ട്

70(6595) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കോട്ടയം ജില്ലയിലെ ഏതെല്ലാം കോളേജുകൾക്കാണ് റൂസ ഫണ്ടിലുൾപ്പെടുത്തി പ്രവൃത്തികൾ അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

റൂസ പദ്ധതിയുടെ ഭാഗമായി റൂസ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി 21 കോളേജുകൾക്കാണ് കോട്ടയം ജില്ലയിൽ വിവിധ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചത്. റൂസ-1-ൽ ഒരു സർക്കാർ കോളേജും റൂസ-2-ൽ 20 എയ്ഡഡ് കോളേജുകളും. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക അനുവദിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും ഉത്തരവുകളുടെ പകർപ്പ് സഹിതം വ്യക്തമാക്കാമോ?

റൂസ പദ്ധതിയിൽ അംഗത്വം ലഭിക്കുന്ന കോളേജുകൾക്ക് (കോട്ടയം ജില്ലയിലെ) 3 പ്രധാന പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിക്കുന്നത്. നിർമ്മാണ/ പുനരുദ്ധാരണ/ പർച്ചേസ് എന്നീ വിഭാഗത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. ഓരോ സ്ഥാപനത്തിനും നിലവിൽ അനുവദിച്ച ഫണ്ട്, അവയുടെ നിലവിലെ വിനിയോഗ സർട്ടിഫിക്കറ്റ്, തുകയെ സംബന്ധിച്ച ഭരണാനുമതി ഉത്തരവുകൾ എന്നിവ അനുബന്ധമായി ചേർക്കുന്നു*.

**ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ**

71(6596) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കോവളം നിയോജകമണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കാഞ്ഞിരംകുളം കെ.എൻ.എം. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ലൈബ്രറി ബ്ലോക്ക് നിർമ്മാണത്തിനായി 6-2-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 248/2018/ഉ.വി.വ. പ്രകാരം 4,77,96,989 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2021 ഡിസംബർ അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിച്ച് കെട്ടിടം കോളേജിന് കൈമാറാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് ഈ കോളേജിൽ എം.കോം., ബി.എസ്.സി. ഫിസിക്സ് (മാത്തമാറ്റിക്സ് ആൻഡ് മെഷീൻ ലേണിംഗ്) എന്നീ കോഴ്സുകളും അനുവദിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### സർവ്വകലാശാലകളിൽ വിദേശഭാഷാ പഠനകേന്ദ്രങ്ങൾ

72(6597) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ വലിയ തൊഴിൽ സാധ്യതകൾ പരിഗണിച്ച് എല്ലാ സർവ്വകലാശാലകളിലും വിദേശ ഭാഷാപഠനകേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പഠന കേന്ദ്രങ്ങളിൽ ജർമ്മൻ, ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ, ഇംഗ്ലീഷ് തുടങ്ങിയവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ&ബി) കേരള സർവ്വകലാശാലയിൽ അറബിക്, ഇംഗ്ലീഷ്, ജർമ്മൻ, റഷ്യൻ ഭാഷകളുടെ പഠനത്തിനായി പ്രത്യേക പഠനവകുപ്പുകൾ നിലവിലുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഇംഗ്ലീഷ് വിഭാഗത്തിൽ എം.എ., എം.ഫിൽ., പി.എച്ച്.ഡി. പ്രോഗ്രാമുകൾ നിലവിലുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ ഇംഗ്ലീഷ് ഭാഷയിൽ യു.ജി./ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

### ഉന്നത വിദ്യാഭ്യാസ മേഖലയിൽ അധിക ബാച്ചുകൾ

73(6598) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിലവിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; കൂടുതൽ വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എൻറോൾ ചെയ്യിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആൾ ഇന്ത്യ സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷൻ (AISHE) 2019-20 അനുസരിച്ച് സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ 938114 വിദ്യാർത്ഥികൾ പഠിക്കുന്നു. കേരള, മഹാത്മഗാന്ധി, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, മഹാത്മാഗാന്ധി, കുസാറ്റ്, കേരള, കണ്ണൂർ, സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയിലും ന്യൂ ജനറേഷൻ ഇന്റർ ഡിസിപ്ലിനറി സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ 2021 അക്കാദമിക് വർഷം ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ സർക്കാർ, എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലായി 397 പുതിയ ബിരുദ

ബിരുദാനന്തര പ്രോഗ്രാമുകൾ ആരംഭിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയ സർക്കാർ നിയന്ത്രിത കോളേജുകളിലും സ്വാശ്രയ കോളേജുകളിലുമായി 495 പുതിയ യു.ജി./പി.ജി. പ്രോഗ്രാമുകൾ അനുവദിച്ചു. ഇവയിൽ കൂടുതലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഡിസൈൻ എഞ്ചിനീയറിംഗ്, മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്, അഞ്ചുവർഷ ഇന്റഗ്രേറ്റഡ് എം.എ., എം.എസ്.സി. പ്രോഗ്രാമുകൾ, നാനോ സയൻസ്, ലോജിസ്റ്റിക്സ്, ഡിജിറ്റൽ സർവ്വേയിംഗ്, ഫിനാൻഷ്യൽ മാർക്കറ്റിംഗ് തുടങ്ങിയ പുതുതലമുറ പ്രോഗ്രാമുകളാണ്. തത്ഫലമായി കോളേജുകളിൽ 20000 സീറ്റുകൾ വർദ്ധിച്ചു. സർക്കാർ ലാ കോളേജുകളിൽ പുതുതായി അഞ്ച് ബാച്ചുകൾകൂടി അനുവദിച്ചുകൊണ്ട് നിയമപഠനം ആഗ്രഹിക്കുന്നവർക്ക് കൂടുതൽ പഠനസൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. ഈ നടപടികൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എൻറോൾമെന്റ് വർദ്ധിപ്പിക്കാനിടയാകുന്ന സൂചികകളാണ്.

(ബി) അതിന്റെ ഭാഗമായി സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും അധിക ബാച്ചുകൾ തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നുവാൽസിൽ പി.ജി. ഡിപ്ലോമ കോഴ്സ് ഇൻ എഡ്യൂക്കേഷൻ ലാ ആന്റ് മാനേജ്മെന്റ് എന്ന കോഴ്സ് ഈ വർഷവും ത്രിവത്സര എക്സിക്യൂട്ടീവ് എൽ.എൽ.എം. എന്ന കോഴ്സ് അടുത്തവർഷം മുതലും ആരംഭിക്കുന്നുണ്ട്. 2021-22 അദ്ധ്യയന വർഷത്തിൽ കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല എന്നിവയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

### എയ്ഡഡ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ നിയമനം

74(6599) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എയ്ഡഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ ഉൾപ്പെടെയുള്ള തസ്തികകളിലേയ്ക്ക് കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ രണ്ട് വർഷമായി നിയമനം നടന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് നിയന്ത്രണങ്ങളുണ്ടായിരുന്ന കാലയളവിൽ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങൾക്ക് യാതൊരു നിരോധനവും ഏർപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല, 31-5-2021-ന് കാലാവധി കഴിയേണ്ടിയിരുന്ന സെലക്ഷൻ കമ്മിറ്റികളുടെ കാലാവധി 2-6-2021-ലെ സ.ഉ. (സാധാ)നമ്പർ733/2021/ഉ.വി.വ. പ്രകാരം 30-11-2021 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്.

(ബി) സമാന സാഹചര്യത്തിൽ എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിന് ടി കാലയളവ് പരിഗണിച്ച് പരമാവധി പ്രായപരിധിയിൽ ഇളവ് നൽകി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) എയ്ഡഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ ഉൾപ്പെടെയുള്ള തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി നിലവിൽ പ്രായപരിധി കഴിഞ്ഞവർക്കുകൂടി അപേക്ഷിക്കുന്നതിനും നിയമനത്തിനുമായി കോവിഡിനെത്തുടർന്ന് നിയമനം നടക്കാതിരുന്ന കാലയളവുകൂടി പരിഗണിച്ച് പരമാവധി പ്രായപരിധിയിൽ രണ്ട് വർഷത്തെ ഇളവ് നൽകി ഉത്തരവിറക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എന്ന് ലഭിച്ചുവെന്നും ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന്റെ പ്രായപരിധി വർദ്ധിപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചത് ഏത് തീയതിയിലാണെന്ന് വെളിപ്പെടുത്തുമോ; ആയതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(സി-ഇ) അസിസ്റ്റന്റ് പ്രൊഫസർ ഉൾപ്പെടെയുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി ഉയർത്തുന്നത് സംബന്ധിച്ച് വിവിധ കാലയളവിൽ നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിച്ചിരുന്നു. അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് നിലവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രായപരിധി ഒഴിവാക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 31-1-2020-ൽ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ പ്രസ്തുത പ്രൊപ്പോസലിലെ ശിപാർശ നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരുകൂട്ടം ഉദ്യോഗാർത്ഥികൾ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ ടി വിഷയം സർക്കാർ പരിശോധിച്ച് തീർപ്പാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, നിലവിലെ പ്രായപരിധിക്ക് മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ച് തീർപ്പാക്കിയിട്ടുണ്ട്.

**മഹാരാജാസ് കോളേജിലെ അനധികൃത മരം മുറി**

75(6600) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിൽ അനധികൃതമായി അടുത്തിടെ മരം മുറിച്ചുകടത്തിയ സംഭവത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് നിയമിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി ലഭ്യമായ അന്വേഷണ റിപ്പോർട്ടിന്റെ വിശദ പരിശോധന നടന്നുവരികയാണ്.

(സി) മേൽ വിഷയത്തിൽ കോളേജ് പ്രിൻസിപ്പൽ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ടോ?

ഉണ്ട്.

(ഡി) എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ അന്വേഷണത്തിന് സഹായകമായ വിവരങ്ങൾ കോളേജ് അധികൃതർ പോലീസിന് കൈമാറിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; പോലീസ് അന്വേഷണം നിലവിലേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം പോലീസ് അന്വേഷണത്തിലാണ്. വിവരം ആഭ്യന്തര വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

**മാനന്തവാടി ഗവൺമെന്റ് കോളേജ് ഹോസ്റ്റൽ**

76(6601) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ഗവൺമെന്റ് കോളേജിൽ പഠിക്കുന്ന എത്ര കുട്ടികൾക്കാണ് കോളേജിന്റെ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ആൺകുട്ടികൾ - 30, പെൺകുട്ടികൾ-75

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പെൺകുട്ടികളുടെ ഹോസ്റ്റലിൽ മതിയായ താമസസൗകര്യമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) എങ്കിൽ മേൽ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കഴിഞ്ഞ കുറച്ചുവർഷങ്ങളായി പൊതുവെ പെൺകുട്ടികളാണ് കോളേജുകളിൽ കൂടുതൽ പ്രവേശനം നേടിവരുന്നത്. ഏകദേശം 75 ശതമാനത്തോളം പെൺകുട്ടികളാണ് ഓരോ വർഷവും ഡിഗ്രി, പി.ജി. പ്രവേശനം നേടുന്നത്. നിലവിൽ മാനന്തവാടി ഗവൺമെന്റ് കോളേജിൽ 75 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും താമസിക്കുന്നതിനുള്ള ഹോസ്റ്റലുകളാണുള്ളത്. ഇക്കാരണത്താൽ പെൺകുട്ടികൾക്ക് എണ്ണത്തിനനുസരിച്ച് ഹോസ്റ്റൽ ലഭ്യമല്ലാത്ത സ്ഥിതിയാണ്. അതേസമയം ആൺകുട്ടികളുടെ ഹോസ്റ്റലിൽ മതിയായ കുട്ടികളില്ലാത്ത സ്ഥിതിയുമാണ്. ഈ സാഹചര്യത്തിലുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി നിലവിലെ വനിതാ ഹോസ്റ്റൽ ആൺകുട്ടികൾക്കും ബോയ്സ് ഹോസ്റ്റൽ പെൺകുട്ടികൾക്കും നൽകിയാൽ കൂടുതൽ ഫലപ്രദമാകുമെന്നതിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റലുകൾ പരസ്പരം മാറുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ കൂടുതൽ പെൺകുട്ടികൾക്ക് ഹോസ്റ്റലിൽ പ്രവേശനം നൽകാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ലേഡീസ് ഹോസ്റ്റൽ കൂടുതൽ വിപുലീകരിക്കുന്നതിനായി കോളേജിന്റെ പ്ലാൻ തയ്യാറാക്കി വരുന്നു.

## കിനാനൂർ- കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ

77(6602) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതിയ പി.ജി. കോഴ്സ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിരുന്നോയെന്നറിയിക്കാമോ?

ഇതുസംബന്ധിച്ച് കാഞ്ഞങ്ങാട് എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിനാണ് അപേക്ഷ ലഭിച്ചിരുന്നതെന്ന് വിശദമാക്കാമോ?

1. MSC (STATISTICS WITH DATA ANALYSIS)

2. MA (ENGLISH LANGUAGE AND LITERATURE)

3. MA (ECONOMICS)

(സി) പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

**സ്കോളർഷിപ്പ് തുക കാലാനുസൃതമായി പരിഷ്കരിക്കാൻ നടപടി**

78(6603) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന മെറിറ്റ് സ്കോളർഷിപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

(ബി) 2020-21 വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ടെന്നും ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**കോളേജ് വിദ്യാഭ്യാസ വകുപ്പ്**

1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോറിറ്റി സ്റ്റുഡൻസ് - 67567 വിദ്യാർത്ഥികൾക്ക് 31.79 കോടി രൂപ അനുവദിച്ചു.

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡൻസ് വിത്ത് ഡിസെബിലിറ്റീസ് - 67567 വിദ്യാർത്ഥികൾക്ക് 31.79 കോടി രൂപ അനുവദിച്ചു.

3. സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് - 7830 വിദ്യാർത്ഥികൾക്ക് 8,42,90,000 രൂപ അനുവദിച്ചു.

4. മുസ്ലീം/നാടാർ ഗേൾസ് സ്കോളർഷിപ്പ് - 11 വിദ്യാർത്ഥികൾക്ക് 1375 രൂപ അനുവദിച്ചു.

5. മ്യൂസിക്/ഫൈൻ ആർട്സ് സ്കോളർഷിപ്പ് - 47 വിദ്യാർത്ഥികൾക്ക് 1,33,500 രൂപ അനുവദിച്ചു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

6. ആസ്പെയർ സ്കോളർഷിപ്പ് - 883 വിദ്യാർത്ഥികൾക്ക് 1,12,32,000 രൂപ അനുവദിച്ചു.

7. ബ്ലൈൻഡ്/പി.എച്ച്. സ്കോളർഷിപ്പ് - 1589 വിദ്യാർത്ഥികൾക്ക് 1,51,86,556 രൂപ അനുവദിച്ചു.

8. സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് - 577 വിദ്യാർത്ഥികൾക്ക് 7,73,500 രൂപ അനുവദിച്ചു.

9. സംസ്കൃതം സ്കോളർഷിപ്പ് - 108 വിദ്യാർത്ഥികൾക്ക് 2,16,000 രൂപ അനുവദിച്ചു.

10. സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പ് - 6791 വിദ്യാർത്ഥികൾക്ക് 6,79,10,000 രൂപ അനുവദിച്ചു.

11. ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പ് - 14,400 വിദ്യാർത്ഥികൾക്ക് 1,80,00,000 രൂപ അനുവദിച്ചു.

**കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ**

2020-21 വർഷത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ 11.0471 കോടി രൂപ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. ബിരുദതലത്തിൽ 3033, ബിരുദാനന്തര ബിരുദതലത്തിൽ 1076 വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്.

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്**

1. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് - 29,471 വിദ്യാർത്ഥികൾക്ക് 103,57,19,189 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. നോൺ ഗേറ്റ് സ്കോളർഷിപ്പ്- 140 വിദ്യാർത്ഥികൾക്ക് 44,55,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

3. പി.എച്ച്.ഡി. സ്കോളർഷിപ്പ് - 12 ഗവേഷക വിദ്യാർത്ഥികൾക്ക് 38,84,732 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സ്കോളർഷിപ്പ് തുക കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്കോളർഷിപ്പിന്റെ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും തന്നെ നിലവിൽ സർക്കാരിന്റെ മുമ്പാകെ ലഭ്യമായിട്ടില്ല.

## കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആക്ടിന്റെ ഭേദഗതി

79 (6604) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആക്ടിൽ (ഗ്രന്ഥശാല സംഘം നിയമത്തിൽ) കാലികമായ ഭേദഗതി വരുത്തണമെന്ന ഗ്രന്ഥശാല സംഘത്തിന്റെ ആവശ്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്ടിൽ കാലികമായ ഭേദഗതികൾ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത ആക്ടിന്റെ 3(2), 3(3), 3(5), 7(5), 8(1), 8(3), 11(1), 11(2), 17(1), 19(1), 19(2), 19(3), 25, 28(4), 28(5), 30(1), 33(3), 35, 40(2), 47, 48(1) എന്നീ വകുപ്പുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസലാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി സമർപ്പിച്ചിട്ടുള്ളത്.

(ബി) ഇത് ഭേദഗതി ചെയ്യേണ്ടത് അനിവാര്യമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

1989-ൽ രൂപീകൃതമായ ആക്ട് 2000-ലാണ് അവസാനമായി ഭേദഗതി വരുത്തിയിട്ടുള്ളത്. പ്രസ്തുത ആക്ടിന്റെ കാലികമായ ഭേദഗതി അനിവാര്യമാണ്.

(സി) എങ്കിൽ എത്രയുംവേഗം നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ?

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി ലഭ്യമാക്കിയ ഭേദഗതി നിർദ്ദേശങ്ങളിൽ, വകുപ്പ് 7(5), 8(1)(എഫ്), 30(1), 30(1)(എ), എന്നിവ ഒഴിച്ച് ബാക്കി ഭേദഗതികളിൽ ബന്ധപ്പെട്ട മറ്റുവകുപ്പുകളുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് 1989-ലെ കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്ട് കാലികമായി ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## കല്ല്യാശ്ശേരി സിവിൽ സർവ്വീസ് അക്കാദമിയിൽ വെർച്വൽ ക്ലാസ് റൂം

80(6605) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ സിവിൽ സർവ്വീസ് അക്കാദമിയിൽ വെർച്വൽ ക്ലാസ് റൂം സജ്ജീകരിക്കുന്നതിന് എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2019-2020 വർഷങ്ങളിൽ

ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 23 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; ഈ തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ സിവിൽ സർവ്വീസ് അക്കാദമിയിൽ വെർച്വൽ ക്ലാസ് റൂം സജ്ജീകരിക്കുന്നതിന് MLAADS 2019-20-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തിയിൽ സിവിൽ വർക്കും LS വിഭാഗത്തിൽ 8 ലക്ഷം രൂപയുടെ ഫർണിച്ചർ വർക്കും 4 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ വർക്കും ഉൾപ്പെടെ 23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ സിവിൽ വർക്കും ഇലക്ട്രിക്കൽ വർക്കും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭിച്ച് ഒരു വർഷത്തിലേറെയായിട്ടും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) കോളേജുകൾ തുറക്കുന്നത് പരിഗണിച്ച് പ്രസ്തുത പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) നിശ്ചിത പ്രവൃത്തിയിൽ ഫർണിച്ചർ വർക്കാണ് ഇനി അവശേഷിക്കുന്നത്. നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് ഫർണിച്ചർ വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രസ്തുത വർക്ക് പൂർത്തിയാക്കുന്നതാണ്. അക്രെഡിറ്റഡ് ഏജൻസിയായ ULCCS-യോട് തന്നെ ഫർണിച്ചർ വർക്കും ചെയ്ത് പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസിയായ പി.ഡബ്ല്യൂ.ഡി. നിർദ്ദേശം നല്കിയിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാർ/എയ്ഡഡ് മേഖലകളിൽ പുതിയ കോഴ്സുകൾ

81(6606) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സ്വാശ്രയ കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകുന്നതിന് ആലോചനയുണ്ടോ എന്ന് വിശദമാക്കാമോ?

സ്വാശ്രയ മേഖലയിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനിച്ചിട്ടില്ല.

(ബി) ഉന്നത വിദ്യാഭ്യാസരംഗത്ത് ഓരോ കോഴ്സുകളിലും നിലവിലുള്ള സീറ്റ് ക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ?

5-8-2021-ലെ സ. ഉ. (സാധാ) നമ്പർ 1011/21/ഉ.വി.വ. പ്രകാരം ഡിഗ്രി ക്ലാസ്സുകളിൽ പരമാവധി 70 സീറ്റും പി.ജി. ക്ലാസ്സുകളിൽ സയൻസ് വിഷയങ്ങൾക്ക് 25 സീറ്റും ആർട്സ്, കൊമേഴ്സ് വിഷയങ്ങൾക്ക് 30 സീറ്റും എന്ന പരിധിക്ക് വിധേയമായി സീറ്റുകൾ വർദ്ധിപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

(സി) മലബാർ മേഖലയിൽ ബിരുദ, ബിരുദാനന്തര-ബിരുദ വിഷയങ്ങളിൽ പഠനം നടത്തുന്നതിന് വേണ്ടത്ര സൗകര്യങ്ങളില്ലാത്തത് പരിഗണിച്ച് സർക്കാർ/എയ്ഡഡ് മേഖലകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ?

2020-21 വർഷത്തിൽ മലബാർ മേഖലയിലെ 29 സർക്കാർ കോളേജുകളിലായി 29 കോഴ്സുകളും 32 എയ്ഡഡ് കോളേജുകളിലായി 38 കോഴ്സുകളും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2021-22 വർഷം കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള 60 സ്വാശ്രയ കോളേജുകളിൽ 68 പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള പാലക്കാട്, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ ബിരുദ, ബിരുദാനന്തര-ബിരുദ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്.

**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബിരുദ സർട്ടിഫിക്കറ്റ്**

82(6607) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ 13-08-2020 വർഷം റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടുള്ള ബി.എ. ബിരുദ സർട്ടിഫിക്കറ്റ് നാളിതുവരെ ലഭ്യമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

ബിരുദ സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല നൽകുന്നത് വിദ്യാർത്ഥികളുടെ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്കാണ്. അപേക്ഷ നൽകിയ ദിവസം, അപേക്ഷ "ഫാസ്റ്റ് ട്രാക്ക്" എന്നതിലാണോ, " നോർമൽ" എന്നതിലാണോ എന്നതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ താമസംകൂടാതെ വിതരണം ചെയ്യുന്നുണ്ട്.

**കൂത്തുപറമ്പ് മണ്ഡലത്തിൽ ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ഗ്രന്ഥശാലകൾ**

83(6608) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ഗ്രന്ഥശാലകൾ ഏതൊക്കെയാണെന്നും അവയുടെ

ക്ലാസിഫിക്കേഷൻ ഉൾപ്പെടെയുള്ള വിശദാംശങ്ങളും തദ്ദേശസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ഗ്രന്ഥശാലകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ബി എ. ഓണേഴ്സ് പൊളിറ്റിക്കൽ സയൻസ് കോഴ്സ്**

84(6609) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലകളുടെ നിയന്ത്രണത്തിൽ ബി.എ. ഓണേഴ്സ് പൊളിറ്റിക്കൽ സയൻസ് കോഴ്സ് നടത്തുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഏത് സർവ്വകലാശാലയുടെ കീഴിലാണെന്നും ഏത് കോളേജിലാണെന്നുമുള്ള വിശദാംശം അറിയിക്കാമോ?

(എ&ബി) ബി.എ. ഓണേഴ്സ് പൊളിറ്റിക്കൽ സയൻസ് കോഴ്സ് അനുവദിച്ചിട്ടില്ല.

(സി) കോഴ്സ് നിലവിലില്ലെങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

സർവ്വകലാശാലകളിൽനിന്ന് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരശോധിക്കുന്നതാണ്.

**ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി**

85(6610) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതിയുടെ ഭാഗമായി പാലാ നിയോജക മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുവാൻ പോകുന്ന കാര്യങ്ങളെന്താണെന്ന് വിശദമാക്കാമോ?

ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതിയുടെ ഭാഗമായി പാലാ നിയോജക മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുവാൻ സാധിക്കുന്ന പദ്ധതികളൊന്നുംതന്നെ നിലവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## 'ഏൺ ബൈ ലേൺ' പദ്ധതി

86(6611) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എക്സലൻസാക്കി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പ്രധാന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്ന പദ്ധതി പുരോഗമിക്കുന്നു. ഓരോ സ്ഥാപനത്തിലെയും സാങ്കേതിക മേന്മ/മേഖലാതല വൈദഗ്ധ്യം അടിസ്ഥാനപ്പെടുത്തിയാണ് മികവിന്റെ കേന്ദ്രം വിഭാവനം ചെയ്യുന്നത്. ഇതിന്റെ പ്രാരംഭ നടപടിയായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും പ്രവർത്തിച്ച് തുടങ്ങി. CET-SAT വിക്ഷേപണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ഇതിനോടനുബന്ധിച്ച് പ്രോഡക്റ്റ് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിച്ച് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ Collaborative Research & Learning-ന് പ്രാധാന്യം നൽകിക്കൊണ്ട് വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മറ്റ് സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ അവസരം നൽകും. ഇതുവഴി മികവിന്റെ കേന്ദ്രങ്ങൾ വിഭാവനം ചെയ്ത രീതിയിൽ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് കരുതുന്നു.

(ബി) ഉന്നതവിദ്യാഭ്യാസരംഗത്ത് പഠനത്തോടൊപ്പം വരുമാനം കൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള ഏൺ ബൈ ലേൺ (Earn by learn) പരിപാടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ആയത് സംസ്ഥാനത്ത് എന്ന് മുതൽ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

പഠനത്തോടൊപ്പം വരുമാനം കണ്ടെത്താൻ കഴിയുന്ന പദ്ധതികളിലൂടെ തൊഴിൽദാതാക്കളെ സൃഷ്ടിക്കാനുതകുംവിധം വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

പഠനത്തോടൊപ്പം തൊഴിലെന്ന പദ്ധതിയിലുൾപ്പെടുത്തി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ (PAT) (പ്രൊഡക്ഷൻ & ട്രെയിനിംഗ്) സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. വ്യാവസായിക ഉല്പാദനരംഗത്തുള്ള പ്രധാന വ്യവസായങ്ങളുടെ അഭാവം ഈ മേഖലയിലേക്കുള്ള വിദ്യാർത്ഥികളുടെ സ്വയം പ്രകാശന സാധ്യതയെ പിന്നോട്ടടിക്കുന്നതാണ്. ഈ സ്ഥിതിയെ തരണം ചെയ്യുന്നതിന് പോളിടെക്നിക്കുകളിൽ ഉല്പാദന പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കോഴിക്കോട് വനിതാ പോളിടെക്നിക് ക്യാമ്പസിൽ ഉല്പാദന പരിശീലനകേന്ദ്രം 2014-15-ൽ സ്ഥാപിക്കുകയുണ്ടായി. ഈ കേന്ദ്രത്തിൽ എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും സംയോജിപ്പിച്ച് നിർമ്മിക്കുന്നു. 2017-18-ൽ പെരുമ്പാവൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിലും ഈ സംരംഭം ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിൽ ഇലക്ട്രോണിക് ലബോറട്ടറികളിലേയ്ക്ക് ആവശ്യമുള്ള Embeded system Trainer Kit (ATMEGA 32), Micro Controller (8051) trainer Kit എന്നിവ നിർമ്മിച്ചുവരുന്നു. ഉൽപ്പാദന പരിശീലന കേന്ദ്രം വിദ്യാർത്ഥികൾക്ക് വ്യവസായിക അന്തരീക്ഷം പരിചയപ്പെടുത്തുന്നതിനുള്ള സൗകര്യത്തോടൊപ്പം ഒരു ചെറിയ വരുമാനം ലഭിക്കുന്നതിനും സാഹചര്യമൊരുക്കുന്നു. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുകയെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച കംപ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ (TBI) പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നിലവിൽ 35 യൂണിറ്റുകളും 12 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 19 യൂണിറ്റുകൾ Gestation period പൂർത്തിയാക്കി. സിഡ്ബിയുടെ (SIDBI) Swalamban Chair പദ്ധതിയുടെ രാജ്യത്തെ ആദ്യ ധനസഹായം തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിന് - 1.53 കോടി രൂപയാണ് ഫണ്ട്. മൂന്ന് വർഷത്തിനകം 25 സ്റ്റാർട്ടപ്പുകൾ സാധ്യമാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ്. 6 പോളിടെക്നിക്ക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും സംയോജിപ്പിച്ച് നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടറികളിലേക്കാവശ്യമുള്ള പരിശീലന കിറ്റുകൾ

നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറ്റ് പോളിടെക്നിക്കുകളിലും അനുയോജ്യമായ നവീന സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 5 പോളിടെക്നിക്ക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിച്ചു. ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നൊവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽ തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Enterprenurship & Start ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training innovation Enterprenurship Development Cell, Technology induction Cell തുടങ്ങിയ പല പദ്ധതികളും പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികളുടെ പ്രോജക്ടുകൾ പ്രദർശിപ്പിക്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. പഠനത്തോടൊപ്പം തൊഴിലെന്ന പദ്ധതി കേരളത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആർട്സ് & സയൻസ് കോളേജുകളിലെ റെഗുലർ പ്രവർത്തി സമയത്തിന് ശേഷമുള്ള സമയമാണ് ജോലി ചെയ്യുന്നതിനുള്ള സമയമായി കണ്ടെത്തിയിട്ടുള്ളത്. ആദ്യഘട്ടമായി കോളേജ് ഹോസ്റ്റൽ, ക്യാമ്പസിനകത്തുള്ള വർക്കുകൾ ഇവയിൽ തൽപരരായ വിദ്യാർത്ഥികളെ ഏൽപ്പിക്കുകയും തൊഴിൽവകുപ്പ് നിശ്ചയിട്ടുള്ള നിരക്കിൽ പ്രതിഫലം നൽകുകയും ചെയ്യുന്ന വിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് പരീക്ഷ

87(6612) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 സെപ്റ്റംബറിലെ കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് ആന്റ് വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കുള്ള വിജ്ഞാപനത്തിൽ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ വ്യക്തമായ വിവരങ്ങളും സിലബസും ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

മുൻവർഷങ്ങളിൽ നിലവിലുണ്ടായിരുന്ന രീതിയിലാണ് 2021 സെപ്റ്റംബറിലെ കെ.ജി.റ്റി.ഇ. വിജ്ഞാപനം പ്രസിദ്ധീകരിച്ചത്. അടുത്ത പരീക്ഷയുടെ വിജ്ഞാപനം മുതൽ എൽ.ബി.എസ്. സെന്ററിൽനിന്നും വേഡ് പ്രോസസ്സിംഗ് പരീക്ഷയോടനുബന്ധിച്ച് നൽകേണ്ട നിർദ്ദേശങ്ങൾ വാങ്ങി അതുകൂടി ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ബി) എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി മുഖേന നടത്തുന്ന വേഡ് പ്രോസസ്സിംഗ് പരീക്ഷയിലെ മലയാളം ഒന്നും രണ്ടും പേപ്പറുകളിൽ ഏതെല്ലാം സോഫ്റ്റ്‌വെയറുകളിലാണ് പരീക്ഷ നടത്തുന്നതെന്നും ടൈപ്പ്റൈറ്റിംഗ്, ഇൻസ്ക്രിപ്റ്റ് മോഡുകളിൽ പരീക്ഷ നടത്തുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതെല്ലാം മലയാളം ഫോണ്ടുകളാണ് പരിശീലിക്കേണ്ടതെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഇംഗ്ലീഷ്, മലയാളം പരീക്ഷകളിലെ രണ്ടാം പേപ്പറിനായി എം.എസ്. വേഡ് 2007 ആണോ പരിശീലിക്കേണ്ടതെന്ന് അറിയിക്കാമോ?

എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി മുഖേന നടത്തുന്ന വേഡ് പ്രോസസ്സിംഗ് പരീക്ഷയിലെ മലയാളം പേപ്പർ ഒന്ന് എൽ.ബി.എസ്. സെന്റർ വികസിപ്പിച്ച സോഫ്റ്റ്‌വെയർ ഉപയോഗിച്ചും പേപ്പർ II എം.എസ്.വേഡ് 2007 ഉപയോഗിച്ചുമാണ് പരീക്ഷ നടത്തുന്നത്. ടൈപ്പ്റൈറ്റിംഗ്, ഇൻസ്ക്രിപ്റ്റ് മോഡുകളിലാണ് പരീക്ഷ നടത്തുന്നത്. എം.എസ്. വേഡിലുള്ള എല്ലാ മലയാളം ഫോണ്ടുകളും ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത ഇംഗ്ലീഷ്, മലയാളം പരീക്ഷകളിലെ രണ്ടാം പേപ്പറിനായി എം.എസ്. വേഡ് 2007 ആണ് പരിശീലിക്കേണ്ടത്.

(സി) വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) വേഡ് പ്രോസസ്സിംഗ് പരീക്ഷ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ അടുത്ത കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ വിജ്ഞാപനം മുതൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

എൽ.ബി.എസ്. സെന്ററിൽനിന്നും വേഡ് പ്രോസസ്സിംഗ് പരീക്ഷയോടനുബന്ധിച്ച് നൽകേണ്ട നിർദ്ദേശങ്ങൾ വാങ്ങി അതുകൂടി ഉൾപ്പെടുത്തി അടുത്ത വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ഇ) കെ.ജി.റ്റി.ഇ. വേഡ് പ്രോസസ്സിംഗ് പരീക്ഷ സംബന്ധിച്ച് പരീക്ഷാർത്ഥികൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത പരീക്ഷ സംബന്ധിച്ച് പരീക്ഷാർത്ഥികൾക്കുള്ള ആശങ്കകൾ നേരിട്ടും ഇ-മെയിൽ, ഫോൺ മുഖേന വരുന്നവ ആ മുറയ്ക്കും എൽ.ബി.എസ്. സെന്റർ അതിവേഗം പരിഹരിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മൊഗ്രാൽപുത്തൂരിലെ സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ

88(6613) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ മൊഗ്രാൽപുത്തൂരിൽ പ്രവർത്തിക്കുന്ന സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ അദ്ധ്യാപകരുടെയും കുട്ടികളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് നിയോജകമണ്ഡലത്തിലെ മൊഗ്രാൽപുത്തൂരിൽ പ്രവർത്തിക്കുന്ന സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ നിലവിൽ 29 അദ്ധ്യാപകരും 136 കുട്ടികളുമാണുള്ളത്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഏതെല്ലാം ബ്രാഞ്ചുകളുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനത്തിൽ ഫിറ്റിംഗ്, വെൽഡിംഗ്, ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസ്, ഇലക്ട്രോണിക്സ് എന്നീ നാല് ബ്രാഞ്ചുകളാണ് നിലവിലുള്ളത്.

(സി) പ്രസ്തുത സ്കൂളിന്റെ കെട്ടിടം ഏത് വർഷം എത്ര രൂപ ചെലവാക്കി നിർമ്മിച്ചുവെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സ്കൂളിന്റെ കെട്ടിടം 2005-ൽ ആകെ മൊത്തം 41,37,711 രൂപ (നാൽപ്പത്തിയൊന്ന് ലക്ഷത്തി മുപ്പത്തിയേഴായിരത്തി എഴുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) ചെലവാക്കിയാണ് നിർമ്മിച്ചത്.

(ഡി) പ്രസ്തുത സ്ഥാപനത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയെന്നും കുറവുകൾ എന്തൊക്കെയെന്നും വിശദീകരിക്കാമോ?

നിലവിൽ ചുറ്റുമതിൽ, ക്ലാസ് റൂമുകളിലെ ടൈൽ, ഓഫീസ് ക്യാബിൻ, സ്കൂൾ മുറ്റത്തെ ഇന്റർലോക്ക്, അടുക്കള, ഭക്ഷണശാല, കളിസ്ഥലം തുടങ്ങിയവ ഒഴികെ മറ്റ് അടിസ്ഥാന സൗകര്യങ്ങളുണ്ട്.

(ഇ) സ്റ്റാഫ് ക്വാർട്ടേഴ്സ്, ലൈബ്രറി, കാന്റീൻ എന്നിവ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക എപ്പോൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

സ്റ്റാഫ് ക്വാർട്ടേഴ്സ്, ലൈബ്രറി, ക്യാന്റീൻ, ആഡിറ്റോറിയം എന്നിവ നിർമ്മിക്കുന്നതിന് 16-3-2020-ലെ G.O.(Rt) No. 442/2020/HEDN സർക്കാർ

ഉത്തരവ് പ്രകാരം 6,68,88,460 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 30-5-2020-ലെ G.O. (Rt) No. 696/2020/HEDN പ്രകാരം മിനി ആഡിറ്റോറിയത്തിന്റെ നിർമ്മാണത്തിന് അനുവദിച്ചിരുന്ന 1,11,23,541 രൂപ ഒഴിവാക്കിക്കൊണ്ട് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(എഫ്) മേൽപ്പറഞ്ഞ കരാർ ആരെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും പണി തുടങ്ങാത്തതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

16-3-2020-ലെ G.O.(Rt) No. 442/2020/HEDN പ്രകാരം നിർമ്മാണ പ്രവൃത്തികൾക്കായി KITCO Ltd.- നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വർക്കിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

**സാങ്കേതിക വിദ്യാഭ്യാസ രംഗം**

89(6614) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തി ദേശീയ, അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് ബിരുദ പാഠ്യ പദ്ധതിയുടെ ഉള്ളടക്കവും ഘടനയും സമ്പൂർണ്ണമായി നവീകരിച്ചു. ഇന്ത്യൻ ഭരണഘടന, തൊഴിൽ നൈതികത, വ്യാവസായിക സുരക്ഷ, സുസ്ഥിര വികസനം, ദുരന്തനിവാരണം എന്നിവയിലുൾപ്പെടെ വൈവിദ്ധ്യമാർന്ന അഞ്ച് വിഷയങ്ങൾ എല്ലാ എഞ്ചിനീയറിംഗ് ശാഖകളിലും നിർബന്ധമായും വിദ്യാർത്ഥികൾ വിജയിക്കേണ്ട നോൺ ക്രെഡിറ്റ് കോഴ്സുകളാക്കി. ഒരു പ്രത്യേക എഞ്ചിനീയറിംഗ് ശാഖയിലെ ആഴത്തിലുള്ള വിജ്ഞാനം ലക്ഷ്യമാക്കി ബി.ടെക്. ഓണേഴ്സ് ഡിഗ്രി ആരംഭിച്ചു. സാങ്കേതിക വ്യവസായ മേഖലയിലെയും ഐ.ടി. അനുബന്ധ വിവരസാങ്കേതിക, നൈപുണ്യ വികസന, സ്റ്റാർട്ടപ്പ് രംഗങ്ങളിലെയും സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും കമ്പനികൾക്കും മൈനർ കോഴ്സുകൾ നടത്താനുള്ള അനുവാദം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താനായി എഞ്ചിനീയറിംഗ് കോളേജുകൾക്കും

പോളിടെക്നിക്ക് കോളേജുകൾക്കും NBA അക്രഡിറ്റേഷൻ നേടാനാവശ്യമായ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി, ലൈബ്രറി പുസ്തകങ്ങളും ഇ-ജേർണലുകളും നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷിനറികളും ഫർണിച്ചറുകളും വാങ്ങുകയും ചെയ്തു. കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. അന്താരാഷ്ട്ര സെമിനാറുകളും കോൺക്ലേവുകളുംവഴി നൂതന സങ്കേതിക വിദ്യകളെക്കുറിച്ചുള്ള അവബോധം ക്യാമ്പസുകളിലെത്തിക്കുന്നുണ്ട്. പോളിടെക്നിക് മേഖലയിൽ AICTE- ക്യൂ.ഐ.പി - പോളി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സാമൂഹ്യ പ്രസക്തിയുള്ള മേഖലകളിൽ വിവിധ വകുപ്പ്/ഏജൻസി സഹായത്തോടെ ഗവേഷണം നടത്തുന്നതിനായി അദ്ധ്യാപകർക്ക് CORaL (Collaborative Research and Learning) പദ്ധതി പുതുതായി വിഭാവനം ചെയ്യുന്നു. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും സംരംഭകത്വ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇ-ലേണിംഗിന് പ്രാമുഖ്യം കൈവന്ന നിലവിലെ സാഹചര്യത്തിൽ ഇ-ലേണിംഗ് പ്ലാറ്റ്ഫോമും e-Content Repository-യുമായ KBASE-നെ സമഗ്രമായി നവീകരിച്ച് വിവിധ സാങ്കേതിക വിഷയങ്ങളിലെ ഉള്ളടക്കം വികസിപ്പിക്കൽ, ഗവേഷണ പദ്ധതികൾക്കാവശ്യമായ വിവരശേഖരണം ഇവ സാക്ഷാത്കരിക്കാൻ ലക്ഷ്യമിടുന്നു.

(ബി) നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റെ അംഗീകാരം നേടുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത അംഗീകാരം നേടുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

അടിസ്ഥാന സൗകര്യ വികസനം, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കണക്കാക്കിയുള്ള തസ്തിക സൃഷ്ടിക്കൽ, അദ്ധ്യാപക നിയമനം, പഠന ബോധന പ്രവർത്തനങ്ങളുടെ നിലവാരമുയർത്തൽ, നൈപുണ്യ വിടവ് പരിഹരിക്കൽ, ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ, ഗുണമേന്മ ഉറപ്പുവരുത്തൽ, ലൈബ്രറികൾ, കായിക വിദ്യാഭ്യാസം, വിവരസാങ്കേതിക വിദ്യാ വികസനം, കണക്റ്റിവിറ്റി ഇവയിലൂടെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ, സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളിലൂടെ NBA രജിസ്ട്രേഷന് ആവശ്യമായ മാനദണ്ഡങ്ങൾ തൃപ്തികരമായി പൂർത്തിയാക്കി സെൽഫ് അസെസ്മെന്റ് റിപ്പോർട്ട് തയ്യാറാക്കാനും അപേക്ഷിച്ച സ്ഥാപനത്തിൽ

NBA സന്ദർശന വേളയിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന കുറവുകൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പുതലത്തിൽ സ്വീകരിക്കുന്നുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതി കാലയളവിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും NBA അക്രഡിറ്റേഷൻ നേടിയെടുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ ശമ്പള സ്കെയിൽ**

90(6615) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് 16-2-2021-ലെ G.O.(MS)നമ്പർ 99/2021/HEdn. പ്രകാരമുള്ള പുതുക്കിയ സ്കെയിലിൽ ശമ്പളം നൽകി തുടങ്ങിയോയെന്ന് വ്യക്തമാക്കാമോ?

16-2-2021-ലെ G.O (MS) No.99/2021/HEDN പ്രകാരം പുതുക്കിയ ശമ്പളം നൽകി തുടങ്ങിയിട്ടില്ല. സംസ്ഥാന അക്കൗണ്ടന്റ് ജനറൽ കാര്യാലയത്തിൽനിന്നും പുതുക്കിയ ശമ്പള നിരക്ക് അനുവദിച്ച് പേ സ്ലിപ്പ് ലഭിച്ച ശേഷം മാത്രമേ പുതുക്കിയ ശമ്പളം ലഭ്യമാവുകയുള്ളൂ.

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഓപ്ഷൻ ഫോം/Ph.D അഡ്വാൻസ് ഇൻക്രിമെന്റ് എന്നിവയിന്മേൽ അക്കൗണ്ടന്റ് ജനറൽ ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ ഉചിതമായ മറുപടി നൽകുന്ന മുറയ്ക്ക് അക്കൗണ്ടന്റ് ജനറൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2016 മുതൽ 2019 വരെയുള്ള കുടിശ്ശിക വിഹിതം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുയെന്ന് വിശദമാക്കാമോ;

(ഇ) കുടിശ്ശിക തുക അദ്ധ്യാപകരുടെ ജി.പി.എഫ്. അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി-ഇ) 2016 മുതൽ 2019 വരെയുള്ള കുടിശ്ശിക വിഹിതം കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കുന്നതിലേയ്ക്ക് കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് ഡയറക്ടർക്ക് 31-3-2020-ൽ കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക അനുവദിക്കുന്നതാണ്.

## എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ വിജയശതമാനം

91(6616) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ വിജയശതമാനം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ് സർവ്വകലാശാലകളിൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ ഇനിയും ഡിഗ്രി യോഗ്യത നേടാത്ത എത്രപേരുണ്ടെന്ന് അറിയിക്കാമോ?

കേരള സർവ്വകലാശാലയുടെ കീഴിലുള്ള യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് (യു.സി.ഇ.)-ൽ 2015, 2016, 2017 അഡ്മിഷനുകളിലൂടെ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ ഡിഗ്രി യോഗ്യത നേടാത്ത 196 പേരാണുള്ളത്. എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ് സർവ്വകലാശാലകളിൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ ഇനിയും ഡിഗ്രി യോഗ്യത നേടാത്ത വിദ്യാർത്ഥികളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

എം.ജി. സർവ്വകലാശാല - 2308, കാലിക്കറ്റ് സർവ്വകലാശാല - 14344, കണ്ണൂർ സർവ്വകലാശാല - 3252, കുസാറ്റ് - 5661.

(സി) എ.പി.ജെ. അബ്ദുൽകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ ബി.ടെക്. കോഴ്സിന് 2017 വരെ ചേർന്നിട്ടുള്ള വിദ്യാർത്ഥികൾ എത്രയെന്നും അതിൽ എത്ര പേർ വിജയിച്ചുവെന്നും വിശദമാക്കാമോ?

എ.പി.ജെ. അബ്ദുൽകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ ബി.ടെക്. കോഴ്സിന് 2017-2018 അദ്ധ്യയന വർഷം വരെ ചേർന്നിട്ടുള്ള 1,03,619 വിദ്യാർത്ഥികളിൽ 68,502 പേർ വിജയിച്ചിട്ടുണ്ട്.

## കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ്

92(6617) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ ആൺകുട്ടികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തെ Works Budget-ൽ [Volume II (ഭരണാനുമതി ഇല്ലാത്തവ)] 100 രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്.

(ബി) ക്യാമ്പസ്സിനുള്ളിൽ തന്നെ ആൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഉണ്ടാക്കണമെന്ന ഏറെ കാലത്തെ ആവശ്യം ഇതുവരെ യാഥാർത്ഥ്യമാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

എൽ.ബി.എസ്. സെന്ററിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം നിലവിൽ കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജിൽ ഹോസ്റ്റൽ നിർമ്മിക്കുന്നത് പ്രയാസകരമാണ്. ഹോസ്റ്റൽ നിർമ്മാണത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ എൽ.ബി.എസ്. ഡയറക്ടർ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പാകാത്ത സാഹചര്യത്തിൽ ആവശ്യമെങ്കിൽ ഹോസ്റ്റൽ വാടകയ്ക്കെടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

**കോഴിക്കോട് ജില്ലയിൽ പോളിടെക്നിക് അനുവദിക്കേണ്ട ആവശ്യം**

93(6618) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് ജില്ലകളെ അപേക്ഷിച്ച് കോഴിക്കോട് ജില്ലയിൽ സർക്കാർ-എയ്ഡഡ് മേഖലയിൽ പോളിടെക്നിക്കുകൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിന് കൂടുതൽ പോളിടെക്നിക്കുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കോഴിക്കോട്-നാദാപുരം, പേരാമ്പ്ര എന്നിവിടങ്ങളിൽ പോളിടക്നിക് കോളേജുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കുന്നുണ്ട്.

**പാർട്ട് ടൈം ഡിപ്ലോമ കോഴ്സ് പഠിക്കാൻ അവസരം**

94(6619) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഈവനിംഗ് ബാച്ചിൽ പാർട്ട് ടൈം സിവിൽ ഡിപ്ലോമ കോഴ്സുകൾ പഠിക്കാൻ നിലവിൽ അവസരമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തിരുവനന്തപുരം വട്ടിയൂർക്കാവ് പോളിടെക്നിക്കിൽ ഈവനിംഗ് ബാച്ചിൽ പാർട്ട് ടൈം സിവിൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. സെൻട്രൽ പോളിടെക്നിക് കോളേജിൽ 2015 വരെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളിൽ പാർട്ട് ടൈം കോഴ്സ് നടത്തിയിരുന്നു. എന്നാൽ, 2016-ൽ എ.ഐ.സി.ടി.ഇ.- യുടെ പരിശോധനയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, അദ്ധ്യാപകരുടെ എണ്ണത്തിലെ കുറവ് തുടങ്ങിയ വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി സ്ഥാപനത്തിന്റെ അംഗീകാരം 2016-17 അക്കാദമിക് വർഷത്തിൽ നിരസിക്കുകയും തുടർന്ന് ടി അപര്യാപ്തതകൾ പരിഹരിച്ചതിന്റെ ഭാഗമായി എ.ഐ.സി.ടി.ഇ.-യുടെ പരിശോധനയ്ക്ക് ശേഷം റെഗുലർ ഡിപ്ലോമ കോഴ്സുകൾ 2017-18 മുതൽ പുന:സ്ഥാപിക്കുകയും ചെയ്തു. എന്നാൽ പാർട്ട് ടൈം കോഴ്സുകൾ നടത്തുന്നതിന് നിലവിൽ എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചിട്ടില്ല. എ.ഐ.സി.ടി.ഇ.- യുടെ ഏറ്റവും പുതിയ ഇ.ഒ.എ. ഹാൻഡ് ബുക്ക് പ്രകാരം പാർട്ട് ടൈം കോഴ്സുകളെ വൈകുന്നേരം നടത്തുന്ന റെഗുലർ കോഴ്സുകളായാണ് നിർവ്വചിച്ചിട്ടുള്ളത്. പുതുതായി റെഗുലർ കോഴ്സുകൾ ആരംഭിക്കുന്നതിന് നിലവിലുള്ള കോഴ്സുകളുടെ എൻ.ബി.എ. അക്രെഡിറ്റേഷൻ, പുതിയ കോഴ്സുകൾക്കാവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുക, അടിസ്ഥാന സൗകര്യ നിർമ്മാണം എന്നിവ നിർബന്ധമാണ്. ഈ സാഹചര്യത്തിൽ ഭൗതിക സാഹചര്യങ്ങളും മറ്റ് നിബന്ധനകളും പൂർത്തിയാക്കി എ.ഐ.സി.ടി.ഇ.-യിൽ നിന്ന് പ്രത്യേകാനുമതി ലഭിച്ചാൽ മാത്രമേ പാർട്ട് ടൈം കോഴ്സുകൾ വീണ്ടും ആരംഭിക്കാൻ കഴിയുകയുള്ളൂ.

**കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിൽ പോളിടെക്നിക്**

95(6620) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിൽ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) പോളിടെക്നിക് ആരംഭിക്കുന്നത് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(എ-സി)കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് ഒരു പുതിയ പോളിടെക്നിക് ആരംഭിക്കാൻ കഴിയുമോയെന്നുള്ള സാധ്യതാ പഠനം നടത്താൻ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പലിനെ നിയോഗിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സാധ്യത പഠനത്തിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടില്ല. സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം ടെക്നിക്കൽ ഹൈസ്കൂൾ നിലനിൽക്കുന്ന കോമ്പൗണ്ടിനകത്ത് ലഭ്യമായ 4.25 ഏക്കറോളം ഭൂമി പോളിടെക്നിക് ആരംഭിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. ഇതിലേയ്ക്കായി കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കുകയും എല്ലാ ഉപകരണങ്ങളും സാധനസാമഗ്രികളും സമാഹരിക്കുകയും ചെയ്യേണ്ടതുണ്ട്. കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും അനുകൂലമാണ്. എന്നിരുന്നാലും എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരം ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം പോളിടെക്നിക്കിന്റെ പേരിൽ അനുവദിക്കുകയും സ്വന്തമായി കെട്ടിടം ഉണ്ടായിരിക്കുകയും വേണം. ഒന്നാംവർഷ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കൽ, പഠനോപകരണങ്ങൾ അനുവദിക്കൽ, തസ്തികകൾ അനുവദിക്കൽ എന്നീ പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിക്കേണ്ടതും ഇതിലേയ്ക്കാവശ്യമായ തുക വകയിരുത്തേണ്ടതുമുണ്ട്. മേൽപ്പറഞ്ഞ സാഹചര്യങ്ങളെല്ലാം ആനുകൂലമാകുകയാണെങ്കിൽ എ.ഐ.സി.ടി.ഇ. അംഗീകാരം നേടി പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതാണ്.

## പോളിടെക്നിക് അദ്ധ്യാപകർക്കുള്ള ശമ്പള പരിഷ്കരണം

96(6621) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് അദ്ധ്യാപകർക്കുള്ള എ.ഐ.സി.ടി.ഇ. 7-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശകൾ പ്രകാരമുള്ള പുതുക്കിയ ശമ്പളം നൽകി തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പോളിടെക്നിക് അദ്ധ്യാപകർക്കുള്ള എ.ഐ.സി.ടി.ഇ. 7-ാം ശമ്പള കമ്മീഷന്റെ ശിപാർശകൾ പ്രകാരമുള്ള ശമ്പളം നൽകി തുടങ്ങിയിട്ടില്ല.

(ബി) ഇല്ലെങ്കിൽ ഇത് വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

ഏഴാം ശമ്പള പരിഷ്കരണ ഉത്തരവുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്ക് അദ്ധ്യാപകരുടെ ഓപ്ഷൻ അപേക്ഷ അയച്ച് നല്കുവാൻ സ്ഥാപനങ്ങൾക്ക് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്. അതനുസരിച്ചുള്ള ശമ്പള വിതരണം നടത്താനുള്ള പേസ്ലിപ്പുകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നും ലഭിക്കാത്തതിനാലാണ് 7-ാം ശമ്പള കമ്മീഷന്റെ ശിപാർശകൾ പ്രകാരമുള്ള ശമ്പളം നൽകാൻ വൈകുന്നത്.

**പോളിടെക്നിക്കുകൾ ആരംഭിക്കാൻ നടപടി**

97(6622) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര പോളിടെക്നിക്കുകളാണുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ നിലവിൽ എട്ട് പോളിടെക്നിക്കുകളാണുള്ളത്.

I) സർക്കാർ മേഖല -2 എണ്ണം

1) ഗവൺമെന്റ് പോളിടെക്നിക് കോളേജ് കോഴിക്കോട്

2) ഗവൺമെന്റ് വുമെൻസ് പോളിടെക്നിക് കോളേജ്, കോഴിക്കോട്.

II) സർക്കാർ നിയന്ത്രിത മേഖല -2 എണ്ണം.

1. മോഡൽ പോളിടെക്നിക് കോളേജ്, വടകര

2. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വടകര (CAPE).

III) സ്വകാര്യ സ്വാശ്രയ മേഖല - 4 എണ്ണം.

1. എ.ഡബ്ല്യു.എച്ച്. പോളിടെക്നിക് കോളേജ്, കോഴിക്കോട്

2. കെ.എം.സി.ടി. പോളിടെക്നിക് കോളേജ്, കോഴിക്കോട്

3. ജെ.ഡി.ടി. ഇസ്ലാം പോളിടെക്നിക് കോളേജ്, കോഴിക്കോട്

4. M.DIT പോളിടെക്നിക് കോളേജ്, ഉളളിയേരി, കോഴിക്കോട്.

(ബി) കോഴിക്കോട് നഗരത്തിന് പുറത്ത് പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) അതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) കോഴിക്കോട്-നാദാപുരം, പേരാമ്പ്ര എന്നിവിടങ്ങളിൽ പോളിടെക്നിക് കോളേജുകൾ ആരംഭിക്കണമെന്നുള്ള അപേക്ഷകൾ ലഭിച്ചതിനെ തുടർന്ന് വിശദമായ പ്രാഥമിക പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പിറവം നിയോജകമണ്ഡലത്തിൽ പോളിടെക്നിക് കോളേജിന്റെ ആവശ്യകത**

98 (6623) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. പിറവം നിയോജകമണ്ഡലത്തിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പോളിടെക്നിക് ഇല്ലാത്തതുകാരണം ടെക്നിക്കൽ സ്കൂളിൽനിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് ബുദ്ധിമുട്ട് നേരിടുന്നതായി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

THS പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് ബുദ്ധിമുട്ട് നേരിടുന്നത് സംബന്ധിച്ച പരാതികളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(സി) എങ്കിൽ പിറവം നിയോജകമണ്ഡലത്തിൽ ഒരു പോളിടെക്നിക് ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പിറവം നിയോജകമണ്ഡലത്തിൽ പുതിയ പോളിടെക്നിക് ആരംഭിക്കണമെന്നുള്ള പ്രൊപ്പോസലൊന്നും നിലവിൽ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**തൃക്കരിപ്പൂർ ഇ.കെ. നായനാർ സ്മാരക ഗവ.പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ**

99(6624) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ ഇ.കെ. നായനാർ സ്മാരക ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ഡിഗ്രി, പി.ജി. തലങ്ങളിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് അറിയിക്കുമോ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ച പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ പ്രഖ്യാപിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) എ.ഐ.സി.ടി.ഇ. ഒന്നിലധികം പ്രോഗ്രാമുകൾ നടത്തുന്നതിന് സ്ഥാപനങ്ങൾക്ക് അനുമതി നല്കുന്നുണ്ട്. എങ്കിലും നിലവിൽ സംസ്ഥാനത്ത് ഡിപ്ലോമ പ്രോഗ്രാം നടത്തുന്ന സ്ഥാപനത്തിൽ ഡിഗ്രി, പി.ജി. തലത്തിലുള്ള കോഴ്സുകൾ അനുവദിച്ചിട്ടില്ല. തൃക്കരിപ്പൂർ ഇ.കെ. നായനാർ സ്മാരക ഗവ. പോളിടെക്നിക് കോളേജിൽ ഡിഗ്രി, പി.ജി. തലത്തിലുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകളൊന്നും തന്നെ സർക്കാരിന്റെ പരിഗണനയിൽ നിലവിലില്ല.

**പോളിടെക്നിക് കോളേജുകൾ**

100(6625) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പോളിടെക്നിക് കോളേജുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ കോളേജുകൾ സ്ഥാപിച്ചത് ഏത് വർഷമാണെന്നും ഇവിടെ ഏതെല്ലാം കോഴ്സുകളുണ്ടെന്നും അദ്ധ്യാപകരുടെയും വിദ്യാർഥികളുടെയും എണ്ണവും കോളേജ് തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ 45 സർക്കാർ പോളിടെക്നിക് കോളേജുകളും 6 എയ്ഡഡ് കോളേജുകളും 13 സർക്കാർ നിയന്ത്രിത പോളിടെക്നിക് കോളേജുകളും 37 സ്വാശ്രയ പോളിടെക്നിക് കോളേജുകളുമാണുള്ളത്. പ്രസ്തുത പോളിടെക്നിക് കോളേജുകളുടെ ജില്ല തിരിച്ചുള്ള വിവരം, നിലവിൽ വന്ന വർഷം, ആകെ സീറ്റുകളുടെ എണ്ണം എന്നിവ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) പുതുതായി പോളിടെക്നിക് കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് പുതുതായി സ്ഥാപിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉണ്ട്. 3-6-2015-ലെ G.O.(Ms)229/2015/HEDN ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ നടുവിൽ, കോഴിക്കോട് ജില്ലയിലെ മുക്കം, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, വയനാട് ജില്ലയിലെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനന്തവാടി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നിവിടങ്ങളിൽ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ നല്കിയിരുന്നു. ഇവയിൽ മാനന്തവാടിയിലും മഞ്ചേരിയിലും പോളിടെക്നിക് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ പോളിടെക്നിക് കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ, പിണറായി ഗ്രാമപഞ്ചായത്തിൽ പുതിയ പോളിടെക്നിക് കോളേജ് അനുവദിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ സർക്കാർ തലത്തിൽ പോളിടെക്നിക് കോളേജുകൾ ഇല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ ന്യൂനത പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) ഉണ്ട്. കാസർഗോഡ്, മഞ്ചേശ്വരം എന്നീ താലൂക്കുകളിൽ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള പഠന റിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സർവ്വകലാശാലകളുടെ റാങ്കിംഗ്

101 (6626) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ ദേശീയ, അന്തർദ്ദേശീയ റാങ്കിംഗ് എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സർവ്വകലാശാലകൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് ലോകനിലവാരം പുലർത്താനാകുന്നുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ 2021-ലെ എൻ.ഐ.ആർ.എഫ്. ദേശീയ റാങ്കിംഗ് ചുവടെ ചേർക്കുന്നു.

1. കേരള സർവ്വകലാശാല - 27

2. മഹാത്മാഗാന്ധി സർവ്വകലാശാല - 31

3. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി - 44

4. കാലിക്കറ്റ് സർവ്വകലാശാല – 60

<u>മഹാത്മാഗാന്ധി സർവ്വകലാശാല നേടിയിട്ടുള്ള മറ്റ് റാങ്കിംഗുകൾ:</u>

1. NIRF -2021 – സർവ്വകലാശാല വിഭാഗം - 31, ഓവറോൾ വിഭാഗം - 52

2. അടൽ റാങ്കിംഗ് (ARIIA) – 2020 – ബാൻഡ് A (റാങ്ക് 6-നും 25-നും ഇടയിൽ)

3. കേരള ചാൻസലേഴ്സ് അവാർഡ്-2020– 1(കൊച്ചിൻ യൂണിവേഴ്സിറ്റിയുമായി പങ്കിട്ടു)

4. The World University Ranking – 2022 - 15 (among Indian Universities) 702 (in the world)

5. The Young University Ranking – 2021 – 142

6. The Asia University Ranking – 2021 – 154

7. Time Emerging Economics University Ranking – 2022 – 101.

കണ്ണൂർ സർവ്വകലാശാലയ്ക്ക് 2016 -ലെ NAAC Cycle I അക്രെഡിറ്റേഷനിൽ 'B' ഗ്രേഡാണ് ലഭിച്ചിട്ടുണ്ടായിരുന്നത്. 2021-ലെ Cycle II അക്രെഡിറ്റേഷനിൽ ഗ്രേഡ് 'B+' ആയി ഉയർന്നിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയുടെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി സർവ്വകലാശാലയിലെ Internal Quality Assurance Cell (IQAC)-ന്റെ ആഭിമുഖ്യത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ സ്ഥാനം NIRF റാങ്കിംഗിൽ 62- ൽ നിന്ന് 44-ലേയ്ക്ക് ഉയർന്നിട്ടുണ്ട്. കൂടാതെ NAAC 'A' അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് ലഭിച്ച ചാൻസലേഴ്സ് അവാർഡ് 2016-17- ന്റെ ഭാഗമായി ചാൻസലേഴ്സ് ചെയർ എന്ന പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച്, ലോക റാങ്കിംഗിൽ ഉന്നത നിലവാരം പുലർത്തുന്ന ശാസ്ത്രജ്ഞരും അദ്ധ്യാപകരും സർവ്വകലാശാലയിൽ അദ്ധ്യാപനം നടത്തിവരുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല NAAC റീ അക്രെഡിറ്റേഷനിൽ A+ ഗ്രേഡും NIRF 2021 റാങ്കിംഗിൽ 151-200 റാങ്ക് ബാന്റിലും ഉൾപ്പെട്ടിട്ടുണ്ട്. Top Law Colleges in India – NIRF Rankings 2021- ൽ നവാൽസിന് 26-ാം റാങ്കുണ്ട്.

(ബി) ഏതെങ്കിലും സ്വകാര്യ, വിദേശ സർവ്വകലാശാലകൾ സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലകളിലേക്ക് കടന്നുവരാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിദേശ സർവ്വകലാശാലകളുമായി ചേർന്ന് ഉന്നത പഠനം സാധ്യമാക്കുന്നത് ലക്ഷ്യമിട്ടുള്ള twinning and collaboration പ്രോഗ്രാം സംബന്ധിച്ചുള്ള റെഗുലേഷനുകൾക്ക് സാങ്കേതിക സർവ്വകലാശാല അന്തിമ രൂപം നൽകിക്കൊണ്ടിരിക്കുകയാണ്.

## സമാന്തര വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

102(6627) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാന്തര വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സമാന്തര വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിന് നിലവിലുള്ള ബിരുദ, ബിരുദാനന്തര-ബിരുദ കോഴ്സുകൾക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ അതത് യൂണിവേഴ്സിറ്റികളിൽ തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(എ&ബി) കേരള സർവ്വകലാശാല - ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, കേരള സർവ്വകലാശാല സിന്റിക്കേറ്റിന്റെ തീരുമാന പ്രകാരം 2020-21-ൽ പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദതലത്തിൽ തുടരുകയുണ്ടായി. 2021-22 അദ്ധ്യയന വർഷത്തിലും സമാന സാഹചര്യം നിലവിലുള്ളതിനാൽ 2021-22 അദ്ധ്യയന വർഷവും ബിരുദ കോഴ്സുകൾക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ തുടരാൻ സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ബിരുദാനന്തര-ബിരുദ കോഴ്സുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന ആരംഭിക്കുന്നതിനായുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല. മഹാത്മാഗാന്ധി സർവ്വകലാശാല – 2021-22 അദ്ധ്യയന വർഷം യു.ജി./പി.ജി. പ്രോഗ്രാമുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല - യു.ജി.സി. നിബന്ധനകൾക്ക് വിധേയമായി 2020-21 അദ്ധ്യയന വർഷം മുതൽ ബിരുദാനന്തര-ബിരുദ പ്രോഗ്രാമുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻവഴി പ്രവേശനം നടത്തുന്നുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി.സി. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തി വരുന്നുണ്ട്. റെഗുലർ വിദ്യാഭ്യാസവും വിദൂര വിദ്യാഭ്യാസവും ഒരേ അക്കാദമിക് റെഗുലേഷൻസിന് കീഴിലാക്കി നിലനിർത്തുന്നുണ്ട്. സർവ്വകലാശാലയുടെ അധികാരപരിധിക്ക് കീഴിലെ വിവിധ പ്രദേശങ്ങളിൽ ലേണർ സപ്പോർട്ട് സെന്ററുകൾ സ്ഥാപിച്ച് സമ്പർക്ക ക്ലാസ്സുകൾ നൽകിവരുന്നു. വിവിധ ഓൺലൈൻ

മാധ്യമങ്ങളിലൂടെയും വിദൂരവിദ്യാഭ്യാസ വിഭാഗം വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകുന്നുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 2021 വർഷം വിദൂരവിദ്യാഭ്യാസ വിഭാഗംവഴി കോഴ്സുകൾ നടത്തുന്നതിനുള്ള യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്.

## യൂണിവേഴ്സിറ്റികളിലെ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും

103(6628) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്സിറ്റികളിലാണ് സമയബന്ധിതമായി പരീക്ഷ നടത്തി റിസൽട്ട് പ്രഖ്യാപിക്കുന്നത്?

സംസ്ഥാനത്തെ സർവ്വകലാശാലകൾ സമയബന്ധിതമായി തന്നെ പരീക്ഷകൾ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിന് എക്കാലത്തും ശ്രമിക്കാറുണ്ട്. കോവിഡ് മഹാമാരി സൃഷ്ടിച്ച സമാനതകളില്ലാത്ത പ്രതിസന്ധികൾക്കിടയിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷകൾ നടത്തുന്നതിനും പരിമിതമായ സ്റ്റാഫിനെ മാത്രം ഉപയോഗിച്ച് താമസംവിനാ ഫലപ്രഖ്യാപനം സർവ്വകലാശാലകൾക്ക് നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) പരീക്ഷ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും കാലതാമസം വരുന്നത് വിദ്യാർത്ഥികളുടെ ഉപരിപഠനത്തെയും തൊഴിലവസരങ്ങളെയും ദോഷകരമായി ബാധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പരീക്ഷ നടത്തിപ്പിൽ കാലതാമസം നേരിട്ടിരുന്നു. എന്നിരുന്നാലും അവസാന വർഷ പരീക്ഷകൾ സമയബന്ധിതമായി നടത്തി ഫലപ്രഖ്യാപനം നടത്തുകയും ചെയ്തിരുന്നു. മറ്റ് സെമസ്റ്റർ പരീക്ഷകൾ സമയബന്ധിതമായി നടത്തി ഫലപ്രഖ്യാപനം വേഗത്തിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) യൂണിവേഴ്സിറ്റികളുടെ പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും സമയക്രമം പാലിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സർവ്വകലാശാല പരീക്ഷാ ചട്ടങ്ങളിൽ തന്നെ പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ സംബന്ധിച്ച് സമയക്രമം പാലിക്കുന്നുണ്ട്. കൂടാതെ ഓരോ അദ്ധ്യയന വർഷവും തയ്യാറാക്കുന്ന പരീക്ഷാ കലണ്ടറിൽ പരീക്ഷയും ഫലപ്രഖ്യാപനവും സംബന്ധിച്ച വിശദാംശങ്ങളും നൽകിവരുന്നുണ്ട്. പരീക്ഷാ കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലയിൽ എല്ലാ പരീക്ഷകളും ഫലപ്രഖ്യാപനവും നടത്തിവരുന്നത്. എന്നാൽ കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ

ലോക്ക്ഡൗൺ/നിയന്ത്രണങ്ങൾ കാരണം പരീക്ഷകളുടെ നടത്തിപ്പിൽ കാലതാമസമുണ്ടായിട്ടുണ്ട്. കാലതാമസം നേരിട്ട പരീക്ഷകൾ എത്രയും പെട്ടെന്ന് തന്നെ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ കോളേജുകളിലെ പ്രിൻസിപ്പാൾ നിയമനം**

104(6629) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തിക നിയമനം നടക്കാതെ ഒഴിഞ്ഞുകിടക്കുന്നുയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ 51 സർക്കാർ കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നടത്തേണ്ടതുണ്ട്. വൈസ് പ്രിൻസിപ്പാൾ/സീനിയർ അദ്ധ്യാപകർക്ക് പ്രിൻസിപ്പാളിന്റെ ചുമതല നല്കി പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്താണ് തടസ്സമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ എന്നത്തേയ്ക്ക് നികത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പാൾ നിയമനം നടത്തിയിരുന്നത് വകുപ്പുതല സ്പെഷ്യൽ റൂൾസ് പ്രകാരമാണ്. 29-9-2019-ലെ സ.ഉ.(പി)നമ്പർ 28/2019/ഉ.വി.വ. പ്രകാരം സംസ്ഥാനത്ത് യു.ജി.സി റെഗുലേഷൻസ് 2018 അംഗീകരിച്ചതിനാൽ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾമാരെ യു.ജി.സി റെഗുലേഷൻസ് 2018-ന് അനുസൃതമായി നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**സർവ്വകലാശാലകളിലെ സിലബസ് പരിഷ്കരണം**

105(6630) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കോഴ്സുകളുടെ സിലബസുകൾ എൽ.ഒ.സി.എഫ്. (Learning Outcome based Curricular Framework) മാതൃകയിൽ പരിഷ്കരിക്കുന്നതിനുള്ള യു.ജി.സി. നിർദ്ദേശങ്ങൾ സർവ്വകലാശാലകൾക്ക് ലഭിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) യു.ജി.സി. നിർദ്ദേശങ്ങൾക്കനുസൃതമായി കോഴ്സുകളിൽ പരിഷ്ക്കരണം നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് അക്കാദമിക വർഷം മുതലാണ് സിലബസുകളിൽ പരിഷ്ക്കരണം നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ&ബി) കേരള സർവ്വകലാശാല – എൽ.ഒ.സി.എഫ്. മാതൃകയിൽ 2020 മുതൽ 80% കോഴ്സുകളുടെയും സിലബസുകൾ പരിഷ്കരിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല - കേരള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം ഔട്ട് കം ബേസ്ഡ് എഡ്യൂക്കേഷൻ (ഒ.ബി.ഇ.) മാതൃകയിൽ 2019-ൽ ബിരുദ സിലബസ് പരിഷ്കരിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലെ വിവിധ പഠനവകുപ്പുകൾ OBE-ക്ക് അനുസൃതമായി സിലബസ് പരിഷ്കരിച്ച് അംഗീകാരത്തിന് നൽകുന്നതിനുള്ള അന്തിമഘട്ടത്തിലാണ്. 2019 മുതൽ എം.ബി.എ., ബി.ആർക്., എം.ആർക്., 2020 മുതൽ ബി.എച്ച്.എം., എം.സി.എ., ഐ.എം.സി.എ., 2021 മുതൽ എൽ.എൽ.എം. തുടങ്ങിയ കോഴ്സുകളുടെ സിലബസുകൾ പരിഷ്കരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി/ ഇന്റർ സ്കൂൾ സെന്ററുകളിലെ പി.ജി. പ്രോഗ്രാമുകളുടെ സിലബസുകൾ എൽ.ഒ.സി.എഫ്. അടിസ്ഥാനമാക്കി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ 2019-20 അദ്ധ്യയന വർഷം മുതലും ബിരുദ പ്രോഗ്രാമുകൾ 2020-21 അദ്ധ്യയന വർഷം മുതലും Outcome based Teaching Learning & Evaluation സ്കീമിൽ സിലബസ് പരിഷ്കരിച്ചിട്ടുണ്ട്. കുസാറ്റ് - കോഴ്സുകളുടെ സിലബസുകൾ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി റീവാമ്പ് ചെയ്യുകയും പുതിയ പഠന വിഷയങ്ങൾ ആവശ്യം വേണ്ട സന്ദർഭങ്ങളിൽ ചേർക്കുകയും ചെയ്തുവരുന്നു. കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ പുതിയ കോഴ്സുകൾ നിലവിലുണ്ട്. മലയാള സർവ്വകലാശാല – ബിരുദാനന്തര ബിരുദ കോഴ്സുകൾ ഒ.ബി.ഇ. മാതൃകയിൽ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. കാലിക്കറ്റ് സർവ്വകലാശാല – 2020 അക്കാദമിക വർഷം മുതൽ ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ ആധാരമാക്കി ബിരുദ-ബിരുദാനന്തര സിലബസുകൾ പരിഷ്കരിച്ചിട്ടുണ്ട്. ബിരുദ-ബിരുദാനന്തര തലത്തിൽ 2019 മുതൽ പുതിയ റെഗുലേഷനുകൾ നടപ്പിലാക്കുകയും സിലബസുകൾ അതനുസരിച്ച് പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. 2020 അക്കാദമിക വർഷം മുതൽ ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ ആധാരമാക്കി ബിരുദ-ബിരുദാനന്തര സിലബസുകൾ പരിഷ്കരിച്ചിട്ടുണ്ട്. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ സർവ്വകലാശാല – സിലബസ് 2019-ൽ ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ മാതൃകയിൽ പരിഷ്കരിച്ചിട്ടുണ്ട്. എ.ഐ.സി.റ്റി.ഇ. നിർദ്ദേശപ്രകാരം 2018 മുതൽ

ബി.എച്ച്.എം.സി.റ്റി., 2019 മുതൽ ബി.ടെക് & ബി.ഡി.എസ്, 2020 മുതൽ എം.സി.എ., എം.ബി.എ., 2021 മുതൽ ബി.ആർക്. എന്നീ കോഴ്സുകളുടെ സിലബസുകൾ പരിഷ്കരിച്ചിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല – 2020-21 മുതൽ യു.ജി.സി. നിർദ്ദേശാനുസരണമുള്ള സിലബസ് പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. സർവ്വകലാശാലയിൽ അഫിലിയേറ്റഡ് കോളേജുകളില്ലാത്തതിനാൽ വിവിധ പഠന വകുപ്പുകളുമായി ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് തീരുമാനത്തിന് വിധേയമായിട്ടാണ് സിലബസ് പരിഷ്കരണം നടത്തിവരുന്നത്.

(സി) സംസ്ഥാനത്തെ സർവ്വകലാശാലകൾ ഓരോ കോഴ്സുകളുടെയും പരിഷ്കരിച്ച സിലബസുകളുടെ കരട്, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടി അതത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് പ്രസിദ്ധീകരിച്ച തീയതി, നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അനുവദിച്ച അവസാന തീയതി, അന്തിമ സിലബസ് അംഗീകരിച്ച തീയതി എന്നിവ അറിയിക്കുമോ?

(സി&ഡി) കേരള സർവ്വകലാശാല - അന്തിമ സിലബസ് 2020 ജൂൺ മാസം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നവാൽസ് - കോഴ്സുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - വിവിധ കോഴ്സുകളുടെ സിലബസുകൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ OBTLE പ്രകാരം പരിഷ്കരിച്ച സിലബസുകൾ 27-4-2019-ലെ 49-ാമത് അക്കാദമിക് കൗൺസിൽ അംഗീകരിച്ചതിനുശേഷം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ബിരുദ പ്രോഗ്രാമുകളുടെ സിലബസുകൾ 20-3-2020-ലെ 51-ാമത് അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തോടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. കാലിക്കറ്റ് സർവ്വകലാശാല – ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളുടെ സിലബസ് ഔട്ട്കം ബേസ്ഡാക്കുകയും 31-5-2021-നുള്ളിൽ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല പരിഷ്കരിച്ച സിലബസുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ട്.

(ഇ) സർവ്വകലാശാലകൾ കോഴ്സുകളുടെ സിലബസ് പരിഷ്കരിക്കുന്നതിൽ, യു.ജി.സി.യുടെ എൽ.ഒ.സി.എഫ്. മാതൃകയിൽ സിലബസ് പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

കേരള സർവ്വകലാശാല- യു.ജി.സി. നിർദ്ദേശപ്രകാരം എൽ.ഒ.സി.എഫ്. മാതൃകയിൽ സിലബസ് പരിഷ്കരിക്കുന്നതിനായി വിവിധ ബോർഡ് ഓഫ് സ്റ്റഡീസുകൾക്ക് 2019-ൽ വർക്ക്ഷോപ്പിലൂടെ പരിശീലനം നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ സിലബസുകൾ തയ്യാറാക്കി വരുന്നത്. കണ്ണൂർ സർവ്വകലാശാല- 2019-ൽ ബിരുദ കോഴ്സുകളുടെ സിലബസ് പരിഷ്കരണം, ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ (ഓ.ബി.ഇ.) മാതൃകയിലാണ് നടപ്പിലാക്കിയിരിക്കുന്നത്. നവാൽസ്-കോഴ്സുകളുടെ സിലബസുകൾ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി റീവാമ്പ് ചെയ്യുകയും പുതിയ പഠന വിഷയങ്ങൾ ആവശ്യം വേണ്ട സന്ദർഭങ്ങളിൽ ചേർക്കുകയും ചെയ്തുവരുന്നു. കാലികപ്രസക്തിയുള്ള വിഷയങ്ങളിൽ പുതിയ കോഴ്സുകൾ നിലവിലുണ്ട്. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല - പാഠ്യപദ്ധതികൾ യു.ജി.സി. മാനദണ്ഡങ്ങൾ പ്രകാരം പരിഷ്കരിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല - ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന യു.ജി./പി.ജി. പ്രോഗ്രാമുകൾക്കുള്ള സിലബസ് രൂപീകരണം പൂർത്തിയായിവരുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും യു.ജി.സി.-യുടെയും നിർദ്ദേശപ്രകാരം സർവ്വകലാശാലയിൽ OBTLE സിലബസ് പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല– 2020 അക്കാദമിക വർഷം മുതൽ ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ ആധാരമാക്കി ബിരുദ-ബിരുദാനന്തര സിലബസുകൾ പരിഷ്കരിച്ചിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല – യു.ജി.സി.- യുടെ എൽ.ഒ.സി.എഫ്. മാതൃകയിൽ സിലബസ് പരിഷ്കരണങ്ങൾ നടത്തിവരുന്നു.

## എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക യോഗ്യത

106(6631) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരിൽ 961 അദ്ധ്യാപകർ അയോഗ്യരാണെന്ന് സി.&എ.ജി. റിപ്പോർട്ട് ചെയ്യുകയുണ്ടായോ; വിശദമാക്കാമോ?

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ AICTE കാലാകാലങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതകൾ കൈവരിക്കാത്ത 961 അദ്ധ്യാപകരുണ്ടെന്ന് സി.&എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സി.&എ.ജി. റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട് ).*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, എയ്ഡഡ് കോളേജുകൾ, സ്വാശ്രയ കോളേജുകൾ എന്നിവിടങ്ങളിലെ എത്രവീതം അദ്ധ്യാപകരെയാണ് അയോഗ്യരായി സി&എ.ജി. കണ്ടെത്തിയത്?

AICTE നിഷ്കർഷിച്ചിട്ടുള്ള Ph.D. വിദ്യാഭ്യാസ യോഗ്യതയില്ലാത്ത അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ, പ്രിൻസിപ്പൽ തസ്തികകളിലുള്ള അദ്ധ്യാപകരുടെ വിവരം ചുവടെ ചേർക്കുന്നു.

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ- 93, എയ്ഡഡ് കോളേജുകൾ- 49, സംസ്ഥാന സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ– 62, കേന്ദ്ര സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ- 7, സ്വകാര്യ സ്വാശ്രയ കോളേജുകൾ- 750.

(സി) എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ യോഗ്യതകൾ സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിന്റെ ചുമതല ആർക്കാണ്; വ്യക്തമാക്കാമോ?

സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകരുടെ യോഗ്യതകൾ സംബന്ധിച്ച് പരിശോധനകൾ നടത്തേണ്ടത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയമാണ്. സംസ്ഥാന സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ യോഗ്യതകൾ സംബന്ധിച്ച പരിശോധനകൾ നടത്തേണ്ടത് പ്രസ്തുത കോളേജുകൾ നടത്തുന്ന സ്ഥാപനങ്ങളാണ്. കേന്ദ്രസർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ യോഗ്യതകൾ സംബന്ധിച്ച പരിശോധനകൾ നടത്തേണ്ടത് കേന്ദ്ര സർക്കാരാണ്. സ്വകാര്യ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലെ അധ്യാപകരുടെ യോഗ്യതകൾ ഉറപ്പാക്കേണ്ടത് സർവ്വകലാശാലയുമാണ്.

(ഡി) ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ മാനദണ്ഡങ്ങളിൽ സർക്കാർ ഇളവ് വരുത്തുകയുണ്ടായോ; എങ്കിൽ എത്ര തവണയാണ് ഇപ്രകാരം ഇളവ് വരുത്തിയിട്ടുള്ളത്; അറിയിക്കാമോ:

(ഇ) ഇപ്രകാരം ഇളവ് വരുത്തിയതിന്റെ ഫലമായാണോ ഇത്രയധികം അയോഗ്യരായ അധ്യാപകർ ജോലിയിൽ പ്രവേശിച്ചതെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) 24-1-2003-ലെ സ.ഉ. (അച്ചടി) 6/2003 പ്രകാരം കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ സർവ്വീസ് വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 18-9-2004-ലെ സ.ഉ. (അച്ചടി) നമ്പർ 122/2004 സർക്കാർ ഉത്തരവ് പ്രകാരം എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾക്ക് പൂർണ്ണമായും വിധേയമായിക്കൊണ്ട് ടി വിശേഷാൽ ചട്ടത്തിൽ ചട്ടം 6 എ(1),6 എ(2) എന്നീ ഉപവകുപ്പുകളിലായി ഇളവുകൾ നൽകിയിട്ടുണ്ട്. അയോഗ്യരായ അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ചതായി സർക്കാർ കണ്ടെത്തിയിട്ടില്ല. എന്നാൽ

എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരം നിശ്ചിത വിദ്യാഭ്യാസയോഗ്യത കൈവരിക്കാത്ത അദ്ധ്യാപകരെ തരംതാഴ്ത്താനും നിശ്ചിത വിദ്യാഭ്യാസ യോഗ്യത കൈവരിച്ച അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകാനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കാര്യവട്ടം ക്യാമ്പസിൽ സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ആസ്ഥാന മന്ദിരം**

107(6632) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ആസ്ഥാന മന്ദിരത്തിന് പത്ത് സെന്റ് ഭൂമി വിട്ടുകൊടുക്കാനുള്ള 2011-16-ലെ സർക്കാരിന്റെ നിർദ്ദേശം കേരള സർവ്വകലാശാല തള്ളിക്കളഞ്ഞിരുന്നോ; വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആസ്ഥാന മന്ദിരത്തിന് സ്ഥലം അനുവദിച്ച് നൽകിയിട്ടില്ല.

(ബി) സർവ്വകലാശാലാ ജീവനക്കാരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഭൂമി നൽകിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഭൂമി നൽകാൻ സർവ്വകലാശാലാ നിയമങ്ങളിൽ ആർക്കാണ് അധികാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഭൂമി വിട്ട് നൽകിയിട്ടില്ല.

**യൂണിവേഴ്സിറ്റി ഭൂമി മറ്റാവശ്യങ്ങൾക്ക് വിട്ടുകൊടുക്കാൻ പാടില്ലെന്ന സെനറ്റ് നിർദ്ദേശം**

108 (6633) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ കാര്യവട്ടം ക്യാമ്പസിൽ ജീവനക്കാരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സ്വന്തമായി മന്ദിരം നിർമ്മിക്കുന്നതിന് ഭൂമി

വിട്ടുകൊടുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിൽ വൈസ് ചാൻസലർ അസന്തുഷ്ടി പ്രകടിപ്പിച്ചിരുന്നോ; വ്യക്തമാക്കാമോ?

സംഘത്തിന് സ്ഥലം വിട്ട് നൽകുവാൻ തീരുമാനിച്ചിട്ടില്ല.

(ബി) നിലവിൽ സർവ്വകലാശാലയിലെ ജീവനക്കാരുടെ സൊസൈറ്റികൾ സർവ്വകലാശാലയുടെ വക കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നത്; പ്രസ്തുത കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വാടകയും കറന്റ് ചാർജ്ജും ആരാണ് വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അതെ. സർവ്വകലാശാലയിലെ ജീവനക്കാരുടെ സൊസൈറ്റികളിൽനിന്ന് വാടക ഈടാക്കുന്നില്ല. സൊസൈറ്റികൾ തന്നെയാണ് അവരവരുടെ വൈദ്യുതി ചാർജ്ജുകൾ സർവ്വകലാശാലയ്ക്ക് അടവാക്കുന്നത്.

(സി) യൂണിവേഴ്സിറ്റി ഭൂമി ഇത്തരത്തിലുള്ള ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കാൻ പാടില്ലെന്ന സെനറ്റിന്റെ നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

2016 ജൂലൈയിൽ കൂടിയ സെനറ്റിന്റെ നിർദ്ദേശ പ്രകാരം സർവ്വകലാശാല ഭൂമി വിട്ടുനൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

### കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ഭൂമി

109 (6634) <u>ശ്രീ. ഷാഫി പറമ്പിൽ</u>:

<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല കാര്യവട്ടം ക്യാമ്പസിലെ പ്രമുഖ സർവ്വീസ് സംഘടനയുടെ നേതൃത്വത്തിലുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കായി ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

ഭൂമി അനുവദിച്ച് നൽകിയിട്ടില്ല.

(ബി) പ്രസ്തുത തീരുമാനത്തിന് സെനറ്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സെനറ്റ് നിർദ്ദേശം മറികടന്ന് സിൻഡിക്കേറ്റിന്റെ പ്രത്യേക താൽപ്പര്യത്തിൽ ഭൂമി നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ബാധകമല്ല.

## മലയാളം മഹാ നിഘണ്ടു എഡിറ്റർ നിയമനം

110(6635) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലെ മലയാളം മഹാ നിഘണ്ടു വിഭാഗത്തിന്റെ എഡിറ്റർ തസ്തികയ്ക്ക് നിലവിലുള്ള യോഗ്യതകൾക്ക് പുറമേ സംസ്കൃതഭാഷയിലുള്ള ബിരുദാനന്തര ബിരുദം കൂടി കൂട്ടിച്ചേർക്കാൻ സർവ്വകലാശാലയ്ക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരം യോഗ്യതയിൽ മാറ്റം വരുത്തിയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

(എ&ബി) സർവ്വകലാശാല നിയോഗിച്ച സെലക്ഷൻ കമ്മിറ്റിയാണ് യോഗ്യത വിപുലീകരിക്കാൻ തീരുമാനിച്ചത്. മലയാളം ലെക്സിക്കൻ എഡിറ്റർ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ താൽക്കാലികമായി ഒരു നിശ്ചിത കാലയളവിലേയ്ക്ക് മാത്രമായിരുന്നു.

## കേരള സർവ്വകലാശാലയുടെ ഭൂമി

111 (6636) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ എംപ്ലോയീസ് സഹകരണ സംഘത്തിന് മന്ദിരം നിർമ്മിക്കുന്നതിന് യൂണിവേഴ്സിറ്റി വക സ്ഥലം പതിച്ചുനൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് സർവ്വകലാശാലയുടെ സജീവ പരിഗണനയിലാണോ?

കാര്യവട്ടം ക്യാമ്പസിൽ ജീവനക്കാരുടെ സഹകരണ സംഘത്തിന് സ്ഥലം പതിച്ച് നൽകാൻ തീരുമാനിച്ചിട്ടില്ല.

(ബി) യൂണിവേഴ്സിറ്റി വക ഭൂമി സർവ്വകലാശാലയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാതെ അനുവദിക്കാൻ പാടില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സെനറ്റ് തീരുമാനം മറികടന്ന് സംഘത്തിന് സ്ഥലം പതിച്ചു നൽകാൻ കാരണമെന്താണ്?

ഉണ്ട്. കാര്യവട്ടം ക്യാമ്പസിൽ ജീവനക്കാരുടെ സഹകരണ സംഘത്തിന് സ്ഥലം പതിച്ച് നൽകാൻ തീരുമാനിച്ചിട്ടില്ല.

(സി) യൂണിവേഴ്സിറ്റി പാളയം ക്യാമ്പസിൽ സർക്കാർ നിയന്ത്രണത്തിലുണ്ടായിരുന്ന പ്രസിദ്ധീകരണ സഹകരണ സംഘം നിർത്തലാക്കിയ സാഹചര്യത്തിൽ മേൽപ്പടി ഭൂമി സർവ്വകലാശാലയ്ക്ക് മടക്കി ലഭിച്ചുവോ?

പ്രസിദ്ധീകരണ സഹകരണ സംഘത്തിന് സർവ്വകലാശാല ഭൂമി നൽകിയിട്ടില്ല.

(ഡി) കാലിക്കറ്റ് സർവ്വകലാശാലയിൽ മുൻ മുഖ്യമന്ത്രി സി. എച്ച്. മുഹമ്മദ് കോയ ചെയറിന് മന്ദിരം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കണമെന്ന ആവശ്യം സർവ്വകലാശാല നിരാകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

18-2-2016-ലെ 1753/2016/Admn സർവ്വകലാശാല ഉത്തരവ് പ്രകാരം 20 സെന്റ് സ്ഥലം ദേശീയപാതയ്ക്ക് പടിഞ്ഞാറുവശം അക്കാഡമിക്ക് സ്റ്റാഫ്-കോളേജ് ഗസ്റ്റ് ഹൗസിന് മുൻവശത്ത് സി.എച്ച്. മുഹമ്മദ് കോയ ചെയറിനുവേണ്ടി അടയാളപ്പെടുത്തി നൽകിയിട്ടുണ്ട്.

**കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ഭൂമി**

112(6637) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ ജീവനക്കാരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സ്വന്തമായി മന്ദിരം നിർമ്മിക്കുന്നതിന് ഭൂമി വിട്ടുകൊടുക്കുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നല്കുമോ?

ഇല്ല.

(ബി) പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നോ; രജിസ്ട്രാർക്കുള്ള ഒരു കത്ത് പരിഗണിച്ചാണോ ഭൂമി വിട്ടുകൊടുക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ?

സൊസൈറ്റി പ്രവർത്തിക്കുന്ന നിലവിലുള്ള മന്ദിരം പുതുക്കി പണിയുന്ന വിഷയം സിൻഡിക്കേറ്റ് അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നു.

(സി) ക്യാമ്പസിന്റെ പ്രധാന കവാടത്തിന് സമീപം പത്ത് കോടി രൂപ മുടക്കി ചാൻസലേഴ്സ് മൾട്ടിപ്ലക്സ് കോംപ്ലക്സ് നിർമ്മിക്കാനുദ്ദേശിച്ചിരുന്നോ; എങ്കിൽ പ്രസ്തുത സ്ഥലമാണോ സൊസൈറ്റിക്ക് മന്ദിരം നിർമ്മിക്കാൻ വിട്ടുകൊടുക്കുന്നതെന്ന് അറിയിക്കാമോ?

ഉദ്ദേശിച്ചിരുന്നു. സംഘത്തിന് സ്ഥലം വിട്ട് നൽകുവാൻ തീരുമാനിച്ചിട്ടില്ലെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

**കലാലയങ്ങളിൽ സമാധാനാന്തരീക്ഷം നിലനിർത്താൻ നടപടി**

113(6638) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനംമൂലം അടഞ്ഞുകിടന്ന കലാലയങ്ങൾ തുറക്കുന്ന അവസരത്തിൽ എം.ജി. സർവ്വകലാശാലയിൽ രണ്ട് പ്രമുഖ വിദ്യാർത്ഥി യൂണിയനുകളിൽപ്പെട്ട വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘട്ടനം പോലെയുള്ള സംഭവങ്ങൾ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർവ്വകലാശാലയിലെ സെനറ്റ് തെരഞ്ഞെടുപ്പ് ദിവസം സർവ്വകലാശാലാ ക്യാമ്പസിൽ വിദ്യാർത്ഥികൾ തമ്മിൽ സംഘട്ടനത്തിലേർപ്പെടുകയും സ്ഥലത്തുണ്ടായിരുന്ന പോലീസ് സംഘർഷം വ്യാപിക്കുന്നത് ഒഴിവാക്കുകയും ചെയ്തു. സെനറ്റ് തെരഞ്ഞെടുപ്പ് സമാധാനപരമായി പൂർത്തീകരിക്കുകയും ചെയ്തു. ഇത് കലാലയങ്ങളിലെ അന്തരീക്ഷത്തെ ബാധിച്ചിട്ടില്ലാത്തതിനാൽ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക സൃഷ്ടിച്ചിട്ടില്ല.

(ബി) ഇത്തരം സംഭവങ്ങൾ തടയുന്നതിനും കലാലയങ്ങളിലെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോളേജുകളിലെ സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും അച്ചടക്കം പരിപാലിക്കുന്നതിനും വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. അവയിൽ പ്രധാനപ്പെട്ടവ ഡിസിപ്ലിൻ കമ്മിറ്റിയും ആന്റി റാഗിംഗ് കമ്മിറ്റിയുമാണ്. ഇത്തരം കമ്മിറ്റികളിലെ അദ്ധ്യാപകരുടെ ടീം വർക്കും ജാഗ്രതയും കലാലയങ്ങളിലെ സംഘട്ടനങ്ങളും മറ്റ് അനിഷ്ട സംഭവങ്ങളും ഒരുപരിധിവരെ ഒഴിവാക്കാൻ സഹായിക്കുന്നുണ്ട്. കോവിഡ് വ്യാപനത്തിന് ശേഷം കോളേജുകൾ തുറന്ന് റെഗുലർ ക്ലാസ്സുകൾ ആരംഭിച്ചിട്ടുള്ളതിനാൽ ഇത്തരം കമ്മിറ്റികളും സജീവമായി പ്രവർത്തിച്ചുവരുന്നു. അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ

114(6639) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി.- യുടെ ഡിസ്റ്റന്റ് എജ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് 2021 ജനുവരി 29-ന് യു.ജി.സി.-യിൽനിന്ന് 2 (എഫ്) പദവി ലഭിക്കുകയുണ്ടായി. യു.ജി., പി.ജി. പ്രോഗ്രാമുകളും ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ, സർട്ടിഫിക്കറ്റ് തുടങ്ങിയ പ്രോഗ്രാമുകളും വിദൂര വിദ്യാഭ്യാസ മാതൃകയിൽ പ്രദാനം ചെയ്യുകയാണ് സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിൽ പ്രധാനം. ആദ്യഘട്ടമായി 12 യു.ജി. പ്രോഗ്രാമുകളും 5 പി.ജി. പ്രോഗ്രാമുകളും തുടങ്ങാനാണ് സർവ്വകലാശാല തയ്യാറെടുക്കുന്നത്. യു.ജി., പി.ജി. കോഴ്സുകൾ തുടങ്ങുന്നതിന് യു.ജി.സി.-യുടെ കീഴിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ഓരോ പ്രോഗ്രാമിനും ലഭിക്കേണ്ടതുണ്ട്. ഇതുപ്രകാരം, തുടങ്ങേണ്ട ഓരോ പ്രോഗ്രാമിന്റെയും സിലബസ്, പ്രോഗ്രാം പ്രോജക്റ്റ് റിപ്പോർട്ട്, എൻട്രി ലെവൽ യോഗ്യതകൾ, പാഠ്യപദ്ധതി, ചോദ്യപേപ്പറുകളുടെ പാറ്റേൺ തുടങ്ങിയവ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയ്ക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക് അഡ്മിനിസ്ട്രേറ്റീവ് തലങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങളും പൂർത്തിയായി വരുന്നു. നിലവിലെ ക്യാമ്പസ്സിന് പുറമെ അക്കാദമിക പ്രവർത്തനങ്ങൾക്കുവേണ്ടി പടിഞ്ഞാറേകൊല്ലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ കേന്ദ്രീയ വിദ്യാലയം പ്രവർത്തിച്ചിരുന്ന ഭാഗങ്ങളും മറ്റും ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾക്ക് വിട്ടുനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ പഠന കേന്ദ്രങ്ങളായി സർക്കാർ കോളേജുകൾ അനുവദിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. നാല് റീജിയണൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് അവയുടെ പ്രവർത്തനം ആരംഭിക്കാനുള്ള തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികളും അവസാനഘട്ടത്തിലാണ്. ഈ സൗകര്യങ്ങളെല്ലാം നേരിട്ട് പരിശോധിച്ചതിനുശേഷമേ യു.ജി.സി. കോഴ്സുകൾക്ക് അംഗീകാരം നൽകുകയുള്ളൂ. ഇവ സമയബന്ധിതമായി പൂർത്തിയാക്കി എല്ലാ കോഴ്സുകൾക്കും യു.ജി.സി.-യുടെ അംഗീകാരം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത സർവ്വകലാശാലയിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) തസ്തിക സൃഷ്ടിക്കൽ വൈകുന്നത് സർവ്വകലാശാലയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് പരിഹരിച്ച് സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(ബി-ഡി) സർവ്വകലാശാലയിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സർവ്വകലാശാലയുടെ പ്രാരംഭ പ്രവർത്തനത്തിന് നിലവിൽ കരാർ ജീവനക്കാരെ നിയമിച്ചിട്ടുള്ളതിനാൽ സർവ്വകലാശാലയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല.

## നിർത്തലാക്കേണ്ട അദ്ധ്യാപക - അനദ്ധ്യാപക തസ്തികകളെ സംബന്ധിച്ച വിവരം

115(6640) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിലവിൽവന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികളിൽ നിർത്തലാക്കേണ്ട അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളെ സംബന്ധിച്ച വിവരം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വകലാശാലകളിൽനിന്നും ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകളിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കേന്ദ്ര സർക്കാരിന്റെ 2020-ലെ ദേശീയ വിദ്യാഭ്യാസ നയം

116(6641) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ 2020-ലെ ദേശീയ വിദ്യാഭ്യാസനയം സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിക്കുന്ന ചലനങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ഉളവാകാവുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ദേശീയ വിദ്യാഭ്യാസ നയം, 2020 സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ. പ്രഭാത് പ‌ട്നായിക് അദ്ധ്യക്ഷനായുള്ള ഒരു സമിതിയെ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുകയും ടി സമിതി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ഉന്നത വിദ്യാഭ്യാസരംഗത്ത് തൊഴിൽപരമായ നൂതന സാദ്ധ്യതകൾ കണ്ടെത്തുന്നതിന് ആവിഷ്കരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

അസാപിന്റെ മേൽനോട്ടത്തിൽ പോളിടെക്നിക്കുകൾ കേന്ദ്രീകരിച്ചുകൊണ്ട് പഠനത്തോടൊപ്പം വരുമാനവുമെന്ന ലക്ഷ്യത്തിലൂന്നി ഇൻഡസ്ട്രി ഓൺ ക്യാമ്പസ് (IOC) എന്ന ആശയത്തിലൂടെ വ്യാവസായിക ആവശ്യത്തിനുള്ള ഉത്പന്നങ്ങൾ അത്യാധുനിക യന്ത്രസാമഗ്രികൾ ഉപയോഗിച്ചുകൊണ്ട് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യംവയ്ക്കുന്നു. കേരളം നൈപുണ്യ പരിശീലന രംഗത്ത് വളരെയധികം മുന്നേറിയിട്ടുണ്ടെങ്കിലും ഈ രംഗത്തെ ഗുണനിലവാരമുള്ള പരിശീലകരുടെ അഭാവം വലിയൊരു വെല്ലുവിളിയാണ്. ഇത് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ അസാപിന്റെ നേതൃത്വത്തിൽ പരിശീലക എംപാനൽമെന്റ് പ്രോഗ്രാം (STEP)ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ തൊഴിൽ മേഖലകൾക്ക് അനുയോജ്യമായ ഹ്രസ്വകാല നൈപുണ്യം പദ്ധതികൾവഴി അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളിലും വിദ്യാർത്ഥികളിലും തൊഴിൽക്ഷമത ഉറപ്പാക്കുന്നതിന് അസാപ് മുഖാന്തിരം നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. എഞ്ചിനീയറിംഗ്, ഡിപ്ലോമ, ആർട്സ് ആൻഡ് സയൻസ് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി വിവിധ ഹ്രസ്വകാല നൈപുണ്യ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

2. ബിരുദപഠനം പൂർത്തിയാക്കിയ നിർദ്ധനരായ യുവതികൾക്കായി വ്യവസായ പ്രമുഖരുടെ സഹകരണത്തോടെ അസാപിന്റെ "വായനശാല" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

3. നോർക്ക, നബാർഡ്, ഫെഡറൽ ബാങ്ക് തുടങ്ങിയ ഏജൻസികളുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി നൂതന മേഖലകളിൽ വ്യവസായ പ്രാധാന്യമുള്ള കോഴ്സുകൾ ലഭ്യമാക്കുന്നു.

4. നൈപുണ്യ പരിശീലന പദ്ധതികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് വ്യവസായ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് പ്രക്രിയകൾ എളുപ്പത്തിൽ കടന്നുകിട്ടാൻ സഹായകമാകുന്ന പ്ലേസ്മെന്റ് ഗ്രൂമിംഗ് കോഴ്സുകൾ ലഭ്യമാക്കുന്നു.

5. അസാപ്-ന്റെ പ്ലേസ്മെന്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക പ്ലേസ്മെന്റ് ഡ്രൈവുകൾ നടത്തിവരുന്നു.

**വിദൂര വിദ്യാഭ്യാസം**

117(6642) ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസംവഴി പഠനം നടത്തുന്നതിന് യു.ജി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വകലാശാലകളാണ് നിലവിൽ ഇത്തരം കോഴ്സ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

കേരള സർവ്വകലാശാലയ്ക്ക് 2021-22 അദ്ധ്യയന വർഷത്തേയ്ക്കും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 2021 പ്രവേശന വർഷം വിദൂരവിദ്യാഭ്യാസം വഴി കോഴ്സുകൾ നടത്തുന്നതിനും കണ്ണൂർ സർവ്വകലാശാലയിൽ 2019 പ്രവേശന വർഷം വരെയും കോഴ്സുകൾ നടത്തുന്നതിന് യു.ജി.സി.- യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലവഴി നാളിതുവരെ വിദൂരവിദ്യാഭ്യാസ പഠനത്തിന് കുട്ടികൾക്ക് രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടുണ്ടോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി.-യുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി.-യുടെ അംഗീകാരം ലഭിക്കാത്തതിനാൽ വിദൂര വിദ്യാഭ്യാസത്തെ ആശ്രയിക്കുന്ന കുട്ടികൾക്ക് ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾക്ക് യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കുന്നതുവരെ കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ മുഖേനയുള്ള കോഴ്സുകൾ തുടർന്നും നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള, കാലിക്കറ്റ് സർവ്വകലാശാലകൾക്ക് 2021 വർഷം വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് യു.ജി.സി.- യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

## കാലിക്കറ്റ് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ പാർട്ട് ടൈം ബി.ടെക്.

118(6643) ശ്രീ. പി. അബ്ദുൽ ഹമീദ്. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പാർട്ട് ടൈം ബി.ടെക്. കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ?

കാലിക്കറ്റ് സർവ്വകലാശാല എഞ്ചിനീയറിംഗ് കോളേജിൽ നിലവിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ പാർട്ട് ടൈം കോഴ്സ് അനുവദിക്കുന്ന കാര്യം നടപ്പിലാക്കാൻ നിർവ്വാഹമില്ല.

(ബി) മേൽവിഷയം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർവ്വകലാശാലയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

## കരാർ അടിസ്ഥാനത്തിൽ നിയമിതരായ കാലിക്കറ്റ് സർവ്വകലാശാല ജീവനക്കാരുടെ രാഷ്ട്രീയ പ്രവർത്തനം

119 (6644) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ വിമൻസ് സ്റ്റഡീസ് സെന്ററിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് പ്രൊഫസറെ ഒരു പാർട്ടിയുടെ സെക്രട്ടറിയായി തെരഞ്ഞെടുത്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാഷ്ട്രീയ പാർട്ടിയുടെ ഔദ്യോഗിക സ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യക്തി സർവ്വകലാശാലയിൽ പ്രതിമാസം ശമ്പളം കൈപ്പറ്റുന്ന അസിസ്റ്റന്റ് പ്രൊഫസറായി ജോലിയിൽ തുടരുന്നുണ്ടോ; എങ്കിൽ അത് ചട്ടപ്രകാരമാണോയെന്ന് വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത വകുപ്പിലെ ഒരു അസിസ്റ്റന്റ് പ്രൊഫസറെ സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പറായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ അത് കരാറടിസ്ഥാനത്തിലുള്ള അദ്ധ്യാപികയ്ക്ക് സ്ഥിരം നിയമനം ലഭിക്കുന്നതിന് വേണ്ടിയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കാലിക്കറ്റ് സർവ്വകലാശാലയുടെ വുമൺ സ്റ്റഡീസ് പഠന വകുപ്പിലെ ഒരു അസിസ്റ്റന്റ് പ്രൊഫസറെ സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പറായി അന്യത്ര സേവന (ഡെപ്യൂട്ടേഷൻ) വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഈ നിയമനം കരാർ അടിസ്ഥാനത്തിലുള്ള അദ്ധ്യാപികയ്ക്ക് സ്ഥിരനിയമനം ലഭിക്കുന്നതിനുവേണ്ടിയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിര നിയമനങ്ങൾ നിയമാനുസൃതമായി മാത്രമാണ് നടത്താറുള്ളത്.

**കാലിക്കറ്റ് സർവ്വകലാശാലയിലെ വിദൂര വിദ്യഭ്യാസ പഠനം**

120(6645) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ 2019-20 മുതൽ ഓരോ വിദ്യാഭ്യാസ വർഷവും വിദൂര വിദ്യാഭ്യാസം വഴിയുള്ള യു.ജി.-ക്കും പി.ജി.-ക്കും എത്ര കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

2019 -20 - യു.ജി. - 44804, പി.ജി. - 8727, 2020-21 - യു.ജി. - 27481, പി.ജി.- 4239.

(ബി) ഈ കോഴ്സുകൾക്ക് യു.ജി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

2019-20 വിദ്യാഭ്യാസ വർഷം യു.ജി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 2020-21 വിദ്യാഭ്യാസ വർഷത്തേക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടില്ല. പൂർണ്ണസമയ ഡയറക്ടർ ഇല്ലാതിരുന്നതിനാലും കോഴ്സുകൾക്ക് ആനുപാതികമായി യു.ജി.സി. നിഷ്കർഷിക്കുന്ന എണ്ണം പൂർണ്ണസമയ ഫാക്കൽറ്റി ഇല്ലാതിരുന്നതിനാലുമാണ് 2020-21 വർഷത്തേയ്ക്ക് അംഗീകാരം തടഞ്ഞുവച്ചത്.

(സി) അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ഏത് വർഷം മുതൽക്കുള്ള കോഴ്സുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 2019-20, 2021-22 പ്രവേശന വർഷങ്ങളിൽ വിദൂരവിദ്യാഭ്യാസ വിഭാഗം വഴി കോഴ്സുകൾ നടത്തുന്നതിനുള്ള യു.ജി.സി. അംഗീകാരം ലഭ്യമായിട്ടുണ്ട്.

**പീരുമേട് മഞ്ചുമലയിലെ എയർ സ്ട്രിപ്പിന്റെ പ്രവർത്തനം**

121(6646) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മഞ്ചുമലയിൽ പൂർത്തീകരിച്ച നാഷണൽ കേഡറ്റ് കോറിന്റെ എയർ സ്ട്രിപ്പിന്റെ പ്രവർത്തനം വിശദമാക്കാമോ; ഇതിന്റെ പ്രവർത്തനത്തിന് സർക്കാർ എത്ര ഭൂമി അനുവദിച്ചു; വ്യക്തമാക്കുമോ?

പീരുമേട് മഞ്ചുമലയിൽ പൂർത്തീകരിച്ചുവരുന്ന എയർവിംഗ് എൻ.സി.സി.-യുടെ എയർസ്ട്രിപ്പിന്റെ റൺവേയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഹാംഗറിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. മഞ്ചുമല എയർസ്ട്രിപ്പിൽ ചെറിയ പരിശീലന വിമാനത്തിന്റ ലാന്റിംഗിന് 3-6-2021-ൽ കേന്ദ്ര വ്യോമയാന മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത എയർസ്ട്രിപ്പിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 3-7-2017-ലെ സ.ഉ.(കൈ)നമ്പർ 220/2017/ ആർ.ഡി. പ്രകാരം മഞ്ചുമല വില്ലേജിൽ സർവ്വേ നമ്പർ 182-ൽപ്പെട്ട 12 ഏക്കർ ഭൂമി എൻ.സി.സി. വകുപ്പിന് ട്രെയിനിംഗ് സെന്ററും എയർസ്ട്രിപ്പും നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

(ബി) എയർ സ്ട്രിപ്പിന്റെ രണ്ടാംഘട്ട പ്രവർത്തനമെന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എത്രപേർക്ക് ഫ്ലൈയിംഗ് പരിശീലനം നൽകിവരുന്നു; അറിയിക്കുമോ?

എയർവിംഗ് എൻ.സി.സി. നിർമ്മാണം ആരംഭിച്ചതിനുശേഷം VIRUS എന്ന് പേരുള്ള പുതിയ രണ്ട് ചെറു പരിശീലന വിമാനങ്ങൾകൂടി മഞ്ചുമല എയർസ്ട്രിപ്പിന് കേന്ദ്രം അനുവദിച്ചിട്ടുണ്ട്. അതിന്റെ സുരക്ഷിതമായ ലാന്റിംഗിന് രണ്ടാംഘട്ടത്തിൽ റൺവേ 650 മീറ്ററിൽനിന്നും 1000 മീറ്ററായി ദീർഘിപ്പിക്കേണ്ടതുണ്ട്. അതിന് എൻ.സി.സി. 11.50 ഏക്കർ സ്ഥലംകൂടി ആവശ്യപ്പെട്ടിട്ടുണ്ട്. വനം വകുപ്പിൽനിന്നും ടി സ്ഥലം വിട്ടുകിട്ടുന്ന കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. മഞ്ചുമല എയർസ്ട്രിപ്പ് യാഥാർത്ഥ്യമായാൽ ഓരോ വർഷവും സംസ്ഥാനത്തെ 1000 എയർവിംഗ് എൻ.സി.സി. കേഡറ്റുകൾക്ക് സൗജന്യമായി ഫ്ലൈയിംഗ് പരിശീലനം നൽകാൻ സാധിക്കും. അതിൽ ഇടുക്കി ജില്ലയിലെ എയർവിംഗ് എൻ.സി.സി. കേഡറ്റുകൾക്കുവേണ്ടി മാത്രമായി 200 സീറ്റ് മാറ്റിവച്ചിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിലെ എൻ.സി.സി. യൂണിറ്റുകൾ**

122(6647) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് എൻ.സി.സി. യൂണിറ്റുകൾ നിലവിലുള്ളതെന്ന് അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ പൂജപ്പുര 3 (കേരള) ബറ്റാലിയൻ എൻ.സി.സി.-ക്ക് കീഴിലായി ചുവടെ ചേർത്തിട്ടുള്ള രണ്ട് സ്കൂളുകളിൽ എൻ.സി.സി. യൂണിറ്റ് നിലവിലുണ്ട്.

1. എസ്.കെ.വി.എച്ച്.എസ്.എസ്., നന്ദിയോട് (JD/JW)

2. ഇക്ബാൽ എച്ച്.എസ്.എസ്., പെരിങ്ങമല.

(ബി) എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയെന്ന് അറിയിക്കാമോ?

1948-ലെ എൻ.സി.സി. ആക്റ്റ് & റൂൾസ് പ്രകാരമാണ് എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കുന്നത്. ഇതിനുള്ള മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു.*

(സി) പുതിയതായി എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിന് വാമനപുരം നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ ഗവ. വി.&എച്ച്.എസ്.എസ്. കല്ലറ, മുളവന എച്ച്.എസ്.എസ്. വാമനപുരം എന്നീ സ്കൂളുകളിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഗവ. വി.&എച്ച്.എസ്.എസ്. കല്ലറ വെയിറ്റിംഗ് ലിസ്റ്റിൽ ഒന്നാമതും മുളവന എച്ച്.എസ്.എസ്., വാമനപുരം വെയിറ്റിംഗ് ലിസ്റ്റിൽ മൂന്നാമതുമാണ്.

### വാമനപുരം നിയോജകമണ്ഡലത്തിലെ അസാപ് സെന്ററുകൾ

123(6648) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ അസാപ് (എ.എസ്.എ.പി.) സെന്ററുകളും അതിൽ ഓരോന്നിലും നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയെന്നും അറിയിക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററായി ജി.എച്ച്.എസ്.എസ്. വെഞ്ഞാറമൂട് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ കീഴിലായി 8 ഹയർ സെക്കണ്ടറി സ്കൂളുകളുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2019-2020 വരെ പ്രസ്തുത സ്കൂളുകളിലെ കുട്ടികൾക്ക് ആശയവിനിമയശേഷി വികസിപ്പിക്കുന്നതിനും വിവരസാങ്കേതിക വിദ്യയിലെ നൈപുണ്യം വികസിപ്പിക്കാനുമായി അസാപ് ഫൗണ്ടേഷൻ മോഡ്യൂളിലൂടെ സൗജന്യമായി പരിശീലനം നൽകുകയുണ്ടായി. 2019-20-ൽ കോവിഡ് കാരണം കോഴ്സുകൾ പൂർണ്ണതോതിൽ പൂർത്തീകരിക്കാൻ സാധിച്ചില്ല. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കോഴ്സുകൾ നൽകുന്നതിന്റെ ഭാഗമായി, അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററായ വെഞ്ഞാറമൂട് ജി.എച്ച്.എസ്.എസ്.-ന്റെ കീഴിലായിവരുന്ന മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ, ഗൂഗിൾ അസോസിയേറ്റ് ക്ലൗഡ് എഞ്ചിനീയർ, ഇൻട്രൊഡക്ഷൻ ടു റോബോട്ടിക്സ്, റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ തുടങ്ങിയ കോഴ്സുകളിൽ ഈ കാലയളവിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. സൈബർ സെക്യൂരിറ്റി, AWS ക്ലോസ്ഡ് കമ്പ്യൂട്ടിംഗ്, ആട്ടോഡെസ്ക്, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് തുടങ്ങിയ നൂതന കോഴ്സുകളിലേയ്ക്കായി മേൽപ്പറഞ്ഞ സെന്ററിൽ രജിസ്ട്രേഷൻ തുടർന്നുവരുന്നു. അസാപ്-ന്റെ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിലേയ്ക്ക് എളുപ്പത്തിൽ എത്തിക്കുന്നതിനായി മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിലും മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസ് പാങ്ങോടിലും അസാപ് സെൽ രൂപീകരിച്ചിട്ടുണ്ട്.

## മന്ദഹാസം പദ്ധതി

124 (6649) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന മുതിർന്ന പൗരന്മാർക്ക് പല്ല് സെറ്റ് സൗജന്യമായി നൽകുന്ന 'മന്ദഹാസം പദ്ധതി' കോവിഡ് കാലത്ത് നിർത്തിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് സാഹചര്യത്തിൽ വയോജനങ്ങൾക്ക് റിവേഴ്സ് ക്വാറന്റൈൻ നിർദ്ദേശിച്ചതിനാൽ ആശുപത്രികളിൽപോയി പല്ല് വയ്ക്കുന്നതിലുള്ള ബുദ്ധിമുട്ട് കാരണം ഈ സാമ്പത്തിക വർഷം മന്ദഹാസം പദ്ധതി നടപ്പിലാക്കിയിട്ടില്ല. കോവിഡ് സാഹചര്യം മാറുന്ന മുറയ്ക്ക് ടി പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഈ പദ്ധതി എല്ലാ പ്രദേശങ്ങളിലും നടപ്പാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

## സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ

125(6650) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് മുഖേനയുള്ള പദ്ധതികളും പ്രവർത്തനങ്ങളും നിയോജകമണ്ഡലം തിരിച്ച് നടപ്പിലാക്കുന്നവയല്ല. എല്ലാ പദ്ധതികളും ജില്ലാ തലത്തിൽ നടപ്പിലാക്കുന്നവയാണ്. സാമൂഹ്യനീതി വകുപ്പും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും പ്രവർത്തനങ്ങളും എറണാകുളം ജില്ലയിൽ ഉൾപ്പെടുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലും നടപ്പിലാക്കിവരുന്നു.

## വയോമിത്രം പദ്ധതി

126(6651) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് മാസമായി വയോജനങ്ങൾക്കുള്ള മരുന്ന് വിതരണം ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്ന് വിതരണം ചെയ്യുന്ന കമ്പനിക്ക് തുക നൽകാത്തതിനാലാണോ വിതരണം മുടങ്ങിയതെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) 2016-ൽ കേരളത്തിൽ പ്രവർത്തിച്ചുവന്നിരുന്നത് 42 വയോമിത്രം യൂണിറ്റുകൾ മാത്രമായിരുന്നു. പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷം മുതൽ ഘട്ടംഘട്ടമായി പദ്ധതി വിപുലീകരിക്കുകയും നിലവിൽ പദ്ധതി 96 യൂണിറ്റുകളിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. തൽഫലമായി ഗുണഭോക്താക്കളുടെ എണ്ണത്തിലും മരുന്ന് ഉപഭോഗത്തിലും ആനുപാതികമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏകദേശം 84 കോടി രൂപയുടെ മരുന്ന് KMSCL വിതരണം ചെയ്തിട്ടുണ്ട്. ഏകദേശം 35% തുകയോളം KMSCL-ന് കുടിശ്ശിക നൽകേണ്ടതുണ്ട്. പ്രസ്തുത തുക ഘട്ടംഘട്ടമായി നൽകിവരുന്നുണ്ട്. ചില ഘട്ടങ്ങളിൽ ചിലയിടങ്ങളിൽ ഭാഗികമായി മരുന്ന് വിതരണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകി മരുന്നുവിതരണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കുടിശ്ശിക തുക ഘട്ടംഘട്ടമായി നൽകിക്കൊണ്ടിരിക്കുന്നു. കുടിശ്ശിക തുകയിൽ 4 കോടി രൂപ ഇതിനോടകം തന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ബാക്കി തുക അധിക ധനാഭ്യർത്ഥന മുഖേന ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**മുളക്കുളം പഞ്ചായത്തിലെ വൃദ്ധസദനം**

127(6652) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിലെ വൃദ്ധസദനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ?

കെട്ടിടം പണി അവസാനഘട്ടത്തിലാണ്. ഇതിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വൃദ്ധസദനത്തിന് സർക്കാർ ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കെട്ടിടം പണി അവസാനഘട്ടത്തിലാണ്. ഇതിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) മുളക്കുളം വൃദ്ധസദനത്തിനെ ജില്ലാ വൃദ്ധസദനമായി അംഗീകരിച്ചിട്ടുണ്ടോ?

ഇല്ല.

(ഡി) പ്രസ്തുത വൃദ്ധസദനത്തിൽ മതിയായ ജീവനക്കാർ നിലവിലുണ്ടോ; ടി സ്ഥാപനത്തിൽ ഇപ്പോൾ അന്തേവാസികളെ പാർപ്പിക്കുന്നുണ്ടോ; എങ്കിൽ എത്ര അന്തേവാസികൾ നിലവിലുണ്ടെന്നറിയിക്കാമോ?

നിലവിൽ സ്ഥാപനത്തിൽ ജീവനക്കാരോ താമസക്കാരോ ഇല്ല. കെട്ടിടനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതികൾ**

128(6653) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങളും അപേക്ഷാ ഫോമുകളുടെ മാതൃകയും മാനദണ്ഡങ്ങളും വിശദമാക്കാമോ?

സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങളും അപേക്ഷാഫോമുകളുടെ മാതൃകയും മാനദണ്ഡങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിർദ്ധന രോഗികൾക്ക് ജീവൻരക്ഷാ ചികിത്സാ സഹായം നൽകുന്നതിന് പ്രതിവർഷം എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിർദ്ധന രോഗികൾക്ക് ജീവൻ രക്ഷാസഹായം നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയ്ക്ക് നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ വിശദാംശവും അനുബന്ധമായി* ചേർത്തിരിക്കുന്നു.

**വയോജനങ്ങൾക്കായി പദ്ധതികൾ**

129(6654) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾക്ക് ഒന്നിച്ചിരിക്കാനും പരസ്പരം സംസാരിക്കാനുമായി ആരംഭിച്ച 'സായംപ്രഭ' മാതൃക പകൽ വീടുകൾ ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കിയതെന്ന് അറിയിക്കാമോ; ആയത് എല്ലാ ജില്ലകളിലും തുടർന്ന് ബ്ലോക്ക് തലങ്ങളിലും ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം നല്കുമോ?

തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് മാതൃക സായംപ്രഭാ ഹോം പദ്ധതി നടപ്പാക്കിയിട്ടുള്ളത്. എല്ലാ ജില്ലകളിലും പത്ത് വീതം സായംപ്രഭാ ഹോമുകൾ പഞ്ചായത്തുകളുടെ സഹായ സഹകരണത്തോടെ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. COVID-19 വ്യാപന ഭീഷണി പൂർണ്ണമായും മാറി വയോജനങ്ങൾക്ക് നേരിട്ട് പകൽവീടുകളിലെത്താൻ സാധിക്കുന്ന സാഹചര്യം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുന്ന മുറയ്ക്ക് കൂടുതൽ പഞ്ചായത്തുകളിൽ സായംപ്രഭ ഹോം പദ്ധതി ആരംഭിക്കാനും അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മാതൃക സായംപ്രഭ ഹോമുകളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തി കൂടുതൽ വയോജനങ്ങൾക്ക് ഇതിന്റെ സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(ബി) വൃദ്ധസദനങ്ങളുടെ സൗകര്യങ്ങളും സേവനങ്ങളും ദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്ന 'സെക്കൻഡ് ഇന്നിംഗ്സ് ഹോം' പദ്ധതിയുടെ വിശദാംശം നല്കാമോ; ആയത് നിലവിൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്; ടി പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കാമോ?

വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സേവനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി താമസക്കാരുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ 2019 മുതൽ കണ്ണൂർ സർക്കാർ വൃദ്ധസദനത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ 'സെക്കന്റ് ഇന്നിംഗ്സ് ഹോം' പദ്ധതി ആരംഭിക്കുകയും പിന്നീട് കൊല്ലം, തവനൂർ സർക്കാർ വൃദ്ധസദനങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിൽ മറ്റു വൃദ്ധസദനങ്ങളിലേയ്ക്കുകൂടി ടി പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന വയോജനങ്ങൾക്കായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ജോലി ചെയ്യാൻ താല്പര്യമുള്ള വയോജനങ്ങൾക്കായി കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം 'സെക്രെട്' എന്ന വെബ്പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ തൊഴിൽ നൈപുണ്യ വകുപ്പിന്റെ നേതൃത്വത്തിൽ സ്വയംതൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്ന മുതിർന്ന പൗരന്മാർക്ക് വായ്പാ സഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. സാമൂഹ്യനീതി വകുപ്പ് ഈ മേഖലയിൽ നൂതന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

**ആശ്വാസകിരണം പദ്ധതി**

130(6655) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആശ്വാസകിരണം പദ്ധതിയുടെ വിശദാംശം നല്കാമോ?

തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. ടി പദ്ധതി 2010-ലാണ് ആരംഭിച്ചത്. ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2019 മുതൽ 2021 മാർച്ച് വരെ എത്രപേർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം 2019 മുതൽ 2021 മാർച്ച് വരെയുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2019-20 | - | 1,13,717 |
| 2020-21 | - | 1,14,188 |

### ആശ്വാസകിരണം പദ്ധതി

131(6656) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 മാർച്ച് മാസത്തിനുശേഷം പുതിയതായി അപേക്ഷ സമർപ്പിച്ചവർക്ക് ആശ്വാസ കിരണം പദ്ധതിയിൽ സഹായം അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

അപേക്ഷകരുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നതിനാൽ 2018 ഏപ്രിൽ മുതലുള്ള പുതിയ അപേക്ഷകർക്ക് ധനസഹായം നൽകിയിട്ടില്ല. തുക അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

### ജയിൽശിക്ഷയ്ക്ക് പകരം നല്ലനടപ്പും സാമൂഹ്യസേവനവും

132(6657) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ചെറിയ കുറ്റങ്ങൾക്ക് ജയിൽ ശിക്ഷയ്ക്ക് പകരം നല്ലനടപ്പും സാമൂഹ്യസേവനവും നിർബന്ധമാക്കുന്നതിനും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിയുംവിധം എന്തെങ്കിലും പദ്ധതി വകുപ്പ് നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ചെറിയ കുറ്റങ്ങൾക്ക് ജയിൽ ശിക്ഷയ്ക്ക് പകരം നല്ലനടപ്പ് നിർബന്ധമാക്കുന്നതിനും കഴിയുംവിധം സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന സേവന പദ്ധതിയാണ് പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസ്. വധശിക്ഷയോ ജീവപര്യന്തമോ ശിക്ഷ വിധിക്കാവുന്ന കുറ്റങ്ങൾ, പ്രൊബേഷൻ നിയമത്തിന്റെ ആനുകൂല്യം നൽകരുതെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്ത ചില നിയമങ്ങൾ പ്രകാരമുള്ള കുറ്റങ്ങൾ എന്നിവ ഒഴികെയുള്ള കുറ്റകൃത്യം ചെയ്തവരെ ജയിൽ ശിക്ഷയ്ക്ക് പകരം ഒരു വർഷം മുതൽ 3 വർഷം വരെ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിൻമേൽ നല്ലനടപ്പ് ജാമ്യത്തിൽ വിട്ടയയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള Probation of Offenders Act 1958, വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ഇപ്രകാരം നല്ലനടപ്പിൽ വിടുന്ന വ്യക്തിയുടെ നന്മയ്ക്കും സാമൂഹിക പുനരധിവാസം ഉറപ്പുവരുത്തുന്നതിനും സമൂഹത്തിന്റെ സുരക്ഷയ്ക്കുംവേണ്ടി ടിയാളെ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിലാണ് നല്ലനടപ്പിൽ വിടുന്നത്. കുറ്റകൃത്യം ആവർത്തിക്കാതിരിക്കാനുള്ള വ്യവസ്ഥകൾ കോടതി ഉത്തരവിൽ ഉണ്ടാകും. പ്രൊബേഷനിൽ വിട്ടയയ്ക്കപ്പെട്ട വ്യക്തിക്ക് കുറ്റകൃത്യം ചെയ്തതിന്റെ പേരിലുള്ള യാതൊരു അയോഗ്യതകളും ഉണ്ടാവില്ല. കൂടാതെ കുടുംബജീവിതവും സാമൂഹ്യജീവിതവും തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനും ജയിലിലെ കൊടുംകുറ്റവാളികളുമായുള്ള സഹവാസം തടയുന്നതിനും പ്രൊബേഷൻവഴി സാധിക്കുന്നു. ഈ രീതിയിൽ കുറ്റകൃത്യങ്ങൾ പരമാവധി കുറഞ്ഞ ഒരു സമൂഹം സൃഷ്ടിക്കുന്നതിന് പ്രൊബേഷൻ സംവിധാനംവഴി സാധിക്കും. കേരളത്തിൽ പ്രൊബേഷൻ സമ്പ്രദായം ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തുന്നതിന് സർക്കാർ ആരംഭിച്ച പദ്ധതിയാണ് നേർവഴി പദ്ധതി. കുറ്റവാളികളെ പ്രൊബേഷൻ സംവിധാനംവഴി മാനസികവും സാമൂഹികവുമായി പരിവർത്തനം ചെയ്ത് സമൂഹത്തിന് പ്രയോജനപ്പെടുത്തുന്ന പൗരന്മാരാക്കുകയാണ് ജില്ലാ പ്രൊബേഷൻ ഓഫീസുകൾവഴി നടപ്പിലാക്കുന്ന പദ്ധതിയുടെ ലക്ഷ്യം.

ലക്ഷ്യങ്ങൾ

1. 18-നും 21-നും ഇടയിൽ പ്രായമുള്ള യുവകുറ്റവാളികൾക്ക് തടവുശിക്ഷ നൽകാതെ പ്രൊബേഷൻ സംവിധാനത്തിന്റെ സേവനം ലഭിക്കാനുള്ള അവരുടെ നിയമപരമായ അവകാശം സംരക്ഷിക്കുക.

2. ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെ ജയിൽ ശിക്ഷകൾക്ക് വിധേയരാക്കാതെ പ്രൊബേഷൻ നിയമത്തിന്റെ ആനുകൂല്യം ലഭ്യമാക്കുക.

3. 18 മുതൽ 25 വയസ്സുവരെയുള്ള ആദ്യകുറ്റവാളികളിൽ സാമൂഹ്യമനഃശാസ്ത്ര ഇടപെടൽ നടത്തി വീണ്ടും കേസിൽപ്പെടാതെ നോക്കുകയും സമഗ്രമായ പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുക.

4.പ്രൊബേഷൻ നിയമപ്രകാരം പരിഗണിക്കപ്പെടാൻ അർഹതയുള്ള വിചാരണ തടവുകാരെ കണ്ടെത്തി അവരുടെ പ്രൊബേഷൻ റിപ്പോർട്ട് ആവശ്യപ്പെടുന്നതിന് കോടതിയെ സഹായിക്കുക.

5. ജയിൽമോചിതരായ വ്യക്തികൾക്ക് വീണ്ടും കുറ്റകൃത്യത്തിൽപ്പെടുന്ന സാഹചര്യമില്ലാതാക്കി അവരുടെ സാമൂഹ്യ പുനരധിവാസം ഉറപ്പുവരുത്തുക.

6. തടവുകാരും അവരുടെ കുടുംബാംഗങ്ങളും തമ്മിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിച്ച് കുടുംബ സാമൂഹ്യ പുനഃസംയോജനം സുഗമമാക്കുക. 17-2-2021-ലെ സ.ഉ.(സാധാ)നമ്പർ7/2021/സാ.നീ.വ. പ്രകാരം പ്രൊബേഷൻ സംബന്ധിച്ച സംസ്ഥാനനയം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സാമൂഹ്യസേവനം ഒരു ശിക്ഷയെന്ന നിലയിൽ നടപ്പിലാക്കുന്നത് പ്രസ്തുത നയത്തിന്റെ കർമ്മപരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. സംസ്ഥാന നിയമങ്ങളിൽ ശിക്ഷയ്ക്കു പകരമായി സാമൂഹ്യസേവനം ഉൾപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച് പഠനങ്ങൾ നടത്തുക, ഇതിലേയ്ക്കാവശ്യമായ നിയമ നിർമ്മാണം നടത്തുക, പൊതുജനങ്ങൾക്ക് ഉപയുക്തമാകുന്ന രീതിയിലും കുറ്റവാളികളുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുയോജ്യമായതുമായ സാമൂഹ്യസേവനങ്ങൾ കണ്ടെത്തി നൽകുക, ബാലനീതി നിയമ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയ മാതൃകയിൽ കുറ്റവാളികൾ സാമൂഹ്യസേവനം നിർവ്വഹിക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ പ്രൊബേഷൻ സംബന്ധിച്ച സംസ്ഥാന നയവുമായി ബന്ധപ്പെട്ട് ആരംഭിക്കുന്നതിന് വകുപ്പ് ആലോചിച്ചുവരുന്നു.

## 2016-21 കാലയളവിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ നടപ്പിലാക്കുവാൻ പ്രഖ്യാപിച്ച പദ്ധതികൾ

133(6658) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടപ്പിലാക്കാനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഇവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇവയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2016-21 കാലയളവിൽ സാമൂഹ്യനീതി വകുപ്പിലും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലും നടപ്പിലാക്കിയതും നടപ്പിലാക്കുവാനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**അനാഥരായ കുഞ്ഞുങ്ങൾക്കുള്ള പദ്ധതികൾ**

134(6659) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥരായ കുഞ്ഞുങ്ങൾക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

അനാഥരായ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെ (അനാഥാലയങ്ങൾ) കുട്ടികൾക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പത്താം ക്ലാസ് പാസ്സാകുന്ന എല്ലാ കുട്ടികൾക്കും പ്ലസ് വണ്ണിന് സർക്കാർ സ്കൂളുകളിൽ പ്രവേശനം നൽകുന്നു.

2. പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്നു.

3. താഴെപ്പറയുന്ന കോഴ്സുകൾക്ക് അനാഥാലയങ്ങളിലെ കുട്ടികൾക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്:-

a) കേരളത്തിലെ ഐ.റ്റി.ഐ/ ഐ.റ്റി.സി. എന്നിവിടങ്ങളിൽ 5 സീറ്റ് വീതം.

b) ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ഡിപ്ലോമ, പ്രിന്റിംഗ് ടെക്നോളജി ഡിപ്ലോമ, സിവിൽ - ഇലക്ട്രിക്കൽ-മെക്കാനിക്കൽ ഡിപ്ലോമ എന്നിവയ്ക്ക് ഓരോ സീറ്റ് വീതം.

c) ജനറൽ നഴ്സിംഗ് ആന്റ് മിഡ്വൈഫറി കോഴ്സിന് - 3%

d) ഡിഫാം കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് ഫാർമസി കോളേജുകളിൽ ഓരോ സീറ്റ് വീതം)

e) DMLT(ML) കോഴ്സിന് 2 സീറ്റുകൾ (തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓരോ സീറ്റ് വീതം)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

f) DRT(RT) കോഴ്സിന് ഒരു സീറ്റ് (കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ)

g) DOTT (OT) കോഴ്സിന് ഒരു സീറ്റ് (തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ)

h) DHI(HI) കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, PHTS-ൽ - 3 സീറ്റ്, പാലക്കാട് ഗവൺമെന്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സീറ്റ് (for SC/ST)

i) ഹയർ സെക്കണ്ടറിക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറിക്കും അർഹതയുള്ള എല്ലാ കുട്ടികൾക്കും പ്രവേശനം ഉറപ്പാക്കുന്നു.

j) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസി കോഴ്സ് ട്രെയിനിംഗിന് 10% സീറ്റ്.

4. ക്ഷേമസ്ഥാപനങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 50,000 രൂപ ധനസഹായമായി നൽകുന്നു.

5. ക്ഷേമസ്ഥാപനങ്ങളിൽ താമസിച്ചിരുന്നവർ, ഇപ്പോഴും താമസിക്കുന്നവർ എന്നീ വിഭാഗങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്താൽ ഇന്റർവ്യൂവിന് മുൻഗണനയുണ്ട്. കേരള പി.എസ്.സി.-യിൽ അപേക്ഷ സമർപ്പിക്കുന്നതിന് 10 വർഷത്തെ വയസ്സിളവുണ്ട്.

പ്ലസ്ടുവിനുശേഷം തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത പഠനത്തിനുള്ള സാമ്പത്തിക സഹായ പദ്ധതി.

1. അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്നവർക്ക് പ്ലസ്ടുവിന് ശേഷം തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നതപഠനത്തിന് സാമ്പത്തികസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളോ യൂണിവേഴ്സിറ്റികളോ അംഗീകരിച്ചിട്ടുള്ള എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നടത്തുന്ന റെഗുലർ കോഴ്സുകളിൽ ആയിരിക്കണം പഠനം നടത്തേണ്ടത്. ധനസഹായത്തിന് അർഹതപ്പെട്ട കോഴ്സുകൾ താഴെപ്പറയുന്നു:-

a) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ എൻട്രൻസ് കമ്മീഷണർ നടത്തുന്ന പരീക്ഷായോഗ്യത നേടി പ്രവേശനം നേടുന്ന പ്രൊഫഷണൽ കോഴ്സുകൾ.

b) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏജൻസികളോ വകുപ്പുകളോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിലൂടെ പ്രവേശനം നേടുന്ന കോഴ്സുകൾ.

c)കേന്ദ്ര-സംസ്ഥാന യൂണിവേഴ്സിറ്റികളുടെ അംഗീകൃത റെഗുലർ കോഴ്സുകൾക്ക് സർക്കാർ അംഗീകൃത കോളേജുകളിലുള്ള പഠനത്തിന്.

d) കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾ, പാരാമെഡിക്കൽ കോഴ്സുകൾ മുതലായവ.

<u>ധനസഹായം</u>

a) കോഴ്സ് ഫീസ് പൂർണ്ണമായും (ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള രസീതുകളുടെ അടിസ്ഥാനത്തിൽ)

b) റസിഡൻഷ്യൽ അക്കോമഡേഷൻ ഫീസ് പൂർണ്ണമായും (ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള രസീതിന്റെ അടിസ്ഥാനത്തിൽ).

c) സ്ഥാപനത്തിന് വെളിയിലുള്ള ഹോസ്റ്റലുകളിൽ താമസിച്ചുള്ള പഠനമാണെങ്കിൽ പരമാവധി 1000/-രൂപ പ്രതിമാസം.

d) ടെസ്റ്റ് ബുക്കുകളുടെ പൂർണ്ണമായ ചെലവുകൾ (ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റിന്റെയും ബില്ലിന്റെയും അടിസ്ഥാനത്തിൽ)

e) യൂണിഫോം, വസ്ത്രം, പ്രതിവർഷം പരമാവധി 2000 രൂപ.

(ബി) സർക്കാർ അംഗീകാരമുള്ള എത്ര അനാഥാലയങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്; അംഗീകാരമില്ലാത്ത അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ?

കുട്ടികളെ സംരക്ഷിക്കുന്ന 859 ക്ഷേമസ്ഥാപനങ്ങൾ (അനാഥാലയങ്ങൾ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ അംഗീകാരമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആശ്വാസകിരണം പദ്ധതി

135(6660) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമെന്നും എത്ര തുകയാണ് നൽകുന്നതെന്നും വിശദമാക്കാമോ; ഈ പദ്ധതിയിൽ നിലവിൽ എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കുമോ?

തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ

രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസകിരണം. ടി പദ്ധതിയിൽ നിലവിൽ 95152 ഗുണഭോക്താക്കളാണുള്ളത്.

(ബി) പ്രസ്തുത പദ്ധതിയിൽ പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആശ്വാസകിരണം പദ്ധതി പ്രകാരം 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പുകൽപ്പിച്ചിട്ടുള്ളത്. അപേക്ഷകരുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിന് പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം The Rights of Person with Disabilities Act, 2016 Chapter -5 (3) (i) പ്രകാരം അധിക പരിഗണന ആവശ്യമുള്ളവരെ (High Support needs) കൂടി ഉൾപ്പെടുത്തി പരിഷ്ക്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിൽ നിലവിൽ തീരുമാനമാകാതെ അവശേഷിക്കുന്നത് എത്രയെന്ന് വെളിപ്പെടുത്തുമോ?

പ്രസ്തുത പദ്ധതി പ്രകാരം 2018 ഏപ്രിൽ മുതൽ 2021 മേയ് വരെ ലഭിച്ച 49424 അപേക്ഷകൾ.

(ഡി) പദ്ധതിയിൽ അർഹരായ അപേക്ഷകരെ ഉൾപ്പെടുത്തി സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ലഭ്യമായ അപേക്ഷകൾ പദ്ധതി മാനദണ്ഡപ്രകാരം അർഹത പരിശോധിച്ച് ബാങ്ക് അക്കൗണ്ട്, ആധാർ രേഖകൾ എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. അപേക്ഷകരുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സാമൂഹ്യക്ഷേമ പെൻഷൻ

136(6661) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വികലാംഗക്ഷേമ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത മുഴുവൻ തൊഴിൽരഹിത വികലാംഗർക്കും സാമൂഹ്യക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വികലാംഗ പെൻഷൻ സാമൂഹ്യ സുരക്ഷാ പെൻഷനിൽ ഉൾപ്പെടുന്നു. വികലാംഗ പെൻഷനുള്ള അപേക്ഷ ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ സമർപ്പിക്കുന്നപക്ഷം നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളവർക്ക് ആയത് അനുവദിക്കുന്നതാണ്.

(സി) വിധവകൾക്കും വിവാഹമോചിതകൾക്കും സാമൂഹ്യക്ഷേമ പെൻഷന് അർഹതയുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിധവകളായവർക്ക് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം വിധവാ പെൻഷൻ/വാർദ്ധക്യകാല പെൻഷൻ/വികലാംഗ പെൻഷൻ/ കർഷകത്തൊഴിലാളി പെൻഷൻ എന്നിവയിലേതെങ്കിലും ഒരു പെൻഷനോ ഏതെങ്കിലുമൊരു ക്ഷേമനിധി പെൻഷനോ ലഭിക്കുന്നതാണ്. വിവാഹ മോചിതരായവരെ വിധവയായി കണക്കാക്കാൻ കഴിയാത്തതിനാൽ അവർക്ക് വിധവ പെൻഷൻ ലഭിക്കാൻ അർഹതയില്ല. എന്നാൽ അവർക്ക് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളപക്ഷം വാർദ്ധക്യകാല പെൻഷൻ/ വികലാംഗ പെൻഷൻ/കർഷത്തൊഴിലാളി പെൻഷൻ എന്നിവയിലേതെങ്കിലുമൊരു പെൻഷനോ ഏതെങ്കിലുമൊരു ക്ഷേമനിധി പെൻഷനോ ലഭിക്കുന്നതാണ്. വിവാഹമോചിതരായവർക്ക് വിധവ പെൻഷൻ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) നിലവിൽ സാമൂഹ്യക്ഷേമ പെൻഷൻ കൈപ്പറ്റുന്നവരുടെ എണ്ണം ജില്ല, ഇനം എന്നിവ തിരിച്ച് വിശദമാക്കാമോ ?

സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പെൻഷൻ വാങ്ങിയവരുടെ എണ്ണം, ജില്ല, ഇനം എന്നിവ തിരിച്ച് വെളിപ്പെടുത്തുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പെൻഷൻ വാങ്ങിയവരുടെ എണ്ണം, ജില്ല, ഇനം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ

137(6662) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ സാമൂഹ്യനീതി വകുപ്പ് ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും നിയോജക മണ്ഡലം തിരിച്ച് നടപ്പിലാക്കുന്നവയല്ല. എല്ലാ പദ്ധതികളും ജില്ലാതലത്തിൽ നടപ്പിലാക്കുന്നവയാണ്. 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിൽ സാമൂഹ്യനീതി വകുപ്പ് മുഖേനയും സാമൂഹ്യ സുരക്ഷാമിഷൻ മുഖേനയും സംസ്ഥാനതലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെയും വിവിധ ക്ഷേമപദ്ധതികൾക്ക് വിനിയോഗിച്ചിട്ടുള്ള തുക സംബന്ധിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ധനസഹായ പദ്ധതികളിലൂടെ എത്ര തുക വിനിയോഗിച്ചുവെന്ന് പദ്ധതി തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും നിയോജക മണ്ഡലം തിരിച്ച് നടപ്പിലാക്കുന്നവയല്ല. എല്ലാ പദ്ധതികളും ജില്ലാതലത്തിൽ നടപ്പിലാക്കുന്നവയാണ്. 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിൽ സാമൂഹ്യനീതി വകുപ്പ് മുഖേനയും സാമൂഹ്യ സുരക്ഷാമിഷൻ മുഖേനയും സംസ്ഥാന തലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെയും വിവിധ ക്ഷേമപദ്ധതികൾക്ക് വിനിയോഗിച്ചിട്ടുള്ള തുക സംബന്ധിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

## നിഷ്-ലെ ഹോസ്റ്റൽ സൗകര്യം

138(6663) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്(നിഷ്)ൽ വിവിധ കോഴ്സുകളിലായി എത്ര വിദ്യാർത്ഥികൾ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്ന് നിലവിൽ പഠനം നടത്തുന്നുണ്ടെന്നും എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത സ്ഥാപനത്തിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നിലവിൽ ഹോസ്റ്റൽ സൗകര്യമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്താൻ സാധിക്കാത്തതിന്റെ കാരണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ഡി) നിഷിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**(ബി-ഡി)** നിഷിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി സൗകര്യമുള്ള കെട്ടിടം ലീസിനെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ നടന്നുവരുന്നു.

**കോക്ലിയാർ ഇംപ്ലാന്റ് മെഷീൻ മെയിന്റനൻസിന് റീഇംബേഴ്സ്മെന്റ്**

139(6664) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റ് കഴിഞ്ഞ കുട്ടികളുടെ മെഷീൻ പാർട്ട്സുകളുടെ മെയിന്റനൻസ് മെഡിക്കൽ റീഇംബേഴ്സ്മെന്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

14-2-2020-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 79/2020/സാ.നീ.വ. പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തി നൽകുന്നതിനായി മാനദണ്ഡങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വളരെയധികം ചെലവുവരുന്ന കോക്ലിയാർ സർജറിക്കുശേഷം വളരെ വില കൂടിയതും വിദേശ നിർമ്മിതവുമായ മെഷീൻ പാർട്സുകളാണ് ഉപയോഗിക്കേണ്ടി വരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വളരെയധികം ചെലവുവരുന്ന കോക്ലിയാർ സർജറിക്കുശേഷം വളരെ വിലകൂടിയതും വിദേശനിർമ്മിതവുമായ മെഷീൻ പാർട്സുകളാണ് ഉപയോഗിക്കേണ്ടി വരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ 14-2-2020-ലെ സ.ഉ.(സാധാ)നമ്പർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

79/2020/സാ.നീ.വ. പ്രകാരം പുതുതായി മെയിന്റനൻസ് പദ്ധതി രൂപീകരിക്കുകയും നാളിതുവരെ ടി പദ്ധതിയിലൂടെ 654 കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സ്കീമിന്റെ വാർഷിക വരുമാനപരിധി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത സ്കീമിന്റെ മാനദണ്ഡമനുസരിച്ച് 2 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്. വാർഷിക വരുമാന പരിധി ഉയർത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**അരൂർ മണ്ഡലത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്റ്റേഡിയം**

140(6665) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്റ്റേഡിയം നിർമ്മിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിൽ ഭിന്നശേഷി സൗഹൃദ സ്റ്റേഡിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ കായിക യുവജനകാര്യ വകുപ്പുമായിചേർന്ന് കൈക്കൊള്ളുവാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരത്തോടെ ധനകാര്യ വകുപ്പ് അനൗദ്യോഗികക്കുറിപ്പ് മുഖേന അറിയിച്ചിട്ടുണ്ട്. ആയതിൻപ്രകാരം സാമൂഹ്യനീതി ഡയറക്ടർ, ആലപ്പുഴ ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ, കായിക യുവജനകാര്യ വകുപ്പ് എന്നിവരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പുനരധിവാസ കേന്ദ്രങ്ങൾ**

141(6666) ശ്രീ. എം. രാജഗോപാലൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികൾക്കായി വില്ലേജ്, തദ്ദേശ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഭിന്നശേഷിക്കാരായ കുട്ടികളുടെ പുനരധിവാസത്തിനായി ഗ്രാമ പഞ്ചായത്തുകളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ബഡ്സ് സ്കൂളുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) മാനസികമായി പ്രയാസം അനുഭവിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളെ കുട്ടികളുടെ ഉന്നമനത്തിനായുള്ള സ്ഥിരം കേന്ദ്രങ്ങളാക്കി ഉയർത്തിക്കൊണ്ടുവരുന്നതിന് സാമൂഹ്യനീതി വകുപ്പിൽ എന്തെങ്കിലും നടപടികളുണ്ടോ; വിശദമാക്കാമോ?

നിലവിൽ ബഡ്സ് സ്കൂളുകൾ തദ്ദേശഭരണ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

(സി) പ്രസ്തുത കുട്ടികൾക്കായി പൊതുകളിയിടങ്ങൾ സ്ഥാപിക്കുവാനും അവർക്ക് രോഗപ്രതിരോധശേഷി ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേക കളിയിടങ്ങൾ നിലവിലില്ല. നിലവിലുള്ള പൊതുകളിയിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റാവുന്നതാണ്.

**പെൺകുട്ടികൾക്കുള്ള പദ്ധതികൾ**

142(6667) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൺകുട്ടികൾക്ക് കൂടുതൽ സുരക്ഷയൊരുക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് വഴി എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പെൺകുട്ടികൾക്ക് സുരക്ഷയൊരുക്കുന്നതിനുള്ള പദ്ധതികൾ വനിതാശിശു വികസന വകുപ്പ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) സാമൂഹ്യനീതി വകുപ്പ് വഴി പെൺകുട്ടികളുടെ ചികിത്സാ ആവശ്യങ്ങൾക്ക് നൽകിവരുന്ന സഹായധനം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; അറിയിക്കുമോ?

സാമൂഹ്യനീതി വകുപ്പുവഴി പെൺകുട്ടികളുടെ ചികിത്സാ ആവശ്യങ്ങൾക്ക് പ്രത്യേകമായി സഹായധനം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ട്രാൻസ്‌ജെൻഡർ സമൂഹത്തിന് തുല്യത ഉറപ്പാക്കാൻ നടപടി

143(6668) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്‌ജെൻഡർ വിഭാഗത്തിന് സമൂഹത്തിലെ വിവിധ മേഖലകളിൽ തുല്യത ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ട്രാൻസ്‌ജെൻഡർ വ്യക്തികളുടെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സാമൂഹ്യ പുനരധിവാസം തുടങ്ങിയ മേഖലകളിൽ മാതൃകാപരമായ ഇടപെടൽ വകുപ്പ് നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്‌ജെൻഡർ വിദ്യാർത്ഥികൾക്ക് എല്ലാ യൂണിവേഴ്സിറ്റികളുടെയും ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ അധികമായി രണ്ട് സീറ്റുകൾ റിസർവ് ചെയ്ത് നൽകുകയും ട്രാൻസ്‌ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സുകളിൽ ചേരാനുള്ള പ്രായപരിധി എടുത്തുമാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള പി.എസ്.സി. മുഖേന നടത്തിവരുന്ന എല്ലാ മത്സര പരീക്ഷകളിലും ട്രാൻസ്‌ജെൻഡർ വിഭാഗത്തിന് അപേക്ഷിക്കുന്നതിലേയ്ക്കായി ട്രാൻസ്‌ജെൻഡർ കോളം നൽകിയിട്ടുണ്ട്. ട്രാൻസ്‌ജെൻഡർ വ്യക്തികൾ നേരിടുന്ന സാമൂഹ്യ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും സേവനങ്ങളുടെ ലഭ്യതയും തുല്യ അവകാശങ്ങളും ഉറപ്പുവരുത്തുന്നതിനും സമൂഹ നിർമ്മാണ പ്രക്രിയയുടെ ഭാഗമായി പ്രവർത്തിക്കുന്ന വിവിധ വിഭാഗം ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് ജില്ലാ തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളും/യൂണിവേഴ്സിറ്റികളും അവരുടെ അപേക്ഷകൾ/രേഖകൾ എന്നിവയിലും സർക്കാരിന്റെ എല്ലാ ഔദ്യോഗിക അപേക്ഷാ ഫോമുകളിലും സ്ത്രീ/പുരുഷൻ എന്ന ഓപ്ഷനുകളോടൊപ്പം ട്രാൻസ്‌ജെൻഡർ എന്ന കോളം കൂടി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങൾ എല്ലാവിഭാഗം ജനങ്ങൾക്കും തുല്യമായി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും 5 വീതം സ്കൂളുകളും കോളേജുകളും തെരഞ്ഞെടുത്ത് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ലിംഗനീതി, സമത്വം, തുല്യത എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടികൾ വകുപ്പ് മുഖേന നടത്തിയിട്ടുണ്ട്.

(ബി) ആർട്സ്, സ്പോർട്സ് മത്സരങ്ങളിൽ ആൺ-പെൺ വിഭാഗങ്ങൾക്കുള്ളതുപോലെ ട്രാൻസ്‌ജെൻഡറുകളെയും പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി മത്സരങ്ങൾ നടത്തുന്ന കാര്യം പരിഗണിക്കുമോ?

ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാംസ്കാരിക കലാപരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനും കലാകായികപരമായുള്ള കഴിവുകൾ വളർത്തുന്നതിനും ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും തുല്യ പങ്കാളിത്തത്തിനുള്ള അവസരം ഉറപ്പാക്കുന്നതിനും ട്രാൻസ്ജെൻഡർ നയം വ്യവസ്ഥ ചെയ്യുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സർവ്വകലാശാലകൾക്ക് കീഴിൽ നടക്കുന്ന ആർട്സ് ആൻഡ് സ്പോർട്സ് മത്സരങ്ങളിൽ ആൺ-പെൺ വിഭാഗങ്ങൾക്കുള്ളതുപോലെ ട്രാൻസ്ജെൻഡർ വ്യക്തികളെയും പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തി മത്സരങ്ങൾ നടത്തിവരുന്നുണ്ട്.

(സി) ട്രാൻസ്ജെൻഡറുകളുടെ ലിംഗമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ലാ ചികിത്സകളും സൗജന്യമായി സർക്കാർ ആശുപത്രികൾ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള ആരോഗ്യ സേവനങ്ങൾ സംബന്ധിച്ചും ഏതെങ്കിലും ഒരു സർക്കാർ ആശുപത്രിയിൽ ഹോർമോൺ ചികിത്സ, ലിംഗമാറ്റ ശസ്ത്രക്രിയകൾ എന്നിങ്ങനെയുള്ള സംവിധാനം കൊണ്ടുവരുന്നത് സംബന്ധിച്ചും ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി**

144(6669) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്ന സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ & ബി) വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സേവനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി താമസക്കാരുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ 2019 മുതൽ കണ്ണൂർ സർക്കാർ വൃദ്ധസദനത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി കൊല്ലം സർക്കാർ വൃദ്ധസദനം, മലപ്പുറം തവനൂർ സർക്കാർ വൃദ്ധസദനം

എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ മറ്റ് വൃദ്ധസദനങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**ജോയിന്റ് ആർ.ടി.ഒ.-മാരുടെ യോഗ്യതകൾ**

145 (6670) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമപ്രകാരം മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗ്യത നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിനാണോ സംസ്ഥാന സർക്കാരിനാണോയെന്ന് വിശദമാക്കാമോ?

1988-ലെ മോട്ടോർ വാഹന നിയമത്തിലെ 213-ാം വകുപ്പിലാണ് മോട്ടോർ വാഹന ഉദ്യോഗസ്ഥരുടെ നിയമനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നത്. ആയത് ഇപ്രകാരമാണ്:- "213. Appointment of motor vehicles officers.-

(1) The State Government may, for the purpose of carrying into effect the provisions of the Act, establish a Motor Vehicles Department and appoint as officers thereof such persons as it thinks fit.

(2) Every such officer shall be deemed to be a public servant within the meaning of the Indian Penal Code, 1860 (45 of 1860).

(3) The State Government may make rules to regulate the discharge by officers of the Motor Vehicles Department of their functions and in particular and without prejudice to the generality of the foregoing power to prescribe the uniform to be worn by them, the authorities to which they shall be subordinate, the duties to be performed by them, the powers (including the powers exercisable by police officers under this Act) to be exercised by them, and the conditions governing the exercise of such powers.

(4) The Central Government may, having regard to the objects of the Act, by notification in the Official Gazette, prescribe the minimum qualifications which the said officers or any class thereof shall possess for being appointed as such." 1988-ലെ മോട്ടോർവാഹന നിയമത്തിലെ (കേന്ദ്രനിയമം) 213-ാം വകുപ്പ് (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം,

മോട്ടോർവാഹന വകുപ്പിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഏറ്റവും കുറഞ്ഞ യോഗ്യത, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം വഴി നിർണ്ണയിക്കുന്നതിനുള്ള അധികാരം, കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്.

(ബി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നിയമിച്ച സമിതി ജോയിന്റ് ആർ.ടി.ഒ.-മാരുടെ യോഗ്യത നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ഉത്തരവുകളോ നിർദ്ദേശമോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

സുപ്രീംകോടതി റോഡ് സുരക്ഷാ കമ്മിറ്റിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേയ്ക്ക് യോഗ്യത നിശ്ചയിച്ച് നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സമഗ്ര ഗതാഗത പരിഷ്കരണം

146 (6671) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത പാർക്കിംഗ് കാരണം 2019-ൽ തലസ്ഥാനത്ത് 39 അപകടങ്ങളുണ്ടായതായി ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിനുകീഴിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പൊതുനിരത്തുകളിലെ അനധികൃത പാർക്കിംഗിനെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുനിരത്തുകളിൽ കാൽനട യാത്രികർക്കായി ഒരുക്കിയിട്ടുള്ള ഫുട്പാത്ത്, സീബ്ര ക്രോസിംഗ് തുടങ്ങിയവ കയ്യേറി അനധികൃതമായി വാഹനം പാർക്ക് ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. WP(C)No.11886/2021 നമ്പർ കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 8-6-2021-ലെ ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കാൽനട യാത്രികരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പൊതുനിരത്തുകളിൽ കാൽനടയാത്രികർക്ക് തടസ്സം സൃഷ്ടിക്കുന്ന വസ്തുക്കൾ നീക്കം ചെയ്യുന്നതിന് ' ഓപ്പറേഷൻ ക്ലിയർ പാത്ത് ' എന്ന പേരിൽ വകുപ്പ് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും പ്രസ്തുത ഡ്രൈവിൽ കാൽനട യാത്രികർക്ക് തടസ്സമാകുന്ന തരത്തിൽ ഫുട്പാത്തിലെ അനധികൃത കയ്യേറ്റം (കച്ചവടം), റോഡരികിൽ

ഉപേക്ഷിക്കപ്പെട്ടിട്ടുള്ള വാഹനം, റോഡരികിൽ കൂട്ടിയിട്ടിരിക്കുന്ന മരത്തടികൾ പോലുള്ള വസ്തുക്കൾ, ഫുട്പാത്തിൽ സ്ഥാപിച്ചിട്ടുള്ള നോട്ടീസ്/പരസ്യ ബോർഡുകൾ, റോഡരികിൽ കൂട്ടിയിട്ടിട്ടുള്ള മെറ്റൽ, സിമന്റ് വേസ്റ്റുകൾ തുടങ്ങിയവയൊക്കെ നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയുണ്ടായി. കൂടാതെ സംസ്ഥാനത്തൊട്ടാകെ കാൽനടയാത്രക്കാരുടെയും മറ്റ് റോഡ് ഉപഭോക്താക്കളുടെയും സുരക്ഷയ്ക്കും സുഗമ ഗതാഗതത്തിനും ഹാനികരമാകുന്ന രീതിയിൽ വാഹനങ്ങൾ പാർക്കുചെയ്യുന്നതിനെതിരെ 2021 ജനുവരി മുതൽ ജൂൺ വരെ 9327 കേസുകൾ രജിസ്റ്റർ ചെയ്യുകയും 20,43,250 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ മുഖേന അനധികൃത പാർക്കിംഗുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്താറുണ്ട്. ഇത്തരത്തിലുള്ള പരാതി ലഭ്യമായാലുടൻതന്നെ കർശന നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാറുണ്ട്.

(ബി) വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും സുരക്ഷ നിലനിർത്തുന്നതിനും റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുമായി സംസ്ഥാനത്ത് സമഗ്ര ഗതാഗത പരിഷ്കരണം ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2011-ലെ കേരള പോലീസ് ആക്ടിന്റെ 72-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ട്രാഫിക് അഡ്വൈസറി കമ്മിറ്റി, അതാത് പ്രദേശത്തെ പോലീസ്, മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്നാണ് ഓരോ പ്രദേശങ്ങളിലും ഗതാഗത പരിഷ്കരണം നടപ്പാക്കുന്നത്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ റോഡുകൾ സുരക്ഷിതമാക്കുന്നതിനും സമഗ്രമായ ഗതാഗത പരിഷ്കരണം നടത്തുന്നതിനും ഒരു സമഗ്ര മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ കേരള സുരക്ഷാ അതോറിറ്റി തീരുമാനമെടുക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

**കൊച്ചിയിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം**

147 (6672) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (കെ.എം.ടി.എ.) നല്കിയ നിർദ്ദേശം എന്താണ്; ആയത് നടപ്പാക്കാനായി സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ?

കൊച്ചി നഗരത്തിലെ വിവിധ ഗതാഗത സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി

ഒരു സമഗ്ര ഗതാഗത പദ്ധതി (Comprehensive Mobility Plan) തയ്യാറാക്കുന്നതിനും പ്രസ്തുത ആസൂത്രണ രേഖയ്ക്കനുസൃതമായി വിവിധ ഗതാഗത സംവിധാനങ്ങളായ ബസ്സുകളെ വിവിധ കമ്പനികളായും ഓട്ടോറിക്ഷകളെ സൊസൈറ്റികളായും ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ, പ്രാരംഭദശയിലുള്ള കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (കെ.എം.ടി.എ.)-യുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരികയാണ്. കൊച്ചി നഗരത്തിന് സുസ്ഥിര ഗതാഗത സംവിധാനം ഒരുക്കുന്നതിന്, കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ്‌വർക്ക് (KOMN) എന്ന ഡിജിറ്റൽ സാങ്കേതികവിദ്യ രൂപീകരിക്കുകയും ആദ്യപടിയായി ടാക്സി സർവ്വീസ് ഈ നെറ്റ്‌വർക്കിലേയ്ക്ക് സംയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് മെട്രോ റെയിൽ, വാട്ടർ മെട്രോ, ബസ് സർവ്വീസ്, ഓട്ടോറിക്ഷാ സർവ്വീസ് എന്നിവയും ഇതിലേയ്ക്ക് ഏകോപിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കൊച്ചിയിലെ ഗതാഗത പ്രശ്നം തീർക്കാനും ഗതാഗത സൗകര്യം മെച്ചപ്പെടുത്താനും പ്രസ്തുത നിർദ്ദേശം ഉതകുമെന്ന് വ്യക്തമായിട്ടുണ്ടെങ്കിൽ ഇതര വകുപ്പുകളെ ഏകോപിപ്പിച്ച് സമയബന്ധിതമായി അത് നടപ്പാക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സമഗ്ര ഗതാഗത പദ്ധതി (Comprehensive Mobility Plan) തയ്യാറാക്കുന്നതിനും ആയത് നടപ്പിലാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉദ്യോഗസ്ഥ നിയമനം പൂർത്തിയാകുന്ന മുറയ്ക്ക് ഇതര വകുപ്പുകളുമായുള്ള ഏകോപനം പൂർണ്ണ തോതിൽ സാദ്ധ്യമാക്കാവുന്നതാണ്.

**സിറ്റി വിത്ത് ദ മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ്**

148 (6673) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച സുസ്ഥിര നഗര ഗതാഗത സംവിധാനം ഒരുക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രത്യേക അവാർഡ് നൽകുന്നുണ്ടോ; ഇത്തരത്തിലുള്ള "സിറ്റി വിത്ത് ദ മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം" എന്ന അവാർഡ് കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തി വരുന്ന അർബൻ മൊബിലിറ്റി ഇന്ത്യ (UMI) കോൺഫറൻസിൽ നഗര ഗതാഗതത്തിന്റെ

വിവിധ മേഖലകളിലുള്ള മികവിന് പുരസ്കാരങ്ങൾ നൽകാറുണ്ട്. 29-10-2021-ലെ UMI കോൺഫറൻസിനോടനുബന്ധിച്ച് നടത്തിയ അവാർഡുദാന ചടങ്ങിൽ, കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (KMTA) കൊച്ചി നഗരഗതാഗതവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമെന്ന നിലയിൽ 'City with the Most Sustainable Transport System' എന്ന അവാർഡ് ലഭിക്കുകയുണ്ടായി.

(ബി) കേന്ദ്ര അവാർഡ് ലഭ്യമാകുന്ന തരത്തിൽ എന്തൊക്കെ ഗതാഗത സൗകര്യങ്ങളാണ് സംസ്ഥാനത്തെ നഗരങ്ങളിൽ ഒരുക്കിയത്; വിവിധ ഗതാഗത സൗകര്യങ്ങൾ ഡിജിറ്റൈസ് ചെയ്ത് സംയോജിപ്പിച്ച കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ്പാർക്കിന്റെ രൂപീകരണം കേന്ദ്ര പുരസ്കാരം ലഭിക്കുന്നതിന് എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കാമോ?

മെട്രോ റെയിൽ, വാട്ടർ മെട്രോ, ബസ് സർവ്വീസ്, ഓട്ടോറിക്ഷാ സർവ്വീസ് എന്നിവ സമന്വയിപ്പിച്ച് കൊച്ചി നഗരത്തിന് സുസ്ഥിര ഗതാഗത സംവിധാനം ഒരുക്കുന്നതിനായുള്ള കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെയും പ്രസ്തുത ഗതാഗത സംവിധാനങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് ഏകോപിപ്പിക്കുന്നതിന് കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ്‌വർക്ക് (KOMN)-ന്റെയും പ്രവർത്തന മികവ് പ്രസ്തുത പുരസ്കാരം ലഭിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

## കാൽനട യാത്രക്കാർക്ക് സുരക്ഷിതയാത്ര

149(6674) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൽനട യാത്രക്കാർ അപകടങ്ങളിൽപ്പെടുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവർക്ക് സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ആയതിനായി പ്രത്യേക നടപടികൾ സ്വീകരിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

പൊതുനിരത്തുകളിൽ കാൽനട യാത്രികർക്കായി ഒരുക്കിയിട്ടുള്ള ഫുട്പാത്ത്, സീബ്ര ക്രോസിംഗ് തുടങ്ങിയവ കയ്യേറി അനധികൃതമായി വാഹനം പാർക്ക് ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികളിൽ കാൽനട യാത്രികരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് നിരത്തുകളിൽ വാഹനം ഉപയോഗിക്കുന്നതിന് ഡ്രൈവർമാർക്ക് നിർദ്ദേശം നൽകാറുണ്ട്. W.P.(C) No. 11886/2021 നമ്പർ കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 8-6-2021-ലെ ഉത്തരവ്

നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കാൽനടയാത്രികരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പൊതുനിരത്തുകളിൽ കാൽനടയാത്രികർക്ക് തടസ്സം സൃഷ്ടിക്കുന്ന വസ്തുക്കൾ നീക്കം ചെയ്യുന്നതിന് 'ഓപ്പറേഷൻ ക്ലിയർ പാത്ത്' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും പ്രസ്തുത ഡ്രൈവിൽ കാൽനട യാത്രികർക്ക് തടസ്സമാകുന്ന തരത്തിൽ ഫുട്പാത്തിലെ അനധികൃത കയ്യേറ്റം (കച്ചവടം), റോഡരികിൽ ഉപേക്ഷിക്കപ്പെട്ടിട്ടുള്ള വാഹനം, റോഡരികിൽ കൂട്ടിയിട്ടിരിക്കുന്ന മരത്തടികൾ പോലുള്ള വസ്തുക്കൾ, ഫുട്പാത്തിൽ സ്ഥാപിച്ചിട്ടുള്ള നോട്ടീസ്/പരസ്യ ബോർഡുകൾ, റോഡരുകിൽ കൂട്ടിയിട്ടിട്ടുള്ള മെറ്റൽ, സിമന്റ് വേസ്റ്റുകൾ തുടങ്ങിയവയൊക്കെ നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയുമുണ്ടായി. തുടർന്നും ഇത്തരം നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കാൽനടയാത്രക്കാരുടെ പരാതികൾ പരിഹരിക്കുന്നതിന് ഏതെങ്കിലും പ്രത്യേക അതോറിറ്റി നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

**ബസ്സുകളിൽ ടിക്കറ്റ്/ യാത്രാപാസ്സ് ഇല്ലാത്തവർക്കുള്ള പിഴ**

150(6675) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെടെയുള്ള പൊതുഗതാഗത സർവ്വീസുകളിൽ ടിക്കറ്റോ യാത്രാപാസ്സോ ഇല്ലാത്തവരിൽ നിന്ന് മോട്ടോർ വെഹിക്കിൾ നിയമപ്രകാരം പിഴ ഈടാക്കുന്നുണ്ടോ; എങ്കിൽ ഈടാക്കുന്ന തുക അറിയിക്കാമോ;

(ബി) 2016 മുതൽ ഇത്തരത്തിൽ പിരിച്ചെടുത്ത തുക എത്രയെന്ന് ഡിപ്പോ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) അടുത്ത കാലത്ത് ടിക്കറ്റോ യാത്രാപാസ്സോ ഇല്ലാതെ യാത്ര ചെയ്യുന്നവരിൽനിന്ന് പിരിച്ചെടുക്കേണ്ട പിഴ തുക ഡ്യൂട്ടിയിലുള്ള കണ്ടക്ടർമാരിൽ നിന്നും തുകയും നിയമപ്രകാരമുള്ള പിഴ തുകയും ഈടാക്കുന്ന സമീപനം കെ.എസ്.ആർ.ടി.സി. അധികൃതർ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിൽ ഇക്കാര്യത്തിൽ നിയമാനുസൃതമായ നടപടിക്ക് നിർദ്ദേശിക്കുമോ;

(ഡി) ഇത്തരത്തിൽ കണ്ടക്ടർമാരിൽനിന്നും പിരിച്ചെടുത്ത അധിക തുക തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ?

(എ-ഡി) കെ.എസ്.ആർ.ടി.സി ബസ്സുകളിൽ പാസ്സില്ലാതെയോ, ടിക്കറ്റെടുക്കാതെയോ യാത്ര ചെയ്തതായി ബോദ്ധ്യപ്പെടുന്നപക്ഷം അപ്രകാരം യാത്ര

ചെയ്യുന്നവരിൽനിന്നും മോട്ടോർ വെഹിക്കിൾ നിയമ പ്രകാരം പിഴയായി 500 രൂപ ഈടാക്കുന്നുണ്ട്. 2016 മുതൽ താഴെപ്പറയുന്ന വിവിധ ഡിപ്പോകളിൽനിന്നും ആകെ 6,81,250 രൂപ ഈടാക്കിയിട്ടുണ്ട്.

നെയ്യാറ്റിൻകര– 68500 രൂപ

പൂവ്വാർ- 1000 രൂപ

പാറശ്ശാല – 5000 രൂപ

തിരുവനന്തപുരം സെൻട്രൽ - 74000 രൂപ

വിഴിഞ്ഞം - 4500 രൂപ

പാപ്പനംകോട് - 3000 രൂപ

തിരുവനന്തപുരം സിറ്റി - 12000 രൂപ

വികാസ്ഭവൻ - 1000 രൂപ

കാട്ടാക്കട – 12000 രൂപ

വെള്ളറട – 8500 രൂപ

വെള്ളനാട് - 1000 രൂപ

ആറ്റിങ്ങൽ - 8000 രൂപ

കണിയാപുരം - 2000 രൂപ

വിതുര – 2500 രൂപ

നെടുമങ്ങാട് - 5000 രൂപ

ആര്യനാട് - 500 രൂപ

വെഞ്ഞാറമൂട് - 500 രൂപ

കൊല്ലം - 14500 രൂപ

പുനലൂർ - 3000 രൂപ

കൊട്ടാരക്കര – 5000 രൂപ

ആര്യങ്കാവ് - 500 രൂപ

ചടയമംഗലം - 1500 രൂപ

ആലപ്പുഴ – 37000 രൂപ

ചേർത്തല – 57500 രൂപ

ഹരിപ്പാട് - 3000 രൂപ

കായംകുളം - 4000 രൂപ

തിരുവല്ല – 4000 രൂപ

എറണാകുളം - 92000 രൂപ

നോർത്ത് പറവൂർ - 9000 രൂപ

പെരുമ്പാവൂർ - 30500 രൂപ

ആലുവ – 26500 രൂപ

മൂവാറ്റുപുഴ – 1000 രൂപ

കൂത്താട്ടുകുളം - 1500 രൂപ

പത്തനംതിട്ട – 11500 രൂപ

പമ്പ – 3000 രൂപ

അടൂർ - 3000 രൂപ

പന്തളം - 4500 രൂപ

റാന്നി - 500 രൂപ

പത്തനാപുരം - 1500 രൂപ

ചെങ്ങന്നൂർ -7250 രൂപ

കോട്ടയം - 6000 രൂപ

ചങ്ങനാശ്ശേരി - 1500 രൂപ

ഈരാറ്റുപേട്ട – 3000 രൂപ

പാലാ - 1000 രൂപ

വൈക്കം - 2000 രൂപ

തൊടുപുഴ – 1500 രൂപ

കട്ടപ്പന – 500 രൂപ

കുമളി - 4500 രൂപ

മൂന്നാർ - 500 രൂപ

കോതമംഗലം - 1500 രൂപ

തൃശ്ശൂർ - 56000 രൂപ

ചാലക്കുടി - 7500 രൂപ

പുതുക്കാട് - 8000 രൂപ

കാസർഗോഡ് - 1500 രൂപ

കാഞ്ഞങ്ങാട് - 500 രൂപ

ആകെ തുക = 6,81,250 രൂപ.

ടിക്കറ്റോ യാത്രാ പാസ്സോ ഇല്ലാതെ യാത്ര ചെയ്യുന്നവർ പിഴ ഒടുക്കാത്ത പക്ഷം ടിയാളുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ടി തുക (500 രൂപ) കണ്ടക്ടർമാരിൽനിന്നും ഈടാക്കുന്നതല്ല. എന്നാൽ യാത്രക്കാരന് ടിക്കറ്റ് നൽകുന്നതിൽ വീഴ്ച വരുത്തിയതിനാൽ അച്ചടക്ക നടപടിയുടെ ഭാഗമായി കണ്ടക്ടറിൽനിന്നും കോർപ്പറേഷനുണ്ടായ ധനനഷ്ടത്തിന്റെ 5 ഇരട്ടിയും തെളിവിനായി ഇൻസ്പെക്ടർ എടുക്കുന്ന ഒരു ടിക്കറ്റിന്റെ വിലയും ഈടാക്കുന്നുണ്ട്. ടി പിഴ തുക തിരികെ നൽകാൻ നിലവിൽ വ്യവസ്ഥയില്ല.

## ഗ്രാമവണ്ടി പദ്ധതി

151(6676) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവണ്ടി പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്നും അപേക്ഷയിൽ ഏതുതരം വാഹനമാണ് സർവ്വീസ് നടത്തുകയെന്ന സൂചനയുണ്ടോയെന്നും വ്യക്തമാക്കുമോ?

ഗ്രാമവണ്ടി പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ച് വരികയാണ്. നിലവിൽ ടി പദ്ധതി പ്രകാരം അപേക്ഷകളൊന്നും തന്നെ ക്ഷണിച്ചിട്ടില്ല. ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പുറമെ ജനവാസം കുറഞ്ഞതും ഇടുങ്ങിയതുമായ റൂട്ടുകളിൽ 18 സീറ്റുകൾ, 34 സീറ്റുകളുള്ള ബസ്സുകൾ കെ.എസ്.ആർ.ടി.സി. ലഭ്യമാക്കി ഓടിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നതിന് പ്രാരംഭമായി ഏതെങ്കിലും റൂട്ടിൽ സർവ്വീസ് നടത്തുകയുണ്ടായോ; സ്വീകരിക്കുന്ന പ്രാരംഭ നടപടികൾ വിശദമാക്കുമോ?

ഗ്രാമവണ്ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു റൂട്ടിലും നിലവിൽ സർവ്വീസ് നടത്തിയിട്ടില്ല. പ്രധാനമായും സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്ന ഗ്രാമവണ്ടി പദ്ധതി സംബന്ധിച്ച് സർക്കാർ നിരവധി ഉന്നതതല ചർച്ചകൾ നടത്തുകയും തുടർ നടപടികൾക്കായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ എല്ലാ നടപടിക്രമങ്ങളും പാലിച്ച് എത്രയും വേഗം ഈ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) എം.എൽ.എ.-മാർക്ക് ഗ്രാമവണ്ടിക്കായി ഫണ്ട് വിനിയോഗിക്കുന്നതിന് ധനകാര്യ വകുപ്പുമായി ആലോചന നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ധനകാര്യവകുപ്പുമായി ആലോചന നടത്തിയിട്ടില്ല. എന്നാൽ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ വരുന്ന സാമ്പത്തിക ചെലവുകൾ സംബന്ധിച്ച് തീരുമാനമാകുന്ന ഘട്ടത്തിൽ ധനകാര്യ വകുപ്പുമായി ആലോചന നടത്തുന്നതാണ്.

(ഡി) ജനപ്രതിനിധികൾ ശിപാർശ ചെയ്യുന്ന സർവ്വീസിന് പേര് പ്രദർശിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഗ്രാമവണ്ടി സ്പോൺസർ ചെയ്യുന്ന വ്യക്തിയുടെയോ ജനപ്രതിനിധിയുടെയോ സ്ഥാപനത്തിന്റെയോ പേര് ബസ്സിൽ പ്രദർശിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഇ) ഗ്രാമങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസ് എന്ന രീതിയിൽ ഗ്രാമവണ്ടി പദ്ധതി എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഈ പദ്ധതി ഗ്രാമീണ മേഖലയിൽ വളരെയധികം പ്രയോജനപ്രദമാകുമെന്ന വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലേയ്ക്കും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലേയ്ക്കും പൊതുഗതാഗത സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ കൂടുതൽ ബാദ്ധ്യത ഏറ്റെടുത്ത് ജനവാസം കുറഞ്ഞ ഒറ്റപ്പെട്ട മേഖലകളിലേയ്ക്ക് കൂടുതൽ സർവ്വീസ് വ്യാപിപ്പിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. പ്രസ്തുത സ്ഥലങ്ങളിലേയ്ക്ക് ജനകീയ പ്രതിബദ്ധത മുൻനിർത്തി പൊതുഗതാഗതം ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നത്.

## കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ ബസ്സുകൾ

152(6677) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്. കിഫ്ബിയുടെ വായ്പ ഉപയോഗിച്ച് 310 സി.എൻ.ജി. ബസ്സുകളും 50 ഇലക്ട്രിക് ബസ്സുകളും വാങ്ങാൻ നടപടിയെടുത്തിട്ടുണ്ട്. അതുപോലെ സർക്കാരിന്റെ 2020-2021 പദ്ധതി വിഹിതം ഉപയോഗിച്ച് 20 Diesel Fully built A/C Seater Bus, 8 Diesel Fully built AC Sleeper Bus, 72 എണ്ണം Diesel Fully built Non A.C Air Bus എന്നിവ ചേർത്ത് ആകെ 100 ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 310 സി.എൻ.ജി. ബസ്സുകൾ, 50 ഇലക്ട്രിക് ബസുകൾ എന്നിവ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. മറ്റുള്ളവയുടെ വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന സർവ്വീസുകളിൽ പഴയ ബസ്സുകൾക്ക് പകരം ആധുനിക ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നിർദ്ദേശം നൽകാമോ?

പുതിയ ഡീസൽ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വർദ്ധിപ്പിക്കുന്നതിനെ കുറിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ലാഭകരമായ റൂട്ടുകളിൽ ഷെഡ്യൂളുകൾ വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കൂട്ടാൻ സന്നദ്ധമാകുമോയെന്ന് അറിയിക്കാമോ?

കോവിഡ്-19 കാരണമുള്ള ലോക്ക്ഡൗണിൽ ഇളവുകൾ പ്രഖ്യാപിച്ചതിനെത്തുടർന്ന് 2021 മാർച്ച് മാസം നടത്തിവന്നിരുന്ന എല്ലാ സർവ്വീസുകളും ഇതിനോടകം പുനരാരംഭിച്ചിട്ടുള്ളതിനാൽ നിലവിലെ പ്രത്യേക സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്കാവശ്യമായ പൊതുഗതാഗത സൗകര്യം പ്രദാനം ചെയ്തിട്ടുണ്ട്. ഓരോ യൂണിറ്റുകളുടെയും ഷെഡ്യൂളുകളിലെ ഓരോ ട്രിപ്പുകളും പരിശോധിക്കുന്ന തരത്തിൽ ശാസ്ത്രീയ പഠനം നടത്തി അവലോകന യോഗങ്ങൾ നടത്തിവരികയാണ്. ഇത്തരത്തിൽ യാത്രക്കാരുടെ ആവശ്യകതയനുസരിച്ചാണ് ട്രിപ്പുകൾ/സർവ്വീസുകൾ ക്രമീകരിച്ചുവരുന്നത്. കോവിഡാനന്തരം യാത്രക്കാർ തീരെ കുറവുള്ളതും ഡീസൽ ചെലവിനുള്ള വരുമാനംപോലും ലഭ്യമല്ലാതെ വന്നിരുന്നതുമായ സർവ്വീസുകൾ പുനഃക്രമീകരിക്കേണ്ട സാഹചര്യം വന്നുചേർന്നിട്ടുണ്ട്. ഇത്തരത്തിൽ

പുനഃക്രമീകരണം നടത്തിയതിനുശേഷം കൂടുതൽ യാത്രാസൗകര്യം ആവശ്യമെങ്കിൽ അധിക സർവ്വീസുകളും ട്രിപ്പുകളും ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കിവരുന്നു.

(ഡി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് പുതിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

GPRS, Bluetooth, RFID സംവിധാനമുള്ള 500 ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ 30-6-2021-ന് നൽകുകയും ലഭ്യമായവ വിവിധ ഡിപ്പോകളിലേയ്ക്ക് വിതരണം ചെയ്തുവരികയുമാണ്.

### കെ.എസ്.ആർ.ടി.സി. ബോണ്ട് സർവ്വീസുകൾ

153(6678) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ബോണ്ട് സർവ്വീസുകൾ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസുകൾ വ്യാപകമാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവർദ്ധനവ് ലക്ഷ്യമിട്ട് നടപ്പിലാക്കിയ ബോണ്ട് (Bus on demand) സർവ്വീസുകൾ നിലവിൽ ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്. നിലവിൽ യാത്രക്കാർ ആവശ്യപ്പെടുന്ന റൂട്ടുകളിൽ പ്രത്യേക ബോണ്ട് സർവ്വീസുകൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ യാത്രക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് കൂടുതൽ ബോണ്ട് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

### കെ.എസ്.ആർ.ടി.സി.-യിൽ പുതിയ ബസ്സുകൾ

154(6679) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-21 കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിൽ വാങ്ങിയിട്ടുള്ള പുതിയ ബസ്സുകൾ എത്രയെന്ന് അറിയിക്കാമോ; ഇതിനായി ചെലവഴിച്ച തുക, പ്രസ്തുത തീരുമാനത്തിന് ആധാരമാക്കിയ ഘടകങ്ങൾ എന്നിവ വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ 2016-2021 കാലയളവിൽ ആകെ 101 ബസ്സുകൾ വാങ്ങിയിട്ടുണ്ട്. CNG Bus - 1 No, Conventional Bus - 100 Nos. ഇതിനായി ആകെ 26.85 കോടി രൂപ ചെലവായിട്ടുണ്ട്. പഴക്കം ചെന്ന ബസ്സുകൾ കണ്ടം ചെയ്യുമ്പോൾ ബസ്സുകളുടെ കുറവ് നികത്തുന്നതിനാണ് ഈ ബസ്സുകൾ വാങ്ങിയത്.

**ബോണ്ട് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സേവനം**

155(6680) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ എത്ര സ്കൂളുകളാണ് ബോണ്ട് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സേവനം ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ?

സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ 1086 വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ബോണ്ട് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സേവനം ആവശ്യപ്പെട്ടിട്ടുള്ളത്. ജില്ല തിരിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ലെറ്റർ കോഡുകൾ**

156(6681) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-11-2019-ലെ TRANS A2/406/2019-TRANS എന്ന കത്തിലെ നിർദ്ദേശപ്രകാരം കെ.എസ്.ആർ.ടി.സി. സ്വീകരിച്ച തുടർനടപടികൾ തീയതി സഹിതം അറിയിക്കുമോ;

(ബി) മാള ഡിപ്പോയ്ക്ക് നൽകിയിരിക്കുന്ന കോഡ് ഉപയോഗിക്കുന്നതിൽ നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കുമോ?

(എ&ബി) ഭരണ സൗകര്യാർത്ഥം ഡിപ്പോകളുടെ കോഡ് ഏകീകരിക്കുന്നതിന് വേണ്ടിയാണ് എല്ലാ ഡിപ്പോകളുടെയും കോഡ് മൂന്ന് അക്ഷരമാക്കിയത്. കെ.എസ്.ആർ.ടി.സി.-യിൽ ഉപയോഗിക്കുന്ന computer programme-കൾ മൂന്നക്ക കോഡ് ഉപയോഗിക്കത്തക്ക വിധത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. ഇതിൽ ഉടനടി മാറ്റം വരുത്തിയാൽ നിലവിൽ ഉപയോഗിക്കുന്ന പ്രോഗ്രാമുകൾ പലതും ഉപയോഗിക്കാൻ സാധിക്കാതെവരും. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകൾ, വർക്ക് ഷോപ്പുകൾ, സെക്ഷനുകൾ എന്നിവയുടെ mail id-കളും മൂന്നക്ഷരത്തിലാണ് തുടങ്ങുന്നത്. ആയതും മാറ്റുന്നത് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തെ താളംതെറ്റിക്കും. ആയതിനാൽ 7-11-2019- ലെ TRANS-A2/406/19-TRANS നമ്പരായ സർക്കാർ കത്തിൽ ആവശ്യപ്പെട്ട പ്രകാരം മാള യൂണിറ്റിന്റെ MLA എന്ന കോഡ് ഒരു യൂണിറ്റിന് വേണ്ടിമാത്രം മാറ്റാൻ കഴിയില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇല്ലെങ്കിൽ മറ്റ് പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങൾ ഈ ലെറ്റർ കോഡുകൾ അവരവരുടെ ആവശ്യാനുസരണം ഉപയോഗിക്കുമ്പോൾ അതിന് മറ്റ് നിയമ തടസ്സങ്ങളില്ലെന്ന് ഉറപ്പാക്കാൻ പൊതുഭരണ വകുപ്പിനോടാവശ്യപ്പെടുമോ?

ഇക്കാര്യം പൊതുഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സ്കൂൾ കുട്ടികൾക്കായി ബോണ്ട് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

157 (6682) <u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കായി ബോണ്ട് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ടോ; ഇത്തരത്തിൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിനായി സ്കൂൾ അധികാരികളാണോ കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെടേണ്ടത്; വിശദമാക്കുമോ?

സ്കൂൾ കുട്ടികൾക്കായി ബോണ്ട് അടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിന് പദ്ധതി തയ്യാറാക്കി നൽകിയിട്ടുണ്ട്. ആയത് പ്രകാരം കണ്ണൂർ യൂണിറ്റിൽ നിന്നും കടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിന്റെ ആവശ്യപ്രകാരം 4 ബോണ്ട് സർവ്വീസുകൾ ഇപ്പോൾ നടത്തിവരുന്നു. നിലവിലെ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം, ആവശ്യമായ ദിവസങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേക നിരക്ക് നിശ്ചയിച്ച് സ്കൂൾ അധികാരികൾ തൊട്ടടുത്തുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോയുമായി ധാരണയുണ്ടാക്കിയാണ് ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഒരു മാസത്തെ തുക മുൻകൂർ അടയ്ക്കുന്ന സ്കൂളുകൾക്ക് നിശ്ചയിച്ച ദൈനംദിന ബോണ്ട് ചാർജ്ജിന്റെ ടിക്കറ്റ് നൽകിയാണ് സ്കൂൾ ബോണ്ട് സർവ്വീസുകൾ നടത്തുന്നത്. 40 സീറ്റുകൾ കണക്കാക്കി ടി സർവ്വീസിൽ കയറുന്ന കുട്ടികളുടെ എണ്ണം സ്കൂളുകളാണ് നിശ്ചയിക്കുക. ബസ്സിൽ ഡ്രൈവറും കണ്ടക്ടറും ഉണ്ടായിരിക്കും.

(ബി) രക്ഷിതാക്കൾ നേരിട്ട് കെ.എസ്.ആർ.ടി.സി.-യുമായി കരാറുണ്ടാക്കി സർവ്വീസ് നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

രക്ഷിതാക്കൾ നേരിട്ട് കെ.എസ്.ആർ.ടി.സി.-യുമായി കരാറുണ്ടാക്കി സർവ്വീസ് നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടില്ല. സ്കൂളുകൾ അവരുടെ സ്കൂൾ ബസ്സിന് പകരം കുട്ടികളെ കൊണ്ടുപോകുന്നതിന് ഒരുക്കുന്ന സംവിധാനമായതിനാൽ സ്കൂളിന്റെ ആവശ്യപ്രകാരവും ബാദ്ധ്യതയിലുമാണ് കെ.എസ്.ആർ.ടി.സി. സ്കൂളുകൾക്കായി പ്രത്യേകമായി കുറഞ്ഞ നിരക്കിൽ ദൂരത്തിന് ആനുപാതികമായി സ്കൂൾ, കോളേജ് ബോണ്ട് സർവ്വീസുകൾ നൽകുന്നത്.

**കെ.എസ്.ആർ.ടി.സി.ബസ്സുകളെ പരിഷ്കരിക്കുന്നത് സംബന്ധിച്ച്**

158 (6683) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>:
<u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ധന ഉപഭോഗം കുറച്ച് അന്തരീക്ഷ മലിനീകരണം ഒഴിവാക്കാനുതകുമാറ് പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. കിഫ്ബി ധനസഹായത്തോടെ 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) പൊതുഗതാഗതം മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളെ പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളെ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. 2021-22-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ പ്രാരംഭഘട്ടമായി 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനായി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പുതുതായി 460 ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ഇതിൽ 100 ഡീസൽ ബസ്സുകൾ (A/C Seater Bus - 20 Nos., A/C Sleeper Bus - 8 Nos., Non A/C Air Bus - 72 Nos.) എന്നിവയുടെ വിതരണ ഉത്തരവ് നൽകിയിട്ടുള്ളതാണ്. 310 CNG, 50 Electric Bus എന്നിവയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## അക്രഡിറ്റേഷനുള്ള മാധ്യമ പ്രവർത്തകർക്ക് യാത്രാപാസ്സ്

159(6684) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്രഡിറ്റേഷനുള്ള മാധ്യമ പ്രവർത്തകർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാപാസ്സ് നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം ക്ലാസ് സർവ്വീസുകളിലാണ് പാസ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ വോൾവോ, മിന്നൽ തുടങ്ങിയ സർവ്വീസുകളിൽ മാധ്യമ പ്രവർത്തകർക്ക് യാത്രാപാസ്സ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പാസ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) മാധ്യമ പ്രവർത്തകർക്ക് ഡീലക്സ് ഉൾപ്പെടെയുള്ള (എ.സി. ബസ്സിൽ അനുവദനീയമല്ല) എല്ലാ സർവ്വീസുകളിലും അന്തർ സംസ്ഥാന സർവ്വീസുകളിലും ദൂരപരിധിയില്ലാതെ യാത്രാപാസ്സ് അനുവദിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ മിന്നൽ, വോൾവോ സർവ്വീസുകളിൽ മാധ്യമ പ്രവർത്തകർക്ക് യാത്രാപാസ്സ് അനുവദിച്ചിട്ടില്ല. ടി സർവ്വീസുകളിൽ യാത്രാപാസ്സ് അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി. കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ അപാകതകൾ

160 (6685) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വിവിധ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഡിപ്പോകളിലെ നിർമ്മാണങ്ങളിലാണ് ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയത്?

(എ & ബി) ഉണ്ട്. എറണാകുളം ഡിപ്പോയിലെ കാരയ്ക്കാമുറി – അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും 12 ബേ ഗ്യാരേജും ഹരിപ്പാട്, തൊടുപുഴ, കണ്ണൂർ,

ചെങ്ങന്നൂർ, മൂവാറ്റുപുഴ ബസ് സ്റ്റേഷൻ യാർഡ് നവീകരണം, മൂവാറ്റുപുഴ ഡിപ്പോയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിലമ്പൂർ, മലപ്പുറം, പത്തനംതിട്ട തുടങ്ങിയ യൂണിറ്റുകൾ എം.എൽ.എ. സ്കീം പ്രകാരമുള്ള നിരവധി കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) കരാറുകാരെ വഴിവിട്ട് സഹായിച്ചതായി ധനകാര്യ വകുപ്പിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ കീഴിലുള്ള വിവിധ നിർമ്മാണങ്ങളിലുള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ കീഴിലുള്ള വിവിധ നിർമ്മാണങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും റിവൈസ്ഡ് എസ്റ്റിമേറ്റുകൾ പരിശോധിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പിലെ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ, സി.ടി.ഇ.-യിലെ ടെക്നിക്കൽ എക്സാമിനർ എന്നിവരടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണെന്ന ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം ശിപാർശ പരിശോധിച്ചുവരുന്നു.

**ലോ ഫ്ലോർ ബസ്സുകൾ**

161 (6686) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നാളിതുവരെ വാങ്ങിയ ലോ ഫ്ലോർ ബസ്സുകളുടെ എണ്ണം എത്രയാണ്; ഏതൊക്കെ കമ്പനികളിൽനിന്നും എത്ര എണ്ണം വീതമാണ് വാങ്ങിയതെന്ന് തീയതി അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിൽ മറ്റുരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്തവ ഏതൊക്കെയാണെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി. നാളിതുവരെ 719 ലോ ഫ്ലോർ ബസ്സുകൾ വാങ്ങിയിട്ടുണ്ട്. M/s. Ashok Leyland-ൽ നിന്ന് 315 ബസ്സുകൾ (വിതരണ ഉത്തരവ് തീയതികൾ 30-3-2009, 16-8-2014) വോൾവോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൽനിന്നും 190 ബസ്സുകൾ (വിതരണ ഉത്തരവ് തീയതികൾ 31-3-2009, 23-8-2014) ടാറ്റാ മോട്ടേഴ്സിൽ നിന്ന് 214 ബസ്സുകൾ (വിതരണ ഉത്തരവ് തീയതികൾ 4-9-2014, 14-1-2016, 2-11-2016) മറ്റു രാജ്യങ്ങളിൽനിന്നും കെ.എസ്.ആർ.ടി.സി. ലോ ഫ്ലോർ ബസ്സുകൾ നാളിതുവരെ ഇറക്കുമതി ചെയ്തിട്ടില്ല.

(ബി) ഈ ബസ്സുകൾ വാങ്ങുന്നതിനായി ചെലവാക്കിയ ആകെ തുക എത്രയാണെന്ന് അറിയിക്കുമോ; ഇതിൽ ഓരോ ഇനത്തിലെയും ഒരു ബസ് നിരത്തിലിറക്കുന്നതിനായി ചെലവായ തുക എത്ര വീതമാണെന്ന് അറിയിക്കുമോ;

(സി) ഇവയിൽ ഓരോ ഇനത്തിലുമുള്ളത് വാങ്ങിയ വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

(ബി & സി) രണ്ട് ഘട്ടമായിട്ടാണ് 719 ബസുകൾ വാങ്ങിയത്. ഇതിനായി ചെലവഴിച്ച ആകെ തുക 349.88 കോടി രൂപ. ഒന്നാംഘട്ടത്തിൽ Ashok Leyland Bus ഒന്നിന് 26,18,985 രൂപയും Volvo India Pvt. Ltd. ബസ് ഒന്നിന് 80,98,463 രൂപയും ചെലവായിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ Ashok Leyland ബസ് ഒന്നിന് 39,42,281 രൂപയും Tata ബസ് ഒന്നിന് 39,46,661.5 രൂപയും Volvo India Pvt.Ltd. ബസ് ഒന്നിന് 98,01,445 രൂപയും ചെലവായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) നിരത്തുകളിൽ ഓടാത്ത ബസ്സുകളിൽ ഓരോ ഇനത്തിന്റെയും വാങ്ങിയ വർഷം അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

നിലവിൽ ഡോക്ക് ചെയ്തിട്ടുള്ള ലോ ഫ്ലോർ, സെമി ലോ ഫ്ലോർ, എ.സി. വോൾവോ ബസ്സുകളുടെ ഇനം തിരിച്ച് വാങ്ങിയ വർഷാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) വാടക കരാർ വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസ്സുകളുടെ എണ്ണം എത്രയാണെന്ന് കരാർ തീയതിയുടെ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിനായി കെ.എസ്.ആർ.ടി.സി. ചെലവാക്കിയ തുക എത്രയാണെന്നും എത്ര വർഷത്തേയ്ക്കായിരുന്നു കരാറെന്നും അറിയിക്കാമോ; ഇതിൽ എത്ര ബസ്സുകളാണ് നിരത്തിലോടുന്നത്; ഓടാതായ ബസ്സുകളുടെ തീയതിയുടെ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

15-9-2017-ലെ എഗ്രിമെന്റ് പ്രകാരം 5 വർഷക്കാലാവധിയിൽ 10 സ്കാനിയ മൾട്ടി ആക്സിൽ ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒരു ബസ് അപകടത്തെത്തുടർന്ന് Total loss ആയതിനാൽ നിലവിൽ 9 ബസ്സുകളാണ് ലഭ്യമായിട്ടുള്ളത്. കിലോമീറ്റർ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. നൽകേണ്ട തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*14-11-2018-ലെ എഗ്രിമെന്റ് പ്രകാരം 10 ഇലക്ട്രിക് ബസ്സുകൾ 10 വർഷക്കാലയളവിലേയ്ക്ക് പ്രതി കിലോമീറ്ററിന് 43.20 രൂപയ്ക്ക് വെറ്റ് ലീസ് വ്യവസ്ഥയിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കിയിട്ടുള്ളതുമാണ്. ടി ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തിയപ്പോൾ കോർപ്പറേഷന് സാമ്പത്തിക ബാദ്ധ്യതയുണ്ടായതിനെ തുടർന്ന് 2 ബസ്സുകൾ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിന് നൽകുകയും ഇലക്ട്രിക് ബസ്സുകളുടെ ചെലവ് കൂടുതലായതിനാൽ നിലവിലെ സാഹചര്യത്തിൽ ഇത് ലാഭകരമായി ഓടിക്കാൻ കോർപ്പറേഷന് കഴിയുകയില്ലായെന്നതിനാൽ ശേഷിക്കുന്ന 8 ഇലക്ട്രിക് ബസ്സുകൾ ഓപ്പറേറ്റ് ചെയ്യാനാകാതെ M/s മഹാവോയേജ് എൽ.എൽ.പി. കമ്പനിയുടെ പക്കലുള്ളതുമാണ്. കോവിഡ് കാലയളവ് മുതൽ ഇവ നിരത്തിൽ ഇറക്കുന്നില്ല.

(എഫ്) അറ്റകുറ്റപണികൾ കൃത്യമായി നടത്താത്തതും സ്പെയർപാർട്ട്സുകളുടെ ലഭ്യതക്കുറവും വിദേശനിർമ്മിത ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള സംവിധാനം ഇല്ലാത്തതുമാണോ ബസ്സുകൾ ഓടാത്തതിന് കാരണമെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ മറ്റ് കാരണങ്ങളെന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

സാമ്പത്തിക പ്രതിസന്ധിയും വോൾവോ എ.സി. ബസ്സുകളുടെ സ്പെയർ പാർട്ട്സുകളുടെ വില താരതമ്യേന കൂടുതലും കുറഞ്ഞ ഇന്ധനക്ഷമതയും വർദ്ധിച്ച അറ്റകുറ്റപ്പണികളും കോവിഡ്-19 ന്റെ നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ യാത്രക്കാർ എ.സി. ബസ്സുകൾ ഒഴിവാക്കുന്നതിനാലും നിലവിൽ കുറച്ച് ബസ്സുകൾ മാത്രമാണ് സർവ്വീസിന് ഉപയോഗിക്കുന്നത്. ആയതിനാലാണ് ലോ ഫ്ലോർ എ.സി. വോൾവോ, സെമി ലോ ഫ്ലോർ ബസ്സുകൾ സ്പെയർ പാർട്ട്സുകൾ ലഭ്യമാക്കി അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ സാധിക്കാത്തത്.

### കെ.എസ്.ആർ.ടി.സി. കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾക്ക് ഇളവ്

162(6687) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ സർക്കാർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആറ് മാസത്തെ വാടക ഒഴിവാക്കി തീരുമാനമെടുത്തതുപോലെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-യും കെ.റ്റി.ഡി.എഫ്.സി.-യും സംയുക്തമായി ബി.ഒ.റ്റി. വ്യവസ്ഥയിൽ നിർമ്മിച്ച അങ്കമാലി, തിരുവല്ല, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടകക്കാർക്ക് കോവിഡിന്റെ ഒന്നാംതരംഗത്തെ

തുടർന്ന് ഏപ്രിൽ 2020 മുതൽ സെപ്റ്റംബർ 2020 വരെ വാടക പൂർണ്ണമായും ഒക്ടോബർ 2020 മുതൽ മാർച്ച് 2021 വരെ 50%-മായും കുറവ് ചെയ്തിരുന്നു. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് സമ്പൂർണ്ണ ലോക്ക്ഡൗൺ ഏർപ്പെടുത്തിയിരുന്ന 8-5-2021 മുതൽ 16-6-2021 വരെ വാടക പൂർണ്ണമായും 17-6-2021 മുതൽ 16-12-2021 വരെ 6 മാസകാലയളവിലേയ്ക്ക് വാടകയിൽ 75%-ഉം ഇളവ് നൽകാനും അനുവദിച്ചിട്ടുണ്ട്.

(ബി) വാടക കുടിശ്ശിക ഒറ്റത്തവണയായി തന്നെ തീർപ്പാക്കണമെന്ന തീരുമാനമെടുത്തിട്ടുണ്ടോ; തവണകളായി അടയ്ക്കാനാവശ്യമായ സൗകര്യം ചെയ്തുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

തീരുമാനമെടുത്തിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യ്ക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം**

163 (6688) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യ്ക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഇതുമൂലം ശമ്പള വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. കോവിഡിനുമുമ്പ് ജീവനക്കാരുടെ ശമ്പള വിതരണത്തിനായി പ്രതിമാസം ശരാശരി 20 കോടി രൂപയാണ് സർക്കാർ അനുവദിച്ചിരുന്നത്. എന്നാൽ കോവിഡിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുത്തനെ ഇടിഞ്ഞ സാഹചര്യത്തിൽ 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് ജീവനക്കാരുടെ ശമ്പളം നൽകിവരുന്നത്. സർക്കാർ നൽകുന്ന സാമ്പത്തിക സഹായം ട്രഷറി നടപടികൾ ഉൾപ്പെടെയുള്ളവ പൂർത്തീകരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾക്കെടുക്കുന്ന സ്വാഭാവിക കാലതാമസംമൂലം കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം നിശ്ചിത തീയതിയിൽ തന്നെ കൊടുക്കാൻ കഴിയുന്നില്ലെങ്കിലും എല്ലാ മാസവും മുടക്കം കൂടാതെ നൽകുന്നുണ്ട്.

**പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ**

164(6689) ശ്രീ. പി. വി. അൻവർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എൻ. കെ. അക്ബർ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനും തകർച്ചയിൽനിന്ന് കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പ്രധാന പദ്ധതികളുടെയും അതിനുവേണ്ടി ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനും തകർച്ചയിൽ നിന്ന് കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചവയിൽ ഒരു പദ്ധതി ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കണമെന്നതാണ്. ഇതിന്റെ ഭാഗമായി പുതിയ നിയമനങ്ങൾ പൂർണ്ണമായും നിയന്ത്രിക്കുകയും ഇതിലൂടെ പ്രതിമാസ ശമ്പള ഇനത്തിൽ വേണ്ടിവരുന്ന ചെലവ് കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിനായി ശ്രീ. സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് പ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ, പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യ്ക്ക് 3100 കോടി രൂപ 9.2% പലിശയ്ക്ക്, 20 വർഷത്തെ ദീർഘകാല തിരിച്ചടവ് രീതിയിൽ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന ഉയർന്ന പലിശ നിരക്കിലുള്ള ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും അടച്ച് തീർക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി വായ്പാ തിരിച്ചടവ് ഇനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കാനും കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും തൽഫലമായി പെൻഷൻ വിതരണത്തിൽ കാലതാമസം നേരിടുകയുമുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത് സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത

കൺസോർഷ്യംവഴി നിലവിൽ പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാർ സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. ഈ ഇനത്തിൽ ഏകദേശം 2100,70,33,405 രൂപ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സഹകരണ ബാങ്കുകൾക്ക് അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രതിമാസം ഏകദേശം 20 കോടിയോളം രൂപ ശമ്പള വിതരണത്തിനായി കെ.എസ്.ആർ.ടി.സി.-യ്ക്ക് അനുവദിക്കുമായിരുന്നു. ഇപ്രകാരം തുടരവെ കോവിഡ് മഹാമാരി രൂക്ഷമാകുകയും ജനങ്ങൾ പൊതുഗതാഗത സംവിധാനം ഉപയോഗിക്കാൻ വിമുഖത കാട്ടുകയും ചെയ്തതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം ഗണ്യമായി കുറയുകയും ഇതുനിമിത്തം ജീവനക്കാർക്ക് പ്രതിമാസ ശമ്പളംപോലും നൽകാൻ കഴിയാത്ത അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയുമാണ്. ഈ പ്രതിസന്ധി കാലഘട്ടത്തിൽ 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് കെ.എസ്.ആർ.ടി.സി. നിലനിന്നുപോരുന്നത്. ടി കാലയളവ് മുതൽ നാളിതുവരെയും ശമ്പളം/ഇടക്കാലാശ്വാസം/ കോവിഡിന്റെ ആദ്യ വ്യാപനഘട്ടത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും മാറ്റിവച്ചിരുന്ന തുക എന്നിവയുൾപ്പെടെ നൽകുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ച് വരുന്നുണ്ട്. ഈ ഇനത്തിൽ ഏകദേശം 2085 കോടിയോളം രൂപ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം കോവിഡ് മഹാമാരിയെ തുടർന്ന്, കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം കുത്തനെ കുറഞ്ഞതിനാൽ കൺസോർഷ്യം വായ്പകളുടെ തിരിച്ചടവും മുടങ്ങുകയുണ്ടായി. ടി സാഹചര്യത്തിൽ പൊതുമേഖലാ ബാങ്കുകളിൽ നിന്നുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിനായി 220 കോടി രൂപയും കൺസോർഷ്യം വായ്പകളുടെ തിരിച്ചടവിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കൂടാതെ, കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്:

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസ്സുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പുകളായി പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.റ്റി.ഡി.സി.-യും ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കാനും സാധിക്കും. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യമൊരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതി, ദീർഘകാലാടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം/ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരള സർക്കാർ ആവിഷ്കരിച്ച് ഇ.വി. പോളിസിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ 2018-ൽ 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകൾ എൽ.എൻ.ജി./ സി.എൻ.ജി. എന്നിവയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ്. ഇതിന്റെ തുടർനടപടികൾ നിലവിൽ നടന്നുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയ 100 ബസ്സുകളും ഒരു സി.എൻ.ജി. ബസ്സും ഉപയോഗിച്ചും 10 സ്കാനിയ ബസ്സുകളും 10 ഇലക്ട്രിക് ബസ്സുകളും വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കിയും സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിലും നടത്തിയിട്ടുണ്ട്. വരുമാനം കൂട്ടുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമായി കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനുവേണ്ടി ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ നടത്തി ക്രമീകരിക്കുകയും ഹ്രസ്വദൂര ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ, ഓർഡിനറി സർവ്വീസുകൾ എന്നിവ പുനഃക്രമീകരിക്കുകയും ചെയ്തു. ടി പുനഃക്രമീകരണത്തിലൂടെ തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെ രണ്ട് പ്രധാന പാതകളിലൂടെയും സർവ്വീസുകൾ കൃത്യമായ ഇടവേളകളിൽ ക്രമീകരിക്കുന്നതിനും ബസ്സുകളുടെ എണ്ണം കുറച്ച് ചെലവ് ചുരുക്കി കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്.

(ബി) കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ വികസനത്തിനുണ്ടായിട്ടുള്ള തിരിച്ചടികൾ നേരിടുന്നതിനും പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് വരുന്നതെന്ന് അറിയിക്കാമോ?

കോവിഡ് രോഗവ്യാപനത്തെ തുടർന്നുള്ള കടുത്ത നിയന്ത്രണങ്ങൾമൂലം മേൽപ്പറഞ്ഞ പരിഷ്കരണ നടപടികൾ പൂർണ്ണമായി നിലയ്ക്കുകയും ബസ്സുകളിൽ യാത്രക്കാരില്ലാത്ത സാഹചര്യമുണ്ടാകുകയും ചെയ്തു. ഈ സാഹചര്യത്തിൽ വരുമാനം കുറവുള്ള ട്രിപ്പ് പരിമിതപ്പെടുത്തി യാത്രക്കാർ കൂടുതലുള്ളതും ആവശ്യമുള്ളതുമായ സമയങ്ങളിൽ സർവ്വീസുകളും ട്രിപ്പുകളും പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരികയാണ്. കൂടാതെ, വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് വിജയകരമായി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസുകളും മറ്റുസ്ഥാപനങ്ങളും ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസ്സുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതുപയോഗിച്ച് യാത്ര ചെയ്യുവാൻ "ഗുഡ് ഡേ" കാർഡുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ്‌ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽ തന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്. മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന ദരിദ്രരായ വനിതാ മത്സ്യ തൊഴിലാളികൾ നിലവിൽ അമിതചാർജ്ജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നുയെന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യ്ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിവരുന്നു. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്ന 'ഗ്രാമവണ്ടി' പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ പൂർണ്ണമായ സഹകരണത്തോടെ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. 'ഗ്രാമവണ്ടി' പദ്ധതി നടപ്പിലാക്കാൻ ത്രിതല പഞ്ചായത്തുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതോടൊപ്പം പ്രസ്തുത സ്ഥാപനങ്ങളുടെ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി ഗ്രാമവണ്ടികൾക്ക് ഡീസൽ അഥവാ ഡീസലിന് ആവശ്യമായ തുകയും ഗ്രാമവണ്ടിയിലെ ജീവനക്കാരുടെ താമസം, വാഹനത്തിന്റെ പാർക്കിംഗ്, സുരക്ഷ തുടങ്ങിയവ നൽകുകയും മറ്റ് ചെലവുകൾ കെ.എസ്.ആർ.ടി.സി. വഹിച്ചുമാണ് ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുക. 'ഗ്രാമവണ്ടി' പദ്ധതി സംബന്ധിച്ച് സർക്കാർ തലത്തിൽ ഉന്നതതല ചർച്ച

നടത്തുകയും തുടർനടപടികൾക്കായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി എത്രയും വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ വിനോദസഞ്ചാരികൾക്കായി ടൂർ പാക്കേജ്, ഗ്രൂപ്പ് ബുക്കിംഗ്, പ്രൈവറ്റ് ഹയർ സർവ്വീസ് തുടങ്ങി വരുമാന വർദ്ധനയ്ക്കും ജനോപകാരപ്രദവുമായ നിരവധി പദ്ധതികൾ പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. സർവ്വീസ് ഉപയോഗത്തിന് ആവശ്യമായ ബസ്സുകൾ മാത്രം ഡിപ്പോകൾക്ക് നൽകുകയും സ്പെയർ ബസ്സുകൾ ഡിസ്ട്രിക്ട് കോമൺ പൂൾ രൂപീകരിച്ച് പ്രവർത്തനസജ്ജമാക്കി നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തി വരികയും ചെയ്യുന്നു.

(സി) സുഗമമായ ദീർഘദൂര യാത്രയിൽ കോവിഡ് കാല പ്രത്യേക സേവന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ?

സുഗമമായ ദീർഘദൂര യാത്രയിൽ കോവിഡ്കാല പ്രത്യേക സേവന പദ്ധതികൾക്കായി ബൈപ്പാസ് റൈഡറുകൾ, ഫീഡർ ബസ്സുകൾ, ഫീഡർ സ്റ്റേഷനുകൾ എന്നിവ പുരോഗതിയിലാണ്. ക്യാഷ്‌ലെസ്സ് ട്രാൻസാക്ഷൻ ഒഴിവാക്കുന്നതിന് സ്മാർട്ട് കാർഡുകൾ, മുൻകൂട്ടി റിസർവേഷൻ സൗകര്യങ്ങൾ, ബോണ്ട് സർവ്വീസുകൾ തുടങ്ങി പ്രത്യേക സർവ്വീസുകൾ നടത്തിവരുന്നു. കൂടാതെ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് സർവ്വീസുകളുടെ നിയന്ത്രണം എന്നിവയും പുതിയ ഇ.റ്റി.എം. മെഷീനുകളും നൽകുന്നതടക്കമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ഡി) മുടങ്ങിക്കിടക്കുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

കോവിഡ്-19-നെ തുടർന്നുള്ള ലോക്ക്ഡൗൺ ഇളവുകൾ പ്രഖ്യാപിച്ചതിനെത്തുടർന്ന് 2021 മാർച്ച് മാസം നടത്തി വന്നിരുന്ന എല്ലാ സർവ്വീസുകളും ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. എന്നാൽ യാത്രക്കാർ തീരെ കുറവുള്ളതും ഡീസൽ ചെലവിന് പോലും വരുമാനം ലഭ്യമാകാത്തതുമായ ട്രിപ്പുകളും സർവ്വീസുകളും വരുമാന ലഭ്യത ഉറപ്പുവരുത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. നടത്തുന്ന ദീർഘദൂര സർവ്വീസുകൾക്ക് ആവശ്യമായ ബസ്സുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ബസ്സുകളുടെ അഭാവത്താൽ പ്രതിദിന സർവ്വീസുകൾക്ക് മുടക്കംവരാത്ത രീതിയിൽ ബസ്സുകൾ ക്രമീകരിക്കുന്നതിനായി ഒരു ജില്ലാതല സംവിധാനമായി ഡി.സി.പി. ഒരുക്കിയിട്ടുണ്ട്. ഏതെങ്കിലും സർവ്വീസുകൾ ബസ്സുകളുടെ അഭാവത്താൽ മുടങ്ങുന്ന സാഹചര്യത്തിൽ കേന്ദ്രീകൃത ജില്ലാ സംവിധാനത്തിൽനിന്നും ബസ് ഉറപ്പുവരുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വർദ്ധിച്ച് വരുന്നുണ്ട്. കൂടാതെ 650 ബസ്സുകൾ ക്രമാനുഗതമായി യൂണിറ്റുകൾക്ക് നൽകി വർദ്ധിച്ചുവരുന്ന യാത്രക്കാരുടെ എണ്ണമനുസരിച്ച് 2019 ഡിസംബർ

മാസമുണ്ടായിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കി വരികയാണ്.

**കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ**

165(6690) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ആകെ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നത്; താൽക്കാലിക ജീവനക്കാരുടെയും മറ്റ് കരാർ വ്യവസ്ഥകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെയും കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർ ഏതൊക്കെ തസ്തികകളിലാണ് കോർപ്പറേഷനിൽ ജോലി ചെയ്യുന്നത്; ഓരോ തസ്തികകളിലും നിലവിൽ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളവും മറ്റാനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളയിനത്തിൽ അല്ലാതെ മറ്റ് വിധത്തിലുള്ള പ്രതിമാസ ഭരണ ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ സ്പെയർപാർട്ടുകൾ, ഡീസൽ തുടങ്ങി ബസ്സുമായി ബന്ധപ്പെട്ട നടത്തിപ്പ് ചെലവിനല്ലാതെ ഭരണ ചെലവിനത്തിലും ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നീ ഇനങ്ങളിലുമായി ആകെ എത്ര രൂപയാണ് പ്രതിമാസ ചെലവ്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

(എ-ഡി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ആകെ 25784 സ്ഥിരം ജീവനക്കാരും 144 സ്ഥിരം ഹയർ ഡിവിഷൻ ഓഫീസർമാരും ജോലി നോക്കുന്നു. താത്കാലികാടിസ്ഥാനത്തിൽ നിലവിൽ 548 ജീവനക്കാർ ജോലി ചെയ്യുന്നു. കൂടാതെ, കെക്സ്കോൺ ഏജൻസി മുഖാന്തരം താൽക്കാലികമായി കരാറടിസ്ഥാനത്തിൽ 203 പേർ ഗാർഡായി ജോലി ചെയ്യുന്നു. കൂടാതെ മാനേജീരിയൽ തസ്തികയിൽ 13 പേരും കരാറടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നു. 2021 സെപ്റ്റംബർ മാസത്തെ ശമ്പള കണക്ക് പ്രകാരം കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുടേയും താൽക്കാലിക ജീവനക്കാരുടേയും ശമ്പള പട്ടിക അനുബന്ധമായി ചേർക്കുന്നു.* കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളയിനത്തിൽ അല്ലാതെ മറ്റ് വിധത്തിലുള്ള ശരാശരി പ്രതിമാസ ഭരണ ചെലവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതിനുപുറമെ വായ്പാ തിരിച്ചടവ് ഇനത്തിൽ 31 കോടിയോളം രൂപകൂടി പ്രതിമാസ ചെലവിൽ ഉൾപ്പെടുന്നു. കോവിഡ് പ്രതിസന്ധിയെ തുടർന്ന് വായ്പാ തിരിച്ചടവ് ആരംഭിച്ചിട്ടില്ലാത്തതിനാലാണ് ടി തുക ആകെ പ്രതിമാസ ചെലവിൽ ഉൾപ്പെടുത്താത്തത്. ഏകദേശം 178.25 കോടി രൂപ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ നടത്തിയ പരിഷ്കാരങ്ങൾ

166(6691) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ നടത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കൂടുതൽ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ആയതിലേയ്ക്കുള്ള വിവിധ പരിഷ്കാര പദ്ധതികൾ ചുവടെ ചേർക്കുന്നു.

ബോണ്ട് സർവ്വീസ് - വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

സിറ്റി സർക്കുലർ സർവ്വീസ്- തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസ്സുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതുപയോഗിച്ച് യാത്ര ചെയ്യാൻ "ഗുഡ് ഡേ" കാർഡുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ്‌ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽ തന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കി വരുന്നത്.

സമുദ്ര ബസ് പദ്ധതി -മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ മത്സ്യ തൊഴിലാളികൾ നിലവിൽ അമിതചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നുയെന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ വാഹനം ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള മൂന്ന് സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിവരുന്നു. Fish on Wheels, Foodies on Wheels, Mobile Ration shop എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദസഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.-ക്ക് കിലോമീറ്ററിന് 57 രൂപ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകി വരുന്നുണ്ട്. സ്കൂൾ Bond Service, Company Bond Service എന്നിവ ആരംഭിക്കാനുള്ള സന്നദ്ധത കെ.എസ്.ആർ.ടി.സി. ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.

വിവിധ ടൂർ പാക്കേജുകൾ -കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽ നിന്നും കേരളത്തിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ യാത്രക്കാരുടെ എണ്ണം /ആവശ്യകത അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അധിക സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി പ്രത്യേക സർവ്വീസുകളും ആവശ്യാനുസരണം അയച്ച് വരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ/മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും

പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിലൂടേയും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കൂടാതെ കൊറിയർ/പാഴ്സൽ സർവ്വീസുകൾ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാനമാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഫലപ്രദമായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്ക് ഇന്ധനം വിൽക്കുന്നതിനായി റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുറക്കുന്നതുവഴി ടിക്കറ്റേതര വരുമാനം ലഭിക്കുന്നതാണ്. ഇതിനോടനുബന്ധമായി, ഓയിൽ, എൽ.പി.ജി. സിലിണ്ടർ എന്നിവയും വിൽപ്പനയ്ക്ക് നൽകുന്നത് വഴിയും ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് വഴിയും പൊതുജനങ്ങളെ പമ്പിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ വാണിജ്യ പ്രാധാന്യമുള്ള ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചു വരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ, വിഴിഞ്ഞം എന്നീ ബസ് സ്റ്റേഷനുകളിൽ ആധുനികരീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേവികുളത്ത് ഒരു ഹോളിഡേ ഹോം പ്രോജക്ട് ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം

പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഡീസൽ വില വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഡീസൽ ബസ്സുകൾ എൽ.എൻ.ജി., സി.എൻ.ജി. എന്നിവയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനായി ദർഘാസ് ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സർക്കാരിന്റെ 2021-22-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന്റെ പ്രാരംഭ നടപടിയായി 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ദർഘാസ് ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കായി ബോണ്ട് അടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിലെ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് ടി പദ്ധതി. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം, ആവശ്യമായ ദിവസങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേക നിരക്ക് നിശ്ചയിച്ച് സ്കൂൾ അധികാരികൾ തൊട്ടടുത്തുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോയുമായി ധാരണയുണ്ടാക്കിയാണ് ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്താനുദ്ദേശിക്കുന്ന ഗ്രാമവണ്ടി പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ പൂർണ്ണമായ സഹകരണത്തോടെ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാൻ ത്രിതല പഞ്ചായത്തുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതോടൊപ്പം പ്രസ്തുത സ്ഥാപനങ്ങളുടെ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി ഗ്രാമവണ്ടികൾക്ക് ഡീസൽ അഥവാ ഡീസലിന് ആവശ്യമായ തുകയും ഗ്രാമവണ്ടിയിലെ ജീവനക്കാരുടെ താമസം, വാഹനത്തിന്റെ പാർക്കിംഗ്, സുരക്ഷ തുടങ്ങിയവ നൽകുകയും മറ്റ് ചെലവുകൾ കെ.എസ്.ആർ.ടി.സി. വഹിച്ചുമാണ് ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുക. ഗ്രാമവണ്ടി പദ്ധതി സംബന്ധിച്ച് സർക്കാർ തലത്തിൽ ഉന്നതതല ചർച്ച നടത്തുകയും തുടർനടപടികൾക്കായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അധികതാമസം കൂടാതെ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

## മെക്കാനിക്കൽ വർക്ക്ഷോപ്പ് സേവനം പൊതുജനങ്ങൾക്ക്

167(6692) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിൽ പ്രവർത്തിക്കുന്ന മെക്കാനിക്കൽ വർക്ക്ഷോപ്പുകളിൽനിന്നും പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിൽ പ്രവർത്തിക്കുന്ന മെക്കാനിക്കൽ വർക്ക്ഷോപ്പുകളിൽനിന്നും നിലവിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നില്ല.

(ബി) സ്വകാര്യ വാഹനങ്ങളിലെ രാത്രികാല യാത്രക്കിടയിൽ വരുന്ന വാഹന കേടുപാടുകൾ തീർക്കാൻ പ്രസ്തുത വർക്ക്ഷോപ്പുകളെ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല. ടി വിഷയം പരിശോധിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുന്നതാണ്.

## സ്കാനിയ, വോൾവോ ബസ്സുകളുടെ അറ്റകുറ്റപ്പണി

168 (6693) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കാനിയ, വോൾവോ ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ സ്പെയർ പാർട്സിന് ക്ഷാമം അനുഭവപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. സ്കാനിയ/വോൾവോ ബസ്സുകളുടെ സ്പെയർപാർട്സുകൾക്ക് താരതമ്യേന വില കൂടുതലായതിനാൽ എല്ലാത്തരം സ്പെയർപാർട്സുകളും വാങ്ങി സ്റ്റോക്ക് ചെയ്യുന്നത് പ്രായോഗികമല്ല. നിരന്തരം ആവശ്യം വരുന്നതും ഫാസ്റ്റ് മൂവിംഗായതുമായ കുറച്ച് സ്പെയർപാർട്സുകൾ മാത്രമാണ് വാങ്ങുന്നത്. മറ്റ് സ്പെയർപാർട്സുകൾ ആവശ്യം വരുമ്പോൾ മാത്രം വാഹന നിർമ്മാതാക്കളുടെ അംഗീകൃത ഏജൻസികളിൽനിന്ന് ബന്ധപ്പെട്ട ഡിപ്പോകളിൽ നിന്നും ഓർഡർ നൽകി ലഭ്യമാക്കുകയാണ് പതിവ്. ആയതിനാൽ സ്പെയർപാർട്സുകൾ ലഭ്യമാക്കാൻ കാലതാമസമുണ്ടാകുന്നുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ

കോർപ്പറേഷന് മുൻകൂട്ടി ഫണ്ട് അനുവദിച്ച് മുൻകൂറായി സാധനങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്.

**കെ.എസ്.ആർ.ടി.സി.-യിലെ ആശ്രിത നിയമനം**

169(6694) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ആശ്രിത നിയമന പദ്ധതി നിലവിലുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഏറ്റവും ഒടുവിൽ നിയമനം നൽകിയതെന്നാണെന്ന് വ്യക്തമാക്കുമോ;

(സി) നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ പേര് വിവരവും മേൽവിലാസവും ലഭ്യമാക്കുമോ;

(ഡി) ഇവർക്ക് എന്നേയ്ക്ക് നിയമനം നൽകുമെന്ന് വ്യക്തമാക്കുമോ?

(എ-ഡി) കെ.എസ്.ആർ.ടി.സി.-യിൽ ആശ്രിത നിയമന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 25-10-2017-ലാണ് അവസാനമായി നിയമന ശിപാർശ നൽകിയത്. നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ നൽകി കാത്തിരിക്കുന്ന 231 പേരുടെ പേര് വിവരവും മേൽവിലാസവും അടങ്ങിയ പട്ടിക ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.* പട്ടികയിൽ ഉൾപ്പെട്ടവരെ കൂടാതെ 24 അപേക്ഷകളിന്മേൽ അപാകതകളുള്ളതിനാൽ അവ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടിൻപ്രകാരം വിവിധ തസ്തികകളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അംഗബലം പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് നടപടികൾ തുടർന്നുവരികയാണ്. ധാരാളം അപേക്ഷകൾ നിലവിൽ തീരുമാനമെടുക്കാനുള്ളതിനാൽ മറ്റ് കോർപ്പറേഷൻ/ബോർഡ്/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ പരിഗണിക്കുന്നതിനുള്ള സാധ്യത ആരായുന്നതാണ്. ടി രണ്ട് കാര്യങ്ങൾ പൂർത്തിയായാൽ ഉടൻതന്നെ ആശ്രിത നിയമന അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) പ്രസ്തുത പദ്ധതി പ്രകാരം ജോലി നൽകുന്നതിന് താമസം നേരിടുന്ന സാഹചര്യത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യിലോ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധ സ്ഥാപനങ്ങളിലോ ജോലി നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

കെ.എസ്.ആർ.ടി.സി. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യമാണുള്ളത്. അതിനാൽ നിലവിൽ ഈ നിർദ്ദേശം പരിഗണനയിലില്ല.

(എഫ്) പ്രസ്തുത പദ്ധതിയിൽ ജോലി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളവരിൽ പലരുടെയും ജീവിത സാഹചര്യങ്ങൾ പരിതാപകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

പ്രസ്തുത പദ്ധതിയിൽ ജോലി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളവരിൽ പലരുടെയും ജീവിത സാഹചര്യങ്ങൾ പരിതാപകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധാരാളം അപേക്ഷകൾ നിലവിൽ തീരുമാനമെടുക്കാനുള്ളതിനാൽ മറ്റ് കോർപ്പറേഷൻ/ബോർഡ്/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ പരിഗണിക്കുന്നതിനുള്ള സാധ്യത ആരായുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാർ**

170(6695) <u>ശ്രീ. യു. എ. ലത്തീഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യിൽ എത്ര പേർക്ക് നിയമനം നൽകി; ഇതിൽ സ്ഥിരം, കരാർ, താത്കാലിക നിയമനങ്ങളുടെ കണക്കുകൾ തരം തിരിച്ച് ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യിൽ 5188 പേർക്കും ഹയർ ഡിവിഷൻ ഓഫീസർ തസ്തികകളിൽ 25 പേർക്കും സ്ഥിരം നിയമനം നൽകിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് M/s കെക്സ്കോൺ ഏജൻസി മുഖേന കരാർ അടിസ്ഥാനത്തിൽ 103 ഗാർഡ് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിവിധ മാനേജീരിയൽ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ 61 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് എത്ര ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റുവകുപ്പുകളിൽ ജോലി ചെയ്യുന്നുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ നിന്നും 4 പേർ നിലവിൽ വിവിധ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യിൽ പുതിയതായി നിയമനം ലഭിച്ച അക്കൗണ്ട്സ് ഓഫീസർമാരുടെ ട്രെയിനിംഗ് പൂർത്തിയായോ; എത്ര പേരാണ് ട്രെയിനിംഗിൽ പങ്കെടുക്കുന്നത്; കണക്കുകൾ ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ സ്ഥിരനിയമനം നടത്തിയിട്ടില്ല. എന്നാൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (AO) തസ്തികയിൽ 6 പേരെയും അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ (ATO) തസ്തികയിൽ 6 പേരെയും പി.എസ്.സി. മുഖാന്തരം ട്രെയിനിയായി നിയമിച്ചിരുന്നു. ടി ജീവനക്കാർ ഒരു വർഷക്കാലത്തെ ട്രെയിനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. AO (Trainee) തസ്തികയിൽ നിയമിതരായവരെ AO ആയി നിയമിച്ചിട്ടുണ്ട്. ATO (Trainee) തസ്തികയിൽ ട്രെയിനിംഗ് പൂർത്തീകരിച്ചവരുടെ ATO ആയുള്ള നിയമന നപടികൾ പുരോഗമിച്ചു വരികയാണ്. രണ്ട് ATO ട്രെയിനിമാർകൂടി പുതിയ പി.എസ്.സി. അഡ്വൈസ് പ്രകാരം ജോയിൻ ചെയ്തിട്ടുണ്ട്. ആ ജീവനക്കാരുടെ ട്രെയിനിംഗ് പൂർത്തീകരിച്ചുവരികയാണ്.

**കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ ജീവനക്കാർ**

171(6696) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2018 ഡിസംബർ വരെ ജോലി ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം പിരിച്ച് വിടുകയും 2019-ൽ പുനർനിയമനം ലഭിക്കുകയും ചെയ്ത കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ ജീവനക്കാർ ഡ്യൂട്ടിയിൽനിന്ന് മാറ്റി നിർത്തപ്പെട്ടതിനാൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് 10 വർഷം പൂർത്തിയാക്കിയ എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി നിലവിലേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരെ സ്വിഫ്റ്റ് കമ്പനി രൂപീകരിച്ച് അതിൽ സംരക്ഷിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ബി&സി) ദിവസവേതന അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിരുന്നവരെ സ്ഥിരപ്പെടുത്തണമെന്ന വിവിധ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇവരെ സേവനത്തിൽനിന്നും മാറ്റിനിർത്തുന്നതിന് ബഹുമാനപ്പെട്ട സുപ്രീം കോടതി/ ഹൈക്കോടതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ ഇത്തരം സ്ഥിരപ്പെടുത്തൽ നടപടികൾ നിലവിൽ സാധ്യമല്ല. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് രൂപീകരിക്കുന്നതിനായി 19-2-2021-ൽ പുറപ്പെടുവിച്ച G.O.(Ms) No. 7/2021/Trans. ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പിരിച്ചുവിടപ്പെട്ട എംപാനൽ ജീവനക്കാരെ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ പുനരധിവസിപ്പിക്കുമെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് നാല് കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിൽ വന്ന സാഹചര്യത്തിൽ ജീവനക്കാരെ പുനരധിവസിപ്പിക്കുന്ന കാര്യം ബഹുമാനപ്പെട്ട കോടതിയുടെ അന്തിമവിധിക്ക് അനുസരിച്ചായിരിക്കും.

**കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം**

172 (6697) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ മാസത്തിന്റെ ആദ്യ ദിവസങ്ങളിൽ തന്നെ വിതരണം ചെയ്യുന്നുണ്ടോ;

(ബി) 2021 ഒക്ടോബർ മാസത്തെ പെൻഷൻ എന്നാണ് വിതരണം ചെയ്തത്?

(എ&ബി) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ എല്ലാ മാസവും പരമാവധി ആദ്യവാരം തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 2021 ഒക്ടോബർ മാസത്തെ പെൻഷൻ 2021 നവംബർ മാസം ആദ്യ വാരത്തിലാണ് വിതരണം ചെയ്തത്.

(സി) പെൻഷൻ വിതരണം മുടങ്ങിയതിന്റെ കാരണം വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽനിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും തൽഫലമായി പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമാകുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത്,

സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യംവഴി നിലവിൽ പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാർ തന്നെ സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഈ ധാരണയനുസരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യംവഴി കഴിഞ്ഞ തവണ വിതരണം ചെയ്ത പെൻഷൻ തുക സർക്കാരിൽനിന്നും കാർഷിക സംഘങ്ങൾക്ക് അനുവദിക്കുന്നതിൽ നേരിയ കാലതാമസം നേരിടുകയുണ്ടായി. നിലവിൽ ടി കുടിശ്ശിക തുക സർക്കാർ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് അനുവദിക്കുകയും തുടർന്ന് നവംബർ ആദ്യവാരത്തോടെ 2021 ഒക്ടോബർ മാസത്തെ പെൻഷൻ വിതരണം ചെയ്തിട്ടുമുണ്ട്.

(ഡി) മാസാദ്യങ്ങളിൽ തന്നെ പെൻഷൻ വിതരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

നിലവിൽ കെ.എസ്.ആർ.ടി.സി. നേരിട്ടല്ല പെൻഷൻ വിതരണം നടത്തുന്നത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം വഴി വിതരണം ചെയ്യുന്ന പെൻഷൻ, സ്വാഭാവിക നടപടിക്രമങ്ങൾ പൂർത്തിയാക്കി പരമാവധി എല്ലാ മാസത്തിലെയും ആദ്യ പ്രവർത്തിദിനങ്ങളിൽ തന്നെ വിതരണം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

## കെ.എസ്.ആർ.ടി.സി. പെൻഷന് അപ്പർ ലിമിറ്റ് സീലിംഗ് ഏർപ്പെടുത്തുന്നത്

173 (6698) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാർക്ക് പ്രതിമാസ പെൻഷൻ തുക കൃത്യമായി ലഭ്യമാക്കുന്നതിന് സർക്കാരിന് ബാധ്യതയുണ്ടോ?

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വീസ് മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണത്തിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സർക്കാർ മുൻകയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യംവഴി നിലവിൽ പെൻഷൻ മുടക്കം കൂടാതെ നൽകി വരികയും

ചെയ്യുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുള്ള വായ്പാ വിഹിതത്തിൽ നിന്നും സഹകരണ ബാങ്കുകൾക്ക് അനുവദിക്കുന്നുണ്ട്.

(ബി) കൂടിയ പെൻഷൻ തുകയും കുറഞ്ഞതും തമ്മിലുള്ള അന്തരം കുറച്ച് കൊണ്ടുവരുന്നതിന് പെൻഷന് അപ്പർ ലിമിറ്റ് സീലിംഗ് ഏർപ്പെടുത്തുവാൻ ആലോചനയുണ്ടോ;

(സി) ഉയർന്ന പെൻഷൻ സ്വീകർത്താക്കൾക്ക് സീലിംഗ് ഏർപ്പെടുത്തുന്നത് എന്ന് മുതലാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത നടപടികൊണ്ട് പ്രതിമാസ പെൻഷൻ കൃത്യമായി വിതരണം നടത്താനാകുമോയെന്നറിയിക്കുമോ?

(ബി-ഡി) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

## കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഗ്രാമീണ ബസ് റൂട്ടുകളിൽ ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി

174(6699) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഗ്രാമീണ ബസ് റൂട്ടുകളിൽ പൊതുഗതാഗത സൗകര്യങ്ങൾ കുറവായതുകാരണം പ്രദേശവാസികൾ ഏറെ ഗതാഗതക്ലേശം നേരിടുന്നതിനാൽ മലപ്പുറം-ചട്ടിപ്പറമ്പ്-കാടാമ്പുഴ-വളാഞ്ചേരി, പെരിന്തൽമണ്ണ-വളാഞ്ചേരി-പേരശന്നൂർ-എടച്ചലം-കുറ്റിപ്പുറം, പെരിന്തൽമണ്ണ-പടപ്പറമ്പ്-ചേണ്ടി-എടയൂർ-വളാഞ്ചേരി, കോട്ടയ്ക്കൽ-ഇന്ത്യാനൂർ-കോൽക്കളം-ആക്കപ്പറമ്പ്-ചട്ടിപ്പറമ്പ്-മലപ്പുറം എന്നീ ഗ്രാമീണ റൂട്ടുകളിൽക്കൂടി കെ.എസ്.ആർ.ടി.സി.-യുടെ ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-ക്ക് കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുകപോലും കിട്ടാത്ത സർവ്വീസുകൾ നടത്താൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും നിലവിലെ ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ യാത്രക്കാരുടെ എണ്ണം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാത്രക്കാർ കുറവുള്ളതും ഡീസൽ തുകപോലും ലഭിക്കാത്തതുമായ സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരം റൂട്ടുകളിലേയ്ക്ക് ക്രമീകരിക്കുന്നതിന് പദ്ധതിയുണ്ട്. പ്രസ്തുത ക്രമീകരണത്തിന് ശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധികമായി പുതിയ സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് 'ഗ്രാമവണ്ടി' പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിനാൽ മലപ്പുറം-ചട്ടിപ്പറമ്പ്-കാടാമ്പുഴ-വളാഞ്ചേരി, പെരിന്തൽമണ്ണ- വളാഞ്ചേരി-പേരശന്നൂർ-എടച്ചലം-കുറ്റിപ്പുറം, പെരിന്തൽമണ്ണ-പടപ്പറമ്പ്- ചേണ്ടി-എടയൂർ-വളാഞ്ചേരി, കോട്ടയ്ക്കൽ-ഇന്ത്യാന്നൂർ-കോൽക്കളം- ആക്കപ്പറമ്പ് - ചട്ടിപ്പറമ്പ് - മലപ്പുറം എന്നീ ഗ്രാമീണ റൂട്ടുകൾകൂടി ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസ് നടത്തുന്നതിന് കഴിയുന്നതാണോയെന്ന് വ്യക്തമായ അപേക്ഷ ത്രിതല പഞ്ചായത്തുമുഖേന ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**മാവേലിക്കര ഡിപ്പോയുടെ പുനരുദ്ധാരണം**

175(6700) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഡിപ്പോയുടെ പുനരുദ്ധാരണത്തിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോ കോൺക്രീറ്റോ ടാറോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ മുൻ എം.എൽ.എ.യായ ശ്രീ. ആർ. രാജേഷിന്റെ 2015-16 വർഷത്തെ ആസ്തി വികസന പദ്ധതിയിൽനിന്നും ഒരു കോടി രൂപ ഉപയോഗിച്ച് " പുതിയ ഓഫീസ് കെട്ടിടം" നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചുവെങ്കിലും മുനിസിപ്പാലിറ്റിയിൽനിന്നും KMBR 1999 ചട്ടം 4 പ്രകാരം അനധികൃത നിർമ്മാണം നടത്തുന്നുയെന്ന് കാണിച്ച് 1-7-2016-ൽ Stop memo ലഭിച്ചതുകാരണം പ്രവൃത്തി മുടങ്ങിക്കിടക്കുകയാണ്. എന്നാൽ നിലവിലുള്ള തടസ്സങ്ങൾ പരിഹരിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് യാർഡിന്റെ പുനരുദ്ധാരണം നടപ്പിലാക്കുന്നതാണ്.

## കാസർഗോഡ് -മംഗലാപുരം റൂട്ടിൽ കൂടുതൽ ബസ്സുകൾ

176(6701) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-മംഗലാപുരം റൂട്ടിൽ നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് ദിവസേന യാത്രയ്ക്കായുള്ളതെന്ന് അറിയിക്കുമോ;

(ബി) ഗതാഗതം പുനരാരംഭിച്ചതിനാൽ കൂടുതൽ ബസ്സുകൾ അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോവിഡ് പ്രതിസന്ധിമൂലം നിർത്തലാക്കിയ കാസർഗോഡ്-മംഗലാപുരം അന്തർ സംസ്ഥാന റൂട്ടിൽ കർണ്ണാടക സർക്കാരിന്റെ അനുമതി ലഭിക്കാത്തതുമൂലം പൊതുഗതാഗതം ഇനിയും പുനരാരംഭിച്ചിട്ടില്ല. എന്നാൽ ഈ റൂട്ടിലെ സംസ്ഥാന അതിർത്തിയായ തലപ്പാടി വരെ കാസർഗോഡ് ഡിപ്പോയിൽ നിന്നും ചെയിൻ സർവ്വീസുകൾ നടത്തിവരുന്നുണ്ട്. ആകെ 26 ബസ്സുകളുപയോഗിച്ച് 236 ട്രിപ്പുകളാണ് കെ.എസ്.ആർ.ടി.സി. ഈ റൂട്ടിൽ സർവ്വീസ് നടത്തിവരുന്നത്. കോവിഡ് നിയന്ത്രണങ്ങൾ പൂർണ്ണമായും ഒഴിവാകുമ്പോൾ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നതും വരുമാന വർദ്ധനവും കണക്കിലെടുത്ത് കൂടുതൽ ബസുകൾ സർവ്വീസ് നടത്തുന്ന കാര്യം പരിശോധിച്ച് നടപ്പിലാക്കുന്നതാണ്.

## കുണ്ടറ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

177(6702) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ കോവിഡ് നിയന്ത്രണങ്ങൾ വരുന്നതിനുമുൻപ് കൊല്ലം, കൊട്ടാരക്കര, ചാത്തന്നൂർ, പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും കുണ്ടറ മണ്ഡലത്തിന്റെ പരിധിയിലുള്ള വിവിധ പഞ്ചായത്തുകളിലൂടെ നടത്തിയിരുന്ന ബസ് സർവ്വീസുകൾ (ലോ ഫ്ലോർ ഉൾപ്പെടെ) ഏതൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത ഡിപ്പോകളിൽ നിന്നും കുണ്ടറ മണ്ഡലത്തിലേയ്ക്ക് നിലവിൽ ബസ് സർവ്വീസ് നടത്തുന്നത് ഏതൊക്കെ റൂട്ടുകളിലാണെന്ന് തരംതിരിച്ച് നൽകാമോ?

ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കൊല്ലം, കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും കുണ്ടറ വഴി തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് പോകുന്ന എത്ര സർവ്വീസുകളാണുള്ളത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊല്ലം ഡിപ്പോയിൽനിന്നും കുണ്ടറ വഴി തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് പോകുന്ന രണ്ട് സർവ്വീസുകളാണുള്ളത്. എന്നാൽ കൊട്ടാരക്കര ഡിപ്പോയിൽനിന്നും കുണ്ടറ റൂട്ടിലൂടെയുള്ള മെഡിക്കൽ കോളേജ് സർവ്വീസ് നിലവിലില്ല.

(സി) കുണ്ടറ മണ്ഡലത്തിൽനിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജ്, ആർ.സി.സി., ശ്രീചിത്ര മെഡിക്കൽ സെന്റർ എന്നീ ആരോഗ്യ കേന്ദ്രങ്ങളെ ആശ്രയിക്കുന്ന രോഗികൾക്കായി കൊല്ലം, കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും കുണ്ടറ വഴി കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

കുണ്ടറ മണ്ഡലത്തിൽനിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജ്, ആർ.സി.സി., ശ്രീചിത്ര മെഡിക്കൽ സെന്റർ എന്നീ ആരോഗ്യ കേന്ദ്രങ്ങളെ ആശ്രയിക്കുന്ന രോഗികൾക്കായി കൊല്ലം യൂണിറ്റിൽനിന്നും രണ്ട് സർവ്വീസുകളും കൊട്ടാരക്കര യൂണിറ്റിൽനിന്നും ഒരു സർവ്വീസും നിലവിൽ നടത്തിവരുന്നുണ്ട്. 2021 മാർച്ച് മാസത്തിൽ സമാനമായ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് നിലവിൽ കോർപ്പറേഷന്റെ എല്ലാ ഡിപ്പോകളിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്നത്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്താൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മെഡിക്കൽ കോളേജ് വഴി പോകുന്ന ധാരാളം സർവ്വീസുകൾ കൊല്ലം, കൊട്ടാരക്കര യൂണിറ്റുകൾ വഴി നിലവിലും ഓപ്പറേറ്റ് ചെയ്തുവരുന്നു. ഈ സാഹചര്യത്തിൽ ഗ്രാമങ്ങളിൽനിന്നും നേരിട്ട് ദീർഘദൂര, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി ബസ്സുകൾ പുതിയതായി ആരംഭിക്കാൻ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയില്ല.

**വർക്കല മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

178(6703) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ സർവ്വീസ് നടത്തിവന്നിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ കോവിഡ് മഹാമാരിയെ തുടർന്ന് സർവ്വീസ് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ആയത് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വർക്കല മണ്ഡലത്തിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽനിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ അടിയന്തരമായി ഓടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കോവിഡ് മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങൾമൂലം വർക്കല മണ്ഡലത്തിൽനിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ചില സർവ്വീസുകൾ നിർത്തിവച്ചിരുന്നു. എന്നാൽ കോവിഡ് നിയന്ത്രണങ്ങൾ ഇളവ് ചെയ്ത 2021 മാർച്ച് മാസം ഓപ്പറേറ്റ് ചെയ്ത ജനോപകാരപ്രദമായ സർവ്വീസുകൾ ഇപ്പോൾ വർക്കല മണ്ഡലത്തിൽ നിർത്തിവച്ചിട്ടില്ല. എന്നാൽ, കോവിഡ് സാഹചര്യത്തിന് മുൻപ് ഓപ്പറേറ്റ് ചെയ്തിരുന്നതും നിന്നുപോയതുമായ വിവിധ സർവ്വീസുകളിലെ ജനോപകാരപ്രദമായ ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്ത് വരികയും ഓരോ യൂണിറ്റുകളുടേയും ഷെഡ്യൂളുകളിലെ ഓരോ ട്രിപ്പുകളും പരിശോധിക്കുന്ന തരത്തിൽ ശാസ്ത്രീയപഠനം നടത്തി അവലോകന യോഗങ്ങൾ നടത്തി വരികയുമാണ്. ഇത്തരത്തിൽ യാത്രക്കാരുടെ ആവശ്യകതയനുസരിച്ച് ട്രിപ്പുകൾ/സർവ്വീസുകൾ ക്രമീകരിച്ച് വരുന്നുണ്ട്. എന്നാൽ കോവിഡ് നിയന്ത്രണത്തിൽ ഇളവ് വന്നതിനുശേഷം യാത്രക്കാർ തീരെ കുറവുള്ളതും ഡീസൽ ചെലവിനുള്ള വരുമാനംപോലും ലഭ്യമല്ലാതെ വന്നിരുന്നതുമായ സർവ്വീസുകൾ പുനഃക്രമീകരിച്ച് മാത്രം ഓടിക്കേണ്ട സാഹചര്യം വന്നുചേർന്നിട്ടുണ്ട്. ഇത്തരത്തിൽ പുനഃക്രമീകരണം നടത്തിയതിനുശേഷം, വർക്കല മണ്ഡലത്തിൽനിന്നും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ളയിടങ്ങളിൽ കൂടുതൽ യാത്രാസൗകര്യം ആവശ്യമെങ്കിൽ അധിക സർവ്വീസുകളും ട്രിപ്പുകളും ഓപ്പറേറ്റ് ചെയ്യുന്ന കാര്യം പരിഗണനയിലാണ്. ഇതിനായി ഡിപ്പോകൾക്ക് ബസ്സുകൾ നൽകി തുടങ്ങിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. എയർപോർട്ട് സർവ്വീസ്

179(6704) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിന്നും മംഗലാപുരം എയർപോർട്ടിലേയ്ക്കും തിരിച്ചും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മഞ്ചേശ്വരത്ത് നിന്നും കണ്ണൂർ എയർപോർട്ടിലേയ്ക്കും തിരിച്ചും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കാസർഗോഡ്-മംഗലാപുരം അന്തർ സംസ്ഥാനപാതയിൽ കെ.എസ്.ആർ.ടി.സി.-യും കർണ്ണാടക ആർ.ടി.സി.-യും തുടർച്ചയായി സർവ്വീസുകൾ നടത്തിവരുന്നുണ്ട്. എന്നാൽ കാസർഗോഡ് നിന്നും മംഗലാപുരം

എയർപോർട്ടിലേയ്ക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് മംഗലാപുരം എയർപോർട്ട് അതോറിറ്റി ഉൾപ്പെടെയുള്ള അധികാരികളിൽനിന്നും അനുമതി ലഭ്യമാക്കി യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം സാദ്ധ്യതാപഠനം നടത്തി പരിഗണിക്കുന്നതിനാണ് മഞ്ചേശ്വരത്ത് നിന്നും കണ്ണൂർ എയർപോർട്ടിലേയ്ക്കും തിരിച്ചും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത് സംബന്ധിച്ചും സാദ്ധ്യതാപഠനം നടത്തി പരിഗണിക്കുന്നതാണ്.

**കാഞ്ഞങ്ങാട് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ**

180 (6705) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് സർവ്വീസ് നടത്തിയിരുന്നതും നിലവിൽ നിർത്തലാക്കിയിട്ടുള്ളതുമായ ബസ്സുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസ് നിർത്തലാക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ; ഇവ പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 2016-നുശേഷം കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് സർവ്വീസ് നടത്തിയിരുന്നതും നിലവിൽ നിന്നുപോയതുമായ 20 സർവ്വീസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. കോവിഡ് പ്രതിസന്ധിമൂലം ഈ 20 സർവ്വീസുകളിൽ 13 എണ്ണം സംസ്ഥാനത്തിനകത്ത് നടത്തുന്ന സർവ്വീസുകളും 7 എണ്ണം അന്തർ സംസ്ഥാന സർവ്വീസുകളുമാണ്. കോവിഡ് പ്രതിസന്ധിമൂലം ലോക്ക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ കാഞ്ഞങ്ങാട് ഡിപ്പോയിൽനിന്നും ചില ബസ് സർവ്വീസുകൾ നിർത്തിവച്ചിട്ടുണ്ട്. എന്നാൽ കോവിഡ് മാനദണ്ഡങ്ങളിൽ ഇളവ് പ്രഖ്യാപിച്ചപ്പോൾ സർവ്വീസ് പുനരാരംഭിച്ചെങ്കിലും യാത്രക്കാരുടെ എണ്ണം കുറവായതിനാലും ഡീസൽ ചാർജ്ജ് പോലും ലഭിക്കാത്തതിനാലും ചില സർവ്വീസുകൾ നിർത്തിവയ്ക്കേണ്ടിവന്നു. കോവിഡ് മാനദണ്ഡങ്ങളിൽ ഇളവ് പ്രഖ്യാപിച്ചപ്പോൾ ജനോപകാരപ്രദമായതും വരുമാനം ലഭിക്കുന്നതുമായ റൂട്ടുകളെ ഉൾപ്പെടുത്തി സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തുന്ന 13 ബസ്സുകളും ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ അന്തർ സംസ്ഥാന സർവ്വീസുകൾ നിലവിലുള്ള മറ്റ് സംസ്ഥാനങ്ങളുമായി ധാരണയാകാത്തതിനാൽ സർവ്വീസ് നടത്താൻ കഴിഞ്ഞിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോങ്ങാട് മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

181(6706) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കണ്ടുവരപാടം-പ്രയക്കയം, കടമ്പഴിപ്പുറം-കോങ്ങാട് കല്ലടിക്കോട് എന്നീ റൂട്ടുകളിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കിയതുകാരണം യാത്രാക്ലേശം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോങ്ങാട് മണ്ഡലത്തിലെ കണ്ടുവരപാടം-പ്രയക്കയം, കടമ്പഴിപ്പുറം-കോങ്ങാട് കല്ലടിക്കോട് എന്നീ റൂട്ടുകളിൽ നാളിതുവരെയും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിയിട്ടില്ല. എന്നിരുന്നാലും കൂടുതൽ യാത്രക്കാർ ടി റൂട്ടിൽ ബസ് സർവ്വീസ് ആവശ്യപ്പെടുന്ന മുറയ്ക്ക് സർവ്വീസ് നടത്തുന്ന കാര്യം സാദ്ധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

(ബി) സ്കൂൾ, കോളേജുകൾ തുറക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സർവ്വീസുകൾ അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മുൻവർഷങ്ങളിലെപ്പോലെ വിദ്യാർത്ഥികൾക്ക് കൺസഷനും മുൻപ് കെ.എസ്.ആർ.ടി.സി. ഓടിയിരുന്ന റൂട്ടുകളിലെ ട്രിപ്പുകളും പുനഃക്രമീകരിച്ച് വരുന്നുണ്ട്. കൂടാതെ സ്കൂളുകൾ/കോളേജ് വിദ്യാർത്ഥികളുടെ ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് കുട്ടികൾക്ക് മാത്രമായ പ്രത്യേകം ബോണ്ട് സർവ്വീസുകൾ പ്രത്യേക നിരക്കിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഏജന്റുമാരുടെ പ്രവർത്തനം

182 (6707) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഏജന്റുമാരുടെ പ്രവർത്തനം തടയാൻ നടപടി സ്വീകരിക്കുമോ; ഓഫീസിന്റെ പ്രവർത്തനം സുതാര്യമാക്കുവാൻ ഏജന്റുമാരെ ഒഴിവാക്കണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഏജന്റുമാരുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി നിരവധി സർക്കുലറുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഓഫീസുകളിലെ ഏജന്റുമാരുടെ അനാവശ്യ ഇടപെടലുകൾ തടയുന്നതിനും കൗണ്ടറുകളുടെ സുഗമമായ പ്രവർത്തനം നടത്തുന്നതിനുമായി 16/2013, 24/2015

എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ആർ.ടി. ഓഫീസുകളിലും സബ് ആർ.ടി. ഓഫീസുകളിലും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് 1218176/സി1/17/ഗതാഗതം നമ്പർ പരിപത്രം മുഖേന സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഉടമസ്ഥൻ നൽകിയ ഓതറൈസേഷൻ ലെറ്റർ ഹാജരാക്കുന്ന ഏജന്റുമാർക്ക് ലൈസൻസും മറ്റു രേഖകളും നേരിട്ട് നൽകാമെന്ന് 19-4-2017-ലെ എ 5/9/2017-റ്റി.സി. നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C)No.11683/2017-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ മേൽ ഓതറൈസേഷൻ ലെറ്ററുകൾ കൃത്യതയുള്ളത് തന്നെയായിരിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥർക്കും വീണ്ടും നൽകിയിട്ടുണ്ട്. അപേക്ഷകളിലും പ്രിന്റഡ് ഫോമുകളിലും ഡ്രൈവിംഗ് സ്കൂളുകളുടെ സീലും മറ്റും പതിപ്പിച്ചിരിക്കുന്നത് അവരെ തിരിച്ചറിയുന്നതിന് ഉദ്യോഗസ്ഥർക്ക് സഹായകമാകുന്നതിനാൽ ആയത് നിരുത്സാഹപ്പെടുത്തുവാൻ 7-3-2020-ലെ ജി5/ഇ-127854/2020/റ്റി.സി. നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മദ്ധ്യവർത്തികളെ പൂർണ്ണമായും ഒഴിവാക്കുന്നതിനായി മോട്ടോർവാഹന വകുപ്പിൽ നിന്നുള്ള പരമാവധി സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

## കമ്പ്യൂട്ടർവൽകൃത ഡ്രൈവർ ടെസ്റ്റിംഗ്

183(6708) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർവൽകൃത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളും എവിടെയെല്ലാമുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവ സ്ഥാപിച്ചത് ഏത് പദ്ധതി പ്രകാരം എത്ര ഫണ്ടുപയോഗിച്ചാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനങ്ങളുടെ ഉദ്ഘാടനം കഴിഞ്ഞതെപ്പോഴാണെന്നും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) കമ്പ്യൂട്ടർവൽകൃത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും വെഹിക്കിൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെസ്റ്റിംഗ് സ്റ്റേഷനുകളും അവ സ്ഥാപിച്ച ജില്ലകളിൽ ഉപയോഗപ്രദമാണോയെന്ന് വ്യക്തമാക്കാമോ?

പൂർണ്ണമായും കമ്പ്യൂട്ടറുകളും ക്യാമറകളും ചേർന്ന് ജയപരാജയങ്ങൾ നിർണ്ണയിക്കുന്നത് ഡ്രൈവിംഗ് ടെസ്റ്റ് കുറ്റമറ്റതാക്കാൻ സഹായിക്കുന്നു. അതുവഴി ഡ്രൈവിംഗ് ടെസ്റ്റിന്റെ നിലവാരം ഉയർത്തുന്നതിനും ഡ്രൈവിംഗിലെ നിപുണത, അപകട സാധ്യത എന്നിവ ഒഴിവാക്കാനും സഹായിക്കും. വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാൻ നൂതന സാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്. ഇതുവഴി ട്രാൻസ്പോർട്ട് വാഹനങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കാൻ കഴിയും.

(ഇ) ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിൽ ഉപയോഗപ്രദമല്ലെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

തളിപ്പറമ്പ്, കാസർഗോഡ് എന്നിവിടങ്ങളിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. കോവിഡ് സാഹചര്യമായതിനാൽ ടെക്നിക്കൽ സ്റ്റാഫിന് ട്രെയിനിംഗ് നൽകുന്നതിനായുള്ള ജർമനിയിൽ നിന്നുള്ള ടെക്നീഷ്യന്മാരുടെ സേവനം ലഭ്യമായിട്ടില്ല.

## വാഹനങ്ങളുടെ പുനർരജിസ്ട്രേഷൻ

184(6709) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനം പൊളിക്കൽ നയത്തിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് ഇളവും പഴയ വാഹനങ്ങളുടെ പുനർരജിസ്ട്രേഷൻ, ഫിറ്റ്നസ് എന്നിവയ്ക്ക് വൻനിരക്കും നിശ്ചയിച്ച് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

പഴയ വാഹനങ്ങളിൽനിന്നുള്ള അന്തരീക്ഷ മലിനീകരണം ഒരുപരിധി വരെ തടയുന്നതിനുവേണ്ടിയാണ് ഇത്തരം വാഹനങ്ങളുടെ പുനർരജിസ്ട്രേഷൻ, ഫിറ്റ്നസ് എന്നിവയ്ക്ക് ഉയർന്ന നിരക്കും പുതുതായി എടുക്കുന്ന വാഹനങ്ങൾക്ക് ഇളവും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. പുനർരജിസ്ട്രേഷൻ, ഫിറ്റ്നസ് എന്നിവയ്ക്കുള്ള ഉയർന്ന ഫീസ് 1-4-2022-ന് മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത ചട്ടഭേദഗതി അംഗീകരിക്കാൻ സംസ്ഥാനം ബാദ്ധ്യസ്ഥരാണ്.

(ബി) പുതിയ വാഹനങ്ങൾ വാങ്ങുമ്പോൾ പഴയവയ്ക്ക് വാഹനം പൊളിക്കൽ കേന്ദ്രം നൽകുന്ന രേഖയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കുകയില്ലെന്നത് ശരിയാണോയെന്ന് വ്യക്തമാക്കാമോ?

ശരിയാണ്. പഴയ വാഹനം പൊളിക്കുന്നതിനായി ടി വാഹനം അംഗീകൃത scrapping centre-ന്റെ മുമ്പാകെ സമർപ്പിച്ച് ലഭ്യമാകുന്ന ‘ certificate of deposit’ ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത വ്യക്തി വാങ്ങുന്ന പുതിയ വാഹനത്തിന് രജിസ്ട്രേഷൻ ഫീസ് ഈടാക്കുകയില്ലെന്ന് കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ചട്ടം 1-4-2022 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(സി) 15 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ ഫീസ്, ഫിറ്റ്നസ് ടെസ്റ്റ് ഫീസ് എന്നിവയ്ക്ക് അധികതുക നൽകേണ്ടി വരുന്നത് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ; വ്യക്തമാക്കാമോ?

1988-ലെ മോട്ടോർ വെഹിക്കിൾ ആക്ടിലെ സെക്ഷൻ 64 പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 1989-ലെ Central Motor Vehicle Rules 1-4-2022 മുതൽ പ്രാബല്യത്തിൽ വരുന്ന വിധം 4-10-2021-ലെ G.S.R 714(E) എന്ന വിജ്ഞാപനത്തിലൂടെ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ബന്ധപ്പെട്ടവരുടെ എതിർപ്പുകളും നിർദ്ദേശങ്ങളും (objections and suggestions) സ്വീകരിച്ച് ആയവ പരിഗണിച്ചതിന് ശേഷമാണ് പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചതെന്ന് എടുത്തുപറയുന്നുണ്ട്.

**ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ**

185(6710) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിലെ ബഡ്ജറ്റുകളിൽ ഗതാഗത വകുപ്പിന് കീഴിൽ നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഇവയിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഗതാഗത വകുപ്പിനുകീഴിലുള്ള മോട്ടോർ വാഹന വകുപ്പ്, ജലഗതാഗത വകുപ്പ്, കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കെ.എം.ആർ.എൽ., കെ.എസ്.ആർ.ടി.സി. എന്നിവയ്ക്ക് അനുവദിച്ച പദ്ധതി സംബന്ധിച്ച വിശദാംശം താഴെ കണ്ടാലും.

മോട്ടോർ വാഹന വകുപ്പ് 2016-2021 കാലയളവിലെ ബഡ്ജറ്റുകളിൽ മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് ഫ്ലീറ്റ് നവീകരണം, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം സ്ഥാപിക്കൽ,

തേർഡ് ഐ എൻഫോഴ്സ്മെന്റ് പദ്ധതി, റോഡ് സേഫ്റ്റി ഡാറ്റാ സെന്റർ സ്ഥാപിക്കൽ, ഉദ്യോഗസ്ഥർക്കുള്ള പ്രൊഫഷണൽ സ്കിൽ ഇംപ്രൂവ്മെന്റ് പ്രോഗ്രാം, ഡിജിറ്റൽ വയർലെസ് കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്ക് സ്ഥാപിക്കൽ, മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണം, മോട്ടോർ വാഹന വകുപ്പിൽ പുതിയ സബ് ആർ.ടി. ഓഫീസുകൾ സ്ഥാപിക്കൽ, ഇ-മൊബിലിറ്റി പ്രൊമോഷൻ, വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ എന്നീ പദ്ധതികളാണ് പ്രഖ്യാപിച്ചത്. 2016-2021 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഫ്ലീറ്റ് നവീകരണം പദ്ധതിയിൽ 64 എൻഫോഴ്സ്മെന്റ് വാഹനങ്ങൾ വാങ്ങിച്ചു. നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ പദ്ധതിയിൽ വാളയാർ വടക്കാഞ്ചേരി പാതയുടെ ഭാഗമായി കവടിയാറിൽ 2 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം സ്ഥാപിക്കൽ പദ്ധതിയിൽ വാഹനങ്ങളുടെ നിരീക്ഷണത്തിനായി ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചു. വകുപ്പിന്റെ 100 എൻഫോഴ്സ്മെന്റ് വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച് ടാഗ് ചെയ്തു. 2 ലക്ഷത്തോളം പബ്ലിക് സർവ്വീസ് വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച് കഴിഞ്ഞു. ഉദ്യോഗസ്ഥർക്കുള്ള പ്രൊഫഷണൽ സ്കിൽ ഇംപ്രൂവ്മെന്റ് പ്രോഗ്രാം പദ്ധതിയിൽ വകുപ്പിലെ 740 ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകി. ഡിജിറ്റൽ വയർലെസ് കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്ക് സ്ഥാപിക്കൽ പദ്ധതിയിൽ എറണാകുളത്ത് എക്സൈസ് വകുപ്പിന്റെ മലയാറ്റൂരിലെയും കോതമംഗലത്തെയും കച്ചേരിപ്പടിയിലെയും തൃപ്പൂണിത്തുറയിലെയും മൈക്രോവേവും ടവറും ഉപയോഗിച്ച് സ്ഥാപിച്ചുകഴിഞ്ഞു. പാലക്കാട്ടും ആലപ്പുഴയിലും ഡിജിറ്റൽ വയർലെസ് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണ പദ്ധതിയിൽ ആര്യങ്കാവ് ചെക്ക്പോസ്റ്റ് നവീകരിച്ചു. വാളയാർ ചെക്ക് പോസ്റ്റുകളുടെ നവീകരണം പുരോഗമിക്കുന്നു. മോട്ടോർ വാഹന വകുപ്പിൽ പുതിയ സബ് ആർ.ടി. ഓഫീസുകൾ സ്ഥാപിക്കൽ പദ്ധതിയിൽ കാട്ടാക്കട, തൃപ്രയാർ, നന്മണ്ട, പേരാമ്പ്ര, വെള്ളരിക്കുണ്ട്, ഇരിട്ടി, വർക്കല, കോന്നി, കൊണ്ടോട്ടി, രാമനാട്ടുകര (ഫറോക്ക്), പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം എന്നിവിടങ്ങളിലായി 13 സബ് ആർ.ടി. ഓഫീസുകൾ സ്ഥാപിച്ചു. ഇ-മൊബിലിറ്റി പ്രൊമോഷൻ പദ്ധതിയിൽ 400-ഓളം അപേക്ഷകർക്ക് ഇലക്ട്രിക് ഓട്ടോറിക്ഷയ്ക്കായുള്ള സബ്സിഡി നൽകി, സംസ്ഥാനത്ത് ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.-ക്ക് 5 കോടി രൂപ നൽകി. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇതുവരെ 6 ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.

സ്ഥാപിച്ചുകഴിഞ്ഞു. വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ പദ്ധതിയിൽ കോഴിക്കോട്ടും പാറശ്ശാലയിലും ഉഴവൂരിലും 3 ഹെവി വെഹിക്കിൾ സ്റ്റേഷനുകൾ, മുട്ടത്തറ, മൂവാറ്റുപുഴ, കാസർഗോഡ്, തളിപ്പറമ്പ എന്നിവിടങ്ങളിൽ ഒരെണ്ണംവീതം വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിച്ചു. തൃപ്പൂണിത്തുറയിലെയും മട്ടാഞ്ചേരിയിലെയും ടെസ്റ്റിംഗ് ട്രാക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2018-19, 2019-20 ബഡ്ജറ്റിൽ മോട്ടോർ വാഹന വകുപ്പിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതികളായ തേർഡ് ഐ എൻഫോഴ്സ്മെന്റ് പദ്ധതി, റോഡ് സേഫ്റ്റി ഡാറ്റ സെന്റർ പദ്ധതി എന്നീ പദ്ധതികൾക്ക് സാദൃശ്യമുള്ള ബദൽ പദ്ധതികൾ കേന്ദ്ര സർക്കാർ (MoRTH) എൻ.ഐ.സി, ഡൽഹി മുഖേന നടപ്പിലാക്കി വരുന്നതിനാൽ ടി പദ്ധതികൾ ഉപേക്ഷിച്ചു.

ജലഗതാഗത വകുപ്പ് - ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് 2016-21 കാലയളവിലെ ബഡ്ജറ്റുകളിൽ നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

ആലപ്പുഴ ബോട്ട് ജെട്ടി, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള മൊബിലിറ്റി ഹബ്ബ് നിർമ്മാണം ഇൻകെൽ മുഖാന്തരം നടന്നുവരുന്നു. (2016-17 റിവൈസ്ഡ് പ്രൊപ്പോസൽ). മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം റൂട്ടുകളിൽ വാട്ടർ ടാക്സി സർവ്വീസ് ആരംഭിക്കൽ. ' സീ-അഷ്ടമുടി' എന്ന പേരിൽ പുതിയ പാസ്സഞ്ചർ കം ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കൽ (2017-18 ബഡ്ജറ്റ് പ്രൊപ്പോസൽ) ആദിത്യ സൗരോർജ്ജ ബോട്ടിന്റെ വിജയകരമായ സർവ്വീസിന്റെ വെളിച്ചത്തിൽ കൂടുതൽ പ്രകൃതിസൗഹൃദ സൗരോർജ്ജ ബോട്ടുകളുടെ വാങ്ങൽ (2018-19 ബഡ്ജറ്റ് പ്രൊപ്പോസൽ) പുതിയ ബോട്ടുകൾ വാങ്ങുന്നതിനായി 21 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തൽ. (2019-20 ബഡ്ജറ്റ് പ്രൊപ്പോസൽ) സോളാർ ബോട്ടുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് 26 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തൽ (2020-21 ബഡ്ജറ്റ് പ്രൊപ്പോസൽ) മേൽപ്പറഞ്ഞ പദ്ധതികളെല്ലാം 2016-21 കാലയളവിൽ പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുള്ളവയാണ്. പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന 4 വാട്ടർ ടാക്സികളിൽ 2 എണ്ണം പണി പൂർത്തീകരിച്ച് വിജയകരമായി സർവ്വീസ് നടത്തിവരുന്നു. അവശേഷിക്കുന്ന 2 എണ്ണത്തിന്റെ പണി പുരോഗമിക്കുന്നു. "സീ-അഷ്ടമുടി എന്ന പേരിൽ പുതിയ പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. വകുപ്പ് നിലവിൽ 75 PAX-ന്റെ 5 എണ്ണവും 100 PAX-ന്റെ ഒന്ന് വീതവും സോളാർ

ബോട്ടുകൾ നിർമ്മിക്കുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 15 PAX സോളാർ ബോട്ടുകൾ 2 എണ്ണവും 30 PAX സോളാർ ബോട്ടുകൾ 4 എണ്ണവും വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സോളാർ ഇലക്ട്രിക്ക് റോ റോ വെസ്സൽ വാങ്ങുന്നതിനുള്ള നടപടിയും പുരോഗമിക്കുന്നു. 15 ഡിങ്കി ബോട്ടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 75 PAX-ന്റെ 7 കാറ്റമറൈൻ ബോട്ടുകൾ നിർമ്മിക്കുന്നതിൽ 3 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് വിജയകരമായി സർവ്വീസ് നടത്തിവരുന്നു. 4 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് -കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ-റെയിൽ) ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ) തിരുവനന്തപുരം - കാസർഗോട് പദ്ധതി, തലശ്ശേരി - മൈസൂർ റെയിൽ പദ്ധതി, നിലമ്പൂർ - നഞ്ചൻകോട് റെയിൽ പദ്ധതി എന്നിവയെല്ലാം ഇപ്പോൾ പല തലങ്ങളിലായി ആസൂത്രണ ഘട്ടത്തിലാണുള്ളത്.

കൊച്ചി മെട്രോ - കൊച്ചി മെട്രോ ഘട്ടം-2 പദ്ധതി - കൊച്ചി മെട്രോ ഘട്ടം-2 പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സീപോർട്ട്-എയർപോർട്ട് റോഡ് വീതി കൂട്ടുന്നതിനുള്ള പദ്ധതി. കൊച്ചി മെട്രോ ഘട്ടം-1 ബി പദ്ധതി-എസ്.എൻ.ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തി. നാളിതുവരെയുള്ള പുരോഗതി ചുവടെ ചേർക്കുന്നു.

കൊച്ചി മെട്രോ ഘട്ടം-2 പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൊച്ചി മെട്രോ ഘട്ടം-2 പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി സീപോർട്ട്-എയർപോർട്ട് റോഡ് വീതി കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കൊച്ചി മെട്രോ ഘട്ടം-1 ബി പദ്ധതി -എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ. ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റമെന്ന പദ്ധതി നടപ്പിലാക്കുവാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തി. പദ്ധതിയുടെ പാരിസ്ഥികാനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കെ.എസ്.ആർ.ടി.സി. I. 2016-17 എറണാകുളം കേന്ദ്രമാക്കി 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും കോർപ്പറേഷന് വായ്പയായി ലഭ്യമാക്കുമെന്നും പ്രഖ്യാപിച്ചിരുന്നു.

1. 2016-17-ലെ റിവൈസ്ഡ് ബഡ്ജറ്റ് പ്രസംഗത്തിൽ ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം പ്രഖ്യാപിച്ചിരുന്നതാണ്.

2. 2017-18-ൽ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ വർഷമായിരിക്കുമെന്നും വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് സന്തുലിതമായ സ്ഥിതിയിലേയ്ക്ക് എത്തിക്കുന്നതിനായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടനുസരിച്ച് സമഗ്രമായ പുനരുദ്ധാരണ പാക്കേജിന് രൂപം നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു.

3. 2018-19-ലെ ബഡ്ജറ്റിൽ, ആലപ്പുഴ മൊബിലിറ്റി ഹബ്ബായി വികസിപ്പിക്കുകയാണ്. ഇതുപോലെ എറണാകുളം, കായംകുളം എന്നീ ബസ് സ്റ്റേഷനുകൾ കിഫ്ബി സഹായത്തോടുകൂടി നവീകരിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ കൃത്യമായി വിതരണം ചെയ്യുന്നതിനായി പുതിയൊരു സംവിധാനത്തിന് രൂപം നൽകുമെന്നും ജില്ലാ സഹകരണ ബാങ്കും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ നൽകുമെന്നും ടി തുക പലിശ സഹിതം 6 മാസത്തിനുള്ളിൽ സർക്കാർ തന്നെ തിരിച്ചടയ്ക്കുമെന്നും പ്രഖ്യാപിച്ചിരുന്നു.

4. 2019-20-ലെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്കായി പ്രത്യേക പദ്ധതികളൊന്നുംതന്നെ പ്രഖ്യാപിച്ചിരുന്നില്ല.

5. 2020-21 ബഡ്ജറ്റിൽ 109 കോടി രൂപ പദ്ധതിയിൽ വകയിരുത്തുന്നുവെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 99.91 കോടി രൂപ മാത്രമാണ് വകയിരുത്തിയത്.

നടപ്പിലാക്കിയ പദ്ധതികൾ

I. 2016-17-ലെ revised ബഡ്ജറ്റ് പ്രസംഗത്തിൽ ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം പ്രഖ്യാപിച്ചിരുന്നതാണ്. കിഫ്ബി ഫണ്ടുപയോഗിച്ച് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ഇൻകെൽ മുഖേന നടത്തുന്ന ടി പ്രവൃത്തിക്കായി സർക്കാരിൽനിന്നും 493.06 കോടിക്കുള്ള ഭരണാനുമതിയും കിഫ്ബിയിൽനിന്നും ഫേസ് I-നുള്ള Civil and Structural Work-കൾക്ക് 129.12 കോടിയുടെ (ഭൂമി ഏറ്റെടുക്കുന്നതിന് 3.23 കോടിയും ഉൾപ്പെടെ) സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും മുനിസിപ്പാലിറ്റി ബിൽഡിംഗ്സ് റൂൾ പുതുക്കിയതിനാൽ പ്ലാനും എസ്റ്റിമേറ്റും പുതുക്കി വരുന്നു.

II. 2017-18 കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം IIM കൽക്കട്ടയിലെ റിട്ട. പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റായി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തനസമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നു. കോർപ്പറേഷനെ സ്വയം പര്യാപ്തമായ 3 മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെയും സുതാര്യമായ അക്കൗണ്ടിംഗിനെയും മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുനഃക്രമീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കോർപ്പറേഷന് വേണ്ട ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നതുവരെ എല്ലാത്തരം നിയമനം, സ്ഥാനക്കയറ്റം എന്നിവ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുപ്രകാരം പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടനുസരിച്ച് വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനോടനുബന്ധിച്ച കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ, പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച തുക ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും അടച്ച് തീർക്കുകയും അതുവഴി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കാനും കഴിഞ്ഞിട്ടുണ്ട്.

III. 2018-19-ലെ ബഡ്ജറ്റിൽ കിഫ്ബി സഹായത്തോടുകൂടി റവന്യൂ മോഡലിൽ എറണാകുളം, കായംകുളം തുടങ്ങിയ ബസ് ടെർമിനലുകൾ കൂടി നവീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ കായംകുളം ബസ് ടെർമിനലിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 2018-19-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം കൃത്യമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യംവഴി നിലവിൽ പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക 10% പലിശയുൾപ്പെടെ സർക്കാർ 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്.

IV. 2020-21 ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും 2,73,62,000 രൂപ മാത്രമാണ് സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണത്തിനും ഇ-ഗവേണൻസിനുമായി അനുവദിച്ച് നൽകിയിട്ടുള്ളത്.

നടപ്പിലാക്കാനുള്ള പദ്ധതികൾ

I. 2016-17 5 വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.-യിലെ ഭൂരിപക്ഷം ബസ്സുകളും സി.എൻ.ജി.-യിലേയ്ക്ക് മാറ്റുമെന്നും എറണാകുളം കേന്ദ്രമായി 100 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ വായ്പയായി അനുവദിക്കുമെന്നും പ്രഖ്യാപിച്ചിരുന്നെങ്കിലും 2016-17 സാമ്പത്തിക വർഷത്തിൽ ഇതുമായി ബന്ധപ്പെട്ട് തുകയൊന്നും അനുവദിച്ചിട്ടില്ല.

II. 2017-18-പഴയ ബസ്സുകൾക്കുപകരം സി.എൻ.ജി. ബസ്സുകൾ കിഫ്ബി നിക്ഷേപത്തിലൂടെ വാങ്ങുമെന്ന് 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും ഇതിനായി പ്രസ്തുത സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**വായു മലിനീകരണവും പൊല്യൂഷൻ സർട്ടിഫിക്കറ്റും**

186(6711) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾമൂലമുണ്ടാകുന്ന വായു മലിനീകരണം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പഴയ വാഹനങ്ങളിൽ നിന്നുള്ള വായുമലിനീകരണം തടയുന്നതിനുവേണ്ടി ഇത്തരം വാഹനങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനായി സർക്കാർ ഹരിത നികുതി ചുമത്തി വരുന്നുണ്ട്. ഇതനുസരിച്ച് 10 വർഷത്തിൽ കൂടുതൽ

പഴക്കമുള്ള 4 ചക്രമോ അതിൽ കൂടുതലോ ഉള്ള ട്രാൻസ്പോർട്ട് വാഹനങ്ങളിൽനിന്നും 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള, 4 ചക്രമോ അതിൽ കൂടുതലോ ഉള്ള നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളിൽനിന്നും ഹരിത നികുതി ഈടാക്കി വരുന്നുണ്ട്. അതുപോലെതന്നെ കൂടുതൽ വായുമലിനീകരണമുണ്ടാക്കുന്ന പെട്രോൾ/ഡീസൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ കുറയ്ക്കുന്നതിനും അവയുടെ സ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുംവേണ്ടി സർക്കാർ Electric Vehicle Policy രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ആവശ്യത്തിനുള്ള വാഹനങ്ങളായ ഇലക്ട്രിക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക് മോട്ടോർ കാർ, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ്, ഇലക്ട്രിക് ത്രീവീലർ എന്നിവയുടെ ഒറ്റത്തവണ നികുതി, വിലയുടെ 5 ശതമാനമായി 2020-ലെ ഫിനാൻസ് ആക്ട് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. മറ്റ് വാഹനങ്ങൾക്ക് 9% മുതൽ 21% വരെയാണ് ഒറ്റത്തവണ നികുതി ഈടാക്കുന്നത്. സർക്കാർ ഉത്തരവ് (GO(P)No.12/2021/Trans dated 23-2-2021 in SRO No.231/2021) പ്രകാരം 1-4-2021 മുതൽ രജിസ്റ്റർ ചെയ്യുന്ന എല്ലാതരം ഇലക്ട്രിക് വാഹനങ്ങളുടെയും നികുതി രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തെ നികുതിയുടെ 50% ഇളവും അനുവദിച്ചിട്ടുണ്ട്. 3,00,000 രൂപ വരെ വാർഷിക വരുമാനമുള്ള ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമസ്ഥർക്ക് 30,000 രൂപ സബ്സിഡിയും നൽകി വരുന്നു. ഇലക്ട്രിക് വാഹനങ്ങളെ കേന്ദ്ര സർക്കാർ ഉത്തരവ് SO 5333(E) dated 18-10-2018 പ്രകാരം പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കി. മാത്രമല്ല കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 525(E) dated 02-08-2021 പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കികൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15 വർഷം കാലാവധി പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ 1-6-2021 മുതൽ CNG/LNG/Electrical Energy എന്നിവയിലേതിലേയ്ക്കെങ്കിലും മാറ്റിയാൽ മാത്രമേ റോഡിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂവെന്ന് കേരള മോട്ടോർ വാഹന ചട്ടം 292A പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെതന്നെ വാഹനങ്ങളിൽ മായംചേർത്ത ഇന്ധനങ്ങൾ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം തടയുന്നതിനായി ഇത്തരം വാഹനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള കർശനമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ പരിസ്ഥിതി സൗഹൃദ ഇന്ധനം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്കും സി.എൻ.ജി.-യിലേയ്ക്കും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടിയുള്ള ടെണ്ടർ

നടപടികൾ നടന്നുവരുന്നു. 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനായി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കേരള സർക്കാർ ആവിഷ്കരിച്ച ഇ.വി. പോളിസിയുടെ ഭാഗമായി 2018-ൽ 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഇതിൽ 2 ബസ്സുകൾ കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡിന് സർവ്വീസ് നടത്തുന്നതിനായി വിട്ട് നൽകിയിട്ടുള്ളതും ശേഷിക്കുന്ന 8 ബസ്സുകൾ കോർപ്പറേഷന്റെ പക്കലും ലഭ്യമാണ്.

(ബി) നിലവിലെ വായുമലിനീകരണത്തിന്റെ തോത് എത്രയാണ്; കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ വായു മലിനീകരണം തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ വായുമലിനീകരണം നിയന്ത്രിക്കുന്നതിനായി സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് പൊല്യൂഷൻ ടെസ്റ്റ് ചെയ്ത് Pollution Under Control (PUC) സർട്ടിഫിക്കറ്റ് എടുക്കുന്നുണ്ട്. ബസ്സുകളുടെ മലിനീകരണത്തോത്, Smoke Density- 2.45/metre-ൽ കുറവായി പരിപാലിക്കുന്നു. കെ.എസ്.ആർ.ടി.സി ബസ്സുകളുടെ മലനീകരണത്തോത് അനുവദനീയമായ പരിധിയിൽ പരിപാലിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ Fuel System പരിശോധനയും മെയിന്റനൻസും നടത്തുന്നു. വാഹനങ്ങളുടെ എയർ ഫിൽറ്ററുകൾ, ഡീസൽ ഫിൽറ്ററുകൾ മുതലായവ കൃത്യമായ ഇടവേളകളിൽ വാഹന നിർമ്മാതാവ് നിഷ്കർഷിച്ചിരിക്കുന്ന ഗുണനിലവാരത്തിലുള്ള ഫിൽറ്ററുകൾ ഉപയോഗിച്ച് മാറ്റുന്നു.

(സി) നിലവിൽ സർക്കാർ വകുപ്പുകളിലെ വാഹനങ്ങൾക്ക് പൊല്യൂഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട പരിശോധന നടത്താറുണ്ടോയെന്നും അറിയിക്കാമോ?

സർക്കാർ വകുപ്പുകളിലെ വാഹനങ്ങൾക്ക് പൊല്യൂഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട പരിശോധനകൾ നടക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. വാഹനങ്ങൾക്ക് PUC സർട്ടിഫിക്കറ്റ് കൃത്യമായി സൂക്ഷിക്കണമെന്നത് നിർബന്ധമാക്കിയിട്ടുണ്ട്. BS-III വരെയുള്ള വാഹനങ്ങൾ ആറുമാസം കൂടുമ്പോഴും BS-IV മുതൽ മുകളിലേയ്ക്കുള്ള വാഹനങ്ങൾ ഒരു വർഷം കൂടുമ്പോഴും PUC സർട്ടിഫിക്കറ്റ് പുതുക്കുന്നുണ്ട്.

(ഡി) സർക്കാർ വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പുതുക്കിനൽകുന്നതിന് പൊല്യൂഷൻ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്ന് തീരുമാനിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

നിലവിലെ മോട്ടോർ വാഹന നിയമമനുസരിച്ച് സർക്കാർ വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പുതുക്കി നൽകുന്നതിന് പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.

## മലപ്പുറം ജില്ലയിലെ ഉൾനാടൻ ജലഗതാഗത പദ്ധതി

187(6712) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ ഭാഗമായുള്ള മലപ്പുറം ജില്ലയിലെ ഉൾനാടൻ ജലഗതാഗത പദ്ധതിയുടെ റൂട്ട് മാപ്പ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിൽ പൊന്നാനി മുനിസിപ്പാലിറ്റിയിലെ അണ്ടത്തോട് കാഞ്ഞിരമുക്ക് (ചെ.310.18 കി.മീ.) മുതൽ ചേലമ്പ്ര പഞ്ചായത്തിലെ കനോലി കനാൽ പുല്ലിപ്പുഴ (ചെ.377.518 കി.മീ.) വരെയുള്ള 67.338 കി.മീ. ദൂരമാണ് ദേശീയ ജലപാത (NW-3) യുടെ ഭാഗമായിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുകയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ജലപാതയുടെ ഭാഗമായുള്ള കനാലുകളിൽ ജലപാത മാനദണ്ഡങ്ങൾ പാലിക്കാത്ത പാലങ്ങളും മറ്റ് നിർമ്മിതികളും പൊളിച്ചുനീക്കി പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തികൾക്ക് 141.42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ജലപാതയുടെ ഭാഗമായുള്ള പി.സി. കനാലിന്റെ വെളിയംകോട്- ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി NABARD XXV- ൽ ഉൾപ്പെടുത്തി 29.87 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ജലപാതയുടെ ഭാഗമായുള്ള കടലുണ്ടിപ്പുഴ വീതി കൂട്ടി തീരം സംരക്ഷിക്കുന്നതിനും ജലപാതയ്ക്ക് തടസ്സം നിൽക്കുന്ന പാലങ്ങൾ പൊളിച്ചു പണിയുന്നതിനും ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഫണ്ട് വകയിരുത്തിയിട്ടില്ല.

(ഡി) ഉൾനാടൻ ജലഗതാഗത പദ്ധതിക്കായി 2016 ജൂൺ മുതൽ നാളിതുവരെ കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു?

ഉൾനാടൻ ജലഗതാഗത പദ്ധതിക്കായി 2016 ജൂൺ മുതൽ ഫണ്ടുകളൊന്നും അനുവദിച്ചിട്ടില്ല.

(ഇ) സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാത്തതിനാൽ കേന്ദ്ര ഫണ്ട് നഷ്ടപ്പെട്ട സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

188(6713) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലമെന്ന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ രണ്ടാംഘട്ടമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയും സജീവ പരിഗണനയിലാണ്. ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നടപ്പിലാക്കാനാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി തുക അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ. ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കായി വിശദമായ മാനദണ്ഡങ്ങൾ നിലവിലില്ല. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്കുവേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 60 കളിസ്ഥലങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ട മാതൃകാ രൂപകൽപ്പന തയ്യാറായി വരുന്നു.

**പൊതുമേഖല സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്പോർട്സ് ടീമുകൾ**

189(6714) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ഏതിലൊക്കെ സ്പോർട്സ് ടീമുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പുതിയ സ്പോർട്സ് ടീമുകൾ സംഘടിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തെ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്പോർട്സ് ടീമുകൾ സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. ഇതുസംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

190(6715) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ഓരോ പഞ്ചായത്തിനും സർക്കാർ എത്ര രൂപ വീതമാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ വിഹിതത്തിന് പുറമേ വരുന്ന തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) വരുമാനം കുറഞ്ഞ പഞ്ചായത്തുകൾക്ക് വിഹിതത്തിൽ വർദ്ധനവ് വരുത്തുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി തുക അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ. ആസ്തിവികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കായി വിശദമായ മാനദണ്ഡങ്ങൾ നിലവിലില്ല. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്കുവേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 60 കളിസ്ഥലങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള

സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുകളുടെയോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണനയിലാണ്. പദ്ധതി ബന്ധപ്പെട്ട എം.എൽ.എ.-മാർ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

## ആലപ്പുഴ മണ്ഡലത്തിലെ കായിക വകുപ്പ് പ്രവൃത്തികൾ

191(6716) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2021-22 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അത്‌ലറ്റികോ ആലപ്പി, ഉദയകുമാർ സ്മാരക വോളിബോൾ അക്കാദമി, യുവഭാരത് ഇൻഡോർ വോളീബോൾ കോർട്ട് എന്നിവയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ തുക ഏത് ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-സി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2021-22 വർഷത്തെ ബഡ്ജറ്റിൽ അത്‌ലറ്റികോ ആലപ്പിക്കായി കായികവകുപ്പിന്റെ ശീർഷകത്തിൽ 15 ലക്ഷം രൂപ അടങ്കൽ തുകയായി 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി വിശദമായ പ്രൊപ്പോസൽ സ്പോർട്സ് കേരള ഫൗണ്ടേഷനിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കൂടാതെ ഉദയകുമാർ സ്മാരക വോളിബോൾ അക്കാദമി, യുവഭാരത് ഇൻഡോർ വോളിബോൾ കോർട്ട് എന്നീ പ്രവൃത്തികൾക്കായി യഥാക്രമം 3 കോടി രൂപയും 1 കോടി രൂപയും അടങ്കൽ തുകയായി പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് വകയിരുത്തിയിട്ടുള്ളത്. തനത് സാമ്പത്തിക വർഷത്തിൽ മേൽ പ്രവൃത്തികൾക്കായി യഥാക്രമം 5 ലക്ഷം രൂപയും 20 ലക്ഷം രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി ശീർഷകത്തിൽ നൽകിയിട്ടുള്ള മേൽപദ്ധതികൾ കായിക വകുപ്പിന്റെ ശീർഷകത്തിൽ മാറ്റി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തിരുവമ്പാടി മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

192(6717) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവമ്പാടി മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട കളിസ്ഥലങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന കളിസ്ഥലങ്ങൾ പരിശോധന നടത്തുകയും അനുയോജ്യമായവ മുൻഗണനാടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

1. ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം (കൊടിയത്തൂർ)
2. കൂടരഞ്ഞി പഞ്ചായത്ത് ഗ്രൗണ്ട് (കൂടരഞ്ഞി)
3. മുരിങ്ങംപുറായി പഞ്ചായത്ത് സ്റ്റേഡിയം (കാരശ്ശേരി)
4. ജി.എച്ച്.എസ്. പുതുപ്പാടി ഗ്രൗണ്ട് (പുതുപ്പാടി)
5. ജി.എൽ.പി. സ്കൂൾ ആനക്കാംപൊയിൽ ഗ്രൗണ്ട് (തിരുവമ്പാടി)
6. വട്ടച്ചിറ ട്രൈബൽ ഗ്രൗണ്ട് (കോടഞ്ചേരി)
7. ജി.എച്ച്.എസ്.എസ്. നീലേശ്വരം ഗ്രൗണ്ട് (മുക്കം നഗരസഭ)

## സ്പോർട്സ് യൂണിവേഴ്സിറ്റി

193(6718) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന് കീഴിൽ പൊതു ഇടങ്ങളിൽ ഓപ്പൺ ജിമ്മുകൾ, ടർഫുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം അറിയിക്കാമോ?

പൊതു ഇടങ്ങളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുന്നതിന്റെ വിശദാംശങ്ങൾ കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഓപ്പൺ ജിം പദ്ധതിയുമായി ബന്ധപ്പെട്ട് ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ഓപ്പൺ ജിംനേഷ്യം എന്ന ഒരു പദ്ധതി, ടൂറിസം വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മുതിർന്നവരുടെയും കുട്ടികളുടെയും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും യുവതലമുറയിൽ ആരോഗ്യ-കായികശേഷി വളർത്തിയെടുക്കുന്നതിനും

അവരെ കായിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുമാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ പ്രചാരത്തിലുള്ള പരമ്പരാഗത ഇൻഡോർ ജിമ്മുകൾ സാധാരണക്കാർക്ക് അപ്രാപ്യമായതിനാൽ പൊതുയിടങ്ങൾ, പാർക്കുകൾ, ടൂറിസം കേന്ദ്രങ്ങൾ, തുറസ്സായ സ്ഥലങ്ങൾ (സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ ഉൾപ്പെടെ) തുടങ്ങിയ കേന്ദ്രങ്ങളിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിച്ച്, വ്യായാമത്തിനായുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് കേന്ദ്രം, കൊല്ലം, എറണാകുളം എന്നീ ജില്ലകളിൽ വാട്ടർ സ്പോർട്സ് എന്നീ പദ്ധതികൾ ടൂറിസം വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന കാര്യവും പരിഗണനയിലാണ്. സ്റ്റെയിൻലെസ് സ്റ്റീലിൽ നിർമ്മിച്ചിട്ടുള്ള ഓപ്പൺ ജിം ഉപകരണങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി, ആദ്യഘട്ടത്തിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ, മിയവാക്കി മോഡൽ ഫോറസ്റ്റോടുകൂടി 10 സെന്റിലും 3 സെന്റിന് മുകളിലും മൂന്ന് സെന്റിന് താഴെയുള്ള സ്ഥലം എന്നിങ്ങനെ 3 തരം ജിംനേഷ്യങ്ങളാണ് ആദ്യഘട്ടത്തിൽ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്ത് ടൂറിസം വകുപ്പിന് കീഴിൽ തിരുവനന്തപുരം കനകക്കുന്ന്, മലപ്പുറം കോട്ടക്കുന്ന്, ആലപ്പുഴ ബീച്ച്, കോഴിക്കോട് ബീച്ച്, വയനാട് മാനന്തവാടി പഴശ്ശി പാർക്ക്, കണ്ണൂർ പയ്യാമ്പലം ബീച്ച്, കാസർഗോഡ് വലിയപ്പറമ്പ് ബീച്ച് എന്നീ സ്ഥലങ്ങളിലാണ് ഓപ്പൺ ജിമ്മിനുള്ള സാധ്യത കേന്ദ്രങ്ങളായി പരിഗണിച്ചിട്ടുള്ളത്. നിലവിൽ ടർഫുകൾ സ്ഥാപിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നാച്ചുറൽ ടർഫ് ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം (ബഡ്ജറ്റ് 2020-21) താമരക്കുളം പഞ്ചായത്ത് സ്റ്റേഡിയം (ബഡ്ജറ്റ് 2019-20) മലപ്പുറം മുക്കത്തല പി.സി.എൻ.ജി.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ടിലെ സെവൻസ് ടർഫ് (ബഡ്ജറ്റ് 2019 - 20) സിന്തറ്റിക് ടർഫ് പാലക്കാട് അനങ്ങനടി പഞ്ചായത്ത് ഗ്രൗണ്ടിലെ സെവൻസ് ടർഫ് (ബഡ്ജറ്റ് 2019-20) വാണിയംകുളം പഞ്ചായത്ത് സ്റ്റേഡിയം (ബഡ്ജറ്റ് 2018 - 19) കല്ല്യാശ്ശേരി (ബഡ്ജറ്റ് 2019 - 20) മാറഞ്ചേരി സ്റ്റേഡിയം (ബഡ്ജറ്റ് 2021 - 22).

(ബി) ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിലുള്ള കുളങ്ങൾ നവീകരിച്ച് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

നിലവിലെ സ്വാഭാവിക നീന്തൽ കുളങ്ങൾ നീന്തൽ പരിശീലനത്തിനുതകുന്ന തരത്തിൽ നവീകരിച്ച് നീന്തൽക്കുളങ്ങളാക്കി മാറ്റുന്ന പ്രവൃത്തി കായിക വകുപ്പ് നടപ്പിലാക്കുന്നില്ല. ഫിന മാന്വൽ പ്രകാരം അന്താരാഷ്ട്ര നിലവാരത്തിലുള്ള നീന്തൽക്കുളങ്ങളുടെ നിർമ്മാണമാണ് നടപ്പിലാക്കുന്നത്.

(സി) പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് സ്പോർട്സ് യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന ഡി.പി.ആർ.-മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പരിശോധിക്കാവുന്നതാണ്.

## മിനി ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതിന് നടപടി

194(6719) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പൊതുസ്ഥലങ്ങൾ, പാർക്കുകൾ, ഗ്രൗണ്ടുകൾ എന്നിവിടങ്ങളിൽ എല്ലാവർക്കും സൗജന്യമായി ഉപയോഗിക്കാൻ മിനി ജിംനേഷ്യങ്ങൾ സ്ഥാപിക്കാൻ കായിക വകുപ്പ് മുൻകയ്യെടുക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഓപ്പൺ ജിം പദ്ധതിയുമായി ബന്ധപ്പെട്ട് ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ഓപ്പൺ ജിംനേഷ്യം എന്നൊരു പദ്ധതി ടൂറിസം വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മുതിർന്നവരുടെയും കുട്ടികളുടെയും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും യുവതലമുറയിൽ ആരോഗ്യ-കായികശേഷി വളർത്തിയെടുക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുമാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ പ്രചാരത്തിലുള്ള പരമ്പരാഗത ഇൻഡോർ ജിമ്മുകൾ സാധാരണക്കാർക്ക് അപ്രാപ്യമായതിനാൽ പൊതുയിടങ്ങൾ, പാർക്കുകൾ, ടൂറിസം കേന്ദ്രങ്ങൾ, തുറസ്സായ സ്ഥലങ്ങൾ (സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ ഉൾപ്പെടെ) തുടങ്ങിയ കേന്ദ്രങ്ങളിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിച്ച് വ്യായാമത്തിനായുള്ള സാഹചര്യമൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റെയിൻലെസ് സ്റ്റീലിൽ നിർമ്മിച്ചിട്ടുള്ള ഓപ്പൺ ജിം ഉപകരണങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി ആദ്യഘട്ടത്തിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ മിയവാക്കി മോഡൽ ഫോറസ്റ്റോടുകൂടി 10 സെന്റിലും 3 സെന്റിന് മുകളിലും മൂന്ന് സെന്റിന് താഴെയുള്ള സ്ഥലം എന്നിങ്ങനെ 3 തരം ജിംനേഷ്യങ്ങളാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ടൂറിസം വകുപ്പിനുകീഴിൽ തിരുവനന്തപുരം കനകക്കുന്ന്, മലപ്പുറം കോട്ടക്കുന്ന്, ആലപ്പുഴ ബീച്ച്, കോഴിക്കോട് ബീച്ച്, വയനാട് മാനന്തവാടി പഴശ്ശി പാർക്ക്, കണ്ണൂർ പയ്യാമ്പലം ബീച്ച്, കാസർഗോഡ് വലിയപ്പറമ്പ് ബീച്ച് എന്നീ സ്ഥലങ്ങളിലാണ് ഓപ്പൺ ജിമ്മിനുള്ള സാധ്യത കേന്ദ്രങ്ങളായി പരിഗണിച്ചിട്ടുള്ളത്.

## സ്പോർട്സ് വെബ്സൈറ്റ് ഉണ്ടാക്കാൻ നടപടി

195(6720) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സ്പോർട്സ് രംഗം സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് സമഗ്രമായ ഒരു സ്പോർട്സ് വെബ്സൈറ്റുണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാന സ്പോർട്സ് രംഗം സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് സമഗ്രമായ ഒരു സ്പോർട്സ് വെബ്സൈറ്റ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഡാറ്റാ ശേഖരണവും ഡോക്യുമെന്റേഷൻ നടപടികളും സ്വീകരിച്ചുവരികയാണ്. നിലവിൽ ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു വെബ്സൈറ്റ് ലോഞ്ച് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

## അരൂർ മണ്ഡലത്തിലെ സ്പോർട്സ് കൗൺസിൽ പദ്ധതികൾ

196(6721) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സ്പോർട്സ് കൗൺസിൽ വഴി അരൂർ മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ജില്ലാ സ്പോർട്സ് കൗൺസിൽ വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) അരൂർ മണ്ഡലത്തിൽ ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന പ്രത്യേക കായിക വികസന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## തദ്ദേശഭരണ സ്ഥാപനതലത്തിൽ സ്പോർട്സ് കൗൺസിൽ ഘടകങ്ങൾ

197(6722) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക മുന്നേറ്റത്തിന് ഉതകുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപന തലത്തിൽ സ്പോർട്സ് കൗൺസിലിന്റെ ഘടകങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും കായിക വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും കായികതാരങ്ങളുടെ ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ. 2000-ലെ സ്പോർട്സ് ആക്ട്, 2008-ലെ സ്പോർട്സ് ചട്ടങ്ങൾ എന്നിവ പ്രകാരമാണ് സംസ്ഥാന

സ്പോർട്സ് കൗൺസിൽ പ്രവർത്തിച്ചുവരുന്നത്. കൂടാതെ സംസ്ഥാനത്തെ സമ്പൂർണ്ണ കായിക വികസനം ലക്ഷ്യമാക്കി 14 ജില്ലകളിലും സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ ജില്ലാ സ്പോർട്സ് കൗൺസിലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2000-ലെ സ്പോർട്സ് ആക്ട് പ്രകാരം, കായിക പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ സ്ഥാപിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) മൾട്ടി പർപ്പസ് ജില്ലാ സ്പോർട്സ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2016-17 ബഡ്ജറ്റുകളിലായി സംസ്ഥാനത്ത് ഒരു ജില്ലയിൽ ഒരു ജില്ലാ സ്റ്റേഡിയം എന്ന ഉദ്ദേശ്യത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം പ്രഖ്യാപിക്കുകയും നടപ്പിലാക്കി വരികയുമാണ്. എല്ലാ ജില്ലാ സ്റ്റേഡിയങ്ങളിലും വിവിധ ഇൻഡോർ ഗെയിമുകൾ കളിക്കുന്നതിന് ഒരു മൾട്ടി പർപ്പസ് കോർട്ട് ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

### സ്പോർട്സ് കേരള ഫുട്ബോൾ അക്കാദമി

198(6723) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് സ്പോർട്സ് കേരള ഫുട്ബോൾ അക്കാദമി ആരംഭിക്കുന്നതെന്നും പ്രസ്തുത അക്കാദമികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് തിരുവനന്തപുരത്തെ ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ സ്പോർട്സ് കേരള റെസിഡൻഷ്യൽ ഫുട്ബോൾ അക്കാദമി ആരംഭിച്ചിട്ടുണ്ട്. ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ ആൺകുട്ടികൾക്കും കണ്ണൂർ സ്പോർട്സ് സ്കൂളിൽ പെൺകുട്ടികൾക്കുമായാണ് അക്കാദമി സ്ഥാപിച്ചിട്ടുള്ളത്. അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെയും ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെയും അക്രെഡിറ്റഡ് അക്കാദമികളായി ഇവയെ വളർത്തിയെടുക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപയോഗപ്പെടുത്തിയും പരിശീലന രംഗത്തെ പ്രൊഫഷണൽ ക്ലബ്ബുകളുടെ പരിചയ സമ്പന്നത ഉപയോഗപ്പെടുത്തിയുമാണ് അക്കാദമിയുടെ പ്രവർത്തനം ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U-17, U-20) മൂന്ന് ടീമുകളാണ് ഉദ്ദേശിക്കുന്നത്. നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കുന്ന കുട്ടികൾക്കൊപ്പം പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികൾ, ഗ്രാസ്റൂട്ട് പരിശീലന പദ്ധതിയായ കിക്കോഫിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾ എന്നിവരും അക്കാദമിയുടെ ഭാഗമാകുന്നതാണ്. എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാദമി ആരംഭിച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ പ്രസ്തുത അക്കാദമി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

പരിശോധിക്കാവുന്നതാണ്.

## കോഴിക്കോട് നടുവണ്ണൂരിലെ വോളിബോൾ അക്കാദമി

199(6724) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച വോളിബോൾ അക്കാദമിയുടെ പ്രവർത്തനങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിൽ വോളിബോളിനുവേണ്ടി ഉന്നതനിലവാരത്തിൽ 100 പേർക്ക് പരിശീലനം നേടാനുതകുന്ന തരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടത്തിന്റെയും കളിക്കളത്തിന്റെയും നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലാണ്. അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾതന്നെ കായികതാരങ്ങളെ തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലകരുടെ നേതൃത്വത്തിൽ ശിക്ഷണം ഉറപ്പാക്കുക, വോളിബോൾ പരിശീലനത്തോടൊപ്പം കായികതാരങ്ങൾക്ക് വിദ്യാഭ്യാസത്തിനുവേണ്ട സൗകര്യമൊരുക്കുക, ആധുനിക പരിശീലനത്തിനായി ഗ്രൗണ്ടിൽ ടെറാഫ്ലക്സ് നിർമ്മിക്കുക, കായികതാരങ്ങൾക്കുവേണ്ടി കിടപ്പുമുറി, പഠനമുറി, ഭക്ഷണശാല, അടുക്കള, ഓഫീസ് സജ്ജീകരണങ്ങൾ എന്നിവയോടൊപ്പം വിനോദത്തിനും വിജ്ഞാനത്തിനുംവേണ്ട സൗകര്യമൊരുക്കുകയെന്നതും അക്കാദമിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. വോളിബോൾ തൽപ്പരരായ 12 വയസ്സുള്ള കുട്ടികളെ കണ്ടെത്തി ദീർഘകാല പരിശീലനത്തിലൂടെ മികച്ച കളിക്കാരാക്കുക, ഉന്നതനിലവാരമുള്ള പരിശീലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം പോഷകാഹാരം, വിദ്യാഭ്യാസം, കലാസാംസ്കാരിക

രംഗത്തെ പ്രോത്സാഹനം എന്നിവ നൽകുക, വിവിധ മത്സരങ്ങളിലുള്ള പങ്കാളിത്തം ഉറപ്പാക്കുക, വോളിബോളിൽ താൽപ്പര്യമുള്ള സമീപ പ്രദേശങ്ങളിലെ 20 ആൺകുട്ടികൾക്കും 20 പെൺകുട്ടികൾക്കും തുടർച്ചയായി പരിശീലനം നൽകുക, കായികതാരങ്ങളുടെ കായികക്ഷമത ഉറപ്പാക്കുകയും അവരെ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുക എന്നതും പ്രസ്തുത അക്കാദമിയുടെ ലക്ഷ്യങ്ങളാണ്.

**മലപ്പുറം ജില്ലയിൽ പുതിയ കായിക പദ്ധതികൾ**

200(6725) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വികസനത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

മലപ്പുറം ജില്ലയിൽ കായിക വികസനത്തിന്റെ ഭാഗമായി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കായികയുവജനകാര്യ നിയന്ത്രണത്തിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരികയാണ്.

(ബി) ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം പദ്ധതിയുടെ ഭാഗമായി സ്റ്റേഡിയങ്ങളുടെ നിർമ്മാണം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദ വിവരം ലഭ്യമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കി വരികയാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ബന്ധപ്പെട്ട സൈറ്റുകളുടെ പരിശോധനയുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

**പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ പരിപാലനം**

201(6726) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽ ഒരു കളിക്കളം പദ്ധതി പ്രകാരം അനുവദിച്ച പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ പരിപാലനം നടത്താത്തതുകൊണ്ട് ചില സ്റ്റേഡിയങ്ങൾ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി (തദ്ദേശസ്വയംഭരണ

സ്ഥാപനം, സ്കൂൾ, കോളേജ് മുതലായവ) ധാരണാപത്രത്തിൽ ഏർപ്പെടുന്നുണ്ട്. പ്രസ്തുത ധാരണാപത്ര പ്രകാരം പദ്ധതിയുടെ നടത്തിപ്പും പരിപാലനവും അതത് ഭൂവുടമസ്ഥർ നിർവ്വഹിക്കേണ്ടതും സ്റ്റേഡിയത്തിൽ നിന്നുള്ള വരുമാനം സ്റ്റേഡിയത്തിന്റെ അറ്റകുറ്റപ്പണികൾക്കുമാത്രം നീക്കിവയ്ക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തിയാക്കിയ ചില സ്റ്റേഡിയങ്ങളുടെ പരിപാലനം കൃത്യമായി നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയങ്ങളുമായി ബന്ധപ്പെട്ട എം.എൽ.എ.-യും പ്രാദേശിക തലത്തിലെ ജനപ്രതിനിധികളേയും ഉൾപ്പെടുത്തി യോഗം ചേർന്ന് സ്റ്റേഡിയത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും പരിപാലനം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കായികവകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ നടത്തിപ്പ്, പരിപാലനം, അറ്റകുറ്റപ്പണികളുടെ നിർവ്വഹണം എന്നിവ സുഗമവും ഫലപ്രദവുമാക്കുന്നത് ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയത്തിന്റെ നിയന്ത്രണത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന കമ്പനിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്പനിയിലൂടെ സ്റ്റേഡിയങ്ങളുടെ പരിപാലനവും അറ്റകുറ്റപ്പണികളുടെ നിർവ്വഹണവും സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

**തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം**

202(6727) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണത്തിനായുള്ള ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി ചേരുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെൻഡർ അംഗീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തിരുവമ്പാടി പുല്ലൂരംമ്പാറ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ ടെൻഡർ ക്ഷണിച്ചിരുന്നു. കുറഞ്ഞ തുകയുള്ള ബിഡ് സമർപ്പിച്ച സ്വകാര്യ സ്ഥാപനത്തെക്കാൾ 6.68% ഉയർന്ന നിരക്കിലുള്ള ബിഡ്ഡാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ചിരുന്നത്. നിലവിലെ നിയമമനുസരിച്ച് എൽ 1 ബിഡ്ഡർ ഒരു സ്വകാര്യ വ്യക്തി / കമ്പനി ആണെങ്കിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് 10 ശതമാനം പ്രൈസ് പ്രിഫറൻസ് നൽകേണ്ടതാണ്. എന്നാൽ കരാർ നൽകാവുന്ന അനുവദനീയമായ തുകയെക്കാൾ ഉയർന്ന തുകയാണ്

ഊരാളുങ്കൽ സമർപ്പിച്ചിരുന്നത്. തുടർന്ന് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഇതുസംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും ബിഡ് കാലാവധി കരാറുകാർ നീട്ടാതിരുന്ന സാഹചര്യത്തിൽ പ്രവൃത്തികൾ റീ-ടെൻഡർ ചെയ്യുകയുണ്ടായി. നിലവിൽ പദ്ധതിയുടെ റീ-ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതുപ്രകാരം 4 ബിഡ്ഡുകൾ ലഭിച്ചിട്ടുണ്ടെന്നും കിറ്റ്കോ അറിയിച്ചിട്ടുണ്ട്. ഇവയുടെ പരിശോധന കിറ്റ്കോ നടത്തി വരികയാണ്. ആയത് അടിയന്തരമായി പൂർത്തിയാക്കി ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കിറ്റ്കോ ടെൻഡറുകളുടെ സാങ്കേതിക പരിശോധന പൂർത്തിയാക്കി വിശദാംശങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്റ്റേഡിയങ്ങളുടെ നവീകരണം

203(6728) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഡിയങ്ങളുടെ നവീകരണത്തിനായി എന്ത് തുകയാണ് ഈ വർഷം ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളതെന്നും സ്റ്റേഡിയങ്ങളുടെ മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനായി കായിക വകുപ്പുവഴി എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്നും വിശദമാക്കുമോ?

സംസ്ഥാനത്ത് 2021-22 വർഷം വിവിധ സ്റ്റേഡിയങ്ങളുടേയും മറ്റ് കായിക പശ്ചാത്തല സൗകര്യങ്ങളുടേയും വികസനത്തിനായി 15.98 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 7.43 കോടി രൂപ കായിക വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലും ബാക്കി വരുന്ന 8.55 കോടി രൂപ ഇതര വകുപ്പുകളുടെ ഹെഡ് ഓഫ് അക്കൗണ്ടിലുമാണ് വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാനത്ത് കായിക വിനോദത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. അടിസ്ഥാന ഘടകമായ ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. ഇതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുകയെന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അടുത്ത ഘട്ടം വികസന പദ്ധതിയായി ജില്ലാ തലത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി കിഫ്ബി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസഹായത്തോടെ ഏറ്റെടുത്ത് നടത്തി വരികയാണ്. ഇത്തരത്തിൽ 23 ഇൻഡോർ സ്റ്റേഡിയങ്ങളും 35 ഓപ്പൺ സ്റ്റേഡിയങ്ങളും വികസിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 20 സ്റ്റേഡിയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയങ്ങളുടെ വികസനമാണ് വകുപ്പ് നടപ്പാക്കി വരുന്ന മറ്റൊരു പ്രധാന പദ്ധതി. ഇത്തരത്തിൽ 21-ഓളം സ്റ്റേഡിയങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി 6,42,37,000 രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെയും ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസുകളുടെയും നിർമ്മാണ-നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വിനിയോഗിക്കുന്നു.

(ബി) മങ്കട നിയോജകമണ്ഡലത്തിൽ ഓരോ പഞ്ചായത്തിനുകീഴിലും എത്ര സ്റ്റേഡിയങ്ങളുണ്ട്; ഇവയുടെ നവീകരണത്തിനായി കായിക വകുപ്പ് തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവയ്ക്കായി എന്ന് തുക അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ ഓരോ പഞ്ചായത്തിലും ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ മുൻഗണനാടിസ്ഥാനത്തിൽ ഉൾപ്പെടുത്തേണ്ട സ്ഥലങ്ങളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം

204(6729) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം കായിക രംഗത്തെ മികവ് കണക്കിലെടുത്ത് എത്ര പേർക്ക് സർക്കാർ സർവ്വീസിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ ഇവർ ആരൊക്കെയാണെന്നും ഇവരുടെ കായികയിനവും എവിടെയൊക്കെയാണ് നിയമനം നൽകിയതെന്നും വ്യക്തമാക്കാമോ?

(എ&ബി) മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായികതാരങ്ങൾക്ക്

വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ ഇ. ബി.-ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി. എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 83 കായികതാരങ്ങളിൽ 82 കായികതാരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു കായികതാരത്തിന് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യതയില്ലാതിരുന്നതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നൽകുവാൻ കഴിഞ്ഞിട്ടില്ല. ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ നിയമനങ്ങൾ/നടപടിക്രമങ്ങളടങ്ങിയ സർക്കാർ ഉത്തരവുകൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* കൂടാതെ കായികതാരങ്ങൾക്ക് പോലീസ് സേനയിൽ അവസരം നൽകുന്നതിനായി വിവിധ സായുധ ബറ്റാലിയനുകളിൽ നിലവിലുള്ള ഹവീൽദാർ തസ്തികകളിൽ 146 തസ്തികകൾ വിവിധ കായിക ഇനങ്ങൾക്കായും മാറ്റി വച്ചിരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്പോർട്സ് കൗൺസിൽ നവീകരണം**

205(6730) ഡോ. കെ. ടി. ജലീൽ:

ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ 68 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 137 കായികതാരങ്ങൾക്ക് ഹവീൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ ഇ. ബി.-യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 83 കായികതാരങ്ങളിൽ 82 കായികതാരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു കായികതാരത്തിന് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യതയില്ലാതിരുന്നതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നൽകുവാൻ കഴിഞ്ഞിട്ടില്ല. ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കായിക താരങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന, ജില്ലാ സ്പോർട്സ് കൗൺസിലുകൾ വഹിക്കുന്ന പങ്ക് വിശദമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാദമികൾ എന്നിവിടങ്ങളിലെ കായികതാരങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു സ്പോർട്സ് ഹോസ്റ്റൽ സബ്-കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കീഴിലും സ്പോർട്സ് ഹോസ്റ്റൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കമ്മിറ്റിയിലെ അതാത് സ്പോർട്സ് അക്കാദമികളിലെ ആൺ, പെൺ വിഭാഗത്തിലെ ഓരോ കായികതാരങ്ങൾ, ബന്ധപ്പെട്ട കായിക അസോസിയേഷന്റെ ജില്ലാ ഭാരവാഹി, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രതിനിധി എന്നിവർ ഉൾപ്പെടുന്നു. ടി കമ്മിറ്റി അതാത് സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങളുമായുള്ള യോഗം എല്ലാ മാസവും കൂടുകയും പ്രശ്നങ്ങൾ സംബന്ധിച്ച അവലോകനം നടത്തുകയും ചെയ്തുവരുന്നു. ആവശ്യമുള്ള വിഷയങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും നേരിട്ട് ഇടപ്പെട്ട് പ്രശ്നപരിഹാരം കാണുകയും ചെയ്തുവരുന്നു.

(സി) ഒളിംപിക്സ് അടക്കമുള്ള മത്സരങ്ങളിലേയ്ക്ക് കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിനുവേണ്ടി സ്പോർട്സ് കൗൺസിലുകളെ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

## കുട്ടികൾക്ക് ഫുട്ബോൾ കളിയിൽ പ്രോത്സാഹനം

206 (6731) <u>ശ്രീ. നജീബ് കാന്തപുരം</u>:

<u>ശ്രീ. പി. ഉബൈദുള്ള</u>:

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽനിന്നും ഫുട്ബോൾ കളിയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ഫുട്ബോൾ ലോക റാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര-ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽതന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഓരോ സെന്ററിലും 25 കുട്ടികൾക്ക് വീതമാണ് പരിശീലനം നൽകുന്നത്. ആദ്യഘട്ടമായി സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി പൂർത്തീകരിക്കുകയും രണ്ടാം ഘട്ട പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾക്കുവേണ്ടി 14 സെന്ററുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

പരിഗണിക്കാവുന്നതാണ്.

## സ്പോർട്സ് ക്ലബ്ബുകളുടെ ശാക്തീകരണം

207 (6732) ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. വാഴൂർ സോമൻ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് ക്ലബ്ബുകളെ ശാക്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ സ്പോർട്സ് ക്ലബ്ബുകളെ ശാക്തീകരിക്കുന്നതിനായി പദ്ധതിയൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) ഗ്രാമീണ സ്പോർട്സിൽനിന്നും കണ്ടെത്തുന്ന പ്രതിഭകളെ മികച്ച പരിശീലനത്തിലൂടെ പ്രൊഫഷണലുകളാക്കി മാറ്റുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രൈമറിതലം മുതൽ ഓരോ കുട്ടികൾക്കും അവർക്ക് അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിനുള്ള സാഹചര്യമൊരുക്കാൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(ബി & സി) പ്രൈമറി സ്കൂൾതലം മുതൽ വിദഗ്ധ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ജില്ലാ സ്പോർട്സ് അക്കാദമികൾ - സ്കൂൾ സ്പോർട്സ് അക്കാദമികൾ മികച്ച കായികതാരങ്ങളെ വാർത്തെടുക്കാനും കായികതാരങ്ങളെ ചെറുപ്രായത്തിൽ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിലേയ്ക്കുമായി സംസ്ഥാനത്തൊട്ടാകെയുള്ള കായികതാരങ്ങളെ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ സ്പോർട്സ് അക്കാദമികൾ, കോളേജ് സ്പോർട്സ് അക്കാദമികൾ എന്നീ സ്കീമുകൾ വഴി 8-ാം ക്ലാസ്സ് മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള യോഗ്യരായ കായികതാരങ്ങളെ അവരുടെ അഭിരുചിക്കനുസരിച്ചുള്ള കായികയിനങ്ങളിൽ മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത് പരിശീലനം നൽകിവരുന്നു. പ്രസ്തുത സെന്ററുകളിലെ കായികതാരങ്ങൾക്ക് താമസവും പ്രത്യേക പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷണവും നൽകിവരുന്നു. കൂടാതെ പ്രഗൽഭരായ പരിശീലകരുടെ കീഴിൽ വിദഗ്ധ പരിശീലനവും നൽകിവരുന്നുണ്ട്.

ഡേ ബോർഡിംഗ് സ്കീം - വിവിധ ജില്ലകളിലായി കൗൺസിൽ നടപ്പിലാക്കിവരുന്ന 61 ഡേ ബോർഡിംഗ് സെന്ററുകളിൽ ഒരു ദിവസം ഒരു കുട്ടിക്ക് 25 രൂപ വീതം ആഴ്ചയിൽ 5 ദിവസം ലഘുഭക്ഷണം നൽകുന്നതിന് തുക നൽകിവരുന്നുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ 9 കായികയിനങ്ങളിൽനിന്നും ദേശീയ അന്തർദ്ദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എസ്.എച്ച്. മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം ബോക്സിംഗ് തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലും റോവിംഗ് ആലപ്പുഴ ജില്ലയിലും ബാഡ്മിന്റൺ എറണാകുളം ജില്ലയിലും ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കായികയിനത്തിൽ 15 കുട്ടികളെന്ന കണക്കിലാണ് നിലവിൽ പരിശീലനം നടത്തിവരുന്നത്. ഓരോ വർഷത്തിലും പരിശീലനത്തിന്റെ മികവ് വിലയിരുത്തി വീഡ് ഔട്ട് നടത്തിവരുന്നുണ്ട്. ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പും അനുവദിച്ചു വരുന്നുണ്ട്. എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ 14 വയസ്സിൽ താഴെയുള്ള 25 പെൺകുട്ടികൾക്ക് ഫുട്ബോൾ അക്കാദമിയിൽ പരിശീലനം നൽകിവരുന്നുണ്ട്. കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് സ്കൂളുകളിലേക്കുള്ള സെലക്ഷൻ ട്രയൽസിന്റെ ഭാഗമായി ഗ്രാമീണ മേഖലയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാം വർഷവും പ്രത്യേകം സെലക്ഷൻ നടത്തുകയും സെലക്ഷൻ ലഭിക്കുന്ന കുട്ടികൾക്ക് ഗവ. ജി.വി. രാജാ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, സ്പോർട്സ് സ്കൂൾ കണ്ണൂർ എന്നീ കായിക വിദ്യാലയങ്ങളിൽ പ്രവേശനം നൽകി ഭക്ഷണം, താമസം, വിദ്യാഭ്യാസം, കായിക പരിശീലനം, ആവശ്യമായ കായിക അടിസ്ഥാന സൗകര്യങ്ങൾ, കായിക ഉപകരണങ്ങൾ എന്നിവ നൽകി പ്രൊഫഷണലുകളാക്കുന്നതിന് മികച്ച പരിശീലനം നൽകിവരുന്നുണ്ട്. കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ

ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി വിഭാഗം കുട്ടികളെ വിനോദപ്രദമായ കായിക പരിശീലനത്തിലൂടെ അവരുടെ തനതായ കഴിവുകൾ പ്രകടിപ്പിക്കാനും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനും ഉതകുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയിലുൾപ്പെടുന്ന കുട്ടികളുടെ ശാരീരികബലവും കായിക ചാതുര്യവും ഇൻഡോർ ആൻഡ് ഔട്ട്ഡോർ കളിയുപകരണങ്ങൾ ഉപയോഗിച്ചുള്ള വിനോദത്തിലൂടെ ആയാസരഹിതമായ രീതിയിൽ പരിപോഷിപ്പിക്കപ്പെടുന്നു. പ്രൈമറി സ്കൂളിലെ കായികക്ഷമതാ പിരീഡ് ഉപയോഗപ്രദമാക്കി കളിയും പാട്ടും ഡാൻസുമൊക്കെയായി കുട്ടികളിൽ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിനുതകുന്ന മൂല്യങ്ങൾ പരിചയപ്പെടുത്തുകയെന്നതും ഈ പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. കുട്ടികളെ കായികാഭ്യാസത്തിലേയ്ക്ക് സ്വയമേ ആകർഷിക്കുന്നതിനായി വിനോദപ്രദമായ കളികളിൽ ഏർപ്പെടാൻ ഉതകുന്ന ആധുനിക സാങ്കേതിക വിദ്യയുൾപ്പെടുന്ന രീതിയിൽ പ്രത്യേകമായി രൂപകൽപ്പന ചെയ്തവയാണ് കളിയുപകരണങ്ങൾ. ഓരോ കുട്ടിയുടെയും കായിക അഭിരുചി ശാസ്ത്രീയമായി തിരിച്ചറിയാൻ നൂതന സാങ്കേതികവിദ്യയിലൂടെ കഴിയുന്നു. ഇത്തരത്തിൽ സ്വന്തം ശരീരത്തിന് എളുപ്പത്തിൽ വഴങ്ങുന്ന കായിക വിനോദങ്ങൾ തെരഞ്ഞെടുക്കുവാനും കഴിയുന്നു. കായികക്ഷമതയിലും പഠനത്തിലും സാമൂഹിക വ്യവഹാരങ്ങളിലും ഉൽകൃഷ്ടമായ പുത്തൻ തലമുറയെ വാർത്തെടുക്കാൻ ഈ പദ്ധതി തീർച്ചയായും ഫലപ്രദമാണ്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ സമഗ്ര കായിക, ആരോഗ്യ, വിദ്യാഭ്യാസ പരിപോഷണത്തിനായി എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ച ഹെൽത്തി കിഡ്സ് പ്രോഗ്രാം വിദ്യാഭ്യാസം, കായികയുവജനക്ഷേമം, തദ്ദേശസ്വയംഭരണം, ആരോഗ്യം എന്നീ വകുപ്പുകളുടെ ഏകോപനത്തിലൂടെ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുള്ള രണ്ട് പ്രവർത്തന പുസ്തകങ്ങൾ സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

(ഡി) സ്കൂളുകളിലെ കായിക അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പരിശീലന പരിപാടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ സ്കൂളുകളിലെ അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലന മൊഡ്യൂൾ

തയ്യാറാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ പ്രത്യേക സോണുകൾ രൂപീകരിച്ചുകൊണ്ട് അദ്ധ്യാപകർക്ക് പുതുക്കിയ പാഠപുസ്തകത്തിന്റെയും പാഠ്യപദ്ധതിയുടെയും അടിസ്ഥാനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകിവരുന്നുണ്ട്. അതോടൊപ്പം തന്നെ അവധിക്കാല അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി അദ്ധ്യാപകരുടെ ശാക്തീകരണം ലക്ഷ്യം വച്ചുകൊണ്ടുള്ള വിദഗ്ദ്ധമായ പരിശീലന മൊഡ്യൂൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കുകയും ഘട്ടം ഘട്ടമായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, ഡിസ്ട്രിക്ട് റിസോഴ്സ് ഗ്രൂപ്പ് തുടങ്ങി മുഴുവൻ കായിക അദ്ധ്യാപകർക്കും ലഭ്യമാകത്തക്ക രൂപത്തിൽ വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുണ്ട്.

## സ്പോർട്സ് ക്ലബ്ബുകൾക്ക് ധനസഹായം

208 (6733) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക രംഗത്ത് ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം നടത്തിവരുന്ന സ്പോർട്സ് ക്ലബ്ബുകൾക്ക് ധനസഹായം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

സ്പോർട്സ് ക്ലബ്ബുകളുടെ പ്രവർത്തനം വിലയിരുത്തി ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ ക്ലബ്ബുകൾക്ക് കായിക വികസന നിധിയിൽനിന്നും ധനസഹായം അനുവദിക്കാറുണ്ട്.

(ബി) ഇത്തരം ക്ലബ്ബുകളുടെ അധീനതയിലുള്ള ഗ്രൗണ്ടുകൾ പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പരിശോധിക്കാവുന്നതാണ്.

## ഗവ. സ്കൂൾ നിർമ്മിക്കുന്നതിന് വഖഫ് ഭൂമി

209 (6734) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ആക്ട് സെക്ഷൻ 51 (IA) പ്രകാരം ഗവ. സ്കൂൾ നിർമ്മിക്കുന്നതിന് വഖഫ് ഭൂമി ഏറ്റെടുക്കുന്നതിനോ വിട്ടുകൊടുക്കുന്നതിനോ നിയമ പ്രശ്നങ്ങളോ മറ്റ് തടസ്സങ്ങളോ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

1995-ലെ വഖഫ് നിയമത്തിൽ 2013-ലുണ്ടായ നിയമ ഭേദഗതിയിലെ 51 (1-A), 104-A എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്.

എന്നിരുന്നാലും പ്രസ്തുത നിയമത്തിലെ 51 (1A) വകുപ്പിലെ പ്രൊവൈസോ പ്രകാരം 1894-ലെ ലാൻഡ് അക്വിസിഷൻ ആക്ടോ അല്ലെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള മറ്റ് നിയമങ്ങളുടെയോ അടിസ്ഥാനത്തിൽ സംസ്ഥാന വഖഫ് ബോർഡുമായി കൂടിയാലോചിച്ച് പൊതുകാര്യത്തിനായി ഭൂമി ഏറ്റെടുക്കുവാൻ വ്യവസ്ഥയുണ്ട്.

(ബി) 1919 മുതൽ വഖഫ് ഭൂമിയിൽ പ്രവർത്തിച്ചുവരുന്ന ഗവ. സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് വഖഫ് റൂൾസ്, 2019-ലെ ചട്ടം 81 പ്രകാരം വഖഫ് വസ്തുവിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണത്തിന് (കൂട്ടിചേർക്കൽ/പരിവർത്തനം) സംസ്ഥാന വഖഫ് ബോർഡിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

(സി) അപ്രകാരം സ്കൂൾ നിർമ്മിക്കുന്ന ഭൂമിയുടെ അവകാശം ആരിൽ നിക്ഷിപ്തമായിരിക്കുമെന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വഖഫ് വസ്തുവിന്റെ അധികാരം പൂർണ്ണമായും ബന്ധപ്പെട്ട വഖഫിൽ നിക്ഷിപ്തമായിരിക്കും.

**വഖഫ് ബോർഡിന്റെ സ്ഥലം വിട്ടുകൊടുക്കുന്ന നടപടി**

210(6735) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർഷങ്ങളായി പൊതു ആവശ്യത്തിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വഖഫ് ബോർഡിന്റെ കീഴിലുള്ള സ്ഥലം ബന്ധപ്പെട്ട വകുപ്പിന് വിട്ടുകൊടുക്കാൻ കഴിയുമോ; എങ്കിൽ അതിന്റെ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

1995-ലെ വഖഫ് നിയമത്തിൽ 2013-ലുണ്ടായ നിയമ ഭേദഗതിയിലെ 51 (1-A), 104-A എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. എന്നിരുന്നാലും പ്രസ്തുത നിയമത്തിലെ 51 (1A) വകുപ്പിലെ പ്രൊവൈസോ പ്രകാരം 1894-ലെ ലാൻഡ് അക്വിസിഷൻ ആക്ടോ അല്ലെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള മറ്റു നിയമങ്ങളുടെയോ അടിസ്ഥാനത്തിൽ സംസ്ഥാന വഖഫ് ബോർഡുമായി കൂടിയാലോചിച്ച് പൊതുകാര്യത്തിനായി ഭൂമി ഏറ്റെടുക്കാൻ വ്യവസ്ഥയുണ്ട്.

## വഖഫ് ഭൂമിയുടെ സർവ്വേ

211(6736) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ഭൂമിയുടെ സർവ്വേ പ്രവർത്തനങ്ങൾ കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നും നിലവിൽ ഇത് ഏത് ഘട്ടത്തിലാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കേന്ദ്ര വഖഫ് നിയമം സെക്ഷൻ 4 പ്രകാരം വഖഫ് വസ്തുക്കളുടെ സർവ്വേ നടത്തുന്നതിനായി സർവ്വേ കമ്മീഷണറെ നിയമിച്ചിട്ടുള്ളതും ടി സർവ്വേ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ സർവ്വേ നടപടികൾ നടന്നുവരികയുമാണ്. അപ്രകാരം സർവ്വേ നടത്തി സർവ്വേ കമ്മീഷണർ സമർപ്പിക്കുന്ന റിപ്പോർട്ടിൽ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ (കെട്ടിട നമ്പർ ഉൾപ്പെടെ) പരാമർശിക്കേണ്ടതാണെന്ന് 2019-ലെ വഖഫ് റൂൾസ് 4(2) (21)-ൽ നിഷ്കർഷിക്കുന്നുണ്ട്. നാളിതുവരെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം ജില്ലകളിലെ സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ സർവ്വേ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) കാലങ്ങളായി വഖഫ് സ്ഥാപനത്തിന്റെ സ്വാധീനത്തിലുള്ളതും എന്നാൽ സ്ഥാപനത്തിന്റെ പേരിൽ രേഖയില്ലാത്തതുമായ ഭൂമി വഖഫ് സർവ്വേയിൽ ഉൾപ്പെടുമോ; ഇത് വഖഫ് ഭൂമിയായി പരിഗണിക്കുമോ?

1995-ലെ വഖഫ് നിയമം വകുപ്പ് 3(r)(i) പ്രകാരം വഖഫായി ഉപയോഗത്തിലുള്ള വസ്തുക്കൾ വഖഫിന്റെ നിർവ്വചനത്തിൽ വരുന്നതാണ്. വഖഫ് സർവ്വേയിലൂടെ കണ്ടെത്തുന്ന ഇത്തരം ഭൂമികൾ ഭൂമിയുടെ സ്വഭാവം (പുറമ്പോക്ക്, മറ്റ് ജന്മിയുടെ കൈവശമുള്ള ഭൂമി എന്നിവ) അനുസരിച്ച് നിലവിലുള്ള നിയമം/ ഉത്തരവുപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രയോജനപ്പെടുന്നതാണ്.

## വഖഫ് സ്വത്തുക്കളുടെ സംരക്ഷണവും പരിപാലനവും

212(6737) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഖഫ് സ്വത്തുക്കളുടെ നിയമപരമായ സംരക്ഷണവും പരിപാലനവും ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ വഖഫുകളുടെയും നിയന്ത്രണവും മേൽനോട്ടവും വഖഫ് നിയമം സെക്ഷൻ 32 പ്രകാരം വഖഫ് ബോർഡിനാണ്. വഖഫിന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പ്രാഥമിക ഉത്തരവാദിത്വം അതത് വഖഫ് മുതവല്ലി/കമ്മിറ്റിക്കാണ്. അതിൽ വീഴ്ചവരുത്തുന്നപക്ഷം വഖഫ് നിയമപ്രകാരമുള്ള അധികാരം ഉപയോഗിച്ച് വഖഫ് ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വഖഫ് സ്വത്തുക്കൾ അനർഹമായി കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

കേന്ദ്ര വഖഫ് നിയമം സെക്ഷൻ 4 പ്രകാരം വഖഫ് വസ്തുക്കളുടെ സർവ്വേ നടത്തുന്നതിനായി സർവ്വേ കമ്മീഷണറെ നിയമിച്ചിട്ടുള്ളതും ടി സർവ്വേ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ സർവ്വേ നടപടികൾ നടന്നുവരികയുമാണ്. അപ്രകാരം സർവ്വേ നടത്തി സർവ്വേ കമ്മീഷണർ സമർപ്പിക്കുന്ന റിപ്പോർട്ടിൽ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ (കെട്ടിട നമ്പർ ഉൾപ്പെടെ) പരാമർശിക്കേണ്ടതാണെന്ന് 2019-ലെ വഖഫ് റൂൾസ് 4(2) (21)-ൽ നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ വഖഫ് ബോർഡ് അനുമതിയില്ലാതെ നടത്തിയിട്ടുള്ള വില്പന, വസ്തുകൈമാറ്റം, വഖഫ് വസ്തു അന്യാധീനപ്പെടൽ എന്നിവ സംബന്ധിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്കോ, ബോർഡിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കോ വഖഫ് നിയമം 52, 54 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വഖഫ് ആക്ട്, സെക്ഷൻ 54 പ്രകാരം അനധികൃത കയ്യേറ്റം ഒഴിപ്പിക്കുവാനുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ചതിനുശേഷം കയ്യേറ്റം ഒഴിപ്പിക്കാനുള്ള ഉത്തരവ് വഖഫ് ട്രൈബ്യൂണൽ പുറപ്പെടുവിക്കേണ്ടതാണ്.

(സി) വഖഫ് ബോർഡിനുകീഴിലുള്ള ജമാഅത്തുകളും പള്ളികളും സംരക്ഷിക്കുന്നതിനും സർവ്വേ, രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമതയോടെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കേന്ദ്ര വഖഫ് നിയമം സെക്ഷൻ 4 പ്രകാരം വഖഫ് വസ്തുക്കളുടെ സർവ്വേ നടത്തുന്നതിനായി സർവ്വേ കമ്മീഷണറെ നിയമിച്ചിട്ടുള്ളതും ടി സർവ്വേ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ സർവ്വേ നടപടികൾ നടന്നുവരികയുമാണ്. വഖഫുകൾ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾക്കായി സംസ്ഥാന വ്യാപകമായി വഖഫ് രജിസ്ട്രേഷൻ അദാലത്തുകൾ നടത്തിവരുന്നു.

(ഡി) വഖഫ് ബോർഡിലേക്കുള്ള ജീവനക്കാരുടെ നിയമനം പി.എസ്.സി.

വഴിയാക്കുന്നതിലൂടെ ബോർഡിൽ അമുസ്ലീം വിഭാഗങ്ങൾക്ക് അവസരമൊരുക്കുകയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വ്യക്തമാക്കുമോ?

ഉണ്ട്. സർക്കാർ അവതരിപ്പിച്ച ബില്ലിൽ വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിനുവേണ്ടി മുസ്ലീം സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് പി.എസ്.സി.-യെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. ആയതിനാൽ അമുസ്ലീം വിഭാഗങ്ങൾക്ക് അവസരമൊരുക്കുകയാണെന്ന ആരോപണം അടിസ്ഥാനരഹിതമാണ്.

## 2022-ലെ ഹജ്ജ് യാത്രയ്ക്കുള്ള മുന്നൊരുക്കങ്ങൾ

213 (6738) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

2022-ലെ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടത്തുന്ന മുന്നൊരുക്കങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് ഹൗസിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഹജ്ജ് ഹൗസിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള ഹജ്ജ് ഹൗസിനുപുറമെ 32,000 Sq. ft. ഏരിയയുള്ള പുതിയ ബിൽഡിംഗ് നിർമ്മാണ പ്രവൃത്തി പൂർത്തിയായിവരുന്നു. അതിനാൽ കൂടുതൽ പേർക്ക് ഒരുമിച്ച് താമസിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും ആരാധന നടത്തുന്നതിനും സൗകര്യമുണ്ടാകും. ഈ വർഷത്തെ ഹജ്ജ് യാത്രയ്ക്ക്, മേൽ ബിൽഡിംഗ് ഉപയോഗിക്കാനാകും.

(സി) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിൽ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരിക്കുന്നുയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ആസ്ഥാന എംബാർക്കേഷൻ പോയിന്റായ കരിപ്പൂർ വിമാനത്താവളത്തിൽ ഹജ്ജ് എംബാർക്കേഷൻ പുനഃസ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരുമായും കേന്ദ്ര ഹജ്ജ് കമ്മിറ്റി സി. ഇ.ഒ.-യുമായും ബന്ധപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര ന്യൂനപക്ഷ വകുപ്പുമന്ത്രിയുമായും വ്യോമയാന മന്ത്രിയുമായും മന്ത്രി നേരിട്ടുകണ്ട് ഇക്കാര്യം ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രമന്ത്രിമാരുടെ സന്ദർശനാനുമതി ലഭിക്കുന്ന മുറയ്ക്ക് ഇവരെ കണ്ട് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് മറ്റുനടപടികൾ ആലോചിക്കുന്നതിന് ഹജ്ജ് കമ്മിറ്റിയുടെ അടിയന്തര യോഗം വിളിച്ചിട്ടുണ്ട്.

## ട്രെയിനുകളുടെ പുനഃക്രമീകരണം

214 (6739) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 06603/06604 മംഗലാപുരം-തിരുവനന്തപുരം-മംഗലാപുരം മാവേലി എക്സ്പ്രസ് നാഗർകോവിലിലേയ്ക്ക് നീട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് 06603/06604 മംഗലാപുരം തിരുവനന്തപുരം മാവേലി എക്സ്പ്രസ് നാഗർകോവിലിലേയ്ക്ക് നീട്ടാനാകുമോയെന്ന കാര്യം തിരുവനന്തപുരം ഡിവിഷണൽ ഓഫീസ് പരിശോധിക്കേണ്ടതുണ്ട്. ആയതിന്മേൽ അന്തിമ തീരുമാനമെടുക്കേണ്ടത് റെയിൽവേ ഹെഡ്ക്വാർട്ടേഴ്സ് ഓഫീസാണ്.

(ബി) 06325/06326 നിലമ്പൂർ-കോട്ടയം-നിലമ്പൂർ എക്സ്പ്രസ് ട്രെയിനിന് എ.സി. ചെയർ കാർ കോച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇതൊരു പോളിസി തീരുമാനമായതിനാൽ ഇക്കാര്യം തീരുമാനിക്കേണ്ടത് റെയിൽവേയുടെ സോണൽ/റെയിൽവേ ബോർഡ് തലത്തിലാണ്.

(സി) 06466 നിലമ്പൂർ-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിൻ, 06458 ഷൊർണ്ണൂർ-കോയമ്പത്തൂർ ട്രെയിൻ എന്നിവ സംയോജിപ്പിച്ച് നിലമ്പൂർ-കോയമ്പത്തൂർ-നിലമ്പൂർ സ്പെഷ്യലായി ഓടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കണ്ണൂർ-തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസിന് ഷൊർണ്ണൂരിൽ കണക്ഷൻ കിട്ടുന്ന വിധം നിലമ്പൂർ-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിനിന്റെ സമയം ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) ഇക്കാര്യത്തിൽ റെയിൽവേ ടൈംടേബിൾ റിവിഷൻ ഉൾപ്പെട്ടതിനാൽ ഇതിൽ തീരുമാനമെടുക്കേണ്ടത് സോണൽ/റെയിൽവേ ബോർഡ് തലത്തിലാണ്.

## റെയിൽവേ വികസനത്തിലെ കേന്ദ്ര അവഗണന

215(6740) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തോട് കേന്ദ്രം വിമുഖത കാട്ടുന്നുവെന്ന ആക്ഷേപത്തോട് സംസ്ഥാന സർക്കാരിന്റെ നിലപാട് വിശദമാക്കാമോ?

കേരള സംസ്ഥാനത്തെ പ്രധാന റെയിൽവേ വികസന പദ്ധതികളായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ) തിരുവനന്തപുരം-കാസർകോട് പദ്ധതി, തലശ്ശേരി-മൈസൂർ റെയിൽ പദ്ധതി, നിലമ്പൂർ-നഞ്ചൻകോട് പദ്ധതി, അങ്കമാലി-ശബരി റെയിൽ പദ്ധതി എന്നിവയെല്ലാം റെയിൽ മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള പദ്ധതികളാണ്. റെയിൽവേയുടേയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനാണ് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പു ചുമതല നൽകിയിരിക്കുന്നത്. റെയിൽ പദ്ധതികളുടെയെല്ലാം പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി പ്രസ്തുത സംയുക്ത സംരംഭ കമ്പനിവഴി വിശദ പദ്ധതി രൂപരേഖ, റെയിൽ മന്ത്രാലയവുമായുള്ള ഏകോപനം, നിരന്തര ചർച്ചകൾ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ റെയിൽപ്പാത ഇരട്ടിപ്പിക്കൽ, നവീകരണ പ്രവൃത്തി തുടങ്ങിയ വികസന പ്രവർത്തനങ്ങളെല്ലാം ഇന്ത്യൻ റെയിൽവേ അതത് സോണൽ റെയിൽവേ മുഖേന നടത്തിവരുന്നുമുണ്ട്. സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് കേന്ദ്രത്തിൽനിന്നും ലഭ്യമാക്കേണ്ട പിന്തുണ ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ നിരന്തരമായ ഇടപെടലുകളും സമ്മർദ്ദവും ചെലുത്തിവരുന്നു.

(ബി) ഗ്രാമീണ മേഖലയ്ക്ക് ഗുണം ചെയ്യുന്ന അമ്പലപ്പുഴ-എറണാകുളം പാതയിരട്ടിപ്പിക്കൽ തുടങ്ങി അനേകം പദ്ധതികൾക്ക് തുച്ഛമായ തുക മാത്രം വകയിരുത്തി സംസ്ഥാനത്തെ അവഗണിക്കുന്ന കേന്ദ്രനയം തിരുത്തിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ റെയിൽവേ പാതകൾ ഇരട്ടിപ്പിക്കലിന്റെ ഭാഗമായി സർക്കാർ തലത്തിലും അതത് ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിലും കൃത്യമായ ഇടവേളകളിൽ തുടർച്ചയായി അവലോകന യോഗങ്ങൾ നടത്തിവരുന്നു. 26-7-2021-ൽ ചീഫ് സെക്രട്ടറി സതേൺ റെയിൽവേ ജനറൽ മാനേജരും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും തുടർന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 4-9-2021-ൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. റെയിൽവേപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ താഴെപ്പറയും പ്രകാരം പാത ഇരട്ടിപ്പിക്കൽ പ്രവർത്തനം നടന്നുവരുന്നു.

എറണാകുളം-അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലിനായി 32 ഹെക്ടർ 19 ആർസ് 84 ച. മീ. സ്ഥലം ഏറ്റെടുക്കുന്നതിനായി അർത്ഥന ലഭിച്ചിരുന്നുവെങ്കിലും നിലവിൽ കുമ്പളം-തുറവൂർ റെയിൽപ്പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി 8 ഹെക്ടർ 66 ആർസ് 2 ച. മീ. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളാണ് ജില്ലയിൽ നടന്നുവരുന്നത്. കോടന്തുരുത്ത് വില്ലേജിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുള്ളതും റെയിൽവേ അലൈൻമെന്റ് കല്ലുകൾ പൂർണ്ണമായി സ്ഥാപിച്ച് ബന്ധപ്പെട്ട റിക്കാർഡുകൾ പൂർണ്ണമായി നൽകിയിട്ടില്ലാത്തതാണ്. എറണാകുളം-കുമ്പളം റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് 5.87 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. റെയിൽവേ എൽ.എ. ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് സർവ്വേ നടപടികളും SIA പഠനത്തിനുള്ള നടപടികൾ തുടങ്ങുന്നതാണ്. കോട്ടയം ജില്ലയിൽ നാളിതുവരെ 40.77 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറി. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്-അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കൽ, സബ്-വേ നിർമ്മാണം, അശ്രൂർ ബ്രിഡ്ജ് നിർമ്മാണം എന്നിവയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക ഭൂവുടമകൾക്ക് കൈമാറിയിട്ടുള്ളതാണ്. എറണാകുളം ജില്ലയിൽ തീരദേശപാതകളുടെ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ നടപടികൾ ഉണ്ടായിട്ടില്ലാത്തതാണ്. കായംകുളം-എറണാകുളം തീരദേശപാതയിൽ (50 ശതമാനം), കായംകുളം-അമ്പലപ്പുഴവരെയും കായംകുളം-കോട്ടയം-എറണാകുളം റെയിൽപ്പാതയിൽ കായംകുളം-ചിങ്ങവനംവരെയും പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റെയിൽവേ പാത ഇരട്ടിപ്പിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി-മന്ത്രിതലത്തിലും മറ്റ് ഉന്നത ഉദ്യോഗസ്ഥതലത്തിലും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനം ഏകോപിപ്പിക്കുന്നുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം സംസ്ഥാനത്തെ റെയിൽവേ പാത ഇരട്ടിപ്പിക്കൽ പ്രവൃത്തി വൈകുന്നുയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംസ്ഥാനത്തെ റെയിൽവേ വികസനം

216 (6741) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽ വികസനത്തിലുണ്ടായ ദുരവസ്ഥ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എങ്കിൽ ഈ വികസന മുരടിപ്പിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

(എ&ബി) സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടുംകൂടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിന് ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും അതിൽ സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ അനുമതിക്കുവേണ്ടിയുള്ള പ്രോസസ്സിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ നടത്തുന്നതാണ്. ജെ.വി.സി.-ക്ക് പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി.) രൂപീകരിച്ചുകൊണ്ടാണ് പദ്ധതി നടത്തിപ്പ് സാധ്യമാക്കുന്നത്. പ്രസ്തുത കോർപ്പറേഷൻവഴി സംസ്ഥാനത്തെ റെയിൽ വികസനം വളരെ ഉർജ്ജിതമായിത്തന്നെ പുരോഗമിക്കുകയാണ്. സുസ്ഥിര വികസനമെന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിനനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്:

1. സിൽവർ ലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം-കാസർഗോട്
2. തലശ്ശേരി-മൈസൂർ റെയിൽവേ ലൈൻ
3. നിലമ്പൂർ-നൻജഗുഡ് റെയിൽ ലൈൻ
4. അങ്കമാലി-ശബരി റെയിൽ പദ്ധതി

മേൽപ്പറഞ്ഞ പദ്ധതികളില്ലൊംതന്നെ ഇപ്പോൾ കെ.ആർ.ഡി.സി.എൽ.-ന്റെ ആസൂത്രണ ഘട്ടത്തിലാണുള്ളത്. ആയതിനാൽ സംസ്ഥാനത്തെ റെയിൽ വികസനത്തിൽ എന്തെങ്കിലും മുരടിപ്പുള്ളതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതല്ല. റെയിൽവേയുടെ മുഖ്യഅടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി, പ്രധാനമന്ത്രിയുമായും സംസ്ഥാന ചീഫ് സെക്രട്ടറി, റെയിൽവേ ബോർഡ് ചെയർമാനുമായും ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും നിരന്തരമായ ചർച്ചകൾ നടത്തിവരാറുണ്ട്. ഇതോടൊപ്പം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി ഇതിനോടകം തന്നെ കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ മുഖ്യവിഷയങ്ങളായിരുന്നു. ഇതുകൂടാതെ, കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) ആയിരുന്നു പ്രധാന അജണ്ടയായി വന്നിട്ടുള്ളത്. പ്രധാനമന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. ഇത്തരത്തിൽ കേന്ദ്രസർക്കാരിൽ വേണ്ട സമ്മർദ്ദം ചെലുത്തി പദ്ധതികൾ ഊർജ്ജിതമായി മുമ്പോട്ടുകൊണ്ടുപോകുവാൻ സാധിക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് റെയിൽവേ വികസനം അനിവാര്യമാണ്. റെയിൽവേ മേഖലയിൽ കൂടുതൽ മുതൽമുടക്ക് ആവശ്യമായ സ്ഥിതിയാണ് കേരളത്തിലുള്ളത്.

(സി) സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ ക്രോഡീകരിച്ച് നൽകുന്നതിന് എം.പി.-മാരുടെയും ബന്ധപ്പെട്ടവരുടെയും യോഗം വിളിച്ചുചേർത്തിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉള്ളടക്കം വിശദമാക്കാമോ?

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി 15-11-2021-ന് ചേരാൻ നിശ്ചയിച്ചിട്ടുള്ള എം.പി.-മാരുടെ സമ്മേളനത്തിൽ ചർച്ച ചെയ്യുന്നതിനായി സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ താഴെക്കാണുന്ന പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകിയിട്ടുണ്ട്.

1. സിൽവർ ലൈൻ (സെമി ഹൈ സ്പീഡ്) തിരുവനന്തപുരം-കാസർഗോഡ് വരെ പ്രസ്തുത പദ്ധതിക്കുള്ള റെയിൽവേ മന്ത്രാലയത്തിൽനിന്നുള്ള അനുമതിയും കേന്ദ്ര സർക്കാർ അനുമതിയും ലഭ്യമാക്കുന്നത് സംബന്ധിച്ച്.

2. തലശ്ശേരി-മൈസൂർ പദ്ധതിക്ക് റെയിൽവേ മന്ത്രാലയത്തിൽനിന്നും അനുമതി ലഭിക്കുന്നത് സംബന്ധിച്ച്.

3. നിലമ്പൂർ-നഞ്ചൻകോട് പദ്ധതിക്ക് റെയിൽവേ മന്ത്രാലയത്തിൽനിന്നും അനുമതി ലഭിക്കുന്നത് സംബന്ധിച്ച്.

4. അങ്കമാലി-ശബരി പദ്ധതി ചെലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കാമെന്ന് കേന്ദ്ര റെയിൽ വകുപ്പ് മുമ്പാകെ അറിയിച്ചിരുന്നു. പദ്ധതി പുനരുജ്ജീവിപ്പിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.

5. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി റെയിൽവേ ബോർഡ് പ്രസ്തുത പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക വകയിരുത്തുന്നത് സംബന്ധിച്ച്.

**ട്രെയിനുകൾ പുനഃസ്ഥാപിക്കാൻ നടപടി**

217 (6742) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് നിർത്തലാക്കിയ സംസ്ഥാനത്തെ മുഴുവൻ ട്രെയിനുകളും പുനഃസ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കാമോ;

(ബി) ട്രെയിനുകളിൽ അൺ റിസർവ്ഡ് ടിക്കറ്റുകൾ പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനെ സമീപിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ നിർത്തിവച്ച പാസഞ്ചർ ട്രെയിൻ സർവ്വീസും സീസൺ ടിക്കറ്റ് പുനഃസ്ഥാപിക്കാത്തത് സംബന്ധിച്ചും നിരവധി പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. ഇക്കാര്യം സതേൺ റെയിൽവേ ജനറൽ മാനേജരും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി 29-9-2021-ന് നടത്തിയ ചർച്ചയിൽ ഉന്നയിച്ചപ്പോൾ ഇക്കാര്യത്തിൽ റെയിൽവേ ബോർഡാണ് അന്തിമ തീരുമാനമെടുക്കേണ്ടതെന്ന് റെയിൽവേ അധികൃതർ അറിയിക്കുകയുണ്ടായി. നിലവിൽ പാസഞ്ചർ ട്രെയിനുകൾ ഭാഗികമായി പുന:സ്ഥാപിച്ചിട്ടുണ്ട്. അൺ റിസർവ്ഡ് സ്പെഷ്യൽ ട്രെയിനുകളിൽ സീസൺ ടിക്കറ്റ് പുന:സ്ഥാപിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

218(6743 ) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, അനിമൽ ഹെൽത്ത് ക്യാമ്പ്, കമേഴ്സ്യൽ ഗോട്ടറി ട്രെയിനിംഗ്, കുട്ടികൾക്കായുള്ള അവെയർനെസ്സ് പ്രോഗ്രാം, ഇൻഫെർട്ടിലിറ്റി ക്യാമ്പ്, ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി, ഡക്ക് നഴ്സറി, മിൽക്കിംഗ് മെഷീൻ സ്ഥാപിക്കൽ, താലൂക്കുതല സംരംഭകത്വ പ്രോഗ്രാം, മോഡൽ പഞ്ചായത്ത്, രാത്രികാല അടിയന്തര മൃഗചികിത്സാ സേവന പദ്ധതി, സീറോ സർവ്വെയലൻസ് ക്യാമ്പ്, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആട് വളർത്തൽ പദ്ധതി, കിടാരി വളർത്തൽ പദ്ധതി, അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി, താറാവ് വളർത്തൽ പദ്ധതി, ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽക്കൃഷി വികസനം.

(ബി) കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കാൻ ചെറുകിട ക്ഷീരകർഷകരെ പ്രാപ്തരാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കാൻ ചെറുകിട ക്ഷീര കർഷകരെ പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള വിവിധ പരിശീലന പരിപാടികൾ എൽ.എം.ടി.സി. കുടപ്പനക്കുന്ന് മുഖേന നടപ്പാക്കിവരുന്നു.

(സി) ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ മൃഗപരിപാലനം സംബന്ധിച്ച ക്ലാസ്സുകൾ ക്ഷീരകർഷകർക്കുവേണ്ടി സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

## മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

219 (6744) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം

വരെയുള്ള ബഡ്ജറ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന് പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഇവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ?

2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ.

1. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനം
2. കന്നുകാലി വികസന പദ്ധതി
3. കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി പദ്ധതി)
4. ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
5. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്
6. ഫാമുകളുടെ ശാക്തീകരണം
7. കോഴി വളർത്തൽ പദ്ധതി
8. വെറ്ററിനറി സേവനം
9. വികസനവും പരിശീലനവും
10. സാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും
11. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
12. രാഷ്ട്രീയ പശുധൻ വികാസ് യോജന
13. മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വേയും (50 ശതമാനം കേന്ദ്ര സഹായം)
14. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്കുള്ള ധനസഹായം

2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ.

1. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനം
2. കന്നുകാലി വികസന പദ്ധതി
3. കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി പദ്ധതി)

4. ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.

5. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്

6. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)

7. ഫാമുകളുടെ ശാക്തീകരണം

8. കോഴി വളർത്തൽ പദ്ധതി

9. വെറ്ററിനറി സേവനം

10. വികസനവും പരിശീലനവും

11. സാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനിക വൽക്കരണവും

12. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

13. രാഷ്ട്രീയ പശുധൻ വികാസ് യോജന

14. മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വേയും (50 ശതമാനം കേന്ദ്ര സഹായം)

2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ.

1. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനം

2. പ്രത്യേക കന്നുകാലി വികസന പദ്ധതി

3. കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി പദ്ധതി)

4. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)

5. ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

6. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്

7. 2018-19-ൽ പുതുതായി ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി.)

8. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

9. വികസനവും പരിശീലനവും

10. സാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും

11. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

12. ഫാമുകളുടെ ശാക്തീകരണം

13. കന്നുകാലി ആരോഗ്യസംരക്ഷണവും രോഗനിയന്ത്രണവും (60 ശതമാനം കേന്ദ്ര വിഹിതം)

14. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (60 ശതമാനം കേന്ദ്ര വിഹിതം)

15. മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വേയും (50 ശതമാനം കേന്ദ്ര സഹായം)

16. കന്നുകാലി സെൻസസ് (100 ശതമാനം കേന്ദ്ര സഹായം)

17. ദേശീയ കന്നുകാലി മിഷൻ

18. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനുള്ള സാമ്പത്തിക സഹായം.

19. കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം

20. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള സഹായം

21. എം.പി.ഐ.-യ്ക്കുള്ള സഹായം

22. മൃഗചികിൽസ സേവനവും മൃഗാരോഗ്യവും

23. വെറ്ററിനറി സേവനം

2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ.

1. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനം

2. പ്രത്യേക കന്നുകാലി വികസന പദ്ധതി

3. കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി പദ്ധതി)

4. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)

5.ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

6. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്റ്റ്

7. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി.)

8. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

9. വികസനവും പരിശീലനവും

10. സാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും

11. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

12. ഫാമുകളുടെ ശാക്തീകരണം

13. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനുള്ള സാമ്പത്തിക സഹായം.

14. കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം

15. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള സഹായം

16. എം.പി.ഐ.-യ്ക്കുള്ള സഹായം

17. മൃഗചികിൽസാ സേവനവും മൃഗാരോഗ്യവും

18. വെറ്ററിനറി സേവനം

19. മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വേയും (50 ശതമാനം കേന്ദ്ര സഹായം)

20. കന്നുകാലി ആരോഗ്യ സംരക്ഷണവും രോഗനിയന്ത്രണവും (60 ശതമാനം കേന്ദ്ര വിഹിതം)

21. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ

2020-21 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

1. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനം

2. പ്രത്യേക കന്നുകാലി വികസന പദ്ധതി

3. കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി പദ്ധതി)

4. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)

5. ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

6. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്

7. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി.)

8. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

9. വികസനവും പരിശീലനവും

10. സാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും

11. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

12. ഫാമുകളുടെ ശാക്തീകരണം

13. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനുള്ള സാമ്പത്തിക സഹായം

14. കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം

15. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള സഹായം

16. എം.പി.ഐ.-യ്ക്കുള്ള സഹായം

17. മൃഗചികിൽസാ സേവനവും മൃഗാരോഗ്യവും

18. വെറ്ററിനറി സേവനം

19. മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വേയും (50 ശതമാനം കേന്ദ്ര സഹായം)

20. കന്നുകാലി ആരോഗ്യ സംരക്ഷണവും രോഗനിയന്ത്രണവും (60 ശതമാനം കേന്ദ്ര വിഹിതം)

21. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ

(ബി) നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

2016-17 മുതൽ 2021-22 വരെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പിന്റെ സ്ഥാപനങ്ങൾ

220 (6745) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും വിശദാംശങ്ങൾ നൽകാമോ?

മൃഗസംരക്ഷണ വകുപ്പ് തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ആകെ 10 വെറ്ററിനറി ഡിസ്പെൻസറികളും 8 ICDP ഉപകേന്ദ്രങ്ങളും ഉണ്ട്. ടി സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അരിമ്പൂർ വെറ്ററിനറി ഡിസ്പെൻസറി

2. മണലൂർ വെറ്ററിനറി ഡിസ്പെൻസറി

3. ചൂണ്ടൽ വെറ്ററിനറി ഡിസ്പെൻസറി

4. മറ്റം വെറ്ററിനറി ഡിസ്പെൻസറി

5. എളവള്ളി വെറ്ററിനറി ഡിസ്പെൻസറി

6. മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറി

7. വെങ്കിടങ്ങ് വെറ്ററിനറി ഡിസ്പെൻസറി

8. പാവറട്ടി വെറ്ററിനറി ഡിസ്പെൻസറി

9. തൈക്കാട് വെറ്ററിനറി ഡിസ്പെൻസറി

10. വാടാനപ്പിള്ളി വെറ്ററിനറി ഡിസ്പെൻസറി

ICDP ഉപ കേന്ദ്രങ്ങൾ

1. കുന്നത്തങ്ങാടി ICDP ഉപ കേന്ദ്രം

2. മണലൂർ ICDP ഉപ കേന്ദ്രം

3. വെട്ടുകാട് ICDP ഉപ കേന്ദ്രം

4. വാക ICDP ഉപ കേന്ദ്രം

5. ചിറ്റാട്ടുകര ICDP ഉപ കേന്ദ്രം

6. എലവത്തൂർ ICDP ഉപ കേന്ദ്രം

7. പെരിങ്ങോട് ICDP ഉപ കേന്ദ്രം

8. വാടാനപ്പിള്ളി ICDP ഉപ കേന്ദ്രം

ക്ഷീരവികസന വകുപ്പ് മുല്ലശ്ശേരി ക്ഷീരവികസന യൂണിറ്റ് മുല്ലശ്ശേരി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ, ഓഫീസുകൾ, ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും അംഗീകൃത തസ്തികകളുടെ വിശദാംശങ്ങൾ നൽകാമോ?

അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിൽ ജീവനക്കാരുടെയും ഡോക്ടർമാരുടെയും ഒഴിവുകളുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(സി & ഡി) നിലവിൽ ഒഴിവുകളില്ല.

## കാർഷിക നയത്തിലെ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിച്ച ശിപാർശകൾ

221(6746) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാർഷിക നയത്തിൽ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിച്ച ശിപാർശകൾ ഏതെല്ലാമാണെന്നും പ്രസ്തുത ശിപാർശകളിൽ ഏതെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗങ്ങളിൽ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിച്ച ശിപാർശകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ കന്നുകാലികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനവും ലാഭവും വർദ്ധിപ്പിക്കുക, ഊർജ്ജിത കന്നുകാലിവികസന പദ്ധതി, (കൃത്രിമ ബീജാധാന പദ്ധതി) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ആയതിലൂടെ മൃഗസംരക്ഷണ മേഖലയിൽ കന്നുകാലികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുമായിട്ടുണ്ട്.

2. യുവജനങ്ങൾക്കും ദുർബ്ബല വിഭാഗങ്ങൾക്കും തൊഴിലും സംരംഭകത്വവും നൽകുക, സംരംഭകത്വ വികസന പരിപാടികൾ നടപ്പിലാക്കുകവഴി സംരംഭകർക്ക് ഈ മേഖലയിലെ സാധ്യതകളും മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങളിലൂടെ പരിശീലന പരിപാടികളും നൽകിവരുന്നു. വ്യാവസായികാടിസ്ഥാനത്തിൽ ആട്ടുവളർത്തൽ പോലുള്ള പദ്ധതികൾ-19 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങുന്ന യൂണിറ്റ് ഒന്നിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി നടപ്പിലാക്കിവരുന്നു. ഇവയിലൂടെ തൊഴിലും സംരംഭകത്വവും പ്രോത്സാഹിപ്പിക്കാൻ കഴിയുന്നു.

3.കന്നുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനം, പാൽകറക്കുന്നത് യന്ത്രവൽക്കരിക്കൽ, മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നത് തുടരൽ,

രോഗനിർണ്ണയ ഉപാധികളുടെ ഉൽപ്പാദനം, തെരഞ്ഞെടുത്ത റഫറൽ കേന്ദ്രങ്ങളിൽ 24 x 7 മൃഗസംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുക, കന്നുകുട്ടി പരിപാലന പദ്ധതി, തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കറവയന്ത്രം വിതരണം ചെയ്യുന്ന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗാശുപത്രികൾ ശാക്തീകരിക്കുന്നു. SIAD പാലോട്, ADDL തിരുവല്ല എന്നീ ലാബുകൾ ആധുനികവൽക്കരിച്ച് NABL Accreditation നേടി. ടി സ്ഥാപനങ്ങളെ BSL-II (ബയോസ്റ്റേറ്റി ലെവൽ രണ്ട്) നിലവാരത്തിലേയ്ക്ക് ഉയർത്തി. സംസ്ഥാനത്തെ 31 മൃഗാശുപത്രികളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാക്കി ഉയർത്തി.

4. ഗുണഭോക്താക്കൾക്ക് നേരിട്ട് പണം നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ഏർപ്പെടുത്തും. വകുപ്പിലെ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) മാതൃകയാണ് സ്വീകരിച്ചിരിക്കുന്നത്.

5. ഇറച്ചി, ഇറച്ചിക്കോഴി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കും. ആധുനിക സൗകര്യങ്ങളോടുകൂടിയ മാനേജ്മെന്റ്, വൈദഗ്ധ്യ വികസന പരിപാടികൾ ഇൻഷ്വറൻസ് പരിരക്ഷ, കന്നുകാലികളെയും ഉടമസ്ഥരെയും ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്ര ഇൻഷ്വറൻസ് പദ്ധതി എന്നിവ ആവിഷ്കരിക്കും. ഇറച്ചി, ഇറച്ചിക്കോഴി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ 'കേരള ചിക്കൻ' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ്, പദ്ധതിയുടെ നോഡൽ ഏജൻസിയാണ്. KSPDC, MPI, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, കുടുംബശ്രീ എന്നീ ഏജൻസികൾ പദ്ധതിയുമായി സഹകരിക്കുന്നു. സുൽത്താൻ ബത്തേരിയിലും വാഗമണിലും 2 LMTC (മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ) പുതിയതായി ആരംഭിച്ചു. കൂടാതെ പത്തനംതിട്ട ജില്ലയിലെ മഞ്ചാടിയിൽ ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ('D-Hat') ആരംഭിച്ചു. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പരിപാടി (ഗോസമൃദ്ധി) ആരംഭിച്ചു. ഇതിൽ കർഷകർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. IAH & VB വഴി പേവിഷ പ്രതിരോധത്തിനും രോഗനിർണ്ണയത്തിനുമുള്ള കിറ്റുകൾ ഉൽപ്പാദിപ്പിക്കും. പാലോട് സ്ഥിതിചെയ്യുന്ന IAH & VB-യിൽ പേവിഷ പ്രതിരോധ വാക്സിൻ നിർമ്മാണം ആരംഭിക്കുന്ന പദ്ധതിയുടെ ഭാഗമായുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

7. രാത്രികാലങ്ങളിലെ അടിയന്തര വെറ്ററിനറി കെയർ സർവ്വീസുകൾ കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കും. രാത്രികാലങ്ങളിലെ അടിയന്തര വെറ്ററിനറി കെയർ സർവ്വീസുകൾ നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും മൂന്ന് കോർപ്പറേഷനുകൾ, ഒരു മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലുമായി 156 കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്.

8. മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകളും മൊബൈൽ വെറ്ററിനറി ക്ലിനിക്കുകളും സ്ഥാപിക്കും. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 2 മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 12 എണ്ണം അധികമായി സ്ഥാപിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. RKVY പദ്ധതിയിൽ ഉൾപ്പെടുത്തി 3 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾകൂടി ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ എന്ന പദ്ധതിയുടെ കീഴിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് ഉടൻ നടപ്പിലാക്കുന്നതാണ്.

9. Decision Support System (DSS) പോലെ ഡിജിറ്റൽ ഹെർഡ് ബുക്ക് പ്രോഗ്രാം നടപ്പിലാക്കും. ഡിജിറ്റൽ ഹെർഡ് ബുക്ക് പദ്ധതിക്കായി ബഡ്ജറ്റിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

10. GIS മാപ്പിംഗുമായി സംയോജിപ്പിച്ചുകൊണ്ട് RFID tagging ആരംഭിക്കും. RKI പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

11. വാണിജ്യപരമായി ആട് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹായം നൽകും. ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19 മുതൽ പുതിയ പദ്ധതിയായ അനിമൽ റിസോഴ്സ് ഡെവലപ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് (വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി)-19 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങുന്ന യൂണിറ്റ് ഒന്നിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത ശിപാർശകളിൽ നടപ്പിലാക്കാനുള്ളവ ഏതെല്ലാമാണെന്നും ആയത് നടപ്പിലാക്കാൻ സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കാമോ?

പ്രസ്തുത ശിപാർശകളിൽ എല്ലാം തന്നെ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നവയാണ്.

**കോവളം മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ**

222 (6747) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗസംരക്ഷണ വകുപ്പ് കഴിഞ്ഞ അഞ്ച് വർഷക്കാലമായി കോവളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, അനിമൽ ഹെൽത്ത് ക്യാമ്പ്, കമേഴ്സ്യൽ ഗോട്ടറി ട്രെയിനിംഗ്, കുട്ടികൾക്കായുള്ള അവെയർനെസ്സ് പ്രോഗ്രാം, ഇൻഫെർട്ടിലിറ്റി ക്യാമ്പ്, ഡക്ക് നഴ്സറി, മിൽക്കിംഗ് മെഷീൻ സ്ഥാപിക്കൽ, താലൂക്കുതല സംരംഭകത്വ പ്രോഗ്രാം, രാത്രികാല അടിയന്തര മൃഗചികിത്സാ സേവന പദ്ധതി, സീറോ സർവ്വയലൻസ് ക്യാമ്പ്, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആട് വളർത്തൽ പദ്ധതി, കിടാരി വളർത്തൽ പദ്ധതി, അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി, താറാവ് വളർത്തൽ പദ്ധതി, ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽകൃഷി വികസനം എന്നിവയാണ് കോവളം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ.

**കുന്നത്തുനാട് മണ്ഡലത്തിലെ ഗോവർദ്ധിനി പദ്ധതി**

223(6748) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ വെണ്ണിക്കുളം, പുത്തൻകുരിശ്, നെല്ലാട്, പെരിങ്ങാല, മഞ്ഞപ്പെട്ടി, പാങ്ങോട്, കോലഞ്ചേരി, കിഴക്കമ്പലം എന്നീ പഞ്ചായത്തുകളിൽ കന്നുകുട്ടി പരിപാലന പദ്ധതികളായ ഗോവർദ്ധിനി, കാഫ് അഡോപ്ഷൻ പദ്ധതി, ഗ്രാമപഞ്ചായത്ത് പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്. ഗോവർദ്ധിനി പദ്ധതി വെണ്ണിക്കുളം, പുത്തൻകുരിശ്, പെരിങ്ങാല, മഞ്ഞപ്പെട്ടി, പാങ്ങോട്, കോലഞ്ചേരി, കിഴക്കമ്പലം എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിവഴി ക്ഷീരകർഷകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കന്നുകുട്ടി പരിപാലന പദ്ധതിയിൽ വരിചേർക്കപ്പെടുന്ന 4-6 മാസം പ്രായമായ പശുക്കുട്ടികൾക്ക് അന്നുമുതൽ 32 മാസം വരെ അല്ലെങ്കിൽ ആദ്യ പ്രസവം വരെ ഏതാണോ ആദ്യം എത്തുക, അതുവരെ ഇൻഷ്വറൻസ് പരിരക്ഷയും ഓരോ മാസവും 50 ശതമാനം സബ്സിഡി നിരക്കിൽ കാലിത്തീറ്റയും നൽകുന്നു.

പശുക്കുട്ടിയുടെ പ്രായത്തിനനുസരിച്ച് ആവശ്യമായ അളവിൽ ഗുണമേന്മയുള്ള കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുകയും വിരമരുന്ന്, ധാതുലവണ മിശ്രിതം നൽകുക തുടങ്ങിയ ആരോഗ്യ പരിരക്ഷ നടപടികളും പ്രതിരോധ കുത്തിവയ്പ്പുകളും നൽകുന്നു.

(സി) മണ്ഡലത്തിലെ എത്ര കർഷകർ പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

മണ്ഡലത്തിലെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.* നടപ്പു സാമ്പത്തിക വർഷത്തിൽ കാഫ് അഡോപ്ഷൻ പദ്ധതിയിൽ താഴെപ്പറയുന്ന കന്നുകുട്ടികളെ വരിചേർക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിൽനിന്നും ഗുണഭോക്തൃ ലിസ്റ്റ് ലഭിച്ചാലുടൻ നടപ്പിലാക്കുന്നതാണ്. കിഴക്കമ്പലം - 60 കോലഞ്ചേരി - 50 നെല്ലാട് - 70.

**കോഴിയിറച്ചിയുടെ വില നിയന്ത്രണം**

224(6749) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോഴിയിറച്ചിയുടെ വില അനിയന്ത്രിതമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കോഴി ഇറച്ചി ന്യായവിലയ്ക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനായി പുതിയ പദ്ധതികൾ രൂപീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഇറച്ചി കോഴിയുടെയും കോഴിയിറച്ചിയുടെയും വില നിയന്ത്രിക്കുന്നതിന് സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരവും കോൺട്രാക്റ്റ് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുകയാണ് കെപ്കോ ചെയ്യുന്നത്. കെപ്കോയുടെ അധീനതയിലുള്ള തിരുവനന്തപുരം കുടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ കുടുംബശ്രീ കോൺട്രാക്ട് യൂണിറ്റുകൾക്കും ആവശ്യക്കാരായ മറ്റ് കർഷകർക്കും മിതമായ നിരക്കിൽ നൽകി 40-45 ദിവസം വരെ പ്രായമാകുമ്പോൾ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസസ്സ് ചെയ്ത് കോഴിയിറച്ചിയാക്കി കെപ്കോയുടെ വിപണന ഏജൻസികൾ മുഖാന്തരം ഉപഭോക്താക്കൾക്ക് നൽകുന്നു. പൊതു കമ്പോളത്തിൽ കോഴിയിറച്ചി കിലോയ്ക്ക് 240-250 രൂപ വിലയ്ക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിൽക്കുമ്പോൾ കെപ്‌കോ കോഴിയിറച്ചി കിലോയ്ക്ക് 200 രൂപയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാണ്. കുടുംബശ്രീ കോൺട്രാക്ട് ഫാമിംഗ് സംസ്ഥാനത്ത് വ്യാപകമാക്കി ഉൽപ്പാദനം വർദ്ധിപ്പിച്ച് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാനുള്ള ശ്രമമാണ് കെപ്‌കോ നടത്തിവരുന്നത്.

(ബി) വില്പന നടത്തുന്ന സ്ഥലത്ത് കോഴിയിറച്ചിയുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനങ്ങളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

കെപ്‌കോ വഴിയുള്ള കോഴിയിറച്ചിയുടെ ഗുണനിലവാരം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എറണാകുളം മരടിൽ പ്രവർത്തിക്കുന്ന SLMAP (State Laboratory for livestock, marine and Agri Product) നടത്തുന്ന റസിഡ്യൂ മോണിറ്ററിംഗ് പ്രോഗ്രാം ഫോർ ആന്റിബയോട്ടിക്സ് ഇൻ ബ്രോയിലർ ചിക്കൻ പദ്ധതി പ്രകാരം യഥാസമയം പരിശോധിക്കുകയും കെപ്‌കോ ഇറച്ചിക്കോഴികളിൽ ആന്റിബയോട്ടിക്കുകളുടെ സാന്നിദ്ധ്യമില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ കേരള ചിക്കൻ പദ്ധതിവഴി വിപണിയിലെത്തിക്കാൻ ഉദ്ദേശിക്കുന്ന കോഴിയിറച്ചിയും ഇപ്രകാരം പരിശോധന നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) കോഴിയിറച്ചി ദിവസങ്ങളോളം കേടുകൂടാതെ വിൽക്കുന്നതിനുവേണ്ടി ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സമഗ്ര കന്നുകാലി ഇൻഷ്വറൻസ്**

225(6750) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ഓൺലൈനായി നടത്തുന്നത് കർഷകർക്ക് അപ്രാപ്യമാണെന്നുള്ളത് പരിശോധിക്കുമോ; വിശദീകരിക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് 'ഗോസമൃദ്ധി-എൻ.എൽ.എം.' ഇൻഷ്വറൻസ് പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിനിയോഗിച്ച് ഇൻഷ്വറൻസ് പ്രീമിയം

നിരക്കിൽ സബ്സിഡി നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. ഓൺലൈനായി നടപ്പിലാക്കുന്ന പദ്ധതിയിൽ ഗുണഭോക്താവാകുന്നതിന് കർഷകർക്ക് അവരുടെ സമീപത്തുള്ള മൃഗാശുപത്രിയെ സമീപിച്ചാൽ മതിയാകുന്നതാണ്. ഉരുവിന്റെ ഫോട്ടോ, ഉരുവിനെ തിരിച്ചറിയുന്നതിനുള്ള കമ്മൽ (ear tag), ഉരുവിന്റെ നിറം, ആരോഗ്യനില എന്നിവ കൃത്യമായി രേഖപ്പെടുത്തിയാണ് ഇൻഷ്വറൻസ് പോളിസിക്കായി ഇൻഷ്വറൻസ് കമ്പനിക്ക് അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിനാൽ ഇൻഷ്വറൻസിനായി ഒരു കർഷകൻ ആവശ്യപ്പെട്ടാൽ വെറ്ററിനറി സർജൻ കർഷകന്റെ വീട്ടിലെത്തി ഉരുവിനെ പരിശോധിക്കുകയും കമ്മൽ ഇടുകയും കമ്മലിലെ നമ്പർ രേഖപ്പെടുത്തുകയും ആയതിന്റെ ഫോട്ടോ എടുത്ത് SB collect മുഖേന പ്രീമിയം ഒടുക്കുവാനുള്ള സൗകര്യങ്ങൾ കർഷകർക്ക് ചെയ്തുകൊടുക്കുകയും ചെയ്യുന്നു. പ്രീമിയം തുക ഒടുക്കിക്കഴിഞ്ഞാൽ ഓൺലൈനായി വെറ്ററിനറി സർജൻ അപേക്ഷ എന്റർ ചെയ്യുന്നു. ഇതിനാൽ തന്നെ പദ്ധതി സുതാര്യമായി നടപ്പിലാക്കാൻ സാധിക്കുന്നു. പോളിസി കർഷകർക്ക് ലഭ്യമാകുന്നതും മൃഗാശുപത്രി മുഖേന മാത്രമാണ്. ക്ലെയിം അപേക്ഷ സമർപ്പിക്കുന്നതിനും കർഷകൻ അവരുടെ മൃഗാശുപത്രിയെ സമീപിച്ചാൽ മതിയാകും. ക്ലെയിം ലഭിക്കുന്നതിനും ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനാൽ കർഷകർക്ക് ക്ലെയിം തുക പരമാവധി ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. ഓൺലൈനായി ക്ലെയിം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ എളുപ്പത്തിൽ പരിഹരിക്കാൻ സാധിക്കാറുണ്ട്. നിലവിൽ സംസ്ഥാനത്തിൽ ലഭിക്കാവുന്നതിൽ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കാണ് ഈ പദ്ധതിക്കുള്ളത്. ഇത് പാവപ്പെട്ട കർഷകരെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസകരമായ കാര്യമാണ്. ഓൺലൈനായി നടപ്പിലാക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾപോലുള്ള പ്രശ്നങ്ങൾവന്ന് പോളിസിയോ മറ്റോ നശിച്ചുപോയാലും വകുപ്പിൽനിന്നും ഇത് പരിഹരിക്കാൻ സാധിക്കുന്നു. നിലവിൽ കേരളത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതി നിർവ്വഹണം കേവലം ഒരു വർഷം പിന്നിടുമ്പോൾ 4.24 കോടി രൂപയുടെ ക്ലെയിം തുക മൃഗസംരക്ഷണ വകുപ്പിന്റെ ക്ഷീര കർഷകർക്ക് ഇൻഷ്വറൻസ് കമ്പനി നൽകികഴിഞ്ഞു. ഓൺലൈനായി നടപ്പിലാക്കുന്നതിനാൽ ഇൻഷ്വറൻസ് കമ്പനിക്ക് നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി ക്ലെയിം നിരസിക്കാൻ സാധിക്കുകയില്ല.

(ബി) ഉരുക്കളുടെ ഫോട്ടോ എടുക്കുന്നതിനും മറ്റുകാര്യങ്ങൾക്കുമായി വെറ്ററിനറി ആശുപത്രിയിൽ എത്തിക്കണമെന്നുമുള്ള നിബന്ധനയിൽനിന്നും സർക്കാർ പിന്മാറുമോ?

ഉരുക്കളുടെ ഫോട്ടോയെടുക്കുന്നതിനും മറ്റുകാര്യങ്ങൾക്കുമായി വെറ്ററിനറി ആശുപത്രിയിൽതന്നെ എത്തിക്കണമെന്നുള്ള നിബന്ധനയില്ല. ഇൻഷ്വറൻസ്

പദ്ധതിയിൽ കമ്പനിയുമായുള്ള നിബന്ധനകൾ പ്രകാരം ഇൻഷ്വർ ചെയ്യുന്ന ഉരുവിന്റെ കാതിൽ പതിച്ചിരിക്കുന്ന കമ്മൽ വ്യക്തമായി കാണാവുന്ന രീതിയിൽ ഒരു ഫോട്ടോയും ഉരുവിനെ മുഴുവനായി കാണുന്ന തരത്തിലുള്ള മറ്റൊരു ഫോട്ടോയും ഓൺലൈനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. ഉരുവിനെ തിരിച്ചറിയുന്നതിനായി ഈ രേഖകൾ അത്യന്താപേക്ഷിതമാണ്. കൂടാതെ ആരോഗ്യമുള്ള ഉരുക്കളെ മാത്രമേ ഇൻഷ്വർ ചെയ്യാൻ സാധിക്കുകയുള്ളൂ. അതിനാൽ വെറ്ററിനറി സർജൻ ഉരുവിനെ നേരിട്ട് പരിശോധിച്ച് ആരോഗ്യമുണ്ടെന്ന് ബോദ്ധ്യപ്പെടേണ്ടതുണ്ട്. ഫോട്ടോ എടുക്കുന്നതും ഓൺലൈനായി ഈ ഫോട്ടോകൾ അപ്‌ലോഡ് ചെയ്യുന്നതും സ്ഥലം വെറ്ററിനറി സർജനാണ്. ഇൻഷ്വറൻസ് ചെയ്യുവാനായി ഒരു കർഷകൻ മൃഗാശുപത്രിയെ സമീപിച്ചാൽ വെറ്ററിനറി സർജൻ കർഷകരുടെ ഭവനം സന്ദർശിച്ചാണ് ഉരുവിനെ പരിശോധിക്കുന്നതും ഉരുവിന്റെ ഫോട്ടോ എടുക്കുന്നതും. എന്നാൽ കർഷകൻ പശുക്കളെ മൃഗാശുപത്രിയിൽ കൊണ്ടുവന്നാൽ അവിടെവച്ച് പരിശോധിച്ച് ഫോട്ടോ എടുക്കുന്നതാണ്.

(സി) തിരിച്ചറിയൽ ടാഗും കമ്മലും ധരിപ്പിക്കുന്നതിന് ഉരുക്കളെ വെറ്ററിനറി കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നത് പ്രായോഗികമാണോയെന്ന് വിശദീകരിക്കാമോ?

ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ ഉരുവിന്റെ കാതിൽ ഘടിപ്പിച്ചിട്ടുള്ള 12 അക്ക നമ്പരുള്ള കമ്മലുകളാണ് ഉപയോഗിക്കുന്നത്. ഉരുവിന്റെ കാതിൽ ഘടിപ്പിച്ചിട്ടുള്ള കമ്മൽ ടി ഉരുവിന്റെ തിരിച്ചറിയൽ രേഖയാണ്. ആധാർ രേഖയിലെ നമ്പർ പോലെയാണ് ടി കമ്മലിലെ നമ്പർ കണക്കാക്കിയിട്ടുള്ളത്. പശുക്കളെ ചെനക്കായി കുത്തിവയ്ക്കുമ്പോഴും ആയത് ഓൺലൈനായി രേഖപ്പെടുത്തുമ്പോഴും ഈ കമ്മലാണ് ഉപയോഗിക്കുന്നത്. ആറ് മാസം കൂടുമ്പോൾ നടപ്പിലാക്കുന്ന കുളമ്പുരോഗ നിർമ്മാർജ്ജന കുത്തിവയ്പ്പ് പരിപാടിയിലും ഈ കമ്മൽ നമ്പരാണ് തിരിച്ചറിയൽ രേഖയായി ഉപയോഗിക്കുന്നത്. വലിപ്പമേറിയ പശുക്കളെ ആശുപത്രിയിലേയ്ക്ക് കൊണ്ടുവരുന്നത് എളുപ്പമല്ല. വാഹനത്തിൽ കയറ്റി വെറ്ററിനറി കേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടുവരികയെന്നത് ചെലവേറിയ നടപടിയാണ്. അതിനാൽ തിരിച്ചറിയൽ ടാഗും കമ്മലും ധരിപ്പിക്കുന്നതിന് എല്ലാ ഉരുക്കളെയും വെറ്ററിനറി കേന്ദ്രങ്ങളിലേയ്ക്ക് എത്തിക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതിയുടെ വാക്സിനേഷനുവേണ്ടി വകുപ്പിലെ ഉദ്യോഗസ്ഥർ കർഷകരുടെ വീടുകളിൽ എത്തുമ്പോഴോ, കൃത്രിമബീജ സങ്കലനം നടത്തുന്നതിന്, ഇൻഷ്വറൻസ് ചെയ്യുന്നതിന് തുടങ്ങിയ പരിപാടികൾക്ക് ഉദ്യോഗസ്ഥർ വീട്ടിൽ എത്തുമ്പോഴോ ഈ കമ്മലുകൾ ഉരുക്കളുടെ ചെവിയിൽ അടിക്കുന്നു.

## മൊബൈൽ വെറ്ററിനറി ക്ലിനിക്

226(6751) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി ക്ലിനിക് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) എരുമേലിയിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ ഒരു പോളി ക്ലിനിക് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി ക്ലിനിക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടും എരുമേലിയിൽ വെറ്ററിനറി പോളി ക്ലിനിക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുമുള്ള പ്രൊപ്പോസലുകളൊന്നുംതന്നെ നിലവിൽ പരിഗണനയിലില്ല. എന്നാൽ എരുമേലിയിൽ നിലവിൽ ഒരു മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

## വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവ്

227(6752) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ കാട്ടിക്കുളം മൃഗാശുപത്രിയിൽ വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവ് നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 22-10-2021-ലെ എ.എച്ച്.ഡി/3032/2021-ഡി2 നമ്പർ ഉത്തരവുപ്രകാരം കാട്ടിക്കുളം മൃഗാശുപത്രിയിൽ വെറ്ററിനറി സർജനെ നിയമിച്ചുത്തരവായിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ മൃഗാശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവ് വരാതെ നോക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് നിയമനം നടത്തുന്ന നടപടികളാണ് സ്വീകരിച്ചുപോരുന്നത്.

## മൃഗാശുപത്രികളുടെ ആധുനികവൽക്കരണം

228(6753) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം മൃഗാശുപത്രിയിൽ അരുമ മൃഗങ്ങളുടെ പരിപാലനത്തിനും ചികിത്സയ്ക്കുമായി എത്തുന്നവരുടെ എണ്ണം കൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ തിരക്ക് നിയന്ത്രിക്കാനും മതിയായ ചികിത്സ ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ?

മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിനുശേഷവും അടിയന്തര ഘട്ടങ്ങളിൽ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി നിലവിൽ സംസ്ഥാനത്തെ 156 കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിനുകീഴിലെ 25 വെറ്ററിനറി പോളി ക്ലിനിക്കുകളും 6 വെറ്ററിനറി ഹോസ്പിറ്റലുകളുമുൾപ്പെടെ 31 സ്ഥാപനങ്ങളിൽ 24 മണിക്കൂർ വെറ്ററിനറി സേവനം ആരംഭിച്ച് ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ സേവനംകൂടി കർഷകർക്ക് പ്രയോജനപ്പെടുത്താനാകും.

(സി) മൃഗാശുപത്രികളിൽ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കാമോ ?

ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മൃഗാശുപത്രികൾ ആധുനികവൽക്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ 2,900 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായമെന്ന ഘടകത്തിന് 182 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 50 ലക്ഷം രൂപയും വെറ്ററിനറി പോളി ക്ലിനിക്കുകളുടെയും ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടെയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിച്ചുവരുന്നു.

**മീറ്റ് സ്ട്രാറ്റജിക് പ്ലാൻ രൂപീകരണം**

229 (6754) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മീറ്റ് സ്ട്രാറ്റജിക് പ്ലാൻ രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്ത് ഇറച്ചി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള നയരൂപീകരണത്തിനായി വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് ചർച്ചകൾ പുരോഗമിച്ചുവരികയാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യുമായി സഹകരിച്ച് ബസ് സ്റ്റേഷനുകളിൽ മീറ്റ് ഷോപ്പ്-കം-റെസ്റ്റോറന്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകളിൽ എം.പി.ഐ.-യുടെ മീറ്റ് ഷോപ്പുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കൊല്ലം, കൊട്ടാരക്കര, കണ്ണൂർ എന്നീ സ്റ്റേഷനുകളിൽ തുടങ്ങാനുള്ള 150 സ്ക്വയർ ഫീറ്റ് വീതം സ്ഥലം നൽകാനുള്ള അനുമതി കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്. കൂടുതൽ സ്റ്റേഷനുകളിൽ ഇത് തുടങ്ങാൻ പദ്ധതിയിട്ടിട്ടുണ്ട്. കൂടുതൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് റെസ്റ്റോറന്റും തുടങ്ങുന്ന കാര്യം പരിഗണനയിലാണ്.

(സി) സംശുദ്ധമായ ഇറച്ചി ഉൽപ്പന്നങ്ങൾ ഭക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംശുദ്ധമായ ഇറച്ചി ഉൽപ്പന്നങ്ങൾ ഭക്ഷിക്കേണ്ടതിന്റെ ആവശ്യകത ഉൾക്കൊള്ളിച്ചുള്ള ഒരു ബോധവൽക്കരണ പരിപാടി എം.പി.ഐ. ആസൂത്രണം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി റോഡ് ഷോ, സ്കൂൾ-കോളേജ്തല വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കശാപ്പുജോലിയിലുള്ളവർ, മറ്റ് ബഹുജനങ്ങൾ എന്നിവർക്കിടയിൽ ബോധവൽക്കരണ ക്ലാസ്സുകൾ, പരസ്യ പ്രചരണങ്ങൾ എന്നിവ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പ്രധാനമായും ഭക്ഷ്യസുരക്ഷാ നിയമം, മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം, അറവുശാലകളിലും കശാപ്പുജോലികളിൽ ഏർപ്പെടുന്നവരും പാലിക്കേണ്ട ശുദ്ധിയും വൃത്തിയുമുള്ള സാഹചര്യങ്ങളും ജന്തുജന്യരോഗങ്ങളെക്കുറിച്ചുള്ള വിശദീകരണവും ഉൾപ്പെടുത്തിയുള്ള ബോധവൽക്കരണ പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് ആധുനിക അറവ് മാലിന്യ സംസ്കരണശാലകൾ ആരംഭിക്കുന്നതിനായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ആർ.കെ.ഐ. സ്കീമിലുൾപ്പെടുത്തി 200 ലക്ഷം രൂപ ചെലവിൽ ഒരു കോഴി മാലിന്യ സംസ്കരണ പ്ലാന്റ് എം.പി.ഐ.-യുടെ ഇടയാർ ക്യാമ്പസിൽ തുടങ്ങാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി NABCONS-നെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായും സർക്കാർ നിയോഗിച്ചിട്ടുണ്ട്.

(ഇ) അറവ് മാലിന്യങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ബോൺ മീൽ, പെറ്റ് ഫുഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

എം.പി.ഐ. ഇടയാറിൽ സ്ഥാപിച്ചിട്ടുള്ള അത്യാധുനിക ഇറച്ചി സംസ്കരണ പ്ളാന്റിനോട് ചേർന്ന് പ്രവർത്തിക്കുന്ന അറവുമാലിന്യ സംസ്കരണ പ്ലാന്റിൽ ഇപ്പോൾതന്നെ ബോൺ മിൽ, ടാലോ എന്നിവ സംസ്കരിച്ച് വിതരണം നടത്തുന്നുണ്ട്.

**മഴക്കെടുതിയിൽ മൃഗസംരക്ഷണ മേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങൾ**

230 (6755) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ മഴക്കെടുതിയിൽ മൃഗസംരക്ഷണ മേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രളയത്തിലും ഉരുൾപൊട്ടലിലും കന്നുകാലികൾക്കും പക്ഷിമൃഗാദികൾക്കും അവയുടെ പാർപ്പിട സൗകര്യങ്ങൾക്കും ഉൾപ്പെടെ അടിസ്ഥാനമേഖലയിലുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് മൃഗങ്ങൾക്കായുള്ള 114 ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ക്യാമ്പുകളിൽ 4009 ഉരുക്കളെയും 802 ആടുകളെയും സംരക്ഷിക്കുകയുണ്ടായി. ഇവയ്ക്ക് ക്യാമ്പിൽ തീറ്റ നല്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിൽനിന്നും 9.5 ലക്ഷം രൂപ വിവിധ ജില്ലകൾക്കായി അനുവദിക്കുകയുണ്ടായി. പ്രളയത്തിൽ നഷ്ടപ്പെട്ട ഉരുക്കൾക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിനായി ആവശ്യമായ പ്രൊപ്പോസൽ ദുരന്തനിവാരണ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്.

**പശു, ആട് എന്നിവ വളർത്തുന്നതിനുള്ള പദ്ധതികൾ**

231(6756) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പശു, ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ:

1. ഗോവർദ്ധിനി കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഗോവർദ്ധിനി പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുള്ള കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനോടൊപ്പം ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യ പരിരക്ഷ മുതലായവ നൽകുന്നു. 2021-22-ൽ ഇതിനായി 4,000 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

2. പ്രത്യേക കന്നുകാലി വികസന പദ്ധതി - പ്രത്യേക കന്നുകാലി വികസന പദ്ധതിയിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണ വളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടുവരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയും ചെയ്യുന്നു. 2021-22-ൽ ഇതിനായി 1,000 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

3. ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി - ടി പദ്ധതി വഴി ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽനിന്നും സംരക്ഷണം ഉറപ്പ് വരുത്താൻ കഴിയും. കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉൽപ്പാദനത്തിനുള്ള കുറവുമൂലമുണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2021-22-ൽ 500 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

4. രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി - അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ 156 കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. 2021-22-ൽ പദ്ധതിക്കായി 980 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

5. കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി - അഞ്ചിൽ കൂടുതൽ കറവപ്പശുക്കളുള്ള ക്ഷീരകർഷകർക്ക് കറവയന്ത്രങ്ങൾ വാങ്ങുന്നതിന് 25,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2021-22-ൽ 200 കർഷകർക്കായി 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

6. മൃഗസംരക്ഷണ സംരംഭങ്ങൾക്കുള്ള ബാങ്ക് വായ്പകൾക്ക് പലിശ സബ്സിഡി - മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള ബാങ്ക് വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതിയാണ്. 2021-22-ൽ

ഇതിനായി 125 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൃഗസംരക്ഷണ മേഖലയിലെ 2,500 കർഷകർക്ക് 5,000 രൂപ വീതം സഹായം ലഭിക്കും.

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ:

1. ഗോട്ട് സാറ്റലൈറ്റ് പദ്ധതി - തെരഞ്ഞെടുത്ത പഞ്ചായത്തുകൾവഴി ആട് വളർത്തലിന് സബ്സിഡി സഹായം (50 ശതമാനം) മൃഗസംരക്ഷണ വകുപ്പ് വഴി നൽകിവരുന്നു. 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 800 യൂണിറ്റുകൾ 2021-22-ൽ സ്ഥാപിക്കും. ഒരു യൂണിറ്റിന് 25,000 രൂപയാണ് ധനസഹായം. ആകെ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി - ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19 മുതൽ പുതിയ പദ്ധതിയായ അനിമൽ റിസോഴ്സ് ഡെവലപ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് (വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. 2021-22-ൽ 250 യൂണിറ്റിന് 250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3. RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതി - RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതിയിൽ 565 യൂണിറ്റുകൾക്ക് 25,000 രൂപ വീതം 1,41,25,000 രൂപ അനുവദിച്ചിട്ടുണ്ട്.

4. നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന ആട് വളർത്തൽ പദ്ധതി - നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ കീഴിൽ കർഷകർക്ക് ജീവനോപാധി നൽകുന്ന പദ്ധതിയായ പിന്നാമ്പുറ ആട് വളർത്തൽ പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 396 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ വർഷം ആകെ 666 യൂണിറ്റുകൾ സ്ഥാപിക്കും. ഗുണഭോക്താക്കൾക്ക് 10 പെണ്ണാടും ഒരു മുട്ടനാടും അടങ്ങുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി മുഖേന ധനസഹായം നൽകുന്നത്.

**എ.ആർ.ഡി. പദ്ധതി**

232 (6757) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, മുട്ട, മാംസം എന്നിവയിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തതയെന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച എ.ആർ.ഡി. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

പാൽ, മുട്ട, മാംസം എന്നിവയിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തതയെന്ന ലക്ഷ്യം മുൻനിർത്തിയാണ് മൃഗസംരക്ഷണ വകുപ്പിൽ എ.ആർ.ഡി. പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതി ലക്ഷ്യത്തിലേയ്ക്കുള്ള പാതയിലാണ്. ഇടത്തരം ആട് വളർത്തൽ പദ്ധതി, കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശയിനത്തിൽ സബ്സിഡി നൽകുന്ന പദ്ധതി, പോത്തുകുട്ടി വളർത്തൽ പദ്ധതി തുടങ്ങിയവയാണ് അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിയുടെ കീഴിൽ 2021-22 വർഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികൾ.

(ബി) 2020-21 സാമ്പത്തിക വർഷം പദ്ധതിക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം പദ്ധതിക്കായി ചുവടെപ്പറയുന്ന രീതിയിൽ തുക അനുവദിച്ചിട്ടുണ്ട്.

1. കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ്-2020-21-ൽ 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം 150 യൂണിറ്റ് നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. പോത്തുകുട്ടി വളർത്തൽ പദ്ധതി - 5-6 മാസം പ്രായമുള്ള പോത്തുകുട്ടിയെ വാങ്ങുന്നതിന് ഒരു കർഷകന് 10,000 രൂപ വീതം സംസ്ഥാനത്തെ 2,000 ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നതിനായി ആകെ 200 ലക്ഷം രൂപ അനുവദിച്ചു.

## 2016-21 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

233 (6758) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ ക്ഷീരവികസന വകുപ്പിന് കീഴിൽ നടപ്പിലാക്കുവാനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്?

തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി, മിൽമയ്ക്കുള്ള ധനസഹായം, ബ്രഹ്മഗിരിക്കുള്ള ധനസഹായം, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് എന്നീ പദ്ധതികളാണ് 2016-21 കാലയളവിൽ ക്ഷീരവികസന വകുപ്പിന് കീഴിൽ നടപ്പിലാക്കാനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ.

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. 2016-17 മുതൽ 2020-21 വരെ വിവിധ പദ്ധതികൾക്കായി വകുപ്പ് ചെലവഴിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

**ക്ഷീരോൽപ്പാദന മേഖലയുടെ വികസനം**

234(6759) ശ്രീ. അൻവർ സാദത്ത്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൽപ്പാദനശേഷിയുള്ള കറവ പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉൽപ്പാദനശേഷിയുള്ള കറവ പശുക്കളുടെ എണ്ണം സംസ്ഥാനത്ത് കുറഞ്ഞുവരുന്ന സാഹചര്യം നിലവിലില്ല. 2019 കന്നുകാലി സെൻസസ് പ്രകാരം കേരളത്തിലെ പശുക്കളുടെ എണ്ണം 13.42 ലക്ഷമാണ്. ഇത് മുൻ സെൻസസിനേക്കാൾ 1.04 ശതമാനം വളർച്ചയാണ് കാണിക്കുന്നത്. സംസ്ഥാനത്തെ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ അന്യസംസ്ഥാനത്തുനിന്നും ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിടാരി പാർക്കുകൾ മുഖേന ആരോഗ്യകരവും അത്യുൽപ്പാദന ശേഷിയുള്ളതുമായ കന്നുകാലികളെ സംസ്ഥാനത്തിനുള്ളിൽ നിന്നുതന്നെ വളർത്തിയെടുക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ക്ഷീര മേഖലയിലേക്ക് കടന്നുവരുന്ന പുതിയ സംരംഭകരെ ആകർഷിക്കുന്നതിന് പദ്ധതികൾ നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ക്ഷീര മേഖലയിലേക്ക് കടന്നുവരുന്ന പുതിയ സംരംഭകരെ ആകർഷിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീരഗ്രാമം, അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ ഡയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചെലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം ലഭിക്കുന്നതാണ്.

(സി) കേരളത്തിൽ വൻകിട ഡെയറി ഫാമുകൾ ആരംഭിക്കുന്നതിന് പ്രതിസന്ധിയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) ചെറുകിട ക്ഷീര കർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ചെറുകിട ക്ഷീര കർഷകരെ സഹായിക്കുന്നതിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീര കർഷക ക്ഷേമത്തിനായി ക്ഷീരവികസന വകുപ്പ് 'ക്ഷീര സാന്ത്വനം' ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനോടൊപ്പം കർഷകനെയും കുടുംബത്തെയും ഇൻഷ്വർ ചെയ്യാൻ സാധിക്കും. കൂടാതെ ക്ഷീരകർഷക ക്ഷേമത്തിനായി ക്ഷീരകർഷക ക്ഷേമനിധി പെൻഷനും നൽകിവരുന്നു. കുടുംബ പെൻഷൻ, വിദ്യാഭ്യാസ സഹായം, വിവാഹ ധനസഹായം എന്നിവയും നൽകുന്നുണ്ട്.

(ഇ) ഈ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഈ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ ഡെയറി ഫാമിന്റെ യന്ത്രവൽക്കരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചെലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം ലഭിക്കുന്നതാണ്. കറവക്കാരുടെ അഭാവം പരിഹരിക്കുന്നതിനായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെ വനിതകൾക്ക് പശുക്കറവ, കറവയന്ത്രം ഉപയോഗിച്ചുള്ള കറവ എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നുണ്ട്.

**ക്ഷീരകർഷകരുടെ ക്ഷേമത്തിനായി പദ്ധതികൾ**

235(6760 ) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ക്ഷീരകർഷകരുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

വൈപ്പിൻ മണ്ഡലത്തിൽ 2021-2022 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വൈപ്പിൻ മണ്ഡലത്തിലെ ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പള്ളിപ്പുറം പഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറിയെ മൃഗാശുപത്രിയായോ പോളി ക്ലിനിക്കായോ ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഇതിന്റെ സാധ്യതകൾ പഠിച്ചശേഷം ഇതുസംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

(ഡി) ചാണക സംസ്കരണത്തിനായി ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ചാണക സംസ്കരണ പ്ലാന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ക്ഷീര സംഘങ്ങൾക്കും ക്ഷീരകർഷകർക്കും ക്ഷീരവികസന വകുപ്പ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്ന അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി പ്രയോജനപ്പെടുത്തി ചാണക സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ക്ഷീരകർഷകർക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കാൻ നടപടി**

236(6761) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തന ഫലമായുണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ?

2014-2015-ൽ പ്രതിദിനം 15.26 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21-ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21.3 ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാൽ ഉൽപ്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ നിലവിൽ പാലുൽപ്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടിയാക്കുന്നതിനായി അന്യസംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിയെത്തിയിട്ടുണ്ട്. കൂടാതെ, 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മലബാർ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. മാംസാവശ്യത്തിലേയ്ക്കായി പോത്തുകുട്ടികളെ വളർത്തുന്ന കർഷകർക്ക് 10,000 രൂപയുടെ സബ്സിഡി നൽകുന്നുണ്ട്. കാള/പോത്തുകുട്ടി പദ്ധതി നടപ്പാക്കിയതിലൂടെ കൂടുതൽ കർഷകർ മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്നതിന് മുന്നോട്ടുവരുന്നുണ്ട്. സംസ്ഥാനത്ത് മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വഴി പല പദ്ധതികളും നടപ്പിലാക്കിവരുന്നു. കെപ്കോയുടെ തിരുവനന്തപുരം കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന

ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വില കൊടുത്ത് തിരിച്ചുവാങ്ങി സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴി ഇറച്ചിയും അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന കുടപ്പനക്കുന്ന് ഫാമിൽനിന്നും 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യ വികസത്തിന് തുടക്കം കുറിച്ചു. കെപ്കോവഴി നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ മുട്ടയുൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുമായി ബന്ധപ്പെട്ട് കർഷകർക്ക് സൗജന്യമായിട്ടോ നാമമാത്രമായി ഗുണഭോക്തൃ വിഹിതം വാങ്ങിയിട്ടോ കോഴികൾ, തീറ്റ എന്നിവ നൽകുന്നുണ്ട്. മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ജനകീയാസൂത്രണ പദ്ധതിവഴി ഒരു ഗുണഭോക്താവിന് 25 കോഴികുഞ്ഞുങ്ങൾ വരെ സൗജന്യമായി നൽകുന്നുണ്ട്. സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തുന്നതിലേയ്ക്കായി സ്കൂൾ വിദ്യാർത്ഥിനികൾക്ക് 5 മുട്ടകോഴികളെ വീതം നൽകിക്കൊണ്ട് പൗൾട്രി സ്കൂൾ ക്ലബ്ബ് എന്ന പേരിൽ സംസ്ഥാനത്തുടനീളം പദ്ധതി നടപ്പാക്കിവരുന്നു. ഇതിനായി നടപ്പ് വർഷം 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികൾവഴി സംസ്ഥാനത്ത് മുട്ടയുൽപ്പാദനത്തിൽ വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞുവെങ്കിലും സ്വയംപര്യാപ്തത കൈവരിക്കാൻ സാധിച്ചിട്ടില്ല. നിലവിൽ മുട്ടയുൽപ്പാദനത്തിൽ കേരളം രാജ്യത്ത് ഒമ്പതാം സ്ഥാനത്താണ്.

(ബി) കനത്തമഴയും പ്രകൃതിക്ഷോഭവുംമൂലം ക്ഷീരവികസന മേഖലയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക വിലയിരുത്തൽ ഈ സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. 2021 ഒക്ടോബർ മാസത്തെ കനത്തമഴയും പ്രകൃതിക്ഷോഭവുംമൂലം ക്ഷീരവികസന മേഖലയിൽ 2 കോടിയോളം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. 59 പശുക്കൾക്ക് ജീവഹാനി സംഭവിച്ചു. 77 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 197 തൊഴുത്തുകൾ ഭാഗികമായും നശിച്ചു.

(സി) പ്രതികൂല സാഹചര്യത്തിൽ കർഷകരെ നിലനിർത്തുന്നതിനുവേണ്ടി ദുരന്തനിവാരണ വകുപ്പിൽനിന്നുമുള്ള ധനസഹായം യഥാസമയം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ദുരന്തനിവാരണ വകുപ്പിൽനിന്നുമുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ക്ഷീരകർഷകർക്ക് അത്യൽപ്പാദനശേഷിയുള്ള വിത്തുകളും കന്നുകുട്ടികളും വിതരണം നടത്തി ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള വളവും കന്നുകാലിത്തീറ്റകളും സബ്സിഡി നിരക്കിൽ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

പശുക്കുട്ടികളെ ശാസ്ത്രീയമായി വളർത്തി മികച്ച ഉൽപ്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധനി പദ്ധതി) പ്രകാരം പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പാക്കുന്നു. ഒരു യൂണിറ്റിന് 12,500 രൂപ സബ്സിഡി നൽകിവരുന്നു. നടപ്പ് സാമ്പത്തിക വർഷം 50 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരകർഷകർക്ക് അത്യൽപ്പാദനശേഷിയുള്ള കന്നുകുട്ടികളെ വിതരണം നടത്തുന്നതിന് ക്ഷീരമേഖലയിൽ ഭാവിയിലേയ്ക്ക് ആവശ്യമായ കാലിസമ്പത്ത് സംസ്ഥാനത്ത് തന്നെ വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ 2018-19 സാമ്പത്തിക വർഷം മുതൽ കിടാരി പാർക്ക് പദ്ധതി നടപ്പാക്കിവരുന്നു. നിലവിൽ 4 കിടാരി പാർക്കുകളിലായി 300 കിടാരികളെ വളർത്തുന്നു. ശാസ്ത്രീയപരിചരണത്തിലൂടെയും ചിട്ടയായ തീറ്റക്രമത്തിലൂടെയും വളർത്തിയെടുക്കുന്ന ഉരുക്കളിൽനിന്ന് ആരോഗ്യകരവും അത്യൽപ്പാദനശേഷിയുള്ളതുമായ കന്നുകാലികളെ സംസ്ഥാനത്തിനുള്ളിൽ നിന്നുതന്നെ വളർത്തിയെടുക്കാൻ പദ്ധതി സഹായിക്കുന്നു. കിടാരികൾ പ്രസവിച്ച് കറവപശുക്കളാകുന്ന മുറയ്ക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെട്ട കർഷകർക്ക് മിതമായ വില ഈടാക്കി നൽകുകയാണ് ചെയ്യുന്നത്. ക്ഷീരോൽപ്പാദന മേഖലയിൽ ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റ വില വർദ്ധനവാണ്. കാലിത്തീറ്റ സബ്സിഡി പദ്ധതിയും ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നു. തീറ്റപ്പുൽകൃഷിയുടെ നോഡൽ ഏജൻസിയെന്ന നിലയിൽ ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സബ്സിഡിയോടെ 20 സെന്റിന് മുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ, യന്ത്രവൽക്കരണത്തിനുള്ള പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, സ്വയം സഹായ സംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി വ്യാപന-വിപണന പദ്ധതികൾ, തരിശുനിലങ്ങളിലെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതികൾ എന്നിവ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

## ക്ഷീര മേഖലയിൽ സ്വയംപര്യാപ്തത

237 (6762) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പശുക്കുട്ടികളെ ശാസ്ത്രീയമായി വളർത്തി മികച്ച ഉൽപ്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധനി പദ്ധതി) പ്രകാരം പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പാക്കുന്നു. ഒരു യൂണിറ്റിന് 12,500 രൂപ സബ്സിഡി നൽകിവരുന്നു. നടപ്പു സാമ്പത്തിക വർഷം 50 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

## മലബാർ മിൽമ യൂണിറ്റിൽ ജൂനിയർ സൂപ്പർവൈസർ തസ്തിക

238(6763) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മിൽമ യൂണിറ്റിൽ ജൂനിയർ സൂപ്പർവൈസർ തസ്തികയിലേയ്ക്ക് നടത്തിയ എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

ജൂനിയർ സൂപ്പർവൈസർ തസ്തികയിലേയ്ക്ക് 18-4-2021-ന് എഴുത്തു പരീക്ഷ നടത്തുകയുണ്ടായി. ഇതിന്റെ മൂല്യനിർണ്ണയം പൂർത്തിയായിട്ടുണ്ട്. ഇതിൽ വിജയിച്ചവരുടെ ഫിസിക്കൽ സർട്ടിഫിക്കറ്റ് പരിശോധന ഉചിതമായ തീയതി നിശ്ചയിച്ച് അറിയിക്കുകയും പരിശോധന പൂർത്തിയാക്കിയതിനുശേഷം അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ഗ്രൂപ്പ് ഡിസ്കഷന് ക്ഷണിക്കുകയും, ശേഷം അഭിമുഖം നടത്തി തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത തസ്തികയുടെ ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

11 (പതിനൊന്ന്) ഒഴിവുകൾ.

(സി) റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഡിസംബർ 31-നകം തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) 2020 സെപ്റ്റംബറിൽ സൂപ്പർവൈസർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ?

ഇങ്ങനെ ഒരു റാങ്ക് ലിസ്റ്റ് നിലവിലില്ല.

**ക്ഷീര കർഷക ക്ഷേമനിധി**

239 (6764) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര കർഷക ക്ഷേമനിധിയിലേക്ക് കർഷകരിൽനിന്നും അംശദായം സ്വീകരിക്കുന്നുണ്ടോ; ആയതിന് നിലവിൽ സ്വീകരിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ?

ഉണ്ട്. ക്ഷീരകർഷക ക്ഷേമനിധി നിയമം വകുപ്പ് 7 പ്രകാരം പ്രാഥമിക ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ഓരോ ക്ഷീരകർഷകനിൽനിന്നും പ്രതിമാസം 20 രൂപ നിരക്കിൽ അംശദായം ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**കാലിത്തീറ്റ ഉൽപ്പാദനം**

240 (6765) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ എവിടെയെല്ലാമാണെന്ന് അറിയിക്കുമോ?

നിലവിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന്, തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ, ഇടുക്കി ജില്ലയിലെ അരീക്കുഴ എന്നീ സ്ഥലങ്ങളിൽ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികളുണ്ട്. മിൽമയുടെ കീഴിൽ പാലക്കാട് ജില്ലയിലെ മലമ്പുഴയിലും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്ടും 300 മെട്രിക് ടൺ പ്രതിദിന ഉൽപ്പാദനശേഷിയുള്ള കാലിത്തീറ്റ ഫാക്ടറികളുണ്ട്.

(ബി) കാലിത്തീറ്റ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ ഒരു ഫാക്ടറിയെങ്കിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഗുണമേന്മയുള്ള കാലിത്തീറ്റയുടെ വിതരണം ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

വിപണിയിൽ ലഭ്യമാകുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് വകുപ്പിന് കീഴിലുള്ള ചെങ്ങന്നൂർ ഹാച്ചറിയോട് ചേർന്ന് പ്രവർത്തിക്കുന്ന ഫീഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ സൗകര്യമുണ്ട്. ഇതുകൂടാതെ പാലോടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസിൽ തീറ്റകളിലെ പൂപ്പലിന്റെ അളവ്, യൂറിയ അളവ് എന്നിവ കണ്ടുപിടിക്കുന്നതിനുള്ള സൗകര്യമുണ്ട്. തിരുവല്ല ഏവിയൻ ഡിസീസ് ഡയഗണോസ്റ്റിക് ലബോറട്ടറി, പാലക്കാട് റീജിയണൽ ലബോറട്ടറി എന്നിവിടങ്ങളിൽ തീറ്റയിലെ അഫ്ലാടോക്സിൻ അളവ് പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്. എറണാകുളം മരടിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക്, മറൈൻ ആൻഡ് അഗ്രി പ്രോഡക്ട്സ് എന്ന സ്ഥാപനത്തിൽ മൃഗങ്ങൾക്ക് നൽകുന്ന തീറ്റയിലെ ഈർപ്പത്തിന്റെ അളവ് ടോട്ടൽ ആഷ്, ആസിഡ് ഇൻസൊല്യൂബിൾ ആഷ് എന്നിവ പരിശോധിക്കുന്നതിനുള്ള സൗകര്യമുള്ളതും ആയതിന് NABL അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ളതുമാണ്. കന്നുകുട്ടി പരിപാലന പദ്ധതിയിൽ വിതരണം നടത്തുന്ന കാലിത്തീറ്റയും സർക്കാർ ഫാമുകളിൽ ഉരുക്കൾക്ക് നൽകുന്ന തീറ്റയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മേൽ സൂചിപ്പിച്ച ലാബുകളിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തണമെന്ന നിർദ്ദേശം നിലവിലുണ്ട്. കൂടാതെ കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തി, പൂക്കോട് എന്നിവിടങ്ങളിലെ ലബോറട്ടറികളിലും പരിശോധനാ സൗകര്യമുണ്ട്. കേരള സംസ്ഥാനത്ത് തീറ്റയുടെ സുരക്ഷിതത്വം, ഗുണനിലവാരം എന്നിവ ഉറപ്പാക്കുന്നതിനും കാലിത്തീറ്റ, കോഴിത്തീറ്റ, മിനറൽ മിക്സ്ചർ എന്നിവയുടെ നിർമ്മാണം, ശേഖരണം, വിതരണം, വിൽപ്പന, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും ORDINANCE No. 35 OF 2021-THE KERALA LIVESTOCK AND POULTRY FEED AND MINERAL MIXTURE (REGULATION OF MANUFACTURE AND SALE) ORDINANCE, 2021, സർക്കാർ 17-2-2021-ൽ പുറപ്പെടുവിച്ചിരുന്നു. കാലിത്തീറ്റ ഉൽപ്പാദനത്തിനുവേണ്ടി വാങ്ങുന്ന അസംസ്കൃത വസ്തുക്കളെല്ലാം തന്നെ കർശനമായ ഗുണനിലവാര പരിശോധന നടത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിനായി കേരള ഫീഡ്സിന്റെ എല്ലാ കാലിത്തീറ്റ യൂണിറ്റിലും ഗുണനിലവാര പരിശോധനാ ലാബുകൾ നിലവിലുണ്ട്. ഈ രീതിയിൽ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ആധുനിക സജ്ജീകരണങ്ങൾ മിൽമയുടെ രണ്ട് ഫാക്ടറികളിലും ഒരുക്കിയിട്ടുണ്ട്. നൂതന രീതിയിലുള്ള പരിശോധനകൾ

ചെയ്യുന്നതിനാവശ്യമായ പരിശീലനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. കർശനമായ ഗുണനിലവാര പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതുവഴിയും ഉൽപ്പാദന പ്രക്രിയ തുടർച്ചയായി നിരീക്ഷിക്കുന്നതുവഴിയും കാലിത്തീറ്റ ഫാക്ടറികൾക്ക് നല്ല ഗുണനിലവാരം പാലിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

**തുറൈക്കാട് ക്ഷീരോൽപ്പാദക സംഘം**

241(6766) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമാട്ടി ഗ്രാമപഞ്ചായത്ത് മൂലത്തറ വില്ലേജ് കറുപ്പ് തുറൈക്കാട് ക്ഷീരോല്പാദക സംഘം രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കറുപ്പ് തുറൈക്കാട് ക്ഷീരസംഘം രൂപീകരിക്കുന്നതിനുള്ള അപേക്ഷയിന്മേൽ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു.

(ബി) ഇതിന് സ്റ്റേ ഉത്തരവ് നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

സംഘം രൂപീകരണത്തിന് സ്റ്റേ ഉത്തരവ് നിലവിലുണ്ട്.

(സി) ഉണ്ടെങ്കിൽ സ്റ്റേ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

മൂലത്തറ ക്ഷീരോൽപ്പാദക സഹകരണ സംഘം ഫയൽ ചെയ്ത WP(C) No. 20777/2021-ൽ <u>ബഹു</u>. ഹൈക്കോടതി 1-10-2021-ൽ ഇടക്കാല സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് <u>ബഹു</u>. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

**ശാന്തലിംഗം നഗർ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിലെ ക്രമക്കേടുകൾ**

242 (6767) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരപ്പതി ഗ്രാമപഞ്ചായത്തിലെ ശാന്തലിംഗം നഗർ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പരാതിയിന്മേൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് സംഘത്തിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതുമാണ്.

(സി) ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് അപഹരിച്ച പണം ബന്ധപ്പെട്ടവരിൽനിന്നും പലിശ സഹിതം 15 ദിവസത്തിനകം ഈടാക്കി വരവുവയ്ക്കുന്നതിന് സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആലപ്പുഴ മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ**

243(6768) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങളുടെ വിവരം ലഭ്യമാക്കാമോ; ഇവയുടെ പേര്, നമ്പർ, സ്ഥലം എന്നിവ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത സംഘങ്ങളിലെ ജീവനക്കാരുടെ വിവരം സ്ഥിരം/ താൽക്കാലികം എന്ന രീതിയിൽ തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ നിലവിൽ ക്ഷീരഗ്രാമം പദ്ധതിയില്ല.

**ആലത്തൂർ മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ**

244 (6769) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എത്ര ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

33 എണ്ണം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സംഘങ്ങളുടെ പേര്, നമ്പർ, സ്ഥലം തുടങ്ങിയ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

**ആനന്ദ് മാതൃക പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ ആഡിറ്റ്**

245 (6770) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ. 156 പ്രകാരം കെ.സി.എം.എം.എഫ്.-ലെ ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘങ്ങളിലെ ഓഡിറ്റർമാർ ചെയ്യുന്ന ജോലിയുടെ സ്വഭാവം കൺകറന്റ് ഓഡിറ്റിന്റെ വിഭാഗത്തിലാണോ യൂണിറ്റ് ഓഡിറ്റിന്റെ വിഭാഗത്തിലാണോ ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുമോ?

യൂണിറ്റ് ഓഡിറ്റിന്റെ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്.

(ബി) നിലവിൽ ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘങ്ങളെ യൂണിറ്റുകളായി തിരിച്ച് പ്രസ്തുത ഓഡിറ്റർമാരെ ഓരോ യൂണിറ്റ് ഓഡിറ്റർമാരായാണോ നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

യൂണിറ്റ് ഓഡിറ്റർമാരായാണ് നിയമനം നടത്തിയിട്ടുള്ളത്.

(സി) നിലവിൽ ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘം ഓഡിറ്റർമാർ എത്ര സംഘങ്ങൾ വീതം പ്രതിമാസം/പ്രതിവർഷം ഓഡിറ്റ് ചെയ്ത് റിപ്പോർട്ടുകൾ സമർപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രതിമാസം 4 ഓഡിറ്റ് റിപ്പോർട്ട് വീതവും പ്രതിവർഷം 48 ഓഡിറ്റ് റിപ്പോർട്ട് വീതവും യൂണിറ്റ് ഓഡിറ്റർമാർ സമർപ്പിക്കുന്നുണ്ട്.

(ഡി) ഇതുപ്രകാരം ആനന്ദ് മാതൃക സഹകരണ സംഘത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് എത്ര പ്രവൃത്തി ദിവസങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സമയം കൃത്യമായ ഓഡിറ്റ് നിർവ്വഹണത്തിന് പര്യാപ്തമാണോ?

പ്രതിമാസം 4 ഓഡിറ്റ് റിപ്പോർട്ടെന്ന നിരക്കിലാണെങ്കിൽ ഒരു സംഘം ഓഡിറ്റ് ചെയ്യാൻ 4 മുതൽ 5 വരെ ദിവസങ്ങളും മാസത്തിൽ 5 റിപ്പോർട്ടുകൾ എന്ന നിരക്കിലാണെങ്കിൽ പരമാവധി 4 ദിവസവുമാണ് ലഭിക്കുന്നത്. പ്രസ്തുത സമയം ഓഡിറ്റ് നിർവ്വഹണത്തിന് പര്യാപ്തമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഓഡിറ്റ് നോട്ട് ചെക്കിംഗ്, റെക്ടിഫിക്കേഷൻ ജോലികൾ എന്നിവ നിർവ്വഹിക്കുന്നതിന് പ്രത്യേകമായി സമയം അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതിമാസം അനുവദിക്കുന്ന പ്രവൃത്തി ദിനങ്ങളുടെ എണ്ണം വ്യക്തമാക്കുമോ?

ഇല്ല.

(എഫ്) സഹകരണ ഓഡിറ്റിന്റെ കാര്യക്ഷമത നിലനിർത്തുന്നതിന് കേരള സഹകരണ ഓഡിറ്റ് മാനുവൽ പ്രകാരം യൂണിറ്റ് ഓഡിറ്റർമാർക്ക് പ്രതിവർഷം ചെയ്യാവുന്ന പരമാവധി ഓഡിറ്റിന്റെ എണ്ണം ആനന്ദ് മാതൃക സംഘങ്ങളുടെ ഓഡിറ്റിൽ പാലിക്കപ്പെടുന്നുണ്ടോ; നാലോ അതിലധികമോ ജില്ലകൾ പ്രവർത്തന പരിധിയുള്ളതിനാലും വർഷത്തിൽ എല്ലാ ദിവസവും ഇടപാടുകൾ നടക്കുന്ന സ്ഥാപനങ്ങളുടെ ഓഡിറ്റ് ആയതിനാലും പ്രസ്തുത എണ്ണത്തിൽ ഇളവുകൾ അനുവദിക്കുന്നുണ്ടോ?

പാലിക്കപ്പെടുന്നുണ്ട്. ഓഡിറ്റർക്ക് കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയുന്ന തരത്തിലാണ് നിലവിൽ ഓഡിറ്റ് പ്രോഗ്രാം നൽകിവരുന്നത്.

(ജി) ഇല്ലെങ്കിൽ പ്രസ്തുത എണ്ണം നിയമപരമായി നിർണ്ണയിക്കുന്നതിനും ആവശ്യമെങ്കിൽ ഇളവുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഓഡിറ്റർക്ക് കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയുന്ന തരത്തിലാണ് നിലവിൽ ഓഡിറ്റ് പ്രോഗ്രാം നൽകിവരുന്നത്. ഇളവുകൾ അനുവദിക്കേണ്ട ആവശ്യകതയില്ല.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6552-ന്റെ ഉത്തരം ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട 529-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 9-11-2021-ലെ 529-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു. *

## III. അടിയന്തരപ്രമേയം

പെട്രോൾ, ഡീസൽ വിലവർദ്ധനവ്

മി. സ്പീക്കർ: പെട്രോൾ, ഡീസൽ വിലവർദ്ധനവുമൂലം രാജ്യത്തെ ജനങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങളും കേന്ദ്ര ഭരണപ്രദേശങ്ങളും ഇന്ധന നികുതി കുറയ്ക്കുകയോ അധിക വരുമാനം ഉപേക്ഷിക്കുകയോ ചെയ്തിട്ടും സംസ്ഥാന സർക്കാർ ഇന്ധന വില കുറയ്ക്കാൻ തയ്യാറാകാത്തതുമൂലവും കേന്ദ്ര സർക്കാർ നാമമാത്രമായ നികുതിയിളവ് മാത്രം നൽകിയതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയം ഈ സമ്മേളനത്തിൽതന്നെ വിശദമായി ചർച്ച ചെയ്യുതും മറുപടി പറഞ്ഞതുമാണ്. അതുകൊണ്ട് കൂടുതൽ സമയം ഇന്ന് അതിനുവേണ്ടി നീക്കിവയ്ക്കുന്നത് ഉചിതമായിരിക്കില്ല. ഒരിക്കൽ ഉന്നയിച്ച കാര്യം പിന്നീട് അതേ സമ്മേളനത്തിൽതന്നെ സാധാരണ അനുവദിക്കാറില്ല. അതുകൂടി കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ):സർ, ഈ വിഷയം വളരെ കുറച്ച് സമയമെടുത്തെങ്കിലും ചർച്ച ചെയ്യാമെന്ന തീരുമാനത്തിനെ ഞാൻ പിന്തുണയ്ക്കുന്നു. കാരണം, ജനങ്ങളുടെ മുമ്പിൽ ഈ കാര്യം പറയാൻ വീണ്ടും ഞങ്ങൾക്ക് ഒരവസരം കിട്ടുമെന്നുള്ളതുകൊണ്ടാണ്. ഇക്കാര്യത്തിൻമേൽ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

നേരത്തെ അടിയന്തരപ്രമേയം വന്നപ്പോൾ സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിരുന്നു. വീണ്ടും പറയുകയാണ്. സംസ്ഥാന സർക്കാർ കഴിഞ്ഞ ആറ് വർഷമായി പെട്രോളിന്റേയും ഡീസലിന്റേയും നികുതി നിരക്ക് കൂട്ടിയിട്ടേയില്ല; മാത്രമല്ല, മൂന്ന് വർഷം മുമ്പ് 2018-ൽ നികുതി നിരക്ക് കുറയ്ക്കുകയും ചെയ്തു. മൂന്ന് വർഷം മുമ്പ് കുറച്ച നികുതി ഒരു മാറ്റവുമില്ലാതെ തുടരുകയാണ്. കേന്ദ്ര സർക്കാർ അധിക എക്സൈസ് തീരുവയും സെസ്സും കൂട്ടിയതുകൊണ്ടാണ് പെട്രോളിന്റേയും ഡീസലിന്റേയും വില ഉയർന്നത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പെട്രോളിന് അഞ്ച് രൂപയും ഡീസലിന് പത്ത് രൂപയും കുറച്ചപ്പോൾ സംസ്ഥാനം 2.30 രൂപയും 1.57 രൂപയും കുറച്ചിട്ടുണ്ട്. ഇനി വില കൂട്ടിയവർതന്നെ കുറയ്ക്കട്ടെയെന്നാണ് പറയാനുള്ളത്. ഒരു മാറ്റവും വരുത്താത്ത സംസ്ഥാനമല്ല കുറവുവരുത്തേണ്ടത്. വിലക്കയറ്റം സംബന്ധിച്ചുള്ള ചർച്ചകൾ സാധാരണ ഇങ്ങനെയുണ്ടാകാറുണ്ട്. പക്ഷെ അത് കേരളത്തിൽ മാത്രമാണോ നടക്കേണ്ടതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കന്മാർ ആലോചിക്കണം. 1973-ൽ പെട്രോളിന്റെ വില ഏഴ് പൈസ വർദ്ധിച്ചപ്പോൾ അന്ന് പാർലമെന്റംഗമായിരുന്ന അടൽ ബിഹാരി വാജ്പേയ് കാളവണ്ടിയിലാണ് പാർലമെന്റിലേയ്ക്ക് യാത്ര ചെയ്തത്. ഇന്ന് യു.ഡി.എഫ്. എം.എൽ.എ.-മാർ സഭയിലെത്തിയത് സൈക്കിളിലാണ്. എന്നാൽ പാർലമെന്റിലേയ്ക്ക് കാളവണ്ടിയിലോ സൈക്കിളിലോ പോകുന്നതിനായി ഇവിടെനിന്നും 19 അംഗങ്ങളെ തെരഞ്ഞെടുത്ത് അയച്ചിട്ടുണ്ട്, അവരുംകൂടി അങ്ങനെ യാത്ര ചെയ്യുന്നതിന് ശ്രമിക്കണം. അക്കാര്യത്തിൽ നമുക്ക് ഒരുമിച്ച് ഇടപെടാം. സംസ്ഥാനം ഈടാക്കുന്ന നികുതിയുടെ ഘടന ഒന്നുകൂടി പറയാൻ ആഗ്രഹിക്കുന്നു. ലിറ്ററിലുള്ള ശതമാനത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനം ടാക്സ് ഈടാക്കുന്നത്. ഒരു ലിറ്റർ പെട്രോളിന് 32.50 പൈസയും ഡീസലിന് 31.08 രൂപയുമാണ് കേന്ദ്രം നികുതിയിനത്തിൽ പിരിച്ചിരുന്നത്. എന്നാൽ കേരളത്തിന്റെ നികുതികൂടിയടങ്ങുന്ന ആകെയുള്ള വിലയുടെ 30.08 ശതമാനവും 22.76 ശതമാനവുമാണ് കേരളം നികുതിയായി ഈടാക്കുന്നത്. അതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റ് കുറച്ച സമയത്തുതന്നെ സംസ്ഥാനവും ഈ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ കുറവുവരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് പതിമൂന്ന് തവണ വർദ്ധന വരുത്തിയിട്ടുണ്ട്. അതുകൊണ്ട് വേണമെങ്കിൽ കൂട്ടുകയോ അതുപോലെ നിലനിർത്തുകയോ ചെയ്യാം. ഇവിടെ കുറവ് വരുത്തിയെന്നത് കണക്കിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പതിമൂന്ന് പ്രാവശ്യം വർദ്ധനവ് വരുത്തിയെന്ന് പറയുന്നത് സംസ്ഥാന ഗവൺമെന്റ് കൂട്ടിയതാണോ അതോ കേന്ദ്ര ഗവൺമെന്റ് വില വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവികമായി വന്ന വർദ്ധനവാണോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അതിനെപ്പറ്റിയെല്ലാം ഞാൻ വിശദമായി പറയാം. എന്തായാലും പതിമൂന്ന് തവണ കൂട്ടിയതിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. നേരത്തെ 24.75 ശതമാനമായിരുന്നത് അങ്ങയുടെ സമയത്ത് പല തവണയായി കൂട്ടി 31.80 ശതമാനമായി വർദ്ധിപ്പിച്ചിരുന്നു. ഡീസലിന്റെ നികുതിയിൽ നാല് പ്രാവശ്യം കുറവുവരുത്തിയിരുന്നു. അതിന്റെ കണക്കെല്ലാമുണ്ട്. ഇന്ധന വില കൂടുന്നതിന്റെ കാരണം നേരത്തേയും ചർച്ച ചെയ്തതായിരുന്നു. ഇന്ധന വിലനിർണ്ണയം കമ്പോളത്തിന് വിട്ടുകൊടുത്തത് യു.പി.എ. സർക്കാരായിരുന്നു. അത് കൂടുതൽ ഉപദ്രവകരമായ രീതിയിൽ ബി.ജെ.പി. ഗവൺമെന്റ് നടപ്പിലാക്കി. അങ്ങനെ ചെയ്യുമ്പോൾ അന്താരാഷ്ട്ര മാർക്കറ്റിലെ വിലക്കുറവ് ഇവിടെയുമുണ്ടാകുമെന്നാണ് കരുതിയത്. പക്ഷെ ആ ഗുണം ലഭിച്ചില്ലെന്ന് മാത്രമല്ല, വളരെ ദ്രോഹകരമായ രീതിയിലാണ് നടപ്പിലാക്കിയത്. 1972-ൽ ഓയിൽപൂൾ അക്കൗണ്ട് തുടങ്ങാൻ തീരുമാനിച്ചിരുന്നു. ആ ഓയിൽപൂൾ അക്കൗണ്ടിന്റെ കാര്യം ഞാൻ നേരത്തെ സഭയിൽ പറഞ്ഞിട്ടുള്ളതായിരുന്നു. ഓയിൽപൂൾ അക്കൗണ്ടിൽ പ്രത്യേകം കുറച്ച് പണം സൂക്ഷിക്കും. അന്തർദ്ദേശീയ മാർക്കറ്റിൽ വില വർദ്ധിക്കുകയാണെങ്കിൽ ഈ അക്കൗണ്ടിൽനിന്നും സബ്സിഡി അനുവദിക്കുകയും വില കുറയുകയാണെങ്കിൽ അതിൽനിന്നുള്ള പണം ഈ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ചെയ്യും. അങ്ങനെയാണ് ഓയിൽ പൂൾ അക്കൗണ്ട് നിലനിർത്തിയിരുന്നത്. എന്നാൽ അന്തർദ്ദേശീയ മാർക്കറ്റിൽ വില ഉയർന്നപ്പോൾ, മൻമോഹൻ സിംഗ് ഗവൺമെന്റിന് ഓയിൽ പൂൾ അക്കൗണ്ട് നിലനിർത്താൻ കഴിയില്ലെന്ന് മനസ്സിലായപ്പോൾ അത് നിർത്തലാക്കി കമ്പോളത്തിന് വിട്ടുകൊടുക്കുകയാണ് ചെയ്തത്. കമ്പോളത്തിന് വിട്ടുകൊടുത്തശേഷം കമ്പോള വിലയല്ല ഇപ്പോൾ നടപ്പിലാക്കുന്നത്. കമ്പനികൾക്ക് യഥേഷ്ടം വർദ്ധന വരുത്താൻ ഗവൺമെന്റ് സഹായിക്കുന്നുണ്ട്. ഇപ്പോൾ കേരളത്തിലേയും കേന്ദ്രത്തിലേയും ബി.ജെ.പി. അവകാശപ്പെടുന്നത്, ഒരു ലക്ഷത്തി ചില്ല്വാനം കോടി രൂപ ഓയിൽ പൂൾ അക്കൗണ്ടിനുവേണ്ടി ചെലവാക്കിയതിന്റെ പേരിലാണ് അവർ ഇപ്പോൾ കളക്ട് ചെയ്യുന്നതെന്നാണ്. എനിക്ക് അതിനോട് യോജിപ്പില്ല. മൂന്നര- നാല് ലക്ഷം കോടി രൂപ ഈ വർഷംതന്നെ ഈയിനത്തിൽ അവർ കളക്ട് ചെയ്തു. കോൺഗ്രസിന്റെ ഓയിൽപൂൾ അക്കൗണ്ടിന്റെ പേര് പറഞ്ഞ് ഇപ്പോഴും പണം കളക്ട് ചെയ്യുന്നെങ്കിലും അത് ശരിയാണെന്ന അഭിപ്രായമില്ല. പക്ഷെ ഓയിൽപൂൾ അക്കൗണ്ട് ഇല്ലാതാക്കിയത് കോൺഗ്രസ് ഗവൺമെന്റാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ വിലക്കുറവ് വന്നപ്പോൾ എക്സൈസ് ഡ്യൂട്ടിയിൽ വർദ്ധന വരുത്തുകയാണ് ചെയ്യുന്നത്. എക്സൈസ് ഡ്യൂട്ടി കുറയ്ക്കുന്നതിന്റേയും കൂട്ടുന്നതിന്റേയും ഭാഗമായി സംസ്ഥാനത്തിനുണ്ടാകുന്നത് നഷ്ടമാണ്. നേരത്തെ പത്ത് രൂപ വരെ എക്സൈസ് ഡ്യൂട്ടിയുണ്ടായിരുന്നു. എക്സൈസ് ഡ്യൂട്ടിയാകുമ്പോൾ അതിന്റെ 41

ശതമാനം സംസ്ഥാനത്തിന് നൽകണം. അങ്ങനെ പത്ത് രൂപ എക്സൈസ് ഡ്യൂട്ടിയുണ്ടായിരുന്നപ്പോൾ 4.20 രൂപ സംസ്ഥാനത്തിന് ലഭിക്കണമായിരുന്നു. ഇപ്പോൾ എക്സൈസ് ഡ്യൂട്ടി 1.40 രൂപയായി. ഒരു രൂപ നാൽപ്പത് പൈസയാക്കിയപ്പോൾ അറുപത് പൈസ മാത്രമെ സംസ്ഥാനങ്ങൾക്ക് തരേണ്ടതുള്ളൂ എന്നുപറഞ്ഞാൽ ബി.ജെ.പി. ഗവൺമെന്റ് 3.60 പൈസ ഒരു ലിറ്ററിൽ കൊള്ളയടിച്ചു. എക്സൈസ് ഡ്യൂട്ടി കുറച്ചിട്ട് സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, സെസ്സ് എന്ന നിലയിലാണ് മുപ്പത് രൂപയിലധികം ഈടാക്കിയത്. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നുണ്ടെങ്കിൽ സ്റ്റേറ്റ്മാണെന്ന നിലയിലല്ലേ പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിലുള്ള ലീഡർഷിപ്പ് പെരുമാറേണ്ടത്. സംസ്ഥാനത്തിന്റെ താൽപ്പര്യംകൂടി നോക്കണ്ടേ. ഈ തരത്തിൽ എക്സൈസ് ഡ്യൂട്ടിതന്നെ സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടിയും സെസ്സുമാക്കുന്നതുവഴി മൂന്ന് രൂപ അറുപത് പൈസ സംസ്ഥാനത്തിന് നഷ്ടമുണ്ട്. അതുകൂടാതെയാണ് എക്സൈസ് ഡ്യൂട്ടി കുറച്ചിട്ട് പെട്രോളിന് 31.50 രൂപയും ഡീസലിന് 30 രൂപയുമായി വർദ്ധിപ്പിച്ചത്. ഇങ്ങനെ വർദ്ധിപ്പിച്ചതിൽ നിന്ന് പിന്നീട് ഡീസലിന് പത്ത് രൂപയും പെട്രോളിന് അഞ്ച് രൂപയും കുറച്ചു. അതിനൊപ്പം സംസ്ഥാനവും കുറച്ചിട്ടുണ്ട്. അപ്പോൾ കേരളം നികുതിയിൽ കുറവ് വരുത്തിയില്ലെന്ന് പറയാൻ കഴിയില്ല, കുറച്ചുവെന്നാണ് ഞാൻ പറയുന്നത്. ബാക്കി കണക്കുകൾ സമയത്തിന്റെ കുറവുകാരണം പറയുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് 2014 സെപ്റ്റംബർ മുതൽ സംസ്ഥാനത്തെ നികുതി വർദ്ധനവുകൂടി പരിശോധിക്കാം. സെപ്റ്റംബറിൽ 99.96%, ഒക്ടോബറിൽ 84.83%, നവംബറിൽ 77.75% ഇങ്ങനെ ഒരുഘട്ടം കഴിഞ്ഞപ്പോൾ 46.59 % ആയി. ഈ ഘട്ടത്തിൽ ആ കുറവിന് പകരം പതിമൂന്ന് തവണ വർദ്ധനവ് വരുത്തിയെന്നാണ് ഞാൻ പറഞ്ഞത്. 2014 ഓഗസ്റ്റിൽ പെട്രോളിന്റെ സംസ്ഥാന നികുതി 26.21 % ആയിരുന്നത്, വർദ്ധിപ്പിച്ച് 31.18 % വരെയാക്കി. എന്നാൽ 2016-ൽ അധികാരത്തിൽവന്ന ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് ഇത് വർദ്ധിപ്പിച്ചില്ലെന്ന് മാത്രമല്ല, 2018 ജൂണിൽ 30.08 ശതമാനവും 22.76 ശതമാനവുമായി ഈ ഗവൺമെന്റ് കുറച്ചു. ആ ശതമാനമാണ് ഇവിടെ തുടരുന്നത്. കേരളത്തിൽ യൂണിറ്റടിസ്ഥാനത്തിൽ അത് കുറയുകയാണ്. ഇതിന്റെ ഭാഗമായി അന്ന് 550 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. തുടർച്ചയായി കണക്കാക്കിയാൽ 1500 കോടി രൂപയുടെ നഷ്ടം ഈ കഴിഞ്ഞ വർഷം വരെ ഉണ്ടായിട്ടുണ്ട്. കോവിഡ് കാലത്ത് വിവിധ സംസ്ഥാനങ്ങളിൽ നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. ആസാമിൽ ഒരു ലിറ്റർ പെട്രോളിനും ഡീസലിനും അഞ്ച് രൂപ വച്ച് അഡീഷണൽ കോവിഡ് സെസ് ഏർപ്പെടുത്തി. യു.പി., ഗോവ, ഹരിയാന, ഛത്തീസ്ഗഢ്, കർണ്ണാടക എന്നിവിടങ്ങളിൽ നികുതി വർദ്ധിപ്പിച്ചു. എന്നാൽ

നമ്മൾ ആ സമയത്ത് കോവിഡ് നികുതിയൊന്നും കൊണ്ടുവരാതെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പരിശ്രമിച്ചു. രാജസ്ഥാനിൽ നാല് ശതമാനമാണ് വർദ്ധിപ്പിച്ചത്. അവിടത്തെ മുഖ്യമന്ത്രിയും ഛത്തീസ്ഗഢിലെ മുഖ്യമന്ത്രിയുമൊക്കെ ഇത് കുറയ്ക്കാൻ പറ്റില്ലെന്നുള്ള സമീപനമാണ് കൈക്കൊണ്ടത്. കോൺഗ്രസിന്റെ വർക്കിംഗ് കമ്മിറ്റി മീറ്റിംഗിലെ (CWC) സാമ്പത്തിക പ്രമേയത്തിൽ പറഞ്ഞ രണ്ട് കാര്യങ്ങളിലൊന്ന്, ആറു ലക്ഷം കോടി രൂപ നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ വഴി ഇല്ലാതാക്കുന്നത് കേന്ദ്രം പാപ്പരായതുകൊണ്ടാണ്, അതു നിർത്തിവയ്ക്കണം. രണ്ടാമത്, പെട്രോളിന്റെയും ഡീസലിന്റെയും സെസ് വലിയതോതിൽ വർദ്ധിപ്പിച്ച് സംസ്ഥാനങ്ങളുടെ അവകാശങ്ങളിൽ കടന്നുകയറുന്നു, അത് പിറകിലോട്ട് കൊണ്ടുപോകുന്നു എന്നാണ്. അതാണ് CWC-യും പറഞ്ഞത്. സാധാരണ ജനങ്ങളെ സഹായിക്കാൻ ഒരു പൈസപോലും കോവിഡ് സമയത്തോ അല്ലാതെയോ വർദ്ധിപ്പിക്കാത്ത ഒരു സംസ്ഥാനത്തെ ഇരയാക്കാനാണോ നിങ്ങൾ ഇങ്ങനെയൊക്കെ പറയുന്നത്. ഇന്ത്യയിൽ മിക്കവാറും സംസ്ഥാനങ്ങൾ വർദ്ധിപ്പിച്ചപ്പോഴാണ് നമ്മൾ കുറച്ചത്. ഇതെല്ലാം വരുമ്പോൾതന്നെ ക്ഷേമ ചെലവുകൾ ധാരാളം വർദ്ധിക്കുന്നുവെന്ന് ഞാൻ എടുത്തുപറയേണ്ടതില്ല. നമുക്കും കുറച്ച് നഷ്ടമുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ ക്ഷേമപ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടായിട്ടുപോലും വർദ്ധിപ്പിച്ചിട്ടില്ല. ഇപ്പോൾ ഒരു ലിറ്റർ പെട്രോളിന്റെ നികുതിയായി 27.90 രൂപയും ഒരു ലിറ്റർ ഡീസലിന് 21.80 രൂപയും കേന്ദ്രം ഈടാക്കുമ്പോൾ കേരളം ഈടാക്കുന്നത് അതിനേക്കാൾ വളരെ കുറവാണ്, 22.9 രൂപയും 21.8 രൂപയുമാണ്. ഇതൊന്നും രഹസ്യമായ കണക്കല്ല. ഉത്തരവാദിത്വമുള്ള രാഷ്ട്രീയനേതൃത്വമെന്ന നിലയിൽ ഒരു കാര്യം കൂടി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ 2011 നവംബർ 4-ന് പ്രമേയം അവതരിപ്പിച്ചപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അന്നത്തെ മറുപടി കേന്ദ്ര സർക്കാരിന്റെ സമീപനത്തെപറ്റിയാണ്. പെട്രോൾ വില വർദ്ധനമൂലം സംസ്ഥാന സർക്കാരിന് കിട്ടുന്ന അധിക വരുമാനം ഉപേക്ഷിക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അധികാരത്തിൽ ഇരിക്കുമ്പോൾ ഇഷ്ടമില്ലാത്ത ചില തീരുമാനങ്ങൾ എടുക്കേണ്ടിവരികയും ചില യാഥാർത്ഥ്യങ്ങൾ നേരിടേണ്ടിവരുമെന്നുമാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. അന്നും പ്രതിപക്ഷം കേന്ദ്രസർക്കാരിനെ സൂചിപ്പിച്ചാണ് ഇക്കാര്യം പറഞ്ഞിട്ടുള്ളത്. അന്നുതന്നെ ശ്രീ. രമേശ് ചെന്നിത്തല അടക്കമുള്ളവർ കേന്ദ്ര ഗവൺമെന്റ് വില കൂട്ടുമ്പോൾ സംസ്ഥാന ഗവൺമെന്റിന് നികുതി കുറയ്ക്കാൻ സാധിക്കില്ലെന്നും പറയുകയുണ്ടായി. ഭരണഘടനയുടെ ആർട്ടിക്കിൾ 271 ഞാൻ വായിക്കുകയാണ്. അതിൽ യൂണിയന്റെ ആവശ്യങ്ങൾക്കായി ചില തീരുവകളിന്മേലും നികുതികളിന്മേലുമുള്ള

സർച്ചാർജ്ജിനെ സംബന്ധിച്ചാണ് പറയുന്നത്. ആർട്ടിക്കിൾ 269, 270 അനുച്ഛേദങ്ങളിൽ, എന്തുതന്നെ ആയിരുന്നാലും യൂണിയന്റെ ആവശ്യങ്ങൾക്കായി പാർലമെന്റ് ഏതു സമയത്തും ആ അനുച്ഛേദങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും തീരുവകളോ നികുതികളോ ഒരു സർച്ചാർജ്ജായി വർദ്ധിപ്പിക്കാവുന്നതും അങ്ങനെ ഏതെങ്കിലും സർച്ചാർജ്ജിൽ നിന്നുള്ള മുഴുവൻ വരവുകളും ഭാരതത്തിന്റെ സഞ്ചിത നികുതിയുടെ ഭാഗമായിരിക്കുന്നതുമാണ്. 269, 270 സൂചിപ്പിക്കുന്നത് കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും എക്സൈസ് നികുതികൾ, ജി.എസ്.ടി. പോലുള്ളതാണ്. 271 സർച്ചാർജ്ജിനെ സൂചിപ്പിക്കുന്നു. സർചാർജ് എന്നു പറയുന്നത് ഒരു നികുതിയുടെ മേൽ ചെറിയൊരു ശതമാനം തുക വാങ്ങുക എന്നുള്ളതാണ്. ഇങ്ങനെയൊരു പ്രൊവിഷൻ എന്തിനാണ് ഭരണഘടനയിൽ കൊടുത്തിരിക്കുന്നത്? യുദ്ധമോ, നാച്ചറൽ കലാമിറ്റിയോ പകർച്ചവ്യാധിയോ വന്നാൽ കേന്ദ്രഗവൺമെന്റ് സർച്ചാർജ്ജായി ലഭിക്കുന്ന തുകയാണ് ചെലവഴിക്കുന്നത്. സംസ്ഥാനം സർച്ചാർജ്ജായി പിരിച്ചെടുക്കുന്നത് 21 രൂപയാണെങ്കിൽ 33 രൂപയാണ് ബി.ജെ.പി. നേതൃത്വം കൊടുക്കുന്ന കേന്ദ്ര സർക്കാർ പിരിച്ചെടുക്കുന്നത്. പെട്രോളിന്റെയും മദ്യത്തിന്റെയും സെയിൽസ് ടാക്സ് മാത്രമെ സംസ്ഥാനങ്ങൾക്ക് പിരിക്കാൻ അവകാശമുള്ളൂ. സംസ്ഥാനങ്ങളെക്കാൾ കൂടുതൽ സർച്ചാർജ്ജ് കേന്ദ്ര ഗവൺമെന്റ് പിരിച്ചെടുക്കുമ്പോൾ സംസ്ഥാനങ്ങളുടെ താത്പര്യം സംരക്ഷിക്കാനുള്ള ഇത്തരം കാര്യങ്ങൾക്ക് കാളവണ്ടിയിലും സൈക്കിളിലും ഡൽഹിക്ക് പോകുക തന്നെവേണം. ഇവിടെ നമ്മൾ കുറച്ചിട്ടുണ്ട്, ബാക്കി കുറയ്ക്കേണ്ടവർ തന്നെ കുറയ്ക്കണമെന്ന അഭിപ്രായമാണ് പറയാനുള്ളത്. കേന്ദ്ര നയങ്ങൾക്കെതിരെ ഒരുമിച്ചുനിന്ന് പോരാടുകയാണ് വേണ്ടത്. ആയതിനാൽ അടിയന്തരപ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: ബഹുമാനപ്പെട്ട മന്ത്രി തുടങ്ങിയതുതന്നെ കാര്യങ്ങൾ ജനങ്ങളോട് പറയാൻ അവസരം കിട്ടിയെന്ന സന്തോഷം പങ്കുവച്ചുകൊണ്ടാണ്. എനിക്ക് പറയാനുള്ളത്, ജനങ്ങളോട് പറയേണ്ട കാര്യം നമുക്ക് ഇവിടെ ചർച്ച ചെയ്യാം. ജനങ്ങൾ അതറിയട്ടെ. ഗവൺമെന്റ് അതിന് തയ്യാറായാൽ മതി. മറ്റൊരു കാര്യം അദ്ദേഹം പറഞ്ഞത്, ഞങ്ങൾ സൈക്കിൾ ചവിട്ടി വരേണ്ടത് ഇവിടേയ്ക്കല്ല, ഡൽഹിയിലേയ്ക്കാണെന്നാണ്. ഞങ്ങൾ മൽസരിച്ച് ജയിച്ച് വന്നിരിക്കുന്നത് സംസ്ഥാന നിയമസഭയിലേയ്ക്കാണ്. ഞങ്ങൾ പാർലമെന്റിലേയ്ക്ക് കുറച്ചുപേരെ അയച്ചിട്ടുണ്ട്. അവരെല്ലാവരുംകൂടി ശ്രീ. രാഹുൽഗാന്ധിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് മൂന്നാം തീയതി സൈക്കിളിൽ പാർലമെന്റിലേയ്ക്ക് പോയി. പാർലമെന്റിലേക്ക് പോകുന്നതിനുമുമ്പ് കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ ചേർന്ന യോഗത്തിൽ നിങ്ങളുടെ എം.പി.-യുമുണ്ടായിരുന്നു. സൈക്കിൾ ജാഥയിൽ പങ്കെടുത്തില്ല. അത് വേറെ കാര്യം.

സി.പി.ഐ.(എം), സി.പി.ഐ. ഉൾപ്പെടെ പതിനേഴ് പാർട്ടികൾ സൈക്കിൾ ജാഥയിൽ ശ്രീ. രാഹുൽഗാന്ധിയുടെ നേതൃത്വത്തിലാണ് പോയത്. കേരളത്തിലെ പത്തൊമ്പത് എം.പി.-മാരും ഉണ്ടായിരുന്നു. പെട്രോളിന് എക്സൈസ് തീരുവ അഞ്ച് രൂപയും ഡീസലിന് പത്തു രൂപയും കേന്ദ്രം കുറച്ചു. കേന്ദ്രം വർദ്ധിപ്പിച്ചതുമായി തട്ടിച്ചുനോക്കുമ്പോൾ നാമമാത്രമായ കുറവാണ് ഇതിലൂടെ ഉണ്ടായത്. എങ്കിലും ചെറിയൊരു ആശ്വാസമാണ്. എന്നാൽ സ്വന്തം നിലയ്ക്ക് ഒരു പൈസ പോലും കുറയ്ക്കില്ലെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഒരു കാരണവശാലും ഈ നിലപാട് ന്യായീകരിക്കാവുന്നതല്ല. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ട ജനകീയ സർക്കാരിന് ചേർന്ന നിലപാടല്ല. കേന്ദ്രം ഇനിയും കുറയ്ക്കട്ടെ എന്ന് ധനകാര്യമന്ത്രി പറയുമ്പോഴും അദ്ദേഹത്തിന്റെ ഉള്ളിലിരുപ്പ് യഥാർത്ഥത്തിൽ ഒരു പൈസപോലും കുറയ്ക്കരുതെന്ന് തന്നെയാണ്. കേന്ദ്രം കുറച്ചാൽ നേരത്തെ സൂചിപ്പിച്ചതുപോലെ ചെറിയ കുറവുണ്ടാകും. ജനങ്ങൾ പ്രതിസന്ധിയിലാണ്. രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ ജനങ്ങൾ പ്രയാസപ്പെടുകയാണ്. കഴിഞ്ഞ ദിവസം എൽ.ഡി.എഫ്. യോഗം കൂടി ബസ് ചാർജ്ജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഇതുപോലെയുള്ള ഓരോ പ്രയാസങ്ങളും ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ജനങ്ങൾ അഭിമുഖീകരിക്കുന്ന ഈ വലിയ പ്രതിസന്ധിയെക്കുറിച്ച് ജനജീവിതം കൂടുതൽ ക്ലേശകരമാകുന്നതിനെക്കുറിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നിങ്ങൾ കേരളത്തെ തീരെ മോശമാക്കിയില്ല. ഇന്ധനവിലയുടെ കാര്യത്തിൽ നമുക്ക് ആറാം സ്ഥാനമുണ്ട്. എവിടെയോ ഉള്ള ക്രൂഡോയിൽ കേരളത്തിൽ വിറ്റ് അന്യായമായ നോക്കുകൂലി കീശയിലാക്കുന്ന സർക്കാരാണ് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്. കേരളം ധനപ്രതിസന്ധിയിലാകാൻ കാരണം കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റുകൾ സ്വീകരിച്ച പാളിപ്പോയ സാമ്പത്തിക നയമാണ്. ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളും അഞ്ച് കേന്ദ്രഭരണ പ്രദേശങ്ങളും ജനങ്ങൾക്ക് ആശ്വാസമേകാൻ തയ്യാറായിട്ടും ഞങ്ങൾ യാതൊരു വിട്ടുവീഴ്ചയ്ക്കും ഒരുക്കമല്ലെന്ന സർക്കാരിന്റെ നിലപാട് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ബസ് ചാർജ്ജ് വർദ്ധിപ്പിക്കാൻ എൽ.ഡി.എഫ്. തീരുമാനിച്ചുകഴിഞ്ഞു. വിലക്കയറ്റം രൂക്ഷമാകുകയാണ്. രാജ്യത്തെ ജനങ്ങളെ ഉലക്കകൊണ്ട് അടിച്ചുവീഴ്ത്തിയശേഷം മുറംകൊണ്ട് വീശി ആശ്വസിപ്പിക്കുന്ന നിലപാടാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. ബസ് ചാർജ്ജ് വർദ്ധനയ്ക്കുള്ള തീരുമാനവും കെടുതിയുടെ ഭാഗമാണ്. മണ്ണെണ്ണയുടെ വില 8 രൂപ വർദ്ധിപ്പിച്ചു. സാധാരണഗതിയിൽ മണ്ണെണ്ണ വില വർദ്ധിപ്പിക്കാറില്ല, ഞാൻ പറഞ്ഞത് കേന്ദ്രഗവൺമെന്റ് വില വർദ്ധിപ്പിച്ചതിനെക്കുറിച്ചാണ്. പാചകവാതകത്തിന്റെ വിലയും കൂട്ടി. ഇന്നത്തെ വില 906.50 രൂപയാണ്. ഇതുമൂലം സാധാരണ

ജനങ്ങളുടെ ജീവിതം പ്രതിസന്ധിയിലായി. ജനവിരുദ്ധ നയങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ കേന്ദ്രവും സംസ്ഥാനവും തമ്മിൽ മത്സരിക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്രത്തിലുള്ളത് ചേട്ടൻ ബാവയും സംസ്ഥാനത്തുള്ളത് അനിയൻ ബാവയുമെന്നാണ് ജനങ്ങൾ പറയുന്നത്. ഉപതെരഞ്ഞെടുപ്പുകളിൽ തിരിച്ചടി കിട്ടിയപ്പോഴാണ് കേന്ദ്രസർക്കാരിന് തിരിച്ചറിവുണ്ടായത്. ജനങ്ങളുടെ കടുത്ത പ്രഹരം കിട്ടിയശേഷമേ വില കുറയ്ക്കുകയുള്ളൂ എന്നതാണോ നിങ്ങളുടെ നിലപാട്? 7 വർഷത്തിനകം ഇന്ധന തീരുവയിൽ അതിഭീകരമായ വർദ്ധന അടിച്ചേൽപ്പിച്ച്, 18 ലക്ഷം കോടി രൂപയുടെ വർദ്ധന ജനങ്ങളുടെ തലയിൽ കെട്ടിവച്ച് അധിക വരുമാനം കൊയ്ത ബി.ജെ.പി. സർക്കാർ നികുതിഭീകരൻ തന്നെയാണ്. ഈ നികുതിഭീകരതയ്ക്ക് കേരള സർക്കാരും കൂട്ടുനിൽക്കുകയാണ്. നികുതിഭീകരത എന്ന പുതിയ പ്രയോഗംതന്നെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇപ്പോൾ നൽകിയിരിക്കുകയാണ്. 2014-ൽ പെട്രോളിനുള്ള എക്സൈസ് തീരുവ 9.48 രൂപയായിരുന്നു. 2020 ആകുമ്പോഴേയ്ക്കും അത് 32.90 രൂപയായി മാറി. ഡീസലിന്റെ തീരുവ 3.56 രൂപയിൽനിന്നും 31.80 രൂപയായി കുത്തനെ വർദ്ധിപ്പിച്ചു. വിലവർദ്ധനയ്ക്കെതിരെ അടുപ്പുകൂട്ടിയും വണ്ടി ഉന്തിയും സമരം ചെയ്തവരാണ് നിങ്ങൾ. 2020 മാർച്ച്, മേയ് മാസങ്ങളിൽമാത്രം ഒരു ലിറ്റർ പെട്രോളിന്മേൽ 13 രൂപയും ഡീസലിന് 16 രൂപയും അധികമായി കേന്ദ്രഗവൺമെന്റ് നികുതി ചുമത്തി. കോവിഡ് കാലയളവിൽ നട്ടംതിരിയുന്ന ജനങ്ങൾക്ക് ഈ കാലയളവിൽ ക്രൂഡ് ഓയിലിനുണ്ടായ 69 ശതമാനം വിലയിടിവിന്റെ ആനുകൂല്യം കേന്ദ്രം നിഷേധിച്ചു. ആറ് വർഷംകൊണ്ട് 300 ശതമാനം ഇന്ധനവില വർദ്ധിച്ചു. പൊതുമേഖലാ എണ്ണക്കമ്പനികൾ അസാധാരണമായ വിലവർദ്ധനയിലൂടെ കൊയ്തെടുക്കുന്ന ഭീമമായ ലാഭവിഹിതംകൂടി കേന്ദ്രഖജനാവിലേയ്ക്ക് ഒഴുകിയെത്തിക്കൊണ്ടിരിക്കുന്നുണ്ട്. സംസ്ഥാനത്ത് ഇന്ധനവില കൂടുതലായതിനാൽ കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ വാഹനയുടമകൾ അയൽ സംസ്ഥാനങ്ങളിൽ പോയി ഇന്ധനം നിറയ്ക്കുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് കേരളത്തിന് വലിയ രീതിയിലുള്ള നികുതി നഷ്ടമുണ്ടാകുന്നുണ്ട്. പ്രതിദിനം ഏകദേശം ഒരു കോടി പത്ത് ലക്ഷം രൂപ സംസ്ഥാനത്തിന് നഷ്ടമുണ്ടാകുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കണ്ണൂരിലെ പെട്രോൾ വില-104.40 രൂപ, പുതുച്ചേരി, മാഹി എന്നിവിടങ്ങളിൽ 92.52 രൂപ, വ്യത്യാസം 11.88 രൂപ. തിരുവനന്തപുരം, പാറശ്ശാല എന്നിവിടങ്ങളിൽ 106.3 രൂപ, എന്നാൽ തമിഴ്നാട്, പടന്താലുമൂട്- 102.66 രൂപ, വ്യത്യാസം 3.97 രൂപ. തലപ്പാടിയിൽ 105.69 രൂപ, എന്നാൽ കർണ്ണാടകത്തിൽ 99.99 രൂപ, 5.79 രൂപയുടെ വ്യത്യാസം വരുന്നുണ്ട്. ഞാൻ കൂടുതൽ കണക്കുകൾ ഉദ്ധരിക്കുന്നില്ല. കുറേയേറെ സംസ്ഥാനങ്ങളിൽ നികുതി കണക്കാക്കുന്നതിനെക്കുറിച്ച്

പറഞ്ഞു. അങ്ങ് ഉദ്ധരിച്ച് പറഞ്ഞതിൽ രാജസ്ഥാനൊഴികെ ബാക്കിയെല്ലാം ബി.ജെ.പി. സർക്കാരുകളാണ്. എന്നാൽ പഞ്ചാബിൽ ഇന്ധനവില കുറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഇന്ധനവില വർദ്ധിപ്പിച്ചുവെന്നുപറഞ്ഞ് തടിതപ്പാൻ ശ്രമിക്കുന്ന സർക്കാർ, 620 കോടി രൂപയോളം യു.ഡി.എഫ്. ഗവൺമെന്റ് ഇളവുചെയ്ത കാര്യം മറച്ചുവയ്ക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ നികുതി വർദ്ധന വരുത്തിയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഒരു ശതമാനം കുറച്ചുവെന്നും കൂട്ടത്തിൽ പറഞ്ഞു. നിങ്ങൾ വില കുറയ്ക്കുകയല്ല ചെയ്തത്, ഒരു ശതമാനം കുറച്ചതിനോടൊപ്പം ഒരു ലിറ്റർ പെട്രോളിന് ഒരു രൂപ നിരക്കിൽ അഡീഷണൽ സെസ് ഏർപ്പെടുത്തുകയാണ് ചെയ്തത്. ഈ സെസ് ഏകദേശം 1.25 ശതമാനം വരും. യഥാർത്ഥത്തിൽ കുറയ്ക്കുകയല്ല ചെയ്തത്, വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഒരു ലിറ്റർ പെട്രോളിന് തിരുവനന്തപുരത്ത് 106.36 രൂപയും ഡീസലിന് 93.47 രൂപയുമാണ്. ഇതിൽ കേന്ദ്രത്തിന് 27.9 രൂപയും സംസ്ഥാനത്തിന് 26 രൂപയും ലഭിക്കും. ഇത് സർക്കാരിന്റെ പിടിച്ചുപറിയാണ്. 104 രൂപ ഒരു സാധാരണക്കാരൻ ചെലവാക്കുന്നതിൽ നിന്നും 54 രൂപ മോദിയും പിണറായി സർക്കാരും പങ്കിട്ടെടുക്കുകയാണ്. ഡീറെഗുലേഷൻ നടപ്പാക്കിയതുകൊണ്ടാണ് വിലകൂടിയതെന്ന് നിങ്ങൾ പറയുന്നു. ഡീറെഗുലേഷൻ അതേ സ്പിരിറ്റിൽ നടപ്പാക്കിയിരുന്നെങ്കിൽ അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുന്നതിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭ്യമാകുമായിരുന്നു. പക്ഷേ കേന്ദ്ര ഗവൺമെന്റ് ആ ആനുകൂല്യം ജനങ്ങൾക്ക് നൽകുന്നില്ല. അതാണ് പ്രശ്നം. അതല്ലാതെ ഡീറെഗുലേഷന്റെ പ്രശ്നമല്ല. 'അച്ചാ ദിൻ' വരുമെന്ന് പറഞ്ഞ മോദി സർക്കാരും 'എല്ലാം ശരിയാകും' എന്നുപറഞ്ഞ എൽ.ഡി.എഫ്. സർക്കാരും കേരളം ഭരിക്കുന്നുണ്ട്. ഈ രണ്ടുകൂട്ടരുംകൂടി ജനങ്ങളെ ഒരുവിധം ശരിയാക്കിയിരിക്കുകയാണ്. ജനങ്ങളുടെ നട്ടുവൊടിഞ്ഞു. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി എപ്പോഴും പയുന്നത്, ഇന്ധന നികുതി ജി.എസ്.ടി.യിൽ കൊണ്ടുവരാതിരിക്കാൻ നല്ലവണ്ണം ശ്രമിച്ചുവെന്നാണ്. എനിക്ക് ലളിതമായ ഒരു ചോദ്യമുണ്ട്, ജി.എസ്.ടി.യിൽ കൊണ്ടുവരാതിരിക്കാൻ അങ്ങ് ശ്രമിച്ചു, അത് ശരിയാണെന്നുവയ്ക്കാം, ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങളെ കേന്ദ്ര ഗവൺമെന്റ് എക്സൈസ് ഡ്യൂട്ടിയും അഡീഷണൽ എക്സൈസ് ഡ്യൂട്ടിയും സെസ്സും ചുമത്തി കൊള്ളയടിക്കുന്നതിനെതിരായും ഇന്ധനം വിലക്കുറവിൽ ലഭിക്കാനും അങ്ങ് എന്താണ് ചെയ്തത്? ഒരു നടപടിയും സ്വീകരിച്ചില്ല. " വാഴ നനയുമ്പോൾ ചീരയും നനയും" എന്ന തത്വമാണ് നിങ്ങൾ സ്വീകരിച്ചത്. അവിടെ കേന്ദ്രം കൂട്ടുമ്പോൾ ഇവിടെയും വരുമാനം കിട്ടും. അതാണ് കാര്യം. അദ്ദേഹത്തിന്റെ ദുഃഖമെന്താണ്, കേന്ദ്രം വില അൽപ്പം കുറച്ചപ്പോൾ ഇവിടെയും ചെറുതായി കുറഞ്ഞു. അതാണ് ദുഃഖത്തിന് കാരണം, അതല്ലാതെ ജനങ്ങളുടെ പ്രയാസമല്ല. കേരളത്തിനുണ്ടായ ഈ പ്രതിസന്ധി സ്വയംകൃതാനർത്ഥമാണ്.

മി. സ്പീക്കർ: ഇങ്ങനെ തുടരാൻ പറ്റില്ല, അവസാനിപ്പിക്കണം.

ശ്രീ. കെ.ബാബു (തൃപ്പൂണിത്തുറ): സർ, ഇപ്പോൾ തീർക്കാം. കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിക്ക് ഉത്തരവാദിയാരാണ്? ഞാനൊരു ചെറിയ ഉദാഹരണം പറയാം, നിങ്ങളൊരു ഹെലികോപ്റ്റർ വാടകയ്ക്കെടുത്ത് 22 കോടി രൂപ മുടിച്ചു. മുഖ്യമന്ത്രിക്ക് ഹെലികോപ്റ്ററിൽ പോകണമെങ്കിൽ അത് വാടകയ്ക്കെടുക്കണം. ഞങ്ങളും അങ്ങനെ എടുത്തിട്ടുണ്ട്, രണ്ട് മണിക്കൂർ നേരത്തേയ്ക്കെടുത്താൽ വളരെക്കുറച്ച് തുകയേ വരികയുള്ളൂ. നിങ്ങൾ ധാരാളം തസ്തികകൾ സൃഷ്ടിച്ചു. ...(ബഹളം)... അതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന് മറുപടി പറയണമെന്നാണ് എന്റെ അഭിപ്രായം. നിങ്ങൾ മുഖ്യമന്ത്രിയെ കണ്ടുപഠിക്കണമെന്ന് എന്റെ സുഹൃത്തുക്കൾ എന്നെ ഉപദേശിച്ചു. എന്തിനാണെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു, ആകാശമിടിഞ്ഞ് വീണാലും ഒരക്ഷരം മിണ്ടില്ലെന്നതാണ് മുഖ്യമന്ത്രിയുടെ നിലപാട്. അങ്ങ് ഈ കാര്യത്തിലെങ്കിലും പ്രതികരിക്കണം. ജനങ്ങളുടെ ഈ പ്രതിസന്ധിയെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ശക്തമായി ആവശ്യപ്പെടുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട അംഗത്തിന് കുറച്ച് കാര്യങ്ങൾ മനസ്സിലായിക്കോട്ടെ എന്നുകരുതിയാണ് ആദ്യമേതന്നെ ഞാൻ വിശദമായി പറഞ്ഞത്. അദ്ദേഹത്തിന് രാഷ്ട്രീയമായി മനസ്സിലാക്കാൻ കഴിയില്ല. കാരണം, പ്രതിപക്ഷത്തിരിക്കുമ്പോൾ അങ്ങനെ പറയാനും കഴിയില്ല. പക്ഷെ ഞാൻ പറഞ്ഞ കണക്കുകളിൽ എന്ത് പ്രശ്നമാണുള്ളത്? ഞാൻ ഓരോന്നും വീണ്ടും പറയുന്നില്ല. സംസ്ഥാനത്തിന് നഷ്ടം വന്ന കാര്യം ഞാൻ പറഞ്ഞു. ഒറ്റയടിക്ക് കേന്ദ്രം 30 രൂപയാക്കി. സർച്ചാർജ്ജെന്ന നിലയിൽ അഞ്ചോ പത്തോ ശതമാനം വാങ്ങുന്നതിനുപകരം സംസ്ഥാനങ്ങൾ വാങ്ങുന്ന നികുതിയുടെ 130 ശതമാനം വരെ സർച്ചാർജ്ജ് വാങ്ങുന്നുവെന്നുള്ളത്, ഉത്തരവാദിത്വമുള്ള രാഷ്ട്രീയ പ്രസ്ഥാനമാണെങ്കിൽ കോൺഗ്രസ്സും ഭാവിയിൽ കേന്ദ്ര -സംസ്ഥാന ബന്ധങ്ങളെപ്പറ്റിയുള്ള ചർച്ചകളിൽ ഇത് ചർച്ച ചെയ്തേപറ്റൂ. ശ്രീ. അശോക് ഗെഹ്ലോട്ടും ഛത്തീസ്ഗഡ്ഡ് മുഖ്യമന്ത്രിയും മറ്റ് മുഖ്യമന്ത്രിമാരും ഉൾപ്പെടെയുള്ള നിങ്ങളുടെ പാർട്ടി അത് ചർച്ച ചെയ്യേണ്ട കാര്യമായിരുന്നു. കാരണം, കേരളത്തിൽ വിദൂര ഭാവിയിലെങ്കിലും വരാൻ സാധ്യതയുണ്ടെന്ന് കരുതുന്ന ഒരു പ്രസ്ഥാനമാണെങ്കിൽ ഇങ്ങനെ പറയാൻ പാടില്ല. ടാക്സ് വേണ്ട, കേന്ദ്ര ഗവൺമെന്റ് എല്ലാം നടത്തിക്കോട്ടെയെന്ന് പറയുന്ന ഒരു സമീപനം പാടില്ല. ബി.ജെ.പി.-ക്ക് പറയാം. കേരളത്തെ സംബന്ധിച്ച് അങ്ങനെ ഉത്തരവാദിത്വത്തോടുകൂടി പറയേണ്ട കാര്യം ബി.ജെ.പി.-ക്ക് ഇല്ല. അവർ

ആസൂത്രിതമായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സമരം അഴിച്ചുവിടുകയാണ്. ഒറ്റയടിക്ക് കൊള്ളയടിച്ച് മുപ്പത് രൂപ വാങ്ങിച്ചിട്ട്, അതിൽ അഞ്ച് രൂപയും പത്ത് രൂപയും കുറച്ച് അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ സമരം സംഘടിപ്പിക്കുകയാണ്. ആ ട്രാപ്പിലേയ്ക്ക് കേരളത്തിലെ കോൺഗ്രസുകാർ വീഴാമോ? നിങ്ങളുടെ ഹൈക്കമാൻഡ് സോണിയ ഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഹൈക്കമാൻഡല്ലേ? അതോ ബി.ജെ.പി.-യാണോ? അതുകൊണ്ടാണ് ആ നിലയിൽ ഞങ്ങൾ ചോദിച്ചത്. ആർട്ടിക്കിൾ 271-ൽ പറയുന്ന പ്രൊവിഷനുകൾ ഉൾപ്പെടെയെല്ലാം ഫ്ലൗട്ട് ചെയ്ത് കാര്യങ്ങൾ ചെയ്യുകയാണ്. ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്നാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) വീണ്ടും പറയുന്നത്. പാചകവാതകം ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയതല്ലേ; അഞ്ച് ശതമാനമാണ് പാചക വാതകത്തിന്റെ നികുതി. നേരത്തെ 450 രൂപ ഉണ്ടായിരുന്നത് ഒറ്റയടിക്ക് 980 രൂപയായി വർദ്ധിച്ചു. 980 രൂപയ്ക്ക് അഞ്ച് ശതമാനം നികുതി എന്നുപറഞ്ഞാൽ, 1000 രൂപ എടുക്കുകയാണെങ്കിൽ 50 രൂപയേ വരുകയുള്ളൂ. ആ 50 രൂപയിൽ സംസ്ഥാനത്തിന് രണ്ടര ശതമാനമേയുള്ളൂ. ടാക്സ് കൂട്ടിയതുകൊണ്ടാണോ ഗ്യാസിന്റെ വിലകൂട്ടുന്നത്? അപ്പോൾ നിങ്ങൾ പ്രത്യക്ഷമായിത്തന്നെ ബി.ജെ.പി.യുടെ കൊള്ളയെ സമ്മതിക്കുകയാണ്. ജനങ്ങൾക്ക് ഒരു രൂപയെങ്കിലും കുറയണമെന്ന് ആഗ്രഹമുണ്ടാകും. ഞാൻ ജനങ്ങളുടെ വികാരത്തെ ചോദ്യം ചെയ്യുന്നില്ല. ഒരുമാസത്തെ ഭക്ഷ്യക്കിറ്റ് കൊടുക്കുന്നതിനോ ഓണത്തിന് റേഷൻ കൊടുക്കുന്നതിനോ ഇതിനേക്കാളും എത്രരൂപ അധികം വേണ്ടിവരും? ഏറ്റവുമൊടുവിൽ, വീട്ടിലെ വരുമാനമുണ്ടാക്കുന്ന രക്ഷകർത്താവ് മരിച്ചുപോയാൽ ആ കുടുംബത്തിന് 5000 രൂപവച്ച് മൂന്ന് വർഷത്തേയ്ക്ക് പെൻഷൻ കൊടുക്കാൻ തീരുമാനിച്ചില്ലേ? അതുതന്നെ എത്ര രൂപവരും. അങ്ങനെയുള്ളതൊന്നും കട്ട് ചെയ്തിട്ടില്ല, കൊടുക്കുകയാണ്. എന്നുമാത്രമല്ല ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് നിൽക്കേണ്ട പ്രത്യേക സാഹചര്യമാണിത്. ഇവിടെ ജി.എസ്.ടി.-യുടെ കാര്യം പറഞ്ഞു. പെട്രോളിയത്തിന് ജി.എസ്.ടി. കൊണ്ടുവന്നാൽ എന്ത് പറ്റും? സെയിൽസ് ടാക്സിന്റെ വിഷയംകൂടി കേന്ദ്രത്തിന് കൊടുത്തുകൂടെയെന്നാണ് കോൺസ്റ്റിറ്റ്യൂഷൻ അസംബ്ലിയിൽ ഒരു പ്രഗത്ഭനായ അംഗം ചോദിച്ചത്. ബി. ആർ. അംബേദ്കർ ഭരണഘടനാ നിർമ്മാണസഭയിൽ പറഞ്ഞത്, സ്റ്റേറ്റുകൾക്ക് ആകെ കിട്ടുന്ന ചെറിയ വരുമാനം സെയിൽസ് ടാക്സ് മാത്രമാണ്. ആ സെയിൽസ് ടാക്സ് ഒരു കാരണവശാലും കേന്ദ്ര ഗവൺമെന്റ് എടുക്കാൻ പാടില്ല. ആകെ സംസ്ഥാനത്തിനുള്ള പെട്രോൾ, ഡീസൽ, ആൽക്കഹോൾ എന്നിവയുടെ നികുതിയിൽകൂടി ഇടപെട്ടുകൊണ്ട് അതിനകത്ത് 10 ശതമാനം കുറച്ച് സംസ്ഥാനങ്ങളെ ഇല്ലാതാക്കുകയാണ്. ഇങ്ങനെയാണെങ്കിൽ സംസ്ഥാനങ്ങളുടെ

ഭരണം വലിയ പ്രശ്നമാകും. നമ്മൾ തമ്മിലുള്ള രാഷ്ട്രീയമായ പ്രശ്നങ്ങൾ അവിടെ നിൽക്കട്ടെ. സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശം, സംസ്ഥാനങ്ങളുടെ സാമ്പത്തികമായുള്ള സ്വാതന്ത്ര്യം, ഇക്കണോമിക് ഫെഡറലിസം, ഫിനാൻഷ്യൽ ഫെഡറലിസം, ഫിസ്കൽ ഫെഡറലിസം ഉൾപ്പെടെ ചോദ്യം ചെയ്യുന്ന സ്ഥിതിയാണ്. പെട്രോളിന്റെയും ഡീസലിന്റെയും ഉൾപ്പെടെയുള്ള നികുതി വരുമാനം കണക്കാക്കിയാൽ 8000 കോടി രൂപയിൽ താഴെയേയുള്ളൂ, കഴിഞ്ഞ മൂന്നുനാല് വർഷമായി നോക്കിയാൽ അത് കൂടുന്നേയില്ല, സ്റ്റാഗ്നേറ്റഡാണ്. കഴിഞ്ഞ ദിവസം അങ്ങയുടെ പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റ് 20,000 കോടി രൂപ സംസ്ഥാനത്തിന് ഇങ്ങനെ കിട്ടുന്നുവെന്ന് പറഞ്ഞു. നമ്മുടെ ബഡ്ജറ്റ് ഡോക്യുമെന്റിലുണ്ടല്ലോ, 8000 കോടി രൂപയിൽ താഴെയേയുള്ളൂ. നമുക്ക് കിട്ടുന്ന പണം കുറഞ്ഞുവരുന്നു. നമുക്ക് കേന്ദ്രത്തിൽനിന്നും എക്സൈസ് നികുതിയുടെ ഭാഗമായോ ഡിവിസിബിൾ പൂളിന്റെ ഭാഗമായോ ലഭിക്കേണ്ട തുക പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പുതിയ ഫോർമുല കൊണ്ടുവന്നതുകൊണ്ട് കഴിഞ്ഞ വർഷത്തിൽനിന്നും ഈ വർഷം കുറഞ്ഞു. നമുക്ക് കിട്ടുന്നത് വെറും 6400 കോടി രൂപയാണ്. ഇത് ജനങ്ങളുടെ മുമ്പിൽ പറയാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. അതിനൊപ്പം നിൽക്കാനുള്ള ഉത്തരവാദിത്വം നിങ്ങൾക്കുമുണ്ടെന്നാണ് ഞങ്ങൾ കരുതുന്നത്. മണ്ണെണ്ണയ്ക്ക് വില കൂട്ടിയപ്പോൾ നമുക്ക് എന്ത് ചെയ്യാൻ സാധിച്ചു? സംസ്ഥാനം വാങ്ങുന്നതാണോ? അതുപോലെ പാചകവാതകം നമ്മൾ വാങ്ങുന്നതാണോ? കൂട്ടിക്കൊണ്ടേയിരിക്കുകയാണ്. ഇതെല്ലാം ജി.എസ്.ടി. ആണ്. സി.പി.ഐ.(എം)-ന്റെ ഒരു അംഗമെന്ന നിലയിൽ പാർലമെന്റിൽ ഇരിക്കുമ്പോൾ, ഞാനും സഖാവ് ഡി. രാജയും അവിടെ ഡിസെൻഡ് എഴുതി, സി.പി.ഐ.(എം)-ന്റെയും സി.പി.ഐ.-യുടെയും കമ്മിറ്റികൾ ആലോചിച്ചിട്ടാണ് എഴുതിയത്. രാഷ്ട്രീയ തീരുമാനമാണ്. ഞങ്ങൾ പറഞ്ഞു, The Finance ministers in the future will have to come to the Centre with a begging bowl, and they will be only distributing the funds which they are getting from the Centre. There is no finance ministry as such, they are getting this and they will have to distribute to the people. കേന്ദ്രത്തിൽനിന്നും കിട്ടിയാൽ പങ്കുവയ്ക്കാം. തസ്തിക സൃഷ്ടിക്കുന്നുവെന്ന് അങ്ങ് പറഞ്ഞല്ലോ, തസ്തിക സൃഷ്ടിക്കുന്നുണ്ട്, ഏറ്റവും അത്യാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നുണ്ട്. ഇവിടെ ഹെലികോപ്റ്റർ വാങ്ങിയതിനെപ്പറ്റിയെല്ലാം passing remarks പോലെ പറയുകയാണ്. ഏറ്റവും ആവശ്യമുള്ള കാര്യങ്ങളല്ലാതെ മറ്റൊന്നും ഈ ഗവൺമെന്റ് ചെയ്തിട്ടില്ല. പ്രളയത്തിലും മറ്റ് പല വിഷയങ്ങളിലും ഉൾപ്പെടെ ഈ ഗവൺമെന്റ് നല്ല രീതിയിൽ പ്രവർത്തിച്ചത് കൊണ്ടല്ലേ, ഇന്ത്യയിൽ ഏറ്റവും നല്ല ഗവേണൻസിനുള്ള സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം നമുക്ക് കിട്ടിയത്.

ഏറ്റവും കൂടുതൽ പട്ടിണിയുള്ള രാജ്യങ്ങളുടെ കണക്കിൽ ഇൻഡ്യ ഏറ്റവും താഴെനിന്ന് 101-ാം സ്ഥാനത്താണ്. സോമാലിയയാണ് 116-ാം സ്ഥാനത്ത്. ഇൻഡ്യയിലെ 101-ാം സ്ഥാനമാണോ കേരളത്തിന്? കേരളത്തിന് ലോകത്ത് ഏറ്റവും മെച്ചപ്പെട്ട സ്ഥാനം കിട്ടിയില്ലേ? പെട്രോളിന്റെ വില കേവലം പെട്രോളിന്റെ വിലയിൽമാത്രം നിൽക്കുന്നതാണോ? സംസ്ഥാന ഗവൺമെന്റ് ചെയ്ത കാര്യങ്ങൾകൂടി പറയണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും ശ്രീ. ഉമ്മൻ ചാണ്ടി സാറും ഇവിടെയുണ്ട്. ശ്രീ. രമേശ് ചെന്നിത്തല 2011-ൽ പറഞ്ഞല്ലോ, രാജ്യം ഭരിക്കുന്ന ഗവൺമെന്റുകൾക്ക് സാഹചര്യങ്ങളുടെ സമ്മർദ്ദം കാരണം പലപ്പോഴും ഇഷ്ടമില്ലാത്ത തീരുമാനങ്ങൾ എടുക്കേണ്ടി വരുമെങ്കിലും ഇന്ത്യാ ഗവൺമെന്റ് ഇത്തരം നടപടികൾ കഴിയുന്നത്ര ഒഴിവാക്കാനുള്ള പരിശ്രമമാണ് നടത്തുന്നതെന്ന്. ആ സമയത്ത് യു.പി.എ. ഗവൺമെന്റാണ് ഭരിക്കുന്നത്. ആ സമയത്താണ് വില കുറച്ചത്. ഇത് അങ്ങനെയുള്ള ഒരു കാലംപോലുമല്ല, അന്ന് അദ്ദേഹം കേന്ദ്ര ഗവൺമെന്റിനെ ന്യായീകരിച്ചുകൊണ്ടാണ് പറഞ്ഞത്. ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിനെ അങ്ങ് ന്യായീകരിക്കുമോ? അന്നത്തെ സ്ഥിതിയാണോ? ഇത്തരമൊരു സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റ് മുപ്പത് രൂപ കൂട്ടിയെന്നുള്ളത് ശരിയാണ്. അവരാണ് കൂട്ടിയത്. കൂട്ടിയവർ കുറയ്ക്കണമെന്ന് പറയുന്നതിനുപകരം സംസ്ഥാനങ്ങൾ ഉള്ളതുംകൂടി ഇല്ലാതാക്കണമെന്ന് പറയുന്ന സമീപനം സംസ്ഥാന താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. കാലം നിങ്ങളോട് ചോദിക്കുമെന്നതിൽ ഒരു സംശയവുമില്ല, അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി.സതീശൻ): സർ, കേന്ദ്ര സർക്കാർ നാമമാത്രമായ നികുതിയിളവ് നൽകുകയും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ അവരുടെ സംസ്ഥാന നികുതിയിൽ ഇളവ് വരുത്തുകയും ചെയ്ത സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനംകൂടി ഇളവുനൽകണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടാണ് ഈ വിഷയം ഞങ്ങൾ വീണ്ടും കൊണ്ടുവന്നിരിക്കുന്നത്. ഞങ്ങൾ രാവിലെ സൈക്കിൾ ചവിട്ടി വന്നതിനെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരിഹസിച്ചു. എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രതീകാത്മകമായ സമരങ്ങൾ നടത്തുന്നത് സ്വാഭാവികമാണ്. അതിന് പരസ്പരം ആക്ഷേപിക്കുന്നത് ശരിയല്ല. അങ്ങ് ഞങ്ങളോട് ചോദിച്ചത്, നിങ്ങളുടെ 19 എം.പി.-മാർ സൈക്കിൾ ചവിട്ടി ഡൽഹിയിൽ പോയോയെന്നാണ്?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അതിന് മറുപടി പറഞ്ഞു. ഞങ്ങൾ ഒറ്റയ്ക്കല്ല പോയത്, 17 രാഷ്ട്രീയ പാർട്ടി നേതാക്കളെയും എം. പി.-മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ഞങ്ങളുടെ നേതാവ് ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ സൈക്കിൾ ചവിട്ടി പാർലമെന്റിലേക്ക് പോയത്. ഞങ്ങളുടെ 19 എം.പി.-മാരും അവിടെയുണ്ടായിരുന്നു. എന്നാൽ ആ സൈക്കിൾ യാത്രയിൽ പങ്കെടുക്കാത്ത ഇരുപതാമത്തെ എം.പി. നിങ്ങളുടേതാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഓയിൽ പൂൾ അക്കൗണ്ടിനെക്കുറിച്ച് ചോദിച്ചു. കേന്ദ്ര ഗവൺമെന്റിന് ഞങ്ങൾ എവിടെയാണ് പിന്തുണ നൽകിയത്? കേന്ദ്ര ഗവൺമെന്റ് നാമമാത്രമായ നികുതിയിളവ് മാത്രമാണ് വരുത്തിയിട്ടുള്ളതെന്ന ഉറച്ച നിലപാടിലാണ് ഞങ്ങൾ നിൽക്കുന്നത്. ബി.ജെ.പി. സർക്കാരിനെതിരായി ദേശവ്യാപകമായ പ്രക്ഷോഭത്തിന് നേതൃത്വം കൊടുക്കുന്നത് കോൺഗ്രസ് പാർട്ടിയാണ്. ഞങ്ങൾ ബി.ജെ.പി.-ക്ക് അനുകൂലമായാണ് സംസാരിച്ചതെന്ന് അങ്ങ് എന്ത് അടിസ്ഥാനത്തിലാണ് പറഞ്ഞത്? അങ്ങയുടെ ചില വാദമുഖങ്ങളാണ് ബി.ജെ.പി.-ക്ക് സഹായകരമായി മാറുന്നത്. അങ്ങ് ചോദിച്ചു, കോൺഗ്രസ് ഓയിൽ പൂൾ അക്കൗണ്ട് ഉപേക്ഷിച്ചില്ലേ എന്ന്. എന്താണ് ഓയിൽ പൂൾ അക്കൗണ്ട്? സ്വാതന്ത്ര്യലബ്ധിക്കുശേഷം എല്ലാ കാലങ്ങളിലും പെട്രോളിയം ഉല്പന്നങ്ങളുടെ വില നിശ്ചയിക്കാൻ വേണ്ടി നിരവധി മെക്കാനിസങ്ങൾ ഉണ്ടായിട്ടുണ്ട്. 1948-ൽ ഇന്ത്യാഗവൺമെന്റും ബർമ്മാഷെല്ലുംകൂടി ഉണ്ടാക്കിയ വാല്യൂഡ് സ്റ്റോക്ക് അക്കൗണ്ട് സിസ്റ്റമായിരുന്നു പെട്രോളിയത്തിന്റെ പ്രൈസ് നിശ്ചയിക്കാനുണ്ടായിരുന്നത്. അത് 1958-ൽ മാറ്റി. Actual cost with reasonable profit എന്നുള്ള രീതിയാക്കി മാറ്റി. Shantilal shah committee 1969-ൽ വീണ്ടും മാറ്റം വരുത്തി. അതിനുശേഷം 1976-ൽ administered pricing (വിലനിയന്ത്രണ സംവിധാനം) വന്നു. ആ വിലനിയന്ത്രണ സംവിധാനത്തിന്റെ കാലഘട്ടത്തിൽ അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വിലയിൽ ഇത്രയും ഏറ്റക്കുറച്ചിലുകളില്ല. അപ്പോൾ ഗവൺമെന്റ് ഓയിൽ കമ്പനികൾക്ക് നഷ്ടം വരുമ്പോൾ സർക്കാർ ഓയിൽ പൂൾ അക്കൗണ്ടുണ്ടാക്കി ആ ഓയിൽപൂൾ അക്കൗണ്ടിലേക്ക് ബഡ്ജറ്റ് അലോക്കേഷൻ കൊടുത്തു. ഓയിൽപൂൾ അക്കൗണ്ടിൽനിന്ന് പണമെടുത്ത് സബ്സിഡൈസ് ചെയ്യുകയായിരുന്നു. ഒരു സ്റ്റേജ് വന്നപ്പോൾ അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില 145 ഡോളറായി ഉയർന്നു. 82 ശതമാനം ക്രൂഡ് ഓയിൽ ഇംപോർട്ട് ചെയ്യുന്ന ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിന് ഒരു ഓയിൽപൂൾ അക്കൗണ്ടിൽനിന്ന് സബ്സിഡി കൊടുക്കാൻ കഴിയില്ല. അപ്പോൾ ഓയിൽപൂൾ അക്കൗണ്ട് നിർത്തി. എന്നിട്ട് പറഞ്ഞു ക്രൂഡ് ഓയിലിന് അന്താരാഷ്ട്ര മാർക്കറ്റിൽ വിലകൂടുമ്പോൾ വില കൂട്ടിക്കോട്ടെ, വിലകുറയുമ്പോൾ വില കുറയ്ക്കണം. അതിന് നിങ്ങൾ എന്തിനാണ് എതിർക്കുന്നത്? ആ സിസ്റ്റമായിരുന്നുവെങ്കിൽ

ഇപ്പോൾ കിട്ടുന്നതിന്റെ പകുതി വിലയ്ക്ക് നമുക്ക് പെട്രോളും ഡീസലും കിട്ടുമായിരുന്നു. അത് മറച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിക്കുന്നത്. അതായത് price administered system മാറ്റിയതോ ഓയിൽപൂൾ അക്കൗണ്ട് മാറ്റിയതോ അല്ല ഈ വിലവർദ്ധനവിന് കാരണം. അതായിരുന്നുവെങ്കിൽ ഇപ്പോൾ കിട്ടുന്നതിന്റെ പകുതി വിലയ്ക്ക് കിട്ടുമായിരുന്നു. ഓയിൽ പൂൾ അക്കൗണ്ടിന്റെ വാദവും വില നിയന്ത്രണ അധികാരം എടുത്തുകളഞ്ഞുവെന്ന യു.പി.എ.-യെയും കോൺഗ്രസിനെയും ആക്രമിക്കാനുള്ള വാദവും പരോക്ഷമായും പ്രത്യക്ഷമായും ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റിനെ സഹായിക്കാൻവേണ്ടിയിട്ടുള്ള പരസ്യമായ വാദമാണ്. ഇനി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ കാര്യം ചോദിച്ചു. കേട്ടാൽ നമ്മൾ ഞെട്ടിപ്പോകും. കാരണം 13 പ്രാവശ്യം ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ വില വർദ്ധിപ്പിച്ചുവെന്നാണ് പറഞ്ഞത്. ഞങ്ങൾ നാല് പ്രാവശ്യം കുറച്ചിട്ടുണ്ട്. 2011-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 29 ശതമാനം ഉണ്ടായിരുന്ന പെട്രോളിന്റെ നികുതി 2016-ൽ ഞങ്ങൾ ഭരണത്തിൽനിന്ന് പോകുമ്പോൾ രണ്ട് ശതമാനത്തിലധികം വർദ്ധിച്ചുവെന്നത് ശരിയാണ്. 2011-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ഡീസലിന് 24.69 ശതമാനമുണ്ടായിരുന്നത്, അഞ്ച് കൊല്ലം കഴിഞ്ഞ് കൂട്ടുകയും കുറയ്ക്കുകയും ചെയ്തതിനുശേഷം, 24.52 ശതമാനമായി കുറഞ്ഞു. ഇത് എന്റെ കണക്കല്ല. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ ബാലഗോപാൽ നിയമസഭയിൽ ഉത്തരമായി തന്നിരിക്കുന്നതാണ്. അപ്പോൾ എന്തുവർദ്ധനവാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയത്. ഞാൻ ശതമാനക്കണക്കാണ് പറഞ്ഞത്. നമ്മൾ സൗകര്യത്തിന് ശതമാനവും അല്ലാത്തപ്പോൾ ആക്ച്വൽസും പറയുന്ന ഏർപ്പാടുണ്ട്. ഞാൻ ഇവിടെ ശതമാനവും ആക്ച്വൽസും പറയാം. ഇവിടത്തെ ആക്ച്വൽസ് എന്താണ്? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ച് കൊല്ലം കേന്ദ്ര ഗവൺമെന്റ് നികുതി വർദ്ധിപ്പിച്ചതും ഇവിടെ ഞങ്ങൾ 13 പ്രാവശ്യം വർദ്ധിപ്പിച്ചതും എല്ലാംകൂടി ഞങ്ങൾക്ക് അഞ്ചുവർഷംകൊണ്ട് അധികവരുമാനമായി 493 കോടി രൂപ കിട്ടിയിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാരിന് ഈ അഞ്ച് കൊല്ലംകൊണ്ട് രണ്ട് രീതിയിൽ അധിക വരുമാനമായി കിട്ടിയിട്ടുണ്ട്. ഒന്ന്, പെട്രോളിന്റെയും ഡീസലിന്റെയും നികുതിയുടെ അധികവരുമാനം 2190 കോടി രൂപയാണ്. ഞങ്ങൾ കുറച്ചു; പക്ഷേ കൂട്ടിയില്ല. കിഫ്ബിയുടെ സെസ്സുകൂടി കൂട്ടി. കിഫ്ബി-ക്ക് കിട്ടിയിരിക്കുന്ന സെസ് 2673 കോടി രൂപയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നികുതിയുടെ പേരിൽ അധിക വരുമാനമായി ഞങ്ങൾക്ക് 500 കോടി രൂപ കൂടുതൽ കിട്ടിയപ്പോൾ 2016-2021 വരെയുള്ള നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾക്ക് കിട്ടിയത് അതിന്റെ പത്തിരട്ടിയായ 5000 കോടി രൂപയാണ്. ഇതാണ് ശതമാനവും ആക്ച്വൽസും. 500 കോടി രൂപ ഞങ്ങൾക്ക്

കിട്ടിയപ്പോൾ 5000 കോടി രൂപയുടെ അധിക വരുമാനം കിട്ടിയിട്ട് കുറയ്ക്കാൻ പറ്റില്ലെന്ന നിലപാടെടുക്കുന്നത് ശരിയാണോ? കേന്ദ്ര ഗവൺമെന്റ് 2014-നുശേഷം 12 തവണ നികുതി വർദ്ധിപ്പിക്കുകയും മൂന്ന് തവണ കുറയ്ക്കുകയും ചെയ്തു. ഏതെങ്കിലും സംസ്ഥാനങ്ങളിൽ ഇലക്ഷൻ നടത്തുമ്പോൾ നേരിയ കുറവും അല്ലാത്തപ്പോൾ ഭീമമായ വർദ്ധനവുമാണ്. അടുത്ത പ്രവാശ്യം ആ കുറച്ചതുംകൂടി കൂട്ടും. Statesmanship-നെക്കുറിച്ച് ഞാൻ ചോദിച്ചു. പ്രതിപക്ഷത്തിന് statesmanship-ഉണ്ടാകണം. ഞങ്ങൾ statesmanship-ഓടുകൂടിയാണ് പറഞ്ഞത്. ഞങ്ങൾക്ക് പ്രതിപക്ഷത്തിരുന്ന് എന്തും പറയാമല്ലോ. നിങ്ങൾ അധികവരുമാനം മുഴുവൻ ഉപേക്ഷിക്കണമെന്ന് ഞങ്ങൾ പറഞ്ഞോ; പറഞ്ഞില്ല. അധികമായി ഉണ്ടായിരിക്കുന്ന വരുമാനത്തിൽനിന്ന് ഈ നാട്ടിലെ സ്ഥിതി വഷളായതുകൊണ്ടും ജനങ്ങൾ വളരെ ദുഃഖം അനുഭവിക്കുന്നതുകൊണ്ടും അതിൽനിന്നൊരു പ്രത്യേക ശതമാനമെടുത്ത് ഒരു ഫ്യൂവൽ സബ്സിഡിയായി മത്സ്യത്തൊഴിലാളികൾക്കും ഓട്ടോ-ടാക്സിക്കാർക്കും കെ.എസ്.ആർ.ടി.സി.-ക്കുമൊക്കെ കൊടുക്കണമെന്നല്ലേ ഞങ്ങൾ പറഞ്ഞുള്ളൂ. കേരളത്തിന്റെ രാഷ്ട്രീയ പശ്ചാത്തലത്തിൽ ഞങ്ങൾ ഇപ്പോൾ കാണിക്കുന്ന statesmanship-ഉം സഹകരണവും പ്രതിപക്ഷം ഒരുകാലത്തും ചെയ്തിട്ടില്ല. ആദ്യം ഡോ. തോമസ് ഐസക് പറഞ്ഞത്, കേന്ദ്രം എന്തെങ്കിലും കുറച്ചാൽ ഞങ്ങൾ കുറയ്ക്കാമെന്നാണ്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> ഞങ്ങൾ 2 രൂപ 30 പൈസയും 1 രൂപ 60 പൈസയും കുറച്ചല്ലോ. കുറച്ചുവെന്നുള്ളത് അങ്ങ് അംഗീകരിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഞാൻ ദേശാഭിമാനി പത്രത്തിൽ 'കേരളവും കുറച്ചു' എന്നുകണ്ടു. ഈ സംസ്ഥാനത്തിന്റെ നികുതി എന്നുമുതലുള്ളതാണ്? മൊത്തം വിലയുടെ മുകളിലുള്ള ടാക്സല്ലേ? കേന്ദ്ര ഗവൺമെന്റിന്റെ നികുതി കുറയുമ്പോൾ സ്വാഭാവികമായി ഇവിടെയും കുറയുന്നതല്ലേ? ദേശാഭിമാനിയിൽകൂടി പാർട്ടിക്കാരെ പറ്റിക്കാൻ കഴിയും; അല്ലാതെ ഞങ്ങളെ പറ്റിക്കാൻ കഴിയില്ല. അങ്ങ് ചോദിച്ചത്, പഞ്ചാബിൽ കുറച്ചോ, രാജസ്ഥാനിൽ കുറച്ചോയെന്നാണ്. അങ്ങ് കുറേ നാളായി അവിടെ കുറയ്ക്കുന്നത് നോക്കിയിരിക്കുകയാണ്. പഞ്ചാബിൽ കുറച്ചു, രാജസ്ഥാൻ കുറയ്ക്കുമെന്ന് പ്രഖ്യാപിച്ചു. ആ രണ്ട് സംസ്ഥാനവും കുറച്ചപ്പോൾ അങ്ങ് നേരെ കേന്ദ്രത്തിലേയ്ക്ക് നോക്കുകയാണ്. കേന്ദ്രത്തിലേയ്ക്ക് നോക്കേണ്ട, കുറയ്ക്കണം. അധികമായി 5000 കോടി രൂപയുടെ നികുതി വരുമാനമുണ്ടായ സംസ്ഥാനമാണ് കേരളം. ഈ വർഷം അത് വർദ്ധിക്കാൻ പോകുകയാണ്. കേന്ദ്ര ഗവൺമെന്റ് നികുതി ഇനിയും കുറയ്ക്കണമെന്നതാണ് ഞങ്ങളുടെ ഉറച്ച നിലപാട്. കേരള സർക്കാരും മാതൃകാപരമായി മറ്റ സംസ്ഥാനങ്ങൾ ചെയ്യുന്നതുപോലെ നികുതി കുറയ്ക്കാൻ തയ്യാറുണ്ടോ; അതാണ് ഞങ്ങൾക്ക് അറിയേണ്ടത്. ഓയിൽ പൂൾ

അക്കൗണ്ടിന്റെയും അഡ്മിനിസ്റ്റേർഡ് സിസ്റ്റത്തിന്റെയും കാര്യം പറഞ്ഞു. ബി.ജെ.പി.-യെ സഹായിച്ചുള്ള നിലപാടല്ല, മറിച്ച് വളരെ കൃത്യമായ നിലപാടാണ് വേണ്ടത്. ഇന്ത്യയിലെ ഏറ്റവും വലിയ കൺസ്യൂമർ സ്റ്റേറ്റാണ് കേരളം. പെട്രോളിയം ഉത്പ്പന്നങ്ങൾക്ക് വില വർദ്ധിക്കുമ്പോൾ വിലക്കയറ്റമുണ്ടാകുന്ന സംസ്ഥാനമാണ് കേരളം. മഹാമാരിയുടെ സാമ്പത്തികമാന്ദ്യത്തിന്റെ കാലത്ത് ജനങ്ങൾ പ്രയാസപ്പെടുകയും കഷ്ടപ്പെടുകയും ചെയ്യുമ്പോൾ ഇത്രയും അധികവരുമാനത്തിന്റെ പുറത്തുകയറിയിരിക്കാതെ ജനങ്ങൾക്ക് ആശ്വാസം കൊടുക്കുന്ന നടപടികൾ സ്വീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോയെന്നാണ് ഞങ്ങളുടെ ചോദ്യം. അതിന് നിങ്ങൾ തയ്യാറല്ല. (ബഹളം) നിങ്ങൾ അതിനാണ് മറുപടി പറയേണ്ടത്. അതിന് മറുപടി പറയാൻ തയ്യാറുണ്ടോയെന്ന് ഞങ്ങൾക്കറിയണം. (ബഹളം)

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചതിന് മറുപടി പറയാം. ഞങ്ങളിവിടെ കുറച്ചിട്ടുണ്ടോയെന്ന് അങ്ങ് ചോദിച്ചല്ലോ. അങ്ങ് അതുപോലും അംഗീകരിക്കാൻ തയ്യാറല്ല. കുറച്ചതിനെ കുറച്ചെന്ന് അങ്ങ് അംഗീകരിക്കണ്ടേ. ഇവിടെ ഞങ്ങൾ 2 രൂപ 30 പൈസയും 1 രൂപ 57 പൈസയും കുറച്ചു. കുറയ്ക്കാതിരിക്കാമായിരുന്നുവെന്നതിന് ഉദാഹരണമാണ് ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ സമയത്ത് നാല് തവണ കുറച്ചു, പതിമൂന്ന് തവണ കൂട്ടി എന്ന് നേരത്തെ പറഞ്ഞത്. ഇവിടെ 19-5-2011 മുതലുള്ള കണക്കാണുള്ളത്. നമ്മൾ ഈ കണക്ക് വച്ച് അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞിട്ട് കാര്യമില്ല. അന്നത്തെ മുഖ്യമന്ത്രിയും നിങ്ങളുമെല്ലാം സംസാരിച്ചതുകൊണ്ട് ഞങ്ങൾ ഇത് കുറയ്ക്കാൻ തീരുമാനിച്ചു, കുറച്ചു. അതോടൊപ്പം ഒരു കാര്യംകൂടി പറയാം. വർദ്ധിപ്പിച്ച സമയത്ത് ആകെ ഇരുന്നൂറ് കോടി രൂപയാണ് കിട്ടിയതെന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. അത്രയല്ലേ കിട്ടിയിട്ടുള്ളൂ. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഏകദേശം ഫുൾ സബ്സിഡിയല്ലേ. കിഫ്ബിപോലെയുള്ള പദ്ധതികളിൽ അറുപത്തിനാലായിരം കോടി രൂപയ്ക്ക് ധനാനുമതി കൊടുത്തു, ഇരുപതിനായിരം കോടി രൂപയുടെ നിർമ്മാണം നടന്നു. ഇത്രയേറെ അടിസ്ഥാന സൗകര്യങ്ങൾ വന്നല്ലോ. ഞങ്ങൾ കുറച്ചിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ആവർത്തിച്ച് പറയുകയാണ്. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിലെടുക്കേണ്ട നിലപാടിനെ സംബന്ധിച്ചാണ് പറയേണ്ടത്. ഞാൻ ആകാശത്തേയ്ക്കൊന്നും നോക്കുകയല്ല. പഞ്ചാബ് കുറച്ചു. രാജസ്ഥാൻ കുറയ്ക്കുന്നതിനെപ്പറ്റി ആലോചിക്കുമെന്ന് പറഞ്ഞു. അതിശക്തമായ പ്രതിഷേധം അറിയിച്ചുകൊണ്ട് രാജസ്ഥാനിലെയും ഛത്തീസ്ഗഢിലെയും മുഖ്യമന്ത്രിമാർ

ഇക്കാര്യം പറഞ്ഞിട്ടുണ്ട്. അവർ കുറയ്ക്കുകയോ കൂട്ടുകയോ ചെയ്തോട്ടെ. പെട്രോളിന് ഇന്നത്തെ വില 116 രൂപയാണ്. ഞങ്ങൾ ഇവിടെ കുറച്ചുവെന്നുള്ള കാര്യം അംഗീകരിക്കാൻ അങ്ങ് തയ്യാറാകണം. ബി.ജെ.പി.-ക്ക് സഹായകരമായ നിലപാട് ആരാണ് എടുക്കുന്നത്? ബി.ജെ.പി. ഇന്ത്യയിലാകെ സമരം നടത്തുമ്പോൾ ഇവിടെയും സഹായിക്കുന്നതാരാണ്? അങ്ങ് ചിന്തിച്ചാൽ മതി. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ അഞ്ച് വർഷം കൊണ്ടുവന്ന നികുതി വർദ്ധനവ് 95 ശതമാനമാണ്. അഞ്ച് വർഷംകൊണ്ട് പിണറായി വിജയൻ ഗവൺമെന്റിന് വന്ന വർദ്ധനവ് 15 ശതമാനം മാത്രമേയുള്ളൂ. പെട്രോളിയം നികുതിയിൽ ഉമ്മൻ ചാണ്ടി ഗവൺമെന്റിന് അഞ്ച് വർഷംകൊണ്ട് 95 ശതമാനം വർദ്ധനവ് വന്നെങ്കിൽ നമുക്ക് അഞ്ച് വർഷംകൊണ്ട് 15 ശതമാനം മാത്രമേ ഉണ്ടായിട്ടുള്ളൂ. ഇതിൽനിന്ന് നമ്മുടെ സ്ഥിതിയെന്താണെന്ന് മനസ്സിലാകും. ഇതും ആധികാരികമായ കണക്കാണ്, രേഖയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി അവസാനം പറഞ്ഞത് അടിസ്ഥാനരഹിതമായ കണക്കാണ്. കാരണം അഞ്ഞൂറ് കോടി അയ്യായിരം കോടി രൂപയായി വർദ്ധിച്ചപ്പോൾ എങ്ങനെയാണ് 95 ശതമാനം ടാക്സ് വർദ്ധിച്ചുവെന്ന് പറയുന്നത്? ഇവിടെ ചോദ്യം ലളിതമാണ്. സംസ്ഥാന ഗവൺമെന്റിന് അയ്യായിരം കോടി രൂപയിലേറെ അധിക വരുമാനമുണ്ടായി. ആ അധികവരുമാനം വീണ്ടും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് മറ്റ് സംസ്ഥാനങ്ങൾ ചെയ്തതുപോലെ നികുതി കുറച്ച് ജനങ്ങളെ സഹായിക്കാൻ തയ്യാറുണ്ടോ? ഞങ്ങളുടെ കാലത്ത് ഒരു ലിറ്റർ പെട്രോളും ഒരു ലിറ്റർ ഡീസലും അടിക്കുമ്പോൾ എത്ര രൂപയാണ് സംസ്ഥാനത്തിന് ടാക്സ് കിട്ടിയിരുന്നത്; ഇപ്പോൾ ഒരു ലിറ്റർ പെട്രോളും ഒരു ലിറ്റർ ഡീസലും അടിക്കുമ്പോൾ എത്ര രൂപയാണ് നിങ്ങൾ ടാക്സ് വാങ്ങുന്നത്? അത് പറയണം. നിങ്ങൾ അതൊന്നും പറയില്ല. ബി.ജെ.പി. ഇത് വർദ്ധിപ്പിക്കുമ്പോൾ അതിൽ സന്തോഷിച്ച് അതിന്റെ കൂടെ അധിക വരുമാനം വാങ്ങി ജനങ്ങളെ ബുദ്ധിമുട്ടിക്കാനായി നിങ്ങൾ രണ്ടുകൂട്ടരും ഒരുമിച്ച് നികുതി ഭീകരതയാണ് ഇവിടെ നടപ്പാക്കുന്നത്. അതുകൊണ്ട് വില കുറയ്ക്കാതെ ഞങ്ങൾ പിന്നാക്കം മാറുന്ന പ്രശ്നമില്ല.

(പെട്രോളിന്റെയും ഡീസലിന്റെയും വില കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

# IV. ശ്രദ്ധ ക്ഷണിക്കൽ

## പൊതുമേഖലാ സ്ഥാപനങ്ങളും പൊതു ആസ്തികളും സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച്

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലയുമായി ബന്ധപ്പെട്ട ഗൗരവമേറിയ പൊതുവായ ചില പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. 2019-20-ലെ പബ്ലിക് എന്റർപ്രൈസസ് സർവ്വേ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ആകെയുള്ള കേന്ദ്ര പൊതുമേഖലാ നിക്ഷേപം 21,96,438 കോടിയാണ്. 2018-19-ൽ കേരളത്തിലുള്ളത് 56,379 കോടി രൂപയുടെ നിക്ഷേപമാണ്. ഇന്ത്യയിൽ ആകെയുള്ള കേന്ദ്ര പൊതുമേഖലാ നിക്ഷേപത്തിന്റെ 2.57 ശതമാനം മാത്രമാണിത്. ഏറ്റവും പുതിയ കണക്കുപ്രകാരം ഇന്ത്യയിലെ ആകെ പൊതുമേഖലാ നിക്ഷേപം 21,58,877 കോടിയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം വിൽക്കാനുള്ള തീരുമാനത്തിലാണ് കേന്ദ്ര സർക്കാർ. റെയിൽവേയിൽ വൻതോതിൽ വിൽപ്പന നടക്കുകയാണ്. കേരളത്തിലെ പ്രധാന തീവണ്ടികൾ വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണെന്ന വാർത്തകളുമുണ്ട്. ഇന്ത്യയുടെ അഭിമാനസ്തംഭങ്ങളായ എയർ ഇന്ത്യയും എൽ.ഐ.സി.-യും ഇന്ത്യാ പോസ്റ്റുമൊക്കെ സ്വകാര്യവത്കരണത്തിന്റെ ഭീഷണിയിലാണ്. എയർ ഇന്ത്യ, ടാറ്റ ഗ്രൂപ്പിന് കൈമാറിക്കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ പൊതുമേഖലയെ സംരക്ഷിക്കാനും ഓരോ സ്ഥാപനങ്ങളിലെയും നിലവിലുള്ള പ്രതിസന്ധികൾ പരിഹരിക്കാനും കേരള സർക്കാരിന്റെ ജാഗ്രതയോടെയുള്ള ഇടപെടലുകൾ അനിവാര്യമാണ്. നമ്മുടെ ജില്ലയിലെ BPCL (Bharat Petroleum Corporation Limited)-നെ ശ്രീ. നരേന്ദ്ര മോദിയുടെയും ശ്രീ. അമിത് ഷായുടെയും അടുപ്പക്കാരനായ ശ്രീ. ഗൗതം അദാനിയുടെ അദാനി ഗ്രൂപ്പ് കഴുകൻ കണ്ണുകളോടെ നോട്ടമിട്ട് രംഗത്തുവന്ന വാർത്തകൾ പ്രമുഖ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ എണ്ണ ശുദ്ധീകരണശാലയാണ് കൊച്ചിൻ റിഫൈനറി. അവിടത്തെ അഞ്ച് ലക്ഷം ടൺ പ്രോപ്പലിൻ ഉപയോഗിച്ച് പെട്രോ കെമിക്കൽ ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയുടെ ഒരു യൂണിറ്റിന്റെ പ്രവർത്തനമാരംഭിച്ചു. പോളിമർ പ്ലാന്റിന്റെ പ്രവർത്തനമാരംഭിക്കേണ്ടതുണ്ട്. 11,300 കോടിയുടെ പദ്ധതിയാണിത്. 2019-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി തറക്കല്ലിട്ടതിനുശേഷം നിശ്ചലാവസ്ഥയിലാണ്. പദ്ധതി ആരംഭിക്കാൻ വ്യവസായ വകുപ്പിന്റെ ഇടപെടൽ ആവശ്യമാണ്. FACT (The Fertilisers and Chemicals Travancore Limited)-ന്റെ 176 ഏക്കർ ഭൂമി ഈ സംരംഭത്തിനായി ബി.പി.സി.എൽ.-ന് കൈമാറിയിട്ടുണ്ട്. സ്വകാര്യവത്കരണ നടപടിക്രമങ്ങൾ

മുന്നോട്ടുപോകുന്നതുകൊണ്ടാണ് പദ്ധതി നിശ്ചലമായിരിക്കുന്നത്. ബി.പി.സി.എൽ. സ്വകാര്യവത്കരണത്തിനെതിരായ നിയമപരമായ നീക്കം കേരള സർക്കാർ നടത്തണം. കേരളത്തിലെ ഏക റിഫൈനറിയെന്ന നിലയിൽ ഈ സ്ഥാപനത്തെ പൊതുമേഖലയിൽ നിലനിർത്തണം. BPCL, IOC (Indian Oil Corporation Limited)-യുമായി ലയിപ്പിക്കണമെന്ന ആവശ്യം കേരള സർക്കാർ കേന്ദ്ര സർക്കാരിന് മുമ്പാകെ വയ്ക്കണം. സ്കിൽ ഡെവലപ്മെന്റിനായി HMT (Hindustan Machine Tools Limited)-യുടെ ട്രെയിനിംഗ് സെന്റർ വിപുലീകരിച്ച് നൈപുണ്യ വികസനത്തിന് പ്രാപ്തമാക്കണം. പോളിടെക്നിക്/ഐ.ടി.ഐ./എഞ്ചിനീയറിംഗ് കോളേജുകളിലെ വർക്ക്ഷോപ്പ് പുനരുദ്ധാരണത്തിന് എച്ച്.എം.ടി.-യെ ഉപയോഗപ്പെടുത്തണം. ഏത് തരത്തിലുള്ള മെഷിനറികളും നൽകാൻ എച്ച്.എം.ടി.-ക്ക് കഴിയും. പുതുതായി സ്ഥാപിക്കാൻ പോകുന്ന ആധുനിക പ്രിന്റിംഗ് പ്രസ്സ് ശാലയിലേയ്ക്കുള്ള സാധനങ്ങൾ വിദേശ നിർമ്മിതം മാത്രമായി ചുരുക്കരുത്. അതുപോലെ HOCL (Hindustan Organic Chemicals Limited)-നെ പൊതുമേഖലയിൽ സംരക്ഷിക്കാനാവശ്യമായ ഇടപെടൽ സർക്കാർ നടത്തണം. HOCL ഉൽപ്പന്നമായ ഹൈഡ്രജൻ പെറോക്സൈഡ് നല്ലൊരു അണുനാശിനിയാണ്. വൈറൽ, ഫംഗൽ രോഗങ്ങൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ഇതിന് വലിയ പ്രസക്തിയുണ്ട്. കുടുംബശ്രീയെ ഉപയോഗപ്പെടുത്തി അതിന്റെ മാർക്കറ്റിംഗ് സംവിധാനമൊരുക്കാൻ മുൻകയ്യെടുക്കണം. കൊച്ചിയിലെ വൻ ബഹുജന പ്രക്ഷോഭത്തിന്റെ ഉൽപ്പന്നമാണ് കൊച്ചി കപ്പൽശാല. പാവങ്ങളുടെ പടത്തലവനായ സഖാവ് എ. കെ. ഗോപാലന്റെ നേതൃത്വത്തിൽ പാർലമെന്റിനകത്തും പുറത്തും നടന്ന സമരൈക്യ പ്രസ്ഥാനത്തിന്റെ ഭാഗമായി പിറവിയെടുത്ത സ്ഥാപനമാണിത്. ആദ്യകാലത്ത് രണ്ട് കോടി രൂപ നഷ്ടം സംഭവിച്ചുകൊണ്ടിരുന്ന സ്ഥാപനം ഇന്ന് അറുനൂറ് കോടി രൂപയുടെ ലാഭത്തിലേയ്ക്ക് മാറിയിരിക്കുന്നു. അഭിമാനകരമായ ഈ സ്ഥാപനം തുച്ഛമായ വിലയ്ക്ക് കോർപ്പറേറ്റുകൾക്ക് കൈമാറുന്ന സ്ഥിതിയുണ്ടാകാൻ പാടില്ല. രാജ്യത്തിന്റെ വിവിധ മേഖലകളിൽ കൊച്ചി കപ്പൽശാലയുടെ പ്രവർത്തനം വിപുലപ്പെടുത്തിവരികയാണ്. കപ്പൽശാലയിലും ഏറ്റെടുത്ത വിവിധ സ്ഥാപനങ്ങളിലും വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അതിലൂടെ നിരവധി പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. ഷിപ്പ്‌യാർഡിന്റെ ഇരുപത്തിയഞ്ച് ശതമാനം ഓഹരികൾ കേന്ദ്ര സർക്കാർ വിറ്റഴിച്ചിട്ടുണ്ട്. കൂടുതൽ ഓഹരി വിൽപ്പനയ്ക്കുള്ള സാധ്യത നിലനിൽക്കുകയാണ്. നയപരമായ തീരുമാനങ്ങളിലൂടെ പൂർണ്ണമായ സ്വകാര്യവത്കരണ സാധ്യതയുണ്ട്. രാജ്യത്തെ തന്ത്രപ്രധാന വ്യവസായമായ കപ്പൽശാലയെ പൊതുമേഖലയിൽ നിലനിർത്താനുള്ള കേരള സർക്കാരിന്റെ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

മി. സ്പീക്കർ: മുഴവൻ വായിക്കേണ്ടതില്ല. അവസാനിപ്പിക്കു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഞാൻ ചുരുക്കുകയാണ്. HPCL (Hindustan Petroleum Corporation Limited)-ന്റെ ധാരാളം ഏക്കർ ഭൂമി വിവിധ പ്രദേശങ്ങളിൽ അന്യാധീനപ്പെട്ട് കിടക്കുകയാണ്. അത് നമ്മുടെ വികസനാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയണം. അതുപോലെ HIL-നെ FACT-യുമായി ലയിപ്പിക്കാൻ കഴിഞ്ഞാൽ വികസന പ്രവർത്തനങ്ങളിൽ അതൊരു നാഴികക്കല്ലായിരിക്കും. കോവിഡിന്റെ പശ്ചാത്തലത്തിൽ HLL (Hindustan Lifecare Limited)-ന്റെ സാധ്യതകൾ ഉപയോഗിക്കാൻ കഴിയണം. കൊച്ചി തുറമുഖം ഒരു പ്രധാനപ്പെട്ട സ്ഥാപനവും സർവ്വീസ് ഇൻഡസ്ട്രിയുമാണ്. അവിടെ പൊതുമേഖലയുടെ ഒരു ഘടന നിലനിൽക്കുന്നു എന്നുമാത്രമേ പറയാനാകൂ. ബാക്കിയെല്ലാം സ്വകാര്യവല്ക്കരിക്കപ്പെട്ടതുപോലെയാണ്. എല്ലാം ഔട്ട്സോഴ്സ് ചെയ്യപ്പെടുകയാണ്. (മൈക്ക് ഓഫ്)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമായ പ്രശ്നമാണ് ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്-കഞ്ചിക്കോട്, ബി.എച്ച്.ഇ.എൽ. ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്-കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്-വെള്ളൂർ, ബി.പി.സി.എൽ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്), ബി.ഇ.എം.എൽ.(ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്) എന്നീ സ്ഥാപനങ്ങളിൽ നീതി ആയോഗിന്റെ ശിപാർശ പ്രകാരം ഓഹരി വിറ്റഴിക്കൽ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുകയാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതോടൊപ്പംതന്നെ വിറ്റഴിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയുംകൂടി ഏറ്റെടുത്ത് പ്രവർത്തനം ശക്തിപ്പെടുത്തുന്ന ബദൽ വികസന നയമാണ് കേരളം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച, സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന സംയുക്ത സംരംഭമായിരുന്ന ബി.എച്ച്.ഇ.എൽ. ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്, വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് എന്നിവയുടെ ഏറ്റെടുക്കൽ നടപടികൾ ഇതിനോടകംതന്നെ പൂർത്തിയായിട്ടുണ്ട്. ഈ നടപടികളിലൂടെ ബി.എച്ച്.ഇ.എൽ. ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡിലുണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ വാങ്ങി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കിമാറ്റി. 145.6 കോടി രൂപയ്ക്ക് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിനെ കേരള സർക്കാർ ഏറ്റെടുത്ത് ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. തുടർപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിന്റെ പുനഃസംഘടനയെയും തുടർ പ്രവർത്തനത്തെയുംകുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ഒരു ഉന്നതതല സാങ്കേതിക സമിതിയെ

നിയമിച്ചിട്ടുണ്ട്. രാജ്യത്ത് ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ബി.പി.സി.എൽ. കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കപ്പെടുന്നവയുടെ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ. കൊച്ചി റിഫൈനറി സ്വകാര്യവത്കരിക്കാനുള്ള നീക്കത്തിൽനിന്നും പിന്മാറണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 2019 ഒക്ടോബർ 17-ാം തീയതിയിലെയും 2020 മാർച്ച് 18-ാം തീയതിയിലെയും കത്തുകളിലൂടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും കേന്ദ്ര ധനകാര്യവകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താൽപ്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താൽപ്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിന്മാറേണ്ടതുണ്ടെന്ന് ആവശ്യപ്പെട്ടുകൊണ്ടും 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയിട്ടുണ്ട്, അത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്ന പുതിയ നിർദ്ദേശമാണ് കേന്ദ്ര സർക്കാർ വച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ സമീപനം ഈ പൊതു താൽപ്പര്യത്തിനെതിരായിട്ടാണ് നിൽക്കുന്നത്. അതുപോലെ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് കിൻഫ്രയ്ക്ക് തിരികെ നൽകുന്ന 226.21 ഏക്കർ ഭൂമിക്ക് 27.59 കോടി രൂപ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ രൂപത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, 2021-ൽ നിലവിൽവന്ന പോർട്ട് ആക്ട് ഇന്ന് കൊച്ചിൻ പോർട്ടിനെ ഒരു ലാൻഡ്ലോഡിന്റെ അവസ്ഥയിലേയ്ക്ക് തരംതാഴ്ത്തിയിരിക്കുകയാണ്. 2257 ഏക്കർ ഭൂമിയാണ് കൊച്ചിൻ പോർട്ടിന് സ്വന്തമായിട്ടുള്ളത്. പുതിയ പോർട്ട് നിയമത്തിലെ 53 വകുപ്പുകൾ പോർട്ടിന്റെ എല്ലാ സാധ്യതകളെയും എടുത്തുകളയുകയാണ്. മാത്രമല്ല, ICTT (International Container Transhipment Terminal)-യുമായി ബന്ധപ്പെട്ട് പുതിയ പ്രശ്നങ്ങൾ ഉയർന്നുവരികയാണ്. അത് പരിഹരിക്കാൻകൂടി അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഇപ്പോൾ ഉന്നയിച്ചത് ഗൗരവമായ കാര്യമാണ്, പ്രതിപക്ഷമുൾപ്പെടെ ശ്രദ്ധിക്കേണ്ട ഒരു പ്രശ്നമാണിത്. പോർട്ട് ട്രസ്റ്റ് ഉൾപ്പെടെ സ്വകാര്യവത്കരിക്കുന്ന പരോക്ഷമായ നടപടിയാണ് ഇപ്പോൾ സ്വീകരിച്ചതായി പറഞ്ഞിട്ടുള്ളത്. അക്കാര്യത്തിൽ അവിടെ ജനകീയ പ്രക്ഷോഭങ്ങൾ ഇതിനകം ഉയർന്നുവന്നുകഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് കഴിയാവുന്ന രൂപത്തിലുള്ള നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നതായിരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾക്ക് അതിശക്തമായ പ്രതിഷേധമുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും നികുതി കുറയ്ക്കില്ലെന്ന സംസ്ഥാന സർക്കാരിന്റെ പിടിവാശിയിൽ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഒറ്റ ചോദ്യം മാത്രമേ ഞങ്ങൾ ചോദിക്കുന്നുള്ളൂ, 2016-ൽ പെട്രോളിന് 13.76 രൂപ അന്നത്തെ ഗവൺമെന്റിന് നികുതിയിനത്തിൽ കിട്ടിയിരുന്നപ്പോൾ ഇപ്പോൾ നിങ്ങൾക്ക് കിട്ടുന്നത് 26.11 രൂപയാണ്, ഇരട്ടിയിലധികം.

മി. സ്പീക്കർ: അത് നമ്മൾ ഡിസ്പോസ് ചെയ്തുകഴിഞ്ഞതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഡീസലിന് അന്ന് 9.16 രൂപ വാങ്ങിച്ചപ്പോൾ ഇപ്പോൾ കിട്ടിയത് 20.32 പൈസയാണ്. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നികുതി കുറയ്ക്കാൻ തയ്യാറാകാത്ത സംസ്ഥാന സർക്കാരിന്റെ പിടിവാശിയിൽ പ്രതിഷേധിച്ചുകൊണ്ട് നികുതി കുറയ്ക്കുന്ന വിഷയത്തിൽ കേന്ദ്രത്തിന്റെയും കേരള സർക്കാരിന്റെയും നിലപാടുകൾക്കെതിരായി അതിശക്തമായ സമരവുമായി ഞങ്ങൾ ജനങ്ങൾക്കിടയിലേയ്ക്കിറങ്ങുകയാണ്. അതുകൊണ്ട് സർക്കാരിന്റെ പിടിവാശിയിലും ഇത് ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും യു.ഡി.എഫ്. അംഗങ്ങളും സഭാനടപടികൾ ബഹിഷ്കരിക്കുന്നതായി അറിയിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു)

( രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

11.00 A.M.]

## V. സബ്മിഷൻ

### പഞ്ചായത്തുകൾക്ക് അനുവദിക്കാവുന്ന തുകയുടെ പരിധി ഉയർത്തുന്നത് സംബന്ധിച്ച്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നിരന്തരമായ പ്രകൃതിക്ഷോഭങ്ങളും കൃത്യമായ സമയങ്ങളിൽ അറ്റകുറ്റപ്പണി നടക്കാത്തതും മഹാമാരിയുമെല്ലാം ബാധിക്കുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തരമായി പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യേണ്ട സാഹചര്യം വന്നിരിക്കുകയാണ്. ഇക്കാര്യത്തിൽ ജനങ്ങളുടെ ആദ്യ ആശ്രയം ഗ്രാമപഞ്ചായത്തുകളാണ്. എന്നാൽ ഗ്രാമപഞ്ചായത്തുകൾക്ക് ടെണ്ടറില്ലാതെ അടിയന്തരമായി ചെയ്യാനുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് പതിനായിരം രൂപ മാത്രമാണ് നിലവിൽ വിനിയോഗിക്കാൻ അധികാരമുള്ളത്. ഈ തുക വളരെ കുറവാണ്. അധികാര വികേന്ദ്രീകരണവും സമ്പത്തുമെല്ലാം താഴെത്തട്ടിലേയ്ക്ക് കൊടുക്കുന്നതിന് പ്രതിജ്ഞാബദ്ധമായ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ പതിനായിരം

രൂപ എന്നത് അൻപതിനായിരം രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ഇന്ന് സഭാസമ്മേളനത്തിന്റെ അവസാന ദിവസമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സബ്മിഷനുകളെല്ലാം മേശപ്പുറത്ത് വച്ചതായി കണക്കാക്കി ബഹുമാനപ്പെട്ട മന്ത്രിമാർ അവയുടെ മറുപടി മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.*

# VI. മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ്-1 പ്രകാരം

(I) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 323/2021 | ജി.ഒ.(ആർ.റ്റി.) നമ്പർ 916/2021/ഹോം | 23-3-2021 | അതെ |
| 2 | 327/2021 | ജി.ഒ.(ആർ.റ്റി.) നമ്പർ 941/2021/ഹോം | 26-3-2021 | അതെ |
| 3 | 352/2021 | ജി.ഒ.(ആർ.റ്റി.) നമ്പർ 952/2021/ഹോം | 26-3-2021 | അതെ |
| 4 | 706/2021 | ജി.ഒ.(ആർ.റ്റി.) നമ്പർ 2458/2021/ഹോം | 13-9-2021 | അല്ല |
| 5 | 782/2021 | ജി.ഒ.(പി.) നമ്പർ 71/2021/ഹോം | 29-10-2021 | അല്ല |
| 6 | 784/2021 | ജി.ഒ.(പി.) നമ്പർ 69/2021/ഹോം | 28-10-2021 | അല്ല |

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലോക് ആയുക്ത | 2018 | വാർഷിക സമാഹൃത റിപ്പോർട്ട് | അതെ |

II. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 398/2020 | സ.ഉ.(അച്ചടി) നമ്പർ 44/2020/ത.സ്വ.ഭ.വ. | 5-6-2020 | അതെ |
| 2 | 758/2021 | ജി.ഒ.(എം.എസ്.) നമ്പർ 69/2021/ടാക്സസ് | 20-10-2021 | അല്ല |
| 3 | 764/2021 | ജി.ഒ.(പി.) നമ്പർ 104/2021/ടി.ഡി. | 23-10-2021 | അല്ല |
| 4 | 765/2021 | ജി.ഒ.(പി.) നമ്പർ 105/2021/ടി.ഡി. | 23-10-2021 | അല്ല |

III. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 656/2021 | ജി.ഒ.(പി.) നമ്പർ 70/2021/ആർ.ഡി. | 18-6-2021 | അല്ല |
| 2 | 657/2021 | ജി.ഒ.(പി.) നമ്പർ 72/2021/ആർ.ഡി. | 18-6-2021 | അല്ല |
| 3 | 658/2021 | ജി.ഒ.(പി.) നമ്പർ 71/2021/ആർ.ഡി. | 18-6-2021 | അല്ല |
| 4 | 719/2021 | ജി.ഒ.(പി.) നമ്പർ 139/2021/ആർ.ഡി. | 30-9-2021 | അല്ല |
| 5 | 736/2021 | ജി.ഒ.(പി.) നമ്പർ 143/2021/ആർ.ഡി. | 6-10-2021 | അല്ല |

IV. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 162/2021 | ജി.ഒ.(പി.) നമ്പർ 2/2021/എഫ്. ഡബ്ല്യു.എൽ.ഡി. | 12-2-2021 | അതെ |
| 2 | 226/2021 | ജി.ഒ.(പി) നമ്പർ 3/2021/വനം | 15-2-2021 | അതെ |
| 3 | 296/2021 | ജി.ഒ.(പി.) നമ്പർ 5/2021/വനം | 9-3-2021 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 318/2021 | ജി.ഒ.(പി.) നമ്പർ 14/2021/വനം | 24-3-2021 | അതെ |
| 5 | 319/2021 | ജി.ഒ.(പി.) നമ്പർ 11/2021/വനം | 24-3-2021 | അതെ |
| 6 | 320/2021 | ജി.ഒ.(പി.) നമ്പർ 12/2021/വനം | 24-3-2021 | അതെ |
| 7 | 324/2021 | ജി.ഒ.(പി.) നമ്പർ 13/2021/വനം | 24-3-2021 | അതെ |
| 8 | 326/2021 | ജി.ഒ.(പി.) നമ്പർ 15/2021/വനം | 24-3-2021 | അതെ |
| 9 | 373/2021 | ജി.ഒ.(പി.) നമ്പർ 18/2021/വനം | 20-4-2021 | അതെ |
| 10 | 374/2021 | ജി.ഒ.(പി.) നമ്പർ 19/2021/വനം | 21-4-2021 | അതെ |
| 11 | 375/2021 | ജി.ഒ.(പി.) നമ്പർ 20/2021/വനം | 22-4-2021 | അതെ |

V. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 317/2021 | ജി.ഒ.(പി) നമ്പർ 32/2021/ടാക്സസ് | 30-3-2021 | അതെ |
| 2 | 744/2021 | ജി.ഒ.(പി) നമ്പർ 97/2021/ടാക്സസ് | 11-10-2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 752/2021 | ജി.ഒ.(പി) നമ്പർ 101/2021/ടാക്സസ് | 16-10-2021 | അല്ല |
| 4 | 753/2021 | ജി.ഒ.(പി) നമ്പർ 102/2021/ടാക്സസ് | 16-10-2021 | അല്ല |
| 5 | 754/2021 | ജി.ഒ.(പി) നമ്പർ 103/2021/ടാക്സസ് | 16-10-2021 | അല്ല |
| 6 | 793/2021 | ജി.ഒ.(പി) നമ്പർ 114/2021/ടാക്സസ് | 1-11-2021 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2019-20 | സംസ്ഥാന സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് | ബാധകമല്ല |
| 2 | കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2021 | കേരളത്തിലെ പ്രളയങ്ങൾ- മുന്നൊരുക്കവും പ്രതിരോധവും | ബാധകമല്ല |

VI. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2007-08<br>2008-09 | വാർഷിക റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2008-09 മുതൽ 2015-16 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി | 2011-12 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 4 | കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

VII. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 458/2021 | ജി.ഒ.(പി.) നമ്പർ 14/2021/മ.തു.വ. | 16-6-2021 | അതെ |

VIII. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 468/2020 | ജി.ഒ.(പി) നമ്പർ 66/2020/കോ-ഓപ്പ്. | 15-7-2020 | അതെ |
| 2 | 111/2021 | ജി.ഒ.(പി) നമ്പർ 7/2021/കോ-ഓപ്പ്. | 10-1-2021 | അതെ |
| 3 | 309/2021 | ജി.ഒ.(പി) നമ്പർ 60/2021/കോ-ഓപ്പ്. | 24-3-2021 | അതെ |
| 4 | 355/2021 | ജി.ഒ.(പി) നമ്പർ 66/2021/കോ-ഓപ്പ്. | 30-3-2021 | അതെ |
| 5 | 365/2021 | ജി.ഒ.(പി) നമ്പർ 71/2021/കോ-ഓപ്പ്. | 16-4-2021 | അതെ |
| 6 | 370/2021 | ജി.ഒ.(പി) നമ്പർ 73/2021/കോ-ഓപ്പ്. | 19-4-2021 | അതെ |
| 7 | 647/2021 | ജി.ഒ.(പി) നമ്പർ 100/2021/കോ-ഓപ്പ്. | 30-6-2021 | അല്ല |
| 8 | 650/2021 | ജി.ഒ.(പി) നമ്പർ 120/2021/കോ-ഓപ്പ്. | 2-8-2021 | അല്ല |
| 9 | 715/2021 | ജി.ഒ.(പി) നമ്പർ 143/2021/കോ-ഓപ്പ്. | 24-9-2021 | അല്ല |
| 10 | 733/2021 | ജി.ഒ.(പി) നമ്പർ 87/2021/ടാക്സസ് | 1-10-2021 | അല്ല |
| 11 | 734/2021 | ജി.ഒ.(പി) നമ്പർ 88/2021/ടാക്സസ് | 1-10-2021 | അല്ല |
| 12 | 769/2021 | ജി.ഒ.(പി) നമ്പർ 153/2021/കോ-ഓപ്പ്. | 25-10-2021 | അല്ല |
| 13 | 770/2021 | ജി.ഒ.(പി) നമ്പർ 133/2021/കോ-ഓപ്പ്. | 6-9-2021 | അല്ല |
| 14 | 771/2021 | ജി.ഒ.(പി) നമ്പർ 122/2021/കോ-ഓപ്പ്. | 3-8-2021 | അല്ല |
| 15 | 772/2021 | ജി.ഒ.(പി) നമ്പർ 154/2021/കോ-ഓപ്പ്. | 26-10-2021 | അല്ല |
| 16 | 796/2021 | ജി.ഒ.(പി) നമ്പർ 160/2021/കോ-ഓപ്പ്. | 28-10-2021 | അല്ല |
| 17 | 797/2021 | ജി.ഒ.(പി) നമ്പർ 115/2021/ടാക്സസ് | 2-11-2021 | അല്ല |
| 18 | 798/2021 | ജി.ഒ.(പി) നമ്പർ 158/2021/കോ-ഓപ്പ്. | 27-10-2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 19 | 799/2021 | ജി.ഒ.(പി) നമ്പർ 159/2021/കോ-ഓപ്പ്. | 28-10-2021 | അല്ല |
| 20 | 807/2021 | ജി.ഒ.(പി) നമ്പർ 164/2021/കോ-ഓപ്പ്. | 1-11-2021 | അല്ല |
| 21 | 808/2021 | ജി.ഒ.(പി) നമ്പർ 161/2021/കോ-ഓപ്പ്. | 29-10-2021 | അല്ല |
| 22 | 809/2021 | ജി.ഒ.(പി) നമ്പർ 162/2021/കോ-ഓപ്പ്. | 29-10-2021 | അല്ല |
| 23 | 810/2021 | ജി.ഒ.(പി) നമ്പർ 163/2021/കോ-ഓപ്പ്. | 29-10-2021 | അല്ല |
| 24 | 811/2021 | ജി.ഒ.(പി) നമ്പർ 155/2021/കോ-ഓപ്പ്. | 27-10-2021 | അല്ല |
| 25 | 812/2021 | ജി.ഒ.(പി) നമ്പർ 156/2021/കോ-ഓപ്പ്. | 27-10-2021 | അല്ല |
| 26 | 813/2021 | ജി.ഒ.(പി) നമ്പർ 157/2021/കോ-ഓപ്പ്. | 27-10-2021 | അല്ല |

IX. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 615/2021 | സ.ഉ.(അച്ചടി) നമ്പർ 7/2021/കാ.യു.വ. | 13-8-2021 | അതെ |
| 2 | 749/2021 | ജി.ഒ.(പി) നമ്പർ 20/2021/എഫ്. & പി.ഡി. | 11-10-2021 | അല്ല |

X. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 683/2021 | ജി.ഒ.(പി) നമ്പർ 70/2021/എൽ.ബി.ആർ. | 9-9-2021 | അല്ല |
| 2 | 712/2021 | സ.ഉ.(അച്ചടി) നമ്പർ 75/2021/തൊഴിൽ | 23-9-2021 | അല്ല |
| 3 | 735/2021 | ജി.ഒ.(പി) നമ്പർ 78/2021/എൽ.ബി.ആർ. | 4-10-2021 | അല്ല |
| 4 | 763/2021 | ജി.ഒ.(പി) നമ്പർ 80/2021/എൽ.ബി.ആർ. | 20-10-2021 | അല്ല |

XI. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XII. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 718/2021 | ജി.ഒ.(പി.) നമ്പർ 28/2021/ട്രാൻസ്. | 30-9-2021 | അല്ല |

XIII. ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | - | ജി.ഒ.(പി) നമ്പർ 13/2021/എച്ച്. &എഫ്.ഡബ്ല്യൂ.ഡി. | 10-2-2021 | അതെ |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 2018-19 & 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

XIV. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 740/2021 | ജി.ഒ.(പി) നമ്പർ 23/2021/ജി.എ.ഡി. | 11-8-2021 | അല്ല |
| 2 | 746/2021 | ജി.ഒ.(പി) നമ്പർ 24/2021/ജി.എ.ഡി. | 16-9-2021 | അല്ല |

(2) ലിസ്റ്റ് -2 പ്രകാരം (ചട്ടം 47 (2) അനുസരിച്ചുള്ളത്)

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 163, പതിനാറാം സമ്മേളനത്തിലെ 3676, പത്തൊമ്പതാം സമ്മേളനത്തിലെ 1750, 1758 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(ii) പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ – ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 33-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(iii) ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 272, 312 രണ്ടാം സമ്മേളനത്തിലെ 13, 95, 110, 1840, 3507 മൂന്നാം സമ്മേളനത്തിലെ 456, 483, 489, 490, 504, 506, 508, 2133, 2376, 2379, 2397 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(iv) പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 1135-ാം നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(v) ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4900, 4907, 4916, 4962, മൂന്നാം സമ്മേളനത്തിലെ 153, 213, 2092, 2077 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VII. റിപ്പോർട്ട് സമർപ്പണം

### യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. എ. എൻ. ഷംസീർ: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VIII. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ ചട്ടത്തിനുള്ള ഭേദഗതി പരിഗണനയ്ക്കെടുത്തില്ല)

# IX. നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഈ ബിൽ 2021 ഒക്ടോബർ 11-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റി അത് ഖണ്ഡം ഖണ്ഡമായി പരിശോധിച്ച് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് ക്ലോസ് ബൈ ക്ലോസായി ചർച്ച ചെയ്ത് പാസ്സാക്കണമെന്ന് മാത്രമാണ് പറയാനുള്ളത്. സബ്ജക്ട് കമ്മിറ്റിയിൽ തന്നെ ഒട്ടേറെ ഭേദഗതികൾ വരുത്താൻ തയ്യാറായിട്ടുണ്ട്. പ്രൈവറ്റ് കോളേജുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകളും അവരുടെ യോഗ്യതയും നിശ്ചയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ബില്ലാണിത്. ഇത് പാസ്സാക്കിത്തരണമെന്നാണ് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(വിയോജനക്കുറിപ്പ് അവതരിപ്പിച്ചില്ല)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. ജെ. മാക്സി ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. കെ. ടി. ജലീൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ആയിരത്തിലധികം സ്വാശ്രയ കോളേജുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപകരുടെ ചരിത്രത്തിലെ ഒരു മാഗ്നാകാർട്ടയാണ് ഈ ബിൽ. നമ്മുടെ സംസ്ഥാനത്ത് മൊത്തം 75 ഗവൺമെന്റ് കോളേജുകളും 180 എയ്ഡഡ് കോളേജുകളുമാണുള്ളത്. ആയിരത്തിലധികം സ്വാശ്രയ കോളേജുകളും പ്രവർത്തിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ ആവശ്യത്തിന്റെ 75 ശതമാനവും നിവർത്തിക്കപ്പെടുന്നത് സ്വാശ്രയ മേഖലയിലൂടെയാണെന്നാണ് ഇതിനർത്ഥം. സ്വാശ്രയ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചിട്ട് കാൽനൂറ്റാണ്ടായെങ്കിലും ഇതുവരെയും സ്വാശ്രയ കോളേജുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപകരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു നിയമവും ഉണ്ടായിട്ടില്ല. ഈ പ്രശ്നം ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് ഒരു പുതിയ നിയമനിർമ്മാണം കൊണ്ടുവരുന്നതിന് ആലോചിക്കുകയും ഓർഡിനൻസായി അത് കൊണ്ടുവരികയും ചെയ്തത്. ആ ഓർഡിനൻസാണ് ഇപ്പോൾ നിയമമായി സഭയ്ക്കു മുന്നിൽവരുന്നത്.

സ്വാശ്രയ കോളേജുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായൊരു നിയമം സർവ്വകലാശാലകളിലോ വിദ്യാഭ്യാസ മേഖലയിലോ ഇല്ലാത്തതുകൊണ്ട് പല പ്രശ്നങ്ങളും ഉയർന്നുവരികയുണ്ടായി. ഗവൺമെന്റ് - എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള പരീക്ഷയാണ് സ്വാശ്രയ കോളേജുകളിലെ കുട്ടികൾക്കും അഭിമുഖീകരിക്കേണ്ടിവരുന്നത്. ഒരേ ചോദ്യപേപ്പറും ഒരേ സർട്ടിഫിക്കറ്റുമാണ്. ഒരേയൊരു വ്യത്യാസം, ഗവൺമെന്റ്-എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർ യു.ജി.സി. നിഷ്കർഷിച്ച എല്ലാ യോഗ്യതയുമുള്ളവരാണ്. എന്നാൽ പലപ്പോഴും സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർ അത്തരം യോഗ്യതകൾ പൂർണ്ണമായും പാലിക്കപ്പെടാതെ നിയമിക്കപ്പെടുന്നവരാണ്. സ്വാഭാവികമായും അത് അത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരത്തെ പ്രതികൂലമായി ബാധിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുകയെന്നുള്ളതിന്റെ ഭാഗമായാണ് ഈ ബിൽ കൊണ്ടുവരുന്നത്. ഈ ബില്ലിൽ ശമ്പളത്തെയും അവർക്ക് നൽകേണ്ട വേതനത്തെയും സംബന്ധിച്ചൊന്നും പറയുന്നില്ല. കാരണം, ഈ മേഖലയിൽത്തന്നെ ഇത് ആദ്യത്തേതാണ് എന്നുള്ളതുകൊണ്ടാണ് സങ്കീർണ്ണതകളിലേയ്ക്ക് പോകാതെ അടിസ്ഥാനപരമായി പാലിക്കപ്പെടേണ്ട വ്യവസ്ഥകളുൾപ്പെടുത്തി ഇത്തരമൊരു നിയമം രൂപീകരിച്ചിരിക്കുന്നത്. ഈ നിയമത്തിലെ 3-ാം വകുപ്പിൽ പറയുന്നത്, സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനം - സ്വാശ്രയ കോളേജിൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോഴ്സുകൾക്കുവേണ്ടി റെഗുലേറ്ററി

ബോഡി നിശ്ചയിക്കുന്ന അവശ്യ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപേക്ഷ വിദ്യാഭ്യാസ ഏജൻസി വിജ്ഞാപനംമൂലം ക്ഷണിക്കേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ ഇപ്പോൾ ഇങ്ങനെയൊരു പതിവ് എല്ലാ സ്ഥാപനങ്ങളും അനുവർത്തിക്കുന്നതായി കാണുന്നില്ല. ചില സ്ഥാപനങ്ങൾ അദ്ധ്യാപക-അനദ്ധ്യാപക ഒഴിവുകൾ പരസ്യം ചെയ്ത് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തുകയും റാങ്ക് ലിസ്റ്റിടുകയുമൊക്കെ ചെയ്യുന്നുണ്ടെങ്കിലും ഭൂരിപക്ഷം സ്ഥാപനങ്ങളും ആ വഴി പിന്തുടരുന്നതായി നമുക്ക് കാണാൻ സാധിക്കുന്നില്ല. ഇത് നിർബന്ധമായും പാലിക്കപ്പെടേണ്ടതാണെന്ന് ഈ നിയമം വരുമ്പോൾ എല്ലാവർക്കും മനസ്സിലാവുകയും അവർ ആ വഴി സ്വീകരിക്കുകയും ചെയ്യും.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ലഭ്യമാകുന്ന അപേക്ഷ പരിശോധിച്ചശേഷം വിദ്യാഭ്യാസ ഏജൻസി ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതും വിദ്യാഭ്യാസ ഏജൻസി ഈ ആവശ്യത്തിലേയ്ക്കായി നിശ്ചയിക്കുന്ന ഒരു അധികാരസ്ഥാനത്തിന്റെ രേഖാമൂലമുള്ള ഉത്തരവ് മുഖേന നിയമനം നടത്തേണ്ടതുമാണ്. നാലാം വകുപ്പ് പറയുന്നത് ശ്രദ്ധേയമാണ്; വിദ്യാഭ്യാസ ഏജൻസിയുമായുള്ള കരാറും മറ്റ് സേവനവ്യവസ്ഥകളും- സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളും അങ്ങനെയുള്ള തസ്തിക, ശമ്പള സ്കെയിൽ, ഇൻക്രിമെന്റ്, ഗ്രേഡ്, പ്രൊമോഷൻ, നിയമന കാലയളവ്, ശമ്പളം, ബത്ത, അധികസമയ ജോലി എന്നിവ സംബന്ധിച്ച് വിദ്യാഭ്യാസ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

നിലവിൽ സ്വാശ്രയ കോളേജുകളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് ആർക്കുമറിയില്ല. ചേരുന്ന അദ്ധ്യാപകനുപോലും അറിയില്ല. അയാൾ എത്ര മണിക്കൂറാണ് ജോലി ചെയ്യേണ്ടത്; എത്ര രൂപയാണ് ശമ്പളം കിട്ടാൻ പോകുന്നത്; ബത്ത എത്രയാണ് തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ഒരു കരാറുണ്ടാക്കണം. അത് എത്രയാണോ; പതിനായിരം രൂപയാണ് ശമ്പളം കൊടുക്കുന്നതെങ്കിൽ, പതിനായിരം രൂപയാണ് ശമ്പളം കൊടുക്കുന്നതെന്ന് എഴുതി അദ്ധ്യാപകരുമായി ഒരു കരാറിൽ ഒപ്പു വയ്ക്കണമെന്ന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. ഈ നിയമത്തിൽ ഒരിക്കലും ശമ്പളം ഇത്ര കൊടുക്കണമെന്ന് പറയുന്നില്ല. എത്രയാണോ ശമ്പളം കൊടുക്കുന്നത് ആ ശമ്പളമാണ് അവർക്ക് നൽകുന്നതെന്നും അവർക്ക് ബത്തയുൾപ്പെടെ മറ്റാനുകൂല്യങ്ങൾ ഇന്നയിന്നതായിരിക്കുമെന്നും ക്ലിപ്തപ്പെടുത്തിയിട്ടുള്ള ഒരു കരാറിൽ ഇങ്ങനെ നിയമിക്കപ്പെടുന്ന അദ്ധ്യാപകനും ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസിയും തമ്മിൽ ഒപ്പിടണമെന്ന് നിഷ്കർഷിക്കുന്നു.

സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തൊഴിൽ ദിനങ്ങൾ, ജോലിസമയം എന്നിവ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജ് അല്ലെങ്കിൽ സർക്കാരുമായി നേരിട്ട് പേമെന്റ് എഗ്രിമെന്റിലേർപ്പെട്ടിട്ടുള്ള പ്രൈവറ്റ് കോളേജ് എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ബാധകമായതിന് സമാനമായിരിക്കുന്നതാണ്. സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തൊഴിൽദിനങ്ങൾ, ജോലിസമയം എന്നിവയൊന്നും നിലവിൽ വ്യക്തമാക്കപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ മൃഗങ്ങളെപ്പോലെ അവരെ പണിയെടുപ്പിക്കുന്ന സ്ഥിതി പല സ്ഥാപനങ്ങളും പിന്തുടരുന്നു. കൊടിയ ചൂഷണമാണ് ഈ രംഗത്ത് നിലനിൽക്കുന്നത്. അത് തടയുന്നതിനുവേണ്ടിയാണ് അവരുടെ തൊഴിൽ ദിനങ്ങൾ, അവധി ദിനങ്ങൾ, ലീവ് എന്നിവ സംബന്ധിച്ച കാര്യങ്ങളെല്ലാം ഈ കരാറിൽ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

സർക്കാർ കോളേജിലോ, എയ്ഡഡ് കോളേജിലോ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് അർഹതപ്പെട്ട പൊതുഅവധി, ആകസ്മിക അവധി, പ്രസവാവധി എന്നിവ സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും ഈ നിയമം നടപ്പിലായാൽ ബാധകമാകും. ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളെയും പ്രോവിഡന്റ് ഫണ്ടിൽ അംഗമാക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഏജൻസി സ്വീകരിക്കേണ്ടതാണ്. ഇക്കാലമത്രയും സ്വാശ്രയ മേഖലയിലെ അദ്ധ്യാപകർക്ക് അവിടത്തെ പ്രോവിഡന്റ് ഫണ്ടിൽ അംഗമാകാനുള്ള നിർബന്ധ വ്യവസ്ഥയില്ല. ചില സ്ഥാപനങ്ങൾ അങ്ങനെ പി.എഫ്.-ൽ അംഗങ്ങളാകുന്നുണ്ടെങ്കിലും മഹാഭൂരിപക്ഷം സ്ഥാപനങ്ങളും അവിടത്തെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ പി.എഫ്.-ൽ അംഗങ്ങളാക്കുന്നില്ല. എന്നാൽ ഈ നിയമം വരുന്നതോടുകൂടി പി.എഫ്.-ൽ അവർ അംഗങ്ങളാക്കപ്പെടും. വിദ്യാഭ്യാസ ഏജൻസി ഒരു സ്വാശ്രയ കോളേജിലെ അവശ്യതസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളെയും ഏതെങ്കിലും ഒരു ഇൻഷ്വറൻസ് കമ്പനിയുടെ പരിരക്ഷയിൽ കൊണ്ടുവരണമെന്നത് ഈ നിയമംമൂലം നിർബന്ധമാകുകയാണ്. ഇനി മുതൽ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ ഏതെങ്കിലും ഒരു ഇൻഷ്വറൻസ് കമ്പനിയുടെ പരിരക്ഷയിലായിരിക്കും ജോലിയെടുക്കുക. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളുകളുടെ യോഗ്യതയെ സംബന്ധിച്ച് ചില തർക്കങ്ങൾ ഉന്നയിക്കപ്പെട്ടേയ്ക്കാം. സാധാരണ ഇത്തരം നിയമങ്ങൾ പാസ്സാക്കുമ്പോൾ, നിശ്ചിത കാലയളവിനുള്ളിൽ യോഗ്യത കൈവരിക്കണമെന്ന വ്യവസ്ഥയാണ് ചെയ്യാറുള്ളത്. ഈ നിയമവും അതുതന്നെയാണ് ചെയ്തിട്ടുള്ളത്. ഒരു സ്വകാര്യ കോളേജിലെ അവശ്യ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി

പ്രായപരിധിയും വിരമിക്കൽ പ്രായവും റെഗുലേറ്ററി ബോഡി കാലാകാലങ്ങളിൽ തീരുമാനിക്കുന്ന പ്രകാരമായിരിക്കുന്നതാണ്. ഇപ്പോൾ സ്വാശ്രയ കോളേജിൽ നിശ്ചിത പ്രായപരിധിവരെ/നിശ്ചിത പ്രായപരിധിയിലുള്ളവർക്കേ ജോലി ചെയ്യാവൂയെന്നും പ്രായപരിധി പൂർത്തിയായാൽ അവർ ജോലിയിൽനിന്നും വിരമിക്കണമെന്നുമുള്ള രീതിയിലുള്ള വ്യവസ്ഥകളൊന്നും നിലനിൽക്കുന്നില്ല. 75-ഉം 80-ഉം വയസ്സായവർവരെ സ്വാശ്രയ കോളേജുകളിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നു. പുതിയ നിയമം നിലവിൽ വരുന്നതോടുകൂടി ഇതിനെല്ലാം ഒരു ചിട്ടയും വ്യവസ്ഥയുമുണ്ടാകുന്നു. വിദ്യാഭ്യാസ ഏജൻസിയുടെ അച്ചടക്ക നടപടിമൂലം സങ്കടം അനുഭവിക്കുന്ന അദ്ധ്യാപകർക്കോ അനദ്ധ്യാപകർക്കോ നിലവിൽ ഒരാളെയും സമീപിക്കാനുള്ള സംവിധാനമില്ല. ഒരു സ്വാശ്രയ കോളേജിൽനിന്ന് അകാരണമായി പുറത്താക്കപ്പെട്ടാൽ അയാൾ എവിടെയാണ് പരാതി നൽകേണ്ടത്; ആർക്കാണ് പരാതി നൽകേണ്ടത്? സർവ്വകലാശാലയ്ക്ക് പരാതി നൽകിയാൽ അവർക്കതിന്മേൽ നടപടിയെടുക്കാൻ നിലവിൽ അവകാശമില്ല. മറ്റേതെങ്കിലും ഏജൻസികൾക്ക് കൊടുത്താൽ അവരും അതിന് കോംപീറ്റന്റല്ല. എന്നാൽ അത്തരം പരാതികൾ സ്വീകരിക്കാൻ സർവ്വകലാശാലാ തലത്തിൽ വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ഒരു സമിതി ആദ്യമായി കേരളത്തിൽ രൂപവൽക്കരിക്കപ്പെടുകയാണ്. ഇനിമുതൽ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക/അനദ്ധ്യാപകർക്ക് നേരിടേണ്ടിവരുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സർവ്വകലാശാലാ വൈസ് ചാൻസലർ ചെയർമാനായുള്ള സമിതി മുമ്പാകെ ബോധിപ്പിക്കാം. ആ സമിതി തെളിവെടുപ്പ് നടത്തി ഉചിതമായ തീരുമാനം അക്കാര്യത്തിലെടുക്കുമെന്നും ആ തീരുമാനം അന്തിമമായിരിക്കുമെന്നും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിച്ച അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ, നിയമന തീയതി മുതൽ മൂന്ന് മാസത്തിനകം അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ വിദ്യാഭ്യാസ ഏജൻസി രജിസ്റ്റർ ചെയ്യേണ്ടതാണ്. നിലവിൽ സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഉൾപ്പെടെയുള്ളവ അവരുടെ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ സർവ്വകലാശാലയെ അറിയിക്കുന്നില്ല. എന്നാൽ ഈ അദ്ധ്യാപകരെ വച്ചുകൊണ്ടാണ് സർവ്വകലാശാലകൾ മൂല്യനിർണ്ണയംപോലും നടത്തുന്നത്. അവിടെ മൂല്യനിർണ്ണയം നടത്തുന്ന അദ്ധ്യാപകർ ഏതെങ്കിലും ഒരുസമയത്ത് ഏതെങ്കിലും ഒരു സ്ഥാപനത്തിൽ ജോലി ചെയ്തവരായിരിക്കും. അതിന്റെ അടിസ്ഥാനത്തിലായിരിക്കും അവരെ മൂല്യനിർണ്ണയത്തിന് സർവ്വകലാശാല വിളിക്കുക. അങ്ങനെ വിളിക്കുമ്പോൾ തങ്ങൾക്ക് നോട്ടീസ് കിട്ടിയെന്നുള്ളതിന്റെ പേരിൽ സ്വാഭാവികമായി അവർ മൂല്യനിർണ്ണയത്തിനുപോകും. അതിന് അവർക്ക് പ്രതിഫലവും കിട്ടും. പക്ഷെ അവർ ആ സ്ഥാപനത്തിൽ അപ്പോൾ പ്രവർത്തിക്കുന്നുണ്ടാകില്ല. തീർത്തും നിരുത്തരവാദപരമായ

സമീപനത്തിലൂടെ മൂല്യനിർണ്ണയത്തിൽ വലിയ പിഴവുകൾ സംഭവിക്കുന്നതും നിരവധി കുട്ടികൾ അതിന്റെ പേരിൽ ബുദ്ധിമുട്ടുന്നതും പുതിയ കാലത്തെ നിത്യസംഭവമാണ്. അതിനൊരു മാറ്റം ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ഉണ്ടാകുകയാണ്. ഓരോ അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിലും ആ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളിൽ ജോലി ചെയ്യുന്നുവെന്നുള്ളതിന്റെ വ്യക്തമായ വിവരം ഓരോ കോളേജും സർവ്വകലാശാലയ്ക്ക് നൽകാൻ ഈ നിയമം വരുന്നതോടെ വ്യവസ്ഥ വരികയാണ്. ഇതിനുപുറമേ ഓരോ സ്ഥാപനത്തിന്റെയും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സാധിക്കും. നിലവാരം സംരക്ഷിക്കാനുതകുന്ന ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഈ നിയമം വരുന്നതോടെ എല്ലാ കോളേജുകളിലും രൂപവൽക്കരിക്കപ്പെടുന്നു. അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ നിലവിലില്ലായിരുന്നു. നിയമംമൂലം അത് അനുശാസിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ മാനേജ്മെന്റിന്റെ ഇഷ്ടാനിഷ്ടങ്ങളും ആഗ്രഹാഭിലാഷങ്ങളുമായിരുന്നു സ്വാശ്രയ മേഖലയിൽ പൂർണ്ണമായി നടപ്പിലാക്കപ്പെട്ടുകൊണ്ടിരുന്നത്. രക്ഷാകർതൃ സമിതികൾ രൂപീകരിക്കണമെന്ന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. എല്ലാ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലും പരാതി പരിഹാര സെല്ലുണ്ടാകണമെന്നും കോളേജുകളിൽ വിദ്യാർത്ഥി യൂണിയനുകളും വിദ്യാർത്ഥി കൗൺസിലുകളുമുണ്ടാകണമെന്നും പുതിയ ബില്ലിൽ നിർബന്ധമാക്കുന്നു. നിലവിൽ എല്ലാ സ്ഥാപനങ്ങളിലും ജനാധിപത്യാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പുകൾ നടക്കുന്നില്ല. ചില സ്ഥാപനങ്ങളിൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നോമിനേഷനുകളിലൂടെയാണ് കൗൺസിലുകൾ രൂപീകരിക്കപ്പെടുന്നത്. എന്നാൽ ഈ നിയമം വരുന്നതോടുകൂടി വിദ്യാർത്ഥി യൂണിയൻ നിർബന്ധമായും തെരഞ്ഞെടുപ്പുകളിലൂടെ വരണമെന്ന് നിഷ്കർഷിക്കുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഈ ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളൊക്കെ ഓരോ സ്ഥാപനത്തിന്റെയും ക്വാളിറ്റി ഇംപ്രൂവ് ചെയ്യാൻവേണ്ടിയുള്ള വ്യവസ്ഥകൾ മാത്രമാണ്. സഹകരണ സ്ഥാപനങ്ങളായാലും അവയുടെ നിലവാരം താഴാതെ നോക്കണം. നിലവാരം താഴാതെ നോക്കാനുതകുന്ന നിയമങ്ങൾ കൊണ്ടുവരുന്നതിന് ന്യൂനപക്ഷാവകാശങ്ങൾപോലും പരിഗണിക്കേണ്ടതില്ലെന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. കാരണം, ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനമാണെങ്കിലും ക്വാളിറ്റിയുടെ കാര്യത്തിൽ compromise ചെയ്യാൻ പാടില്ല. ക്വാളിറ്റി വർദ്ധിപ്പിക്കാനെടുക്കുന്ന തീരുമാനങ്ങൾ ന്യൂനപക്ഷാവകാശങ്ങളുടെ

മേലുള്ള കയ്യേറ്റമാണെന്ന വാദം പലതവണ സുപ്രീം കോടതിയിൽ ഉയർത്തപ്പെട്ടിട്ടുണ്ടെങ്കിലും ഒരു കോടതിയും അത് അംഗീകരിച്ചിട്ടില്ല. അതെല്ലാം പരിശോധിച്ചുകൊണ്ടുതന്നെയാണ് ഇത്തരത്തിലുള്ള ഒരു ബൃഹത് നിയമം നമ്മുടെ സംസ്ഥാനത്ത് പാസ്സാക്കപ്പെടുന്നത്. സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയ്ക്ക് ഒരു സ്വാശ്രയ കോളേജിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി റെഗുലേഷനുകളുണ്ടാക്കാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്. അടിയന്തരമായി ഈ ആക്ടിന് ചട്ടങ്ങൾ നിർമ്മിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. പല ആക്ടുകൾക്കും ചട്ടങ്ങൾ നിർമ്മിക്കാൻ വർഷങ്ങളെടുക്കും. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വന്നിട്ട് വർഷങ്ങൾ കഴിഞ്ഞാണ് അതിന്റെ ചട്ടം നിർമ്മിക്കാൻ സാധിച്ചത്. പല നിയമങ്ങൾക്കും വർഷങ്ങൾ കഴിഞ്ഞിട്ടും ചട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടില്ലെന്നുള്ളത് നിയമങ്ങളുണ്ടായിട്ടും ആ നിയമത്തിൽ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാകാതെ പോകുന്നതിന് ഹേതുവാകുന്നുണ്ട്. അത് തീർച്ചയായും മാറ്റണം. അതോടൊപ്പംതന്നെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി അധികം വൈകാതെ Kerala University of Health Sciences (KUHS)-ന്റെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾക്കും ഇതിന് സമാനമായ ഒരു നിയമനിർമ്മാണം നടത്തണമെന്നുള്ളതാണ് എനിക്കൊരു നിർദ്ദേശമായി വയ്ക്കാനുള്ളത്. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രോ-ചാൻസലറായിട്ടുള്ള സർവ്വകലാശാലകൾക്ക് മാത്രം ബാധകമാകുന്ന രീതിയിലാണ് ഇപ്പോൾ ഈ നിയമങ്ങൾ കൊണ്ടുവരുന്നത്. എന്നാൽ KUHS-ന് കീഴിൽ ഏതാണ്ട് അഞ്ഞൂറിലധികം സ്വാശ്രയ കോളേജുകളുണ്ട്. ആ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടും ഇതിന് സമാനമായിട്ടുള്ള ഒരു ബിൽ കൊണ്ടുവരണമെന്ന് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ചരിത്രത്തിന്റെ ഭാഗമാകുന്ന വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കഴിഞ്ഞ ഗവൺമെന്റാണ് ഇതിനുള്ള തീരുമാനമെടുത്തത്. കേരളത്തിലെ ആയിരത്തിലധികം വരുന്ന കോളേജുകളിലെ അറുപതിനായിരത്തിലധികം വരുന്ന ജീവനക്കാരെ ബാധിക്കുന്ന ഈ വിഷയം സംബന്ധിച്ച് ഇതിനുമുമ്പ് ഒരു നിയമം വന്നിട്ടില്ല. അതിനാൽ ഇത് ചരിത്രത്തിന്റെ ഭാഗമാകാൻ പോകുകയാണ്. ഈ

ബില്ലിൽ പരിപൂർണ്ണമായും എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നവെന്ന് പറയാറായിട്ടില്ല. ഇതിൽ ഇനിയും ചട്ടങ്ങളും മറ്റുകാര്യങ്ങളും രൂപീകരിക്കേണ്ടതുണ്ട്. പക്ഷേ ആദ്യത്തെ ചുവടുവയ്പ്പ് എന്നുള്ള നിലയ്ക്ക് നമ്മളാരും കാണാതിരുന്ന, എന്നാൽ രാപകലില്ലാതെ ജോലി ചെയ്യുകയും ഒരു നിയമന കരാറുമില്ലാതെ, സേവന-വേതന വ്യവസ്ഥകളും അവധികളുമില്ലാതെ ജീവിച്ചിരുന്ന ഒരു വലിയ വിഭാഗത്തിനെ ഗവൺമെന്റ് നിയമംമൂലം അംഗീകരിച്ചിരിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. ഈ ബില്ലിലുള്ള ഓരോ വ്യവസ്ഥകളും വളരെ വിശദമായി മുൻ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ പറഞ്ഞതുകൊണ്ട് അതിന്റെ ഓരോ കാര്യങ്ങളിലേയ്ക്കും കടക്കുന്നില്ല. ഈ ബില്ലിന്റെ പ്രധാനപ്പെട്ട ലക്ഷ്യം അക്കാദമികമായ നിലവാരം ഉറപ്പുവരുത്തുകയെന്നതാണ്. പലപ്പോഴും പല സ്വാശ്രയ കോളേജുകളിലെയും വിജയ ശതമാനം മറ്റുകോളേജുകളെ അപേക്ഷിച്ച് വളരെ പുറകിലാണെന്ന് കാണാൻ സാധിക്കും. അതിനുള്ള മുഖ്യകാരണം അവിടെ സ്ഥിരമായ അദ്ധ്യാപകരില്ലെന്നതാണ്. മാത്രമല്ല, മികച്ച യോഗ്യത നേടിയ അദ്ധ്യാപകർക്ക് അവിടെ നിലനിൽക്കാൻ കഴിയുന്നില്ല. ഉയർന്ന ശമ്പളവും പഠിപ്പിക്കാനുള്ള നല്ല അന്തരീക്ഷവുമില്ലെന്ന് മാത്രമല്ല അവരെ അംഗീകരിക്കുന്ന ഒരു രേഖയും ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളിൽ ഇല്ലെന്നതുകൂടി പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതുകൊണ്ട് സ്വാശ്രയ കോളേജുകളിൽ പഠിപ്പിക്കുന്ന യോഗ്യതയുള്ള അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം പിന്നീട് അവർക്ക് മറ്റുസ്ഥലങ്ങളിലേയ്ക്ക് പോകുമ്പോൾ ജോലിചെയ്തു യൂണിവേഴ്സിറ്റിയുടെ കീഴിൽ പഠിപ്പിച്ചുവെന്ന് പറയാൻപോലും കഴിയുന്നില്ല. ശമ്പളം ലഭിച്ചാൽപോലും അവർക്ക് അംഗീകാരം ലഭിക്കുന്ന സ്ഥിതി ഇതുവരെ ഉണ്ടായിട്ടില്ല. എന്നാൽ ഈ നിയമം പാസ്സാകുന്നതോടുകൂടി, അല്ലെങ്കിൽ ഈ ഓർഡിനൻസ് പ്രാബല്യത്തിൽവന്നതോടുകൂടി സെൽഫ് ഫിനാൻസിംഗ് കോളേജുകളിലുള്ള അദ്ധ്യാപകർക്ക് നിയമനം ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്യാം. മാത്രമല്ല ഇതിലെ മറ്റൊരു പ്രധാനപ്പെട്ട കാര്യം, നിയമന കരാറാണ്. അതിനുമുമ്പ് പാലിക്കേണ്ട ചില കാര്യങ്ങളുണ്ട്. വിജ്ഞാപനം പുറപ്പെടുവിക്കണം, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണം, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് യോഗ്യതയുള്ളവരെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ വളരെ കൃത്യമായി നിയമന കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ഏത് തസ്തികയിലേയ്ക്കാണോ നിയമിക്കുന്നത് ആ തസ്തികയുടെ ശമ്പള സ്കെയിൽ, ഇൻക്രിമെന്റ്, ഗ്രേഡ്, പ്രൊമോഷൻ, നിയമന കാലയളവ്, നിയമനക്കാലയളവിലെ ബത്ത, അധികസമയ ജോലി അടക്കമുള്ള കാര്യങ്ങൾ വളരെ വ്യക്തമായി പറഞ്ഞിരിക്കണം. നിലവിൽ യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള സർക്കാർ കോളേജുകളിലും/എയ്ഡഡ് കോളേജുകളിലുമുള്ള അദ്ധ്യാപകർക്ക്

ജോലിസമയത്തിന്റെ കാര്യത്തിലാണെങ്കിലും മറ്റുകാര്യങ്ങളിലാണെങ്കിലും സ്വാശ്രയ കോളേജിലെ അദ്ധ്യാപകർക്കുണ്ടാകണമെന്ന് ഈ നിയമംമൂലം തീരുമാനിച്ചിട്ടുണ്ട്. ശമ്പളത്തിന്റെ കാര്യത്തെ സംബന്ധിച്ച് കൃത്യമായി ഈ നിയമത്തിൽ പറഞ്ഞിട്ടില്ലെങ്കിലും വരാനിരിക്കുന്ന സമയങ്ങളിൽ അതുകൂടി വ്യവസ്ഥ ചെയ്യേണ്ടിവരും. അതോടൊപ്പം ഇവർക്ക് അവധി ലഭിക്കാറില്ല. പ്രത്യേകിച്ച്, പ്രസവാവധി എടുത്താൽ അതോടുകൂടി അവരുടെ ജോലി നഷ്ടപ്പെടും. എന്നാൽ നിയമന കരാർ വരുന്നതോടുകൂടി അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ചാൽ പൊതുഅവധിക്ക് പുറമെ അവർക്കാവശ്യമായ ആകസ്മികാവധി, പ്രസവാവധി ഉൾപ്പെടെയുള്ള കാര്യങ്ങൾകൂടി സ്വാശ്രയ കോളേജുകളിൽ ലഭ്യമാകുകയാണ്. അത് വലിയൊരു മാറ്റം എന്നുപറയാൻ കഴിയുന്ന പുരോഗമനപരമായ തീരുമാനമാണ്. കോളേജുകളിൽ വിവിധ തരത്തിലുള്ള ബോഡികൾ രൂപീകരിക്കുന്നതിനെക്കുറിച്ച് നേരത്തെ ഇവിടെ പറഞ്ഞു. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാണ് പ്രധാനമായ സ്ഥാനം നൽകിയിരിക്കുന്നത്. Internal Quality Assurance Cell (IQAC) എല്ലാ സ്വാശ്രയ കോളേജുകളിലും ഉണ്ടാകണം. അതുപോലെ P.T.A. രൂപീകരിക്കണം. പല സ്വാശ്രയ കോളേജുകളിലും ഇടിമുറികളുണ്ടെന്നാണ് പറയുന്നത്. ജിഷ്ണു പ്രണോയിയുടെയൊക്കെ കാര്യങ്ങൾ നമുക്കറിയാം. പല കോളേജുകളിലും അത്തരത്തിലുള്ള സാഹചര്യങ്ങളുണ്ടായിരുന്നു. ഇടിമുറികളൊന്നുമില്ലെങ്കിലും ഇന്റേണൽ മാർക്കും മറ്റുകാര്യങ്ങളുമായി ബന്ധപ്പെട്ട് മാനസികമായ പീഡനങ്ങൾ വരുമ്പോൾ Internal Quality Assurance Cell, അദ്ധ്യാപക രക്ഷകർതൃ സംഘടന (P.T.A.), വിദ്യാർത്ഥികളുടെ പരാതി പരിഹാര സെൽ, വിദ്യാർത്ഥികളുടെ പ്രതിനിധികളെ നിർബന്ധമായും ഉൾപ്പെടുത്തിക്കൊണ്ട് കോളേജ് യൂണിയൻ കൗൺസിൽ, സെക്ഷ്വൽ ഹരാസ്‌മെന്റിനെതിരായിട്ടുള്ള ഇന്റേണൽ കമ്മിറ്റിയടക്കമുള്ള സംവിധാനങ്ങൾ രൂപീകരിക്കണമെന്ന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുകയാണ്. കെട്ടുറപ്പുള്ള സംവിധാനമായി സ്വാശ്രയ മേഖലയെ മാറ്റുകയും അവിടത്തെ അദ്ധ്യാപകരെ അംഗീകരിക്കുകയും ചെയ്യുന്ന രീതിയിലുള്ള പ്രധാനപ്പെട്ട നിയമമാണ് ഇവിടെ ഉണ്ടാക്കിയിട്ടുള്ളത്. നമ്മുടെ അക്കാദമിക് നിലവാരത്തെ ഉന്നത നിലവാരത്തിലേയ്ക്ക് കൊണ്ടുപോകണം. അദ്ധ്യാപകർക്ക് നന്നായി ജോലി ചെയ്യാനുള്ള സാഹചര്യമൊരുക്കുന്നതോടൊപ്പം ബന്ധപ്പെട്ട റെഗുലേറ്ററി ബോഡി, യു.ജി.സി. അല്ലെങ്കിൽ യൂണിവേഴ്സിറ്റി പറയുന്ന യോഗ്യത അവർക്കുണ്ടാകണം. നിലവിൽ പത്തോ പതിനഞ്ചോ വർഷമായി ജോലി ചെയ്യുന്നവർക്ക് നിശ്ചിത യോഗ്യതയില്ലെങ്കിൽ അതുണ്ടാക്കാനുള്ള അവസരംകൂടി ഈ നിയമത്തിന്റെ ഭാഗമായി കൊണ്ടുവരണം. അങ്ങനെ പടിപടിയായി സ്വാശ്രയ മേഖലയെക്കൂടി നല്ല നിലവാരമുള്ള വിദ്യാഭ്യാസ മേഖലയാക്കി മാറ്റുകയെന്നതാണ്

പ്രധാനപ്പെട്ട ഉദ്ദേശ്യം. സ്വാശ്രയ മേഖലയിലെ യൂണിവേഴ്സിറ്റികളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പരമാവധി ഇന്റർനാഷണൽ സെമിനാറുകളിലും സിമ്പോസിയങ്ങളിലും കോൺഫറൻസുകളിലുമൊക്കെ പങ്കെടുക്കാൻ കഴിയുന്ന സാഹചര്യങ്ങളുണ്ടാക്കുകയും അതിന് പ്രത്യേകമായ സംവിധാനം ഗവൺമെന്റ് ഒരുക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നത് സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുമ്പോഴെങ്കിലും പരിശോധിക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യമാണ്. നിലവിൽ ശമ്പളം നൽകുന്നുണ്ട്. നിലവിൽ ഫീസ് അടയ്ക്കുന്നത് ബാങ്കുവഴിയായതുകൊണ്ടുതന്നെ യൂണിവേഴ്സിറ്റികൾക്ക് അക്കൗണ്ടുണ്ട്. അതിൽനിന്ന് നേരിട്ട് ശമ്പളമായി അദ്ധ്യാപകരുടെ അക്കൗണ്ടിലേയ്ക്ക് പണം വരികയാണെങ്കിൽ വലിയ രീതിയിലുള്ള ഗുണം അവർക്ക് ലഭിക്കുമെന്നാണ് പറയുന്നത്. അതുകൊണ്ട് അവർക്ക് ശമ്പളം നേരിട്ട് നൽകാനുള്ള കാര്യങ്ങൾകൂടി ചട്ടത്തിന്റെ ഭാഗമായി ഉണ്ടാകണമെന്നാണ് പറയാനുള്ളത്. താല്ക്കാലിക അദ്ധ്യാപകരെന്ന സംവിധാനം അവസാനിപ്പിക്കുകയും യോഗ്യതയുള്ള സ്ഥിരം അദ്ധ്യാപകരെ നിയമിച്ച് മാന്യമായ ശമ്പളവും സേവന-വേതന വ്യവസ്ഥകളും അവധിയടക്കമുള്ള കാര്യങ്ങളും നൽകിക്കൊണ്ട് കെട്ടുറപ്പുള്ള ഒരു സംവിധാനമായി സ്വാശ്രയ മേഖലയെ മാറ്റാനും വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഗണിച്ച് പരാതി പരിഹാരസെല്ലും യൂണിയൻ കൗൺസിലുകളും രൂപീകരിച്ചുകൊണ്ട് അവരുടെ അവകാശങ്ങൾ സ്ഥാപിക്കാനുള്ള അവസരം ഈ നിയമത്തിലൂടെ നൽകുകയാണ്. അത്തരത്തിലുള്ള ഒരു തീരുമാനമെടുത്ത സർക്കാരിനെ പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് മുൻമന്ത്രി ഡോ. കെ. ടി. ജലീലും ശ്രീ. മുഹമ്മദ് മുഹസിനുമാണ് സംസാരിച്ചത്. ഈ ബില്ലിന്റെ ആവശ്യകതയും ബിൽ പാസ്സാക്കിയാലുണ്ടാകാവുന്ന നേട്ടങ്ങളെ സംബന്ധിച്ചും പറയുകയുണ്ടായി. പ്രത്യേകിച്ച്, മുൻമന്ത്രിയായ ഡോ. കെ. ടി. ജലീൽ അതുസംബന്ധിച്ച് വിശദീകരിക്കുകയുണ്ടായി. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരും അനദ്ധ്യാപകരും അടിമകളെപ്പോലെയാണ് ജോലി ചെയ്ത് വരുന്നതെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന് മാറ്റം വരുത്തണമെന്ന് ആ സംഘടനയിൽപ്പെട്ടവരും മറ്റുള്ളവരും ആവശ്യപ്പെടാൻ തുടങ്ങിയിട്ട് നിരവധി വർഷങ്ങളായി. എന്നാൽ അതിനായി നിയമമുണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിരുന്നില്ല. അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകളും സ്ഥാപനങ്ങളുടെ ശരിയായ നടത്തിപ്പും ഈ നിയമത്തിലൂടെ ഒരു പരിധിവരെ ശരിയാക്കാൻ കഴിയുമെന്നാണ്

കരുതുന്നത്. ഏകദേശം നാൽപ്പതിനായിരത്തിലധികം വരുന്ന അദ്ധ്യാപകരും ഇരുപതിനായിരത്തിലധികം വരുന്ന അനദ്ധ്യാപകരും ആയിരത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങളുമുണ്ട്. അവിടെ ഇപ്പോൾ നിലനിൽക്കുന്ന അംഗീകരിക്കാൻ കഴിയാത്തതായ ചില പ്രശ്നങ്ങളുണ്ട്. അതിന് പരിഹാരമുണ്ടാക്കുകയെന്നുള്ളതാണ് ഈ ബില്ലിലൂടെ ലക്ഷ്യംവയ്ക്കുന്നത്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കിയാൽ ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ചും അവിടെ പഠിക്കുന്ന കുട്ടികളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുമാണ് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞത്. അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതയുമായി ബന്ധപ്പെട്ടുകൊണ്ടാണ് അവിടത്തെ കുട്ടികളുടെ നിലവാരം ഉയർന്നുവരുന്നത്. നിലവാരമില്ലാത്ത രീതിയിലേയ്ക്ക് നമ്മുടെ വിദ്യാഭ്യാസം മാറരുതെന്നുതന്നെയാണ് നമ്മൾ ആഗ്രഹിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരുപാട് മുന്നോട്ടുപോകാൻ നമുക്ക് കഴിയണം. വിവിധ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തുകൊണ്ടാണ് അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നതെങ്കിലും ഒരുനിയന്ത്രണവും ഇല്ലാത്തതിന്റെ ഫലമായി അവിടെ യോഗ്യതയുള്ള അദ്ധ്യാപകരില്ല. അവിടത്തെ പഠനരീതികളും വേണ്ടത്ര മെച്ചപ്പെടുത്താൻ കഴിയുന്നില്ല. അതെല്ലാം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് കേരളം എപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് നമ്മൾ മുമ്പിലാണെന്ന് അവകാശപ്പെടുമ്പോഴും ഉന്നതവിദ്യാഭ്യാസ രംഗത്ത് നമുക്ക് പ്രാപ്തിയും ഗുണമേന്മയും ഉറപ്പുവരുത്താൻ കഴിയുന്നില്ലെന്നുള്ളത് നമ്മൾ ചർച്ച ചെയ്ത കാര്യമാണ്. അതിന് കഴിയുന്ന രീതിയിലുള്ള ഇടപെടലാണ് ഇപ്പോൾ നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളം ജ്ഞാന സമൂഹമായി മാറണമെന്നും സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുന്നതിൽ പ്രധാനപ്പെട്ട ചാലകശക്തിയായി മാറണമെന്നും നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ രംഗത്ത് പുനഃസംഘടനയുണ്ടാക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് വലിയ രീതിയിൽ മാറ്റമുണ്ടാക്കുകയെന്നത് കേരളത്തിന് അനിവാര്യമായിട്ടുള്ള കാര്യമാണെന്ന് ഗവൺമെന്റ് തിരിച്ചറിയുകയാണ്. പൊതുവിദ്യാഭ്യാസ രംഗത്ത് നമ്മൾ നേടിയ നേട്ടങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്തും കൈവരിക്കാൻ കഴിയണം. ഗവൺമെന്റ് തലത്തിൽ അതിന് നല്ല രീതിയിലുള്ള മുതൽമുടക്ക് നടത്താൻ കുറച്ചുകാലമായി നമ്മൾ തയ്യാറായിട്ടുണ്ട്. അതിനാവശ്യമായ നിയമനിർമ്മാണവും നയരൂപീകരണവും നടത്താൻ നമുക്ക് കഴിയണം.

ഈ വർഷത്തെ ബഡ്ജറ്റിൽ അഞ്ഞൂറ് നവ കേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്, മുപ്പത് അന്തർ സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ എന്നിവ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇന്നലെ മന്ത്രിസഭായോഗം ചേർന്ന് 56 അദ്ധ്യാപകരുടെയും 62 അനദ്ധ്യാപകരുടെയും ഉൾപ്പെടെ 118 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് കേരളത്തിന്റെ അഭിമാനമായ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ തീരുമാനിച്ചു. സർവ്വകലാശാലകളെയും കോളേജുകളെയും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ കിഫ്ബിയുടെ ധനസഹായത്തോടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഒട്ടേറെ ക്യാമ്പസുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലെത്തിയിരിക്കുകയാണ്. കുട്ടികൾക്ക് മെച്ചപ്പെട്ട രീതിയിൽ പഠിക്കാൻ കഴിയുന്ന ഹോസ്റ്റൽ സൗകര്യമൊരുക്കൽ, ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് സേവനങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ, കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കാൻ കളിസ്ഥലം, മറ്റ് കായിക വിദ്യാഭ്യാസത്തിനുള്ള പശ്ചാത്തല സൗകര്യങ്ങൾ, ലൈബ്രറികൾ, ലബോറട്ടറികൾ എന്നിവയുടെ സ്ഥാപനവും നവീകരണവും ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇത്രയധികം മുതൽമുടക്ക് ഒരു സർക്കാരിന്റെയും കാലത്ത് ഉണ്ടായിട്ടില്ലെന്ന് അഭിമാനത്തോടെ നമുക്ക് പറയാൻ കഴിയും. ഗുണമേന്മ വർദ്ധിപ്പിച്ച് കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാനാണ് നമ്മൾ ലക്ഷ്യംവയ്ക്കുന്നത്. National Institutional Ranking Framework-ൽ നമ്മൾ വലിയ താഴ്ചയിലാണ് നിൽക്കുന്നത്. അത് ഉയർത്തിയെടുക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അതിന് കഴിയണമെങ്കിൽ ഇപ്പോഴുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സൗകര്യങ്ങളും ഗവേഷണ പ്രവർത്തനങ്ങളും കൂടുതൽ മെച്ചപ്പെടുത്തണം. അത്തരം സംവിധാനം ഒരുക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കുകയാണ്. National Assignment and Accreditation എല്ലാ സ്ഥാപനങ്ങൾക്കും നൽകുന്നതിന് മുൻതൂക്കം നൽകി നടപടി സ്വീകരിച്ചുവരികയാണ്. കേരളത്തിലെ പരമാവധി സ്ഥാപനങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുതകുന്ന തരത്തിൽ സർവ്വകലാശാലകൾ പുനഃസംഘടിപ്പിക്കുന്നതിന് പുതിയ നിയമങ്ങൾ വേണം. നിലവിലുള്ള സർവ്വകലാശാല നിയമം അതിന് പര്യാപ്തമല്ല. അതുകൊണ്ട് പുതിയ നിയമനിർമ്മാണം ഉൾപ്പെടെ സർക്കാർ പരിഗണിച്ചുവരികയാണ്. ഇതിനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, സർവ്വകലാശാല നിയമ പരിഷ്കരണ കമ്മീഷൻ, പരീക്ഷ പരിഷ്കരണ കമ്മീഷൻ എന്നീ മൂന്ന് കമ്മീഷനുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ വിദ്യാഭ്യാസനയം രൂപീകരിച്ച്

നടപ്പിലാക്കാൻ കഴിയണം. ഈ മൂന്ന് കമ്മീഷനുകളുടെയും റിപ്പോർട്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ രീതിയിലുള്ള മാറ്റത്തിന് ഇടവരുത്തുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ രംഗങ്ങളിലെ ഗുണമേന്മ വർദ്ധിപ്പിക്കുമ്പോൾ സ്വാശ്രയ സ്ഥാപനങ്ങളുടെയും ഗുണമേന്മ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിന് സഹായകരമായ നിയമനിർമ്മാണമാണ് ഇപ്പോൾ നമ്മൾ നടത്തുന്നത്. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വ്യവസ്ഥകൾ നിജപ്പെടുത്തി അവരെ ഗുണമേന്മയ്ക്കുവേണ്ടിയുള്ള പ്രയത്നങ്ങളിൽ ഭാഗഭാഗാക്കുകയെന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. സ്വകാര്യ വിദ്യാഭ്യാസ മേഖലയെ സാമൂഹ്യനീതിയുടെയും മെറിറ്റിന്റെയും അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച് ഉന്നത വിദ്യാഭ്യാസത്തിന്റെ വികസനത്തിൽ പങ്കാളികളാക്കുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പരാതി ലഭിച്ച സന്ദർഭത്തിൽ, വിദ്യാഭ്യാസമെന്ന് പറയുന്നത് കച്ചവടമല്ല, അതൊരു സാമൂഹ്യ സേവനമാണ് അല്ലെങ്കിൽ കാരുണ്യ പ്രവർത്തനമാണെന്നാണ് സുപ്രീം കോടതി പറഞ്ഞത്.

നാം കാണേണ്ട മറ്റൊരു കാര്യം, ദേശീയ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ടാണ്. ദേശീയ വിദ്യാഭ്യാസ നയം അടിച്ചേൽപ്പിക്കുന്നത് പ്രതിലോമകരമായ നിരവധി കാര്യങ്ങൾ നമ്മുടെ രാജ്യത്ത് നടപ്പിലാക്കാൻ വേണ്ടിയാണെന്ന് നാം തിരിച്ചറിയണം. മെച്ചപ്പെട്ട വിദ്യാഭ്യാസം ഒരുക്കിക്കൊണ്ട് നമുക്കതിനെ നേരിടാൻ കഴിയണം. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന പ്രതിലോമകരമായ വിദ്യാഭ്യാസ നയങ്ങൾക്കെതിരായി ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം ഒരുക്കിക്കൊണ്ട് കേരളത്തിന് അതിനെ അതിജീവിക്കാനും പ്രതിരോധം സൃഷ്ടിക്കാനും കഴിയേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയിൽ വർഗ്ഗീയവൽക്കരണം വർദ്ധിച്ചുവരികയാണ്. ജാതിചിന്തയും ജാതിബോധവും ഊട്ടി ഉറപ്പിക്കാൻ കഴിയുന്ന രീതിയിലേയ്ക്ക് വിദ്യാഭ്യാസ രംഗത്തെ മാറ്റിയെടുക്കാൻവേണ്ടിയാണ് നാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് നമ്മുടെ രാജ്യം നേടിയ നേട്ടങ്ങളെ പിന്നോട്ടടിപ്പിക്കുന്നതാണെന്ന് നല്ലതുപോലെ നാം തിരിച്ചറിയണം. ഉന്നതവിദ്യാഭ്യാസ രംഗത്തെപ്പോലും അതിനായി കേന്ദ്രസർക്കാർ ഉപയോഗിക്കുന്നുവെന്നുള്ളത് നാം ചർച്ച ചെയ്ത കാര്യമാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർ കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ ഫലമായി പരിഗണനയിലില്ലാതെ വരുന്ന സ്ഥിതി വരാൻ പോകുകയാണ്. നമ്മുടെ രാജ്യത്തെ പാവപ്പെട്ട ആളുകൾക്ക് സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയർന്നുവരാൻ കഴിയാത്ത സ്ഥിതിയിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് നയിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളത് നാം തിരിച്ചറിയണം. ഉന്നതവിദ്യാഭ്യാസ

രംഗത്തുനിന്നും പാവപ്പെട്ടവരെ പുറന്തതള്ളുന്നതിനുള്ള നടപടികളാണ് കേന്ദ്രം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹ്യപരമായ അടിച്ചമർത്തലുകൾക്ക് പ്രചോദനം നൽകുന്ന രീതിയിലാണ് കേന്ദ്ര ഗവൺമെന്റ് നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിനോടൊപ്പം നമ്മുടേതായ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയണം. ഈ ബിൽ പാസ്സാകുന്നതോടുകൂടി കേരളത്തിലെ സ്വാശ്രയ മേഖലയിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അല്ലെങ്കിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും സേവനവേതന വ്യവസ്ഥകളും അതോടൊപ്പം അടിമത്ത മനോഭാവവും മാറ്റിയെടുക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

ഡോ. കെ. ടി. ജലീൽ: സർ, ഈ ബില്ലിനാധാരമായിട്ടുള്ള ഓർഡിനൻസിലെ ചില വകുപ്പുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തു, ഈ നിയമം പാസ്സാക്കുന്നത് തടഞ്ഞുകൊണ്ട് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു എന്നുപറഞ്ഞ് ചില ദുഷ്പ്രചരണങ്ങൾ ഉണ്ടാകുന്നുണ്ട്. പ്രതിപക്ഷ നിരയിൽനിന്ന് ഒരു തടസ്സവാദം ഇതുമായി ബന്ധപ്പെട്ട് നൽകിയിരുന്നു. അതിന്റെ നിജസ്ഥിതികൂടി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചാൽ നന്നായിരിക്കും.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾ ഹനിക്കപ്പെടുമെന്ന ആശങ്കയാണ് അവർ മുന്നോട്ടുവച്ചിരിക്കുന്നതെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അതാണ് ബഹുമാനപ്പെട്ട കോടതിയിൽ ചോദ്യം ചെയ്തുവെന്ന പ്രചരണം നടത്തുന്നത്. ഞാൻ കോടതിയുടെ കാര്യം തന്നെയാണ് പറഞ്ഞത്. സ്വാശ്രയ മേഖലയിൽ ന്യൂനപക്ഷങ്ങൾക്ക് കോളേജുകൾ തുടങ്ങാനും അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുമൊക്കെയുള്ള അവകാശങ്ങൾ കോടതി നൽകുന്നുണ്ട്. വിദ്യാഭ്യാസമെന്നത് കച്ചവടമല്ല മറിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതാണെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിതന്നെ ചൂണ്ടിക്കാണിച്ചതാണ്. സുപ്രീം കോടതി ചൂണ്ടിക്കാണിച്ച കാര്യത്തെക്കുറിച്ചാണ് ഇവിടെ ആശങ്ക പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട സുപ്രീം കോടതി മറ്റൊരു കേസിൽ ഇങ്ങനെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതായത്, ന്യൂനപക്ഷങ്ങൾക്ക് സ്കൂളുകളോ കോളേജുകളോ ആരംഭിക്കാനും പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനുമുള്ള അവകാശമുള്ളപ്പോൾതന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണാവകാശം ദുരുപയോഗം ചെയ്യാനുള്ള അവകാശം നൽകാൻ കഴിയില്ലെന്നും അനാരോഗ്യകരമായ ചുറ്റുപാടിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം നടത്തുന്നത് തടയുന്നതിനും യോഗ്യതയുള്ള അദ്ധ്യാപകർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

ഉണ്ടായിരിക്കണമെന്നതിനും നിയന്ത്രണങ്ങൾ ആകാമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളൊന്നും തന്നെ സർക്കാർ കവർന്നെടുക്കുകയല്ല. വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ അതിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിൽ ഇടപെടാൻ സർക്കാരുകൾക്ക് അധികാരമുണ്ടെന്ന് തന്നെയാണ് സുപ്രീം കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ന്യൂനപക്ഷങ്ങൾക്ക് എന്തെങ്കിലും ആശങ്ക ഇക്കാര്യത്തിൽ ഉണ്ടാകേണ്ട ആവശ്യമില്ല. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്താൻവേണ്ടി അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും മാന്യമായി ജോലി ചെയ്യാൻ കഴിയുന്ന സാഹചര്യവും കുട്ടികൾക്ക് ഏറ്റവും മെച്ചപ്പെട്ട രീതിയിൽ പഠിക്കാൻ കഴിയുന്ന സംവിധാനവും ഒരുക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് ഉന്നതവിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചുള്ള ഒരു ബദൽ നിലപാടുമായി മുന്നോട്ടുവരുന്നത്. ബദൽ നയം നടപ്പിലാക്കുമ്പോൾ സ്വാശ്രയ രംഗത്തുള്ള ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. സ്വാശ്രയ മേഖലയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും മാന്യമായി ജീവിക്കാനുള്ള സാഹചര്യമുണ്ടാകും. ഈ നിയമം പാസ്സാകുന്നതോടുകൂടി കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ മാറ്റം ഉണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ബദൽ നയം നടപ്പിലാക്കാൻ സർക്കാർ നല്ലതുപോലെ ശ്രദ്ധിച്ചതുകൊണ്ടാണ് ഈ നിയമനിർമ്മാണം നടത്താനായി ഇപ്പോഴെങ്കിലും കഴിഞ്ഞതെന്നുള്ളത് അഭിമാനത്തോടുകൂടി ചൂണ്ടിക്കാണിക്കുന്നു. നേരത്തെ ഡോ. കെ. ടി. ജലീൽ പറഞ്ഞതുപോലെ ഇത് കേരളത്തിന്റെ അഭിമാന ദിവസമായി മാറുകയാണ്. 1957-നുമുമ്പുള്ള കേരളത്തിലെ അദ്ധ്യാപകർ അടിമ ജോലി ചെയ്തവരായിരുന്നു. അടിമജോലി ചെയ്തിരുന്ന അദ്ധ്യാപകരെ അഭിമാനബോധമുള്ളവരാക്കി മാറ്റിയ വിദ്യാഭ്യാസ പരിഷ്കാര നിയമം കൊണ്ടുവന്നത് 1957-ലാണ്. അതിന് സമാനമല്ലെങ്കിൽപ്പോലും സ്വാശ്രയ മേഖലയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന പതിനായിരക്കണക്കിന് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ആത്മാഭിമാനത്തോടുകൂടി ജോലി ചെയ്യാനും ആ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠനം ലഭ്യമാകുന്നതിനുംവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കുന്നതിന്, പ്രതിപക്ഷത്തിന്റെയും സഹകരണം ആവശ്യമായിരുന്നു. അവർ ധാരാളം ഭേദഗതികളും ഡിസെന്റും നൽകിയിട്ടുണ്ടെങ്കിലും അവരാരും ഇപ്പോൾ സഭയിലില്ല. അതുകൊണ്ട് അക്കാര്യങ്ങളെക്കുറിച്ച് കൂടുതൽ പറയാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നില്ല. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച '1 എ' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച '1 എ' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച '2 ബി' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച '2 ബി' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

198. ഖണ്ഡം 2 (എ)-ൽ "അദ്ധ്യാപകനായോ അനദ്ധ്യാപക ജീവനക്കാരനായോ" എന്നതിന് പകരം "അവശ്യതസ്തികയിൽ" എന്ന് ചേർക്കുക.

200. ഖണ്ഡം 2 (എ)-ൽ "നിയമിക്കപ്പെടുന്നതിന്" എന്നതിന് ശേഷം "ഒരാൾ" എന്ന് ചേർക്കുക.

223. ഖണ്ഡം 2 (ഡി)-ൽ "നിയമിക്കുകയും" എന്നതിന് പകരം " നിയമിക്കപ്പെടുകയും" എന്ന് ചേർക്കുക.

226. ഖണ്ഡം 2(ഡി)-ൽ "നിയമിക്കുകയും" എന്നതിന് ശേഷം "കോളേജ്" എന്ന് ചേർക്കുക.

231. ഖണ്ഡം 2(ഡി)-ൽ "ചെയ്തതുമായ" എന്നതിന് പകരം "ചെയ്യപ്പെട്ടതുമായ" എന്ന് ചേർക്കുക.

245. ഖണ്ഡം 2(ജി)-ൽ "അതിൽ" എന്നതിന് ശേഷം "അതത് കോളേജ് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള" എന്നത് ചേർക്കുക.

255. ഖണ്ഡം 2 (എച്ച്)-ൽ "കോഴ്സുകൾക്കായി" എന്നതിന് പകരം "കോഴ്സുകൾ നടത്തുന്നതിലേക്കായി" എന്ന് ചേർക്കുക.

256. ഖണ്ഡം 2 (എച്ച്)-ൽ "കോഴ്സുകൾക്കായി" എന്നതിന് ശേഷം "അതത് " എന്ന് ചേർക്കുക.

259. ഖണ്ഡം 2 (ഐ)-ൽ "അഫിലിയേറ്റ് ചെയ്തതു" എന്നതിന് ശേഷം "സർവ്വകലാശാല" എന്ന് ചേർക്കുക.

264. ഖണ്ഡം 2 (ഐ)-ൽ "കോളേജും" എന്ന വാക്ക് വരുന്നിടത്തെല്ലാം "കോളേജുകളും" എന്ന് ചേർക്കുക.

278. ഖണ്ഡം 2(കെ)-ൽ "ചെയ്തതുമായ" എന്നതിന് പകരം "ചെയ്യപ്പെട്ടതുമായ" എന്ന് ചേർക്കുക.

279. ഖണ്ഡം 2(കെ)-ൽ "ഒരാൾ" എന്നതിന് പകരം "പഠിതാവ്" എന്ന് ചേർക്കുക.

285. ഖണ്ഡം 2(എൽ)-ൽ "നിയമിക്കുകയും" എന്നതിന് പകരം "നിയമിക്കപ്പെടുകയും" എന്ന് ചേർക്കുക.

293. ഖണ്ഡം 2(എൽ)-ൽ "ചെയ്തതുമായ" എന്നതിന് പകരം "ചെയ്യപ്പെട്ടതുമായ" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 2 (എ)-ക്കു ശേഷം (ബി) ആയി ചുവടെപ്പറയുന്നത് ചേർക്കുകയും ബാക്കിയുള്ളവ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(ബി) "നിയമന ഉത്തരവ്" എന്നാൽ ഒരു സ്വാശ്രയ കോളേജിൽ സർക്കാരോ സർവ്വകലാശാലയോ റെഗുലേറ്ററി ബോഡികളോ നിശ്ചയിക്കുന്ന സേവന വേതന വ്യവസ്ഥയിൽ അദ്ധ്യാപകരായോ അനദ്ധ്യാപകരായോ ഒരാളെ മാനേജർ നിയമിക്കുന്ന ഉത്തരവ് എന്നർത്ഥമാകുന്നു;"

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

220. ഖണ്ഡം 2 (ഡി)-ൽ "ഏജൻസിയുമായുള്ള കരാർ പ്രകാരം നിയമിക്കുകയും" എന്നതിന് പകരം " ഏജൻസി കരാറടിസ്ഥാനത്തിലോ സ്ഥിരം നിയമനവ്യവസ്ഥയിലോ നിയമിച്ചതും" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 2 (ജി)-ൽ "ആർക്കിടെക്ചർ" എന്നതിന് പകരം "ആർക്കിടെക്ച്ചർ" എന്ന് ചേർക്കുക

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

265. ഖണ്ഡം 2(ഐ)-ൽ " കോളേജും" എന്ന വരുന്നിടത്തെല്ലാം "കോളേജോ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

281. ഖണ്ഡം 2(എൽ)-ൽ "ഏജൻസിയുമായുള്ള കരാർ പ്രകാരം നിയമിക്കുകയും" എന്നതിന് പകരം "ഏജൻസി കരാറടിസ്ഥാനത്തിലോ സ്ഥിരം നിയമനവ്യവസ്ഥയിലോ നിയമിച്ചതും" എന്ന് ചേർക്കുക.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 209-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

209. ഖണ്ഡം 2 (ബി)-ൽ "ചെയ്യുന്നതും" എന്നതിന് ശേഷം "അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത " എന്ന് ചേർക്കുക.

മി. സ്പീക്കർ: 222, 224 എന്നീ നമ്പർ ഭേദഗതികൾ 223-ാം നമ്പർ ഭേദഗതിക്കും 230-ാം നമ്പർ ഭേദഗതി 231-ാം നമ്പർ ഭേദഗതിക്കും 286-ാം നമ്പർ ഭേദഗതി 285-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 223, 231, 259, 278, 285, 293 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 223, 231, 259, 278, 285, 293 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 198, 200, 226, 245, 255, 256, 264, 279 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

12.00 Noon]

മൂന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

302. ഖണ്ഡം 3(1)-ൽ "കോഴ്സുകൾക്ക് വേണ്ടി" എന്നതിനുപകരം "കോഴ്സുകളുടെ നടത്തിപ്പിനായി അതത്" എന്ന് ചേർക്കുക.

304. ഖണ്ഡം 3(1)-ൽ "നിയമനത്തിന്" എന്നതിനുപകരം "നിയമനങ്ങൾക്ക്"എന്ന് ചേർക്കുക.

314. ഖണ്ഡം 3(1)-ൽ "വിജ്ഞാപനംമൂലം" എന്നതിനുപകരം "വിജ്ഞാപനം മൂലം" എന്ന് ചേർക്കുക.

319. ഖണ്ഡം 3(2)-ൽ "തസ്തികകളിലേക്ക്" എന്നതിനുശേഷം "നിയമിക്കപ്പെടുന്നതിന്" എന്ന് ചേർക്കുക.

329. ഖണ്ഡം 3(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "തസ്തിക വഹിക്കുന്ന" എന്നതിനുപകരം "തസ്തികയിൽ നിയമിതനായ" എന്ന് ചേർക്കുക.

330. ഖണ്ഡം 3(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഒരു ജീവനക്കാരന്" എന്നതിനുപകരം "ഏതൊരാൾക്കും" എന്ന് ചേർക്കുക.

342. ഖണ്ഡം 3(3)-ൽ "അപേക്ഷ" എന്നതിനുപകരം "അപേക്ഷകൾ" എന്ന് ചേർക്കുക.

344. ഖണ്ഡം 3(3)-ൽ "പരിശോധിച്ചശേഷം" എന്നതിനുശേഷം "പ്രധാനമായും മെറിറ്റ് അടിസ്ഥാനത്തിൽ " എന്ന് ചേർക്കുക.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

313. ഖണ്ഡം 3(1)-ൽ "വിജ്ഞാപനംമൂലം" എന്നതിനുപകരം "വിജ്ഞാപനം മുഖേന" എന്ന് ചേർക്കുക.

317. ഖണ്ഡം 3(2)-ൽ "തസ്തികളിലേയ്ക്ക്" എന്നതിനുശേഷം "നിയമിക്കപ്പെടുന്ന ഏതൊരാൾക്കും" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

348. ഖണ്ഡം 3(3)-ൽ "ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതും" എന്നതിന് പകരം "വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള യോഗ്യതയുടെയും പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ സുതാര്യമായ രീതിയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അതിൽ നിന്ന് " എന്ന് ചേർക്കുക.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

355. ഖണ്ഡം 3(3) നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(4) നിയതമായ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ വിദ്യാഭ്യാസ ഏജൻസിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്."

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ശ്രീമതി കെ. കെ. രമയുടെ 310-ാം നമ്പർ ഭേദഗതിയും ശ്രീ. റോജി എം. ജോണിന്റെ 345-ാം നമ്പർ ഭേദഗതി ഭേദഗതിയോടെയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

310. ഖണ്ഡം 3(1)-ൽ

(i) "അപേക്ഷ" എന്ന വാക്ക് ഒഴിവാക്കുക.

(ii) "വിജ്ഞാപനംമൂലം" എന്നതിനുശേഷം "അപേക്ഷ" എന്ന വാക്ക് ചേർക്കുക.

345. ഖണ്ഡം 3(3)-ൽ "ശേഷം" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടാവുന്നതിൻ പ്രകാരം അപേക്ഷകരുടെ അഭിമുഖം നടത്തി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 298 മുതൽ 301 വരെയുള്ള ഭേദഗതികൾ മാർജിനൽ ശീർഷകത്തിനാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും 311, 312 എന്നീ നമ്പർ ഭേദഗതികൾ 310-ാം നമ്പർ ഭേദഗതിക്കും 340, 341 എന്നീ നമ്പർ ഭേദഗതികൾ 342-ാം നമ്പർ ഭേദഗതിക്കും 346-ാം നമ്പർ ഭേദഗതി 345-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 310, 345 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും മന്ത്രി സ്വീകരിച്ച 317-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 302, 304, 314, 319, 329, 330, 342, 344 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

358. ഖണ്ഡം 4(1)-ൽ "സ്വശ്രയ" എന്നതിന് മുൻപിൽ "സ്വാശ്രയ കോളേജിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിലെ സേവന-വേതന വ്യവസ്ഥകൾ സർക്കാർ നിശ്ചയിക്കേണ്ടതും " എന്ന് ചേർക്കുക.

394. ഖണ്ഡം 4(3)-ൽ "പ്രൈവറ്റ്" എന്നതിനുപകരം "സ്വകാര്യ-എയ്ഡഡ്" എന്ന് ചേർക്കുക.

424. ഖണ്ഡം 4(4)-ൽ ക്ലിപ്തനിബന്ധനയിൽ "നിയമിക്കപ്പെട്ട" എന്നതിനുപകരം "നിയമിക്കപ്പെട്ടിരുന്ന" എന്ന് ചേർക്കുക.

428. ഖണ്ഡം 4(4)ന്റെ ക്ലിപ്തനിബന്ധനയിൽ "ആറുമാസത്തിനകം" എന്നതിനുപകരം "ഒരു വർഷത്തിനുള്ളിൽ" എന്ന് ചേർക്കുക.

436. ഖണ്ഡം 4(5)-ൽ "നിയമിക്കപ്പെട്ട" എന്നതിനുപകരം "നിയമിക്കപ്പെടുന്ന"എന്ന് ചേർക്കുക.

442. ഖണ്ഡം 4(5)-ൽ "ആറുമാസത്തിനകം" എന്നതിനുപകരം "ഒരു വർഷത്തിനുള്ളിൽ"എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

359. ഖണ്ഡം 4(1)-ൽ "കോളേജിലെ" എന്നതിന് പകരം "കോളേജിൽ കരാറടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

381. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "അങ്ങനെയുള്ള വ്യവസ്ഥകളിൽ പരാമർശിച്ചിട്ടുള്ളതിനേക്കാൾ" എന്നതിനുപകരം "സർക്കാരോ സർവ്വകലാശാലയോ റെഗുലേറ്ററി ബോഡികളോ നിർണ്ണയിച്ചിട്ടുള്ളതിനേക്കാൾ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

386. ഖണ്ഡം 4(2)-ൽ "പ്രൈവറ്റ്" എന്നതിനുപകരം "സ്വകാര്യ" എന്ന് ചേർക്കുക.

413. ഖണ്ഡം 4(4)-ൽ "ഒരു" എന്നത് ഒഴിവാക്കുക.

446. ഖണ്ഡം 4(6)-ൽ "നിയമനത്തിനായി" എന്നതിനുപകരം "നിയമനത്തിനുള്ള" എന്ന് ചേർക്കുക.

447. ഖണ്ഡം 4(6)-ൽ "വിരമിക്കൽ" എന്നതിനുപകരം "വിരമിക്കുന്നതിനുള്ള" എന്ന് ചേർക്കുക.

448. ഖണ്ഡം 4(6)-ൽ "പ്രായവും" എന്നതിനുശേഷം "അതത്" എന്ന് ചേർക്കുക.

460. ഖണ്ഡം 4(7)-ൽ "പ്രകാരം" എന്നതിനുശേഷം "അതത് സർവ്വകലാശാലയെ യഥാവിധി അറിയിച്ച ശേഷം" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

399. ഖണ്ഡം 4 (3) -ൽ "ആകസ്മിക" എന്നതിന് മുമ്പായി "ആർജ്ജിതാവധി, അർദ്ധവേതനാവധി, ശൂന്യവേതനാവധി" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

411. ഖണ്ഡം 4 (3)-ന് ചുവടെപ്പറയും പ്രകാരം ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് കരാറിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള അവധിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്."

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 384, 388 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

384. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "അധികാരം" എന്നതിനുപകരം "അധികാരത്തെ" എന്ന് ചേർക്കുക.

388. ഖണ്ഡം 4(3)-ൽ "കോളേജ്" എന്നതിനുപകരം "കോളേജിലെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 357-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും 445-ാം നമ്പർ ഭേദഗതി 446-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 384, 388 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 358, 394, 424, 428, 436, 442 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 359-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 386, 413, 446, 447, 448, 460 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 399-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

465. ഖണ്ഡം 5-ൽ "സങ്കടം" എന്നതിനുപകരം "സങ്കടവും വിഷമവും" എന്ന് ചേർക്കുക.

470. ഖണ്ഡം 5-ൽ "വൈസ്-ചാൻസലർ" എന്നതിനുശേഷം "മൂന്നുമാസത്തിനകം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 465, 470 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

482. ഖണ്ഡം 6-ൽ "രജിസ്റ്ററുകളും" എന്നതിനുശേഷം "ബന്ധപ്പെട്ട സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

485. ഖണ്ഡം 6-ൽ "പരിപാലിക്കേണ്ടതാണ്" എന്നതിനുശേഷം "ആവശ്യപ്പെടുന്ന പക്ഷം പ്രസ്തുത രജിസ്റ്ററുകളും റെക്കോർഡുകളും സർവ്വകലാശാലയുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 485-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഏഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

488. ഖണ്ഡം 7(1)-ൽ "നിയമിച്ച" എന്നതിനുപകരം "നിയമിക്കപ്പെടുന്ന" എന്ന് ചേർക്കുക.

497. ഖണ്ഡം 7(2)-ൽ "തീയതിക്ക് മുമ്പ്" എന്നതിനുശേഷം "ഒരു" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

502. ഖണ്ഡം 7(2)-ൽ "മൂന്ന് മാസത്തിനകം" എന്നതിനുപകരം "ഒരു വർഷത്തിനുള്ളിൽ" എന്ന് ചേർക്കുക.

523. ഖണ്ഡം 7 (4)-ൽ "കർത്തവ്യങ്ങളും" എന്നതിനുശേഷം "ചുമതലകളും" എന്ന് ചേർക്കുക.

533. ഖണ്ഡം 7 (4)-ൽ "തീരുമാനവും" എന്നതിനുശേഷം "അതത്" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

531. ഖണ്ഡം 7 (4)-ൽ "ലക്ഷ്യങ്ങൾ നേടുന്നതിലേയ്ക്കായി" എന്നതിനുപകരം "ലക്ഷ്യങ്ങൾക്കനുസൃതമായി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 489-ാം നമ്പർ ഭേദഗതി 488-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 488, 497 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 502, 523, 533 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 531-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

535. ഖണ്ഡം 8(1)-ൽ "കഴിയുന്നത്ര വേഗം," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "അതത്" എന്ന് ചേർക്കുക.

550. ഖണ്ഡം 8 (2)-ൽ "എന്നിവ" എന്നതിനുശേഷം "അതത് " എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

541. ഖണ്ഡം 8(1) (ii)-ൽ "അസോസിയേഷൻ" എന്നതിനുപകരം "സമിതി" എന്ന് ചേർക്കുക.

546. ഖണ്ഡം 8 (1) (v)-ൽ "കംപ്ലയിന്റ്സ് കമ്മിറ്റി" എന്നതിനുപകരം "പരാതി പരിഹാര ഫോറം " എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച 541-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 535, 550 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 546-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

569. ഖണ്ഡം 10-ൽ "സംബന്ധിച്ച്" എന്നതിനുശേഷം "അതത്" എന്ന് ചേർക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

572. ഖണ്ഡം 10-ൽ "അധികാരസ്ഥാനത്തിനോ" എന്നതിനുമുൻപ് "ഏതെങ്കിലും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 561-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനായതിനാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 572-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച 572-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 569-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

577. ഖണ്ഡം 11-ൽ "ഉണ്ടായേക്കാവുന്ന" എന്നതിനുശേഷം "ഏതെങ്കിലും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 577-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

592. ഖണ്ഡം 12-ൽ "ഉത്തരവുമൂലം" എന്നതിനുപകരം "ഉത്തരവ് മുഖേന" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 592-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

619. ഖണ്ഡം 14(2)-ൽ "രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന" എന്നതിന് പകരം "സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ പതിനാല് ദിവസം പൂർത്തിയാകുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 619-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

ഒന്നാം വകുപ്പും പീഠികയും പേരും

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

106. ശീർഷകത്തിൽ "സേവനവ്യവസ്ഥകളും" എന്നതിനുപകരം "സേവന വ്യവസ്ഥകളും"എന്ന് ചേർക്കുക.

120. ദീർഘശീർഷകത്തിൽ "സേവനവ്യവസ്ഥകളും" എന്നതിനുപകരം "സേവന വ്യവസ്ഥകളും"എന്ന് ചേർക്കുക.

129. ദീർഘശീർഷകത്തിൽ "മറ്റു" എന്നതിനുപകരം "മറ്റ്"എന്ന് ചേർക്കുക.

143. പീഠികയിൽ "സേവനവ്യവസ്ഥകളും" എന്നതിനുപകരം "സേവന വ്യവസ്ഥകളും" എന്ന് ചേർക്കുക.

153. പീഠികയിൽ "മറ്റു" എന്നതിനുപകരം "മറ്റ് " എന്ന് ചേർക്കുക.

166. ഖണ്ഡം 1(1)-ൽ "സേവനവ്യവസ്ഥകളും" എന്നതിനുപകരം "സേവന വ്യവസ്ഥകളും" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. ശീർഷകത്തിൽ "സേവനവ്യവസ്ഥകളും" എന്നതിനുപകരം "സേവന-വേതന വ്യവസ്ഥകളും"എന്ന് ചേർക്കുക.

123. ദീർഘശീർഷകത്തിൽ "സേവനവ്യവസ്ഥകളും" എന്നതിനുപകരം "സേവന-വേതന വ്യവസ്ഥകളും"എന്ന് ചേർക്കുക.

146. പീഠികയിൽ "സേവനവ്യവസ്ഥകളും" എന്നതിനുപകരം "സേവന-വേതന വ്യവസ്ഥകളും" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

169. ഖണ്ഡം 1(1)-ൽ "സേവനവ്യവസ്ഥകളും" എന്നതിനുപകരം "സേവന-വേതന വ്യവസ്ഥകളും" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ദീർഘശീർഷകത്തിൽ "സംസ്ഥാനത്ത്" എന്നതിന് മുൻപ് "കേരള"എന്ന് ചേർക്കുക.

132. പീഠികയിൽ "സംസ്ഥാനത്ത്" എന്നതിന് മുൻപ് "കേരള" എന്ന് ചേർക്കുക.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ 110-ാം നമ്പർ ഭേദഗതിയും ശ്രീ. എ. പി. അനിൽ കുമാറിന്റെ 133-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ "സംസ്ഥാനത്ത്"എന്നത് ഒഴിവാക്കുക.

133. പീഠികയിൽ "സംസ്ഥാനത്ത്" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 110, 133 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 106, 120, 129, 143, 153, 166 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 108, 123, 146, 169 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 109, 132 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

# X. ധനകാര്യം

## 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,31,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ജില്ലാഭരണവും പലവകയുമെന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,00,000 രൂപയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 806,64,16,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 475,94,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,62,60,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

| ക്രമ നമ്പർ | വകുപ്പുമന്ത്രി | ധനാഭ്യർത്ഥനയുടെ നമ്പരും പേരും | | (തുക) രൂപയിൽ |
|---|---|---|---|---|
| 1 | മുഖ്യമന്ത്രി | II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 1,31,02,000 |
| 2 | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | XI | ജില്ലാ ഭരണവും പലവകയും | 10,00,00,000 |
| 3 | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | XV | പൊതുമരാമത്ത് | 806,64,16,000 |
| 4 | തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | XXII | നഗരവികസനം | 1,000 |
| | | XXXV | പഞ്ചായത്ത് | 1,000 |
| | | XXXVI | ഗ്രാമവികസനം | 1,000 |
| 5 | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ, ദേവസ്വം വകുപ്പുമന്ത്രി | XXV | പട്ടികജാതി /പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 8,000 |
| 6 | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | XXX | ഭക്ഷ്യം | 475,94,01,000 |
| 7 | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | XXXVII | വ്യവസായങ്ങൾ | 1,000 |
| 8 | ഗതാഗത വകുപ്പുമന്ത്രി | XLI | ഗതാഗതം | 3,62,60,000 |

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം എല്ലാ അർത്ഥത്തിലും വളരെ ഗൗരവമേറിയതും പ്രാധാന്യമർഹിക്കുന്നതുമായ സമ്മേളനമായിരുന്നു എന്നതാണ് വസ്തുത. ഒന്നാം പിണറായി ഗവൺമെന്റ് പാസ്സാക്കാൻ ഉദ്ദേശിച്ച് ഓർഡിനൻസായി ഇറക്കിയിട്ടുള്ള നിരവധി പ്രധാനപ്പെട്ട നിയമങ്ങൾ ഈ നിയമസഭയുടെ ശ്രദ്ധയിൽ വരികയുണ്ടായി. ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ രൂപീകരണം, തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമനിധി തുടങ്ങി നിരവധി ക്ഷേമനിധി ബില്ലുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള നിരവധി നിയമങ്ങളുടെ ഭേദഗതികൾ, വ്യവസായ മേഖലയിൽ എം.എസ്.എം.ഇ. സുഗമമാക്കുന്നതിന് വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ, കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, പബ്ലിക് ഹെൽത്ത് ആക്ട്, വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത് സംബന്ധിച്ച ബിൽ എന്നിവയൊക്കെ സഭയുടെ പരിഗണനയ്ക്ക് വന്നതാണ്. കേരളത്തിന്റെ വികസനത്തിന് നാന്ദികുറിക്കുന്ന അല്ലെങ്കിൽ ഒരു നാഴികക്കല്ലായി മാറുന്ന നിരവധി പ്രധാനപ്പെട്ട നിയമങ്ങളാണ് ഈ നിയമസഭയുടെ ശ്രദ്ധയിൽ വന്നിട്ടുള്ളത്. ഈ ഗവൺമെന്റ് വളരെ കരുതലോടുകൂടി ഏത് പ്രതിസന്ധിഘട്ടത്തിലും മുന്നോട്ടുവരാൻ തയ്യാറായിട്ടുണ്ട്. അതുകൊണ്ട് 2021-22-ലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ പൂർണ്ണമനസ്സോടുകൂടി നമുക്ക് പാസ്സാക്കിയെടുക്കുന്നതിന് സാധിക്കും. അതെല്ലാംതന്നെ ജനങ്ങളുമായി ബന്ധപ്പെട്ട, ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് വിനിയോഗിക്കുന്നത്. ഇത്തരം കാര്യങ്ങളെക്കുറിച്ച് ദീർഘമായി സംസാരിക്കുന്നില്ല. എങ്കിലും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രകടന പത്രികയിൽ വിഭാവന ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിനാണ് ഈ തുകയെല്ലാം വിനിയോഗിക്കുന്നതെന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്. പ്രതിസന്ധി ഘട്ടത്തിലും ഉല്പാദനം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നു. ഉല്പാദനവർദ്ധനവ് നീതിയുക്തമായി വിതരണം ചെയ്യുക എന്നതുകൂടിയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. എല്ലാവർക്കും അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുകയും എല്ലാ ജനങ്ങളുടെയും ജീവിതപ്രയാസങ്ങൾ ലഘൂകരിക്കുകയും ചെയ്യുന്നതോടൊപ്പം കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയായി വളർത്തിയെടുക്കുക എന്നുള്ളതും പ്രധാനമാണ്. എൽ.ഡി.എഫ്.-ന്റെ രണ്ടാം വരവിൽ കേരളത്തിലെ അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനാണ് ഊന്നൽ

നൽകുന്നത്. അതാണ് സർക്കാരിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, കെ-ഡിസ്ക്-ന്റെ ആഭിമുഖ്യത്തിൽ തൊഴിലവസരങ്ങൾ കണ്ടെത്തുക തുടങ്ങിയ സംവിധാനങ്ങളിലൂടെ പട്ടിണി ഇല്ലാതാക്കാൻ ശ്രമം നടത്തുന്നു. ഇന്ത്യ മൊത്തം പരിശോധിക്കുമ്പോൾ, താരതമ്യേന പട്ടിണിയില്ലാത്ത രാജ്യമാണ് കേരളം. പട്ടിണി ഇൻഡക്സിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന രാജ്യമായി ഇന്ത്യ നിൽക്കുമ്പോൾ കൊടുംപട്ടിണി നേരത്തെതന്നെ പരിഹരിച്ച സംസ്ഥാനമാണ് കേരളം. പക്ഷേ, പട്ടിണിയുടെ അല്ലെങ്കിൽ ദാരിദ്ര്യത്തിന്റെ മാനദണ്ഡം എന്താണെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ദാരിദ്ര്യത്തിന്റെ മാനദണ്ഡം ദാരിദ്ര്യരേഖ താഴേയ്ക്ക് താഴ്ത്തിവയ്ക്കുക എന്നുള്ളതല്ല, ദാരിദ്ര്യരേഖ മുകളിലേയ്ക്ക് ഉയർത്തിക്കൊണ്ട് കുറേക്കൂടി സൗകര്യങ്ങളുള്ള അവസ്ഥയാണ് പട്ടിണിയില്ലാത്ത അല്ലെങ്കിൽ ദാരിദ്ര്യമില്ലാത്ത അവസ്ഥ എന്ന് സൂചിപ്പിക്കുന്നതിനാണ് കേരള സർക്കാർ തയ്യാറാകുന്നത്. ആ അർത്ഥത്തിൽ ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. ജനങ്ങൾക്ക് പാർപ്പിടം നൽകുക, അവർക്ക് ഭക്ഷണം കൃത്യമായി ലഭ്യമാക്കുക, അവരുടെ ആരോഗ്യ-വിദ്യാഭ്യാസ സംരക്ഷണം ഉറപ്പുവരുത്തുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് വ്യക്തിപരമായി അവരുടെ അന്തസ്സ് ഉയർത്തുക എന്നിങ്ങനെ വളരെ വ്യക്തമായ പ്ലാനിംഗാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 1957 മുതൽ ഓരോ ഘട്ടത്തിലും വളരെ വ്യക്തമായ പ്ലാനിംഗോടുകൂടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തെ മുന്നോട്ട് നയിച്ചിട്ടുള്ളതെന്ന് കാണാൻ സാധിക്കും. കഴിഞ്ഞ സർക്കാരിന്റെ പ്രകടന പത്രികയിൽ പറഞ്ഞ എല്ലാ വാഗ്ദാനങ്ങളും പാലിച്ചുകൊണ്ടാണ് രണ്ടാമതും വലിയ ഭൂരിപക്ഷത്തോടെ ഈ സർക്കാർ അധികാരത്തിൽ വന്നിട്ടുള്ളത്. ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി നൽകിയത് സർവ്വകാല റെക്കോർഡാക്കിക്കൊണ്ട് 175000 പേർക്ക് കഴിഞ്ഞ തവണ പട്ടയം നൽകാൻ സാധിച്ചു. ഇനി ഡിജിറ്റൽ സർവ്വേ നടക്കുമ്പോൾ മുഴുവൻ ആളുകൾക്കും ഭൂമി നൽകാൻ സാധിക്കും. ലാൻഡ് ബാങ്ക് രൂപീകരിക്കാനുള്ള തീരുമാനംകൂടി സർക്കാർ എടുത്തിരിക്കുകയാണ്. അതുവഴി വലിയ മാറ്റമുണ്ടാകും. ഗുഡ് ഗവേണൻസിന് കേരളം ഒന്നാമതായതിന്റെ അവാർഡ് ലഭ്യമായത് ഇത്തരത്തിലുള്ള ശാസ്ത്രീയമായ ആസൂത്രണത്തിന്റെയും ജനകീയമായ നടത്തിപ്പിന്റെയും ഭാഗമായിട്ടാണെന്ന് കാണാൻ സാധിക്കും. എല്ലാ മേഖലയിലും കേരളത്തിന് പുരസ്കാരങ്ങൾ ലഭ്യമായിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. ഗുഡ് ഗവേണൻസിനുപുറമെ ആരോഗ്യ മേഖലയിലും മൂന്ന് പ്രധാനപ്പെട്ട പുരസ്കാരങ്ങൾ ലഭിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ജനങ്ങൾക്ക് നൽകിയ സംസ്ഥാനമെന്ന നിലയിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ വലിയൊരു പദ്ധതിയായിരുന്നു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. അതിനായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) രൂപീകരിച്ചുകൊണ്ട്

42 ലക്ഷത്തിലധികം ആളുകളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കാൻ കഴിഞ്ഞു. മാത്രമല്ല, കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടെ ഇൻഷ്വറൻസ് നടത്തിപ്പിനുവേണ്ടി റിലയൻസ് പോലുള്ള കമ്പനികളെയാണ് ഏല്പിക്കുന്നത്. എന്നാൽ സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റി രൂപീകരിച്ചുകൊണ്ട് ജനങ്ങൾക്ക് സഹായകരമായ വിധത്തിൽ നേരിട്ട് ധനസഹായം എത്തിക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചുവെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. അതുകൊണ്ടാണ് കോവിഡ് സമയത്ത് സ്വകാര്യ ആശുപത്രികളിലടക്കം കാസ്പിന്റെ സേവനങ്ങൾ ലഭ്യമാക്കിക്കൊണ്ട് ജനങ്ങൾക്ക് സൗജന്യ ചികിത്സ നൽകാൻ സാധിച്ചത്. അതിന്റെ ഭാഗമായിട്ടാണ് കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമെന്ന നിലയിൽ കേന്ദ്രഗവൺമെന്റിന്റെ അവാർഡിന് കേരളം അർഹമായത്. അതുപോലെ നല്ല രീതിയിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയതിന് കോട്ടയം മെഡിക്കൽ കോളേജിനും ഏറ്റവും കൂടുതൽ ആളുകളുടെ ഇൻഷ്വറൻസ് പുതുക്കിയതിന് ആലപ്പുഴ മെഡിക്കൽ കോളേജിനും അവാർഡ് ലഭ്യമായിരിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷം നടത്തിയ പ്രവർത്തനങ്ങൾ പലതവണയായി ഇവിടെ സൂചിപ്പിച്ചതാണ്. പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി സ്കൂളുകളെല്ലാം ഇന്ന് ഹൈടെക്കായിരിക്കുന്നു. ബാക്കിയുള്ള സ്കൂളുകളിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഈ സർക്കാർ ശ്രദ്ധിക്കുന്നത്. അതുപോലെ സ്കൂളുകളിൽ കെട്ടിടങ്ങളുടെ പ്രവൃത്തി പൂർത്തിയായെങ്കിലും അവിടെ ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ലെന്ന് ചില അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിനാവശ്യമായ ഉപകരണങ്ങൾ കണ്ടെത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജനങ്ങളുടെയും ഈ നാടിന്റെയും സഹകരണത്തോടെ ക്ലാസ് മുറികളിൽ ആധുനിക ഉപകരണങ്ങൾ വിന്യസിക്കണമെന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരുന്നതിന് എല്ലാവരും സഹകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരും ഈ നാട്ടിലെ ജനങ്ങളും സഹകരിച്ചുകൊണ്ട് ഈ വരുന്ന അഞ്ച് വർഷക്കാലത്തിനിടയിൽ വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും ഉന്നതിയിലേയ്ക്കെത്തിക്കുന്നതിന് ശ്രമിക്കുമെന്നുള്ളതാണ് ഈ ഉപധനാഭ്യർത്ഥനകൾ ഇവിടെ അവതരിപ്പിക്കുന്ന സമയത്തും നമ്മുടെ ലക്ഷ്യം.

ആരോഗ്യ മേഖലയിൽ ഏകദേശം 6,000 കോടി രൂപയുടെ പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ നമുക്ക് സാധിച്ചു. ആശുപത്രികളുടെ പശ്ചാത്തല സൗകര്യം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലേതുപോലെ ആരോഗ്യ മേഖലയിൽ ആശുപത്രികളും അവിടത്തെ സർവ്വീസുകളും മെച്ചപ്പെടുമ്പോൾ കൂടുതലാളുകൾ സർക്കാർ

ആശുപത്രികളിലേയ്ക്ക് വരുന്ന സ്ഥിതി ഇപ്പോഴുണ്ട്. 2016-ൽ 67 ശതമാനം ആളുകളും സ്വകാര്യ മേഖലയെയാണ് ചികിത്സയ്ക്ക് ആശ്രയിച്ചതെങ്കിൽ 2021 ആകുമ്പോഴേയ്ക്കും 52 ശതമാനത്തിലേറെ ആളുകൾ പൊതുആരോഗ്യ സംവിധാനത്തെ ആശ്രയിക്കുന്ന സ്ഥിതി വന്നിട്ടുണ്ട്. നേരത്തെ അത് 33 ശതമാനമായിരുന്നു. പൊതു ആരോഗ്യ സംവിധാനത്തെ ആശ്രയിക്കുന്ന ആളുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് മനുഷ്യവിഭവശേഷിയിൽ വർദ്ധനവുണ്ടാകണം. മറ്റ് പശ്ചാത്തല സൗകര്യങ്ങളും അതിനനുസരിച്ച് ക്രമീകരിക്കണം. രണ്ട് വർഷംകൂടി കഴിയുമ്പോൾ നാം തുടങ്ങിവച്ചിട്ടുള്ള പശ്ചാത്തല സൗകര്യ വികസനവും ഉപകരണങ്ങൾ സന്നിവേശിപ്പിക്കുന്ന പ്രവർത്തനവും ആരോഗ്യമേഖലയിൽ ഒരു വലിയ വിപ്ലവം തന്നെയാണ് സൃഷ്ടിക്കാൻ പോകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ നൂറുദിന തൊഴിൽദാന പദ്ധതി ആവിഷ്കരിച്ചുകൊണ്ട് 842 കോടിയിലേറെ രൂപ ചെലവഴിച്ച് 32,000-ത്തോളം തൊഴിലവസരം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീ പോലുള്ള സംവിധാനങ്ങളെ കൂടുതൽ ശക്തമാക്കാൻ സർക്കാർ നടത്തുന്ന ശ്രമം ശ്ലാഘനീയമാണ്. 46 ലക്ഷത്തിലേറെ ആളുകൾ കുടുംബശ്രീയിൽ ഇപ്പോൾ അംഗങ്ങളാണ്. കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് രൂപീകരിക്കാനുള്ള പരിശ്രമം അങ്ങേയറ്റം അഭിനന്ദനാർഹമാണ്. ഈ ഓക്സിലറി ഗ്രൂപ്പ് രൂപീകരണത്തിന്റെ ഭാഗമായി യുവതലമുറയിൽ വലിയ ആവേശമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പരിശ്രമങ്ങളെല്ലാം തുടരുന്നതോടൊപ്പം മെച്ചപ്പെട്ട തുടർഭരണം കാഴ്ചവയ്ക്കാൻ തയ്യാറെടുക്കുകയാണ്. ഇടയ്ക്കിടെയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും പകർച്ചവ്യാധികളുമൊക്കെയാണ് നമ്മെ അലട്ടുന്ന ചില പ്രശ്നങ്ങൾ. ആഗോളതലത്തിലുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ വലിയ തോതിൽ പ്രകൃതി ദുരന്തങ്ങളുണ്ടാകാൻ സാധ്യതയുള്ള മേഖലയാണ് കേരളമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സഭയിൽ സൂചിപ്പിക്കുകയുണ്ടായി. അറബിക്കടൽ വലിയ തോതിൽ ചൂടാകുന്നതിന്റെ ഭാഗമായി ജലനിരപ്പ് ഉയർന്ന് വലിയ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. നമ്മൾ എത്ര ശ്രദ്ധയോടെ പ്രവർത്തിച്ചാലും ചില കാര്യങ്ങൾ പ്രവചനത്തിനതീതമായി വരുന്നു. കാലാവസ്ഥാ പ്രവചന കേന്ദ്രത്തിനുപോലും സമയബന്ധിതമായി പറയാൻ കഴിയാത്ത രീതിയിൽ പ്രകൃതി ദുരന്തങ്ങളുണ്ടാകുന്നുവെന്നുള്ളത് വസ്തുതയാണ്. പക്ഷേ നമ്മൾ അതെല്ലാം സൂക്ഷ്മതയോടെ നിരീക്ഷിക്കുന്നുണ്ട്. പ്രതിപക്ഷാംഗങ്ങൾ ഇവിടെനിന്നും ഇറങ്ങിപ്പോയിരിക്കുകയാണ്. റഫാൽ യുദ്ധവിമാന ഇടപാടിലടക്കം വലിയ തോതിലുള്ള കോഴ വാങ്ങി. കോൺഗ്രസ് തുടങ്ങിവച്ചതാണ് ഇപ്പോൾ ബി.ജെ.പി. പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതടക്കം കോൺഗ്രസ് തുടങ്ങിവച്ച കാര്യങ്ങൾ ബി.ജെ.പി. ഇപ്പോൾ

പൂർത്തിയാക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നിലപാടുകൾക്കിടയിലും കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ എടുക്കുന്ന സമീപനമാണ് ഇത്രയും വലിയ ഭൂരിപക്ഷത്തിൽ ഈ സർക്കാരിന് രണ്ടാമതും അധികാരത്തിലേറാൻ സാധിച്ചിട്ടുള്ളത്. ജനങ്ങൾക്ക് നമ്മിൽ പ്രതീക്ഷയുണ്ട്. ആ പ്രതീക്ഷകൾ പൂർത്തിയാക്കുന്ന രീതിയിൽത്തന്നെ ഇനിയുള്ള അഞ്ച് വർഷവും മുന്നോട്ടുപോകും. അതേസമയം കാലാവസ്ഥ പ്രധാനപ്പെട്ട പ്രശ്നമാണ്, അതാണ് കേരളത്തെ ഒരു നെറ്റ് സീറോ സ്റ്റേറ്റാക്കി മാറ്റുന്നത്. കാർബൺ ന്യൂട്രലിൽ അതുസംബന്ധിച്ച് നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. അതിനുള്ള നടപടിക്രമങ്ങൾകൂടി സ്വീകരിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ സൂചിപ്പിച്ചതിൽനിന്നും കൂടുതലായി ഈ നടപ്പുവർഷം ഫണ്ട് ഉൾപ്പെടുത്തണമെന്നാണ് ആവശ്യപ്പെടുന്നത്. വളരെ കാര്യമായ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ഈ ഉപധനാഭ്യർത്ഥനകൾ അനിവാര്യമാണ്. പ്ലാൻ - നോൺ പ്ലാൻ എക്സ്പെൻഡിച്ചറിൽ 1435.58 കോടി രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അതിൽ പൊതുമരാമത്ത്, ഭക്ഷ്യം, ജില്ലാഭരണവും പലവകയും, ട്രാൻസ്പോർട്ട് എന്നിവയ്ക്കാണ് കൂടുതൽ ഫണ്ട് ആവശ്യപ്പെട്ടിട്ടുള്ളത്. സഖാവ് പിണറായി വിജയൻ ഗവൺമെന്റിന്റെ തുടർച്ചയെന്നുള്ള നിലയ്ക്ക്, പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കി ജനവിശ്വാസം നേടിയതിന്റെ അടിസ്ഥാനത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി വലിയ ജനകീയ പിന്തുണയോടെ വീണ്ടും അധികാരത്തിലേറിയത്. അവ തുടർന്നും നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി അതിശയിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ അതിവേഗത്തിൽ കേരളത്തിൽ നടപ്പിലാക്കിയത്.

കേരളത്തിൽ 14-ാം പഞ്ചവത്സര പദ്ധതി 2022 ഏപ്രിൽ ഒന്നുമുതൽ ആരംഭിക്കുകയാണ്. രണ്ട് പ്രളയങ്ങൾ, കോവിഡ്, നിപ, നോട്ടുനിരോധനം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങളെ അതിജീവിച്ചാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്. ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും സാഹചര്യങ്ങളെ അതിജീവിച്ച് ഇന്ത്യ ഒരു സ്വതന്ത്ര കമ്പോളത്തിലേയ്ക്ക് നീങ്ങാൻ പരിശ്രമിക്കുമ്പോൾ അതിൽനിന്ന് കേരളത്തെ മോചിപ്പിക്കാനുള്ള ശ്രമത്തിന്

തുടക്കംകുറിച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നത്, അതിനെതിരെയുള്ള പോരാട്ടമാണിത്. കേരളത്തിൽ മാത്രമാണ് ഇപ്പോൾ പഞ്ചവത്സര പദ്ധതിയുള്ളത്. ഇന്ത്യാ ഗവൺമെന്റ് അതിൽനിന്നും പിന്തിരിഞ്ഞ് പ്ലാനിംഗ് കമ്മീഷൻ തന്നെ വേണ്ടെന്നുള്ള നിലയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ ദേശീയ പശ്ചാത്തലത്തിൽ 14-ാം പഞ്ചവത്സരപദ്ധതിയുടെ അടിയന്തര പരിഗണനാവിഷയത്തിൽ എന്തൊക്കെയുണ്ടായിരിക്കണമെന്ന തീരുമാനങ്ങളിലേയ്ക്ക് പോകേണ്ടതുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കാനായി കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലയളവിൽ ഒരു മന്ത്രിയെ തന്നെ തീരുമാനിച്ചു. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി കേരളത്തിൽ 14-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ലക്ഷ്യം വയ്ക്കുന്നത് പൊതുമേഖലയുടെ അനിവാര്യതയാണെന്ന് തെളിയിക്കുന്നതാണ് ബി.പി.സി.എൽ. പോലുള്ള സ്ഥാപനങ്ങൾ ഏറ്റെടുക്കാനും തിരുവനന്തപുരം വിമാനത്താവളം ഏറ്റെടുത്ത് നടത്താമെന്ന് ആവശ്യപ്പെടുകയും ചെയ്തതിന്റെ ലക്ഷ്യം. ഇപ്പോൾ ബി.പി.സി.എൽ.-ന്റെ ലാഭവിഹിതം സംസ്ഥാന ഗവൺമെന്റിന് നൽകി കഴിഞ്ഞിട്ടുണ്ട്. നേരത്തെ അടിയന്തരപ്രമേയത്തിന് മറുപടി പറയുമ്പോൾ ഗുഡ് ഗവേണൻസിന് നമുക്ക് അവാർഡ് ലഭിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇൻഡ്യയിൽ വേറിട്ടുനിൽക്കുന്ന ഒരു സംസ്ഥാനമെന്ന നിലയ്ക്ക് ഇൻഡ്യയിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും ഡൽഹിയിൽ ഇന്ന് പോരാട്ടത്തിന്റെ വഴികളിലൂടെ യാത്രചെയ്യുന്ന കൃഷിക്കാരനും ഇതാണ് ഒരു വഴി എന്നനിലയിലേയ്ക്ക് ചിന്തിക്കുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിൽ അല്ലെങ്കിൽ ഇൻഡ്യയിലുള്ളത്.

കിഫ്ബി ദിനം എന്ന നിലയിൽ ഓർക്കേണ്ട ദിനമാണ് ഇന്ന്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാലിയായ ഖജനാവായിരുന്നു. അങ്ങനെയൊരു സാഹചര്യത്തിലാണ് നമ്മുടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി കൊണ്ടുവന്നത്. അതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ - ആരോഗ്യ മേഖല, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന മേഖലകളിലെല്ലാമുണ്ടായ മുന്നേറ്റം നമുക്കറിയാവുന്നതാണ്. ജനാധിപത്യ സംവിധാനത്തിലെ ഗവൺമെന്റിന്റെ കടമയാണ് നാളെ ജനിക്കാൻപോകുന്ന കുഞ്ഞുങ്ങളുടെ ഭാവി ഉറപ്പുവരുത്തുകയെന്നത്. അത്തരമൊരു കടമയാണ് ജനങ്ങൾ വിശ്വാസമർപ്പിച്ച് പ്രവർത്തിക്കുന്ന പ്രസ്ഥാനമെന്ന നിലയ്ക്ക് ഇടതുപക്ഷ പ്രസ്ഥാനം നിർവ്വഹിച്ച് പോരുന്നത്. ഭാവി തലമുറയെ ലക്ഷ്യംവച്ചുകൊണ്ട് കേരളത്തിന്റെ സമഗ്രമായ വികസനം ഉറപ്പുവരുത്തുകയാണ്. അതിൽ ഇനിയും നമുക്ക് മുന്നോട്ടുപോകേണ്ടതുണ്ട്. 44705 ക്ലാസ്സ് റൂമുകൾ ഹൈടെക്കാക്കുന്നതോടൊപ്പം മറ്റിതര പ്രവർത്തനങ്ങളെല്ലാം നടക്കുന്നുണ്ട്, 918 പദ്ധതികളാണ് അതിന്റെ ഭാഗമായുള്ളത്. ദേശീയപാത വികസനമടക്കം

സ്ഥലമേറ്റെടുക്കുന്നതിന് 20,000 കോടി രൂപയാണ് വേണ്ടിവരുന്നത്. അതിൽ 15,000 കോടി രൂപയോളം വിവിധ പദ്ധതികൾക്ക് ഇതിനകം വിനിയോഗിച്ചുകഴിഞ്ഞിട്ടുണ്ട്. മറ്റ് ചില മേഖലകളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് സഭ എത്രയോതവണ ചർച്ച ചെയ്തതാണ്. അതിശയിപ്പിക്കുന്ന തരത്തിലുള്ള മാറ്റങ്ങളാണ് സംസ്ഥാനത്തുണ്ടായത്. കോവിഡിന്റെ കാലത്ത് സ്വന്തം നാട്ടിലേയ്ക്ക് വരാൻ കഴിയാതെ നാലഞ്ച് വർഷങ്ങളായി വിദേശങ്ങളിൽ ജോലിചെയ്യുന്നവർ ഇപ്പോൾ വന്നപ്പോൾ കാണുന്ന കാഴ്ച സ്വന്തം നാടിന്റെ മാറ്റമാണ്. അതാണ് കേരളത്തിലെ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ സൗകര്യങ്ങളും മെച്ചപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. അതോടൊപ്പം കോവിഡിന്റെ ദുരിതപൂർണ്ണമായ സാഹചര്യത്തിൽ ജനങ്ങളോടൊപ്പം നിന്നുകൊണ്ട് ഒരു രക്ഷിതാവെന്ന നിലയ്ക്കാണ് കേരളത്തിലെ പിണറായി സർക്കാർ അവരുടെ ആവശ്യങ്ങൾ പരിഹരിക്കാൻ പ്രവർത്തിച്ചത്. അത്തരമൊരു സാഹചര്യത്തിലാണ് ഇന്ന് പ്രതിപക്ഷം ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ച് ഇറങ്ങിപ്പോകാൻ തീരുമാനിച്ചത്. നേരത്തെ ഇറങ്ങിപ്പോകാനുള്ള തിടുക്കം അവർ കാണിക്കുന്നുണ്ടായിരുന്നു. പെട്രോൾ, ഡീസൽ വിലവർദ്ധനയുമായി ബന്ധപ്പെട്ട ചർച്ചകളിൽ ധനകാര്യ വകുപ്പുമന്ത്രി എടുത്ത നിലപാടുകളും നടപടികളും സൂചിപ്പിക്കുമ്പോൾ തീർച്ചയായും അവർക്ക് ഇറങ്ങിപ്പോയേ പറ്റൂ എന്ന് തോന്നുന്ന സാഹചര്യമാണുണ്ടായത്. ആരാണ് ഇതിന്റെയെല്ലാം വില വർദ്ധിപ്പിച്ചത്; ഇതെല്ലാം അവരിലേയ്ക്കാണ് എത്തുന്നത്. അവർ മലർന്നുകിടന്ന് തുപ്പുകയാണ്. നേരത്തെ പെട്രോൾ, ഡീസൽ വില നിർണ്ണയിച്ചിരുന്നത് കേന്ദ്രഗവൺമെന്റായിരുന്നു. ആ അധികാരം അവർ എടുത്തുകളഞ്ഞു. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ച ഒരു ദേശീയ രാഷ്ട്രീയ പ്രസ്ഥാനമെടുക്കുന്ന നിലപാടുകളാണ് അത് കാണിക്കുന്നത്. ഉദാരവൽക്കരണത്തിന്റെയും സ്വകാര്യ വൽക്കരണത്തിന്റെയും ഗാട്ട്-ആസിയാൻ കരാറിന്റെയുമൊക്കെ ഭാഗമായാണ് ഇന്ന് ഇന്ത്യയിൽ കൃഷിക്കാരൻ സമരത്തിൽ എത്തിനിൽക്കുന്നത്. പൊതുമേഖലകൾ ഓരോന്നോരോന്നായി വിറ്റഴിക്കുകയാണ്. അതിന്റെ ഭാഗമായാണ് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം വന്നിട്ടുള്ളത്.

നമ്മുടെ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി ലഭിക്കേണ്ട, ഏറ്റവും പാവപ്പെട്ട രോഗികൾക്ക് മരുന്നിന് ലഭിക്കേണ്ട പണം സ്വകാര്യ മേഖലയ്ക്ക് കൊടുക്കുന്നു. തകർന്നുപോയ ഏതെങ്കിലുമൊരു വ്യവസായ സ്ഥാപനം ഏറ്റെടുക്കുന്നതിനുള്ള തീരുമാനം കോൺഗ്രസ്, ബി.ജെ.പി. ഗവൺമെന്റുകൾ സ്വീകരിച്ചിട്ടുണ്ടോ? കോടികൾ ലാഭം കിട്ടുന്ന വ്യവസായ സ്ഥാപനങ്ങൾ വിൽക്കുകയാണ് ചെയ്തത്. സ്വാശ്രയത്വത്തിലേയ്ക്ക് ഇൻഡ്യയെ കൊണ്ടുപോകാൻ പരിശ്രമിക്കുന്ന സാഹചര്യത്തിൽ നെഹ്റുവും ഗാന്ധിയും സ്വപ്നംകണ്ട ഇന്ത്യാ രാജ്യത്തെ

വിറ്റഴിക്കുന്ന നിലപാട് സ്വീകരിക്കുന്നതാണോ ഇവരുടെ ജനാധിപത്യവും സ്വാതന്ത്ര്യപ്രേമവും. തീർച്ചയായും അതിനെതിരെ ജനകീയ വികാരം ഉയർന്നുവരേണ്ടതാണ്. അതിന്റെ നിദാനമാണ് ഡൽഹിയിൽ ഇന്ന് നടക്കുന്ന കർഷകസമരം. ആ സമരം ഒരു ജനകീയസമരമായി രാജ്യത്ത് ഉയർന്നുവരേണ്ടതാണ്. കർഷകർ അസംഘടിതരാണ്. എന്നാൽ ഞങ്ങൾ സംഘടിച്ചാൽ കാര്യങ്ങൾ നടക്കുമെന്ന് തെളിയിക്കുന്ന രീതിയിലേയ്ക്ക് ഇൻഡ്യയിലെ കൃഷിക്കാരൻ വളർന്നു. അവരുടെ വയറ്റത്തടിക്കുന്ന നിയമങ്ങളാണ് കേന്ദ്രം കൊണ്ടുവന്നിട്ടുള്ളത്. ഇതിനൊക്കെ ബദലാണ് കേരളത്തിലെ ഗവൺമെന്റ് എന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. അതിന് തുടക്കമാണ് നൂറുദിനംകൊണ്ടുതന്നെ ജനങ്ങൾക്ക് ബോദ്ധ്യമാകുന്ന പ്രവർത്തനങ്ങൾ ഇവിടെ നടത്തിയത്. സമയച്ചുരുക്കംകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകാതെ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ വളരെ അഭിമാനത്തോടുകൂടി പിന്താങ്ങുകയാണ്. കാരണം, എല്ലാ വകുപ്പും ഒന്നിനൊന്ന് മെച്ചമെന്നുള്ള നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. എനിക്ക് ഇന്നലെ സ്മാർട്ട് റേഷൻ കാർഡ് കിട്ടി. എല്ലാ റേഷൻ കാർഡുകാർക്കും സ്മാർട്ട് കാർഡ്. പവർകട്ടില്ലാത്ത, ലോഡ്ഷെഡ്ഡിംഗില്ലാത്ത ഒരു കാലഘട്ടം. കർഷകർക്കുണ്ടായിരുന്ന ഏറ്റവും വലിയ പ്രശ്നം പന്നിശല്യമായിരുന്നു. അതിനൊരു തീരുമാനമുണ്ടാക്കി. അതിനെ വെടിവച്ചുകൊല്ലാനുള്ള സംവിധാനം ഈ സർക്കാരൊരുക്കി. കെ.എസ്.ആർ.ടി.സി.-യിൽ ബോണ്ട് സർവ്വീസുൾപ്പെടെ ഏർപ്പെടുത്തി. അതുപോലെ ഇത്രയുമധികം പട്ടയം കൊടുത്ത ഒരു കാലഘട്ടം ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ജനകീയ ഹോട്ടലുകൾവഴി 1.6 ലക്ഷം പേർക്കാണ് ഭക്ഷണം കൊടുക്കുന്നത്. എല്ലാ പഞ്ചായത്തുകളിലും സ്പോർട്സ് കൗൺസിലുകൾ ആരംഭിക്കാനുള്ള തീരുമാനം ഏറ്റവുമധികം സ്വാഗതാർഹമാണ്. വിഴിഞ്ഞം തുറമുഖത്തിലെ പ്രതിസന്ധി അവസാനിപ്പിച്ച് പാറ ലഭ്യമാക്കി പ്രവൃത്തി പുനരാരംഭിച്ചു. പരാതികളൊക്കെ 15 ദിവസത്തിനകം തീർപ്പാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയും അതിനനുസരിച്ചുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. നഗരസഭകളിലും പഞ്ചായത്തുകളിലും പോകാതെതന്നെ കെട്ടിട പെർമിറ്റ് കയ്യിലെത്തുന്ന സംവിധാനം രൂപപ്പെടുത്തി.

ന്യൂനപക്ഷ ക്ഷേമത്തിനായി മികച്ച ഇടപെടലുകളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്. ന്യൂനപക്ഷ ക്ഷേമത്തെ മുൻനിർത്തി പുതിയ മൂന്ന് പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് നെറ്റ് പരീക്ഷാ പരിശീലനവും വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപ വീതം

സ്കോളർഷിപ്പും എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളെയും ജനസംഖ്യാടിസ്ഥാനത്തിൽ പരിഗണിക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ 6.2 കോടി രൂപ അധികമായും ഈ സർക്കാർ നൽകി. ഹൈക്കോടതിയുടെ വിവാദപരമായ ഉത്തരവ് മറികടക്കാനുള്ള ശ്രമം നടത്തിയെന്ന് മാത്രമല്ല, ആ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞതുപോലെ ഗവൺമെന്റ് സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചിരിക്കുകയുമാണ്. എന്റെ നിയോജകമണ്ഡലത്തിലാണ് ഇപ്രാവശ്യം നിപ വൈറസ് ഉണ്ടായത്. മൂന്നാമതും നിപയെ പിടിച്ചുകെട്ടാനും കോഴിക്കോട് ജില്ലയെ അതിൽനിന്ന് മുക്തമാക്കാനും സാധിച്ചു. റിപ്പോർട്ട് ചെയ്ത ആദ്യ കേസിൽനിന്ന് 42 ദിവസത്തിനിടെ ഒരൊറ്റ പുതിയ കേസുകളും ഉണ്ടായിട്ടില്ല.

മുൻഗണനാ കാർഡുകൾ അനർഹമായി ധാരാളം ആളുകളുടെ കൈവശമുണ്ടായിരുന്നു. ഈ സർക്കാർ 1421871 കാർഡുകൾ സറണ്ടർ ചെയ്യിപ്പിച്ച് അത് ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകി എന്നുള്ളതും വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് വർക്കിംഗ് കലണ്ടർ ഏർപ്പെടുത്താൻ തീരുമാനിച്ചു. പി.ഡബ്ല്യൂ.ഡി. റസ്റ്റ്ഹൗസുകളെ സംബന്ധിച്ച് എടുത്ത തീരുമാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ചുരുങ്ങിയ ദിവസത്തിനുള്ളിൽ റസ്റ്റ്ഹൗസുകളൊക്കെ ഒരു ഓർഡറിലാക്കി. ഗവൺമെന്റിന് വരുമാനം കിട്ടുന്ന രീതിയിലും അത് അനാവശ്യ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിൽനിന്ന് വിലക്കുന്നതിനും പുതിയ സംവിധാനം ഉപയോഗപ്പെടും. അതുപോലെ മുല്ലപ്പെരിയാർ വിഷയത്തിൽ ആളുകളെ ഭയപ്പെടുത്താതെ മാനസികമായി പിൻബലം നൽകിക്കൊണ്ട് സുപ്രീം കോടതിയിൽ ഫലപ്രദമായി ഇടപെടാൻ സാധിച്ചു. ലൈഫ് മിഷൻ പദ്ധതിയുടെ പട്ടികയിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്തുന്നതിനുവേണ്ടി സമയം നൽകി, ഇപ്പോൾ അതിന്റെ സോർട്ടിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും പ്രവർത്തനഫലമായി നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ലാഭത്തിലാക്കി. കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനമായ 'കെൽ' (കേരള ഇലക്ട്രിക്കൽ അലൈഡ് ലിമിറ്റഡ്) കേന്ദ്രഗവൺമെന്റിൽനിന്ന് ഈ സർക്കാർ ഏറ്റെടുക്കുകയും അത് തുറക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. ചരിത്രത്തിലാദ്യമായി 10 വർഷത്തിനുശേഷം ടെക്സ്റ്റൈൽ കോർപ്പറേഷൻ ലാഭത്തിലേയ്ക്ക് പോയിരിക്കുന്നു.

ഇങ്ങനെയുള്ള അവസരത്തിലാണ് ധാരാളം വിമർശനങ്ങൾ പലയാളുകളും ഉന്നയിച്ചത്. സ്വർണ്ണക്കടത്തിൽ കസ്റ്റംസ് കുറ്റപത്രം, രാഷ്ട്രീയബന്ധത്തിന് തെളിവില്ല, കണ്ടെത്തിയതെല്ലാം കഥയെന്ന് സമ്മതിച്ച് കസ്റ്റംസ് ഇങ്ങനെ ഒരുപാട് കാര്യങ്ങൾ പ്രതിപക്ഷാംഗങ്ങൾ പറയുന്നുണ്ട്. ഇതൊന്നും ചെലവാകാത്തതുകൊണ്ട് പുതിയ ചില കാര്യങ്ങളാണ് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഏതൊരു വിഷയവും വർഗ്ഗീയമായി ചിത്രീകരിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ചില ആളുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. വഖഫ് സ്ഥാപനങ്ങളിലെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള തീരുമാനം ഒരു വലിയ വർഗ്ഗീയ ധ്രുവീകരണമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ശ്രീ. പി. ഉബൈദുള്ള സബ്ജക്റ്റ് കമ്മിറ്റിയിൽ ഉന്നയിച്ച ഒരു വിയോജനക്കുറിപ്പുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്, "കഴിഞ്ഞ 30 വർഷമായി നാമമാത്രമായവരൊഴികെ താൽക്കാലിക ജീവനക്കാരെ വച്ചാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. അവരെ ഒരുമിച്ച് പിരിച്ചുവിടേണ്ടിവരും" എന്നാണ്. കഴിഞ്ഞ 30 വർഷമായി, യാതൊരു തെളിവുമില്ലാതെ കുറെയാളുകൾ അവിടെ ജോലി ചെയ്യുകയാണെന്ന് ഇതിൽനിന്ന് വളരെ വ്യക്തമാണ്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് അവിടെ സ്ഥിരമായി ജോലി നൽകുമെന്നും ബാക്കിയുള്ള ഒഴിവുകളാണ് പി.എസ്.സി.-ക്ക് വിടുന്നതെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. 30 വർഷമായി ഇഷ്ടമുള്ള ആളുകളെക്കൊണ്ടുവന്ന് അവിടെ കുടിയിരുത്തുകയും ഇഷ്ടമുള്ളപ്പോൾ തിരികെ പോകുകയും ചെയ്യുന്ന സംവിധാനത്തിൽ മാറ്റം വരുത്താൻ വേണ്ടിയുള്ള പരിശ്രമമാണ് ഇവിടെ നടത്തിയത്. അതിനാണ് ഇവിടെ വർഗ്ഗീയമായുള്ള കാര്യങ്ങൾ എന്ന് പറയുന്നത്. വഖഫ് ബോർഡിന്റെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുമ്പോൾ നിലവിൽ ബോർഡിൽ വർഷങ്ങളായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തിയതിനുശേഷം പിന്നീട് വരുന്ന നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതാകും നല്ലതെന്നും വിയോജനക്കുറിപ്പിൽ പറയുന്നുണ്ട്. ഈ ഗവൺമെന്റ് ചെയ്തതും അതുതന്നെയാണ്. സുപ്രീംകോടതി വിധിയനുസരിച്ച്, അർഹരായവരെ സ്ഥിരപ്പെടുത്തി ബാക്കി ഒഴിവുകൾ പി.എസ്.സി.-ക്ക് വിടാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതുപോലെ മുസ്ലീം മതസ്ഥാപനങ്ങളുടെ ദൈനംദിന കാര്യങ്ങളിൽ ഇടപെടുന്ന സ്ഥാപനമെന്ന നിലയ്ക്ക് വഖഫ് ബോർഡിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുപോലെ ആക്കണമെന്നും വിയോജന ക്കുറിപ്പിൽ പറയുന്നുണ്ട്. ആകെ അവിടെ 100 ജീവനക്കാരാണുള്ളത്. ഒരു വർഷം രണ്ടോ മൂന്നോ തസ്തിക ഒഴിവ് വരുന്നതിന് പത്തോ പതിനഞ്ചോ ആളുകളുടെ ഒരു റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കണോ; അതല്ലെങ്കിൽ പി.എസ്.സി.-ക്ക് ഏൽപ്പിക്കണോ എന്നുള്ളതാണ്. ഞാൻ പറഞ്ഞ മൂന്ന് ഭിന്നാഭിപ്രായവും ശ്രീ. പി. ഉബൈദുള്ള സബ്ജക്റ്റ് കമ്മിറ്റിയിൽ ഉന്നയിച്ചതാണ്. അതുതന്നെയാണ് ഞങ്ങളും

പറഞ്ഞത്. ഇതൊക്കെ പറഞ്ഞതിനുശേഷവും അതൊരു വർഗ്ഗീയമായ ചുറ്റുപാടിലേയ്ക്ക് കൊണ്ടുപോകാനാണ് പലയാളുകളും ശ്രമിക്കുന്നത്. മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനുമുമ്പ് HR&CE (Hindu Religious and Charitable Endowments Department) എന്നൊരു വകുപ്പ് കളക്ടറേറ്റിൽ പ്രവർത്തിച്ചിരുന്നു. ആ വകുപ്പിൽ പി.എസ്.സി. വഴിയാണ് നിയമനം നടത്തിക്കൊണ്ടിരുന്നത്. വഖഫ് ബോർഡിൽ ഒരുപാട് തസ്തികകളൊന്നുമില്ല, അവിടെ ക്ലാർക്കുമാർ മാത്രമേയുള്ളൂ. ഇമാംമാരെയോ മറ്റുള്ള ആളുകളെയോ നിശ്ചയിക്കുന്ന ഒരു സംവിധാനമല്ല. വഖഫ് സ്വത്തുക്കൾ യഥാർത്ഥത്തിൽ ശരിയായി കൈകാര്യം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള ഒരു സംവിധാനമാണ്. അതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങളിലൊക്കെ വെറുതെ പ്രശ്നങ്ങൾ ഉണ്ടാക്കുകയാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് അട്ടിമറിച്ചുവെന്ന് ഉന്നയിക്കുകയുണ്ടായി. മുസ്ലീങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയാണ് കേന്ദ്രസർക്കാർ സച്ചാർ കമ്മിറ്റിയെ നിയോഗിച്ചത്. പക്ഷേ ഇന്നുവരെ സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ഒരു ശിപാർശയും മുസ്ലീം വിഭാഗങ്ങൾക്ക് മാത്രമായി നടപ്പിലാക്കിയിട്ടില്ല. മുസ്ലീങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി ഒരു നടപടിയും കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. അതുകൊണ്ടാണ് കേരളത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പഠിക്കുന്നതിന് സർക്കാർ പാലൊളി കമ്മിറ്റിയെ നിയോഗിച്ച് അതിലുള്ള ശിപാർശകൾ അംഗീകരിച്ച് നടപ്പിലാക്കിയത്. സ്വയംതൊഴിൽ ചെയ്യുന്നതിന് 20 ലക്ഷം രൂപയും 6 ലക്ഷം രൂപയ്ക്ക് താഴെ വരുമാനമുള്ളവർക്ക് 30 ലക്ഷം രൂപയും ഇന്ത്യക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപയും പുറത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപയുമാണ് വിവിധ പദ്ധതികളിലൂടെ കേന്ദ്രഗവൺമെന്റ് നൽകുന്നത്. ഇതൊക്കെ എല്ലാ വിഭാഗക്കാർക്കും (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈന) നൽകുന്നതാണ്. ഏത് രേഖയെടുത്ത് പരിശോധിച്ചാലും നമുക്ക് കാണാൻ സാധിക്കും. കേന്ദ്രഗവൺമെന്റ് ഒരു പദ്ധതിയും മുസ്ലീം വിഭാഗങ്ങൾക്ക് മാത്രമായി നടപ്പാക്കിയിട്ടില്ല. കേന്ദ്രഗവൺമെന്റിന്റെ മദ്രസ്സാ നവീകരണ പദ്ധതിപോലും കേരളത്തിൽ പ്രായോഗികമല്ല. കേരളത്തിലെ മദ്രസ്സകൾ രാവിലെ 9.30-10.00 മണിവരെയാണ് പ്രവർത്തിക്കുന്നത്. അതുകഴിഞ്ഞ് കുട്ടികൾ സ്കൂളിൽ പോകുകയാണ്. കേരളത്തിലെ ഒരു മദ്രസ്സകളിലും സയൻസോ കണക്കോ മറ്റ് വിഷയങ്ങളോ പഠിപ്പിക്കുന്നില്ല. വടക്കേ ഇന്ത്യയിലൊക്കെ നടപ്പിലാക്കാൻ സാധിക്കുന്ന തരത്തിലുള്ളതാണ് കേന്ദ്ര ഗവൺമെന്റിന്റെ മദ്രസ്സ നവീകരണ പദ്ധതി. അവിടത്തെ സ്ട്രക്ച്ചർ അനുസരിച്ച് മദ്രസ്സകളിൽ പഠിക്കുന്ന കുട്ടികൾക്ക് 10-ാം ക്ലാസ്സ് കഴിഞ്ഞാൽ കോളേജിൽ പോകാം. വടക്കേ ഇന്ത്യയിലെ കോളേജുകളിലും സ്കൂളുകളിലും മദ്രസ്സകളിലുമൊക്കെ ഒരേ രീതിയിലുള്ള സംവിധാനമാണ് നിലവിലുള്ളത്. വടക്കേ ഇന്ത്യയിലെ ഒൻപത് സംസ്ഥാനങ്ങളിലെങ്കിലും സർക്കാരാണ് മദ്രസ്സാ ബോർഡുകൾ നിയന്ത്രിക്കുന്നത്.

അതും കേരളത്തിൽ പ്രായോഗികമല്ല. കേരളത്തിൽ മദ്രസ്സാദ്ധ്യാപകരുടെ പ്രശ്നം പരിഹരിക്കാൻ സംസ്ഥാന സർക്കാർ തന്നെ നിയമമുണ്ടാക്കി. അതുപോലെതന്നെ മുസ്ലീം പെൺകുട്ടികൾക്ക് ഉപരിപഠനത്തിനായി താമസ സൗകര്യമില്ലെന്ന് കണ്ടെത്തി അതിനുള്ള നടപടികളും സ്വീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന അഗ്രികൾച്ചറൽ പദ്ധതിയായ Outlying land of Meenachil River എന്നതിൽ ഒറ്റ കണ്ടീഷൻ മാത്രമേയുള്ളൂ, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ അവിടെ പ്രസ്തുത വിഭാഗക്കാർ 51 ശതമാനമുണ്ടെന്ന് ഉറപ്പുവരുത്തണം. ഈ പ്രശ്നത്തിലും അതുതന്നെയാണ്, Minority Concentrated Area ആണ്. കോഴിക്കോട് ജില്ലയിലെ വടകര ഗവൺമെന്റ് ആശുപത്രിക്കാണ് ഏറ്റവുമധികം തുക (72 കോടി രൂപ) കിട്ടിയിരിക്കുന്നത്. ഇതുപോലുള്ള നിരവധി പദ്ധതികളുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഒരൊറ്റ പദ്ധതിപോലും ഏതെങ്കിലും ഒരു വിഭാഗത്തിന് മാത്രമായിട്ടില്ല. ന്യൂനപക്ഷ വിഭാഗത്തിനായുള്ള കുടിവെള്ള പദ്ധതി ഇപ്പോൾ നമ്മൾ നടപ്പിലാക്കുന്നുണ്ട്. 51 ശതമാനം മൈനോറിറ്റി വിഭാഗക്കാരാണ് അവിടെ താമസിക്കുന്നതെന്ന് പഞ്ചായത്തിൽനിന്നും സർട്ടിഫിക്കറ്റ് നൽകിയാൽ മതി. അതുകൊണ്ട് പാലൊളി കമ്മീഷനെ നിയമിച്ച് സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ അട്ടിമറിച്ചുവെന്ന് പറയുന്നത് ശരിയല്ല. ഏത് കാര്യമെടുത്താലും അതിൽ വർഗ്ഗീയത കുത്തിതിരുകാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. കുറെയേറെ കാര്യങ്ങൾ പറയാനുണ്ടായിരുന്നു. അപ്പുറത്തുള്ളവർ ഇല്ലാത്തതുകൊണ്ട് അക്കാര്യങ്ങളൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. സഭയുടെ തന്നെ ചരിത്രത്തിൽ ഏറ്റവും ദീർഘമായി ഇത്രയും ബില്ലുകൾ പാസ്സാക്കി ജനങ്ങൾക്ക് ഉപകാരപ്രദമായ നിയമനിർമ്മാണത്തിലേയ്ക്ക് കടന്ന സഭാ സമ്മേളനമാണിത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ജനകീയ വിഷയങ്ങളിൽ ഇടപെടാനും ജനക്ഷേമപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനും ഗവൺമെന്റിനാവശ്യമായ ധനശേഷി വർദ്ധിപ്പിക്കാനുമുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന പ്രവർത്തനങ്ങളിൽ പ്രതിപക്ഷംകൂടി പങ്കെടുത്തുകൊണ്ട് ഈ സമ്മേളനം ഭംഗിയായി അവസാനിപ്പിക്കേണ്ടതായിരുന്നു. പക്ഷേ ഇല്ലാത്ത കാര്യങ്ങളുടെ പേരിൽ അവസാന നിമിഷം പ്രതിപക്ഷം സഭ ബഹിഷ്കരിച്ച് പോയത് ഏറെ ദുഃഖകരമാണ്.

ഇന്ന് രാവിലെ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ കൃത്യമായി മറുപടി പറഞ്ഞു. അതുമായി ബന്ധപ്പെട്ട് രണ്ട് കാര്യങ്ങളുണ്ട്. Oil pool, Administered price

mechanism എന്നിവ പെട്രോളിയം വിലവർദ്ധനവിനെ സഹായിച്ച രണ്ട് ഘടകങ്ങളാണ്. ഇത് രണ്ടും പൂർണ്ണമായി ഇല്ലാതാക്കിയതോടുകൂടി ഓയിൽ കമ്പനികൾക്ക് അവരുടെ സൗകര്യംപോലെ വിലവർദ്ധിപ്പിക്കാനുള്ള സാഹചര്യമുണ്ടായി. ഇതിന് ആരാണ് തീരുമാനമെടുത്തതെന്നാണ് ഞാൻ വളരെ സൗമ്യമായി ചോദിക്കുന്നത്. രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് എടുത്ത നിലപാടാണിത്. പിന്നീട് വന്ന നരേന്ദ്ര മോദി സർക്കാർ അത് തുടർന്നുവെന്നേയുള്ളൂ. ഇല്ലാതിരുന്ന ചില പ്രവണതകൾക്ക് നേതൃത്വം നൽകിയത് രണ്ടാം യു.പി.എ. ഗവൺമെന്റ് തന്നെയാണ്. പിന്നീട് വന്നവർ അത് പിന്തുടർന്നു. അതിന് പറഞ്ഞത് മറ്റു ചില കാരണങ്ങളാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 493 കോടി രൂപ പെട്രോളിയം ഉൽപ്പന്നങ്ങളിൽനിന്നും അധിക വരുമാനം കിട്ടിയെന്ന് സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റിന് 2673 കോടി രൂപ കിഫ്ബി സെസ്സിൽനിന്നും 2190 കോടി രൂപ പെട്രോളിയം സെസ്സിൽനിന്നും ലഭിച്ചു. സ്റ്റാറ്റിസ്റ്റിക്സിനെക്കുറിച്ച് Lies, damned lies and statistics എന്ന് പറയാറുണ്ട്. നമ്മൾ ചില യാഥാർത്ഥ്യങ്ങളെ തന്ത്രപരമായി മറയ്ക്കുകയാണ്. 2011-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിലുണ്ടായിരുന്ന ഉൽപ്പന്നങ്ങളുടെ വിലയും നിലവിലുള്ള ഉൽപ്പന്നങ്ങളുടെ വിലയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഇതിനകത്ത് inflationary factor ഉണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യം ഇവിടെ സൂചിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. Inflationary factor ആണ് വില വർദ്ധനവിന് കാരണമായത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തേക്കാൾ കൂടുതൽ വരുമാനം ഈ കാലഘട്ടത്തിൽ ഉണ്ടാകുകയെന്നത് സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ പ്രമാണമാണ്. അതുകൊണ്ടുതന്നെ ഗവൺമെന്റിന് കൂടുതൽ വരുമാനം ലഭിച്ചുവെന്ന വാദം നിലനിൽക്കുന്നതല്ല.

ഭരണഘടന അനുശാസിക്കുന്ന ഒരു ഫെഡറൽ സംവിധാനമാണ് ഇന്ത്യയിലുള്ളത്. യൂണിയൻ ഓഫ് സ്റ്റേറ്റ്സ് എന്നാണ് പറയുന്നത്. സംസ്ഥാനങ്ങളും കേന്ദ്രവും അങ്ങനെയാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഇവിടെ ജി.എസ്.ടി. കൊണ്ടുവന്നതോടുകൂടി ആ അധികാരം പൂർണ്ണമായി ഇല്ലാതാകുകയാണ് ചെയ്തത്. പ്രതിപക്ഷമില്ലെങ്കിൽകൂടി ഞാനൊരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. രണ്ട് കാര്യങ്ങളിൽ വാറ്റ് ഏർപ്പെടുത്താനുള്ള അധികാരം സംസ്ഥാനങ്ങൾക്കുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 13 തവണ വാറ്റ് കൂട്ടിയിട്ടുണ്ട്. പക്ഷേ ഈ ഗവൺമെന്റ് കഴിഞ്ഞ ആറ് വർഷക്കാലമായി പെട്രോളിയം ഉൽപ്പന്നങ്ങൾക്കും മദ്യത്തിനും വാറ്റ് ഏർപ്പെടുത്തിയിട്ടില്ലെന്നതാണ് പ്രധാന കാര്യം. അത് എന്തുകൊണ്ടാണ് വിസ്മരിച്ചത്. സംസ്ഥാന സെയിൽസ്

ടാക്സിന്റെ ഭാഗമായി പെട്രോളിയം ഉൽപ്പന്നങ്ങൾക്കും മദ്യത്തിനും വേണമെങ്കിൽ സംസ്ഥാന ഗവൺമെന്റിന് ടാക്സ് ഏർപ്പെടുത്താമായിരുന്നു. ആ നിലപാട് സ്വീകരിച്ചില്ല.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, കേന്ദ്ര ഗവൺമെന്റ് ബോധപൂർവ്വം ചെയ്യുന്നൊരു തന്ത്രമാണ്. ഇന്ധന നികുതിയിലൂടെ അഡീഷണൽ എക്സൈസ് നികുതിക്ക് പകരം സെൻട്രൽ എക്സൈസ് നികുതി കൂട്ടുകയാണ് കേന്ദ്രസർക്കാർ ചെയ്യുന്നത്. സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാത്ത ഏതൊക്കെ നികുതികളുണ്ടോ അതൊക്കെ വർദ്ധിപ്പിച്ചുകൊണ്ട് പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ കയ്യിലേയ്ക്ക് കൊണ്ടുവരുന്നൊരു തന്ത്രമാണ് നടത്തുന്നത്. ഡിവിസിബിൾ പൂൾ ഇനത്തിൽ നമുക്ക് കിട്ടേണ്ട തുകപോലും ഇപ്രാവശ്യം കുറഞ്ഞുവെന്നതാണ് പ്രധാനപ്പെട്ട കാര്യം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, കേരളത്തിലെ ധനകാര്യക്കമ്മി കുറയ്ക്കുന്നതിനായി കേന്ദ്രസർക്കാർ ഡെഫിസിറ്റ് ഗ്രാന്റ് നൽകേണ്ടതുണ്ട്, അത് സംസ്ഥാനത്തിന്റെ അവകാശമാണ്. കേന്ദ്രസർക്കാർ ഡെഫിസിറ്റ് ഗ്രാന്റ് വെട്ടിക്കുറയ്ക്കുന്നതിനും നിർത്തലാക്കുന്നതിനുമുള്ള തീരുമാനത്തിലേയ്ക്ക് പോകുന്നുവെന്നൊരു സൂചനയുണ്ട്. കോവിഡിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ വർദ്ധിച്ച തോതിൽ ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും പുനർനിർമ്മാണ പ്രവർത്തനങ്ങളും നടത്തേണ്ട ഘട്ടത്തിൽ ഡെഫിസിറ്റ് ഗ്രാന്റ് കേന്ദ്രസർക്കാർ കേരളത്തിന് അധികമായി വർദ്ധിപ്പിച്ച് നൽകണമെന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ഡോ. എൻ. ജയരാജ്</u>: സർ, തീർച്ചയായും അങ്ങ് പറഞ്ഞ അഭിപ്രായം ശരിയാണ്. മാത്രമല്ല, ഓരോ ഘട്ടത്തിലും സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുകയാണ്. 15-ാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം 2025-26 വരെ സംസ്ഥാനത്തിന്റെ നികുതി വിഹിതം ഏതാണ്ട് 2.50 ശതമാനത്തിൽ നിന്ന് 1.92 ശതമാനമായി കുറയുന്നു. ഈ കുറവ് ഉൾപ്പെടെ ഡിവിസിബിൾ പൂളിലെ പണം കുറയ്ക്കുന്നു. ധനകാര്യ കമ്മീഷനുകൾ മുഖേന നമ്മുടെ വരുമാനം കുറയ്ക്കുന്നു. സംസ്ഥാനത്തെ മുഴുവൻ സാമ്പത്തികമായി ഞെരുക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കുറച്ചുകൂടി അധികാരങ്ങൾ സംസ്ഥാനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ ജി.എസ്.ടി.-യുടെ സ്ട്രക്ച്ചറിൽ മാറ്റം വരുത്തേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. ഈ യാഥാർത്ഥ്യങ്ങളൊക്കെ വിസ്മരിച്ചുകൊണ്ടാണ് പലപ്പോഴും പ്രതിപക്ഷം നിലപാടുകൾ സ്വീകരിക്കുന്നത്.

"മുമ്പേ ഗമിക്കുന്ന ഗോവു തന്റെ പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം" എന്ന് പറഞ്ഞതുപോലെ പണ്ട് യു.പി.എ. ഗവൺമെന്റ് ചെയ്ത നടപടികളുമായി ഇപ്പോൾ നരേന്ദ്ര മോദി ഗവൺമെന്റ് മുന്നോട്ടുപോകുന്ന പ്രക്രിയയാണ് ഇതുമായി ബന്ധപ്പെട്ട് കാണുന്നത്. അതിനിടയിലാണ് കേരളം ഇതുപോലുള്ള ജനകീയ ഇടപെടലുകളിലൂടെ അടിസ്ഥാനമേഖലയിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കൃത്യമായ ഇടപെടലുകൾ നടത്തുന്നത്. അതിന്റെ ഭാഗമായുള്ള ഉപധനാഭ്യർത്ഥനകൾ അംഗീകരിക്കുകയെന്നത് നമ്മുടെ ബാധ്യതയാണ്, കടമയാണ്.

1.00 P.M.]

എം.എൽ.എ. ഫണ്ടുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് ചെലവഴിക്കുന്നതിൽ ചില ബുദ്ധിമുട്ടുകളുണ്ട്. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് 32 ഹെഡ് ഓഫ് അക്കൗണ്ടുകളിലായാണ് ഇപ്പോൾ ആസ്തിവികസന ഫണ്ടുള്ളത്. അതിൽത്തന്നെ ഏറ്റവുമധികം വരുന്നത് പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ടാണ്. എം.എൽ.എ.-മാർക്ക് പി.ഡബ്ല്യു.ഡി.-യുമായും എൽ.എസ്.ജി.ഡി.-യുമായും ബന്ധപ്പെട്ട് റോഡുകളുടെ നിർമ്മാണം നടത്താനുള്ള ഓപ്ഷനുണ്ട്. പക്ഷെ, പി.ഡബ്ല്യു.ഡി.-ക്ക് ഓപ്ഷൻ കൊടുത്താൽ, എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ കൃത്യമായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുമ്പാകെ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. നിലവിലുള്ള നിയമപ്രകാരം എൽ.എസ്.ജി.ഡി.-യുടെ കൺട്രോളുള്ള 4515 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ഇപ്പോൾ തുക ചെലവഴിക്കുന്നത്. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ 5054 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽനിന്ന് ചെലവഴിക്കത്തക്കവിധത്തിൽ ഉത്തരവിറക്കാൻ സാധിക്കുകയുമില്ല. അതുകൊണ്ടുതന്നെ പണി പൂർത്തീകരിച്ചശേഷം കോൺട്രാക്ടർമാർക്ക് ഉൾപ്പെടെ പണം ലഭിക്കുന്നില്ലെന്ന പരാതി വ്യാപകമായി എല്ലാ നിയോജക മണ്ഡലത്തിലുമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എം.എൽ.എ.-മാർക്ക് ഇത് പി.ഡബ്ല്യു.ഡി.-ആണോ എൽ.എസ്.ജി.ഡി.-ആണോ എന്ന് നിർദ്ദേശിക്കാനുള്ള ഓപ്ഷനുണ്ടെങ്കിൽ, അതത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഒരു ഹെഡ് ഓഫ് അക്കൗണ്ട് ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കി ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ചെയ്യാൻ കഴിഞ്ഞാൽ, വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട ധനവിനിയോഗത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിയുമെന്നുള്ള അഭിപ്രായത്തിന് അനുകൂലമായ ഒരു നിലപാടുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. ഇന്ന് കിഫ്ബി ദിനം കൂടിയാണ്. 65,000 കോടി രൂപയുടെ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളുടെ ഫലം

അനുഭവിക്കുന്ന 140 നിയോജകമണ്ഡലങ്ങൾ കേരളത്തിലുണ്ട്. ഈ വലിയ പ്രതിസന്ധികൾക്കിടയിലാണ് കേരളത്തിലെ ധനകാര്യ വകുപ്പ് ഇതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. ദേശീയ ശരാശരിയേക്കാൾ കൂടുതൽ ഫണ്ട് ആരോഗ്യ മേഖലയിൽ ചെലവഴിച്ച സംസ്ഥാനമാണ് കേരളമെന്നുള്ളത് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഗുഡ് ഗവേണൻസിന്റെ ധാരാളം സൂചികകൾക്ക് അംഗീകാരം നൽകിക്കൊണ്ട് കേരളത്തിന് അനുവദിച്ചുനൽകുന്ന പണം കൃത്യമായി വിനിയോഗിക്കാൻ ശക്തനായ കാവൽക്കാരനെപ്പോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നിലപാടിനെയും ഗവൺമെന്റിനെയും ഒന്നുകൂടി അഭിനന്ദിച്ചുകൊണ്ട് ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ വിഭവ സമാഹരണം വളരെ പ്രയാസകരമാണെന്ന് നമുക്കറിയാം. സർക്കാരിന്റെ സാമ്പത്തിക അവസ്ഥയെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയ്ക്കകത്തും പുറത്തും പത്രസമ്മേളനങ്ങളിലുമെല്ലാം തന്നെ വളരെ വ്യക്തമായി പറയുകയും ലേഖനങ്ങൾ എഴുതിയതുമാണ്. ജൂലൈ മാസത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ഇല്ലാതാകുന്നതോടെ സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ മാർഗ്ഗങ്ങൾ തേടേണ്ടിയിരിക്കുകയാണ്. നോൺ ടാക്സ് റവന്യൂ എങ്ങനെ വർദ്ധിപ്പിക്കാമെന്ന് ആലോചിക്കണം. ഈ പ്രയാസകരമായ സാഹചര്യത്തിലൂടെ സംസ്ഥാനം കടന്നുപോകുമ്പോഴാണ് സംസ്ഥാന വരുമാനം ഇല്ലാതാക്കി, ജനങ്ങളുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തി സാധാരണക്കാരനെ സർക്കാരിനെതിരായി എങ്ങനെ തിരിച്ചുവിടാമെന്ന് പ്രതിപക്ഷം ആലോചിച്ചുകൊണ്ടിരിക്കുന്നത്. 'മകൻ മരിച്ചാലും മരുമകളുടെ കണ്ണീർ കണ്ടാൽമതി' എന്നുപറയുന്നതുപോലെയാണ് പ്രതിപക്ഷത്തിന്റെ സമീപനം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവും അതുസംബന്ധിച്ച പല വികലമായ വാദമുഖങ്ങളും സഭയിൽ ചർച്ച ചെയ്യുകയുണ്ടായി. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റത്തെപ്പറ്റി പറയുമ്പോൾ എല്ലാവശവും പരിശോധിക്കേണ്ടതുണ്ട്. അതിന്റെ ആഗോളമാനം, കറൻസിയും എണ്ണയും തമ്മിലുള്ള ബന്ധം, പരമാധികാരമുള്ള രാഷ്ട്രങ്ങളുടെ കറൻസിയുടെ പ്രശ്നം, വിലക്കയറ്റം, ബി.ഒ.ടി., കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ, അതിലെടുക്കുന്ന സമീപനങ്ങൾ, സ്റ്റേറ്റ് ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി തുടങ്ങി എല്ലാം വ്യക്തമായി പരിശോധിക്കാതെ സംസ്ഥാന ഗവൺമെന്റിനെ മാത്രം കടന്നാക്രമിക്കുന്ന രൂപത്തിലുള്ള നടപടികളാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ചിലർക്കെങ്കിലും ഇതിന്റെ പ്രശ്നങ്ങൾ മനസ്സിലാകാത്തതുകൊണ്ടല്ല, എന്നാൽ

സങ്കുചിതമായ രാഷ്ട്രീയം കാരണം അവർ ശരിയായ രൂപത്തിൽ വിഷയങ്ങളെ കാണാൻ തയ്യാറാകുന്നില്ലെന്നതാണ് വസ്തുത. പെട്രോളിയം നികുതിയായി സംസ്ഥാനത്തിന് തുച്ഛമായ വരുമാനം മാത്രമാണ് ലഭിക്കുന്നത്. പഞ്ചാബ് പെട്രോളിയം നികുതി കുറച്ചു, എന്തുകൊണ്ട് കേരളത്തിൽ നികുതി കുറയ്ക്കുന്നില്ലെന്ന് ഇവിടെ പ്രതിപക്ഷം പറയുന്നത് കേട്ടു. ഇവിടെ ലഭിക്കുന്ന വരുമാനം ക്ഷേമ-ഐശ്വര്യ പദ്ധതികൾക്കാണ് വിനിയോഗിക്കുന്നത്. ക്ഷേമ പെൻഷൻ നൽകാനും പ്രവാസികളെയും പാവപ്പെട്ടവരെയും സാധാരണക്കാരെയും സഹായിക്കുന്നതിനുംവേണ്ടിയാണ് സംസ്ഥാന ഗവൺമെന്റിന്റെ വരുമാനത്തിന്റെ ഭൂരിഭാഗവും വിനിയോഗിക്കുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ നിരവധി തവണ നികുതി കുറച്ചുവെന്നതാണ് മറ്റൊരുവാദം. ഈ രണ്ട് വാദവും നമുക്ക് പരിശോധിക്കാം. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് നികുതി കുറച്ച കണക്ക് പരിശോധിക്കുകയാണെങ്കിൽ വാദമുഖത്തിന്റെ കള്ളത്തരം പുറത്തുവരും. 2011-ൽ ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ വരുമ്പോൾ പെട്രോളിന് കേന്ദ്ര നികുതി 15 രൂപയും സംസ്ഥാന നികുതി 29.1 രൂപയുമായിരുന്നു. 2016-ൽ ഉമ്മൻ ചാണ്ടി അധികാരം ഒഴിയുമ്പോൾ കേന്ദ്ര നികുതി 21.48 രൂപയും സംസ്ഥാന നികുതി 31.8 രൂപയുമായിരുന്നു. വർദ്ധനവ് കേന്ദ്ര നികുതിയിൽ 45 ശതമാനവും സംസ്ഥാന നികുതിയിൽ 10 ശതമാനവുമാണ്. പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ 2016-ൽ കേന്ദ്ര നികുതി 21.48 രൂപയും സംസ്ഥാന നികുതി 31.8 രൂപയുമായിരുന്നു. ഒരു മാറ്റവുമില്ല. ഇപ്പോഴത്തെ കേന്ദ്ര നികുതി 27.9 രൂപയും സംസ്ഥാന നികുതി 30.8 രൂപയുമാണ്. കേന്ദ്ര നികുതിയിൽ 30 ശതമാനത്തിന്റെ വർദ്ധനവും സംസ്ഥാന നികുതിയിൽ 0.05 ശതമാനത്തിന്റെ കുറവുമാണ്. ഡീസലിന്റെ കാര്യത്തിൽ ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ വരുമ്പോൾ 2011-ൽ കേന്ദ്ര നികുതി 2 രൂപയും സംസ്ഥാന നികുതി 24.69 രൂപയുമായിരുന്നു. ഉമ്മൻ ചാണ്ടി സർക്കാർ അധികാരം ഒഴിയുമ്പോൾ കേന്ദ്ര നികുതി 17.33 രൂപയും സംസ്ഥാന നികുതി 24.52 രൂപയുമായിരുന്നു. കേന്ദ്ര നികുതിയിൽ വർദ്ധനവ് 74 ശതമാനവും സംസ്ഥാന നികുതിയിൽ (-1) ശതമാനവുമാണ്. പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ കേന്ദ്ര നികുതി 17.33 രൂപയും സംസ്ഥാന നികുതി 24.52 രൂപയുമായിരുന്നു. ഇപ്പോൾ കേന്ദ്ര നികുതി 21.83 രൂപയും സംസ്ഥാന നികുതി 22.76 രൂപയുമാണ്. കേന്ദ്ര നികുതിയുടെ വർദ്ധനവ് 26 ശതമാനവും സംസ്ഥാന നികുതിയുടെ വർദ്ധനവ് (-7) ശതമാനവുമാണ്. എവിടെയാണ് സംസ്ഥാന സർക്കാർ നികുതി വർദ്ധിപ്പിച്ചിട്ടുള്ളത്. അര ശതമാനമെങ്കിലും വർദ്ധിപ്പിച്ചിട്ടുണ്ടോ? കേരളത്തിലെ നികുതി വർദ്ധിപ്പിച്ചതിനെ സംബന്ധിച്ച് കണക്കുപറയുമ്പോൾ വസ്തുതാപരമായി സംസാരിക്കണം. കേന്ദ്രം നികുതി വർദ്ധിപ്പിച്ചപ്പോൾ സംസ്ഥാനത്ത് ഉമ്മൻ ചാണ്ടി സർക്കാർ ഭരിക്കുമ്പോൾ വർദ്ധിപ്പിച്ചതിന്റെ കണക്ക് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2010 ജനുവരിയിൽ കേന്ദ്ര സർക്കാർ

പെട്രോളിന്റെ നികുതി 13.34 രൂപയിൽനിന്ന് 17.4 രൂപയായി വർദ്ധിപ്പിച്ചു. ഈ വർദ്ധനവ് 4.12 രൂപയാണ്. ഉമ്മൻ ചാണ്ടി സർക്കാർ 2015 ജനുവരിയിൽ പെട്രോളിന്റെ നികുതി 28.72-ൽ നിന്നും 29.92 ശതമാനമായി വർദ്ധിപ്പിച്ചു. പ്രതിപക്ഷം അത് വിസ്മരിക്കുകയാണ്. ഇതേ അവസ്ഥയാണ് ഡീസലിന്റെ കാര്യത്തിലുമുണ്ടായിട്ടുള്ളത്. 6.14 രൂപയിൽനിന്ന് 10.2 രൂപയായി വർദ്ധിപ്പിച്ചപ്പോൾ, വർദ്ധനവ് 4 രൂപ. ഉമ്മൻ ചാണ്ടി സർക്കാർ 22.7-ൽ നിന്ന് 23.23 ശതമാനമായി വർദ്ധിപ്പിച്ചു. ഇതുകൂടാതെ അതേ ഫെബ്രുവരിയിൽതന്നെ പെട്രോളിന് 3.18 ശതമാനം വർദ്ധിപ്പിച്ച് 24.5 ശതമാനമാക്കി. ഇതാണ് അടിസ്ഥാനപരമായ കാര്യം. ഇത് വിസ്മരിച്ചുകൊണ്ട് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിൽ വസ്തുതാപരമല്ലാത്ത കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുകയാണ്. ഞാൻ അതിന്റെ വിശദമായ കണക്കിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല.

മറ്റൊരു വാദം ഇവിടെ പറഞ്ഞത് പഞ്ചാബിനെപ്പറ്റിയാണ്. പഞ്ചാബ് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനമാണ്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനത്തെ സ്ഥിതി പരിശോധിക്കണ്ടേ? പഞ്ചാബും കേരളവും തമ്മിൽ താരതമ്യം ചെയ്യണം. സംസ്ഥാന വരുമാനത്തിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ മേഖലയിൽ നമ്മൾ 14.7 ശതമാനം വിനിയോഗിക്കുമ്പോൾ പഞ്ചാബ് വിദ്യാഭ്യാസ മേഖലയിൽ 11.6 ശതമാനമാണ് വിനിയോഗിക്കുന്നത്. കേരളം ആരോഗ്യ മേഖലയിൽ 6.5 ശതമാനം വിനിയോഗിക്കുമ്പോൾ പഞ്ചാബ് ആരോഗ്യ മേഖലയിൽ 4 ശതമാനമാണ് വിനിയോഗിക്കുന്നത്. കേരളം റൂറൽ ഡെവലപ്മെന്റ് മേഖലയിൽ 4.3 ശതമാനം വിനിയോഗിക്കുമ്പോൾ പഞ്ചാബ് റൂറൽ ഡെവലപ്മെന്റ് മേഖലയിൽ 2.2 ശതമാനമാണ് വിനിയോഗിക്കുന്നത്. കേരളം റോഡ് വികസനത്തിന് 3 ശതമാനം വിനിയോഗിക്കുമ്പോൾ പഞ്ചാബ് 1.6 ശതമാനമാണ് വിനിയോഗിക്കുന്നത്. ആകെ പഞ്ചാബ് വർദ്ധിപ്പിച്ചിട്ടുള്ളത് പോലീസ് വകുപ്പിന്റെ കാര്യത്തിലാണ്. കേരളം 2.7 ശതമാനം വിനിയോഗിക്കുമ്പോൾ പഞ്ചാബ് 6 ശതമാനമാണ് വിനിയോഗിക്കുന്നത്. കേരളം ബഡ്ജറ്റിൽ സാമൂഹ്യ സുരക്ഷാ മേഖലയിൽ 11,058 കോടി രൂപ ചെലവഴിക്കാൻ തീരുമാനിച്ചപ്പോൾ, പഞ്ചാബിൽ സാമൂഹ്യ സുരക്ഷ മേഖലയിൽ 6,562 കോടി രൂപയാണ് ചെലവഴിക്കാൻ തീരുമാനിച്ചത്. കേരളത്തിലെ വരുമാനത്തിന്റെ മഹാഭൂരിപക്ഷവും വികസന മേഖലയ്ക്കാണ് വിനിയോഗിക്കുന്നത്. വസ്തുതാപരമായി യാഥാർത്ഥ്യബോധത്തോടെ പ്രശ്നങ്ങളെ കാണാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. കമ്മ്യൂണിസ്റ്റ് വിരോധം വച്ചുപുലർത്തി അന്ധമായി എതിർക്കുക മാത്രമാണ് ചെയ്യുന്നത്. ഇവിടെ എണ്ണവിലയെ ആധാരമാക്കി നടത്തിയ അധരവ്യായാമം യഥാർത്ഥത്തിൽ സത്യം മറച്ചുവയ്ക്കാനാണ്. യഥാർത്ഥത്തിൽ പെട്രോൾ, ഡീസൽ വിലക്കയറ്റത്തിന് ഉത്തരവാദി ആരാണ്? കേന്ദ്ര ഗവൺമെന്റല്ലേ? 1984-ൽ രാജീവ് ഗാന്ധി

പ്രധാനമന്ത്രിയായിരുന്നപ്പോൾ ഇന്ത്യൻ പാർലമെന്റിൽ പ്രസംഗം നടത്തിയത് നമുക്കെല്ലാവർക്കും ഓർമ്മയുണ്ടല്ലോ? ഇന്ത്യ എണ്ണമേഖലയിൽ സ്വാശ്രയത്വം കൈവരിക്കാൻ പോകുകയാണ്, പെട്രോളിയം ഉല്പന്നങ്ങൾ കണ്ടെത്തിയിരിക്കുന്നു, അതിന് അടിസ്ഥാനമായി പറഞ്ഞത് ONGC (Oil and Natural Gas Corporation Limited) ഗോദാവരിമേഖലയിൽ എണ്ണപ്പാടം കണ്ടെത്തിയെന്നൊക്കെയാണ്. ആ എണ്ണപ്പാടങ്ങൾ കോൺഗ്രസ് സർക്കാർ ആർക്കാണ് കൊടുത്തത്; അംബാനിക്ക്, അംബാനി ഇന്ന് ഏഷ്യയിലെ ഏറ്റവും വലിയ മുതലാളിയാണ്. ഇത് കോൺഗ്രസല്ലേ കൊടുത്തത്; എണ്ണവിലയുടെ നിയന്ത്രണം എടുത്തുകളഞ്ഞത് കോൺഗ്രസല്ലേ? ജയ്പാൽ റെഡ്ഡിയെപ്പറ്റി സഭയിൽ ചർച്ച വന്നു. ജയ്പാൽ റെഡ്ഡി മാറാനുള്ള കാരണമെന്താണ്? അന്ന് കൃത്രിമമായി എണ്ണവില വർദ്ധിപ്പിച്ച് കൊള്ളയടിക്കാൻ അംബാനി നടത്തിയ ശ്രമത്തെ പരാജയപ്പെടുത്തുകയും 7000 കോടി ഡോളറിന്റെ കച്ചവടം ബ്രിട്ടീഷ് പെട്രോളിയം കമ്പനിയിൽ നടത്തിയപ്പോൾ അത് തടയുകയും ചെയ്തുകൊണ്ടാണ് പെട്രോളിയം വകുപ്പുമന്ത്രി സ്ഥാനത്തുനിന്ന് അന്ന് അദ്ദേഹത്തെ മാറ്റിയത്. അത് ആർക്കാണ് അറിയാത്തത്. അതുസംബന്ധിച്ച് ഒരുപാട് പത്രങ്ങൾ മുഖപ്രസംഗം എഴുതിയതല്ലേ? Paranjoy Guha Thakurta-യുടെ 'Gas Wars' എന്നൊരു പ്രസിദ്ധമായ പുസ്തകമുണ്ട്. അതിന്റെ ആമുഖത്തിൽ സി.ആൻഡ് എ.ജി.-യുടെ ഒരു ക്വട്ടേഷൻ വന്നിട്ടുണ്ട്. അതിൽ പറയുന്നത്, The Company had reaped huge profits. Thanks to the acts of commission and omission of a number of influential Ministers and Bureaucrats. The exchequer had been cheated because of the Government had failed to act as an impartial custodian of resources that belong to the people of India., എന്നാണ്. നമ്മുടെ രാജ്യത്തിന്റെ പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുന്നതിന് കൂട്ടുനിന്നവരാണ് കോൺഗ്രസുകാരെന്ന് അതിൽ പച്ചയായി എഴുതി വച്ചിരിക്കുകയാണ്. ആ മന്ത്രിമാരെപ്പറ്റിയാണ് പറയുന്നത്. സി. ആൻഡ് എ.ജി. റിപ്പോർട്ടിലെ വാചകങ്ങൾ ക്വാട്ട് ചെയ്തുകൊണ്ടാണ് ആ പുസ്തകം എഴുതിയിരിക്കുന്നത്. ആർക്കെങ്കിലും അത് നിഷേധിക്കാൻ സാധിക്കുമോ? നമ്മുടെ രാജ്യത്തിലെ പ്രകൃതിവിഭവങ്ങളെയാകെ കൊള്ളയടിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുത്തത് കോൺഗ്രസാണ്. ഇപ്പോൾ ആ കോൺഗ്രസുകാർ ബി.ജെ.പി.-ക്കുവേണ്ടിയാണ് ഇതിന് ഉത്തരവാദി സംസ്ഥാന ഗവൺമെന്റാണെന്ന് പ്രചരിപ്പിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ വരുമാനം പരിമിതമാണ്. നികുതിപോലും പിരിക്കാനുള്ള അവകാശം സംസ്ഥാനത്തിനില്ലെന്ന് ഇവിടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചു. പെട്രോളിൽനിന്നും മദ്യത്തിൽനിന്നും ലഭിക്കുന്ന തുക മാത്രമാണുള്ളത്. കള്ളവാദങ്ങൾ തുറന്നുകാണിക്കാനും യാഥാർത്ഥ്യബോധത്തോടെ സമീപിക്കാനും കോൺഗ്രസുകാർ തയ്യാറാകണം. അവർ അതിന് തയ്യാറാകുമെന്ന് ഞാൻ

പ്രതീക്ഷിക്കുന്നില്ല. കേന്ദ്ര സംസ്ഥാന ബന്ധങ്ങളെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണെന്നും ഭാവിയിലെങ്കിലും ഭരിക്കുമെന്ന് പ്രതീക്ഷിക്കുന്നവരാണല്ലോ നിങ്ങളെന്നും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രതിപക്ഷാംഗങ്ങളോട് ചോദിക്കുകയുണ്ടായി. അവർക്ക് ആ പ്രതീക്ഷയില്ല. ഈ ജന്മം അവർ വരില്ലെന്ന് പൂർണ്ണമായി ബോധ്യമുള്ളതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റിനെപോലും എതിർക്കുന്നത്. യഥാർത്ഥ പ്രശ്നത്തെ സമീപിക്കാൻ അവർ തയ്യാറല്ല, ഈ പ്രശ്നത്തിൽ ഗൗരവതരമായ സമീപനമെടുക്കാൻ കോൺഗ്രസ് തയ്യാറാകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുകയാണ്. കാരണം, അവർ ഇന്ത്യയിലെ പ്രധാനപ്പെട്ട പ്രതിപക്ഷ പാർട്ടിയാണ്. ആ പാർട്ടി ശരിയായ സമീപനമെടുക്കണം. അവർ തിരുത്തണം. അവർ അവരുടെ നയസമീപനം മാറ്റണം. യാഥാർത്ഥ്യബോധത്തോടെ പ്രശ്നങ്ങളെ കാണാൻ അവർക്ക് കഴിയണം. അത്തരം സമീപനങ്ങൾ കോൺഗ്രസിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷം കാർഷികരംഗത്ത് ഇന്ത്യക്കാകമാനംതന്നെ മാതൃകയായി നിരവധി പ്രവർത്തനങ്ങൾ നടത്തിയ സർക്കാരാണ് ഒന്നാം പിണറായി സർക്കാർ. ആ ഇടതുപക്ഷ സർക്കാർ വീണ്ടുമിപ്പോൾ അധികാരത്തിൽവന്ന് നൂറ് ദിവസം പിന്നിട്ടിരിക്കുകയാണ്. രണ്ടാം ഇടതുപക്ഷ സർക്കാരും ഈ ചുരുങ്ങിയ കാലഘട്ടംകൊണ്ട് കാർഷിക രംഗത്ത് മികവുറ്റ പ്രവർത്തനങ്ങൾ നടത്തി മുന്നേറിക്കൊണ്ടിരിക്കുകയാണ്. സാധാരണക്കാർക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടാണ് നൂറ് ദിനങ്ങൾ സർക്കാർ പിന്നിട്ടിരിക്കുന്നത്. എൽ.ഡി.എഫ്. പ്രകടന പത്രിക വോട്ട് കിട്ടാനുള്ളതല്ല, അത് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാനുള്ളതാണെന്ന് തെളിയിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അഞ്ചുവർഷത്തിനുള്ളിൽ അർഹരായ മുഴുവൻപേർക്കും പട്ടയം നൽകുകയെന്നത് ഈ സർക്കാരിന്റെ ലക്ഷ്യമാണെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ ഒന്നേമുക്കാൽ ലക്ഷം പട്ടയങ്ങളാണ് കേരളത്തിൽ വിതരണം ചെയ്തത്, അത് സർവ്വകാല റെക്കോർഡാണ്. മുൻകാലങ്ങളിലെ ഒരു ഗവൺമെന്റുകളും സ്വീകരിക്കാത്ത നിലപാടാണത്. 'യുണീക് തണ്ടപ്പേർ' പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതോടുകൂടി അധികഭൂമി കണ്ടെത്തി ഭൂരഹിതർക്ക് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ ഭൂമി മുഴുവൻ ഡിജിറ്റലായി അളന്ന് തിട്ടപ്പെടുത്തുന്നതിന് ഒന്നാം ഗഡുവായി 339 കോടി രൂപ റീബിൽഡ് കേരളയ്ക്ക് കൊടുത്തിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. നാല്

വർഷംകൊണ്ട് സർവ്വേ പൂർത്തീകരിക്കുന്നതുവഴി ഭൂരഹിതർക്ക് നൽകാനാവശ്യമായ അധികഭൂമി കണ്ടെത്താൻ കഴിയും. ഒരുതുണ്ട് ഭൂമി, അതിലൊരു കൊച്ചുവീട് എന്നത് എല്ലാവരുടെയും സ്വപ്നമാണ്. ആ സ്വപ്നസാക്ഷാത്ക്കാരത്തിനാണ് ഇടതുപക്ഷ സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, സേവനങ്ങൾ സ്മാർട്ട് എന്നതാണ് ഇടതുപക്ഷ നിലപാട്. അത് യു.ഡി.എഫ്.-ൽ നിന്നും വ്യത്യസ്തമായൊരു നിലപാടാണ്.

കാർഷികവൃത്തിക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരാവശ്യമാണ് ഏറ്റവും കുറഞ്ഞ പലിശനിരക്കിൽ കർഷകർക്ക് വായ്പ ലഭ്യമാക്കുകയെന്നത്. സഹകരണ കാർഷിക വായ്പാമേഖല ത്രിതല സംവിധാനത്തിൽനിന്ന് ദ്വിതല സംവിധാനത്തിലേയ്ക്ക് മാറിയത് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമാണ്. കൃഷിക്ക് നട്ടെല്ലായി കേരള ബാങ്ക് രൂപീകരിക്കപ്പെട്ടു. ആ ബാങ്കിന്റെ രൂപീകരണം കർഷകസമൂഹം ആ നിലയിൽ കാണുമ്പോൾ അതിനെ തകർക്കാനുള്ള നിലപാടുകളാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരുന്നത്. കേരള ബാങ്കുവഴി 2021 ഏപ്രിൽ മുതൽ ആഗസ്റ്റുവരെയുള്ള 5 മാസക്കാലയളവിൽ കേരളത്തിലെ കാർഷിക മേഖലയിൽ വായ്പയായി കൊടുത്തത് 2648 കോടി രൂപയാണ്. 7 ശതമാനത്തിൽ കുറഞ്ഞ പലിശനിരക്കിലാണ് ഈ വായ്പ കൊടുക്കുന്നതെന്നത് കൃഷിക്കാരെ സംബന്ധിച്ച് ആശ്വാസകരമായ കാര്യമാണ്. രാജ്യമൊട്ടുക്കും കർഷക ആത്മഹത്യ പെരുകിക്കൊണ്ടിരിക്കുമ്പോൾ കാർഷികമേഖലയുടെ മുന്നേറ്റത്തിന് പുതിയ സംവിധാനങ്ങൾ ആവിഷ്കരിക്കുകയാണ് എൽ.ഡി.എഫ്. സർക്കാരെന്നുള്ളതാണ് വാർത്തകളിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. കേരള അഗ്രോ-ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിക്കുമെന്ന പ്രഖ്യാപനം കാർഷിക മേഖലയെ അടിമുടി മാറ്റാൻ സഹായകരമായിരിക്കും. രാജ്യത്തൊട്ടുക്കും കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകൾ കുത്തകകളുടെ കൈകളിലേയ്ക്ക് പോകുമ്പോൾ കേരളത്തിലെ ഇടതുപക്ഷ സർക്കാർ കൃഷിക്കാർക്കനുകൂലമായ മാറ്റങ്ങൾക്ക് വഴിവയ്ക്കുന്ന കമ്പനിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുവരികയാണ്. ആ കമ്പനിയുടെ പ്രവർത്തനങ്ങൾ ഏത് രീതിയിലായിരിക്കണമെന്നത് കർഷകരുടെ അഭിപ്രായം കേട്ടുകൊണ്ടുമാത്രമേ തീരുമാനിക്കുകയുള്ളൂ. അതിനാവശ്യമായ പതിനൊന്നംഗ സമിതിയെ രൂപീകരിച്ചെന്ന വാർത്തയും കാണുന്നുണ്ട്. കേന്ദ്രം കർഷകരുടെ ആവശ്യങ്ങൾ കേൾക്കാതെ മിനിറ്റുകൾ കൊണ്ടാണ് നിയമം പാസ്സാക്കുന്നത്. കർഷകരുടെ അഭിപ്രായങ്ങൾക്ക് പുല്ലുവില കൽപ്പിച്ചുകൊണ്ടാണ് മോദി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേന്ദ്രസർക്കാർ കർഷകരെ തെരുവിലേയ്ക്ക് വലിച്ചിഴച്ച് വേട്ടയാടുമ്പോൾ കർഷകരുടെ അഭിപ്രായമറിഞ്ഞ് അന്തിമതീരുമാനമെടുക്കുമെന്ന കൃഷിവകുപ്പുമന്ത്രിയുടെ

പ്രസ്താവന എൽ.ഡി.എഫ്. സർക്കാർ കർഷകപക്ഷത്താണെന്ന് കൃത്യമായി തെളിയിക്കുന്ന നടപടിയാണ്. പച്ചക്കറി ഉല്പാദനത്തിൽ സംസ്ഥാനം ആദ്യമായി സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുകയാണ്. 1600000 ടണ്ണായി കേരളത്തിലെ പച്ചക്കറി ഉല്പാദനം വർദ്ധിച്ചിരിക്കുകയാണ്. അന്യസംസ്ഥാനങ്ങളിലെ വിഷംതീണ്ടിയ പച്ചക്കറി കഴിച്ചുകൊണ്ടിരുന്ന കേരളീയനെ സംബന്ധിച്ചിടത്തോളം ഇവിടെ ഉല്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറി കഴിക്കാൻ സാധിക്കുന്നത് ആരോഗ്യരംഗത്തും വലിയ മാറ്റമുണ്ടാക്കാൻ സഹായിക്കും. അടുത്ത സാമ്പത്തിക വർഷം മുതൽ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലകളായി തിരിച്ച് കൃഷി ചെയ്യുന്നതിന് ഇപ്പോൾ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. 23 യൂണിറ്റുകൾ ഈ മേഖലയിലുണ്ടാകുമെന്നാണ് കാണുന്നത്. കാലാവസ്ഥ, മണ്ണിന്റെ പ്രത്യേകത എന്നിവ കണക്കിലെടുത്ത് അനുയോജ്യമായ കൃഷിരീതി നടപ്പാക്കുന്നതുവഴി ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കേരളത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയും. കർഷകർക്ക് ഏകീകൃത നമ്പരും സ്മാർട്ട് കാർഡും നൽകാൻ തീരുമാനമായി. പല ആവശ്യങ്ങൾക്കായി വിവിധ ഓഫീസുകളിലെത്തുന്ന കർഷകർ നിരവധി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ട ഗതികേടാണ് നിലവിലുള്ളത്. വിവിധ ആവശ്യങ്ങൾക്കുവേണ്ടി പലവിധ രേഖകൾ ഹാജരാക്കേണ്ട വിഷമസ്ഥിതിയിൽനിന്ന് കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടിയാണ് കർഷകർക്ക് ഏകീകൃത നമ്പരും സ്മാർട്ട് കാർഡും നൽകുന്ന സമ്പ്രദായം വരുന്നത്. കേരളം നെല്ലുല്പാദനരംഗത്ത് മുന്നിൽ നിൽക്കുകയാണെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളാണ് നെല്ലുല്പാദനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത്. കേരളത്തിൽ കുറച്ച് ഭൂമിയേയുള്ളൂ, ആ ഭൂമിയിൽ നിന്നുള്ള നെല്ലുല്പാദനമാണ് നടക്കുന്നത്. ഒരു കിലോ നെല്ലുല്പാദിപ്പിച്ചാൽ 28 രൂപ കർഷകരുടെ അക്കൗണ്ടിലേയ്ക്കുവരുന്ന ഒരേയൊരു സംസ്ഥാനം, ഇന്ത്യയിൽ കോൺഗ്രസോ ബി.ജെ.പി.-യോ ഭരിക്കുന്ന സംസ്ഥാനമല്ല, അത് ഇടതുപക്ഷം ഭരിക്കുന്ന കേരളമാണ്. മറ്റ് സംസ്ഥാനങ്ങളിൽ 18 രൂപയ്ക്കും താഴെയാണെന്ന് ഇന്നലെ കൃഷി വകുപ്പുമന്ത്രിതന്നെ മറുപടി പറഞ്ഞതാണ്. അങ്ങനെ കാർഷിക മേഖലയിൽ വളരെ വലിയ മാറ്റങ്ങൾക്ക് വിധേയമായി മുന്നോട്ടുപോകുന്ന ഒരു സംസ്ഥാനം ഇടതുപക്ഷം ഭരിക്കുന്ന കേരളമാണെന്നത് എല്ലാവരും അംഗീകരിക്കുന്നൊരു കാര്യമാണ്.

പെട്രോളിന്റെ വിലയുമായി ബന്ധപ്പെട്ട് ഇന്ന് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ അവതാരകൻ അനിയൻ ബാവ, ചേട്ടൻ ബാവ എന്നാണ് ഇടതുപക്ഷത്തെയും ബി.ജെ.പി.-യെയും താരതമ്യപ്പെടുത്തിക്കൊണ്ട് പറഞ്ഞത്. പെട്രോളിന് വില വർദ്ധിപ്പിച്ചത് കോൺഗ്രസ് സർക്കാരാണ്. ഒന്നാം യു.പി.എ. സർക്കാരിന് ഇടതുപക്ഷ പിന്തുണയുണ്ടായിരുന്നതുകൊണ്ട് ഡോ. മൻമോഹൻ സിംഗിന്റെ കൈ അന്ന് ചലിച്ചിരുന്നില്ല. രണ്ടാം യു.പി.എ.

സർക്കാർ പെട്രോളിന് വില വർദ്ധിപ്പിച്ചു. അതുപോലെ ഡീസലിന് വില വർദ്ധിപ്പിച്ചത് നരേന്ദ്ര മോദി സർക്കാരാണ്. ഇതിൽ ആരാണ് ചേട്ടനെന്നും ആരാണ് അനിയനെന്നും കൃത്യമായി കാണാൻ കഴിയുന്നതാണ്. ചേട്ടൻ കോൺഗ്രസും അനിയൻ ബി.ജെ.പി.-യുമാണെന്നതിൽ ഒരു തർക്കവുമില്ല. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം രാസവളങ്ങൾക്ക് വില കൂട്ടിയതും നിയന്ത്രണാധികാരം എടുത്തുകളഞ്ഞതും കോൺഗ്രസ് സർക്കാരാണ്, ചേട്ടൻ ബാവയാണ്. ചേട്ടൻ ബാവയ്ക്ക് അനുസൃതമായി പിന്നീട് ശ്രീ. നരേന്ദ്രമോദി വന്നപ്പോൾ കണ്ടതെന്താണ്? യൂറിയയുടെ വിലനിയന്ത്രണാധികാരം വിട്ടുകൊടുത്തത് അനിയൻ ബാവയാണെന്ന് നമുക്ക് കാണാൻ കഴിയും. ഈ നടപടിയിലൂടെ യഥാർത്ഥത്തിലുള്ള ചേട്ടൻ ബാവയെയും അനിയൻബാവയെയും നമുക്ക് മനസ്സിലാക്കാൻ കഴിയും. കോൺഗ്രസ്സും ബി.ജെ.പി.-യുമാണ് ചേട്ടൻ ബാവ അനിയൻ ബാവ കളിക്കുന്നത്. ഇടതുപക്ഷം ഇവരെ എതിർത്തുകൊണ്ടാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. മുടിഞ്ഞ തറവാട്ടിലെ പൂമുഖത്ത് ചാരുകസേരയിൽ കിടക്കുന്ന കാരണവരെപ്പോലെയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ എന്നാണ് നമ്മുടെ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഒരു ഘട്ടത്തിൽ പറഞ്ഞത്. കേരളത്തിലെയും ഇന്ത്യയിലെയും കോൺഗ്രസിന്റെ അവസ്ഥയെന്താണ്? മോൺസൺ മാവുങ്കൽ എന്ന തട്ടിപ്പുകാരന്റെ നിലവറയിൽ കിടക്കുന്ന വിലയില്ലാത്ത പുരാവസ്തു പോലെയാണ് കോൺഗ്രസ് എന്നത് നമുക്ക് മറക്കാൻ പറ്റുമോ. കേരളത്തിലെ ധനസ്ഥിതി മെച്ചപ്പെടുത്തിക്കൊണ്ട് എല്ലാ വിഭാഗം ജനങ്ങൾക്കും സമതുലിതമായി പണം വിതരണം ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്ന ധനകാര്യ വകുപ്പുമന്ത്രിയെ സംബന്ധിച്ചാണ് ഇവിടെ ഇത്തരത്തിൽ സൂചിപ്പിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടായത്. ഇവിടെ കോൺഗ്രസ്സിനെ സംബന്ധിച്ചും നെഹ്റുവിന്റെ പാരമ്പര്യത്തെ സംബന്ധിച്ചുമൊക്കെ ഇന്നലെ പറയുകയുണ്ടായി. ജവഹർലാൽ നെഹ്റുവിന്റെ 'ഒരച്ഛൻ മകൾക്ക് അയച്ച കത്തുകൾ' എന്ന പുസ്തകത്തിൽ പറയുന്നത്, 'മകളേ നീ പുണ്യവതിയാണ് ' എന്നാണ്. കാരണം, സോവിയറ്റ് യൂണിയൻ പിറന്ന ദിനമാണ് ഇന്ദിരാഗാന്ധിയുടെ ജന്മദിനം. ഇവിടെ സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ സെക്രട്ടറിയായിരുന്ന ഹർകിഷൻ സിംഗ് സുർജിത്തിനെ സംബന്ധിച്ച ചില കാര്യങ്ങളുണ്ട്. ഹോഷിയാർപൂർ ജില്ലയിൽ ഗവർണർ സന്ദർശനം നടത്തുമ്പോൾ കേവലം 16 വയസ്സ് മാത്രമുണ്ടായിരുന്ന സുർജിത്ത് അവിടെ പ്രതിഷേധം സംഘടിപ്പിക്കാൻ കോൺഗ്രസ് കമ്മിറ്റി കൂടി തീരുമാനിച്ചു. ആ തീരുമാനപ്രകാരം അവിടത്തെ കോടതിക്ക് മുകളിൽ ജാക്ക് പതാക വലിച്ചുകീറി അവിടെ ത്രിവർണ്ണ പതാക ഉയർത്താൻ തീരുമാനിച്ചു. പോലീസും പട്ടാളവും വളഞ്ഞു. അവർ വെടിവയ്ക്കുമെന്ന് പറഞ്ഞപ്പോൾ കോൺഗ്രസ്

തീരുമാനം മാറ്റി. ആ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഒറ്റയ്ക്ക് രഹസ്യമായി ആ കോടതിക്ക് മുകളിൽ ത്രിവർണ്ണ പതാക ഉയർത്തിയ ഹർകിഷൻ സിംഗ് സുർജിത്തിന്റെ അനുഭവവും കോൺഗ്രസിന്റെ പാരമ്പര്യവും നമ്മൾ കാണേണ്ടതാണ്. പിന്നീട് അദ്ദേഹത്തെ ദുർഗുണ പരിഹാര പാഠശാലയിലേയ്ക്കാണ് അയച്ചത്. ആദ്യകാലഘട്ടങ്ങളിൽ കോൺഗ്രസിന്റെ യോഗങ്ങളിൽ ചെങ്കൊടി ഉയർത്തുന്ന പാരമ്പര്യമുണ്ടായിരുന്നു ഇടതുപക്ഷത്തിന്. അന്നത്തെ ജനറൽ സെക്രട്ടറി ആചാര്യ കൃപലാനി ആ നടപടിയെ ശക്തമായി എതിർക്കുകയുണ്ടായി. ഇനി ഇത് പാടില്ലെന്ന ഉത്തരവിറക്കി. അതിൽ പ്രതിഷേധിച്ചുകൊണ്ട് സുർജിത്ത് നെഹ്റുവിനെ കണ്ടു. നെഹ്റുവിന്റെ പാരമ്പര്യം പറയുന്ന കോൺഗ്രസ് ഇത് കാണണം. ചെങ്കൊടി ഉയർത്താൻ പാടില്ലെന്ന് പറയേണ്ട ഒരു കാര്യവുമില്ലെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. സാധാരണക്കാരെ ദേശീയ സ്വാതന്ത്ര്യസമരത്തിൽ അണിനിരത്താൻ ചെങ്കൊടി ഉയർത്തുന്നത് സഹായകരമാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. ആ നെഹ്റുവിന്റെ പാരമ്പര്യമാണോ ഇന്നത്തെ കോൺഗ്രസിനുള്ളത്. കണ്ണുണ്ടായാലും കാണാതിരിക്കുന്നതാണ് അന്ധതയെക്കാൾ കഷ്ടമെന്നാണ് ഹെലൻ കെല്ലർ പറഞ്ഞിരിക്കുന്നത്. കണ്ണുണ്ടായിട്ടും ഒന്നും കാണാതിരിക്കുന്ന അവസ്ഥയിലാണ് പ്രതിപക്ഷം. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിലെ സമസ്ത ജനങ്ങളുടെയും താല്പര്യങ്ങളെ പരിരക്ഷിച്ചുകൊണ്ട്, അവരുടെ ജീവിതം ഭദ്രമാക്കിക്കൊണ്ട് മുന്നോട്ടുപോയിക്കൊണ്ടിരിക്കുമ്പോൾ അതെല്ലാം കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുന്ന പ്രതിപക്ഷത്തിന് മുന്നോട്ടുപോകാൻ കഴിയില്ല. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ 2015 മേയ് 9-ാം തീയതി, അന്ന് കെ.പി.സി.സി. യോഗത്തിൽ ശ്രീ. വി. എം. സുധീരൻ പറഞ്ഞ വാചകം, 'നിയമനം, സ്ഥലംമാറ്റം എന്നിവയിലെല്ലാം പൂർണ്ണ അഴിമതി, തദ്ദേശസ്വയംഭരണം, സഹകരണം തുടങ്ങിയ വകുപ്പുകളില്ലെല്ലാം കൂട്ടഅഴിമതി' എന്നാണ്. ക്ഷേമപെൻഷൻ കുടിശ്ശിക അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യമായിരുന്നു. ഇക്കാര്യങ്ങളെല്ലാം അദ്ദേഹം അന്നത്തെ സർക്കാരിനെക്കുറിച്ച് പറഞ്ഞതാണ്. ഇപ്പോഴിവിടെ പ്രതിപക്ഷം പറയുന്നത് അവരുടെ കാലഘട്ടത്തിൽ കുടിശ്ശികയേയുണ്ടായിട്ടില്ല എന്നാണ്. ഇടതുപക്ഷം വന്നപ്പോഴാണ് കുടിശ്ശിക കൊടുത്തുതീർത്തത്. 2015 മേയ് മാസത്തിലെ കണക്കുകളാണ് പറയുന്നത്. കാര്യങ്ങൾ നേരായ വഴിക്കല്ല പോകുന്നത്, ഇങ്ങനെയായാൽ തിരിച്ചടിയുണ്ടാകുമെന്ന് അദ്ദേഹം പറയുകയുണ്ടായി. ശ്രീ. വി. എം. സുധീരൻ എന്റെ നാട്ടുകാരനാണ്. തിരിച്ചടിയുണ്ടാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. ആ തിരിച്ചടിയാണ് ഇപ്പോൾ കോൺഗ്രസ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഈ തിരിച്ചടി നേരിട്ട് മുന്നോട്ടുപോകുന്ന കോൺഗ്രസ് കണ്ണ് നല്ലതുപോലെ തുറന്ന് വസ്തുതകളെ

കൃത്യമായി മനസ്സിലാക്കി മുന്നോട്ടുപോകുന്നതിന് പകരം അന്ധമായി ഇടതുപക്ഷത്തെ എതിർക്കുകയെന്നുള്ളത് രാജ്യം ഭരിക്കുന്ന ബി.ജെ.പി. എടുക്കുന്ന നിലപാടുകളെ അംഗീകരിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും തുല്യമാണ്. അത് തിരുത്താൻ തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. 15-ാമത് കേരള നിയമസഭയുടെ മൂന്നാം സമ്മേളനം കേരളത്തിന്റെ ഇതപര്യന്തമുള്ള നിയമസഭാ ചരിത്രത്തിൽ ഇടംപിടിക്കാൻ പോകുന്ന സമ്മേളനമായി മാറുകയാണ്. 34 നിയമങ്ങൾ ഇവിടെ പാസ്സാക്കുകയും ഒരു നിയമം പൊതുജനാഭിപ്രായം തേടാൻ സെലക്ട് കമ്മിറ്റിക്ക് അയച്ചിരിക്കുകയുമാണ്. ഇതുപോലൊരു സമ്മേളനം ഇതിനുമുമ്പ് ചേർന്നിട്ടുണ്ടോയെന്നത് സംശയമാണ്. അതുസംബന്ധിച്ച് അഭിപ്രായം പറയേണ്ടത് നിയമസഭയിലെ ഉത്തരവാദിത്വപ്പെട്ട ആളുകളാണ്. ഇത്തരം ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞുവെന്നത് അഭിമാനമായി കാണുകയാണ്.

ഇവിടെ പ്രതിപക്ഷത്തിന്റെ അവസ്ഥ നിങ്ങൾക്കറിയാമല്ലോ? പ്രതിപക്ഷത്തിന്റെ അവസ്ഥ കാണുമ്പോൾ എനിക്കോർമ്മ വരുന്നത് ജൂനിയർ മാൻഡ്രേക്ക് എന്ന സിനിമയിലെ ജഗതിയുടെ കഥാപാത്രത്തെയാണ്. എങ്ങനെയങ്കിലും അറസ്റ്റ് ചെയ്യപ്പെടണം, പോലീസ് ലോക്കപ്പിൽ കിടക്കണം, അതാണ് ആ കഥാപാത്രത്തിന്റെ ലക്ഷ്യം. അതിനുവേണ്ടി റോഡിൽ കിടക്കും, പോലീസിനെ അടിക്കും തുടങ്ങി പല കാര്യങ്ങളും ആ കഥാപാത്രം ചെയ്യുകയാണ്. അവസാനം അറസ്റ്റ് വരിക്കും. അതുപോലെയാണ് പ്രതിപക്ഷത്തിന്റെ കാര്യം. സഭ ബഹിഷ്കരിക്കാൻ പെട്രോൾ വില വർദ്ധനവ് ഒരു കാരണമാക്കി. അമ്പലപ്പറമ്പിലെ പോക്കറ്റടിക്കാരെപ്പോലെ, പോക്കറ്റടിച്ചവൻതന്നെ കള്ളൻ.. കള്ളൻ.. എന്ന് വിളിക്കുകയാണ്. അതുപോലെയാണിവിടെ സംഭവിച്ചത്. ആരാണ് പെട്രോൾ വില വർദ്ധനവിന് കാരണം; ആരാണ് നവലിബറൽ നയം നടപ്പിലാക്കിയത്? അത് നടപ്പിലാക്കുമ്പോൾ, കോൺഗ്രസ് പറഞ്ഞ തിയറിയാണ് Trickle-down theory; പണം കിനിഞ്ഞിറങ്ങും, ഇഷ്ടം പോലെ പണം വരും എന്നൊക്കെയായിരുന്നു പറഞ്ഞത്. എന്നിട്ട് പണം വന്നോ? രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർത്തവരാണെന്ന ചോദ്യത്തിനുത്തരം കോൺഗ്രസ് എന്നാണ്. രാജ്യത്തെ ജനങ്ങളെ ദാരിദ്ര്യത്തിലേയ്ക്ക് തള്ളിവിട്ടത് കോൺഗ്രസാണ്. ഈ നാടിന്റെ നാശത്തിന് കാരണം ഇന്ത്യൻ നാഷണൽ കോൺഗ്രസാണ്. കോൺഗ്രസിൽ നിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് കോൺഗ്രസിനേക്കാൾ പ്രൊഫഷണലായി ബി.ജെ.പി. ചെയ്യുന്നുവെന്ന് മാത്രം. അതാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

ഇവിടെ കോൺഗ്രസിന് ഈ രാജ്യത്തെ രക്ഷിക്കാൻ സാധിക്കുമെന്ന് ഞാൻ കരുതുന്നില്ല. എല്ലാവരും ഞങ്ങളെ പിന്തുണയ്ക്കണമെന്നാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് പറയുന്നത്. 'പേടിയുള്ളവർ എന്റെ ചുറ്റും നിന്നോളൂ' എന്ന് നാട്ടിൽ പറയുന്ന ഒരു നാടൻ ഡയലോഗുണ്ട്. കോൺഗ്രസ് പറയുന്നതും ഇതാണ്. നിങ്ങളെല്ലാവരും ഞങ്ങളുടെ ചുറ്റും നിന്നോളൂ. നമുക്കെല്ലാവർക്കുംകൂടി ബി.ജെ.പി.-യെ തോൽപ്പിക്കാം. ഇന്നെവിടെയാണ് കോൺഗ്രസ്സുള്ളത്; കോൺഗ്രസിന്റെ അവസ്ഥയെന്താണ്; ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം തകർന്നിരിക്കുന്നു. അതിന് നേതാവില്ല. ഞങ്ങൾ ഒരു കാര്യം പറയാം. ഇലക്ടറൽ പൊളിറ്റിക്സിൽ പാർലമെന്റിലെ അംഗബലം വച്ച് ഞങ്ങളാണ് വലുതെന്ന് പറയുന്നില്ല. പക്ഷെ Ideological war ബി.ജെ.പി.-ക്കെതിരെ നടത്തുന്നത് ഞങ്ങളാണ്. ഞങ്ങൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയമാണ് ഇന്ന് ബി.ജെ.പി. ഭയപ്പെടുന്നത്. ഹരിയാനയുടെ ബോർഡറിൽ നടക്കുന്ന കർഷക സമരത്തിന് സൈദ്ധാന്തിക പിൻബലം നൽകുന്നതാര്? ഒരു സംശയവും വേണ്ട ഇടതുപക്ഷമാണ്. വല്ലപ്പോഴുംപോയി മുഖം കാണിച്ചാൽ കോൺഗ്രസ് രക്ഷപ്പെടില്ല. നിങ്ങൾ സമരമുഖത്തെവിടെയാണുണ്ടായിരുന്നത്? വർഗ്ഗീയതയ്ക്കെതിരെ എവിടെയാണ് കോൺഗ്രസ്? ഒരുഭാഗത്ത് ഒരാൾ തീവ്ര ഹിന്ദുത്വ നിലപാടുകൾ സ്വീകരിക്കുമ്പോൾ മറുഭാഗത്തൊരാൾ മൃദു ഹിന്ദുത്വ നയം സ്വീകരിക്കുന്നു. ഗുജറാത്തിൽ കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് സ്ട്രാറ്റജിസ്റ്റ് ആയിരുന്ന അഹമ്മദ് പട്ടേലിനെ ഇലക്ഷൻ ക്യാമ്പയിനിനുപോലും ഗുജറാത്തിൽ അടുപ്പിച്ചില്ലല്ലോ? ഇനി നടക്കാൻ പോകുന്ന ഇലക്ഷൻ ഏതാണ്? അടുത്ത നിയമസഭാസമ്മേളനത്തിന് നാം ഒത്തുചേരുന്നത് യു.പി. ഇലക്ഷന് ശേഷമാണ്. യു.പി. ഇലക്ഷനിൽ നിങ്ങൾ മൃദു ഹിന്ദുത്വനയം ഉപേക്ഷിച്ചുകൊണ്ട് മതേതര ശക്തികളെ യോജിപ്പിക്കാൻ തയ്യാറുണ്ടോ? അവിടെ നിങ്ങൾ സെക്യൂലർ പൊളിറ്റിക്സ് പറയാൻ തയ്യാറുണ്ടോ? തയ്യാറല്ല. എവിടെപ്പോയി സൽമാൻ ഖുർഷിദ്. യു.പി.-യിലെ കോൺഗ്രസിന്റെ മുഖമാണ് സൽമാൻ ഖുർഷിദ്. അതുപോലെ നിരവധി മുസ്ലീം മതനേതാക്കൾ, മുസ്ലീം നാമധാരികളായ കോൺഗ്രസ് നേതാക്കൾ എവിടെ? അവരെയൊന്നും കോൺഗ്രസ് അടുപ്പിക്കില്ല. കാരണം, കോൺഗ്രസ് അവിടെ ബി.ജെ.പി.-യുടെ തീവ്ര ഹിന്ദുത്വ സമീപനത്തിനുപകരം മൃദു ഹിന്ദുത്വനയം സ്വീകരിച്ച് മുന്നോട്ടുപോകും. കോൺഗ്രസ് തകരണമെന്നാഗ്രഹിക്കുന്നില്ല, പക്ഷെ കോൺഗ്രസ് സ്വയം തകർന്നുകൊണ്ടിരിക്കുകയാണ്. പഞ്ചാബിൽ ഇപ്പോൾ ഒരു പുതിയ മുഖ്യമന്ത്രിയെ കൊണ്ടുവന്നിരിക്കുകയാണ്. അതുനല്ലതുതന്നെ. പക്ഷെ മുഖ്യമന്ത്രിയെ ഭരിക്കാൻ വിടണ്ടേ? ക്രിക്കറ്റും കളിച്ചുനടന്ന നവ്ജ്യോത് സിംഗ് സിദ്ദുവിന്റെ വർത്തമാനം കേട്ട് അദ്ദേഹത്തെ ഏൽപ്പിച്ചിരിക്കുകയാണ്. Semi cadre-നെക്കുറിച്ചാണ് ഇപ്പോഴത്തെ ചർച്ച. ബംഗാളിലെ സുഷ്മിതാദേവ് ഇന്ന്

കോൺഗ്രസിലില്ല. അവർ തൃണമൂൽ കോൺഗ്രസിലേയ്ക്ക് പോയി. കോൺഗ്രസിനകത്ത് അഭിപ്രായം പറയുന്നവർ നിശ്ശബ്ദരാക്കപ്പെടുന്നു. കോൺഗ്രസ് ഒരു dynasty politics-ലേയ്ക്ക് മാറുന്നതിന്റെ സൂചനയാണ് ഇപ്പോൾ നാം കണ്ടുകൊണ്ടിരിക്കുന്ന ഓരോ കാര്യങ്ങളും. ഞങ്ങൾ കോൺഗ്രസിനെ തകർക്കാൻ ശ്രമിക്കുന്നുവെന്നാണ് ആക്ഷേപം. ആരായിരുന്നു മതനിരപേക്ഷ ശക്തികളെ തുരങ്കം വച്ചത്. ബി.ജെ.പി.-ക്കെതിരെയുള്ള പോരാട്ടത്തിൽ മതനിരപേക്ഷ ശക്തികളെ യോജിപ്പിച്ച് നിർത്തേണ്ട കോൺഗ്രസ് 2019-ൽ അതിന് തയ്യാറായില്ല. പകരം സെക്യുലർ ശക്തികൾ യോജിച്ചുനിൽക്കേണ്ട കേരളത്തിൽ അമേഠിയിൽ നിന്ന് രാഹുൽ ഗാന്ധി ഇവിടെ മത്സരിക്കാൻ വന്നു. ഇത്രമാത്രം സ്വാർത്ഥരാകാൻ പാടില്ല. രാജ്യം വേണോ അതോ ശ്രീ. രാഹുൽ ഗാന്ധി എം.പി. ആകണോ എന്ന ചോദ്യം ഉയർന്നുവന്നപ്പോൾ ഞങ്ങൾക്ക് രാജ്യം വേണ്ട ശ്രീ. രാഹുൽ ഗാന്ധി പ്രസിഡന്റായാൽ മതിയെന്നായിരുന്നു കോൺഗ്രസ് എടുത്ത തീരുമാനം. ആ സമീപനത്തിന്റെ ഭാഗമായി സെക്കുലറിസത്തിന് തുരങ്കംവച്ചുകൊണ്ട് ശ്രീ. രാഹുൽ ഗാന്ധി വന്നു. ശ്രീ. രാഹുൽ ഗാന്ധി വന്നപ്പോൾ കോൺഗ്രസിനൊപ്പം പാറിപ്പറന്നത് പച്ചപതാകയായിരുന്നു. പച്ചപതാക ഉത്തരേന്ത്യയിലാകെ കാണിച്ച്, ഇതാ പാകിസ്ഥാനുമായി സഖ്യത്തിലേർപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞു. ഈ പ്രചാരവേല സംഘടിതമായി സംഘടിപ്പിച്ചല്ലേ അവർ ജയിച്ചത്. ഇനിയെങ്കിലും കോൺഗ്രസ് യാഥാർത്ഥ്യം തിരിച്ചറിയണം. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ കണ്ട വാർത്തയാണ്, കോൺഗ്രസ് ഐ.സി.യു. മാറ്റുന്നു എന്ന്. ഞാൻ പറയുന്നത് കോൺഗ്രസിന് സി.സി.യു. ആണ് വേണ്ടത്. കോൺഗ്രസ് ഇപ്പോൾ ക്രിട്ടിക്കൽ കെയർ യൂണിറ്റിലാണ്. ക്രിട്ടിക്കൽ കെയർ യൂണിറ്റിലായ കോൺഗ്രസിനെ രക്ഷിക്കാൻ ഇനി ആർക്കും സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. സെമി കേഡർ എന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. സെമി കേഡർ എന്നുപറഞ്ഞാൽ സിനിമാക്കാരന്റെ മുഖത്തേയ്ക്കടിക്കുക, കാർ അടിച്ചുപൊളിക്കുക ഇതൊക്കെയാണ്. കാർ അടിച്ചുപൊളിച്ചാൽ, ആളെ കയ്യേറ്റം ചെയ്താൽ ജയിലിൽ കിടക്കേണ്ടിവരും. ജയിലിൽ കിടക്കുമ്പോൾ, പിണറായി പോലീസ് ഞങ്ങളെ ജയിലിലിടുന്നു എന്ന് നിലവിളിക്കും. സമരമുഖത്ത് സമരം ചെയ്യാനായി ഇറങ്ങിപ്പുറപ്പെടുന്നവർ സമരത്തിന്റെ ഭവിഷ്യത്ത് നേരിടാൻ തയ്യാറാകണം. ഞാൻ ഇന്നലെ ടോണി ചമ്മിണി ജയിലിൽ നിന്ന് പുറത്തിറങ്ങുന്ന ദൃശ്യങ്ങൾ കണ്ടു. അദ്ദേഹം കരയുന്നില്ലെന്നേയുള്ളൂ. രണ്ട് ദിവസം ജയിലിൽ കിടക്കുമ്പോൾ നിലവിളിക്കുന്നവർക്കെങ്ങനെ രാജ്യത്തെ രക്ഷിക്കാൻ കഴിയും. ഒരു കേസിലകപ്പെടുമ്പോൾ പൊട്ടിക്കരയുന്നവർക്കെങ്ങനെ ബി.ജെ.പി.-ക്കെതിരെ പോരാട്ടം നടത്താനും നാടിനെ രക്ഷിക്കാനും കഴിയും? നിർഭാഗ്യവശാൽ കോൺഗ്രസിന്റെ നേതൃത്വം പൊട്ടിക്കരഞ്ഞുള്ള നേതൃത്വമായി മാറിയിരിക്കുന്നു.

ഇതിന്റെയൊക്കെ ഭാഗമായി മദ്യപാനം പാടില്ലെന്ന് പറയുകയാണ്. ഇതുകേട്ടപ്പോൾ ഞങ്ങളുടെ നാട്ടിലെ ഒരു ബൂത്ത് പ്രസിഡന്റ് ചോദിച്ചു, ഒരു പ്രദേശത്തെ മുഴുവൻ ആളുകളും മദ്യപിക്കുന്നവരാണെങ്കിൽ അവിടെ പാർട്ടി വേണ്ടേ? അപ്പോൾ ഡി.ഡി.സി. പ്രസിഡന്റ് പറഞ്ഞത് അവിടെ ഹാഫ് ആകാമെന്നാണ്. ഇതാണ് കോൺഗ്രസ്? പിന്നീട് പറയുന്നു, കസേര കൊണ്ടുവരണം. സ്റ്റേജിൽ ഇരിക്കാൻ വേണ്ടി ഇപ്പോൾ ഒരോ കോൺഗ്രസ് നേതാക്കളുടെയും കാറിന്റെ ഡിക്കിയിലും ഓരോ കസേര കാണും. ഇതെന്തൊരു പരിഹാസമാണ്. ഇതൊക്കെ കോൺഗ്രസിനകത്ത് നടക്കുന്ന കാര്യമാണ്. കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം എത്തിച്ചേർന്ന ഗതികേടിനെപ്പറ്റിയാണ് ഞാനിവിടെ സൂചിപ്പിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസെന്ന രാഷ്ട്രീയ പ്രസ്ഥാനം തകർന്നിരിക്കുന്നു. ഇവർ പറയുന്നത്, ഞങ്ങൾ ക്രിയാത്മക പ്രതിപക്ഷമായിരിക്കുമെന്നാണ്. എന്നിട്ട് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിൽ പ്രതിഷേധിച്ച് അവർ ഇറങ്ങിപ്പോയിരിക്കുന്നു, ഇതിൽ ഞങ്ങൾക്കെന്ത് പങ്കാണുള്ളത്? 1990-കളുടെ തുടക്കത്തിൽ എൽ.പി.ജി.-യെന്ന (Liberalization, Privatisation and Globalisation) പേരിൽ നിങ്ങൾ നടപ്പിലാക്കിയ സാമ്പത്തിക നയത്തിന്റെ പ്രത്യാഘാതം ഇന്ന് അനുഭവിക്കുമ്പോൾ, അതിനെതിരെ യോജിച്ച് നിൽക്കേണ്ടതിനുപകരം ഇവിടെ വന്ന് പ്രതിഷേധിക്കുകയാണ്. മോദിക്കെതിരെ സിന്ദാബാദ് വിളിക്കാതെ പിണറായിക്കെതിരെ സിന്ദാബാദ് വിളിച്ചിട്ടെന്ത് കാര്യം; ആരാണ് ഈ നയം നടപ്പിലാക്കിയത്? എന്തുകൊണ്ട് പെട്രോളിന്റെയും ഗ്യാസിന്റെയും വില വർദ്ധിക്കുന്നു? ശ്രീ. മൻമോഹൻ സിംഗാണ് ഈ നയത്തിന്റെ വക്താവ്. ന്യൂ ലിബറൽ പോളിസി തെറ്റിപ്പോയെന്ന് പറയാതെ, ഒരു പാളിച്ചയും പറ്റിയില്ല എന്നാണിപ്പോഴും കോൺഗ്രസ് പറഞ്ഞുകൊണ്ടിരിക്കുന്നത്. നയം തിരുത്താൻ കോൺഗ്രസ് തയ്യാറുണ്ടോ? കോൺഗ്രസ് നയംതിരുത്തുമെന്ന് പ്രതീക്ഷിക്കുന്നില്ല. കേരളത്തിൽ ഒരു മഹാ സഖ്യമുണ്ടാക്കിയിരിക്കുകയാണ്. ബംഗാളിലെ മഴവിൽ സഖ്യത്തിന് സമാനമായി കേരളത്തിലും സിൽവർ ലൈനിന്റെ പേരിൽ ഒരു മഹാസഖ്യം വന്നിരിക്കുകയാണ്. 2021-ൽ കേവലം യു.ഡി.എഫ്.-നെമാത്രം നേരിട്ടുകൊണ്ടായിരുന്നില്ല, പിണറായി വിജയൻ സർക്കാരിന്റെ തുടർഭരണം കേരളത്തിലുണ്ടായത് മഹാസഖ്യത്തെ നേരിട്ടുകൊണ്ടായിരുന്നു. യു.ഡി.എഫ്.-ഉം ജാതിമത സാമുദായിക ശക്തികളും ഒപ്പം കോർപ്പറേറ്റുകളും അടങ്ങിയ സഖ്യത്തെ നേരിട്ടു, ജയിക്കുകയും ചെയ്തു. ജനങ്ങൾ നൽകിയ മാൻഡേറ്റാണ്. ജനങ്ങൾക്കുമുമ്പാകെ ഞങ്ങൾ നടപ്പാക്കിയ പ്രകടനപത്രിക മുന്നിൽവച്ചാണ്. ആ തൊള്ളായിരം ഇനം വാഗ്ദാനങ്ങളും നടപ്പിലാക്കി ഞങ്ങൾ മുന്നോട്ടുപോകും. ജനങ്ങൾ വല്ലപ്പോഴും മാത്രം കാണുന്ന കോൺഗ്രസിനെക്കാൾ കൂടുതൽ ജനങ്ങളുടെ

ഹാർട്ട് ബീറ്റ് മനസ്സിലാക്കിയത് ഇടതുപക്ഷമാണ്. ഇപ്പോൾ സിൽവർ ലൈനിന്റെ പേരിൽ ഒരു മഹാസഖ്യമുണ്ടാക്കിയിരിക്കുന്നു. ഒരു കാര്യം ഞാൻ ഓർമ്മപ്പെടുത്താം. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന രണ്ടാം സർക്കാർ കേരളത്തിലെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ബഹുജനങ്ങളുടെയും പിന്തുണയോടുകൂടി വന്ന സർക്കാരാണ്. ഈ സർക്കാരിനെ അസ്ഥിരപ്പെടുത്താൻ എന്തെല്ലാം ശ്രമങ്ങൾ നടത്തിയാലും അതിനെയെല്ലാം അതിജീവിച്ച് ഇടതുപക്ഷ പ്രസ്ഥാനം മുന്നോട്ടുപോകും. ഈ ഗവൺമെന്റിനെ നാട്ടിലെ സാധാരണ ജനങ്ങൾ പിന്തുണയ്ക്കും. കാരണം, സാധാരണ ജനങ്ങൾക്ക് പ്രതീക്ഷ അർപ്പിക്കാൻ സാധിക്കുന്ന മുന്നണി ഇടതുപക്ഷ മുന്നണിയാണ്. നിങ്ങളുടെ കാലത്ത് എല്ലാം കുടിശ്ശികയായിരുന്നില്ലേ? മുൻ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾകൊണ്ടാണ് ഈ തുടർഭരണം സർക്കാരിന് ലഭിച്ചിട്ടുള്ളത്. ഞങ്ങൾ ഉറപ്പിക്കുന്നു, ജനങ്ങൾ ഞങ്ങളിലർപ്പിച്ച വിശ്വാസത്തിന് കോട്ടംതട്ടാതെ സൂക്ഷിക്കും. ഞങ്ങൾ ലക്ഷ്യമിടുന്നത് തുടർഭരണമല്ല, തുടർച്ചയായ ഭരണവുമല്ല, മറിച്ച് പ്രതിപക്ഷമില്ലാത്ത കേരളമാണ് ഇടതുപക്ഷത്തിന്റെ ലക്ഷ്യം. ആ പ്രതിപക്ഷമില്ലാത്ത കേരളത്തിലേയ്ക്ക് കേരളം കുതിക്കും. ആ ഇച്ഛാശക്തിയോടെ പ്രകടനപത്രികയിൽ പറഞ്ഞ തൊള്ളായിരം ഇനം കാര്യങ്ങളും നടപ്പിലാക്കിക്കൊണ്ടുതന്നെ ഈ സർക്കാർ മുന്നോട്ടുപോകും. ഒരുപക്ഷെ നിങ്ങൾക്ക് കോർപ്പറേറ്റുകളുടെയും ജാതിമത സാമുദായിക ശക്തികളുടെയും പിന്തുണ ലഭിച്ചേക്കാം. പക്ഷെ, ഞങ്ങളുടെ പിൻബലം ഈ നാട്ടിലെ സാധാരണക്കാരാണ്. അവരുടെ പിന്തുണയോടെ ഇടതുപക്ഷത്തിന്റെ നേതൃത്വത്തിലുള്ള രണ്ടാം സർക്കാർ മുന്നോട്ടുപോകും. ഇതിനെ പിടിച്ചുകെട്ടാൻ ഒരു പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിനുമാകില്ലെന്ന് പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ക്രിയാത്മകമായി പ്രതികരിക്കേണ്ട പ്രതിപക്ഷം യഥാർത്ഥത്തിൽ ഒളിച്ചോടുകയാണ് ചെയ്തതെന്ന വിമർശനമാണ് ഞാനുയർത്തുന്നത്. ഈ ബില്ലുമായി ബന്ധപ്പെട്ട്, അവരുടേതായ സംഭാവന ചെയ്യാൻ ബാധ്യതയുള്ള പ്രതിപക്ഷം, സ്വന്തം ബാധ്യത നിറവേറ്റാതെ മുൻകൂട്ടി തീരുമാനിച്ച്, 12.30 മണിക്കുള്ള ട്രെയിനിൽതന്നെ പോകാൻ ഏർപ്പാട് ചെയ്തെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർക്ക് ഈ ധനകാര്യ ബില്ലിന്റെ ചർച്ചയിൽ ഒരു പങ്കുമില്ല. ജോലിക്കാർക്ക് ശമ്പളം കൊടുക്കാനും ബഹുമാനപ്പെട്ട മന്ത്രിമാർക്കും എം.എൽ.എ.-മാർക്കും ശമ്പളം ലഭിക്കാനും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുമെല്ലാം ഈ ധനകാര്യ ബിൽ പാസ്സാക്കേണ്ടതായിട്ടുണ്ട്, ആ ബാധ്യതയിൽനിന്നാണ് അവർ ഒളിച്ചോടിയിരിക്കുന്നത്. യഥാർത്ഥത്തിൽ അങ്ങേയറ്റത്തെ നിഷേധാത്മക

നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചതെന്ന കാര്യം വളരെ ഗൗരവമായി ഈ നാട്ടിലെ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കേണ്ട ബാധ്യത ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഇവിടെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ കാര്യം പറഞ്ഞു. എന്നാൽ ഇങ്ങനെ വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ശ്രീ. നരേന്ദ്ര മോദി നേതൃത്വം കൊടുക്കുന്ന ബി.ജെ.പി. ഗവൺമെന്റിനെപ്പറ്റി ഒരു വിമർശനവും അവർ നടത്തുന്നില്ല, അതെന്തുകൊണ്ടാണ്? ഇവരുടെ നേതാവ് ശ്രീമാൻ മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഗവൺമെന്റാണ് ഇതിന് തുടക്കം കുറിച്ചത്. കമ്പനികൾക്ക് യഥേഷ്ടം വില വർദ്ധിപ്പിക്കാനുള്ള അവസരം കൊടുത്ത് ജനദ്രോഹനയം നടപ്പിലാക്കിയത് കോൺഗ്രസ് ഗവൺമെന്റാണ്. ശ്രീ. നരേന്ദ്ര മോദിയും ആ നയംതന്നെ തുടരുകയാണ്. നരേന്ദ്ര മോദി ഗവൺമെന്റിനെ നയിക്കുന്നത് ആർ.എസ്.എസ്.- സംഘ് പരിവാർ ശക്തികളാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെപ്പറ്റി അവർക്ക് ഒരു വിമർശനവുമില്ല. ഇവിടെ "കുഞ്ഞാങ്ങള ചത്താലും വേണ്ടില്ല, നാത്തൂന്റെ കരച്ചിൽ കണ്ടാൽ മതി"എന്നുള്ള മനോഭാവമാണ് കോൺഗ്രസിനുള്ളത്. ഉമ്മൻ ചാണ്ടി ഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി കൂട്ടിയില്ലെന്ന് പറയുന്നു. ശ്രീ. ഉമ്മൻ ചാണ്ടി എന്താണ് ചെയ്തത്; എന്ത് ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്; അതാണോ ഒന്നാം പിണറായി വിജയൻ ഗവൺമെന്റ് ചെയ്തത്; ഇനി രണ്ടാം പിണറായി വിജയൻ ഗവൺമെന്റ് ചെയ്യുമെന്ന് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം അതാണോ? ഉമ്മൻ ചാണ്ടി ഗവൺമെന്റുമല്ല, കോൺഗ്രസിന്റെ കേരളത്തിലെ ഇതുപര്യന്തമുള്ള ഒരു ഗവൺമെന്റിനും ചെയ്യാൻ കഴിയാത്ത കാര്യമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്യുന്നതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഒരുദാഹരണം പറയാം, ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് മുപ്പത് ലക്ഷം പേർക്ക് പെൻഷൻ കൊടുത്തുവെന്നാണ് പറഞ്ഞത്, 600 രൂപ വച്ച് പെൻഷൻ കൊടുക്കുമെന്ന് പറഞ്ഞ് ഒന്നരവർഷത്തെ കുടിശ്ശിക വരുത്തിയിട്ട് പോയ കാഴ്ച കേരള ജനത കണ്ടതാണ്. എന്നാൽ പിണറായി വിജയന്റെ ഗവൺമെന്റ് അങ്ങനെയാണോ ചെയ്തത്; പെൻഷൻ 1600 രൂപയായി വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് കുടിശ്ശിക വരുത്തിയ തുക ആദ്യം കൊടുത്ത് തീർത്തു. ശ്രീ. ഉമ്മൻ ചാണ്ടി, പാവപ്പെട്ട ആളുകളോട് അവിടെ പോയി, ഇവിടെ പോയി വാങ്ങിച്ചോളൂവെന്ന് പറഞ്ഞപ്പോൾ ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റ് പറഞ്ഞത്, പെൻഷൻ വീട്ടിൽ കൊണ്ടുവന്ന് തരാമെന്നാണ്. അതാണ് ഈ രണ്ട് ഗവൺമെന്റുകൾ തമ്മിലുള്ള വർഗ്ഗപരമായ വ്യത്യാസമെന്ന കാര്യം ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതുപോലെ അമ്പത്തൊൻപത് ലക്ഷത്തിലധികം

ആളുകൾക്ക് പെൻഷൻ കൊടുത്തു. ലക്ഷക്കണക്കിന് വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുകൊടുത്തു. ഈ കാലയളവിൽ വന്ന എല്ലാ പ്രകൃതി ദുരന്തങ്ങളേയും നമ്മൾ നേരിട്ടു. 2018-ലുണ്ടായ പ്രളയം കാരണം പതിനായിരക്കണക്കിന് കോടി രൂപയുടെ നാശനഷ്ടവും ജീവഹാനിയുമാണുണ്ടായത്. അതിനെയെല്ലാം നമ്മൾ അതിജീവിച്ചു. കോവിഡ് 19-നെ ഇന്ത്യയിലെ ഏതെങ്കിലും ഗവൺമെന്റ് ഇത്രയും ഫലപ്രദമായി നേരിട്ടിട്ടുണ്ടോ? ബി.ജെ.പി. ഗവൺമെന്റടക്കം കോൺഗ്രസ് ഗവൺമെന്റടക്കം ഒരു സംസ്ഥാന ഗവൺമെന്റിനും കോവിഡ് 19-നെ ഇതുപോലെ നേരിടാൻ കഴിഞ്ഞിട്ടില്ല. ഇത്രയും ക്രിയാത്മകമായ നിലപാട് സ്വീകരിച്ച് ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് ആയിരക്കണക്കിന് കോടി രൂപ മുടക്കി ജനങ്ങൾക്ക് ആശ്വാസം പകർന്നുകൊണ്ടാണ് ഈ ഗവൺമെന്റ് കോവിഡ് 19-നെ നേരിട്ടത്. ലോക രാജ്യങ്ങളിൽ അമേരിക്ക പിന്തിരിപ്പൻ നിലപാട് സ്വീകരിച്ചപ്പോൾ, അമേരിക്കയുടെ പാദസേവകനായ ശ്രീ. നരേന്ദ്ര മോദി അതിനെ അനുകൂലിക്കുന്ന നിലപാടുമായി കോവിഡിനെ നേരിട്ടപ്പോൾ, പ്രാണവായു കിട്ടാതെ പതിനായിരങ്ങൾ ഈ രാജ്യത്ത് മരണപ്പെട്ടപ്പോൾ, കേരള ജനതയ്ക്ക് സൗജന്യ റേഷൻ നൽകാനുള്ള തീരുമാനമാണ് ഇടതുപക്ഷ സർക്കാർ സ്വീകരിച്ചത്. അതിനായി ഓരോ മാസവും അഞ്ഞൂറ് കോടി രൂപയെങ്കിലും മിനിമം വേണ്ടിവന്നു. അത്ര ഭംഗിയായി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ഗവൺമെന്റ് പ്രവർത്തിച്ചുവെന്ന കാര്യം നാം ഓർക്കണം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനയോർത്ത് വിലപിക്കുന്ന യു.ഡി.എഫ്. നേതാക്കന്മാർ ആ വസ്തുത കാണുന്നുണ്ടോയെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതെല്ലാം നാടൻ ഭാഷയിൽ പറയുകയാണെങ്കിൽ 'ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കുന്ന പണിയാണ്'. അത്രയും പാപ്പരായ, നിഷേധാത്മകമായ നിലപാടാണ് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ സ്വീകരിക്കുന്നത്. പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവ വന്നതുപോലും ശ്രീ. പിണറായി വിജയൻ ഗവൺമെന്റിന്റെ കുഴപ്പമാണെന്നാണ് പ്രതിപക്ഷം പറയുന്നത്. യഥാർത്ഥത്തിൽ പ്രകൃതിക്ഷോഭം എന്നത് പ്രകൃതിയിൽ വരുന്ന മാറ്റമാണ്. ഇക്കാര്യം ശാസ്ത്രജ്ഞന്മാരും മാർക്സിസ്റ്റ് ആചാര്യന്മാരും പറഞ്ഞിട്ടുണ്ട്. മനുഷ്യനും മനുഷ്യസമൂഹവും പ്രകൃതിയുമായുള്ള പോരാട്ടത്തിലാണെന്നും പ്രകൃതിയിൽ മാറ്റങ്ങൾ വരുന്നുണ്ടെന്നും അത് വികസിത മുതലാളിത്ത രാജ്യങ്ങളിലാണ് എറ്റവും വലിയ ദുരന്തമുണ്ടാക്കുന്നതെന്നും ചരിത്രം പരിശോധിച്ചാൽ അറിയാൻ കഴിയുന്നതാണ്. അത്തരം ശാസ്ത്രീയ മാറ്റങ്ങളാണ് പ്രപഞ്ചത്തിൽ വരുന്നത്. അതിന്റെ ഭാഗമായി പ്രകൃതിക്ഷോഭം, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവ സംഭവിക്കും. പക്ഷേ ഭരിക്കുന്ന ഗവൺമെന്റ് അതിനെ എങ്ങനെ നേരിടുന്നു, എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നുള്ളതാണ് പ്രസക്തമായ

കാര്യം. ഉത്തര-ദക്ഷിണ ധ്രുവങ്ങളിൽപോലും മനുഷ്യൻ പ്രകൃതിക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുകയാണ്. അതുകൊണ്ട് ഇതിനെ എങ്ങനെ നേരിടാം എന്നത് ഒരു പ്രശ്നം തന്നെയാണ്. അതുകൊണ്ടാണ് പരിസ്ഥിതി സംരക്ഷണവും പ്രകൃതിക്ക് ഇണങ്ങുന്ന നിലയിലുള്ള പ്രവർത്തനവും നടത്തണമെന്ന കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്നതെന്ന കാര്യവും ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പ്രകൃതിക്ഷോഭം ഉണ്ടാകുന്നതും കൊക്കയാറിലും കൂട്ടിക്കലിലും ഉരുൾപൊട്ടൽ ഉണ്ടായതും 2018-2019-ലെ വെള്ളപ്പൊക്കവും ഗവൺമെന്റിന്റെ ചെയ്തിയാണെന്ന് പറഞ്ഞ് അങ്ങേയറ്റം പാപ്പരായ നിലപാട് സ്വീകരിക്കുന്നവരാണ് ഇവിടത്തെ പ്രതിപക്ഷം. ആ നിലയിൽ അധഃപതിച്ചുപോയി എന്ന കാര്യം ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഇതുപോലെതന്നെയാണ് മുല്ലപ്പെരിയാർ പ്രശ്നം. ബ്രിട്ടീഷുകാർ തമിഴ്നാട് ഭരിക്കുമ്പോഴാണ് മുല്ലപ്പെരിയാർ ഡാം സ്ഥാപിച്ചത്. രാജാവിനെ ഭീഷണിപ്പെടുത്തിയാണ് കരാർ ഒപ്പിട്ടത്. മുല്ലയാറും പെരിയാറും രണ്ടും രണ്ടാണ്. ഇവിടെ അഞ്ച് പ്രാവശ്യം ഡാം നിർമ്മിച്ചിട്ടും ശരിയായില്ല. ആറാമത്തെ പ്രാവശ്യം എഞ്ചിനീയർ അദ്ദേഹത്തിന്റെ നാട്ടിലെ സ്വത്തുക്കൾ വിറ്റുകിട്ടിയ കാശുകൊണ്ട് ചുണ്ണാമ്പ്, ശർക്കര, സുർക്കി തുടങ്ങിയവ ഉപയോഗിച്ചാണ് ഈ ഡാം നിർമ്മിച്ചത് എന്നതാണ് ഇതിന്റെ കഥ. അമ്പതുവർഷം ഗ്യാരണ്ടി പറഞ്ഞ ഡാമിന് നിലവിൽ നൂറ്റിയമ്പത് വർഷത്തെ പഴക്കമുണ്ട്. ഈ ഡാം തന്നെ തുടരണമെന്നു പറഞ്ഞാൽ, കേരളത്തിലുള്ളവർ വെള്ളം കുടിച്ചും തമിഴ്നാട്ടുകാർ വെള്ളം കുടിക്കാതെയും മരിക്കും എന്നുള്ളത് ഉറപ്പാണ്. അതുകൊണ്ടാണ് പുതിയ ഡാം വേണമെന്ന കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്നത്. തമിഴ്നാട്ടിലെ വെള്ളം ഉപ്പുവെള്ളമാണ്. അവിടങ്ങളിൽ ഒരാൾ കുളിച്ച് കഴിഞ്ഞാൽ അയാളുടെ ശരീരം മുഴുവനും ഉപ്പ് പൊടിയുന്ന അവസ്ഥയാണ്. തമിഴ്നാടിന് ശുദ്ധജലം ലഭിക്കുന്നത് കേരളത്തിൽ നിന്നാണ്. തമിഴ്നാട്ടിലെ വികസന പ്രവർത്തനങ്ങൾക്ക് ശുദ്ധജലം അത്യന്താപേക്ഷിതമാണ്. ആയതിനാൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള ഗവൺമെന്റും തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. സ്റ്റാലിനും ക്രിയാത്മകമായ നിലപാട് സ്വീകരിച്ചാൽ ടി വിഷയത്തിന് പരിഹാരമുണ്ടാകുന്നതാണ്. ഒരു പുതിയ ഡാം നിർമ്മിക്കാതെ യാതൊരു പോംവഴിയുമില്ല. ഇതൊരു ഭാഗ്യപരീക്ഷണം മാത്രമാണ്. ഈ ഡാമിന് ബലമുണ്ടെന്ന് ആര് പറഞ്ഞാലും അത് വിഡ്ഢിത്തമാണെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം അമ്പത് വർഷം ഗ്യാരണ്ടി പറഞ്ഞ ഡാമിന് ഇപ്പോൾ ഒരുപാട് വർഷത്തെ പഴക്കമുണ്ട്. രാഷ്ട്രീയ നേതൃത്വം പക്വതയുള്ളവരാണെങ്കിൽ തമിഴ്നാടും കേരളവുമായി ചർച്ച ചെയ്യണം. തമിഴ്നാടിന് വെള്ളം കൊടുക്കുക എന്നത് ന്യായമായ കാര്യമാണ്. അവർക്ക് വെള്ളം കൊടുക്കാൻ പറ്റില്ലെന്ന് പറയാൻ കഴിയില്ല. യഥാർത്ഥത്തിൽ ആ മാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്നാണ് എന്റെ

വിനീതമായ അഭിപ്രായം. മുല്ലപ്പെരിയാർ പ്രശ്നത്തിൽ വിവാദം ഉണ്ടാക്കുകയാണ്. അതുകൊണ്ട് പുതിയ ഡാം നിർമ്മിച്ചുകൊണ്ട് തമിഴ്നാടിന് വെള്ളം നൽകുകയും നമ്മുടെ സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റ് മാർഗ്ഗമില്ല, അതിന് ക്രിയാത്മകമായ തീരുമാനം തമിഴ്നാട് ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി മുമ്പും ഈ മുദ്രാവാക്യമാണ് മുന്നോട്ടുവച്ചത്; ആദരണീയനായ മുഖ്യമന്ത്രിയും ഇത് ആവർത്തിച്ച് വ്യക്തമാക്കിയ കാര്യം ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണസമയത്ത് പ്രകൃതിക്ഷോഭം വന്നപ്പോൾ എപ്രകാരമാണ് നേരിട്ടത്; ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റ് എങ്ങനെയാണ് നേരിടുന്നത്; ഇടതുപക്ഷ ജനാധിപത്യമുന്നണിയും യു.ഡി.എഫ്.-ഉം ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള സമീപനം എന്താണെന്ന് ക്രിയാത്മകമായി വിലയിരുത്തേണ്ടതുണ്ട്. പ്രകൃതിക്ഷോഭങ്ങളെയും മഹാമാരികളെയും ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നേരിട്ട കേരള മോഡൽ ലോകത്തിനുതന്നെ മാതൃകയാണ്. ഇവിടെ കോളിളക്കമുണ്ടാക്കിയ വിഷയമാണ് സ്വർണ്ണക്കള്ളക്കടത്ത്. പ്രിയപ്പെട്ട സുഹൃത്തുക്കളെ, നിയമസഭാംഗങ്ങളെ, സ്വർണ്ണക്കള്ളക്കടത്ത് നടക്കണമെങ്കിൽ മൂന്ന് വഴിയേ വരാൻ സാധ്യതയുള്ളൂ. ഒന്നുകിൽ, വിമാനം വഴി; അല്ലെങ്കിൽ കപ്പൽ വഴി, അതുമല്ലെങ്കിൽ നേപ്പാൾ വഴി കള്ളക്കടത്ത് നടക്കുന്നുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഈ വഴികളിലൂടെയേ വരാൻ സാധ്യതയുള്ളൂ. ഈ പറഞ്ഞ മൂന്ന് വഴികളിലൂടെയാണ് വരുന്നതെങ്കിൽ കേന്ദ്രം ഭരിക്കുന്നവരുടെയോ കേന്ദ്ര ഏജൻസിയുടേയോ പിന്തുണയില്ലാതെ ഒരു കാരണവശാലും കള്ളക്കടത്ത് നടക്കില്ല. ഇവിടെ 23-ാമത്തെ തവണ പിടിച്ചുവെന്നാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ സമയങ്ങളിൽ ഇവർ എന്ത് ചെയ്യുകയായിരുന്നു? കേന്ദ്രം ഭരിക്കുന്ന കക്ഷികളുടെ പിന്തുണയുണ്ട്. ഇല്ലെന്ന് പറയാൻ കഴിയില്ല. കോൺഗ്രസ് ഭരിച്ചപ്പോഴും ആയിരക്കണക്കിന് ടൺ സ്വർണ്ണം കടത്തിയിട്ടില്ലേ? അവർ ഇതിനെല്ലാം കൂട്ടുനിന്നിട്ടുണ്ട്. അവർ എല്ലാവരും കൂട്ട് നിന്നൊന്നും പറയാൻ സാധിക്കില്ല. അവരിൽ ചിലരെങ്കിലും കൂട്ടുനിൽക്കാതെ ഇതൊന്നും നടക്കില്ലെന്നുള്ള കാര്യം നൂറ് ശതമാനവും ഉറപ്പാണെന്ന് ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ പിണറായി വിജയൻ ഗവൺമെന്റ് രണ്ടാമതും അധികാരത്തിൽ വന്നത് ചരിത്രത്തിലെ മഹത്തായ സംഭവമാണ്. ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ പ്രവർത്തനമികവാണ് വീണ്ടും തുടർഭരണത്തിന് കാരണമായത്. അറുന്നൂറ് ഇനം പ്രവർത്തനങ്ങളാണ് ചെയ്യുമെന്ന് പറഞ്ഞതെങ്കിൽ പ്രതിസന്ധികൾക്കിടയിലും അതിൽ മഹാഭൂരിപക്ഷം കാര്യങ്ങളും ചെയ്തു. കോവിഡ്, നിപ വൈറസുകളെയും പ്രകൃതിക്ഷോഭങ്ങളെയും മഹാമാരികളെയും ഫലപ്രദമായി നേരിടുകയും

തൊള്ളായിരം കാര്യങ്ങൾ ചെയ്യുമെന്ന് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് മുന്നേറും. ആര് എന്തെല്ലാം പറഞ്ഞാലും പാപ്പരായി നശിച്ചുകൊണ്ടിരിക്കുന്ന കോൺഗ്രസിന് നന്നാകാൻ വേണ്ടി ദശമൂലാരിഷ്ടം നൽകേണ്ടതുണ്ട്. കുറുക്കൻ കോഴിക്കൂട്ടിൽ കണ്ണുംനട്ട് ഇരിക്കുന്നതുപോലെയാണ് സോണിയ ഗാന്ധിയുടെ വീട്ടിൽ കണ്ണുംനട്ട് ഇരിക്കുന്നത്. ജനാധിപത്യമോ, സമ്മേളനങ്ങളോ ഒന്നും ഇല്ലാത്ത കോൺഗ്രസ്സ് എങ്ങനെ നന്നാകാനാണ്? എല്ലാ വർഗ്ഗീയതയോടും പ്രീണനം. ഹിന്ദു വർഗ്ഗീയതയോട് മാത്രമല്ല, എല്ലാ വർഗ്ഗീയതയോടും കോൺഗ്രസിന്റെ സമീപനം അതാണ്. വോട്ടും സീറ്റും അധികാരവും നിലനിർത്താൻവേണ്ടി എന്നും ഇവർ അതുതന്നെയാണ് ചെയ്തത്. ആർക്കെങ്കിലും ഇത് നിഷേധിക്കാൻ സാധിക്കുമോ? ബി.ജെ.പി.-ക്ക് ഹിന്ദു വർഗ്ഗീയവാദമാണുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ബഹുമാന്യരായ കെ. കെ. ശൈലജ ടീച്ചർ, എം. എം. മണി എന്നിവർ വളരെ വിശദമായി ഈ സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ചും എന്തുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കണമെന്നതിനെക്കുറിച്ചും ഇവിടെ വിശദീകരിച്ചു. സംസ്ഥാനത്ത് മുമ്പൊരിക്കലും ഇല്ലാത്തത്ര ദുർഘടമായ സ്ഥിതിവിശേഷങ്ങളാണ് കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി കടന്നുപോയത്. ലോകത്തെ ആകമാനം ഗ്രസിച്ച കോവിഡ്-19, മഹാപ്രളയങ്ങൾ എന്നിവയെക്കൊണ്ട് നിരവധി പ്രയാസങ്ങൾ ഉണ്ടായിരുന്നിട്ടും കേരള ജനതയെ ഒന്നടങ്കം നെഞ്ചോട് ചേർത്തുപിടിച്ച ഒരു സർക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളം ഭരിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ പ്രയാസങ്ങൾ കാരണം നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിരുന്നിട്ടും അതിന്റെ പ്രയാസങ്ങൾ സംസ്ഥാനത്തെ ബാധിക്കാൻ ഈ സർക്കാർ അനുവദിച്ചില്ലെന്നത് സുവർണ്ണ ലിപികളാൽ എഴുതപ്പെടേണ്ടതാണ്. ക്ഷേമ പെൻഷനുകൾ മുടക്കം കൂടാതെ എല്ലാ മാസവും ലഭിക്കുന്നതും ഭക്ഷ്യക്കിറ്റ് നൽകിയതും ലൈഫ് പദ്ധതി പ്രകാരം പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകിയതും തുടങ്ങി എണ്ണിയാൽ ഒടുങ്ങാത്ത നിരവധി പദ്ധതികൾ ഈ സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. അത്തരത്തിലുള്ള പദ്ധതികളുടെ ഭാഗമായാണ് രണ്ടാം തവണയും ഈ സർക്കാരിനെ ജനം തെരഞ്ഞെടുത്തത്. പക്ഷഭേദമില്ലാതെ മുഴുവൻ ജനങ്ങളെയും ഒരുപോലെ കണ്ട് പ്രയാസകാലത്ത് സഹായിച്ച സർക്കാരാണെന്നത് പ്രതിപക്ഷത്തിനുപോലും തർക്കമില്ലാത്ത കാര്യമാണ്. ഒരു പൂ ചോദിച്ചപ്പോൾ പൂക്കളുടെ വസന്തകാലം സമ്മാനിച്ച് കഴിഞ്ഞ അഞ്ച് വർഷക്കാലം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഫുൾ എ പ്ലസ്

നേടിയാണ് വീണ്ടും അധികാരത്തിൽ വന്നത്. പ്രളയം, കോവിഡ്-19 എന്നിവ നാശം വിതച്ചുകൊണ്ട് കടന്നുപോയ കഴിഞ്ഞ കാലങ്ങളിൽ ദുരന്തം അനുഭവിക്കുന്നവർക്ക് കൈത്താങ്ങായി എല്ലാമേഖലകളിലുമുള്ളവർക്ക് സഹായം നൽകി മുന്നോട്ടുപോയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെയും മുന്നണിയെയും ഒന്നുകൂടി ഞാൻ അഭിവാദ്യം ചെയ്യുന്നു. അതിദരിദ്രരെ സമ്പൂർണ്ണമായി മുക്തമാക്കാൻ ജനകീയ കൂട്ടായ്മകൂടി ഉൾപ്പെടുത്തി സർക്കാർ മുന്നോട്ടുപോകുന്നു. അഞ്ച് വർഷംകൊണ്ട് വിപുലമായ ക്യാമ്പയിൻ നടത്തി പുതിയ ദിശകളിലൂടെ ദാരിദ്ര്യത്തിൽനിന്നും മോചനം നേടാനുള്ള ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് അവരെ കൈപിടിച്ചുയർത്തിക്കൊണ്ട് മുന്നോട്ടുവരാൻ സാധിക്കണം. വകുപ്പുകളുടെ ഏകോപനക്കുറവ് കുറച്ചുകാലമായി നാം നേരിട്ടുകൊണ്ടിരിക്കുകയാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. വിദ്യാഭ്യാസ മേഖലയിലാണെങ്കിൽ, വർഷങ്ങൾക്കുശേഷമാണ് വിദ്യാർത്ഥികൾ വീണ്ടും നേരിട്ട് വിദ്യാലയങ്ങളിലേയ്ക്ക് പ്രവേശിച്ചത്. പക്ഷേ എന്റെ നിയോജകമണ്ഡലത്തിലെ കൊളവല്ലൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ ചില സാങ്കേതിക കാരണങ്ങളാൽ തുറക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെ സംഭവിച്ചത് ഏകോപനമില്ലായ്മകൊണ്ടാണ്. പഞ്ചായത്തും വിദ്യാഭ്യാസ വകുപ്പും ഒത്തുചേർന്നുകൊണ്ട് ഇത്തരം കാര്യങ്ങളിൽ തീർപ്പുണ്ടാക്കണം. ഇത്തരത്തിൽ ചെറുതും വലുതുമായ ഏകോപനമുണ്ടായാൽ വീണ്ടും മുഴുവനും എ പ്ലസ് -ലേയ്ക്ക് വരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പൊതുമരാമത്ത് പ്രവൃത്തികളെക്കുറിച്ച് പറയുമ്പോൾ, പാലം, റോഡ്, ഭൂമിയേറ്റെടുക്കൽ തുടങ്ങിയ പ്രവൃത്തികൾക്ക് പൊതുമരാമത്ത് - റവന്യൂ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ഏകോപനമില്ലാത്തതുകൊണ്ട് പ്രവൃത്തികൾ തുടങ്ങാനാകാതെ നീണ്ടുപോകുകയാണ്. വൈദ്യുതി, ജലസേചനം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളെല്ലാം കൂടിച്ചേർന്നുകൊണ്ട് ഈ സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ വിപ്ലവങ്ങളുണ്ടാക്കാൻ സാധിക്കും. ഇപ്പോൾ അങ്ങനെ നടത്തിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അത് കുറേക്കൂടി നല്ലരീതിയിൽ ഏകോപനമുണ്ടാക്കിക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കണം. കൃഷി ഉദ്യോഗസ്ഥർ എല്ലായിടങ്ങളിലും ഇല്ലെന്ന് ഇന്നത്തെ ചോദ്യോത്തരവേളയിൽ പറഞ്ഞിരുന്നു. കൃഷി ഓഫീസുകളിൽ കൃഷി ഓഫീസർമാരുടെയും മറ്റ് അനുബന്ധ ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നുണ്ട്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ കാലങ്ങളിൽ എല്ലാ മേഖലകളിലും നിർവ്വഹിച്ച കാര്യങ്ങൾ തുടർന്നും മുന്നോട്ടുപോകാൻ സാധിക്കണം. അതുണ്ടായാൽ മാത്രമെ കൃത്യമായ പ്രവർത്തനങ്ങൾ താഴേക്കിടയിലേയ്ക്കെത്തിക്കാനും പാവപ്പെട്ട

ജനങ്ങളുടെയും കൃഷിക്കാരന്റെയും ആവശ്യങ്ങൾ സാധിച്ചുകൊടുക്കാനും കഴിയുകയുള്ളൂ. പരാതികൾക്ക് പരിഹാരം കാണാനും ശക്തമായ ഭരണവും ശക്തമായ മുന്നേറ്റവും ഉണ്ടാക്കിയെടുക്കുവാനും സാധിക്കണം. ധനവിനിയോഗം നടത്തുന്നതിന് ധനകാര്യ വകുപ്പുമന്ത്രിക്ക് കൂടുതൽ കരുത്തുപകരണം. വിവിധ മേഖലകളിൽ ഈ സർക്കാർ നടത്തുന്ന നല്ല പ്രവർത്തനങ്ങൾ പ്രതിപക്ഷമടക്കം എല്ലാവരും അംഗീകരിക്കുന്നുണ്ട്. ശ്രീ. എം. എം. മണി പറഞ്ഞതുപോലെ, ആ രീതിയിലേയ്ക്ക് പ്രതിപക്ഷം മാറുമ്പോൾ നമ്മൾ കൂടുതൽ കരുത്ത് പകർന്നുകൊണ്ട് മുന്നോട്ടുപോകണം. എല്ലാ വകുപ്പുകളും മന്ത്രിമാരും വളരെ നന്നായി പ്രവർത്തിക്കുന്നുണ്ടെങ്കിലും പറഞ്ഞ കാര്യങ്ങളും തുടങ്ങിവച്ച കാര്യങ്ങളും പൂർത്തീകരിക്കാൻ സാധിക്കണം. അതിനുള്ള എളുപ്പവഴി വകുപ്പുകളുടെ ഏകോപനവും ഉദ്യോഗസ്ഥരുടെ ഇടപെടലുമാണ്. ഉദ്യോഗസ്ഥരെല്ലാവരും നല്ലരീതിയിൽ പ്രവർത്തിക്കുന്നവരാണെങ്കിലും ചിലപ്പോൾ ചിലകാര്യങ്ങളിൽനിന്നും പിന്നോട്ടുപോകുന്നതായി കാണുന്നു. പല മന്ത്രിമാരും അവരുടെ വകുപ്പിന് കീഴിലുള്ള ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥരെയടക്കം വിളിച്ചുവരുത്തി, ജില്ലാടിസ്ഥാനത്തിലും മണ്ഡലാടിസ്ഥാനത്തിലുമുള്ള അവലോകനങ്ങൾ നടത്തിക്കൊണ്ട് ഓരോ മേഖലയിലുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്. ഈ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകണം. പ്രായോഗികതലത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുവരാൻ സാധിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാരുടെ യോഗങ്ങളിൽ ഉദ്യോഗസ്ഥർ എല്ലാ കാര്യങ്ങളും ശരിവയ്ക്കും. പക്ഷേ അതുമാത്രം പോര, പ്രായോഗിക തലത്തിലേയ്ക്കെത്തിക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. ബഹുമാന്യരായ റവന്യൂ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയുമെല്ലാം എല്ലാ ജില്ലകളിലും നേരിട്ടും ഓൺലൈനായും യോഗം ചേർന്നുകൊണ്ട് പ്രശ്നങ്ങൾ വിലയിരുത്തുകയും പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. മന്ത്രിമാരെല്ലാം ഇത്തരത്തിൽ ജില്ലകളിൽ യോഗം വിളിച്ചുചേർത്തുകൊണ്ട് കാര്യങ്ങൾ ചെയ്താൽ സർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ എന്തൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ടോ അതെല്ലാം നടപ്പിലാക്കാൻ നമുക്ക് സാധിക്കും. കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച ധാരാളം പ്രവർത്തനങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ അന്നത്തെ മന്ത്രിയും എം.എൽ.എ.-യുമായിരുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചർ കോടിക്കണക്കിന് രൂപയുടെ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചുവെങ്കിലും അതൊന്നും ഇപ്പോഴും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. എം.എൽ.എ. ഫണ്ട് പോലും കൃത്യമായി വിനിയോഗിക്കാൻ സാധിക്കുന്നില്ല. ഇതിനെല്ലാം കാരണമാകുന്നത് വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. വളരെ നല്ലരീതിയിൽ ആ പ്രവർത്തനങ്ങളെല്ലാം നിർവ്വഹിച്ചുകൊണ്ട് മുമ്പോട്ടുപോകാൻ സാധിക്കണം. സാങ്കേതികത്വം പറഞ്ഞുകൊണ്ട് ധാരാളം ഫണ്ട് കൊടുത്ത് നിർവ്വഹിക്കേണ്ട

പ്രവൃത്തികളിൽ തടസ്സമുണ്ടാകുകയാണ്. അതൊക്കെ ഇല്ലാതാക്കാനുള്ള നടപടികൾകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിപക്ഷം ഇന്ന് സഭ ബഹിഷ്കരിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ ഇന്ധനവിലയുമായി ബന്ധപ്പെട്ട നിലപാടിനെ വിമർശിച്ചുകൊണ്ടാണ് അവർ സഭ ബഹിഷ്കരിച്ചത്. ഇന്ധന വില വർദ്ധനയുടെ എല്ലാ വശങ്ങളെ സംബന്ധിച്ചും ഇവിടെ വിവിധങ്ങളായ ചർച്ചകൾ നടന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല, പക്ഷേ അവരുടെ സമീപനമെന്താണ്? പ്രതിപക്ഷം കേരളത്തെ പ്രതികാരബുദ്ധിയോടെ നേരിടുകയാണ്. എന്തിനാണ് ഈ പ്രതികാരം? കേരളത്തിലെ ജനങ്ങളെയാണ് അവർ നേരിടുന്നത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്ന സാഹചര്യവും യാഥാർത്ഥ്യവും അവർ മനസ്സിലാക്കുന്നില്ല. കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്ന ഗവൺമെന്റിനെ എങ്ങനെയാണ് തകർക്കാൻ കഴിയുക? ആ പ്രതികാരബുദ്ധിയാണ് ഇവിടെ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ വികാരമായി പ്രകടിപ്പിക്കുന്നത്. യാഥാർത്ഥ്യം തിരിച്ചറിയണ്ടേ? നോട്ട് നിരോധനം, വേണ്ടത്ര തയ്യാറെടുപ്പില്ലാതെ ജി.എസ്.ടി. നടപ്പിലാക്കൽ, നിപ, ഓഖി, പ്രളയങ്ങൾ, കോവിഡിന്റെ ഒന്നും രണ്ടും തരംഗങ്ങൾ, സാമ്പത്തിക മാന്ദ്യത തുടങ്ങിയവയെല്ലാം യാഥാർത്ഥ്യങ്ങളാണ്. ഇവയെല്ലാം രാജ്യത്തെയാകമാനം ബാധിച്ചവയാണ്. സംസ്ഥാനത്തും സമാനമായ അവസ്ഥയുണ്ട്. അവിടെയൊക്കെ ആപത്ത് കാലത്ത് കടമെടുത്തുകൊണ്ടായാലും നാട്ടിലെ സാധാരണക്കാരെ സംരക്ഷിക്കുന്ന കേരളത്തിലെ ഗവൺമെന്റിന്റെ സമീപനം കാണണം. മറ്റ് സംസ്ഥാനങ്ങളിൽ കോവിഡ് കാലത്ത് ജനങ്ങളുടെ ജീവിതവുമായി വളരെയധികം ബന്ധമുള്ള, ശമ്പളമടക്കമുള്ള ചെലവുകൾ വെട്ടിക്കുറയ്ക്കുന്നു, എളുപ്പത്തിൽ പിരിക്കാവുന്ന പരോക്ഷ നികുതിയായ ഇന്ധന വിലയിൽ വർദ്ധനയുണ്ടാക്കുന്നു. എന്നാൽ കേരളം അങ്ങനെയൊന്നും ചെയ്തില്ല. ഒരു നയാപൈസയുടെ അധികഭാരമേൽപ്പിക്കാതെ ഇരുപതിനായിരം കോടി രൂപയുടെ പാക്കേജാണ് നടപ്പിലാക്കിയത്. എല്ലാ മേഖലയിലും നൂറുദിന കർമ്മപരിപാടിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഇരുപതിനായിരം കോടി രൂപ വിവിധയിനത്തിൽ ജനങ്ങൾക്ക് നൽകുന്ന സമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കിയത്. സ്റ്റാർട്ടപ്പുകൾ, ചെറുകിട വ്യവസായികൾ, കൃഷിക്കാർ ഉൾപ്പെടെയുള്ളവർക്ക് 5650 കോടി രൂപയുടെ കോവിഡ് പാക്കേജ്, രണ്ടുലക്ഷം രൂപ വരെ വായ്പയെടുത്ത സാധാരണക്കാർക്ക് ഏതാണ്ട് 2000 കോടി രൂപയുടെ പലിശ സബ്സിഡി, ഓണക്കിറ്റ് വിതരണം എന്നിവ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു. പതിനാറിനം സാധനങ്ങൾ ഓണക്കിറ്റായി വിതരണം

ചെയ്യുന്നത് കർഷകരുടെ കയ്യിൽനിന്നും വാങ്ങിയാണ്. അതിലൂടെ ഇത് കാർഷിക മേഖലയിലും വിപണിയിലുമുണ്ടാക്കിയ മാറ്റം വലുതാണ്. ഗവൺമെന്റിന്റെ ധനസ്ഥിതി വിലയിരുത്തുമ്പോൾ, സാമൂഹ്യക്ഷേമ മേഖലയിൽ ഈ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് എത്രയോ ഇരട്ടിയാണ്. കേരളത്തിൽ ഏകദേശം 12000 കോടി രൂപ സാമൂഹ്യക്ഷേമ മേഖലയിലെ വിവിധ ധനസഹായങ്ങൾക്ക് കൊടുക്കുന്നുണ്ട്. തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങൾ 4500 കോടി രൂപയാണ് ഈ മേഖലയിൽ ചെലവഴിക്കുന്നത്. ശതമാനം നോക്കുകയാണെങ്കിൽ രണ്ടോ മൂന്നോ ശതമാനം അവർ ചെലവഴിക്കുമ്പോൾ നമ്മൾ പത്ത് ശതമാനത്തിലധികം ചെലവഴിക്കുകയാണ്.

2.00 P.M.]

സമ്പന്നരുടെ ആദായ നികുതിയിലുണ്ടാകുന്ന കുറവ്, കോർപ്പറേറ്റുകൾക്ക് നികുതിയിളവ് ചെയ്തുകൊണ്ടുണ്ടാകുന്ന കുറവ് എന്നിവയെല്ലാം ഇന്ധന വിലവർദ്ധനവിലൂടെ സാധാരണക്കാരന്റെ തലയിലേയ്ക്ക് വച്ച് വരുമാനമുണ്ടാക്കുന്ന സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. ആ രാഷ്ട്രീയത്തെയല്ലേ യു.ഡി.എഫ്. എതിർക്കേണ്ടത്? 2019-2020-ലെ നികുതി വരുമാനത്തിൽ കേന്ദ്ര ഗവൺമെന്റിന് 1,47,000 കോടി രൂപയുടെ കുറവ് വന്നുവെന്നാണ് കണക്ക്. 53,624 കോടി രൂപ വരുമാന നികുതിയിലും 60,846 കോടി രൂപ കോർപ്പറേറ്റ് നികുതിയിലുമാണ്. അതായത്, 1,32,240 കോടി രൂപ കോർപ്പറേറ്റുകളുടെ നികുതിയുമായി ബന്ധപ്പെട്ട് നഷ്ടം വന്നു. അതിനാണ് ഇപ്പോൾ ഡീസലിന്റെയും പെട്രോളിന്റേയും വില വർദ്ധിപ്പിച്ചുകൊണ്ട് 1,47,000 കോടി രൂപ സാധാരണക്കാരന്റെ ചുമലിലേയ്ക്ക് അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത്. ഈ നയത്തിനെയാണ് എതിർക്കേണ്ടത്. നയത്തിന്റെ സൃഷ്ടാക്കൾ ആരാണെന്നുള്ളതിന്റെ ചർച്ചയിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റ് നോക്കുകയാണെങ്കിൽ കടമെടുക്കുമ്പോൾതന്നെ കടത്തെ ഭയക്കേണ്ട കാര്യമില്ല. മൂലധനച്ചെലവിന് കേരളം ചെലവാക്കുന്ന തുക വിലയിരുത്തുമ്പോൾ മനസ്സിലാകുന്നത്, യു.ഡി.എഫ്.-ന്റെ കാലത്ത് ചെലവാക്കിയതിന്റെ എത്രയോ ഇരട്ടിയാണ് മൂലധനച്ചെലവിൽ ഇപ്പോൾ ചെലവഴിക്കുന്നത്. നമ്മുടെ രാജ്യത്ത് സമ്പത്ത് ഒരു ഭാഗത്ത് മാത്രമായി കേന്ദ്രീകരിക്കുമ്പോൾ, കേരളത്തിൽ സാധാരണക്കാരന്റെ കയ്യിലേയ്ക്ക് സമ്പത്ത് എത്തിക്കുകയാണ്. സാമൂഹ്യക്ഷേമ പെൻഷൻ 1600 രൂപയാക്കിയപ്പോൾ നമ്മുടെ നാടിനുണ്ടായ മാറ്റം വലുതാണ്. സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിന്റെ ഉദ്ഘാടനത്തിന് ഞാനൊരു സ്ഥലത്ത് പോയി. അവിടെ എനിക്കുണ്ടായ അനുഭവം ഞാൻ പറയാം. സത്യത്തിൽ കേരളത്തിന്റെ ഒരു മുഖമാണ് ഞാൻ കണ്ടത്. ഒരു വീട്ടിൽ പോയപ്പോൾ അച്ഛനും അമ്മയ്ക്കും പെൻഷനുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്തെ

പെൻഷൻ കുടിശ്ശിക രണ്ട് പേർക്കുംകൂടി കൊടുത്തപ്പോൾ ഏകദേശം 25000 രൂപയ്ക്ക് പുറത്തുണ്ട്. 25000 രൂപ കൊടുത്ത് രണ്ട് ദിവസം കഴിഞ്ഞപ്പോൾ ആ വീട്ടിലെ അമ്മ, അവരുടെ വീട്ടിൽ ഫോണില്ലാത്തതിനാൽ തൊട്ടടുത്ത വീട്ടിൽപോയി അവിടത്തെ കുട്ടിയെക്കൊണ്ട് എന്നെ വിളിപ്പിച്ചു. ഞാനവിടെ പോയപ്പോൾ ആ അമ്മയും അച്ഛനും മാത്രമേയുള്ളൂ, വേറെയാരുമില്ല, അവരെ സംരക്ഷിക്കാൻ ആരുമില്ല, മക്കളെല്ലാം കളഞ്ഞിട്ട് പോയി. അവർ എന്നെ വിളിച്ചിട്ട് പറയുകയാണ്, 'മക്കളേ ഞാൻ രക്ഷപ്പെട്ടു' ഞാൻ ചോദിച്ചു, 'എന്താണ് അമ്മേ?' അപ്പോൾ അവർ പറഞ്ഞത്, 'എനിക്ക് എന്റെ മക്കളെ തിരിച്ചു കിട്ടി' എന്ന്. 25000 രൂപ കിട്ടിയപ്പോൾ മക്കളെല്ലാവരും നോക്കാൻ വന്നു. ഇതാണ് നമ്മുടെ നാടിന്റെ സാമൂഹിക അവസ്ഥ. ഇതാണ് ഇടതുപക്ഷ ഗവൺമെന്റിന്റെ ഇടപെടൽ. ഒരു മനുഷ്യമുഖമുള്ള ഗവൺമെന്റാണിത്. ജനങ്ങളെ ആ തരത്തിൽ സംരക്ഷിക്കുന്ന സർക്കാരിന്റെ നയത്തെ പിന്തുണയ്ക്കുകയല്ലേ ചെയ്യേണ്ടത്. നമുക്ക് 32,000 കോടി രൂപയുടെ വരുമാനം കുറയാൻ സാധ്യതയുണ്ടെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സമീപനംമൂലം കേരളംപോലെയുള്ള സംസ്ഥാനങ്ങൾക്ക് 32,000 കോടി രൂപയുടെ വരുമാനം കുറയാൻ സാധ്യതയുണ്ടെന്ന് പറയുമ്പോൾ ഈ നയത്തിനെതിരെ ഒരുമിച്ചുനിന്ന് ഈ സംസ്ഥാനത്തെ സംരക്ഷിക്കാൻ ശ്രമിക്കുന്നതിനുപകരം സംസ്ഥാന ഗവൺമെന്റിനെ കുറ്റംപറഞ്ഞ്, ബി.ജെ.പി.-യെ സഹായിക്കാൻ വേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ച് സഭ ബഹിഷ്കരിക്കുകയാണോ ചെയ്യേണ്ടത്? സാമൂഹ്യക്ഷേമ പെൻഷൻ മാത്രമാണോ കൊടുത്തത്? 37 ശതമാനം ആളുകൾ സർക്കാർ ആശുപത്രികളെ ആശ്രയിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് ഇന്ന് 52 ശതമാനം ആളുകളാണ് ഈ മേഖലയെ ആശ്രയിക്കുന്നതെന്ന് പറയുമ്പോൾ ആ 15 ശതമാനം ആളുകളുടെ കുടുംബത്തിലുണ്ടാകുന്ന സാമ്പത്തിക ഭദ്രതയെ സംബന്ധിച്ച് അവർ മനസിലാക്കേണ്ടതല്ലേ? അതുപോലെ ഏതാണ്ട് ഏഴ് ലക്ഷത്തോളം കുട്ടികൾ അൺഎയ്ഡഡ് വിദ്യാലയങ്ങളിൽനിന്നും സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് വരുന്നുവെന്ന് പറയുമ്പോൾ ആ വീടുകളിലുണ്ടാകുന്ന സാമ്പത്തിക ഭദ്രത വലുതാണ്. ഇങ്ങനെയാണ് നാടിനെ സംരക്ഷിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും അങ്ങനെ കൂടുതൽ സാധാരണക്കാർക്ക് സേവനമുണ്ടാക്കാനും കഴിയുന്ന തരത്തിലുള്ള മാൻപവറും അടിസ്ഥാന സൗകര്യവും വികസിപ്പിക്കാൻ വേണ്ടിയാണ് കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അതിനെ നോക്കിക്കാണാൻ കഴിയണം. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലുമൊക്കെ ഉണ്ടാകുന്ന മാറ്റം നമ്മുടെ മാൻപവറിനെ വർദ്ധിപ്പിക്കുകയും വിദേശവരുമാനം കൂട്ടാനുമുള്ള തരത്തിലേയ്ക്ക് മാറുകയാണ്. ഇതൊരു മൂലധന നിക്ഷേപമാണ്. നമ്മുടെ നാടിന്റെ സാമ്പത്തിക സ്ഥിതിയെ സംരക്ഷിക്കാൻ ഐ.ടി., പരമ്പരാഗത വ്യവസായം, കൃഷി, അനുബന്ധ വ്യവസായങ്ങൾ ഉൾപ്പെടെ

എല്ലാ മേഖലയിലും ഒരു പുത്തൻ ഉണർവ് നൽകുന്ന ഒരു നവകേരള സൃഷ്ടിക്ക് കേരളത്തിലെ വിഭവങ്ങളെ എങ്ങനെ വിനിയോഗിക്കാമെന്ന് ശാസ്ത്രീയമായി മനസ്സിലാക്കിയാണ് ഇടതുപക്ഷ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. ഈ രാജ്യത്ത് കോർപ്പറേറ്റ്വൽക്കരണത്തിന്റെ വക്താക്കളായി നിൽക്കുന്ന കോൺഗ്രസിന്റെയും അതിനെ പിന്തുടരുന്ന ബി.ജെ.പി.യുടെയും നയങ്ങൾക്ക് ബദലായി ഒരു മനുഷ്യമുഖമുള്ള സമീപനവും രാഷ്ട്രീയനയവുമായി നിൽക്കുന്ന ഈ ഗവൺമെന്റിനെ പിന്തുണയ്ക്കുകയാണ് ചെയ്യേണ്ടത്. പ്രതിപക്ഷം അതിന് അതീതരല്ലെന്ന് ബോധ്യപ്പെടുത്താൻ ഈ അവസരം വിനിയോഗിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. നമ്മുടെ സംസ്ഥാനം മാത്രമല്ല, ലോകമാകെ കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോൾ ഈ പ്രതിസന്ധികളിൽപ്പെട്ട് ജീവിതം വഴിമുട്ടാനിടയുള്ള സാധാരണക്കാരായ ജനങ്ങളെ ചേർത്തുപിടിച്ച് അവർക്ക് എല്ലാസൗകര്യങ്ങളും നൽകി മുന്നോട്ടുനയിക്കാൻ ശ്രമിക്കുന്ന ഗവൺമെന്റിനുവേണ്ടിയാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഈ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിട്ടുള്ളത്. ദൗർഭാഗ്യവശാൽ പ്രതിപക്ഷം വസ്തുതകൾ അംഗീകരിക്കാൻ തയ്യാറാകില്ല എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഈ അവസാന ദിവസം നിയമസഭയിൽനിന്നും അകാരണമായി അവർ നടത്തിയ ഇറങ്ങിപ്പോക്കിലൂടെ ബോധ്യപ്പെടുന്നത്. ഇന്ന് അവതരിപ്പിച്ച അടിയന്തരപ്രമേയ വിഷയമായ ഇന്ധനവില വർദ്ധനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ സൃഷ്ടികർത്താക്കൾ തങ്ങളാണെന്നുള്ള കാര്യത്തിൽ ഒരു കോൺഗ്രസുകാരനും അഭിപ്രായ വ്യത്യാസമുണ്ടാകാൻ വഴിയില്ല. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ തകർച്ചയ്ക്ക് കാരണമായ പലകാര്യങ്ങളിലൊന്ന് ഇതുതന്നെയായിരുന്നു. ഇന്ധനവില വർദ്ധനയ്ക്ക് കാരണമായ കമ്പോളവൽക്കരണത്തിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കാൻ നടത്തിയ പരിശ്രമമായിരുന്നു അന്ന് യു.പി.എ. ഗവൺമെന്റിന്റെ തകർച്ചയ്ക്ക് ഇടയാക്കിയ മൂലകാരണങ്ങളിലൊന്ന്. അന്ന് ഇടതുപക്ഷം വളരെ ശക്തമായ നിലപാടാണ് സ്വീകരിച്ചത്. ഇന്ധനവില നിയന്ത്രിക്കുന്നതിന് രാജ്യത്ത് നിലനിന്നിരുന്ന സർക്കാരിന്റെ മെക്കാനിസം ഒഴിവാക്കുകയാണ് അന്ന് ചെയ്തത്. കോഴിയെ സംരക്ഷിക്കാൻ കുറുക്കനെ ഏല്പിച്ചതുപോലെയാണ്. ഇന്ധനവില വർദ്ധിപ്പിക്കാൻ രാജ്യത്തിലെ ഇന്ധന വ്യവസായത്തിന്റെ ഏതാണ്ട് 70 ശതമാനത്തിലധികം കയ്യാളുന്ന സ്വകാര്യ കമ്പനികളെ ഏല്പിക്കുന്നത് ആപത്ക്കരമായിരിക്കുമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഇടതുപക്ഷം വളരെ ശക്തമായ നിലപാട് സ്വീകരിച്ചത്. ആ നിലപാടിന്റെ പരിണതഫലമായാണ് ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഇന്ധനവില വർദ്ധനവിന് ഇന്ന്

ഇടയാക്കുന്ന ഈ നയത്തിലേക്ക് പോകാൻ അവർക്ക് സാധിക്കാതെ വന്നത്. അതിനുമുമ്പ് നരസിംഹറാവു ഗവൺമെന്റിന്റെ കാലത്തുതന്നെ അവർ നടപ്പിലാക്കാൻ പരിശ്രമിച്ചതാണ്. പക്ഷെ അന്ന് അവർക്ക് നടപ്പിലാക്കാൻ സാധിച്ചില്ല. ഇടതുപക്ഷത്തിന്റെ പിന്തുണയില്ലാതെ രണ്ടാം യു.പി.എ. ഗവൺമെന്റ് വന്നപ്പോൾ അത് നടപ്പിലാക്കി. അതിന്റെ ഫലമാണ് യഥാർത്ഥത്തിൽ ഇന്ന് രാജ്യം അനുഭവിക്കുന്ന ഈ ദുരന്തങ്ങളും കെടുതികളും. രാജ്യത്തിന്റെ പൊതുസംരംഭങ്ങളെല്ലാം സ്വകാര്യ വ്യക്തികൾക്ക്, തങ്ങളുടെ സ്തുതിപാടകർക്ക് കൈമാറുന്ന സാഹചര്യം നമ്മളിന്ന് കാണുകയാണ്. തിരുവനന്തപുരത്തിന്റെ അഭിമാനമായ ഇന്റർനാഷണൽ എയർപോർട്ട് കേരളത്തിന്റെ ആദ്യത്തെ ഇന്റർനാഷണൽ എയർപോർട്ടാണ്. ആ എയർപോർട്ടിന് 45,000 കോടി രൂപയുടെ മൂല്യമുണ്ടെന്നാണ് കണക്കാക്കുന്നത്. അതിന്റെ നടത്തിപ്പവകാശം ഒരു മുതലാളിയെ ഏൽപ്പിച്ചിരിക്കുകയാണ്. ജനങ്ങളുടെ പൊതുസ്വത്തിന്റെ നടത്തിപ്പവകാശം സ്വകാര്യ മുതലാളിമാർക്ക് കൈമാറുന്നതിനുവേണ്ടിയുള്ള പുതിയ പരിശ്രമമാണ് യഥാർത്ഥത്തിൽ നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കുവാൻ കോൺഗ്രസ്സിന് സാധിക്കുന്നില്ല. രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ട് ഇപ്പോൾ 75 വർഷമാകുന്നു. അതിൽ 65 വർഷവും നമ്മുടെ രാജ്യം ഭരിച്ചത് കോൺഗ്രസ് സർക്കാരുകൾ തന്നെയാണ്. ബി.ജെ.പി.-യും മറ്റ് രാഷ്ട്രീയ കക്ഷികളും എട്ടുപത്ത് വർഷമാണ് ഭരിച്ചിട്ടുള്ളത്. 65 വർഷവും നമ്മുടെ രാജ്യം ഭരിച്ച കോൺഗ്രസ് സ്വീകരിച്ച നയങ്ങളും സമീപനങ്ങളും തന്നെയാണ് രാജ്യത്തിന്റെ ഈ ദുർഗതിക്കും ദുരന്തത്തിനും കാരണമായതെന്ന കാര്യം നമുക്ക് വിസ്മരിക്കാൻ കഴിയുന്നതല്ല. ഈ സാഹചര്യത്തിലാണ് അസാധാരണമായിട്ടുള്ള സാഹചര്യങ്ങളെ അഭിമുഖീകരിച്ച് വളരെ ദൃഢനിശ്ചയത്തോടുകൂടി ഒന്നാം പിണറായി ഗവൺമെന്റ് കാലാവധി പൂർത്തീകരിച്ചത്. മതനിരപേക്ഷതയ്ക്കും ക്ഷേമപ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയ ഗവൺമെന്റായിരുന്നു. ഐക്യകേരളം പിറന്നതിനുശേഷമുള്ള 60-65 വർഷക്കാലത്തെ കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയേറെ വികസനപ്രവർത്തനങ്ങൾ നടത്തിയ സർക്കാരുകൾ വേറെയില്ല. 2017-ലെ ഓഖി ദുരന്തം, 2018-ലെ മഹാപ്രളയം, 2019-ലെ പ്രകൃതി ദുരന്തം, 2020-ലെ മഹാമാരി ഇങ്ങനെ രാജ്യമാകെ വിറങ്ങലിച്ചുനിൽക്കുന്ന സന്ദർഭത്തിലും വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ മുന്നേറ്റം സൃഷ്ടിച്ച ഗവൺമെന്റായിരുന്നു ഒന്നാം പിണറായി ഗവൺമെന്റ്. ആ ഗവൺമെന്റിനെ ആക്ഷേപിക്കാനും അപമാനിക്കാനും അന്നത്തെ പ്രതിപക്ഷം നടത്തിയ പരിശ്രമങ്ങൾ ചെറുതല്ലല്ലോ; വ്യാജ കഥകളുണ്ടാക്കിയും വ്യാജ ആരോപണങ്ങൾ ഉന്നയിച്ചും മാധ്യമങ്ങളെ കൂട്ടുപിടിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും അദ്ദേഹത്തിന്റെ ഓഫീസിനെയും അടക്കം അപമാനിക്കുന്നതിനുവേണ്ടി നടത്തിയ പരിശ്രമങ്ങൾ കണ്ടതാണ്. എത്ര വ്യാജപ്രചരണങ്ങൾ നടത്തിയാലും ജനങ്ങൾ വിശ്വസിക്കില്ല. കാരണം, ജനങ്ങൾ അവരുടെ അനുഭവത്തിൽനിന്നാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. സർക്കാരിന്റെ

കൈകൾ, മുഖ്യമന്ത്രിയുടെ കൈകൾ ഈ സംസ്ഥാനത്തെ 90 ലക്ഷത്തോളം വീടുകളിലേയ്ക്ക് നീളുന്ന അനുഭവമാണ് ഇവിടത്തെ ജനങ്ങൾ അന്ന് കണ്ടത്. അതുകൊണ്ടുതന്നെയാണ് വ്യാജ പ്രചരണങ്ങളുടെ മലവെള്ളപ്പാച്ചിൽ സംസ്ഥാനത്തുണ്ടായിട്ടും അതൊന്നും വിശ്വസിക്കാതെ 99 സീറ്റുകൾ നൽകി വീണ്ടും ഈ ഗവൺമെന്റിനെ അധികാരത്തിലെത്തിക്കാൻ ജനങ്ങൾ തയ്യാറായത്.

കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയായിട്ടുള്ള പുതിയ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടിയുള്ള, ആ പ്രവർത്തനങ്ങളെ കുറച്ചുകാണിക്കാൻ വേണ്ടിയുള്ള നീക്കമാണ് പ്രതിപക്ഷം സഭയിലും പുറത്തുമെല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ന് ഇന്ധന വിലവർദ്ധനവിന്റെ കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹളമുണ്ടാക്കി. കഴിഞ്ഞ ഏതാനും ദിവസമായി മുല്ലപ്പെരിയാർ ഒരു പ്രധാനപ്പെട്ട വിഷയമായി ഉന്നയിച്ചിരുന്നു. തമിഴ്നാട്ടും കേരളവും കൂടുതൽ സമരസപ്പെടുന്നു, ഐക്യപ്പെടുന്നു, ജനങ്ങൾ തമ്മിൽ യോജിപ്പോടെ വരുന്നു, രണ്ട് ഗവൺമെന്റുകളുടെയും നേതൃത്വം വഹിക്കുന്ന മുഖ്യമന്ത്രിമാർ ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് സംസാരിച്ച് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് മുല്ലപ്പെരിയാറിന്റെ പ്രശ്നങ്ങൾ മാറിവരുന്നു. അങ്ങനെയൊരു സന്ദർഭത്തിൽ അത് വഷളാക്കുന്നതിനുവേണ്ടിയുള്ള നീക്കമാണ് ഇന്ന് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്നിപ്പോൾ വാർത്തകളിലൂടെ കണ്ടത്, ബെന്നിച്ചൻ തോമസിനെ ഗവൺമെന്റ് സസ്പെന്റ് ചെയ്തുവെന്നാണ്. ആരാണ് ബെന്നിച്ചൻ തോമസ്? യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വനം, പരിസ്ഥിതി, ഗതാഗതം, കായികം, സിനിമ എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന്റെ സ്പെഷ്യൽ ഓഫീസറായി പ്രവർത്തിച്ചയാളായിരുന്നു ശ്രീ. ബെന്നിച്ചൻ തോമസ്. അദ്ദേഹമാണ് മന്ത്രിമാരെ ഇരുട്ടിൽ നിർത്തിക്കൊണ്ട്, മന്ത്രിമാരുമായി കൂടിയാലോചിക്കാതെ, ചർച്ച ചെയ്യപ്പെടേണ്ട വിഷയത്തെ ചർച്ചയ്ക്ക് വിധേയമാക്കാതെ ഏകപക്ഷീയമായി തീരുമാനമെടുത്ത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തിയത്. ഇതിലൊരു ഗൂഢാലോചന മണക്കുന്നുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ഇങ്ങനെയൊരു വിഷയം വന്നതിനുശേഷമാണ് പതിനഞ്ച് മരങ്ങളോ മറ്റോ മുറിക്കാൻ വേണ്ടിയുള്ള തീരുമാനമെടുത്തതായി ഉന്നത ഉദ്യോഗസ്ഥന്മാർ ആരോ പുറത്തുപറയുന്നു; വാർത്തയാകുന്നു, ചാനലുകൾ ചർച്ച ചെയ്യുന്നു; രണ്ടുമൂന്ന് ദിവസം മണിക്കൂറുകളോളം നീളുന്ന അന്തിച്ചർച്ച നടക്കുന്നു. ഇവിടെ എന്തോ മഹാത്ഭുതം, മഹാസംഭവം നടക്കാൻ പോകുകയാണെന്നുള്ള മട്ടിൽ ഇവർ ഒരു പുതിയ പുകമറ സംസ്ഥാനത്ത് സൃഷ്ടിക്കാൻ വേണ്ടി പരിശ്രമിക്കുകയായിരുന്നു എന്നുള്ളതാണ് ബെന്നിച്ചൻ തോമസ്, ഐ.എഫ്.എസ്.-കാരന്റെ നീക്കത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. വളരെ ശക്തമായ പരിശോധന ഇക്കാര്യത്തിൽ ആവശ്യമുണ്ടെന്ന്

തന്നെയാണ് എനിക്ക് തോന്നുന്നത്. നമ്മുടെ സംസ്ഥാനത്ത് പ്രതിപക്ഷം സമരം ചെയ്യുന്നത് ആർക്കെതിരായിട്ടാണ്? ഇന്ധനവില കുറയ്ക്കാൻ യഥാർത്ഥത്തിൽ അവർ സമരം ചെയ്യേണ്ടത് കേന്ദ്ര ഗവൺമെന്റിനെതിരായിട്ടാണ്. ഒരു ദിവസം പാർലമെന്റിൽ 19 പേരും കൂടി സൈക്കിളിൽ പോയതുകൊണ്ട് മാത്രം അവസാനിക്കുന്ന ഒരു വിഷയമല്ല അത്. രാജ്യത്തെ കോടിക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന ഗൗരവമുള്ള പ്രശ്നമെന്ന നിലയിൽ രാജ്യവ്യാപകമായി സ്വാധീനമുണ്ടെന്ന് അവകാശപ്പെടുന്ന കോൺഗ്രസ് പാർട്ടി ഈ സമരത്തിന് നേതൃത്വം കൊടുക്കുകയാണ് വേണ്ടത്. പക്ഷേ അവർ സമരം ചെയ്യുന്നില്ല. കേരളത്തിൽ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിൽ തിരിച്ചറിയാൻ കഴിയാത്ത തരത്തിലുള്ള ഐക്യത്തോടുകൂടിയ പ്രവർത്തനമാണ് നടത്തുന്നതെന്ന് കാണാൻ കഴിയും. കേരളം ഉറ്റുനോക്കുന്ന ഒരു പദ്ധതിയാണ് വലിയ വികസന സാദ്ധ്യതയുള്ള 'സിൽവർലൈൻ പദ്ധതി'. ഇതിനെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്ന കൂട്ടുമുന്നണി എത്രമാത്രം വിചിത്രമാണെന്ന് നമ്മൾ കാണേണ്ടതുണ്ട്. ശ്രീ. കെ. സുരേന്ദ്രൻ എന്ന ബി.ജെ.പി. നേതാവിന്റെ കലാപാഹ്വാനത്തിന് കയ്യടിച്ചവരെ നമ്മുടെ സംസ്ഥാനം നേരിട്ട് കണ്ടതാണ്. വളരെ കൗതുകത്തോടുകൂടിയാണ് അത് നോക്കിയത്. മിതവാദികളും തീവ്രവാദികളും കോൺഗ്രസും ലീഗും എല്ലാവരും ചേർന്ന് കയ്യടിക്കാനെത്തിയ കാഴ്ച രസകരമായിരുന്നു.

കാസർഗോഡ്-തിരുവനന്തപുരം അർദ്ധ അതിവേഗ റെയിൽപ്പാതയുടെ കാര്യത്തിൽ സംസ്ഥാനം പിന്നിട്ടത് നിർണ്ണായക ഘട്ടങ്ങളെയാണ്. റെയിൽവേയുടെ തത്വത്തിലുള്ള അനുമതിയോടെയാണ് പദ്ധതി പ്രവർത്തനങ്ങളുമായി സംസ്ഥാനം മുന്നോട്ടുപോകുന്നത്. ബാക്കി അനുമതികളുടെ കാര്യത്തിൽ സംസ്ഥാനം ശുഭപ്രതീക്ഷയിലാണ്. പദ്ധതിക്കാവശ്യമായ സാമ്പത്തിക സമാഹരണത്തിനായി ഏഷ്യൻ വികസന ബാങ്ക്, ജൈക്ക, ഏഷ്യൻ അടിസ്ഥാന സൗകര്യ നിക്ഷേപ ബാങ്ക്, ജർമ്മൻ ബാങ്ക്, കെ.എഫ്.ഡബ്ല്യൂ. തുടങ്ങിയ അന്താരാഷ്ട്ര ധന ഏജൻസികളെ കേന്ദ്ര ധനമന്ത്രാലയം വഴിയാണ് സമീപിച്ചിട്ടുള്ളത്. കൂടാതെ റെയിൽവേ ബോർഡ്, കേന്ദ്ര ധനകാര്യ വകുപ്പ്, നീതി ആയോഗ് ഇവയുടെ അനുമതിയുമുണ്ട്. പദ്ധതിയെ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിലേയ്ക്ക് ഇവരാണ് ശിപാർശ ചെയ്തത്. ഭൂമി ഏറ്റെടുക്കലിനാവശ്യമായ 13265 കോടി രൂപ സമാഹരിക്കാൻ ഹഡ്കോ, ഇന്ത്യൻ റെയിൽ ഫിനാൻസ് കോർപ്പറേഷൻ, കിഫ്ബി തുടങ്ങിയ സ്ഥാപനങ്ങളുമായി ചർച്ച പുരോഗമിക്കുകയാണ്. കിഫ്ബിയിൽനിന്ന് 2100 കോടി രൂപയുടെ വായ്പയ്ക്ക് ഭരണാനുമതി ഇതിനകം ലഭിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ഭാവിയുടെ വലിയ പ്രതീക്ഷയായി ജനങ്ങളാകെ ഉറ്റുനോക്കുന്ന ഈ പദ്ധതിയെ എങ്ങനെ അട്ടിമറിക്കാൻ സാധിക്കും, ഈ ഗവൺമെന്റിന്റെ തൊപ്പിയിലൊരു

പൊൻതൂവലായി മാറാനിടയുള്ള ഈ മഹത്തായിട്ടുള്ള വികസന പ്രവർത്തനത്തെ എങ്ങനെ അട്ടിമറിക്കാൻ സാധിക്കുമെന്നാണ് പ്രതിപക്ഷം നോക്കുന്നത്. പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായിട്ടാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. സിൽവർ ലൈനിന് പാരിസ്ഥിതിക പഠനം ആവശ്യമില്ലെന്നതാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിലപാട്. സാങ്കേതിക-സാമ്പത്തിക-സാമൂഹിക പ്രശ്നങ്ങൾക്കെല്ലാം പദ്ധതി രൂപീകരണത്തിൽ വലിയ മുൻഗണന നൽകുന്നുണ്ട്. കൊടുംവളവുകൾ ഒഴിവാക്കിയുള്ള ട്രാക്കിന്റെ രൂപകൽപ്പനയിൽ താരതമ്യേന ജനവാസം കുറഞ്ഞ മേഖലകളാണ് തെരഞ്ഞെടുക്കപ്പെടുന്നത്. 74 ശതമാനം ഭൂപ്രതലത്തിലൂടെയും 26 ശതമാനം ആകാശപാത അല്ലെങ്കിൽ തുരങ്കപാത എന്ന നിലയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. വനപ്രദേശം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 115 കിലോമീറ്റർ നെൽപ്പാടശേഖരങ്ങളിൽ 88 കിലോമീറ്ററിലും ആകാശപാതയാണ് വിഭാവന ചെയ്തിട്ടുള്ളത്. ജലാശയങ്ങളുടെയും തണ്ണീർതടങ്ങളുടെയും സംരക്ഷണത്തിന് പാലങ്ങളും കൾവെർട്ടുകളും നിർമ്മിക്കുമെന്നും ഗവൺമെന്റ് ഉറപ്പുനൽകിയിട്ടുണ്ട്. തീരനിയന്ത്രണ മേഖലാനുമതി ലഭ്യമാക്കാൻ Centre for Environment and Development മുഖേന നടത്തിയ പഠനത്തിന് പുറമെ കേന്ദ്ര സർക്കാർ ഏജൻസിയായ National Centre for Sustainable Coastal Management- നെ നിയോഗിച്ചു. കണ്ടൽക്കാട് സംരക്ഷണ സമഗ്ര പരിപാടിയും പ്രധാന നദികളിലെ ഹൈഡ്രോളജിക്കൽ സർവ്വേയും സിൽവർ ലൈൻ പദ്ധതിയുടെ ഭാഗമാകുന്നു. കൃഷിഭൂമിയിലും ജനവാസ മേഖലയിലും ഒഴിവാക്കാനാകാത്ത നിർമ്മിതികൾക്ക് പരിസ്ഥിതി സൗഹൃദ ബദൽ നിർമ്മാണ രീതികൾ ആലോചിക്കുന്നുണ്ട്. ഹരിത മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുകയെന്ന് വ്യക്തമാക്കിയിട്ടും ഈ പദ്ധതിയെ അട്ടിമറിക്കുന്നതിന് എല്ലാ ശക്തികളെയും കൂട്ടുപിടിച്ചുകൊണ്ട് കോൺഗ്രസ് നടത്തുന്ന പരിശ്രമം അത്യന്തം അപമാനകരമാണെന്ന് പറയാതിരിക്കാൻ വയ്യ.

ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിലും രണ്ടാം പിണറായി ഗവൺമെന്റ് പുതിയ ചുവടുവയ്ക്കുകയാണ്. കോവിഡ് ബാധിച്ച് മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ചുകഴിഞ്ഞിരുന്ന ബി.പി.എൽ. കുടുംബത്തിന് പ്രതിമാസം 5000 രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് അനുവദിച്ച് ഉത്തരവ് നൽകിക്കഴിഞ്ഞിരിക്കുകയാണ്. കോവിഡ്ബാധയിൽ മാതാപിതാക്കൾ മരിക്കുന്നതുമൂലം പൂർണ്ണമായും അനാഥമാകുന്ന കുട്ടികളുടെ കുടുംബങ്ങൾക്ക് പ്രതിമാസം രണ്ടായിരം രൂപ വീതം സഹായം നൽകും. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വികസന പ്രവർത്തനങ്ങളുടെയും ക്ഷേമപ്രവർത്തനങ്ങളുടെയും കാര്യത്തിൽ സജീവമായി മുന്നോട്ടുപോകുന്ന ലോകവും രാജ്യവും സാമ്പത്തിക പ്രതിസന്ധികളിൽപ്പെട്ട് ഉഴലുന്ന ഘട്ടത്തിലും നമ്മുടെ നാട്ടിൽ പട്ടിണിയും പ്രയാസങ്ങളുമുണ്ടാകാതെ ഈ

നാടിനെ സംരക്ഷിക്കുന്നതിനുവേണ്ടിയിട്ടുള്ള നീക്കങ്ങൾക്ക് നേതൃത്വം നൽകുന്ന ധനകാര്യ മാനേജ്മെന്റിനെ പ്രത്യേകിച്ച് അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഉപധനാഭ്യർത്ഥനയായി ആവശ്യപ്പെടുന്ന തുക സഭ അനുവദിക്കണമെന്ന അഭ്യർത്ഥനയാണുള്ളത്. റവന്യൂ അക്കൗണ്ടിൽ 743.63 കോടി രൂപയും ക്യാപ്പിറ്റൽ അക്കൗണ്ടിൽ 691.95 കോടി രൂപയുമടക്കം 1435 കോടി രൂപയാണ് ഉപധനാഭ്യർത്ഥനയുടെ ഭാഗമായുള്ളത്. ഇതിന്റെ ഭാഗമായി വിവിധ മേഖലകൾ ഉൾപ്പെടുന്നതിൽ, 475 കോടിയിലധികം രൂപ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുവഴി ഓണവുമായി ബന്ധപ്പെട്ടും മറ്റും കൊടുത്ത ഭക്ഷ്യക്കിറ്റിനുവേണ്ടി ചെലവഴിച്ചതാണ്. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി പി.ഡബ്ല്യൂ.ഡി.-ക്ക് കൊടുത്ത 800 കോടിയിലധികം രൂപയുടെ ചെലവുകളുമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള വകുപ്പുമന്ത്രിമാർ ഓരോ വകുപ്പുകളെയും സംബന്ധിച്ച അഭ്യർത്ഥന രാവിലെ സഭയിൽ മുന്നോട്ടുവച്ചിരുന്നു. ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന് കൊടുത്ത പത്ത് കോടി രൂപയുടെ പ്രത്യേക ലോണുൾപ്പെടെ ഉപധനാഭ്യർത്ഥനയുടെ ഭാഗമായി വരുന്നുണ്ട്. ഇതുകൂടാതെ വീണ്ടും പത്ത് കോടി രൂപകൂടി ദേവസ്വം ബോർഡിന് കൊടുത്തിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ എല്ലാ മേഖലയിലും കൊടുക്കേണ്ടിവന്ന പണം നിയമസഭയുടെ അംഗീകാരത്തോടെ ഉപധനാഭ്യർത്ഥന പാസ്സാക്കിയശേഷം അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കുകയെന്ന നിയമപരമായ ഉത്തരവാദിത്വമാണ് നമ്മൾ ചെയ്യുന്നത്. വിവിധ മേഖലകളിലെ ധനവിനിയോഗത്തിനായി തുക അനുവദിക്കുന്ന സന്ദർഭത്തിൽ സഭയിൽ പ്രതിപക്ഷംകൂടി ഉണ്ടാകേണ്ടതായിരുന്നു. അത്രയും പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് നമ്മൾ ഇവിടെ നിർവ്വഹിക്കുന്നത്. രാഷ്ട്രീയ പ്രശ്നങ്ങളും വികസന കാര്യങ്ങളുമൊക്കെ രാവിലെ ഇവിടെ ഉന്നയിച്ചു. ഞാൻ അക്കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ലോകം ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന ഒരു ഘട്ടമാണിത്. മൂന്നാം ഡിപ്രഷനിലേയ്ക്കാണ് ലോകം പോകുന്നതെന്ന് പറയുന്ന തരത്തിലുള്ള തകർച്ചയാണ്. അതിന്റെ ഭാഗമായുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ ലോകം നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലും ആ സാമ്പത്തിക പ്രതിസന്ധിയുണ്ട്. ആ പ്രതിസന്ധിക്കകത്ത് നിന്നുകൊണ്ട് നമ്മൾ മുന്നോട്ടുപോകുകയാണ്. നമ്മുടെ സംസ്ഥാനവും കേന്ദ്രവുമൊക്കെ ഈ ബുദ്ധിമുട്ടുകളുടെ ഭാഗമായി പ്രതിസന്ധികൾ നേരിടുന്നുണ്ട്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ് നാഷണൽ മോണിട്ടൈസേഷൻ പൈപ്പ്ലൈൻ. ആറ് ലക്ഷം കോടി രൂപയുടെ പൊതുസ്വത്തുക്കൾ വിറ്റ് അതിൽനിന്നുള്ള പണം

കേന്ദ്ര ഗവൺമെന്റ് വസൂലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പുതിയ നിക്ഷേപ പദ്ധതി വരാൻവേണ്ടിയാണെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. യഥാർത്ഥത്തിൽ ദൈനംദിനം ആളുകൾക്ക് പണം കൊടുക്കുന്നതിന് വേണ്ടത്ര ഫണ്ടില്ലായ്മ കേന്ദ്ര ഗവൺമെന്റ് നേരിടുന്നുണ്ടെന്നുള്ള പഠനംകൂടി വരികയാണ്. ഇതിന്റെ ഭാഗമായി 26000 കിലോമീറ്റർ നാഷണൽ ഹൈവേയാണ് ലോംഗ് ടേം ലീസിന് കൊടുക്കുന്നത്. റെയിൽവേ സ്റ്റേഷനുകളും ട്രെയിനുകളും തുറമുഖങ്ങളും ഉൾപ്പെടെ കൊടുക്കുന്നു. അങ്ങനെയൊരു പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള കാരണം സാമ്പത്തിക നയമാണ്. വിവിധ മേഖലകളിലുള്ള സംസ്ഥാനത്തിന്റെ അധികാരത്തിൽ കടന്ന് ടാക്സേഷൻ പവേഴ്സ് ഉൾപ്പെടെ കേന്ദ്രം എടുക്കുന്ന പ്രശ്നം കേരളം നേരിടുകയാണ്. കിട്ടിക്കൊണ്ടിരുന്ന നികുതിയുടെ വിഹിതംതന്നെ കിട്ടാത്ത അവസ്ഥ വരുന്നു. അതുകൊണ്ട് കേരളം മാത്രമല്ല, ഇന്ത്യയിലെ ഉത്തരവാദിത്വമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ പ്രശ്നങ്ങളാകെ ഒരുമിച്ചുനിന്ന് പറയേണ്ടതാണ്. ഈ പ്രതിസന്ധിക്കകത്ത് നിന്നുകൊണ്ടാണ് നമ്മുടെ നാട്ടിലെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. കേരളത്തിന് പെട്രോളിയത്തിൽനിന്ന് ടാക്സും മറ്റുമായി കിട്ടുന്നത് എണ്ണായിരം കോടി രൂപയ്ക്കടുത്ത് മാത്രമാണ്. വിവിധ മേഖലകളിലെ കണക്കുകൾ ഞാൻ പറയുന്നില്ല. കാരണം, ദീർഘമായ ഒരു സമ്മേളനത്തിനുശേഷം ഇന്ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാൻപോകുകയാണ്. എങ്കിൽപ്പോലും, കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കേണ്ടിവരുന്ന ഡീസൽ തുകപോലും അധിക നികുതിയിൽനിന്ന് കിട്ടുന്നില്ലെന്നുള്ള കാര്യം നമ്മളറിയണം. കാരണം, എല്ലാ ബസ്സുകളും ഓടുകയാണെങ്കിൽ ഡീസലിന്റെ വില വർദ്ധനവഴി കെ.എസ്.ആർ.ടി.സി.-ക്ക് ഒന്നരക്കോടി രൂപയെങ്കിലും ഒരു ദിവസം അധികച്ചെലവുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു ദിവസം ഒന്നരക്കോടി രൂപ വച്ച് 365 ദിവസം അഞ്ഞൂറ് കോടി രൂപയിലധികം കെ.എസ്.ആർ.ടി.സി.-ക്ക് മാത്രം ചെലവ് വരുന്നുണ്ട്. സംസ്ഥാനത്താകെ ഈ സമയത്ത് കിട്ടിയത് ഇരുന്നൂറ് കോടി രൂപയാണെന്ന് നേരത്തെ നിയമസഭയിൽ കൊടുത്ത കണക്കുണ്ട്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് മറുപടി പറഞ്ഞപ്പോൾ, എല്ലാംകൂടി ആകെ എണ്ണായിരം കോടി രൂപയാണ് കിട്ടുന്നതെന്ന് ഞാൻ പറഞ്ഞിരുന്നു. ഈ എണ്ണായിരം കോടി രൂപ കേരളത്തിന് കിട്ടുമ്പോൾ, പന്ത്രണ്ടായിരം കോടി രൂപയെങ്കിലും സംസ്ഥാനത്തുനിന്നും കവർന്നെടുക്കാനുള്ള കേന്ദ്രത്തിന്റെ ടാക്സേഷൻ സ്ട്രക്ചറാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ഇതാദ്യമായി കേന്ദ്ര ഗവൺമെന്റ് ടാക്സേഷന്റെ കാര്യത്തിൽ സംസ്ഥാനങ്ങളുടെ അധികാരത്തിൽ കടന്നുകയറുകയാണ്. ഈ കാര്യത്തിൽ മാത്രമല്ല, കെ-റെയിൽ പോലുള്ള സംസ്ഥാന പദ്ധതികളോടെടുത്ത സമീപനവും ഇപ്പോൾ ചർച്ചയാകുന്നുണ്ട്. കേരളത്തിൽ നമ്മൾ ചെലവാക്കുന്ന പണംകൂടി നോക്കണം. ജി.എസ്.ടി. അല്ലാതെ

വന്നാൽ ആകെ ഇരുപതിനായിരം കോടി രൂപയ്ക്കടുത്ത് മാത്രമെ നമുക്ക് തനത് ടാക്സ് കിട്ടുന്നുള്ളൂ. എല്ലാംകൂടി ഇരുപത്തി അയ്യായിരം കോടി രൂപയേയുള്ളൂ. ഏകദേശം 10,000-12,000 കോടി രൂപയാണ് സാമൂഹ്യ സുരക്ഷയ്ക്ക് കൊടുക്കുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സാമൂഹ്യ സുരക്ഷയ്ക്ക് പണം മാറ്റിവയ്ക്കുന്ന സംസ്ഥാനങ്ങളിലൊന്ന് തമിഴ്നാടാണ്. 4800 കോടി രൂപ തമിഴ്നാട് സോഷ്യൽ സർവ്വീസ് സെക്ടറിന് മാറ്റിവയ്ക്കുന്നുവെന്ന് അവരുടെ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. അവിടെ ശമ്പളച്ചെലവ് 67,000 കോടി രൂപയാണ്. കേരളത്തിൽ ശമ്പളച്ചെലവ് ഏകദേശം 60,000 കോടി രൂപ വരും. അവർക്ക് കേരളത്തിന്റെ ഇരട്ടി ജനസംഖ്യയും വരുമാനവുമുണ്ട്. നമുക്ക് അത്രയും വരില്ല. അവർ 4800 കോടി രൂപ സോഷ്യൽ വെൽഫെയറിൽ കൊടുക്കുന്നുവെന്ന് ബഡ്ജറ്റിൽ പറയുമ്പോൾ നമ്മൾ അതിനായി ചെലവാക്കുന്നത് ഏകദേശം 12000 കോടിയോളം രൂപയാണ്. അത്രയേറെയാണ് കേരളം പോലുള്ളൊരു സംസ്ഥാനം ഈ മേഖലയിൽ കൊടുക്കുന്നത്. ആകെ കിട്ടുന്ന പെട്രോളിയം വരുമാനമായ എണ്ണായിരം കോടിയോളം രൂപയുടെ എത്രയോ മടങ്ങാണ് നമ്മൾ കൊടുക്കുന്നത്. അതുപോലെ ഓരോ മേഖലയിലും നമ്മൾ കൊടുക്കുന്നുണ്ട്. ആകെ കൊടുക്കുന്നതിന്റെ പകുതിയിലധികം തുകയിൽ കോവിഡുമായി ബന്ധപ്പെട്ട് ഭക്ഷ്യമേഖലയിൽ കൊടുക്കേണ്ട കിറ്റ് ഉൾപ്പെടെ ഉള്ളവയാണ്. നാട്ടിലെ ജനങ്ങൾക്കൊപ്പം നിൽക്കുന്ന ഒരു സർക്കാരെന്ന നിലയിൽ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കി കൊണ്ടുപോകേണ്ടതുണ്ട്. അതിനുള്ള സമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരെടുക്കുന്നത്. അത് കൂടുതൽ ശക്തമാക്കി കൊണ്ടുപോകുന്നതിനുള്ള എല്ലാ പ്രവർത്തനവും നമ്മൾ യോജിച്ച് ചെയ്യണം. ദൗർഭാഗ്യവശാൽ ഈ സഭയുടെ സമാപന സമയത്ത് പ്രതിപക്ഷമില്ല. അതെല്ലാം അനൗചിത്യമാണോ എന്നുള്ളതെല്ലാം പ്രതിപക്ഷം ആലോചിക്കേണ്ട ഒരു കാര്യമാണ്. പന്ത്രണ്ടായിരം കോടി രൂപയോളം സാമൂഹ്യ ക്ഷേമ പദ്ധതികൾക്കായി നീക്കിവയ്ക്കുന്ന, 57 ലക്ഷം പേർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്ന, എല്ലാ മേഖലയ്ക്കും സഹായമെത്തിച്ച് കൊടുക്കുന്ന, കോവിഡ് മഹാമാരിയെ ഇന്ത്യയ്ക്കും ലോകത്തിനുമാകെ മാതൃകാപരമായ തലത്തിൽ നേരിട്ട ഒരു സംസ്ഥാനത്തിന്റെ വരുമാനം വെട്ടിക്കുറയ്ക്കുക എന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്. 'മകൻ ചത്താലും വേണ്ടില്ല, മരുമകളുടെ കണ്ണീര് കണ്ടാൽ മതി' എന്നൊരു സമീപനം ശരിയാണോ? സംസ്ഥാന ഖജനാവിലേയ്ക്കുള്ള വരുമാനമെല്ലാം വെട്ടിക്കുറച്ച് നിലവിലുള്ള ക്ഷേമപദ്ധതികളെല്ലാം അവസാനിപ്പിക്കട്ടെ എന്നാണോ ഇവരുടെ ആഗ്രഹം? നമുക്ക് എല്ലാ കാര്യങ്ങളും നന്നായി ചെയ്യാൻ കഴിയണം. ഈ ബുദ്ധിമുട്ടിനിടയിലും എല്ലാവരുടെയും സഹായത്തോടുകൂടി കേരളത്തിന്റെ സാമ്പത്തിക രംഗത്തെയും പൊതു-സാമൂഹ്യ ജീവിതത്തെയും കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള

പ്രവർത്തനങ്ങൾ നമുക്ക് ഏറ്റെടുക്കണം. അതിന് സഹായകരമായി കാര്യങ്ങൾ മാറണം. എല്ലാവരും ഈ ഉപധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണച്ചാണ് സംസാരിച്ചത്. ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,31,02,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാ ഭരണകൂടവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 806,64,16,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 475,94,01,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,62,60,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ചകൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

മി. സ്പീക്കർ: പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 138,06,09,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

### 2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പ് തിരിച്ചുള്ള പരിഗണന**

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## XI. അവകാശലംഘന പ്രശ്നങ്ങൾ

(I) പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: (1) പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ 2021 ഒക്ടോബർ 7-ലെ ചോദ്യോത്തരവേളയിൽ നിയമസഭാ സാമാജികർ കരാറുകാരെ കൂട്ടി മന്ത്രിമാരെ കാണാൻ വരരുതെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകുകയുണ്ടായെന്നും ഈ പരാമർശം നിയമസഭാംഗങ്ങളുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നും കാണിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എം.എൽ.എ. നൽകിയ നോട്ടീസ്;

2. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ താൻ 2021 ഒക്ടോബർ 27-ന് ഉന്നയിച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് വ്യക്തതയുള്ള മറുപടി നൽകാതിരുന്നത് ഒരു നിയമസഭാംഗമെന്ന നിലയിലുള്ള തന്റെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് കാണിച്ച് ശ്രീമതി കെ. കെ. രമ, എം.എൽ.എ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ നൽകിയ നോട്ടീസ്.

3. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ 2021-ഒക്ടോബർ 28-ന് നിയമനിർമ്മാണവേളയിൽ, തന്നെ അവഹേളിക്കുന്ന തരത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു പരാമർശം നടത്തിയെന്നും പ്രസ്തുത പരാമർശം ഒരു സഭാംഗമെന്ന നിലയിലുള്ള തന്റെ അവകാശങ്ങളുടെ ലംഘനമാണെന്നും കാണിച്ച് ശ്രീ. എച്ച്. സലാം, എം.എൽ.എ. നൽകിയ നോട്ടീസ്;

4. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ ലൈഫ് മിഷൻ സംബന്ധിച്ച അടിയന്തര പ്രമേയത്തിന്റെ ചർച്ചാവേളയിൽ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഒരു പ്രസ്താവന നടത്തിയ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥ്. എം.എൽ.എ. നൽകിയ നോട്ടീസ്;

5. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ 2021 നവംബർ 1-ന് അടിയന്തരപ്രമേയത്തിന്റെ ചർച്ചാ വേളയിൽ ജലവിഭവ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞ കാര്യത്തിൽനിന്നും ഭിന്നമായി പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ മാധ്യമങ്ങളോട് പ്രസ്താവന നടത്തിയത് സഭാംഗങ്ങൾക്കുള്ള പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് കാണിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്കെതിരെ നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

### (2) <u>അനുമതി നിഷേധിച്ചവ</u>

തന്റെ മണ്ഡലത്തിലെ ഒരു വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി എന്നിവരുടെ നേതൃത്വത്തിൽ 2021 സെപ്റ്റംബർ 15-ന് വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ സ്ഥലം എം.എൽ.എ. ആയ തന്നെ ക്ഷണിച്ചിരുന്നില്ലെന്നും ആയത് ഒരു സഭാംഗമെന്ന നിലയിലുള്ള തന്റെ അവകാശങ്ങളുടെ ലംഘനമാണെന്നും ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിമാർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. സജീവ് ജോസഫ്, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാരുടെ പ്രതികരണം ലഭ്യമാക്കുകയുണ്ടായി. നോട്ടീസിലെ വിഷയങ്ങളും ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഇത് സംബന്ധിച്ച മറുപടിയും ചെയർ പരിശോധിച്ചു. വിവിധ സർക്കാർ വകുപ്പുകളിലെ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ തലത്തിൽ ഒരു

പ്രാഥമിക ചർച്ച മാത്രമാണ് നടത്തിയതെന്നും അംഗത്തിന്റെ അവകാശങ്ങളൊന്നും ലംഘിക്കപ്പെട്ടിട്ടില്ലെന്നും മറുപടികളിൽനിന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

(3) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി പരിശോധന പൂർത്തിയാക്കാത്ത നോട്ടീസുകളിൻമേൽ പരിശോധന തുടരുവാൻ നിലവിലെ കമ്മിറ്റിക്ക് അനുവാദം നൽകുന്നത് സംബന്ധിച്ച്

പതിനാലാം കേരള നിയമസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി പരിശോധന നടത്തിവന്നിരുന്ന അവകാശലംഘന നോട്ടീസുകളിൻമേൽ കമ്മിറ്റിയുടെ നടപടികൾ പൂർത്തിയാക്കാത്തതായ എൻഫോഴ്സ്മെന്റ് ഡയറക്ടർക്കെതിരെയും കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ ഉൾപ്പെടെയുള്ളവർക്കെതിരെയുമുള്ള രണ്ട് അവകാശലംഘന നോട്ടീസുകളുടെ പരിശോധന തുടർന്നും നടത്തുന്നതിന് അവസരമൊരുക്കണമെന്ന പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആയതിന് അനുമതി നൽകിയിട്ടുണ്ട്.

## XII. പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിയമമാക്കാതെ അവശേഷിക്കുന്ന എല്ലാ ഓർഡിനൻസുകൾക്കും പകരമായി അടിയന്തര നിയമനിർമ്മാണത്തിനായി ഒരു പ്രത്യേക സമ്മേളനം ചേരണമെന്ന കഴിഞ്ഞ സമ്മേളനകാലത്തെ അങ്ങയുടെ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് സർക്കാർ ആ ദൗത്യം ഏറ്റെടുത്തത് ഏറെ ആശങ്കകളോടെയാണ്. കോവിഡ് മഹാമാരിയും പ്രകൃതിദുരന്തവും വിട്ടുമാറാതെ നമ്മെ പിന്തുടർന്ന പ്രതികൂല കാലഘട്ടത്തിൽ ചുരുങ്ങിയ ദിനംകൊണ്ട് ഇത്രയധികം ബില്ലുകൾ പരിഗണിക്കാൻ കഴിയുമോ എന്ന ആശങ്ക നമുക്കൊക്കെയുണ്ടായിരുന്നു. അത്തരം ആശങ്കകൾക്കിടയിലും ഏറ്റെടുത്ത ഉത്തരവാദിത്വം ഒരു വെല്ലുവിളിയായി സ്വീകരിച്ചുകൊണ്ട് സഭയൊന്നാകെ പരിശ്രമിച്ച് ഈ നേട്ടം കൈവരിച്ചിരിക്കുകയാണ്. ആറ് പതിറ്റാണ്ട് പിന്നിട്ട കേരള നിയമസഭയുടെ കഴിഞ്ഞകാല നേട്ടങ്ങളുടെ പട്ടികയിൽ തിളക്കമാർന്ന മറ്റൊരേടുകൂടി എഴുതിച്ചേർക്കുന്ന ഈ മൂന്നാം സമ്മേളനത്തിന്റെ വിജയകരമായ പൂർത്തീകരണത്തിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സ്വീകരിച്ച സമീപനം അങ്ങേയറ്റം അനുകരണീയമാണ്. സഭ മുമ്പാകെ വന്ന 35 ബില്ലുകളിൽ ഒന്നൊഴിയാതെ എല്ലാത്തിന്മേലും സജീവ ചർച്ചകൾ നടക്കണമെന്ന കാര്യത്തിൽ സഭയൊന്നാകെ മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചത്.

നിയമനിർമ്മാണത്തിന് മാത്രമായി ചേർന്ന ഈ സമ്മേളന പരിപാടികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് അകമഴിഞ്ഞ് സഹകരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, പ്രതിപക്ഷ ഉപനേതാവ്, മറ്റ് പ്രതിപക്ഷാംഗങ്ങൾ, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ്, ഡെപ്യൂട്ടി സ്പീക്കർ, മറ്റംഗങ്ങൾ എന്നിവരോട് സഭാനേതാവെന്ന നിലയിൽ ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു. ഒരു സമ്പൂർണ്ണ നിയമനിർമ്മാണ സമ്മേളനമായതുകൊണ്ടുതന്നെ അതുമായി ബന്ധപ്പെട്ട അതികഠിനമായ ഉത്തരവാദിത്വമാണ് നിയമവകുപ്പിനും നിയമസഭാ സെക്രട്ടേറിയറ്റിനും ഏറ്റെടുക്കേണ്ടി വന്നത്. ഗവൺമെന്റിനുവേണ്ടി പ്രസ്തുത വിഭാഗങ്ങളിലെ ജീവനക്കാർക്ക് പ്രത്യേകമായ നന്ദി അറിയിക്കുകയാണ്.

ഒട്ടേറെ ചരിത്രങ്ങൾ തിരുത്തിക്കുറിച്ച ഈ സമ്മേളനത്തിന്റെ വിജയത്തിനായി സഹകരിച്ച് പ്രവർത്തിച്ച എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവരോടും സർക്കാരിനുള്ള നന്ദി അറിയിക്കുകയാണ്.

അതിനെല്ലാമുപരി കേരള നിയമസഭയിൽ പുതുതായി കടന്നുവരികയും സഭാദ്ധ്യക്ഷനായി ചുമതലയേൽക്കുകയും ചെയ്ത അങ്ങ്, അങ്ങയുടെ പാർലമെന്ററി പരിചയത്തിന്റെ വെളിച്ചത്തിൽ സഭയുടെ ഉന്നതമൂല്യങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ട് സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കാൻ ഏറെ സഹായകരമായ നിലപാടാണ് സ്വീകരിച്ചത്. സഭാ നടത്തിപ്പിൽ അങ്ങ് പരിപാലിച്ച ഉന്നതമൂല്യങ്ങൾ സഭയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തുപകരട്ടെയെന്ന് ആശംസിക്കുന്നതോടൊപ്പം ഈ സമ്മേളന നടപടികൾ വിജയിപ്പിക്കുന്നതിൽ നിർണ്ണായകപങ്ക് വഹിച്ച അങ്ങേയ്ക്കും അങ്ങയുടെ ഓഫീസിനുമുള്ള നന്ദി കൂടി ഇവിടെ രേഖപ്പെടുത്തുന്നു. ഒരിക്കൽക്കൂടി എല്ലാവർക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഊഷ്മളമായ ഒരു ക്രിസ്തുമസു നവവത്സരവും നേരുന്നു.

'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് ' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## XIII. അവലോകനം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ 21 ദിവസം നീണ്ടു നിന്ന മൂന്നാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. 2021 ഒക്ടോബർ 4-ാം തീയതി ആരംഭിച്ച ഈ സമ്മേളനം ആകെ 24 ദിനങ്ങൾ സമ്മേളിക്കുവാനായിരുന്നു

നിശ്ചയിച്ചിരുന്നത്. എന്നാൽ സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ പേമാരിയും ഉരുൾപൊട്ടലും നിമിത്തം സംജാതമായ ഗുരുതര സ്ഥിതിവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ഒക്ടോബർ 20-ാം തീയതി സഭ യോഗം ചേർന്ന് അന്നത്തേയും 21, 22 തീയതികളിലേയും സമ്മേളന പരിപാടികൾ ഒഴിവാക്കുകയായിരുന്നു. കൂടാതെ നവംബർ 12-ാം തീയതിയിലെ സമ്മേളനവും ഒഴിവാക്കപ്പെട്ടു.

കേരള നിയമസഭയുടെ കഴിഞ്ഞ കുറെക്കാലത്തെ ചരിത്രം പരിശോധിച്ചാൽ നിയമനിർമ്മാണ കാര്യങ്ങൾക്കുമാത്രമായി ഒരു സമ്മേളനം എല്ലാ വർഷവും ചേരുന്ന ഒരു രീതി നാം അവലംബിച്ചുവന്നിരുന്നുവെന്ന് കാണാമെങ്കിലും പല കാരണങ്ങളാൽ നാമമാത്രമായ ബില്ലുകൾ മാത്രമേ പ്രസ്തുത സമ്മേളനങ്ങളിൽ പാസ്സാക്കാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ അത്തരം സാമ്പ്രദായിക രീതികളിൽനിന്നൊക്കെ വേറിട്ട് ഒരു പുതുചരിത്രം രേഖപ്പെടുത്തുന്ന നിയമനിർമ്മാണ സമ്മേളനമായിരുന്നു മൂന്നാം സമ്മേളനമെന്നത് നമുക്കോരോരുത്തർക്കും അഭിമാനം നൽകുന്നൊരു വസ്തുതയാണ്.

ഈ സമ്മേളന കാലയളവിൽ ആകെ 19 അടിയന്തരപ്രമേയ നോട്ടീസുകളാണ് സഭയുടെ പരിഗണനയ്ക്ക് വന്നത്. ഭരണ-പ്രതിപക്ഷാംഗങ്ങൾ നോട്ടീസ് നൽകിയതും പൊതുപ്രാധാന്യമുള്ളതുമായ 39 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളും 199 സബ്മിഷനുകളും സമ്മേളനകാലത്ത് സഭയുടെ സജീവ പരിഗണനയ്ക്ക് വരികയുണ്ടായി. സംസ്ഥാന സർക്കാരിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഭരണപരമായ നടത്തിപ്പിന്റെ ഭാഗമായുള്ള 478 രേഖകളാണ് ഈ സമ്മേളനകാലത്ത് സഭയുടെ മേശപ്പുറത്ത് വയ്ക്കപ്പെട്ടത്. അതുപോലെ ബില്ലുകളുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിലുള്ള 34 സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടെ വിവിധ നിയമസഭാ കമ്മിറ്റികളുടെ 49 റിപ്പോർട്ടുകളും ഇക്കാലയളവിൽ സഭയിൽ സമർപ്പിക്കപ്പെട്ടു.

നിരവധി തവണ റീ-പ്രൊമൂൽഗേറ്റ് ചെയ്യപ്പെട്ട ഓർഡിനൻസുകൾ ഉൾപ്പെടെ 44 ഓർഡിനൻസുകൾക്ക് പകരമുള്ള നിയമങ്ങൾ സമയബന്ധിതമായി പാസ്സാക്കുകയെന്ന വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് ആരംഭിച്ച ഒരു സമ്മേളനമാകയാൽ പൊതുപ്രാധാന്യമുള്ള ഒട്ടേറെ വിഷയങ്ങൾ സംബന്ധിച്ച ചർച്ചകൾ നടത്തുവാനോ പ്രമേയങ്ങൾ പരിഗണിക്കാനോ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനകൾ നടത്തുവാനോ ഈ സമ്മേളനകാലത്ത് അവസരമുണ്ടായില്ല. 2021-22 വർഷത്തെ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചർച്ചയും വോട്ടെടുപ്പും നടത്തുകയും തുടർന്ന് അതുസംബന്ധിച്ചുള്ള ധനവിനിയോഗ ബിൽ പാസ്സാക്കുകയും ചെയ്തു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി ഒരു വെള്ളിയാഴ്ച മാത്രമാണ് ഈ സമ്മേളന കാലയളവിൽ ലഭ്യമായത്. അന്നേദിവസം 5 പുതിയ ബില്ലുകൾ ഉൾപ്പെടെ ആകെ 8 പ്രൈവറ്റ് മെമ്പർ ബില്ലുകൾ സഭ പരിഗണിക്കുകയും അതിൽ 6 ബില്ലുകൾ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും രണ്ട് ബില്ലുകൾ സഭയിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ പിൻവലിക്കുകയും ചെയ്തു.

മൂന്നാം സമ്മേളനകാലത്ത് ആകെ 20 ദിവസമാണ് ചോദ്യോത്തരവേള ഉണ്ടായിരുന്നത്. പ്രസ്തുത ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്ര ചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ആകെ 7561 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 134 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 57 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 600 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 6770 എണ്ണം നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 7370 ചോദ്യങ്ങൾ അച്ചടിക്കുകയുണ്ടായി. ഇതിൽ നക്ഷത്രചിഹ്നമിട്ട മുഴുവൻ ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6620 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. ഇനിയും ഏതാനും ചോദ്യങ്ങൾക്കുകൂടി മറുപടി ലഭിക്കേണ്ടതുണ്ട്.

ചോദ്യോത്തരവേളകളിൽ 63 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 606 അവസരങ്ങളിലായി 665 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. ഈ സമ്മേളന കാലയളവിൽ അടിയന്തര ചോദ്യത്തിനുള്ള ഒരു നോട്ടീസ് ലഭിക്കുകയും 3-11-2021-ൽ പ്രസ്തുത അടിയന്തര ചോദ്യം അനുവദിക്കുകയും ചെയ്തു.

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലേയും പതിനാലാം കേരള നിയമസഭയുടെ ഒന്നു മുതൽ ഇരുപത്തിരണ്ട് വരെയുള്ള വിവിധ സമ്മേളനങ്ങളിലേയും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നും രണ്ടും മൂന്നും സമ്മേളനങ്ങളിലെയും മറുപടിയോ അന്തിമ മറുപടിയോ ലഭ്യമാക്കാത്ത ചോദ്യങ്ങളിൽ 185 എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരമുള്ള കാലതാമസപത്രിക സഹിതം ഈ സമ്മേളനകാലത്ത് സഭയിൽ സമർപ്പിക്കുകയുണ്ടായി. നക്ഷത്രചിഹ്നമിട്ട 4 ചോദ്യങ്ങളുടെയും നക്ഷത്ര ചിഹ്നമിടാത്ത 14 ചോദ്യങ്ങളുടെയും ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവനകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

ചട്ടപ്രകാരമുള്ള പരിധിക്കുള്ളിൽനിന്നുകൊണ്ടുതന്നെ പരമാവധി ചോദ്യങ്ങൾക്കും മറുപടി നൽകാൻ എല്ലാ മന്ത്രിമാരും പരിശ്രമിച്ചിരുന്നുവെന്നത് ഈ സമ്മേളത്തിൽ വന്ന ഒരു ഗുണപരമായ നേട്ടമായി വിലയിരുത്തുകയാണ്. എന്നിരുന്നാലും ഇനിയും

മറുപടി നൽകാനുള്ള ഏതാനും ചില ചോദ്യങ്ങൾക്കുള്ള പൂർണ്ണമായ മറുപടികൂടി ചട്ടം അനുശാസിക്കുന്നവിധം ലഭ്യമാക്കുവാൻ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ നിയമ നിർമ്മാണ കാര്യത്തിൽ കേരള നിയമസഭയുടെ ഇതുവരെയുള്ള നേട്ടങ്ങളെയൊക്കെ കവച്ചുവയ്ക്കുന്ന തരത്തിലുള്ള ഒരു പ്രകടനമാണ് ഈ സമ്മേളനകാലയളവിൽ നാം കാഴ്ചവച്ചതെന്നത് സഭയ്ക്കൊന്നാകെ അഭിമാനിക്കാവുന്ന കാര്യം തന്നെയാണ്. നിലവിലുള്ള 44 ഓർഡിനൻസുകൾക്ക് പകരമായി നിയമനിർമ്മാണം നടത്തുകയെന്ന അങ്ങേയറ്റം ശ്രമകരമായ ദൗത്യം ഏറ്റെടുത്തുകൊണ്ട് സമാരംഭിച്ച ഈ സമ്മേളനത്തിൽ സാങ്കേതിക കാരണങ്ങളാൽ രണ്ട് ഓർഡിനൻസുകൾ ഒഴിവാക്കപ്പെടുകയും സമാനസ്വഭാവമുള്ള ഏതാനും ഓർഡിനൻസുകൾ ക്ലബ്ബുചെയ്ത് ഒറ്റ ബില്ലായി അവതരിപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആകെ 35 ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളാണ് ഈ സമ്മേളനകാലത്ത് സഭയുടെ പരിഗണനയ്ക്കായി വന്നത്. അതിൽ 34 ബില്ലുകൾ സമ്പൂർണ്ണമായി പാസ്സാക്കുകയും പൊതുപ്രാധാന്യമുള്ള 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ വിശദമായ പരിശോധനയ്ക്കും പൊതുജനങ്ങളിൽനിന്നുള്ള തെളിവെടുപ്പിനുമായി 15 അംഗങ്ങളടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുകയും ചെയ്തു. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ മാത്രമായി 10 ബില്ലുകളാണ് ഈ സമ്മേളനത്തിൽ പാസ്സാക്കിയത്.

ഈ സമ്മേളനത്തിൽ സഭ പരിഗണിച്ച 35 ബില്ലുകൾക്കുമായി ജനറൽ അമെന്റ്മെന്റ് ഉൾപ്പെടെ ആകെ 18934 ഭേദഗതി നോട്ടീസുകളാണ് ലഭ്യമായത്. അവയിൽ 11615 എണ്ണം നോട്ടീസുകളും അംഗങ്ങൾ ബില്ലിന്റെ വകുപ്പുകൾക്ക് നൽകിയ ഭേദഗതി നോട്ടീസുകളായിരുന്നു. ഇതിനുപുറമെ ബഹുമാനപ്പെട്ട മന്ത്രിമാരുടെ 48 ഔദ്യോഗിക ഭേദഗതികളും സഭയിൽ മൂവ് ചെയ്തിരുന്നു. അംഗങ്ങൾ നോട്ടീസ് നല്കിയിരുന്ന 291-ലധികം ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ അതത് ബില്ലിന്റെ പരിഗണനാവേളയിൽ സ്വീകരിച്ചുവെന്നത് ഏറെ സങ്കീർണ്ണമായ നമ്മുടെ നിയമനിർമ്മാണ പ്രക്രിയയുടെ സാംഗത്യത്തെ കൂടുതൽ ഉറപ്പിക്കുന്നുവെന്ന് കാണേണ്ടതാണ്.

മൂന്നാം സമ്മേളന കാലയളവിൽ സമ്മേളന പരിപാടികളിൽ കാര്യമായ തടസ്സങ്ങളൊന്നും സംഭവിച്ചില്ലെന്ന് മാത്രമല്ല, സഭ സമ്മേളിച്ച ആകെ സമയമായ 167 മണിക്കൂറിൽ 101 മണിക്കൂർ 24 മിനിറ്റും നിയമനിർമ്മാണത്തിന് മാത്രമായിട്ടാണ് വിനിയോഗിക്കപ്പെട്ടത്. ബില്ലുകളിന്മേലുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട്

ആകെ 255 പേർ സംസാരിക്കുകയുണ്ടായി. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ചർച്ചയിൽ പങ്കെടുത്ത ഭൂരിഭാഗം അംഗങ്ങളും ബില്ലിന്റെ പരിധിയിൽനിന്ന് സംസാരിക്കാൻ ശ്രദ്ധിച്ചിരുന്നുവെന്നത് വളരെ ഗുണപരമായ ഒരു മാറ്റമായാണ് കാണേണ്ടത്. സഭ പാസ്സാക്കിയ 34 ബില്ലുകളിൽ 30 ബില്ലുകളും ഏകകണ്ഠമായി പാസ്സാക്കിയെന്നതിലൂടെ സംസ്ഥാനത്തിന്റെ പൊതുപ്രാധാന്യമുള്ള വിഷയങ്ങളിൽ കക്ഷി-രാഷ്ട്രീയത്തിനതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെന്ന ഒരു നല്ല മാതൃക സൃഷ്ടിക്കാനും ഈ സമ്മേളനത്തിലൂടെ നമുക്ക് കഴിഞ്ഞു.

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ ബിൽ, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാലാ ബിൽ, 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ എന്നിവ സഭ പാസ്സാക്കിയ സുപ്രധാന നിയമങ്ങളാണ്.

പതിനഞ്ചാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 53 പുതിയ അംഗങ്ങളെ സംബന്ധിച്ച് സഭയുടെ പ്രാരംഭത്തിൽ ഇവിടെ സംഘടിപ്പിക്കപ്പെട്ട പരിശീലന പരിപാടിയുടെ തുടർച്ചയായി സഭാ നടപടിക്രമങ്ങളെയും നിയമനിർമ്മാണത്തിലെ സങ്കീർണ്ണതകളേയും കുറിച്ച് കൂടുതൽ അവബോധം ലഭിക്കുവാൻ ഈ സമ്മേളനം വഴിയൊരുക്കിയെന്നതും ഏറെ ചാരിതാർത്ഥ്യജനകമാണ്.

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം രാജ്യമാകെ ആഘോഷിക്കുന്ന 'ആസാദി കാ അമൃത് മഹോത്സവ്' എന്ന ദേശീയ പരിപാടിയുടെ ഭാഗമായി കേരള നിയമസഭ – KLAMPS-ന്റെ ആഭിമുഖ്യത്തിൽ ഒരു പ്രഭാഷണ പരിപാടിയും സാംസ്കാരിക പരിപാടിയും സമ്മേളന കാലയളവിൽ സംഘടിപ്പിച്ചു. അതുപോലെ കേരളപ്പിറവി ദിനമായ നവംബർ 1-ാം തീയതി മുതൽ 7 ദിവസം കേരള നിയമസഭാ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഒരു പുസ്തക പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

സഭയുടെ മൂന്നാം സമ്മേളന ദിനങ്ങളിൽ ലഭ്യമായ സമയം ഒട്ടുംതന്നെ പാഴാക്കാതെ സുപ്രധാനങ്ങളായ 34 നിയമങ്ങൾ പാസ്സാക്കിയെന്നത് 64 വർഷം പൂർത്തിയാക്കിയ കേരള നിയമസഭയുടെ ചരിത്രത്തിൽ കൂട്ടിച്ചേർക്കപ്പെട്ട തിളക്കമാർന്ന പുതിയൊരു അദ്ധ്യായമാണ്. ലോകവും കാലവും ശ്രദ്ധിച്ച ഒട്ടേറെ നിയമങ്ങൾക്ക് വേദിയായ കേരള നിയമസഭയെ കാലത്തിനുമുമ്പേ നടന്ന ഒരു സഭയെന്ന് പൊതുവെ വിശേഷിപ്പിക്കപ്പെടുന്നത് സാമൂഹിക മാറ്റങ്ങൾക്ക് ചാലകശക്തിയായിത്തീർന്ന നിരവധി നിയമങ്ങൾ നിർമ്മിക്കാൻ ഈ സഭ നടത്തിയ പരിശ്രമത്തിന്റെ കൂടി അടിസ്ഥാനത്തിലാണ്. കോവിഡ് ഭീഷണി തീർത്തും ഒഴിയാതിരുന്ന സാഹചര്യത്തിലും കൂടുതൽ സമയം സഭയിൽ പങ്കെടുത്തുകൊണ്ട് ഈ സമ്മേളന പരിപാടികൾ വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, പ്രതിപക്ഷ ഉപനേതാവ്, മറ്റ് കക്ഷി നേതാക്കൾ, സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണം അങ്ങേയറ്റം മാതൃകാപരമായിരുന്നുവെന്ന് ചെയർ വിലയിരുത്തുന്നു; അതിനുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. അങ്ങേയറ്റം സങ്കീർണ്ണമായ നിയമനിർമ്മാണ പ്രക്രിയയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് തുടക്കം മുതൽ തന്നെ സഹകരിച്ച നിയമ വകുപ്പിലേയും നിയമസഭാ സെക്രട്ടേറിയറ്റിലെയും എല്ലാ ജീവനക്കാർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കാനാവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ വിവിധ വകുപ്പുതലങ്ങളിലെ ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, നിയമസഭാ അംഗങ്ങളുടെ പി.എ.-മാർ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു. ഇനി വരാനിരിക്കുന്ന സഭാ സമ്മേളനങ്ങളും ഇത്തരത്തിൽ സാർത്ഥകമായിത്തീരട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ട് എല്ലാവർക്കും സന്തോഷകരമായ ക്രിസ്തുമസും പുതുവർഷവും ആശംസിക്കുന്നു.

ഓർഡർ.....ഓർഡർ....സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ 15-ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം 2021 നവംബർ മാസം 11-ാം തീയതി ഉച്ചയ്ക്ക് 02.55-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.14757/Table-1/2021/Leg. Thiruvananthapuram,

12th November, 2021.

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Third Session of the Fifteenth Kerala Legislative Assembly with effect from November 11, 2021 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം 2021 നവംബർ 11-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

S.V. UNNIKRISHNAN NAIR

Secretary, Legislative Assembly

# അനുബന്ധം - 1

1(*571)-ാം നമ്പർ ചോദ്യത്തിന്റെ 'എ' പിരിവിനുള്ള അനുബന്ധം

| ജില്ലയുടെ പേര് | കൃഷിയുടെ വിസ്തൃതി (ഹെ.) | കർഷകരുടെ എണ്ണം | കണക്കാക്കിയ നഷ്ടം (തുക ലക്ഷത്തിൽ ) |
|---|---|---|---|
| ആലപ്പുഴ | 1,648.56 | 11,049 | 1,946.98 |
| ഇടുക്കി | 245.48 | 4,888 | 834.16 |
| പാലക്കാട് | 1,589.00 | 3,689 | 2,403.72 |
| കണ്ണൂർ | 96.02 | 938 | 190.36 |
| കൊല്ലം | 392.69 | 6,163 | 2,233.23 |
| എറണാകുളം | 1,845.26 | 6,258 | 1,926.24 |
| വയനാട് | 2.06 | 19 | 11.90 |
| തിരുവനന്തപുരം | 557.43 | 5,028 | 1,393.87 |
| തൃശ്ശൂർ | 11,967.83 | 6,779 | 3,132.23 |
| കാസർഗോഡ് | 52.32 | 337 | 77.38 |
| കോഴിക്കോട് | 50.30 | 1,825 | 284.35 |
| മലപ്പുറം | 618.04 | 1,773 | 713.07 |
| കോട്ടയം | 2,223.64 | 9,208 | 4,534.44 |
| പത്തനംതിട്ട | 652.92 | 8,368 | 1,948.39 |
| ആകെ | 21,941.55 | 66,322 | 21,630.3 |

# അനുബന്ധം - 2

## തിരുത്തിയ ഉത്തരം

## മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ

(*529) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന പ്രളയ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച ആശങ്ക കേന്ദ്ര സർക്കാരിനെയും സുപ്രീം കോടതിയെയും ബോധ്യപ്പെടുത്തി പരിഹാരമാർഗ്ഗം തേടാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തൊക്കെ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) നിലവിലുള്ള അണക്കെട്ടിന് പകരം 366 അടി താഴെയായി പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് സുപ്രീം കോടതിയുടെ നിലപാട് അറിയിക്കുമോ?

ഉത്തരം

(എ&ബി) മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രമേയങ്ങൾക്ക് അനുസൃതമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിനുപകരം പുതിയ ഡാം പണികഴിപ്പിക്കണമെന്ന കേരളത്തിന്റെ വ്യക്തമായ നിലപാട് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ അറിയിച്ചിട്ടുമുണ്ട്. 2021 ഒക്ടോബർ 18-ന് ജലനിരപ്പ് 133.45 അടിയായി ഉയർന്നപ്പോൾ സംസ്ഥാന ചീഫ് സെക്രട്ടറി ഈ വിഷയം തമിഴ്നാട് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കേന്ദ്രജലവിഭവ വകുപ്പ് സെക്രട്ടറിക്ക് ഒക്ടോബർ 23-ാം തീയതി സംസ്ഥാന ചീഫ് സെക്രട്ടറി കത്തയക്കുകയുണ്ടായി. പ്രസ്തുത കത്തിൽ തമിഴ്നാട് പരമാവധി ജലം വൈഗൈ ഡാമിലേയ്ക്ക് കൊണ്ടുപോകണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. സുപ്രീംകോടതി വിധിപ്രകാരമുള്ള ജലനിരപ്പ് നിലനിർത്തുകയും അധിക ജലം ക്രമാനുഗതമായി കേരളത്തെ അറിയിച്ചശേഷം മാത്രം തുറന്നുവിടാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ ഒക്ടോബർ 18-ന് തന്നെ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വിശദമായ കത്ത് മുല്ലപ്പെരിയാർ മേൽനോട്ടസമിതി ചെയർമാനും കേന്ദ്ര ജലവിഭവ

വകുപ്പുസെക്രട്ടറിക്കും തമിഴ്നാട് ചീഫ് സെക്രട്ടറി, തമിഴ്നാട് പൊതുമരാമത്ത് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർക്കും നൽകിയിട്ടുണ്ട്. അതിനുശേഷം ഒക്ടോബർ 24-ന് കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും (അനുബന്ധമായി* ചേർക്കുന്നു) തമിഴ്നാട് മുഖ്യമന്ത്രി മറുപടിയായി (അനുബന്ധം+) രണ്ടു സംസ്ഥാനങ്ങളുടെയും താൽപ്പര്യം സംരക്ഷിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ കേരളം ഫയൽ ചെയ്ത നോട്ടുകളിൽ തമിഴ്നാട് വൈഗൈ ഡാമിലേയ്ക്ക് പരമാവധി ശേഷി ജലം (2735 Cusecs) കൊണ്ടുപോകണമെന്ന് ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. ഡാമിലെ ജലനിരപ്പ് 136 അടിയിൽനിന്നും 142 അടിയായി ഉയർന്നാലുള്ള അപകടസാധ്യത കേരളം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 136 അടിക്ക് മുകളിൽ ഉയരുന്ന ഓരോ ജലനിരപ്പും ഡാമിന് നൽകുന്ന മർദ്ദം ക്രമാനുഗതമായ ഒന്നല്ല എന്ന വസ്തുതയും കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ വ്യക്തമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാർ മേൽനോട്ട സമിതി മുമ്പാകെ തമിഴ്നാട് സർക്കാർ സമർപ്പിച്ച റൂൾ കർവിനെപ്പറ്റിയുള്ള വിയോജിപ്പും കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ വ്യക്തമാക്കിയിട്ടുണ്ട്.

ഒക്ടോബർ 2021-ന് തുലാവർഷത്തിന് മുമ്പ് ലഭിച്ച അതിതീവ്ര മഴ കാരണം ഒക്ടോബർ 29 മുതൽ മുല്ലപ്പെരിയാർ ഡാമിന്റെ ഷട്ടറുകൾ ഉയർത്തി അധികജലം ഒഴുക്കി വിടേണ്ടിവന്നിട്ടുണ്ട്. വ്യക്തമായ മുന്നറിയിപ്പോടുകൂടി നിയന്ത്രിത അളവിലാണ് അധികജലം ഒഴുക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാർ സ്വീകരിച്ച മുൻകരുതൽ നടപടികൾ കാരണമാണ് ഇത് സാധ്യമായത്. 29-10-2021 മുതൽ പുറത്തേക്ക് ഒഴുക്കിയ ജലത്തിന്റെ അളവ് ഇപ്രകാരമാണ്.

| തീയതി | ഒഴുക്കിവിട്ട ജലത്തിന്റെ അളവ് (Cusecs Per Second) |
|---|---|
| 29-10-21 | രാവിലെ 7.30 ന് 538 ക്യൂസെക്സ് അളവിലും രാത്രി 9 മണിക്ക് 823 ക്യൂസെക്സ് അളവിലും അധിക ജലം പുറത്തേക്ക് ഒഴുക്കി. |
| 30-10-21 | രാവിലെ 11 മണിക്ക് 1675 ക്യൂസെക്സ് അളവിലും വൈകിട്ട് 4 മണിക്ക് 2974 ക്യൂസെക്സ് അളവിലും അധിക ജലം പുറത്തേക്ക് ഒഴുക്കി. |
| 31-10-21 മുതൽ 2-11-21 വരെ | 1014 ക്യൂസെക്സ് വീതം അധിക ജലം പുറത്തേക്ക് ഒഴുക്കി. |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അസ്സൽ അന്യായം 03/2006-ന്മേൽ 7-5-2014-ലെ വിധിന്യായപ്രകാരം മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ, കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച കേരളത്തിന്റെ നിലപാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

മുല്ലപ്പെരിയാർ പ്രശ്നത്തിൽ തമിഴ്നാട് ഫയൽ ചെയ്ത അസ്സൽ അന്യായം 3/2006 കേസ്സിൽ 7-5-2014-ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി കൽപ്പിക്കുകയുണ്ടായി. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിച്ച് നൽകാൻ തയ്യാറാകണമെന്ന കേരളത്തിന്റെ ആവശ്യം ബഹുമാനപ്പെട്ട സുപ്രീംകോടതി പരിഗണിക്കുകയും ചെയ്തു. പ്രസ്തുത വിധിയിൽ പുതിയ ഡാം നിർമ്മിക്കുന്നതിനായി ഇരു സംസ്ഥാനങ്ങളുടെ സമ്മതം ആവശ്യമാണെന്നും പുതിയ ഡാം നിർമ്മിക്കാമെന്ന കേരളത്തിന്റെ ആവശ്യം തമിഴ്നാടിനുമേൽ അടിച്ചേൽപ്പിക്കാനാവില്ലെന്നും ബഹുമാനപ്പെട്ട കോടതി നിരീക്ഷിച്ചു. അപ്രകാരം പുതിയ ഡാം നിർമ്മിക്കുന്നതിന് തമിഴ്നാടിന്റെ സമ്മതം നേടിയെടുക്കുന്നതിന്റെ ആദ്യ നടപടിയെന്ന നിലയിൽ കേന്ദ്ര വനം വകുപ്പിന്റെ അനുമതിയോടുകൂടി പരിസ്ഥിതി ആഘാത പഠനം പൂർത്തിയായിവരുന്നു.

# അനുബന്ധം - 3

## സബ്മിഷനുകളുടെ മറുപടി

(1) പഞ്ചായത്തുകൾക്ക് അനുവദിക്കാവുന്ന തുകയുടെ പരിധി ഉയർത്തുന്നത് സംബന്ധിച്ച് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

10-1-2000-ലെ 4676/പി3/99/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പെറ്റി വർക്കുകൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കാവുന്ന തുകയുടെ പരിധി 10,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. മേൽ പരിധി ഉയർത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

എന്നാൽ ബഹുമാനപ്പെട്ട അംഗം സബ്മിഷനിൽ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തര പ്രവൃത്തി നടത്താനുള്ള ആവശ്യകതയെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്തിരാജ് ആക്ടിലെ 156-ാം വകുപ്പ് 5-ാം ഉപവകുപ്പ് പ്രകാരം പ്രസിഡന്റിന്, അടിയന്തര സാഹചര്യത്തിൽ, പഞ്ചായത്തിന്റെ അനുമതി ആവശ്യമുള്ളതും തന്റെ അഭിപ്രായത്തിൽ പൊതുജനങ്ങളുടെ രക്ഷയ്ക്ക് ഉടനടി ആവശ്യമായിട്ടുള്ളതുമായ ഏതെങ്കിലും പണി നടത്തുന്നതിനോ പ്രവൃത്തി ചെയ്യുന്നതിനോ ഉള്ള ചെലവുകൾ പഞ്ചായത്തിന്റെ ഫണ്ടിൽനിന്നും നൽകേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്. എന്നാൽ ഏതെങ്കിലും പണി നടത്തുന്നതോ ഏതെങ്കിലും പ്രത്യേകം പ്രവൃത്തി ചെയ്യുന്നതോ നിരോധിക്കുന്ന പഞ്ചായത്തിന്റെ ഏതെങ്കിലും തീരുമാനം ലംഘിച്ചുകൊണ്ട് ഈ ഉപവകുപ്പ് പ്രകാരം പ്രവർത്തിക്കാൻ പാടില്ലാത്തതും ഈ ഉപവകുപ്പിൻ കീഴിൽ എടുത്ത നടപടിയും അതിനുള്ള കാരണവും പഞ്ചായത്തിലേയ്ക്ക് അതിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും അംഗീകാരം വാങ്ങേണ്ടതും ആകുന്നു. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 8 ക്ലിപ്തനിബന്ധന പ്രകാരം 156-ാം വകുപ്പ് 5-ാം ഉപവകുപ്പ് പ്രകാരം നടത്തേണ്ടിവരുന്ന അടിയന്തര സ്വഭാവമുള്ള പൊതുമരാമത്ത് പണികൾക്ക് ടെൻഡർ നിർബന്ധമല്ലാത്തതും അത്തരം പണികൾ ഷോർട്ട് നോട്ടീസ് ക്വട്ടേഷൻ മുഖേനയോ പഞ്ചായത്തിന് നേരിട്ടോ നടത്താവുന്നതുമാണ്. ആവശ്യമായ അടിയന്തര പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഇപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

(2) വെള്ളക്കെട്ട് ഒഴിവാക്കുന്നത് സംബന്ധിച്ച് ശ്രീമതി ദെലീമ, എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

10 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ ഉൾപ്പെടുന്ന നിയോജകമണ്ഡലമാണ് അരൂർ. 1994-ലെ കേരള പഞ്ചായത്തീരാജ് നിയമം വകുപ്പ് 218 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ എല്ലാ പൊതു ജലമാർഗ്ഗങ്ങളും നദികളുടെ തടങ്ങളും തീരങ്ങളും ചെറുപുഴകളും കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ നീരുറവകളും ജല സംഭരണികളും അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യവസ്തുവല്ലാത്ത ഏതെങ്കിലും ഭൂമിയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമല്ലാത്ത കായലുകളും തോടുകളും മറ്റും ജലവിഭവ വകുപ്പിൽ നിക്ഷിപ്തമാണ്.

പലപ്പോഴും വെള്ളപ്പൊക്കത്തിന്റെയും പ്രളയജലത്തിന്റെയും ഭാഗമായി കായലുകളിലും തോടുകളിലും മണ്ണും ചെളിയും അടിഞ്ഞുകൂടാറുണ്ട്. കൂടാതെ പുഴകളും തോടുകളും കനാലുകളും കയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾമൂലവും മാലിന്യങ്ങൾ തള്ളുന്നതുമൂലവും ജലാശയങ്ങളുടെ സ്വതസിദ്ധമായ വീതി കുറയുകയും അവയുടെ ഒഴുക്ക് തടസ്സപ്പെടുകയും ചെയ്യുന്നുണ്ട്. പുഴകളുടെയും തോടുകളുടെയും കനാലുകളുടെയും തീരങ്ങൾ കയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് പ്രവർത്തനങ്ങളും 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിന്റെ ഫലമായുണ്ടായ നാശനഷ്ടങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കാൻ കാരണമായിട്ടുമുണ്ട്. വെള്ളപ്പൊക്കത്തെത്തുടർന്നും നടപടികളുടെ ഭാഗമായും ഏറെ കയ്യേറ്റങ്ങൾ ഒഴിവായിട്ടുണ്ടെങ്കിലും ആയത് വീണ്ടും കയ്യേറി ഭൂമി കയ്യേറ്റം തടയുന്നതിനും നിർമ്മാണപ്രവർത്തനങ്ങളും മറ്റും നടത്തുന്നതൊഴിവാക്കാനും കൈമാറിക്കിട്ടിയവ ഉൾപ്പെടെയുള്ള ആസ്തികൾ സംരക്ഷിക്കുന്നതിനും ആവശ്യമായ തുടർ മാർഗ്ഗനിർദ്ദേശങ്ങൾ 8-11-2018-ലെ C2-15471/18 നമ്പറായി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ജലമാർഗ്ഗങ്ങളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും ആവശ്യമായ ഒരു പ്രത്യേക സമിതി രൂപീകരിക്കുന്നതിന്റെ ആവശ്യകതയാണ് പ്രമേയാവതാരക ഉന്നയിച്ചിട്ടുള്ളത്. എന്നാൽ ഈ ചുമതല ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾ ക്രിയാത്മകമായി ഇടപെട്ട് നടപടി സ്വീകരിക്കുന്നുണ്ട്. ജനകീയ പങ്കാളിത്തത്തോടെ ഹരിത കേരള മിഷന്റെകൂടി ഭാഗമായും ഇത്തരം ഏറെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. ഇതുവഴി നൂറ് കണക്കിന് ജലമാർഗ്ഗങ്ങൾ ജനകീയ പങ്കാളിത്തത്തോടെ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ആയതുകൊണ്ട് പ്രത്യേക സമിതി രൂപീകരിക്കുന്നതിന്റെ ആവശ്യകത ഉണ്ടെന്ന് കാണുന്നില്ല.

(3) <u>പുതിയ താലൂക്ക് രൂപീകരണം സംബന്ധിച്ച് ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി.</u>

തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം കേന്ദ്രമായി ഒരു പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം ന്യായവും അടിയന്തര പ്രാധാന്യം അർഹിക്കുന്നതുമാണ്. തിരുവനന്തപുരം താലൂക്കിൽ നിലവിൽ 31 വില്ലേജുകളാണുള്ളത്. തിരുവനന്തപുരം നഗരസഭ പൂർണ്ണമായും മംഗലപുരം, പോത്തൻകോട്, കഠിനംകുളം, അണ്ടൂർകോണം, കല്ലിയൂർ, വെങ്ങാനൂർ എന്നീ പഞ്ചായത്തുകളിലുമാണ് തിരുവനന്തപുരം താലൂക്കിന്റെ പ്രവർത്തന പരിധി. തിരുവനന്തപുരം താലൂക്കിന്റെ ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം 1178092 ആണ്. ആയത് നിലവിൽ പതിനാല് ലക്ഷത്തിലധികം വരുമെന്ന് കണക്കാക്കുന്നു. നിലവിൽ 31 വില്ലേജുകളിലായുള്ള പതിനാല് ലക്ഷത്തോളം വരുന്ന ജനങ്ങളുടെ വിവിധങ്ങളായ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഗണിക്കുന്നതിനോ അവ പരിഹരിക്കുന്നതിനോ നിലവിലെ ഓഫീസ് സംവിധാനം തികച്ചും പര്യാപ്തമല്ലെന്ന് മനസ്സിലാക്കുന്നു. തലസ്ഥാന നഗരമെന്ന നിലയിൽ ഏറ്റവും കൂടുതൽ ജനങ്ങൾ അധിവസിക്കുന്ന സ്ഥലമാണ് തിരുവനന്തപുരം.

അപ്രകാരം ജനസംഖ്യ വർദ്ധിക്കുമ്പോഴും തിരുവനന്തപുരം താലൂക്കിലെ അധികാര പരിധി ഉദ്ദേശം 300 ചതുരശ്ര കി.മീ. ആയി തുടരുന്നത് ഭരണ സൗകര്യത്തിന് തികച്ചും വിഘാതമാണ്. ആയതുമൂലം പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിൽ പലപ്പോഴും കാലതാമസം നേരിടുന്നുണ്ട്. തിരുവനന്തപുരം താലൂക്കിന്റെ അങ്ങേയറ്റത്തുള്ള ജനങ്ങൾക്ക് തിരുവനന്തപുരം - താലൂക്ക് കാര്യാലയത്തിൽ എത്തിച്ചേരുന്നതിനായി ഒരു ഭാഗത്ത് 28 കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ടിവരുന്നുണ്ട്. തിരുവനന്തപുരം താലൂക്കിൽ ഭൂരേഖാ വിഭാഗത്തിൽ മാത്രം നിലവിൽ വസ്തു സംബന്ധമായ 12000-ത്തിലധികം ഫയലുകളാണ് തീർപ്പുകൽപ്പിക്കാൻ ബാക്കിയുള്ളത്. തിരുവനന്തപുരം താലൂക്ക് വിഭജിക്കുന്നപക്ഷം ഇത്തരത്തിലുള്ള വിഷയങ്ങൾ പരിഹരിച്ച് ജോലിഭാരം ലഘൂകരിക്കാനും പൊതുജനത്തിന് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും സാധിക്കും.

തിരുവനന്തപുരം താലൂക്കിൽ നിന്ന് 16 കി.മീറ്റർ മാറി സ്ഥിതിചെയ്യുന്ന ഐടി നഗരമാണ് കഴക്കൂട്ടം. അതിവേഗം വളർന്ന് വികസിച്ച് നഗരത്തോട് കിടപിടിക്കുന്ന ആധുനിക സൗകര്യങ്ങളോടുകൂടി വളരുകയാണ് കഴക്കൂട്ടം. നിലവിലെ തിരുവനന്തപുരം താലൂക്കിലെ ഭാഗങ്ങളായ കഠിനംകുളം, മേനംകുളം, ആയിരൂപ്പാറ, വെയിലൂർ, മേൽതോന്നക്കൽ, കീഴ് തോന്നക്കൽ, പള്ളിപ്പുറം, അണ്ടൂർകോണം, ഉഴിയായിതുറ, കഴക്കൂട്ടം, ആറ്റിപ്ര, ചെറുവക്കൽ, പാങ്ങപ്പാറ, ഉള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുത്തി കഴക്കൂട്ടം ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട വിഷയത്തിൽ ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. നയപരമായ പ്രശ്നവും ഇക്കാര്യത്തിലുണ്ടെന്ന് അങ്ങേയ്ക്കറിയാം. ടീമിന്റെ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കും നയപരമായ തീരുമാനം വരുന്ന മുറയ്ക്കും താലൂക്ക് രൂപീകരണ കാര്യത്തിൽ തുടർ നടപടികൾ ആലോചിക്കുന്നതാണ്.

(4) <u>സർവ്വേ, റീ-സർവ്വേ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, താമരശ്ശേരി എന്നീ താലൂക്കുകളിലായി ഉൾപ്പെട്ടുവരുന്ന തിരുവമ്പാടി നിയമസഭാ നിയോജക മണ്ഡലത്തിൽ താമരശ്ശേരി താലൂക്കിലെ പുതുപ്പാടി, ഈങ്ങാപ്പുഴ, കോടഞ്ചേരി, നെല്ലിപൊയിൽ, തിരുവമ്പാടി, കൂടരഞ്ഞി, കൂടത്തായ് (ഭാഗികം) എന്നിങ്ങനെ വില്ലേജുകളും കോഴിക്കോട് താലൂക്കിലെ നീലേശ്വരം (ഭാഗികം) താഴെക്കോട്, കുമാരനെല്ലൂർ, കക്കാട്, കൊടിയത്തൂർ എന്നീ പന്ത്രണ്ട് വില്ലേജുകളുമാണ് ഉൾപ്പെട്ടുവരുന്നത്. പ്രസ്തുത പന്ത്രണ്ട് വില്ലേജുകളുടേയും റീ-സർവ്വേ ജോലികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലാത്തതും ഇവയിൽ ഏഴ് വില്ലേജുകൾ അൺ സർവേയ്ഡ് വില്ലേജുകളുമാണ്. കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേനയുള്ള സേവനം സാധ്യമാകുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടേയും ഡിജിറ്റൽ സർവ്വേ മാപ്പുകൾ ആവശ്യമായ സാഹചര്യത്തിൽ ഡിജിറ്റൽ റിക്കോർഡുകൾ ലഭ്യമായിട്ടുള്ള 89 വില്ലേജുകളിലും നിലവിൽ ഡിജിറ്റൽ സർവ്വേ ജോലികൾ പുരോഗതിയിലുള്ള 27 വില്ലേജുകളിലും ശേഷിക്കുന്ന 1550 വില്ലേജുകളിലും നൂതന സർവ്വേ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, ETS എന്നിവ നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 807.98 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും നാല് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന ടി പദ്ധതിയുടെ ആദ്യ ഘട്ടത്തിനായി 339.438 കോടി രൂപ അനുവദിച്ചിട്ടുള്ളതും ഇതുപ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

അൺ സർവേയ്ഡ് വില്ലേജുകൾ, നാളിതുവരെ റീസർവ്വേ പൂർത്തിയാകാത്ത വില്ലേജുകൾ എന്നിവയ്ക്ക് മുൻഗണന നൽകി സംസ്ഥാനത്തിന്റെ ഡിജിറ്റൽ റീസർവ്വേ പൂർത്തിയാക്കുന്നതിനാണ് നിലവിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വേ നടപടികളിൽ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സർവ്വേ നടപടികളിൽ വരുത്തേണ്ട നിയമ ഭേദഗതികളും തയ്യാറാക്കുന്ന ജോലികൾ അന്തിമ ഘട്ടത്തിലാണ്. സർവ്വേ ജോലികൾക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വില്ലേജുകൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ എല്ലാ വില്ലേജുകളുടേയും ഡിജിറ്റൽ റീസർവ്വേ ജോലികൾ ജനപിന്തുണയോടെയും സമയബന്ധിതമായും പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് ആരംഭിച്ചിട്ടുള്ളത്. ടി ജോലികൾ സുഗമമായും വേഗത്തിലും നടത്തുന്നതിന് ക്യാമ്പ് ഓഫീസുകൾ, വാഹനങ്ങൾ എന്നിവ ആവശ്യമാണെങ്കിൽ ഇതിന് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയും ആവശ്യമായ ജീവനക്കാരെ നിയോഗിച്ചും തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ ജോലികൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയതു പ്രകാരം ആരംഭിക്കുവാൻ കഴിയുന്നതാണ്. നാല് വർഷക്കാലംകൊണ്ട് പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഈ പ്രദേശത്തെ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(5) <u>പുറമ്പോക്ക് സ്ഥലം ട്രഷറി വകുപ്പിന് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് ശ്രീമതി യു. പ്രതിഭ, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

കാർത്തികപ്പള്ളി താലൂക്കിൽ കായംകുളം വില്ലേജിൽ നിലവിൽ കായംകുളം സബ് ട്രഷറി പ്രവർത്തിക്കുന്ന സ്ഥലത്തോട് ചേർന്ന് കിടക്കുന്ന പത്ത് സെന്റ് ഭൂമി റവന്യൂ വകുപ്പിന്റെ അധീനതയിലാണ്. പ്രസ്തുത ഭൂമിയിലാണ് മുമ്പ് കോടതി പ്രവർത്തിച്ചുവന്നിരുന്നത്.

കായംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 79-ൽ റീ-സർവ്വേ നമ്പർ പതിനൊന്നിൽപ്പെട്ട പ്രസ്തുത ഭൂമിയോട് ചേർന്നുള്ള 12 സെന്റ് ഭൂമിയിലാണ് കായംകുളം സബ് ട്രഷറി ഓഫീസ് പ്രവർത്തിച്ചുവരുന്നത്. സബ് ട്രഷറിയോട് ചേർന്നുള്ള പത്ത് സെന്റ് ഭൂമികൂടി ട്രഷറി വകുപ്പിന് കൈമാറുകയാണെങ്കിൽ കായംകുളം സബ് ട്രഷറി ഓഫീസിന്റെ വിപുലീകരണം സാധ്യമാകും.

ടി സാഹചര്യത്തിൽ കാർത്തികപ്പള്ളി താലൂക്കിൽ കായംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 79-ൽ റീ-സർവ്വേ പതിനൊന്നിൽപ്പെട്ട പത്ത് സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കൈമാറി നൽകുന്നതിനുള്ള നടപടികൾ ആർ.ഡി.ഒ. സ്വീകരിച്ചു വരികയാണ്. ഭൂമി കൈമാറ്റ നടപടികൾ ആർ.ഡി.ഒ. പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമപ്രകാരം ജില്ലാ കളക്ടർതന്നെ ഭൂമി കൈമാറി നൽകുന്നതാണ്.

(6) <u>പുലി ആക്രമണം സംബന്ധിച്ച് ശ്രീ. ആന്റണി ജോൺ, എം.എൽ.എ.-യുടെ സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

മലയാറ്റൂർ വനം ഡിവിഷനിലെ കോടനാട് റെയ്ഞ്ചിന് കീഴിലെ മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ പ്ലാമുടിയിലും സമീപപ്രദേശങ്ങളിലും കഴിഞ്ഞ ഏതാനും ദിവസങ്ങളായി പുലിയുടെ ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾ രൂക്ഷമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പുലിയുടെ ആക്രമണത്തിൽ നിരവധി വളർത്തുമൃഗങ്ങൾ കൊല്ലപ്പെട്ടതും പരിക്ക് പറ്റിയതും ഒരു വീട്ടമ്മയ്ക്ക് പരിക്കേറ്റതുമായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോതമംഗലം മണ്ഡലത്തിലെ കോട്ടപ്പടി, വേങ്ങൂർ പഞ്ചായത്തുകളിൽപ്പെടുന്നവയാണ് പ്രസ്തുത പ്രദേശങ്ങൾ. സംഭവസ്ഥലങ്ങളിൽ നടത്തിയ പരിശോധനയിൽ പുലിയുടെ കാൽപ്പാടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വനം വകുപ്പ് ജീവനക്കാർ രാപ്പകൽ വ്യത്യാസമില്ലാതെ പ്രദേശത്ത് പട്രോളിംഗും നിരന്തര പരിശോധനകളും നടത്തിവരുന്നു. വിവിധ പ്രദേശങ്ങളിലായി 5 ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നു.

2. പുലിയെ കണ്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ പ്രദേശങ്ങളിലായി പുലിയെ പിടികൂടുന്നതിനായി നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി (എൻ.ടി.സി.എ.)-യുടെ "Standard Operating Procedures അനുസരിച്ച് നാല് കൂടുകൾ സ്ഥാപിച്ച് പുലിയെ പിടികൂടുന്നതിനുള്ള പരിശ്രമങ്ങൾ നടത്തിവരുന്നു.

3. പുലിയെ കണ്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ട പ്രദേശങ്ങളിൽ 11-11-2021-ൽ പൊതുജനങ്ങളുടെ സഹകരണത്തോടെ വ്യാപകമായ കോമ്പിംഗ് ഓപ്പറേഷൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(7) മോഡൽ റസിഡൻഷ്യൽ സ്കൂളിന്റേയും സ്പോർട്സ് അക്കാദമിയുടെയും പ്രവർത്തനം സംബന്ധിച്ച് ശ്രീ. ടി. പി. രാമകൃഷ്ണൻ, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ വില്ലേജിൽ റവന്യൂ വകുപ്പിൽ നിന്നും താൽക്കാലികമായി വിട്ടുകിട്ടിയ 9 ഏക്കർ സ്ഥലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ കിഫ്ബിവഴി നിർമ്മിക്കുന്നതിന് 21-10-2016-ലെ സ.ഉ.(സാധാ)നമ്പർ 1563/2016 പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും അതിൻപ്രകാരം നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ച 16.48 കോടി രൂപയുടെ പ്ലാനും, എസ്റ്റിമേറ്റും കിഫ്ബി അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ റവന്യൂ വകുപ്പ് ആദ്യം അനുവദിക്കാമെന്നറിയിച്ചിരുന്ന 9 ഏക്കർ സ്ഥലത്തുനിന്നും 29-10-2019-ലെ സ.ഉ.(എം.എസ്.)നമ്പർ 327/2019/റവ ഉത്തരവുപ്രകാരം 4 ഏക്കർ സ്ഥലം ഐ.ടി.ഐ. നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് തിരിച്ചെടുക്കുകയും പകരം 5 ഏക്കർ സ്ഥലം മാത്രം പിന്നീട് വകുപ്പിന് അനുവദിക്കുകയും ചെയ്തു.

റവന്യൂ വകുപ്പ് അനുവദിച്ച 5 ഏക്കർ സ്ഥലത്തിനെ അടിസ്ഥാനമാക്കി നിർദ്ദിഷ്ട പ്ലാനിലും എസ്റ്റിമേറ്റിലും മാറ്റം വരുത്തേണ്ടി വരികയുണ്ടായി. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കുകയും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയും ചെയ്ത 16.48 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റും പ്ലാനും പരിശോധിച്ച് പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(8) കമ്മ്യൂണിറ്റി കോളേജ് കെട്ടിട നിർമ്മാണം സംബന്ധിച്ച് ശ്രീ. പി. പി. സുമോദ്, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ ഒരു കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്നതിന് 12-5-2011-ൽ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ 7,74,00,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ട് 14-8-2017-ലെ സ.ഉ. (സാധാ) നമ്പർ 200/2017 പ.ജ.പ.വ.വി.വ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. മേൽതുക ചെലവഴിക്കുന്നതിന് അനുമതി നൽകിയ ഹെഡ് ഓഫ് അക്കൗണ്ട്

ക്യാപ്പിറ്റൽ ഹെഡ്ഡായതിനാൽ പൊതുമരാമത്ത് വകുപ്പിന് മാത്രമേ പ്രസ്തുത ശീർഷകത്തിൽനിന്നും തുക ചെലവഴിക്കാൻ കഴിയുകയുള്ളൂ. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കെട്ടിട നിർമ്മാണ ചുമതല ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ഫസ്റ്റ് പാർട്ട് ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആകെ 51,18,369 രൂപ വകുപ്പിൽ നിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സെക്കൻഡ് പാർട്ട് ബിൽ 9-9-2020-ൽ സമർപ്പിക്കുകയും ടി തുക മാറുന്നതിനായി വകുപ്പിൽനിന്നും 18-2-2021-ൽ പാലക്കാട് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെ പാർട്ട് ബില്ലിന് ലെറ്റർ ഓഫ് ക്രെഡിറ്റിനായി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിട നിർമ്മാണ ജോലി 35% മാത്രമാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധി കാരണം 25-2-2021 മുതൽ കരാറുകാരൻ നിർമ്മാണ പ്രവൃത്തി നിർത്തിവച്ച സാഹചര്യവുമാണ് നിലവിലുള്ളത്. സർക്കാരിൽനിന്നും ലഭ്യമാക്കേണ്ട അനുമതികൾ അടിയന്തരമായി ലഭ്യമാക്കി കെട്ടിടനിർമ്മാണം പുനരാരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(9) പാലങ്ങളുടെ പുനർ നിർമ്മാണം സംബന്ധിച്ച് ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

പത്തനംതിട്ട ജില്ലയിൽ നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കുരുമ്പൻമൂഴിയിൽ 23-10-2021-ന് പെയ്ത ശക്തമായ മഴയിൽ ഉരുൾപൊട്ടുകയും വീട് വസ്തുവകകൾ എന്നിവയ്ക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രദേശം 3 വശവും കണമല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയാൽ ചുറ്റപ്പെട്ടതും ഒരു വശം പമ്പാനദിയുടെ കരയിലുമാണ്. ഇവിടെ 128 പട്ടികവർഗ്ഗ കുടുംബങ്ങളിലായി 347 പേർ താമസിക്കുന്നുണ്ട്. നിലവിൽ ടി പ്രദേശത്ത് എത്തിപ്പെടുന്നതിന് പമ്പാ നദിക്ക് കുറുകെ ഒരു ക്രോസ് വേ മാത്രമാണുള്ളത്. വർഷകാലങ്ങളിൽ ടി ക്രോസ് വേ നിറഞ്ഞുകവിഞ്ഞ് ഒഴുകാറുണ്ട്. ടി പ്രദേശത്തുണ്ടായ ഉരുൾപൊട്ടൽ 5 കുടുംബങ്ങളെ ബാധിച്ചിട്ടുണ്ട്. ഒരു കുടുംബത്തിന്റെ വീട് പൂർണ്ണമായും വെള്ളം കയറി വീട്ടുസാധനങ്ങൾ നശിക്കുകയും ഒരേക്കർ കൃഷി ഭൂമി പാറക്കല്ലും മരങ്ങൾ കടപുഴകി വീണും നശിച്ചിട്ടുമുണ്ട്. കൂടാതെ 3 ചെറിയ നടപ്പാലങ്ങൾ (രണ്ട് കോൺക്രീറ്റ് പാലവും ഒരു തൂക്കുപാലവും) ഒഴുകി പോയിട്ടുമുണ്ട്.

ടി പ്രദേശത്ത് ഉരുൾപൊട്ടൽ നടന്ന ഉടൻ ദുരന്തബാധിതരെ മാറ്റിപാർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സ്ഥലം സന്ദർശിക്കുകയും മാറ്റി പാർപ്പിച്ചവർക്ക് വകുപ്പുമുഖേന അടിയന്തര സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പ് നാശനഷ്ടങ്ങൾ കണക്കാക്കി ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രദേശത്തെ റോഡുകൾ പൂർണ്ണമായി തകർന്നിട്ടില്ലെങ്കിലും മഴക്കെടുതിയിൽ തകർന്ന ഭാഗങ്ങൾ അറ്റകുറ്റപ്പണി ആവശ്യമായിട്ടുണ്ട്. തകർന്നു പോയ 3 ചെറിയ നടപ്പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് ജില്ലാതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(10) ചവറ നാച്വറൽ ഫൈബർ പാർക്ക് സംബന്ധിച്ച് ഡോ. സുജിത്ത് വിജയൻപിള്ള, എം.എൽ.എ.-യുടെ സബ്മിഷന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

ചവറ വില്ലേജിൽ പ്രവർത്തനരഹിതമായിരുന്ന ചവറ മാറ്റ്സ് & മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 1001-ന്റെ ഉടമസ്ഥതയിലുള്ള 40.49 ആർ സ്ഥലം 2012 ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 30 വർഷത്തേയ്ക്ക് പാട്ടത്തിനെടുത്തതാണ്. 3 കോടി രൂപ ചെലവിലാണ് നാച്വറൽ ഫൈബർ പാർക്ക് സ്ഥാപിച്ചത്. ആയതിന്റെ നിർമ്മാണ ഉദ്ഘാടനം 2013 മാർച്ച് 16-നു നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം 2016 ഫെബ്രുവരി 25 നു ആണ് നടത്തിയത്. പ്രസ്തുത യൂണിറ്റിൽ 2 മീറ്റർ വീതിയുള്ള 2 സെമി ആട്ടോമാറ്റിക് ലൂമുകളും ഒരു സ്പൂളിംഗ് മെഷീനുമാണ് സ്ഥാപിച്ചിട്ടുള്ളത്. ലൂമുകളിൽ 4 വിദഗ്ദ്ധ തൊഴിലാളികൾ ഒരു മൂപ്പന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കയർഫെഡിന്റെ ഷോറൂമുകൾവഴി വില്പ്പനയ്ക്കാവശ്യമുള്ള മാറ്റിംഗുകളാണ് യൂണിറ്റിൽ ഇപ്പോൾ ഉൽപ്പാദിപ്പിച്ചുവരുന്നത്. യൂണിറ്റിൽ സ്ഥാപിച്ചിട്ടുള്ള ലൂമുകളിൽ മാറ്റിംഗ്, വീവിംഗ് ജോലിയിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെയാണ് നിയോഗിച്ചിട്ടുള്ളത്.

യൂണിറ്റ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയിരുന്ന പദ്ധതിയിൽ, പരിസര പ്രദേശങ്ങളായ ചവറ, ചവറ തെക്കുംഭാഗം, പന്മന, തേവലക്കര, നീണ്ടകര എന്നീ 5 പഞ്ചായത്തുകളിൽ പ്രാദേശിക സെന്ററുകൾ ആരംഭിച്ച് കയർ അനുബന്ധ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് പാർക്കിൽ സംഭരിക്കുകയെന്നാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ സ്ഥലലഭ്യതയുടെ അഭാവംമൂലം സബ്സെന്ററുകൾ സ്ഥാപിക്കാനായിട്ടില്ല.

തൊഴിലാളികളെ നിയോഗിച്ച് യൂണിറ്റിൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള മെഷിനറികൾ സുഗമമായി 3 ഷിഫ്റ്റ് പ്രവർത്തിപ്പിക്കുന്ന വിഷയം പരിശോധിച്ച

വരുന്നു. യൂണിറ്റിൽ രണ്ട് ജിയോടെക്സ്റ്റയിൽസ് ലൂമുകളും അനുബന്ധയന്ത്രങ്ങളും സ്ഥാപിക്കുന്നതിന് എൻ.സി.ഡി.സി. അസിസ്റ്റഡ് പദ്ധതികളുടെ ഗണത്തിൽ 78.71 ലക്ഷം രൂപയുടെ ഭരണാനുമതി 4-11-2019-ൽ നൽകിയിരുന്നു. ആയത് സ്ഥാപിക്കുന്നതിന് ഇപ്പോഴത്തെ മെഷിനറികൾ ചെറിയ തോതിൽ പുനർവിന്യസിക്കേണ്ടത് ആവശ്യമാണ്. ഇതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ആളുകൾ തിങ്ങിപ്പാർക്കുന്ന ഇടമായതിനാൽ യൂണിറ്റിൽ കൂടുതൽ മെഷിനറികൾ സ്ഥാപിക്കുക പ്രായോഗികമല്ല. മറ്റിടങ്ങളിൽ സ്ഥലം ലഭിക്കുന്ന പക്ഷം പ്രാദേശിക സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(11) <u>കൃഷി സ്ഥലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും നടപടി ആവശ്യപ്പെട്ട് ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.-യുടെ സബ്മിഷന് കൃഷി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

കൃഷി വകുപ്പിന്റെ പ്രഥമ വിവര റിപ്പോർട്ടനുസരിച്ച് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നെല്ല് ഒഴികെയുള്ള മറ്റ് കാർഷിക വിളകൾക്ക് ഏകദേശം 78 ലക്ഷം രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. 338 കർഷകരുടെ 26 ഹെക്ടർ സ്ഥലത്തെ കൃഷിക്കാണ് നഷ്ടം സംഭവിച്ചിരിക്കുന്നത്. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നെല്ല് പുഞ്ചകൃഷിയായി മാത്രമാണ് ചെയ്തുവരുന്നത്. സാധാരണയായി നവംബർ അവസാനത്തോടെയാണ് കൃഷി ആരംഭിക്കുന്നത്. ഇവിടെ ഒന്നാം വിള നെൽകൃഷി ചെയ്യാറില്ല. ഈ കാരണത്താൽ വെള്ളപ്പൊക്കംമൂലം പാടശേഖരങ്ങളിൽ നെൽകൃഷിക്ക് നാശം സംഭവിച്ചിട്ടില്ല.

തൃക്കൊടിത്താനം, മാടപ്പള്ളി പഞ്ചായത്തുകളിൽ നെൽകൃഷിയില്ല. പായിപ്പാട്, വാഴപ്പള്ളി, കുറിച്ചി, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലായി 2500 ഹെക്ടർ സ്ഥലത്ത് (3390 കർഷകർ) പുഞ്ചകൃഷി ചെയ്തുവരുന്നു. ഒക്ടോബർ മാസത്തിൽ ഈ പാടശേഖരങ്ങളിൽ പുഞ്ചകൃഷിക്കായി നിലമൊരുക്കൽ നടന്നുവരുന്ന സമയത്താണ് വെള്ളപ്പൊക്കമുണ്ടായത്. ഇതിൽ കുറിച്ചി ഗ്രാമപഞ്ചായത്തിലെ പാടങ്ങളിൽ നാശനഷ്ടം ഉണ്ടായിട്ടില്ല. വെള്ളപ്പൊക്കംമൂലം പായിപ്പാട്, വാഴപ്പള്ളി ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ പാടശേഖരങ്ങളിലാണ് നാശനഷ്ടങ്ങൾ ഉണ്ടായത്.

പായിപ്പാട് പഞ്ചായത്തിലെ കാവാലിക്കരി കൊല്ലത്തു ചാത്തൻകരി, കാപ്പോണപ്പുറം, ഊത്തക്കാട്, പൂവത്താർ, ഇട്ടിയാകരി, കരികടുമ്പുകരി, പൂവം, കോമൻകരി, നന്നാട്ടിറമ്പ്, മൂന്നാംവേലി താമരക്കരി, പൂവം 900 വെസ്റ്റ്, തേവങ്കേരി, അറുന്നൂറം, മൂലയിൽ ആലഞ്ചേരി, കൈപ്പുഴയ്ക്കൽ എന്നീ 16

പാടശേഖരങ്ങളിൽ വലിയ തോതിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടെ ഏകദേശം 57 ഏക്കർ സ്ഥലത്ത് പോളയും ചെളിയും മറ്റ് മാലിന്യങ്ങളും അടിഞ്ഞത് നീക്കം ചെയ്തുവരുന്നു. 38 മോട്ടോറുകൾ വെള്ളം കയറി പ്രവർത്തനരഹിതമായി. ഏഴ് പാടങ്ങളിൽ മടവീഴ്ച ഉണ്ടായത് മടകുത്തി ബണ്ട് പുനഃസ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. മൊത്തം 16 ലക്ഷത്തോളം രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു. ഇത് പായിപ്പാട് പഞ്ചായത്തിലെ 915 ഹെക്ടർ സ്ഥലത്തെ 809 കർഷകരെ ബാധിച്ചിട്ടുണ്ട്.

വാഴപ്പള്ളി പഞ്ചായത്തിലെ ഒടേറ്റി നോർത്ത് ഒടേറ്റി സൗത്ത് തൈപ്പറമ്പ്, കടമ്പാടം, പട്ടിത്താനം പുറത്തേരി, രുപ്രം എന്നീ പാടങ്ങളിൽ മടവീഴ്ചമൂലം ഏകദേശം 24 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ ഈര പൊങ്ങാനം പാടത്ത് പ്രാഥമിക കണക്കനുസരിച്ച് 50 മീറ്റർ സ്ഥലത്ത് മടവീഴ്ചമൂലം ഏകദേശം 2 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇത് 28 ഹെക്ടർ സ്ഥലത്തെ 16 കർഷകരെ ബാധിച്ചിട്ടുണ്ട്.

മടവീഴ്ചമൂലവും വെള്ളം കവിഞ്ഞ് കയറിയും ബണ്ടിന് തകരാറുകൾ സംഭവിച്ച ഇടങ്ങളിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മടവീഴ്ച ഉണ്ടായവ മിക്കവയും പണി പൂർത്തീകരിച്ചിട്ടുണ്ട്. പാടങ്ങളിൽ അടിഞ്ഞുകൂടിയ പോളയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്തുവരുന്നു. മടവീഴ്ച, റിംഗ് ബണ്ട് നിർമ്മാണം, മോട്ടോർ പെട്ടി പറ റിപ്പയർ, പോള, ചെളി മുതലായവ നീക്കം ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടർ മുഖേന State Disaster Response Fund (SDRF) ആണ് അനുവദിക്കുന്നത്. ഇതിനായി യഥാസമയം ജില്ലാ കളക്ടർക്ക് പ്രഥമ വിവര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം ജില്ലയിലെ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നവംബർ 15-ന് മുമ്പായി പൂർത്തീകരിച്ച് ക്ലെയിം ജില്ലാ കളക്ടർക്ക് നൽകുന്നതിനായി ബന്ധപ്പെട്ട പാടശേഖര സമിതികൾ, കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

2021-22 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വിത്ത്, വളം, കൂലിച്ചെലവ് സബ്സിഡി, തരിശ് കൃഷി, മോട്ടോർ എന്നീ ഘടകങ്ങളിലായി കുറിച്ചി പഞ്ചായത്തിൽ 53.49 ലക്ഷം രൂപ, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി - 16.5 ലക്ഷം രൂപ, പായിപ്പാട് പഞ്ചായത്തിൽ - 21.10 ലക്ഷം രൂപ, വാഴപ്പള്ളി പഞ്ചായത്തിൽ - 51.40 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതിയിലെ സുസ്ഥിര നെൽകൃഷി

വികസനം, തരിശ് കൃഷി കുമ്മായ വിതരണം, ഓപ്പറേഷണൽ സപ്പോർട്ട് എന്നീ ഘടകങ്ങളിലായി കുറിച്ചി - 27.60 ലക്ഷം, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി-7.43 ലക്ഷം, പായിപ്പാട് - 49.25 ലക്ഷം, വാഴപ്പള്ളി - 40.69 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പുഞ്ചകൃഷി കാലയളവിൽ മേൽ പദ്ധതികളുടെ നിർവ്വഹണം നടത്തുന്നതാണ്. ഇതുകൂടാതെ ഉത്പാദന ബോണസ്, സൗജന്യ വൈദ്യുതി തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നു.

(12) അഴീക്കൽ ഹാർബർ വികസനം സംബന്ധിച്ച് ശ്രീ. കെ. വി. സുമേഷ്, എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ വികസന പദ്ധതിക്കായി 25 കോടി രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. വാർഫ്, ഗ്രൗണ്ട് നവീകരണം, കാന്റീൻ, ടോയ്ലെറ്റ് ബ്ലോക്ക്, വാട്ടർ ടാങ്ക്, കോമ്പൗണ്ട് വാൾ, ബോട്ട് യാർഡിന്റെ നവീകരണം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഡ്രഡ്ജിംഗ്, പാർക്കിംഗ് ഏരിയ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സർവ്വയലൻസ് ക്യാമറ, നിലവിലുള്ള കെട്ടിടങ്ങളുടെയും വാർഫിന്റെയും നവീകരണം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റുകൾ പരിശോധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(13) ബീഡി വ്യവസായ മേഖലയുടെ സംരക്ഷണം സംബന്ധിച്ച് ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

സംസ്ഥാനത്തെ പരമ്പരാഗത മേഖലകളിലൊന്നായ ബീഡി വ്യവസായ മേഖല നിലവിൽ കടുത്ത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വ്യാജ ബീഡിയുടെ വരവും പുകയില ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിൽനിന്നും സമൂഹം പിന്തിരിഞ്ഞതും ഈ മേഖലയെ കടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. കേരളത്തിലെ ബീഡി വ്യവസായം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് കണ്ണൂർ, കാസർഗോഡ് ജില്ലകളിലും കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ചില ഭാഗങ്ങളിലുമാണ്. ബീഡി മേഖലയിലെ പ്രതിസന്ധി കാരണം മുമ്പ് ബീഡി മേഖലയിൽ നിലനിന്നിരുന്ന പല പ്രധാനപ്പെട്ട ബീഡി കമ്പനികളും ഇന്ന് വൈവിധ്യവൽക്കരണത്തിലൂടെ മറ്റ് പല വ്യവസായങ്ങളിലേയ്ക്ക് ചേക്കേറിയിരിക്കുകയാണ്. കണ്ണൂരിലുള്ള സഹകരണ സ്ഥാപനമായ ദിനേശ് ബീഡി ഇതിനേറ്റവും വലിയ ഉദാഹരണമാണ്. എങ്കിലും നിലവിൽ ബീഡി മേഖലയെ ആശ്രയിച്ച് ഉപജീവനം നിർവ്വഹിക്കുന്ന

ആയിരക്കണക്കിന് തൊഴിലാളികളുണ്ട്. ഇത്തരം തൊഴിലാളികളുടെ ഉപജീവനോപാധി ബീഡി തെറുപ്പ് മാത്രമാണ്. ഇത്തരം തൊഴിലാളികളെ സംരക്ഷിക്കുന്നതിനും അവർക്ക് സഹായം നൽകുന്നതിനുമായി ബീഡി & സിഗാർ വർക്കേഴ്സ് വെൽഫെയർ ബോർഡ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

സംസ്ഥാന സർക്കാർ കോവിഡ് കാലഘട്ടത്തിൽ ആയിരം രൂപ വീതം ബീഡി മേഖലയിലെ തൊഴിലാളികൾക്ക് ആശ്വാസ ധനമായി വിതരണം ചെയ്യുകയുണ്ടായി. കൂടാതെ പരമ്പരാഗത മേഖലയിലെ വ്യവസായം എന്ന രീതിയിൽ ബീഡി മേഖലയിലെ തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി ഇൻകം സപ്പോർട്ട് സ്കീം അനുസരിച്ച് 3700 (മൂവായിരത്തി എഴു നൂറ് രൂപ വീതം) നിലവിൽ നൽകി വരികയാണ്.

ബീഡി മേഖലയിലെ പ്രതിസന്ധിക്ക് പ്രധാന കാരണം ഈ മേഖലയിൽ ഏർപ്പെടുത്തിയ ജി.എസ്.ടി.-യാണ്. ബീഡി ഉൽപ്പന്നങ്ങൾക്ക് ഏറ്റവും കൂടിയ ജി.എസ്.ടി. നിരക്ക് 28 ശതമാനം ഏർപ്പെടുത്തിയതു കാരണം പ്രസ്തുത ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുകയും ബീഡി ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്ന ഒരു വലിയ വിഭാഗം ആളുകൾ ഇത്തരം ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിൽനിന്നും വിട്ടു നിൽക്കുകയും ചെയ്യുന്ന പ്രവണതയും കണ്ടുവരുന്നു.

ജി.എസ്.ടി. നിരക്ക് തീരുമാനിക്കുന്നത് കേന്ദ്ര ധനകാര്യ മന്ത്രി അദ്ധ്യക്ഷനും എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ മന്ത്രിമാർ അംഗങ്ങളായിട്ടുള്ള ജി.എസ്.ടി. കൗൺസിലാണ്. അതുകൊണ്ടുതന്നെ സംസ്ഥാനങ്ങൾക്ക് മാത്രമായി ജി.എസ്.ടി. നിരക്കിൽ മാറ്റം വരുത്തുവാൻ കഴിയുന്നതല്ല. സംസ്ഥാനത്തിന് പുറത്തുനിന്ന് നികുതി വെട്ടിച്ച് ബീഡി കൊണ്ടുവരുന്നത് തടയുന്നതിന് സംസ്ഥാന നികുതി വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള നിരവധി കേസുകൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം കണ്ടെത്തുകയും ജി.എസ്.ടി. നിയമ പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പുകയില മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനും തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനുംവേണ്ടി കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം സർക്കാരിന് ഒടുക്കുന്ന വിൽപ്പന നികുതി/ചരക്ക് സേവന നികുതി പ്രവർത്തന മൂലധനമായി ഉപയോഗിക്കുന്നതിനായി സർക്കാർ മടക്കി നൽകാറുണ്ട്.

2016-17 വർഷത്തിൽ 8 കോടി രൂപയും 2017-18 വർഷത്തിൽ 4 കോടി രൂപയും കൂടാതെ 2017-18 സാമ്പത്തിക വർഷം ജി.എസ്.ടി. ഇനത്തിൽ കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്രം സഹകരണ സംഘം സർക്കാരിലേയ്ക്ക്

ഒടുക്കിയ നികുതിയുടെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷം 5 കോടി രൂപ ബീഡി മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിലേയ്ക്ക് മടക്കി നൽകിയിട്ടുണ്ട്.

ബീഡി മേഖലയിലെ പ്രതിസന്ധി കാരണം ബുദ്ധിമുട്ടിലായ തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഇടതു സർക്കാർ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ബീഡി & സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും അവരെ ആശ്രയിച്ച് ജീവിക്കുന്നവർക്കും ആശ്വാസപ്രദമാകുന്ന രീതിയിൽ നിരവധി പദ്ധതികളാണ് ബീഡി & സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് നടപ്പിലാക്കി വരുന്നത്.

ഇത്തരം തൊഴിലാളികളെ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ള ഒരു സമീപനം തന്നെയാണ് സംസ്ഥാന സർക്കാരും സ്വീകരിച്ചുവരുന്നത്. ബീഡി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും ബീഡി മേഖലയെ ഉയർത്തിക്കൊണ്ടുവരുന്നതിനും ഉതകുന്ന രീതിയിൽ എല്ലാതരത്തിലുമുള്ള സഹായം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് അറിയിച്ചുകൊള്ളുന്നു.

(14) നാലുവരിപ്പാതയുടെ നിർമ്മാണം സംബന്ധിച്ച് ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ-കുറ്റിപ്പുറം പാതയുടെ വികസനം നടപ്പാക്കുന്നുണ്ട്. മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള ഭാഗം ഉൾപ്പെടെ 33 കി.മീ. റോഡിന്റെ വികസനമാണ് നടപ്പാക്കുന്നത്. എം.എൽ.എ. നിർദ്ദേശിച്ചതുപോലുള്ള കേച്ചേരി ജംഗ്ഷന്റെ വികസനം പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടില്ല. ജംഗ്ഷൻ വികസനത്തിന്റെ സാധ്യത പരിശോധിക്കാൻ ബന്ധപ്പെട്ട വിംഗിലെ ചീഫ് എഞ്ചിനീയർക്ക് എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ തന്നെ നിർദ്ദേശം നൽകിയിരുന്നു.

വിശദമായ പദ്ധതി റിപ്പോർട്ട് പ്രകാരം തൃശ്ശൂർ - കുറ്റിപ്പുറം പാതയിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെ നിലവിൽ രണ്ട് വരി പാതയായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഭൂമി ഏറ്റെടുത്ത് പ്രവൃത്തി നടത്തുന്നതിന് സാധിക്കുകയില്ല. നിലവിലുള്ള സ്ഥലത്തിന് പുറമേ ഫ്രീ സറണ്ടറായി ഭൂമി ലഭിക്കുകയാണെങ്കിൽ ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് വീതി കൂട്ടുന്ന കാര്യം പരിഗണിക്കുന്നതാണ്.

(15) ബോണക്കാട്-അംബാസമുദ്രം-തിരുനെൽവേലി പാത നിർമ്മാണം സംബന്ധിച്ച് അഡ്വ. ജി. സ്റ്റീഫൻ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ച മറുപടി.

രണ്ട് സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബോണക്കാട് - അംബാസമുദ്രം തിരുനെൽവേലി പാത നിർമ്മാണമാണ് ബഹുമാനപ്പെട്ട ജി. സ്റ്റീഫൻ, എം.എൽ.എ ഉന്നയിച്ച ഈ സബ്മിഷനിലെ വിഷയം. തിരുവനന്തപുരം-പൊൻമുടി സംസ്ഥാനപാതയിൽ തേവിയോടുനിന്നും 25 കി.മീ. അകലെയാണ് ബോണക്കാട് എന്ന സ്ഥലം. ഇതിൽ തേവിയോട് മുതൽ ജഴ്സി ഫാം വരെയുള്ള 7 കി.മീ. റോഡ് ഇപ്പോൾ 7 മീറ്റർ മുതൽ 10 മീറ്റർ വരെ വീതിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് വികസിപ്പിച്ചുവരുന്നു. ബാക്കിയുള്ള 18 കി.മീ. റോഡ് 3.50 മുതൽ 4 മീറ്റർ വരെ വീതിയിലാണ് നിലവിലുള്ളത്. ഈ റോഡ് പൂർണ്ണമായും വനത്തിലൂടെയാണ് കടന്നുപോകുന്നത്. ഈ ദിശയിൽ ബോണക്കാട്നിന്നും ഏകദേശം 2 കി.മീ. ദൂരംവരെ നിലവിൽ ചെമ്മൺ പാതയുണ്ട്. ഇതിനുശേഷം നിലവിൽ പാതയില്ല.

ഈ പാത നിർമ്മിക്കുകയാണെങ്കിൽ കേരളവും തമിഴ്നാടും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു അന്തർ സംസ്ഥാന പാതയായി നിർമ്മിക്കേണ്ടതുണ്ട്. മാത്രമല്ല നാങ്കനേരി വന്യമൃഗ സംരക്ഷണ പ്രദേശത്ത് കൂടിയാണ് ഇത് കടന്നുപോകുന്നത്. ഇത്തരത്തിൽ ഒരു പാത നിർമ്മിക്കുന്നതിന്റെ പ്രായോഗികത പഠിച്ച് പാത യാഥാർത്ഥ്യമാക്കുന്നതിന് ഇരു സംസ്ഥാന സർക്കാരുകളും ചേർന്ന് ഉന്നതതലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്. കേന്ദ്രാനുമതി ഉൾപ്പെടെ ഇക്കാര്യത്തിൽ ആവശ്യമായി വരും. ഇതിന് എന്തെങ്കിലും സാധ്യതയുണ്ടോയെന്ന് പരിശോധിക്കാം.

(16) ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ പരപ്പ വില്ലേജിൽ റീസർവ്വേ നമ്പർ 155 പാർട്ടിൽപ്പെട്ട 1.3558 ഹെക്ടർ (3.35 ഏക്കർ) A.W. ഭൂമി, ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ, ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് സെന്റർ, പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിക്കുന്നതിനുള്ള യാർഡ് എന്നിവ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ 21-1-2021 ലെ സ.ഉ. (കൈ)നമ്പർ 21/2021/റവ. ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പിന് നൽകുന്നതിന് ജില്ലാ കളക്ടർ അനുമതി നൽകി ഉത്തരവായിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിയും നിബന്ധനകൾക്ക് വിധേയമായി മോട്ടോർ വാഹന വകുപ്പിന് കൈമാറി ഉത്തരവായി.

പ്രസ്തുത സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും നിലവിൽ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ സാങ്കേതിക സഹായം നൽകിയ കിറ്റ്കോ ഉൾപ്പെടെയുള്ള ഏജൻസികൾ തയ്യാറാക്കിയ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് Expression of interest തയ്യാറാക്കി സമർപ്പിക്കാൻ ടി കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. ടി കമ്മിറ്റി വെള്ളരിക്കുണ്ടിലെ പരപ്പയിലുള്ള നിർദ്ദിഷ്ട സ്ഥലം നേരിട്ട് സന്ദർശിക്കുകയും ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ ഓട്ടോമേറ്റഡ് ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക് എന്നിവ നിർമ്മിക്കുന്നതിന് ടി സ്ഥലം അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടതായി റിപ്പോർട്ടും നൽകിയിട്ടുണ്ട്. ടി ടെക്നിക്കൽ കമ്മിറ്റി സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിർത്തി തിരിച്ച് വയ്ക്കാനും നിലവിൽ വാഹന പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് എന്നിവ അവിടെ തന്നെ തുടരാനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റിന്റെ സേവനം അത്യാവശ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(17) <u>ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ.എച്ച്. സലാം, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി.</u>

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളുടെ വികസനത്തിനും നിലവാരം ഉയർത്തുന്നതിനുമായി വിവിധങ്ങളായ വികസനത്തിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ആലപ്പുഴ ഗവ. റ്റി.ഡി. മെഡിക്കൽ കോളേജിന് അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടേയും ഉന്നമനത്തിനായും രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സമയബന്ധിതമായി നടപ്പാക്കിവരുന്നു.

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 2.56 കോടി രൂപയ്ക്ക് ഒ.പി. നവീകരിക്കുകയും രോഗികൾക്കും അംഗപരിമിതർക്കും വേണ്ട ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്ലെറ്റ് ബ്ലോക്കുകൾ എന്നിവ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല ഈ കോളേജിലെ എം.ബി.ബി.എസ്. സീറ്റ് വർദ്ധനവിനോടനുബന്ധിച്ച് 3 കോടി രൂപ മുതൽമുടക്കി 180 സീറ്റിംഗ് കപ്പാസിറ്റിയുള്ള 2 ഗ്യാലറി ടൈപ്പ് ലക്ചർ ഹാളുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെതന്നെ ഏറ്റവും മികച്ച ഒരു ഗ്യാലറി ടൈപ്പ് ഓഡിറ്റോറിയം മെഡിക്കൽ കോളേജ് ക്യാമ്പസിലും അതോടൊപ്പം ഒരു ഗ്യാലറി ടൈപ്പ് ലക്ചർ ഹാൾ മെഡിക്കൽ കോളേജ് ആശുപത്രിയിലും നിർമ്മിച്ചിട്ടുണ്ട്. പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കായി 25 കോടി രൂപയുടെ 8 നിലകളോടുകൂടിയ ഫ്ളാറ്റ് ടൈപ്പ്

റസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മിച്ച് നൽകിയിട്ടുള്ളതാണ്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ 591.30 ലക്ഷം രൂപയുടെ ഒരു മൾട്ടി ഡിസിപ്ലിനറി ഐ.സി.യു. നിർമ്മിക്കുകയും ഇതിലൂടെ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആലപ്പുഴ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് കാൻസർ രോഗികൾക്ക് ആർ.സി.സി. നിലവാരത്തിലുള്ള മികച്ച ചികിത്സ ലഭ്യമാക്കുന്നതിന് അഞ്ച് നിലകളോടുകൂടിയ ഓങ്കോളജി ബ്ലോക്ക് നിർമ്മിക്കുന്നതിന് ആദ്യ ഗഡുവായി 3.20 കോടി രൂപ അനുവദിച്ചിട്ടുള്ളതും നിർമ്മാണം ആരംഭിക്കുന്നതിന് നിർമ്മാണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് പ്രസ്തുത തുക അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. നിലവിൽ നിലമൊരുക്കൽ, ചുറ്റുമതിൽ നിർമ്മാണം, ഓങ്കോളജി ബ്ലോക്കിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണം എന്നിവ അവസാനഘട്ടത്തിലാണ്. ഇവിടെ ആർ.സി.സി. മോഡൽ ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പതോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിന് ഡോക്ടർമാരുടേയും നഴ്സുമാരുടേയും തസ്തിക അനുവദിച്ച് നൽകിയിട്ടുണ്ട്.

ആശുപത്രിയിൽ രോഗീസൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി 10.69 ലക്ഷം രൂപ മുടക്കി ടോയ്‌ലെറ്റ് ബ്ലോക്ക് നവീകരിക്കുകയും 70 ലക്ഷം രൂപ മുടക്കി പാസ്സേജുകൾ നിർമ്മിക്കുകയും 3.76 ലക്ഷം രൂപ മുടക്കി ഡൈനിംഗ് ഏരിയ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി 79.91 ലക്ഷം രൂപ മുതൽമുടക്കിൽ ആശുപത്രി പരിസരം സി.സി.ടി.വി. നിരീക്ഷണത്തിലാക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മെഡിക്കൽ കോളേജ് ആശുപത്രി വയോജന സൗഹൃദപ്രദമാക്കുന്നതിനായി 60 ലക്ഷം രൂപ മുതൽ മുടക്കിൽ പഴയബ്ലോക്കിൽ ലിഫ്റ്റ് നിർമ്മാണത്തിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചുണ്ട്. കോളേജ് ക്യാമ്പസിൽ 40 ലക്ഷം രൂപ മുതൽ മുടക്കിൽ ഒരു റാമ്പും നിർമ്മിച്ചിട്ടുണ്ട്.

കാൻസർ ചികിത്സാരംഗത്തെ അത്യാധുനിക സംവിധാനങ്ങളായ ലിനിയർ ആക്സിലറേറ്റർ, സി.റ്റി സിമുലേറ്റർ, ഡയഗ്നോസിസ് ഉപകരണങ്ങളായ എം.ആർ.ഐ. സ്കാനർ, സി.റ്റി. സ്കാനർ, ഹൃദ്രോഗ ചികിത്സാരംഗത്തെ അത്യാധുനിക ഉപകരണങ്ങളായ റ്റി.എം.റ്റി. മെഷീൻ, എക്കോമെഷീൻ, ഇലക്ട്രോ ഫിസിയോളജി യൂണിറ്റ്, ഹൈ ഡിപ്പെൻഡൻസി യൂണിറ്റ്, സ്റ്റെപ്പ് ഡൗൺ ICU എന്നീ ഉപകരണങ്ങൾ സ്ഥാപിച്ച് ആശുപത്രിയിൽ ആധുനിക രീതിയിലുള്ള ചികിത്സയ്ക്കായി ഉപയോഗിച്ചു വരുന്നു.

ആലപ്പുഴ ഗവ. റ്റി.ഡി. മെഡിക്കൽ കോളേജിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്നതും ബഹുമാനപ്പെട്ട അമ്പലപ്പുഴ എം.എൽ.എ. സബ്മിഷനിൽ പരാമർശിച്ചതുമായ വിഷയങ്ങൾ സംബന്ധിച്ച് താഴെ വിവരിക്കുന്നു.

<u>സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് (പി.എം.എസ്.എസ്.വൈ. പദ്ധതി)</u>

പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം 120 കോടി രൂപയുടെ കേന്ദ്ര വിഹിതവും 53.18 കോടി രൂപയുടെ സംസ്ഥാന വിഹിതവും ചേർത്ത് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം നടന്നുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങളും ഇതിനോടനുബന്ധിച്ചുള്ള ഉപകരണങ്ങൾ സജ്ജമാക്കൽ എന്നിവ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത് നിർവ്വഹണ ഏജൻസിയായ ഹൈറ്റസ് (HITES) ആണ്. നിലവിൽ 95% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഉപകരണങ്ങൾക്കുള്ള വിതരണ ഉത്തരവുകൾ HITES തന്നെയാണ് നൽകുന്നത്. അവ കെട്ടിടം പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്ഥാപിക്കാൻ കഴിയുന്നതാണെന്ന് HITES അറിയിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ പൂർത്തീകരണത്തിനായി 24-9-2021-ലെ ജി. ഒ. (ആർ.റ്റി) നമ്പർ 2077/2021 എച്ച്&എഫ്.ഡബ്ല്യ.ഡി. ഉത്തരവിൻ പ്രകാരം 24.89 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയും പ്രസ്തുത തുക HITES-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിച്ച് നൽകണമെന്ന് HITES ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2022 ഫെബ്രുവരിയോടുകൂടി കെട്ടിടം ഉദ്ഘാടനത്തിന് സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ട്രോമാ കെയർ യൂണിറ്റ്</u>

കേന്ദ്ര സഹായത്തോടുകൂടി 3.62 കോടി രൂപ ചെലവിൽ സെൻട്രൽ ട്രോമാകെയർ യൂണിറ്റ് നിലവിലുള്ള മെഡിക്കൽ കോളേജ് ആശുപത്രിക്കുള്ളിൽതന്നെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ട്രയാജ്, ഐ.സി.യു, ഓപ്പറേഷൻ തീയേറ്റർ എന്നിവ നിലവിൽ പ്രവർത്തിച്ചുവരുന്നതും ട്രോമാകെയർ യൂണിറ്റിന്റെ പ്രയോജനം രോഗികൾക്ക് ലഭിച്ചുവരുന്നതുമാണ്. പുതിയ ട്രോമാകെയർ ബ്ലോക്കിനായി 32.67 കോടി രൂപയുടെ പദ്ധതിയാണ് നടന്നുവരുന്നത്. ഇതിന്റെ ഭാഗമായി 9-8-2021 ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി.) 1707/2021 ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം 8 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ എ ബ്ലോക്കിൽ ഗ്രൗണ്ട് ഫ്ലോറിന്റെ കോൺക്രീറ്റ് പ്രവ്യത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം നിലയുടെ ഫ്ലോർ വർക്കുകൾ നടന്നുവരുന്നു. ബി ബ്ലോക്കിന്റെ കോളം വർക്കുകൾ നടന്നുവരുന്നു. പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2022-23-ൽ പദ്ധതി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>നബാർഡ് ധനസഹായത്തോടെ പണിയുന്ന ഒബ്സ്റ്റട്രിക് & ഗൈനക്കോളജി ബ്ലോക്കിന്റെ നിർമ്മാണം.</u>

നബാർഡ് ധനസഹായത്തോടെ ആലപ്പുഴ ഗവ.റ്റി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒബ്സ്റ്റട്രിക് & ഗൈനക്കോളജി ബ്ലോക്ക് നിർമ്മാണം ആരംഭിച്ചിട്ടുള്ളതാണ്. ഇതിലേക്ക് 7-2-2017-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 336/2017/എച്ച്. & എഫ്. ഡബ്ല്യു.ഡി. ഉത്തരവിൻ പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. (ഇതിൽ 4.50 കോടി രൂപ സംസ്ഥാന വിഹിതമാണ്). പൊതുമരാമത്ത് വകുപ്പാണ് പ്രസ്തുത പ്രവൃത്തി നടത്തിവരുന്നത്. 1/11/2018-ൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള ഈ പ്രവൃത്തി നല്ല രീതിയിൽ പുരോഗമിക്കുന്നു. നിലവിൽ 4 നിലകളുടെ കോൺക്രീറ്റിംഗ് വർക്കുകൾ, പ്ലാസ്റ്ററിംഗ് എന്നിവ നടന്നുവരുന്നു. ആകെ 82% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2022 ഫെബ്രുവരി മാസം കെട്ടിടം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

<u>അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് - കം - സെൻട്രൽ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം.</u>

ആലപ്പുഴ ഗവ. റ്റി. ഡി. മെഡിക്കൽ കോളേജിൽ മൂന്ന് നിലകളിലായി 5206 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ മൂന്ന് നിലകളിലായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്-കം-സെൻട്രൽ ലൈബ്രറി നിർമ്മിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 18.35 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുസരിച്ച് 23-8-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2882/ആ.കു.വ. പ്രകാരം, ആലപ്പുഴ ഗവൺമെന്റ് റ്റി. ഡി. മെഡിക്കൽ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി 5 കോടി രൂപ അനുവദിക്കുകയും സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തിയാക്കുവാൻ പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളതുമാണ്. 2-6-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1643/ആ.കു.വ. പ്രകാരം രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്കായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും സാങ്കേതികാനുമതി ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. കോളേജിന് 150 എം.ബി.ബി.എസ് സീറ്റിനുള്ള മെഡിക്കൽ കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നതിന് ആധുനികരീതിയിലുള്ള സെൻട്രൽ ലൈബ്രറി സംവിധാനം അനിവാര്യമായതിനാൽ നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ശീതീകരണ സംവിധാനത്തോടുകൂടിയ സെൻട്രൽ ലൈബ്രറി കൂടി ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കുന്നതിനായി 13-3-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 645/2017/

എച്ച്.&എഫ്.ഡബ്ല്യൂ.ഡി. പ്രകാരം 3,81,72,483 രൂപ അനുവദിച്ചിട്ടുള്ളതാണ്. ഇതിന്റെ പ്രവൃത്തികൾ ഏകദേശം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. 24-5-2018-ലെ സർക്കാർ ഉത്തരവ് സാധാ നമ്പർ 1702/18/ആ.കു.വ പ്രകാരം 3 കോടി രൂപ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ മൂന്നാം ഘട്ടത്തിനായി അനുവദിച്ചിട്ടുള്ളതും ഈ തുക ഉപയോഗിച്ച് കെട്ടിടത്തിന്റെ മുകൾ ഭാഗം കോൺക്രീറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 4-ാം ഘട്ട നിർമ്മാണത്തിനായി 4 കോടി രൂപ 2020-21 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. അവസാനഘട്ട പ്രവൃത്തികളുടെ സാങ്കേതിക അനുമതിക്കായി പി.ഡബ്ല്യൂ.ഡി. നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്ട്രോക്ക് യൂണിറ്റ്

സമഗ്ര സ്ട്രോക്ക് യൂണിറ്റ് നിർമ്മാണത്തിനായി 2020-21 സാമ്പത്തിക വർഷം 5 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തി നടപ്പാക്കുന്നതിനായി പ്രസ്തുത തുക പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തി നടത്തിപ്പിനായി ഡിസൈൻ തയ്യാറാക്കുന്ന ഘട്ടത്തിലാണെന്ന് പി.ഡബ്ല്യൂ.ഡി. അറിയിച്ചിട്ടുണ്ട്. പി.എം.എസ്.എസ്.വൈ. (PMSSY) പദ്ധതിയിൽ ഉൾപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളും പി.ഡബ്ല്യൂ.ഡി മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. പ്രവൃത്തികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിനായി പി.ഡബ്ല്യൂ.ഡി., എച്ച്.എൽ.എൽ. എന്നിവരെ ഉൾപ്പെടുത്തി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്.

ആലപ്പുഴ ഗവ. റ്റി.ഡി. മെഡിക്കൽ കോളേജിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ ഇത്തരത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനായി തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.

കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജിൽ ഫാക്കൽറ്റികൾ അടക്കമുള്ള എല്ലാ തസ്തികകളിലും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർമാരുടെ തസ്തികയിൽ സീനിയർ റസിഡന്റുമാരെയും ജൂനിയർ ലാബ് ടെക്നീഷ്യൻ, ഇ.സി.ജി. ടെക്നീഷ്യൻ, തീയേറ്റർ ടെക്നീഷ്യൻ തുടങ്ങിയ തസ്തികകളിൽ എംപ്ലോയ്മെന്റ് വഴിയും കരാർ അടിസ്ഥാനത്തിലും നിയമനം നടത്തി ആശുപത്രിയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആലപ്പുഴ ഗവ. റ്റി.ഡി മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പദ്ധതികൾ പൂർത്തീകരിച്ച് നടപ്പിലാക്കുന്നതിനും സ്പെഷ്യാലിറ്റി,

സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(18) കോങ്ങാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീമതി ശാന്തകുമാരി കെ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി.

പാലക്കാട് ജില്ലയിലെ കോങ്ങാട് നിയോജകമണ്ഡലത്തിലെ ചല്ലിക്കൽ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രം 2008 -ലാണ് സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടത്. നിലവിൽ ഒരു ഏക്കർ 90 സെന്റ് സ്ഥലമാണ് ഈ ആശുപ്രതിക്കുള്ളത്. 9-ഓളം വരുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ബ്ലോക്ക് സി.എച്ച്.സി. ആയാണ് നിലവിൽ കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രം പ്രവർത്തിച്ചുവരുന്നത്.

ഈ ആശുപത്രിയിൽ ഒ.പി. സേവനം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയും, ഉച്ചയ്ക്ക് ശേഷം 2 മുതൽ 6 മണി വരെയും നൽകി വരുന്നുണ്ട്. കോവിഡ് 19-ന് മുൻപ് ശരാശരി 400- ഓളം രോഗികൾ പ്രതിദിനം ചികിത്സക്കായി എത്തിയിരുന്നു.

ഒ. പി. പരിശോധന, രോഗപ്രതിരോധ കുത്തിവയ്പ് പ്രവർത്തനങ്ങൾ, ഫൈലേറിയ രോഗികൾക്കുള്ള പ്രത്യേക ക്ലിനിക്കൽ പരിചരണം, ജീവിതശൈലീ രോഗങ്ങളുടെ ക്ലിനിക്, മാനസിക-ആരോഗ്യ ക്ലിനിക്, ഫിസിയോതെറാപ്പി ചെയ്യുന്നതിനായി അടിസ്ഥാന ഉപകരണങ്ങളോടുകൂടി ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം, പാലിയേറ്റീവ് രോഗികൾക്കും വയോജനങ്ങൾക്കുമായി പ്രത്യേക ഒ.പി. സൗകര്യം, കാഴ്ച പരിശോധനയുമായി ബന്ധപ്പെട്ട് ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം, കൗമാരപ്രായക്കാരായ കുട്ടികൾക്കുള്ള കൗൺസിലിംഗ് സേവനം, എക്സ്റേ സൗകര്യം തുടങ്ങിയ സേവനങ്ങൾ ഈ ആശുപ്രതിയിൽനിന്നും നൽകി വരുന്നുണ്ട്. വയോജനങ്ങൾക്ക് പ്രത്യേക ഇരിപ്പിടവും ഒ.പി.-യിൽ പ്രത്യേക ക്യൂവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. മാതൃ-ശിശു സംരക്ഷണ പരിപാടിയുടെ ഭാഗമായി പ്രത്യേക കെട്ടിടത്തോടുകൂടിയ മുലയൂട്ടൽ റൂം സജ്ജീകരിച്ചിട്ടുണ്ട്.

കൂടാതെ ബ്ലോക്ക് തലത്തിൽ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനവും നടത്തിവരുന്നു.

ഈ ആശുപത്രിയിൽ സിവിൽ സർജൻ -1, അസിസ്റ്റന്റ് സർജൻ-2 എന്നിങ്ങനെ 29 സ്ഥിരം ജീവനക്കാരുടെ തസ്തികകളുണ്ട്. ബ്ലോക്ക് പഞ്ചായത്ത്

മുഖാന്തരം ഒരു അസിസ്റ്റന്റ് സർജൻ ഉൾപ്പെടെ 3 ജീവനക്കാർ, എൻ.എച്ച്.എം. മുഖാന്തരം ഒരു റേഡിയോഗ്രാഫർ, എച്ച്.എം.സി. മുഖാന്തരം രണ്ട് പേർ എന്നിങ്ങനെ 6 താല്ക്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമായി വരുന്നുണ്ട്.

കൂടാതെ കോവിഡ് 19 പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഒന്ന് വീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് കോങ്ങാട് നിയോജകമണ്ഡലത്തിൽ നിന്നും കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി പാലക്കാട് റവന്യൂ ബ്ലോക്കിൽനിന്നും കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തികൾക്കായി എൻ.എച്ച്.എം. മുഖാന്തരം 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രമാണ് നിർവ്വഹണ ഏജൻസി. നിർമ്മാണ പ്രവൃത്തികൾക്കായുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതിയിൽ വിഭാവനം ചെയ്യുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസനം, രോഗീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ, രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കൽ തുടങ്ങിയവയ്ക്കാണ് സർക്കാർ മുൻഗണന നൽകിവരുന്നത്. കൂടുതൽ ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനവും, ആവശ്യമായ അടിസ്ഥാന സൗകര്യവും ഒരുക്കിയാൽ മാത്രമേ കോങ്ങാട് സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യം സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.

(19) വിളയൂർ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച് ശ്രീ. മുഹമ്മദ് മുഹസിൻ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ച മറുപടി.

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിച്ചുകൊണ്ട് കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി വ്യാപന സംസ്ഥാനമാക്കുകയെന്നതാണ് സർക്കാരിന്റെ നയം. പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഒരു മുനിസിപ്പാലിറ്റിയും 7 ഗ്രാമ പഞ്ചായത്തുകളുമാണുള്ളത്. അതിൽ കുലുക്കല്ലൂർ, മുതുതല, ഓങ്ങല്ലൂർ എന്നീ

ഗ്രാമപഞ്ചായത്തുകളിൽ നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ഓരോ ഹോമിയോപ്പതി ഡിസ്പെൻസറികളും പട്ടാമ്പി മുനിസിപ്പാലിറ്റിയിലും കൊപ്പം, തിരുവേഗപ്പുറ, വല്ലപ്പുഴ എന്നീ പഞ്ചായത്തുകളിലും ഓരോ സർക്കാർ ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നുണ്ട്. പട്ടാമ്പി നിയോജകമണ്ഡലത്തിലെ വിളയൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനായി എം.പി. ഫണ്ട് ഉപയോഗിച്ച് പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിൽ പെരിഫറൽ ഒ.പി. ആരംഭിക്കുന്നതിലേയ്ക്കായി പഞ്ചായത്ത് ഭരണസമിതി തീരുമാനം ഇതുവരെ ലഭ്യമായിട്ടില്ല. ഇത് ലഭ്യമാക്കുന്ന മുറയ്ക്ക് പെരിഫറൽ ഒ.പി. അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

സർക്കാർ ഹോമിയോ ഡിസ്പെൻസറിയോ, നാഷണൽ ആയുഷ് മിഷൻ/ നാഷണൽ ഹെൽത്ത് മിഷൻ സ്പെഷ്യൽ കംപോണന്റ് പ്ലാൻ (എസ്.സി.പി.) എന്നിവയിൽ ഏതെങ്കിലുമൊരു പദ്ധതിയുടെ ഭാഗമായുള്ള ഹോമിയോ ഡിസ്പെൻസറികളോ ഇല്ലാത്ത, പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ പഞ്ചായത്തിൽ ഉൾപ്പെടെ, ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം, സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും കൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.

(20) ലെപ്രസി സാനിറ്റോറിയത്തിന് പുതിയ കെട്ടിടം അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. എം. എസ്. അരുൺ കുമാർ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി.

1934-ൽ കുഷ്ഠ രോഗികളുടെ പുനരധിവാസത്തിനും ചികിൽസയ്ക്കുമായി സ്ഥാപിതമായ സ്ഥാപനമാണ് ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ കായംകുളം-പുനലൂർ പാതയോരത്ത് സ്ഥിതി ചെയ്യുന്ന നൂറനാടുള്ള ലെപ്രസി സാനറ്റോറിയം. 84.82 ഏക്കർ ഭൂമിയാണ് ഈ സ്ഥാപനത്തിന് ഇപ്പോൾ സ്വന്തമായുള്ളത്. ഇവിടെ അനുവദിക്കപ്പെട്ട ബെഡ് സ്ട്രെങ്ത് 767 ആണ്. ജനറൽ ഒ.പി., ഡെർമറ്റോളജി, പി.എം.ആർ, ഡെന്റൽ, ഫിസിയോതെറാപ്പി തുടങ്ങിയ ചികിൽസാ സൗകര്യങ്ങൾ ഇവിടെ നിന്നും ലഭ്യമാക്കുന്നുണ്ട്. നിലവിലുള്ള സ്ഥലസൗകര്യം കണക്കിലെടുത്ത് ഈ ആരോഗ്യ കേന്ദ്രത്തിന് കാലാനുസൃതമായ മാറ്റം വരുത്തുകയെന്ന ഉദ്ദേശ്യത്തോടുകൂടി, അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 2017-ൽ 40.30 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പ്രവൃത്തികൾ രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഒന്നാംഘട്ട നിർമ്മാണപ്രവൃത്തികളായ മെയിൽ, ഫീമെയിൽ വാർഡുകളുടെ നിർമ്മാണത്തിനായി 23.52 കോടി

രൂപയ്ക്കാണ് അനുമതി നൽകിയിട്ടുള്ളത്. 2018-ൽ ഈ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കെട്ടിട നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരികയുമാണ്. ഈ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി പൊതുമരാമത്ത് വകുപ്പാണ്.

ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ നാളിതുവരെ മെയിൽ, ഫീമെയിൽ വാർഡുകളുടെ നിർമ്മാണം ഏകദേശം 60% പൂർത്തീകരിച്ചിട്ടുണ്ട്. ഫീമെയിൽ വാർഡിലെ 7 ബ്ലോക്കുകളുടെ 95% പ്രവൃത്തി പൂർത്തിയായി. വൈദ്യുതീകരണത്തിനായുള്ള പവർ സ്റ്റേഷൻ കെട്ടിടം, കേബിളിംഗ് വർക്കുകൾ എന്നിവ ഏകദേശം പൂർത്തിയായിട്ടുണ്ട്. മെയിൽ വാർഡിന്റെ 7 ബ്ലോക്കുകളിൽ 6 ബ്ലോക്കുകളുടെ സ്ട്രക്ചർ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളായ ഒ.പി. ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, കോമ്പൗണ്ട് വാൾ, ഇന്റേണൽ റോഡ് എന്നിവയ്ക്കായി 16.77 കോടി രൂപയുടെ പ്ലാനും എസ്റ്റിമേറ്റും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ചിട്ടുണ്ട്. സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനായി ഒന്നാംഘട്ട നിർമ്മാണത്തിനനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്) ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(21) <u>റെയിൽവേ ടിക്കറ്റ് കൺസഷൻ പുനരാരംഭിക്കുന്നത് സംബന്ധിച്ച് ശ്രീ. എ. സി. മൊയ്തീൻ, എം.എൽ.എ.-യുടെ സബ്മിഷന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

കോവിഡിന്റെ പശ്ചാത്തലത്തിൽ നിർത്തിവച്ച പാസഞ്ചർ ട്രെയിൻ സർവ്വീസും സീസൺ ടിക്കറ്റ് പുനഃസ്ഥാപിക്കാത്തത് സംബന്ധിച്ചും നിരവധി പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. ഇക്കാര്യം സതേൺ റെയിൽവേ ജനറൽ മാനേജരും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി 29-9-2021-ന് നടത്തിയ ചർച്ചയിൽ ഉന്നയിച്ചപ്പോൾ ഇക്കാര്യത്തിൽ റെയിൽവേ ബോർഡാണ് അന്തിമ തീരുമാനമെടുക്കേണ്ടതെന്ന് റെയിൽവേ അധികൃതർ അറിയിക്കുകയുമുണ്ടായി. പ്രസ്തുത ചർച്ചയ്ക്കുശേഷം പാസഞ്ചർ ട്രെയിനുകൾ ഭാഗികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. അൺ റിസർവ്ഡ് സ്പെഷ്യൽ ട്രെയിനുകളിൽ സീസൺ ടിക്കറ്റ് പുനഃസ്ഥാപിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്കും വിഭാഗങ്ങൾക്കുമുള്ള കൺസഷൻ ടിക്കറ്റ് നിരക്കുകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് റെയിൽവേ ബോർഡാണ്.

(22) കോട്ടിക്കുളം റെയിൽവേ മേൽപ്പാലം സംബന്ധിച്ച് ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.-യുടെ സബ്മിഷന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

റെയിൽവേ പ്ലാറ്റ് ഫോം രണ്ടായി മുറിച്ചു പോകുന്ന വിധം റെയിൽവേ ക്രോസ്സുള്ള സംസ്ഥാനത്തെ ഏക റെയിൽവേ സ്റ്റേഷനാണ് കോട്ടിക്കുളം (LC No. 280 at 830/100-200) ബേക്കൽ ടൂറിസം ഡെസ്റ്റിനേഷൻ ഏരിയയിൽപ്പെടുന്ന ഈ ആർ.ഒ.ബി. റെയിൽവേയുടെ സേഫ്റ്റിയെ ബാധിക്കുന്ന വിഷയമായതിനാൽ ഇതിനായി വർഷങ്ങൾക്ക് മുമ്പുതന്നെ റെയിൽവേ ഭൂമി ഏറ്റെടുത്തിരുന്നു. എന്നാൽ തുടർനടപടിയൊന്നും എടുക്കാത്തതിനാൽ 2017-ൽ കിഫ്ബി 19.60 കോടി രൂപ ഇതിന്റെ നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്. തങ്ങൾ ഏറ്റെടുത്ത സ്ഥലത്തിന് വില തരാമെങ്കിൽ അനുമതി നൽകാമെന്ന റെയിൽവേയുടെ ആവശ്യത്തിന് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സതേൺ റെയിൽവേ ഹെഡ്ക്വാർട്ടേഴ്സിനോട് അനുമതി ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുള്ളതായി പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജർ അറിയിച്ചിട്ടുണ്ട്. റെയിൽവേ അനുമതി ലഭിക്കുന്നതനുസരിച്ച് പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാവുന്നതാണ്.